# ചുവന്ന കടൽ

## തിക്കോടിയൻ



# ചുവന്ന കടൽ

തിക്കോടിയൻ

**Chuvanna kadal** (ചുവന്ന കടൽ)
(Malayalam: Novel)
Thikkodian

Sayahna digital edition published in 2022.

Copyright © 2022, Pushpakumari

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Late Autumn Plant* (1934-35), embroidery and mixed technique on fabric by Paul Klee (1879–1940). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ഒന്ന് | 2 |
| 2 | രണ്ട് | 14 |
| 3 | മൂന്ന് | 29 |
| 4 | നാല് | 42 |
| 5 | അഞ്ച് | 53 |
| 6 | ആറ് | 66 |
| 7 | ഏഴ് | 77 |
| 8 | എട്ട് | 88 |
| 9 | ഒൻപത് | 100 |
| 10 | പത്ത് | 110 |
| 11 | പതിനൊന്ന് | 121 |
| 12 | പന്ത്രണ്ട് | 133 |
| 13 | പതിമൂന്ന് | 142 |
| 14 | പതിന്നാല് | 152 |
| 15 | പതിനഞ്ച് | 162 |
| 16 | പതിനാറ് | 173 |
| 17 | പതിനേഴ് | 184 |
| 18 | പതിനെട്ട് | 196 |
| 19 | പത്തൊൻപത് | 209 |
| 20 | ഇരുപത് | 223 |
| 21 | ഇരുപത്തിയൊന്ന് | 232 |

# ഭാഗം ഒന്ന്

— 1 —

# ഒന്ന്

തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റിന്റെ ചാട്ടവാർ ചീറ്റം മുഴങ്ങുന്നആകാശം, കറുത്ത ചെമ്മരിയാട്ടിൻപറ്റം പോലെ മഴമേഘങ്ങൾ മേയാനിറങ്ങിയ കിഴക്കൻ മല, പടക്കുതിരകൾ പോലെ അലമാലകൾ ഇരച്ചുകയറുന്ന അറബിക്കടൽ. മഴക്കാലത്തിന്റെ വിളയാട്ടമായിരുന്നു മലനാട്ടിൽ.

കുടിലിന്റെ മോന്തായത്തിലും ഓലമറയിലും മഴത്തുള്ളികൾ വീഴുന്ന ശബ്ദം. കാറ്റിന്റെ ഗതിയ്ക്കനുസരിച്ച് ആ ശബ്ദം ഏറിയും കുറഞ്ഞും വരുന്നുണ്ട്. അധികനേരം അത് കേട്ടുകൊണ്ട് കിടക്കാൻ കഴിഞ്ഞില്ല. പൊക്കൻ എഴുന്നേറ്റ് നേരം പുലർന്നിട്ടധികമായോ? കുടിയിൽ മറ്റാരെങ്കിലും ഉണർന്നിട്ടുണ്ടോ? വല്ല ശബ്ദവും കേൾക്കുന്നുണ്ടോ? ഒന്നും വ്യക്തമല്ല. കടലിരമ്പം മാത്രമാണ് കാതുകളിൽ മുഴങ്ങുന്നത്

പുറത്തല്ലാതെ, അകത്ത് തണുപ്പില്ല. സിരകളിൽ നല്ല ചൂടുള്ള രക്തമാണോടുന്നത്. വിചാരത്തിന് ഉന്മേഷത്തിന്റെ ചിറക് മുളയ്ക്കുകയാണ്. കടലൊന്നു കാണണം; ആർത്തിരമ്പുന്ന അറബിക്കടൽ. തിരമാലകൾകൊണ്ട് ആകാശത്തെ കെട്ടിപ്പുണർന്ന് ആകാശത്തിന്റെയും കടലിന്റെയും അതിർത്തിരേഖകൾ തുടച്ചുമായ്ച്ച് നൃത്തം ചവിട്ടുന്ന അറബിക്കടൽ.

വാതിൽ തുറന്നപ്പോൾ തണുപ്പകാറ്റ് അകത്തേക്ക് തിക്കിക്കയറി. മഴത്തുള്ളികൾ, ഈച്ചകൾ പോലെ മുഖത്തു പറ്റിവീണു. പുറത്ത് ഒന്നും വ്യക്തമല്ല. മഴ ധാരമുറിയാതെ വീഴുകയാണ്. വെള്ളിക്കമ്പികൊണ്ടുണ്ടാക്കിയ ഒരു കൂടിനകത്താണ് പ്രപഞ്ചം. ആ കമ്പികൾക്കിടയിലൂടെ നോക്കിയാൽ, വെളുത്ത പുകപോലെ, എങ്ങും നീരാവി പൊതിഞ്ഞു നിൽക്കുന്നതു കാണാം. എവിടെ കടൽ? എവിടെ ആകാശം? ആ അവ്യക്തതയിലേക്ക് ഊളിയിട്ട് ചെല്ലണം. മനസ്സ് പീലിവിടർത്തിയാടി. ചെവി വട്ടം പിടിച്ചു. ആ ഇരമ്പമുണ്ടല്ലോ, ഇരമ്പം. അതുതന്നെ വിളിക്കുന്ന ശബ്ദമാണ്. തലമുറകളായി തന്റെ അപ്പന്മാർക്കും അപ്പൂപ്പന്മാർക്കും ജീവിതം നൽകിയ കടലിന്റെ ശബ്ദമാണത്.

മീൻപിടുത്തക്കാരുടെ ഉപ്പും ചോറും ഉടുവസ്ത്രവും ആ കടലിലാണ്.

പൊക്കൻ തല പുറത്തേക്ക് നീട്ടി. എന്തു സുഖകരമായ തണുപ്പ്! നീരാവി തിങ്ങിനിറഞ്ഞ കടൽക്കാറ്റ് വലിച്ചു വലിച്ചു കുടിക്കാൻ തോന്നും. മുഖത്ത് പാറി വീഴുന്ന നേർത്ത മഴത്തുള്ളികൾ ആവേശത്തിന്റെ വേരുകൾക്ക് വെള്ളമൊഴിക്കുകയാണ്.

“മോനേ...” പുറകിൽ നിന്നു വാത്സല്യത്തിന്റെ ശബ്ദമുയർന്നു. “ഈ അമ്മ എന്നുമിങ്ങിനെയാണ്.” പൊക്കൻ പിറുപിറുത്തു: “ഇന്നും ഞാനൊരു മുലകുടിക്കുന്ന കുട്ടിയെന്നാ വിചാരം. എനിക്കു പതിനെട്ടായി വയസ്സ്.” കുടിലിന്റെ മുളങ്കാലിൽ അമർത്തിപ്പിടിച്ച വലത്തുകയ്യിന്റെ മാംസപേശികളിലേക്ക് അവൻ നോക്കി. അത് ഉരുണ്ടു കൂടി ഇരുമ്പുണ്ടപോലെ നിൽക്കുന്നു. ഇടത്തുകയ്യിന്റെ ചൂണ്ടുവിരൽകൊണ്ട് ആ മാംസപേശിയിലവൻ കുത്തിനോക്കി. അനങ്ങുന്നില്ല. എന്തൊരുറപ്പ് നട്ടെല്ല് പുറകോട്ടൽപ്പം ഞെളിച്ച് ശ്വാസമടക്കിപ്പിടിച്ചു നെഞ്ചൊന്നു വീർപ്പിച്ചപ്പോൾ അത് ഒരുരുക്കുകോട്ട തന്നെ. ഒരു കൊലയാന വന്ന് പുറകോട്ടു തള്ളട്ടെ. ഇളകില്ല. കഴിഞ്ഞ എട്ടു കൊല്ലമായി അവൻ മുടങ്ങാതെ കച്ച കെട്ടി കളരിയഭ്യസിച്ചിട്ടുണ്ട്. ആ കടപ്പുറത്തുള്ള മറ്റാരേക്കാളും വേഗത്തിൽ അവനു തോണി തുഴയാൻ കഴിയും. വാളും പരിചയും അമ്പും വില്ലും പ്രയോഗിക്കുന്നതിൽ അവൻ സമർത്ഥനാണ്. ആയുധമില്ലാതെ തന്നെ പത്തുപേരോടു നേരിടാനും പ്രയാസമില്ല.

“പൊക്കാ” പിന്നെയും മാതൃസ്നേഹം അവനെ പുറകോട്ടു വലിക്കുകയാണ്. തിരിച്ചു ചെന്നാൽ അമ്മയ്ക്കൊരു നൂറുകൂട്ടം പറയാനുണ്ടാവും. മഴയാണ്. കാറ്റാണ്. കടലിരമ്പമാണെന്നൊക്കെ പറഞ്ഞ് പുറത്തുപോകാനുള്ള അവന്റെ ആവേശത്തിന് കടിഞ്ഞാണിടും. അതും പറ്റില്ല. അമ്മയ്ക്കു വയസ്സായി. അതുകൊണ്ട് അമ്മയുടെ അഭിപ്രായം ശരിയല്ല. ഇനിയും അമ്മ വിളിച്ചാൽ ആ ശബ്ദം കേട്ട് അച്ഛൻ ഉണരും. അച്ഛൻ ഉണർന്നാൽ സംഗതികളപ്പടി മാറും.

“എടാ, ചെന്നു കിടക്ക്. ഈ തണുപ്പിന് പുറത്തുപോണ്ട.” അച്ഛൻ എപ്പോഴും കല്പനയാണ്. അച്ഛനും അമ്മയും തമ്മിലുള്ള വ്യത്യാസമവിടെയാണ്. അച്ഛൻ കൽപ്പിക്കും; അമ്മ അപേക്ഷിക്കും. എല്ലാ അച്ഛനമ്മമാരും ഇങ്ങനെയാണോ?

കുഴപ്പത്തിനൊന്നും വയ്യാ. ഇനിയത്തെ തവണ അമ്മ വിളിയ്ക്കുമ്പോൾ കടൽത്തീരത്തെത്തണം. പൊക്കൻ കുടിലിൽനിന്ന് പുറത്തു കടന്നു. നനഞ്ഞ പൂഴിയിൽ കാലമർത്തിച്ചവുട്ടി നടന്നു. പൂഴിയിൽ മാളം കുഴിക്കുന്ന ഞണ്ടുകളെയോ അവയെ കൊത്തിത്തിന്നാൻ തഞ്ചം പാർത്തുനിൽക്കുന്ന കടൽകാക്കകളെയോ അവിടെയെങ്ങും കണ്ടില്ല. മഴ പെയ്യുന്നതുകൊണ്ടാവണം. അവ തലയുയർത്തി ആകാശത്തിലേക്കുനോക്കി. ആകാശത്തിന്റെ പിടിയിൽ നിന്ന് കുതറിച്ചാടിയ മഴത്തുള്ളികൾ ആഹ്ലാദത്തിമർപ്പോടുകൂടിയാണ് പാഞ്ഞെത്തുന്നത്. വഴിക്കുവഴി അവ പൂഴിയിലേക്ക് തലകുത്തി വീഴുന്നു. തമ്മിൽത്തമ്മിൽ കെട്ടിപ്പിടിച്ചു കിടന്നുരുളുന്നു. ഐക്യത്തിന്റെ ശക്തി നേടി, പ്രതിബന്ധങ്ങളെ തട്ടിനീക്കി മുമ്പോട്ടു നീങ്ങുന്നു.

വിത്തുകൾ മുളച്ചുണ്ടാവുന്നതും മരങ്ങൾ തളിർക്കുന്നതും പൂക്കുന്നതും കടൽ വറ്റിപ്പോകാതെ നിലനിൽക്കുന്നതും ഈ മഴകൊണ്ടാണ്. ഭൂമിക്ക് വേണ്ടി മഴ പെയ്യിക്കുന്ന ഈശ്വരന് അവൻ നന്ദി പറഞ്ഞു. മഴ പെയ്യുന്ന ക്രമത്തെപ്പറ്റി അമ്മ പറഞ്ഞ കഥ അവനോർമിച്ചു. അതിലെ ചിത്രങ്ങളോരോന്നും അവന്റെ മുമ്പിൽ നിരന്നു:

"ഭൂമിക്കു മഴ വേണം." ഈശ്വരൻ കൽപ്പിച്ചു: "അവിടെ കഠിനമായ വരൾച്ചയാണ്. മരങ്ങൾ തളിർത്തില്ലെങ്കിൽ, ധാന്യങ്ങൾ മുളച്ചു വളർന്നില്ലെങ്കിൽ, കടൽ നിറച്ചും മത്സ്യങ്ങൾ പുളച്ചു നടന്നില്ലെങ്കിൽ, ഭൂമിയിലുള്ള എന്റെ സന്തതികൾ നശിച്ചുപോകും."

ഈശ്വരന്റെ അരുളപ്പാട് ദേവേന്ദ്രൻ കേട്ടു. "കല്പനപോലെ" എന്ന് തലകുനിച്ച് പുറപ്പെട്ടു. ഐരാവതത്തിനെ കൊണ്ടുവരാൻ ഭൃത്യന്മാർക്ക് കല്പന കൊടുത്തു. ഐരാവതമെത്തി. ഇന്ദ്രൻ ഐരാവതത്തിന്റെ പുറത്തുകയറി കാലും തൂക്കിയിട്ടിരുന്നു. ഐരാവതം ആകാശത്തിലൂടെ നീങ്ങുകയാണ്. സൂര്യൻ ഓടിയൊളിച്ചു. എങ്ങും പ്രകാശം കുറഞ്ഞു. അടിവെച്ചടിവെച്ച് പതുക്കെ നടക്കുമ്പോൾ ഐരാവതം ആകാശത്തേക്കാൾ വലുപ്പമുള്ള ചെവിയിട്ടിളക്കി. അതാ, പുറപ്പെടുന്നു കൊടുങ്കാറ്റ്! ചക്രവാളത്തിൽ നിന്ന് ചക്രവാളത്തിലേക്ക് ചീറിക്കൊണ്ടുപായുന്ന കൊടുങ്കാറ്റ്. ആകാശഗംഗയുടെ തീരത്തിലൂടെ അവൻ നടന്നു. അവിടത്തെ പൊൻതാമരപ്പൂക്കളിൽനിന്ന് വണ്ടുകളിളകി അവന്റെ ചുറ്റും പറന്നു. അവൻ കോപിച്ചലറി. അതാ മുഴങ്ങുന്നു പുത്തിടി. ദിഗന്തങ്ങൾ അതുകേട്ട് വിറച്ചു. ദാഹം മാറാൻ തുമ്പിക്കൈ ആകാശഗംഗയിൽ മുക്കി വെള്ളമെടുത്ത് വായിലേക്കൊഴിച്ചു. തുമ്പിക്കൈ വീശിയെറിഞ്ഞു. തുമ്പിക്കൈയിൽ ശേഷിച്ച വെള്ളം താഴോട്ട് ചിതറി. അതാ ഭൂമിയിലേക്ക് മഴ വരുന്നു! ഐരാവതം കണക്കിലേറെ വെള്ളം കുടിച്ചാൽ അത്തവണ ഭൂമിയിൽ പ്രളയമാണ്. "എന്റെ ദയയുള്ള ആനേ, നീ ഇനിയുമിനിയും കുടിക്കക്കേ!" പൊക്കൻ ഉള്ളിൽ തട്ടി പ്രാർത്ഥിച്ചു.

നെറ്റിയിലും കണ്ണിലും ചുണ്ടിലും തണുത്ത മഴത്തുള്ളികൾ വീഴുന്നു. അപ്പോൾ ആകാശഗംഗയിലെ പുണ്യതീർത്ഥം പൊക്കന് കൂടുതൽ പ്രിയതരമായി തോന്നി. ഭൂമിയുടെ ദാഹം തീരട്ടെ. കടൽ നിറഞ്ഞൊഴുകട്ടെ. മത്സ്യങ്ങൾ മുട്ടയിട്ട് പെരുകട്ടെ. ആഹ്ലാദഭരിതനായി അവൻ മുമ്പോട്ടു കുതിച്ചു. കക്കകൾ അടിഞ്ഞുകൂടുന്ന പാറക്കെട്ടുകളിലൊന്നിൽ കയറിനിന്ന് കടലിലേക്ക് നോക്കി. ഇരമ്പിമറിയുന്ന കടലിനാണ് സൗന്ദര്യം. മിണ്ടാതെ, ഇളകാതെ, പക്ഷവാതരോഗിയായ തന്റെ മുത്തപ്പനെപ്പോലെ, എപ്പോഴും ആകാശം നോക്കി മിഴിച്ച് കിടക്കുന്ന കടൽ ഒന്നിനും കൊള്ളില്ല.

അതാ, അങ്ങകലെ വെള്ള്യാൻകല്ല് കാണുന്നു. പെരുമഴയ്ക്കും തിരമാലക്കും കീഴടങ്ങാതെ എന്നും വെള്ളത്തിന് മേലെ കഴുത്തുയർത്തിനിൽക്കുന്ന വെള്ള്യാൻകല്ല്! അതിന്റെ കഷണ്ടിത്തലയിൽ ചവിട്ടി നിന്ന് ചുറ്റുമുള്ള കടലൊന്ന് കാണാൻ എന്ന് കൊതിക്കുന്നതാണ്! അമ്മ സമ്മതിക്കില്ല. അച്ചൻ ശുണ്ഠിയെടുക്കും.

അതാ, അതിനുചുറ്റും നൃത്തം വെക്കുന്ന തിരമാലകൾ തന്നെ മാടിവിളിക്കുന്നു. ഒന്ന വിടെ എത്തിച്ചേർന്നെങ്കിൽ!

മനുഷ്യരെപ്പിടിച്ച് ചോരകുടിക്കുന്ന യക്ഷികളെ അവന് ഭയമില്ല. ഏഴ് കട ലിനുമപ്പുറത്തുള്ള പവിഴക്കടലിൽ ആണ്ടുമുങ്ങി നക്ഷത്രങ്ങളെ പോലെ പ്രകാശിക്കു ന്ന വൈരക്കല്ലുകൾ പെറുക്കിയെടുത്ത് തിരമാലകളിലൂടെ നീന്തിയെത്തുന്ന സർപ്പ ങ്ങൾ അവിടത്തെ മടകളിൽ കുടിപ്പാർപ്പുണ്ടെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. മനുഷ്യഗ ന്ധമേറ്റാൽ അവയുടെ പത്തി വിടരും. ചൂടുള്ള വിഷക്കാറ്റുകൾ ഊതിക്കൊണ്ടിരി ക്കും. കൈയിലൊരു പങ്കായത്തണ്ടുണ്ടെങ്കിൽ ഒന്നല്ല, ആയിരം സർപ്പങ്ങൾ ചീറ്റി ക്കൊണ്ടുവരട്ടെ; അടിച്ചോടിച്ചുകളയാം. ഏത് നിലയിലെങ്കിലും ഒന്നവിടെ എത്തി ച്ചേരാൻ കഴിഞ്ഞെങ്കിൽ!

തണ്ടു വലിച്ചും വല വീശിയും തളരുമ്പോൾ മീൻ പിടുത്തക്കാർക്ക് വിശ്രമി ക്കാൻ പറ്റിയ സ്ഥലമാണതെന്ന് പൊക്കന് തോന്നി. തന്റെ അച്ഛനും അതു പോലെ മറ്റുപലരും പുറം കടലിൽ വെച്ച് അദ്ധ്വാനിച്ച് തളരാറുണ്ട്. എന്തു ചെ യ്യും? യക്ഷികളും പാമ്പുകളും ആ സ്ഥലം കൈയടക്കിവെച്ചിരിക്കയല്ലേ? ഇതുവ രെ അവിടം കൈയേറി കീഴടക്കാൻ കരുത്തുള്ളോരു മുക്കുവച്ചെക്കൻ പിറന്നില്ലെ ന്നോ? ഇന്നല്ലെങ്കിൽ നാളെ അക്കാര്യം താൻ സാധിക്കും.

ഓ! അപ്പോൾ വേറൊരു കുഴപ്പം കൂടിയുണ്ടല്ലോ; യക്ഷികളേക്കാൾ, പാമ്പിനേ ക്കാൾ, ക്രൂരതയുള്ള മറ്റൊരു വർഗം വെള്ള്യാൻകല്ലിലുള്ള കാര്യം അവൻ അപ്പോഴാ ണോർത്തത്. കടൽക്കൊള്ളക്കാരായ പറങ്കികൾ അവിടം താവളമാക്കിയിരിക്ക യാണത്രേ. കടലിൽ വെച്ചുള്ള ഏറ്റുമുട്ടലിൽ തടവുകാരാക്കിപ്പിടിക്കുന്നവരുടെ തല വെട്ടുന്നത് ആ പാറപ്പുറത്തുവെച്ചാണ്. അവിടെ വെച്ച് ആർക്കും എന്തും ചെയ്യാം. അത്രയ്ക്ക് വിജനമാണ്. ഈശ്വരനല്ലാതെ മറ്റാരും കാണില്ല. അവിടെ വലിയ പീര ങ്കികൾ ഘടിപ്പിച്ചിട്ടുണ്ടെന്നാണ് വർത്തമാനം. അതുവഴി കടന്നുപോകുന്ന കപ്പലു കളെയും തോണികളെയും ഉന്നം വെച്ച് പറങ്കികൾ വെടി വെക്കുന്നു. നേരാണോ?

കുട്ടിക്കാലം മുതൽ പറങ്കികൾ പൊക്കന്റെ ശത്രുക്കളാണ്. ചെറുപ്പത്തിൽ ശാ ഠ്യം പിടിച്ചുകരയുമ്പോൾ അമ്മ അവനെ പേടിപ്പെടുത്തുന്നത് അവനോർത്തു.

"മോനേ, കരഞ്ഞാല് പറങ്കിൾ വന്ന് പിടിച്ചോണ്ടോവും... ന്റെ മോൻ മിണ്ടാ തെ കിടന്നോ... കടല് നിറച്ചും പറങ്ക്യേളാ."

സങ്കടം വന്നാലൊന്ന് കരയാനുംകൂടി സമ്മതിക്കാത്ത ഈ പറങ്കികളാരാ ണെന്ന് ചെറുപ്പത്തിൽ അവൻ പലകുറി സ്വയം ചോദിച്ചിട്ടുണ്ട്. കണ്ടുകിട്ടിയാൽ കണക്കിലൊരേറെങ്കിലും വെച്ചുകൊടുക്കണമെന്ന് തോന്നീട്ടുണ്ട്. കച്ചകെട്ടി കള രിയിൽ നിന്ന് പയറ്റുമ്പോൾ തന്റെ മുച്ചാണും ശരീരവടിയും വാൾത്തലപ്പുമൊക്കെ ആഞ്ഞാഞ്ഞ് വീഴുന്നത് പറങ്കികളുടെ ശരീരത്തിലാണെന്ന് അവൻ സങ്കൽപ്പി ക്കാറുണ്ട്. തന്റെ വെട്ടിനും തല്ലിനും അസാമാന്യമായ ശക്തിയുണ്ടെന്ന് കളരിഗു രുക്കൾ തന്നെ പറയുന്നതിന്റെ രഹസ്യം അവനുമാത്രമറിയാം. അങ്ങനെ, ഇളം

വയസ്സുതുടങ്ങി തന്റെ മനസ്സിലവൻ ഒരു ശത്രുവിനെ വളർത്തിക്കൊണ്ടുവന്നു. ആയുധമുറകൾ അഭ്യസിക്കുമ്പോൾ മറ്റാരേക്കാളും അവൻ ശ്രദ്ധിച്ചു. നല്ലോണം പഠിച്ചു മിടുക്കനാവണം. വാൾത്തലപ്പിൽ ഒരു പറങ്കിയുടെ രക്തമെങ്കിലും പുരട്ടണം. ആവനാഴിയിലെ ഒരമ്പെങ്കിലും പറങ്കിയുടെ തലച്ചോറിന്റെ സ്വാദനുഭവിക്കണം...

തന്റെ മുമ്പിൽ നിറച്ചും കുന്നലക്കോനാതിരിയുടെ പട്ടാളമാണെന്നും അതിനപ്പുറം പറങ്കിപ്പട നിൽപ്പുറപ്പിച്ചിട്ടുണ്ടെന്നും അവനു തോന്നി. അവർ പരസ്പരം വെട്ടിയും തടുത്തും മുന്നേറുകയാണ്. എന്ത് വിശാലമായ പടക്കളം! നോക്കിയാൽ കണ്ണെത്തില്ല... അതാ, വെള്ള്യാൻകല്ല് സ്പഷ്ടമായി കാണുന്നു. പറങ്കിപ്പടനായകൻ ആ പാറപ്പുറത്തു നിന്ന് കൈയുയർത്തി തന്റെ സൈന്യത്തിലെ മുന്നണി വിഭാഗത്തിന് കല്പന കൊടുക്കുകയാണ്. പടയണികളിൽ വല്ലാത്ത ഇളക്കം. പീരങ്കികൾ ഗർജ്ജിക്കുന്നു. കുന്നലക്കോന്റെ സേനാവിഭാഗം പിന്തിരിഞ്ഞോടുകയാണോ? അതേ, അതേ! എല്ലാറ്റിനും കാരണം അവനാണ്.

ആ പാറപ്പുറത്ത് നിൽക്കുന്ന പറങ്കി! അവന്റെ നിർദേശമാണ് കുഴപ്പങ്ങളുണ്ടാക്കുന്നത്. അവന്റെ പീരങ്കിയിൽനിന്നാണ് പരാജയം പാഞ്ഞുവരുന്നത്. അവനെ കൊല്ലണം; അവന്റെ തലയെടുക്കണം...

കൂടുതൽ ചിന്തിക്കാൻ നേരമുണ്ടായില്ല. പൂഴിയിൽ ഉറച്ചുനിൽക്കുന്ന ഒരു തോണി പ്രയാസപ്പെട്ട് തള്ളി തിരമാലകളോടു യുദ്ധം വെട്ടി കടലിലിറക്കി. അതിലുള്ള പങ്കായമെടുത്ത് പൊക്കൻ തുഴയാൻ തുടങ്ങി. വെള്ള്യാൻകല്ലിനു നേരേ പടനിലത്തുടെയുള്ള യാത്രയെന്നാണ് സങ്കല്പം... വലിയ വിഷമമുണ്ട്. തടുത്തും വാങ്ങിയും കൊടുത്തും മുന്നേറിയും വേണം ഒരടി മുന്നോട്ടു നീങ്ങാൻ... അവൻ കൂട്ടാക്കിയില്ല. യുദ്ധം ജയിക്കാൻ വെള്ള്യാൻകല്ലിലുള്ള ആ പറങ്കി മരിക്കണം. അവന്റെ തല അറ്റ് നിലത്ത് വീഴണം.

തിരമാലകളിൽ ചാഞ്ചാടിയും മൂക്കുകുത്തി മറിഞ്ഞുമാണ് തോണി മുന്നോട്ട് നീങ്ങുന്നത്. കരിങ്കൽ ഭിത്തിപോലെ ഒന്നിനു പിറകെ മറ്റൊന്നായി തിരമാലകൾ ഉയർന്നുവരുന്നു. എല്ലാം കേറിക്കടക്കണം. ചിലപ്പോൾ തോണിക്കൊമ്പിലടിച്ച് തകരുന്ന തിരമാലകൾക്കുനേരേ പങ്കായമെടുത്ത് കുന്തമെന്നപോലെ പ്രയോഗിച്ചു. യുദ്ധമാണ്, യുദ്ധം! മറുവശത്തുള്ള പടനായകന്റെ തലയറുക്കാൻ അവൻ വെട്ടിവെട്ടി മുന്നേറുകയാണ്...

ആവേശം കെട്ടടങ്ങി. യാഥാർഥ്യം കണ്ടറിയാനുള്ള ബുദ്ധി തിരിച്ചുകിട്ടുമ്പോഴേക്കു പൊക്കൻ കടലിലൂടെ കുറേയധികം സഞ്ചരിച്ചു കഴിഞ്ഞിരുന്നു. തിരമാലകളുടെ കരുത്ത് കുറഞ്ഞ സ്ഥലത്താണപ്പോൾ. തികഞ്ഞ ബുദ്ധിശൂന്യതയാണ് കാണിച്ചത്. കാലവർഷം ശക്തിപ്പെട്ടതിൽപ്പിന്നെ ആരും കടലിൽ തോണിയിറക്കീട്ടില്ല. ആർക്കും അതിനുള്ള തന്റേടവുമില്ല. ഇരമ്പുന്ന കടൽ മരണത്തിന്റെ മണിത്തൊട്ടിലാണെന്നറിയാത്ത മുക്കുവരില്ല. അവൻ പിന്തിരിഞ്ഞുനോക്കി. കര വളരെ പിന്നിലാണ്. തന്റെ കൈയിൽ വാളല്ലെന്നും പങ്കായമാണെന്നും പടക്കളത്തിലൂടെയ

ല്ല, ഇളകിമറിയുന്ന കടലിലൂടെയാണ് യാത്രയെന്നും മനസ്സിലായപ്പോൾ, പൊക്കന് ഉന്മേഷം കൂടുകയാണുണ്ടായത്. ചിരകാലാഭിലാഷം നിറവേറാൻ പോവുകയാണ്. ഒന്നുത്സാഹിച്ച് തുഴഞ്ഞാൽ ഏറെത്താമസിയാതെ വെള്ള്യാൻകല്ലിന്റെ നെറുകയിൽ ചവുട്ടാം...

അവൻ ആവേശത്തോടെ തുഴഞ്ഞു... മഴയ്ക്ക് ശക്തി കുറവാണ്. ആകാശം അല്പമൊന്നു തെളിയാനുള്ള വട്ടമുണ്ട്. കാറ്റ് കരുതിക്കൊണ്ടേ വീശുന്നുള്ളൂ. വെള്ള്യാൻകല്ലിൽവെച്ച് ഒരു പറങ്കിയെയെങ്കിലും കണ്ടുമുട്ടണേ എന്നവൻ പ്രാർത്ഥിച്ചു. ഉത്സവത്തിനെഴുന്നള്ളിച്ച് നിർത്തിയ ആനകളെപ്പോലെ വഴിക്കുവഴി കൂറ്റനോളത്തട്ടുകൾ ഉയർന്നുനിൽക്കുന്നു. അവയ്ക്കുമേലെ തുഴഞ്ഞുകേറ്റാനാണ് പ്രയാസം. കേറിക്കഴിഞ്ഞാൽ തോണി മിന്നൽ വേഗത്തിൽ താഴോട്ടൊഴുകിക്കൊള്ളും. സൂക്ഷിച്ച് അമരം പിടിക്കണമെന്നുമാത്രം. കടുകിടയ്ക്ക് പിഴച്ചാൽ ശരംപോലെ തോണിയോടൊപ്പം കടലിന്റെ അടിത്തട്ടിൽ ചെന്നുമുട്ടും മരണച്ചുഴികളിൽ കിടന്നു കറങ്ങിപ്പോകും.

അടുക്കും തോറും ആ പാറക്കെട്ട് വലുപ്പം വെയ്ക്കുകയാണ്. ഓളത്തട്ടുകൾക്ക് ഉയരം കൂടുകയാണ്. ക്രമേണ കരയിലെന്നപോലെ അവിടേയും തിരമാലകൾ നൃത്തം വെയ്ക്കുന്നു. ഉപ്പുവെള്ളം കൊണ്ട് അഭേദ്യമായ ഭിത്തികൾ കെട്ടിപ്പൊക്കി കടൽ ആ പാറക്കെട്ടിനെ മറ്റുള്ളവരിൽ നിന്ന് രക്ഷിച്ചു നിർത്തിയതുപോലെ തോന്നും. മുറിച്ചുകടക്കാൻ പഴുതൊട്ടുമില്ല. ചുറ്റും തുഴഞ്ഞുനോക്കി. വെള്ള്യാൻകല്ലൊന്ന് പ്രദക്ഷിണം വെച്ചു. പറങ്കികളുണ്ടോ? യക്ഷികളുണ്ടോ? പടമെടുത്തുതുന്ന സർപ്പങ്ങളുണ്ടോ? അത്ര അകലത്തുനിന്ന് നോക്കിയാൽ ഒന്നും വ്യക്തമല്ല. തടസ്സങ്ങൾ മുറിച്ചുകടക്കുക തന്നെ വേണം. എന്തുവഴി? ബുദ്ധിശൂന്യമായ നടപടികളൊന്നും തന്നെ വയ്യാ. സന്നാഹം കൂട്ടി തട്ടുത്തു നിർത്തുന്ന തിരമാലകൾ, കൈയിൽ കിട്ടിയാൽ തോണിയോടുകൂടി പാറക്കെട്ടിലടിച്ചു തകർത്തുകളയും. മറിഞ്ഞുവിഴാത്ത വിധം കാലടികൾ തോണിയിലുറപ്പിച്ച് പൊക്കൻ എഴുന്നേറ്റുനിന്നു നോക്കി. തോണി ചാഞ്ചാടുകയാണ്. സൂക്ഷിക്കണം. ഒരിത്തിരി നിയന്ത്രണം വിട്ടാൽ തലകുത്തി വീഴും.

കാലിലെന്തോ തടഞ്ഞു! പരമഭാഗ്യം ഒരിരുമ്പുകൊക്കയും ആലാസുകയറും തോണിയിൽ കിടക്കുന്നു. അതുപയോഗപ്പെടുത്തി ആ പാറയെ കീഴടക്കണം. ഇരുമ്പുകൊക്ക ആലാസുകയറിന്റെ തലപ്പത്ത് ഭദ്രമായി കെട്ടി. ഏറെനേരം അത് കൈയിലിട്ടു ചുഴറ്റി, ഉള്ള ശക്തിയത്രയും സംഭരിച്ച് പാറപ്പുറത്തേക്ക് വലിച്ചെറിഞ്ഞു. ഭീകരശബ്ദം മുഴക്കിക്കൊണ്ട് ഒരു കൂട്ടം കടൽകൊക്കുകൾ പാറപ്പുറത്തുനിന്ന് ചിറകിട്ടടിച്ച് മേലോട്ട് പറന്നു. ഒരു ഞെട്ടൽ; ഹൃദയം തുരുതുരെ മിടിച്ചു. അടുത്ത നിമിഷം പരമാർഥം മനസ്സിലായി. യക്ഷികളും പറങ്കികളും പാമ്പുകളുമൊന്നുമല്ല; കേവലം കടൽകൊക്കുകൾ. എന്തു ഭയപ്പെടാൻ!

കയറിന്റെ അറ്റം പിടിച്ച് വലിച്ചു നോക്കി. ബലമുണ്ട്. ഇരുമ്പു കൊക്ക പാറപ്പുറത്തെവിടെയോ കുരുങ്ങിട്ടുണ്ട്. കുറച്ചുകൂടി ബലം പ്രയോഗിച്ചു വലിച്ചുനോക്കി.

അനങ്ങുന്നില്ല. ഇനി കയറിന്റെ സഹായത്തോടെ പാറപ്പുറത്തെത്താം. സൂക്ഷിച്ച് സൂക്ഷിച്ച് മുന്നോട്ടു നീങ്ങി. ഏറ്റിറക്കത്തിന്റെ ഗതി നോക്കി കയറുപിടുത്തത്തിലൂടെ തോണിയെ നിയന്ത്രിക്കണം. ഞാണിന്മേൽ നടത്തം ഇത്ര ക്ലേശകരമല്ല; ഇത്രമാത്രം അഭ്യാസബലവും അതിനാവശ്യമില്ല. ഒരടി മുമ്പോട്ട് നീങ്ങുമ്പോൾ നാലടി പിന്നോട്ട് തെറിക്കുകയാണ്. വിഴുങ്ങാൻ പാകത്തിനാണ് തിരകൾ തലയുയർത്തിക്കൊണ്ടുവരുന്നത്. മുറുക്കിപ്പിടിച്ച കൈകൾ നീറുകയാണ്; തളരുകയാണ്.

പെട്ടെന്നാണത് സംഭവിച്ചത്. മലപോലെ ഉയർന്നുവന്ന ഒരു തിര തലയ്ക്കു മുകളിൽവെച്ച് ചിന്നിച്ചിതറി. തലയിൽ ഭാരമുള്ള എന്തോ ഇടിഞ്ഞു വീണപോലെ. ഒന്നും കാണാൻ വയ്യാ... ഏതോ ഇരുട്ടിലേക്ക് താഴുകയാണ്. കയറിന്റെ പിടുത്തം വിട്ടുപോയോ? അറിഞ്ഞുകൂടാ. എല്ലാം അവസാനിക്കുകയാണ്.

ഇല്ല... തോണി വെള്ളത്തിൽ കമിഴ്ന്നുകിടന്ന് ചാഞ്ചാടുന്നതാണ് കണ്ണുമിഴിച്ചപ്പോൾ കണ്ടത്. കയറിൽ ചുറ്റിപ്പിണഞ്ഞ പങ്കായം അടുത്തുതന്നെയുണ്ട്. നീന്തി കയറും പങ്കായവും പിടികൂടി. തോണി ഉപേക്ഷിക്കാൻ വയ്യാ. ഒരു കൈകൊണ്ട് കയറും പങ്കായവും പിടിച്ച് മറ്റേ കൈ കൊണ്ട് തോണി പതുക്കെ തള്ളി. കാലുകൊണ്ട് തുഴഞ്ഞു വേണം മുമ്പോട്ട് നീങ്ങുക. മുമ്പോട്ട് നീങ്ങി പാറക്കെട്ടിൽ പങ്കായത്തിന്റെ തല തട്ടി ശബ്ദമുണ്ടായി. ആവൂ! മരണത്തിന്റെ വായിൽ നിന്ന് രക്ഷപ്പെട്ടു. കൈമുട്ടുകൾ ഊന്നിക്കൊണ്ട് പാറക്കെട്ടിലേക്ക് പതുക്കെ കയറി.

വല്ലാത്ത കിതപ്പുണ്ട്. വിശ്രമമാണാവശ്യം. തോണി കെട്ടിയുറപ്പിച്ചു. പാറക്കെട്ടുകളുടെ മറവിൽ നിന്ന് ആരെങ്കിലും ഒളിഞ്ഞുനോക്കുന്നുണ്ടോ? പാമ്പിന്റെ ചീറ്റം കേൾക്കാനുണ്ടോ? വിശ്രമിക്കുമ്പോഴും അതായിരുന്നു ശ്രദ്ധ. വേഗത്തിൽ എല്ലാമൊന്ന് നടന്നുകാണാൻ ഉദ്ദേശിച്ചുകൊണ്ടെഴുന്നേറ്റു... വല്ലാത്ത പരിഭ്രമമുണ്ട്. ആ വിജനതയിൽ വല്ലവരെയും കണ്ടുമുട്ടിയാലോ? പങ്കായം വലതുകൈയിൽ മുറുക്കിപ്പിടിച്ചു. പാറപ്പുറത്തു നല്ല വഴുവഴുപ്പുണ്ട്. സൂക്ഷിച്ച് നടക്കണം. ശ്വസിക്കുന്ന കാറ്റിൽ വിഷാംശം കലർന്നിട്ടുണ്ടോ? പൊത്തുകളിൽ നിന്ന് സർപ്പത്തിന്റെ കണ്ണുകൾ തിളങ്ങുന്നുണ്ടോ? എങ്ങാനും വൈരക്കല്ലുകൾ വിണുകിടപ്പുണ്ടോ? മുമ്പിലും പിമ്പിലും ഒരേ സമയത്ത് നോക്കാൻ വയ്യ. എങ്കിലും നോക്കണമെന്നു തോന്നി. ഏതുവഴിക്ക്, ഏതുഭാഗത്തുനിന്നാണ് വിപത്തു ചാടിവീഴുകയെന്നറിഞ്ഞു കൂടാ.

"ഹ്ഹൊ!" അറിയാതെ രണ്ടടി പിന്നോക്കം വാങ്ങിനിന്നു പൊക്കൻ നെടുതായി നിശ്വസിച്ചു. രോമാഞ്ചം കൊണ്ടു ശരീരം മൂടി. ഹൃദയത്തിന്റെ മിടിപ്പു കാതുകളിൽ വന്നലച്ചു. ഒരു തലയോടാണ് മുമ്പിൽ കിടക്കുന്നത്. നെറ്റിക്കടിയിലുള്ള രണ്ടു കുഴികളിലൂടെ അതു പൊക്കനെ തുറിച്ചു നോക്കി. അമർത്തിക്കടിച്ച പല്ലുകൾകൊണ്ട് ഇളിച്ചുകാട്ടി. അത് അറേബ്യയിലോ ഈജിപ്തിലോ സ്ഥാനമാനങ്ങളും പദവികളും വഹിച്ചു ജീവിച്ച വല്ല വ്യാപാരിയുടേയും തലയോടാവാം. അല്ലെങ്കിൽ മീൻ പിടിക്കാൻ കടലിലിറങ്ങിയ വല്ല മുക്കുവന്റേയുമാകാം. രണ്ടായാലും ആ മനുഷ്യൻ പറങ്കികളുടെ പിടിയിൽപ്പെട്ടനുഭവിച്ച ദുരിതങ്ങൾ മുഴുവനും അവനോർത്തുനോക്കി.

കൈകാലുകൾ ചങ്ങലകൊണ്ടു ബന്ധിച്ച് അനങ്ങാൻ വയ്യാതെ ആ നിർഭാഗ്യവാൻ ചുട്ടുപഴുത്ത പാറപ്പുറത്ത് ദിവസങ്ങളോളം കിടന്നിട്ടുണ്ടാവാം. സ്വന്തം കുടുംബങ്ങളേയും രാജ്യത്തേയും ഓർത്തു നെടുവീർപ്പിട്ടിട്ടുണ്ടാവാം. കണ്ണീർ പൊഴിച്ചിട്ടുണ്ടാവാം... ആ തലയോട്ട് ഇളകുന്നുണ്ടോ? ഇല്ല... ചെറിയ ഒരു ഞണ്ട് താടിയെല്ലിന്റെ കടയ്ക്കൽ നിന്നു ധൃതിവെച്ചോടി കണ്ണിന്റെ സ്ഥാനത്തുള്ള കുഴിയിലൂടെ അപ്രത്യക്ഷമായി.

അധികനേരം അങ്ങനെ നോക്കി നിൽക്കാൻ പറ്റിയില്ല. വെള്ള്യാൻകല്ലിന്റെ രൂപവും രഹസ്യവും മനസ്സിലാക്കി മഴ തുടങ്ങുന്നതിനുമുമ്പ് സ്ഥലം വിടണം. താമസിച്ചാൽ അമ്മയും അച്ഛനും കടൽപ്പുറം മുഴുവനും അന്വേഷിച്ച് ബഹളം കൂട്ടും. അവൻ പിന്നേയും മുന്നോട്ടു നടന്നു. പ്രതീക്ഷിച്ചതൊന്നും കണ്ടില്ല. യക്ഷികളും പാമ്പുകളും പണ്ടെന്നോ അവിടെ കുടിയേറി പാർപ്പുറപ്പിച്ചിരിക്കണം. ഇന്ന് അവിടെയില്ല. മഴക്കാലം തുടങ്ങിയപ്പോൾ പറങ്കികളും സ്ഥലം വിട്ടു കാണണം. ഇപ്പോൾ പരിശ്രമമില്ല. വേഗം ആ പരിസരത്തോട്ട് ഇണങ്ങിച്ചേരാൻ കഴിഞ്ഞു. ചുറ്റുമുള്ള കടലിലേക്കു നോക്കുമ്പോൾ എത്രനേരമെങ്കിലും അവിടെ ഇരിക്കാൻ തോന്നും. വിശപ്പും ദാഹവും അറിയില്ല.

കിഴക്ക് നെടുനീളത്തിൽ പച്ച പിടിച്ചു നിൽക്കുന്ന കരയാണ്. അവിടെ തൊട്ടുകിടക്കുന്ന മുക്കുവസങ്കേതങ്ങൾ കണ്ടുപിടിക്കാൻ അവൻ ഒരു ശ്രമം നടത്തി. അത്ര അകലത്തുനിന്നായിട്ടും എല്ലാം വ്യക്തമായി മനസ്സിലാവുന്നു. ഉന്മേഷത്തോടെ അവൻ നോക്കിത്തുടങ്ങി. ഗുരുപുണ്യകാവുകുന്നും ഓടക്കുന്നും അകലെ തലയുയർത്തി നിൽക്കുന്നുണ്ട്. കോടിക്കൽകടപ്പുറവും, വളയക്കടപ്പുറവും, തിക്കോടിക്കടപ്പുറവും തൊട്ടുതൊട്ടാണ് വളയക്കടപ്പുറത്തു തന്റെ കുടിലിന്നു നേരെ എന്തെങ്കിലും ലക്ഷ്യം കണ്ടെത്താൻ കഴിയുമോ എന്ന് അവൻ ശ്രദ്ധിച്ചു നോക്കി. അങ്ങനെ നോക്കിക്കൊണ്ടിരിക്കുമ്പോൾ പാഞ്ചാലിയുടെ കാര്യം ഓർമ വന്നു. അവളെ ഓർക്കുന്നത് പോലും ഒരു സുഖമാണ്. വിജനമായ പാറപ്പുറത്ത്, മനുഷ്യസമുദായത്തിന്റെ മുഴുവൻ കണ്ണുകളിൽനിന്നും അകന്ന്, ഏകാന്തതയിൽ അങ്ങനെ ഇരിക്കുമ്പോൾ പാഞ്ചാലി കൂടി അടുത്ത് വേണ്ടതായിരുന്നു. തണുപ്പുകൊണ്ട് നീലിച്ചു മരവിച്ച അവളെ കെട്ടിപ്പിടിച്ചിരിക്കാൻ നല്ല സുഖമുണ്ടാവും.

പതിനഞ്ചു വയസ്സിന്റെ വളർച്ചയല്ല അവൾക്ക്. അവളെക്കുറിച്ച് ഓർത്തപ്പോൾ പൊക്കന് അതാണ് തോന്നിയത്. പെരുമാറ്റത്തിലും അവൾ കുട്ടിപ്രായം പിന്നിട്ടിരിക്കുന്നു. കൊട്ടയും തൂക്കി കക്ക പെറുക്കാൻ പോകുമ്പോൾ പണ്ടൊക്കെ അവളുടെ തോളിൽ കൈയിട്ടു നടക്കാമായിരുന്നു. പിടിച്ചു നുള്ളിയാൽ അവൾ ചിരിച്ചുകളയും. വേനൽക്കാലസന്ധ്യകളിൽ അവളുടെ മടിയിൽ തലവെച്ച് ആകാശത്തിലെ നക്ഷത്രങ്ങൾ എണ്ണിക്കിടക്കുമ്പോൾ അവൾ ഒരു വൈമനസ്യവും കാണിക്കില്ല. എത്രനേരമെങ്കിലും അങ്ങനെ കിടക്കാം. എന്തു നേരമ്പോക്കും അവളോടു പറയാം. ഒരപ്രിയവുമില്ല. രണ്ടു കുസൃതി അങ്ങോട്ടു പറയുമ്പോൾ നാലെണ്ണം ഇങ്ങോട്ടു പറയും. ഒളിച്ചു കളിക്കാനും കൊത്തങ്കല്ലാടാനും അവൾക്ക് ഉത്സാഹമാണ്. തൊ

ട്ടുളി കളിക്കുമ്പോൾ ഓടാനും, 'രാജാവും കള്ളനു'മാവുമ്പോൾ തല്ലാനും അവൾക്കു മടിയില്ല.

ഇന്ന് അവൾ മാറിയിരിക്കുന്നു. ഈ മാറ്റം എവിടെവെച്ച് ഉണ്ടായെന്ന് വ്യക്തമായി അവന് ഓർക്കാൻ വയ്യ. കാണെക്കാണെ വന്നു ചേർന്ന മാറ്റമാണത്. നേരിട്ടു കണ്ണിലേക്കു നോക്കില്ല; എന്തെങ്കിലും ചോദിച്ചാൽ മുഖം താഴ്ത്തും, പതുക്കെ ഉത്തരം പറയും; വല്ലതും തരുമ്പോൾ തൊടാതെ കഴിക്കാൻ ശ്രദ്ധിക്കും. അതെ, അങ്ങിനെയാണ് തുടങ്ങിയത്. ഓർമവെച്ചതുമുതൽ കടപ്പുറത്തെ പൂഴിയിൽ ഒരുമിച്ച് കെട്ടി മറിഞ്ഞവരാണ്. എന്നിട്ടിപ്പോൾ ഈ മാറ്റം വരാൻ കാരണം?

"പെണ്ണേ, നിനക്കു പ്രാന്താണ്." അവളെക്കുറിച്ചുള്ള ചിന്ത ഇത്രത്തോളമെത്തിയപ്പോൾ പൊക്കനു തന്നത്താൻ അതു പറയാതിരിക്കാൻ കഴിഞ്ഞില്ല. "അകന്നുപോയാലും നിന്നെ ഞാൻ പിടിച്ചടുപ്പിക്കും."

വെള്ള്യാൻകല്ലിനു ചുറ്റും തിരമാലകൾ നൃത്തം വെക്കുകയാണ്. ആകാശത്തിന്റെ മുഖം പിന്നെയും കനക്കുകയാണ്. പാഞ്ചാലിയെക്കുറിച്ചുള്ള ചിന്തയിൽ പൊക്കൻ സകലതും മറന്നു. അവളുടെ അകൽച്ച മാനസികമാണെന്ന് അവന് തോന്നിയിട്ടില്ല. കേവലം ശാരീരികം. പെൺകുട്ടികൾ അങ്ങനെയാണ്. വലുതാകുമ്പോൾ അകന്നകന്നു പോകും. ഏതിനെക്കുറിച്ചോ പേടിക്കുമ്പോലെ. എന്താവണമത്? അവന് ഒന്നും മനസ്സിലായില്ല. ഒരു കാര്യത്തിൽ അവൻ കലശലായി വാശിപിടിച്ചു: അങ്ങനെ അകന്നുപോകാൻ അവളെ സമ്മതിക്കില്ല. ഒരു ദിവസം അവളുടെ കുടിയിൽ കേറിച്ചെന്ന് അവളെ വാരിയെടുത്ത് കിടത്തും. എന്നിട്ട് അവളുടെ കണ്ണിലേക്ക് ഉറ്റുനോക്കിക്കൊണ്ടുചോദിക്കും:

"പറ പെണ്ണേ, നിനക്കെന്തുപറ്റി? നിന്നെ എനിക്ക് തൊടാൻ പാടില്ലെന്നാ നിന്റെ വിചാരം? അതു നടപ്പില്ല പെണ്ണേ. എനിക്കു നിന്നെ തൊടണം. അത്രയും പറഞ്ഞ് അവളെ കെട്ടിപ്പിടിച്ച് താടിവെച്ച് കവിളത്ത് ഉരച്ച് കിക്കിളികൂട്ടണം. എല്ലാം കഴിഞ്ഞ് അവളോട്ട് തീർത്ത് പറയണം:

"നിന്നെക്കൂടാതെ എനിക്കു ജീവിക്കാൻ മേലാ."

അവൻ ഇരിക്കുന്ന പാറയുടെ കടയ്ക്കൽ വലിയൊരു തിരവന്നടിച്ചു തകർന്നു. വളരെ ദൂരത്തോളം കടൽവെള്ളം അടിച്ചുകയറി. നുരയും പതയും തങ്ങിനിൽക്കുന്നേടത്തു വലിയ രണ്ടു കടൽപ്പാമ്പുകളെയും നിക്ഷേപിച്ചാണ് ആ തിര മടങ്ങിപ്പോയത്. വായും തലയും തിരിച്ചറിയാൻ വയ്യാത്തവിധം ഒരേ വണ്ണത്തിൽ ശരീരം മുഴുവൻ വെള്ളിക്കെട്ടുകളുള്ള നീലിച്ച രണ്ടു പാമ്പുകൾ തൊട്ടടുത്തു കിടക്കുന്നു. ചലനമില്ല. പൊക്കൻ എഴുന്നേറ്റു ചെന്നുനോക്കി. ചത്ത പാമ്പുകളാണ്. അവൻ കുനിഞ്ഞു പരിശോധിച്ചു. "ആണും പെണ്ണുമാണോ? എങ്കിൽ നല്ല മരണം"

കടലിലെ മത്സ്യങ്ങളെപ്പറ്റി, പാമ്പുകളെപ്പറ്റി, അവൻ ആലോചിച്ചു. ആണും പെണ്ണും ഒത്തുചേർന്ന് അവ ഇര തേടുന്നു. ഓടിക്കളിക്കുന്നു. പുതുവെള്ളത്തിൽ പുളയ്ക്കുന്നു. വേണ്ടിവന്നാൽ ഒരുമിച്ച് മരിക്കുന്നു. മനുഷ്യനു മാത്രം എന്തുകൊണ്ട്

അതൊന്നും വയ്യാ? പാമ്പിനും മീനിനുമുള്ള സ്വാതന്ത്ര്യം ആരാണ് മനുഷ്യനു നിഷേധിച്ചത്? അവയെപ്പോലെ സുഖിക്കാൻ മനുഷ്യനും അവകാശമില്ലേ?

സുഖത്തിന്റെ കാര്യം ഓർത്തപ്പോഴാണ് മറ്റൊന്ന് അവന്റെ മനസ്സിലേക്കിരച്ചു കയറി വന്നത്. തന്റെ സുഖത്തിന് പാഞ്ചാലി അത്രമാത്രം ഒഴിച്ചുകൂടാനാവാത്തൊരു വസ്തുവാണോ? ഇന്നലെയോളം ആ ചോദ്യത്തിനുമുമ്പിൽ പൊക്കനൊന്നും പറയാനില്ലായിരുന്നു. ഇന്നതല്ല. പതിനെട്ടാമത്തെ വയസ്സിലെത്തിയപ്പോൾ അതുവരെയുള്ള സുഖത്തിന്റെ അർത്ഥം തന്നെ മാറിപ്പോയിരിക്കുന്നു. ഊണും കുളിയുമല്ല സുഖം. അതിനപ്പുറത്തു മറ്റെന്തോ സുഖമുണ്ട്. തോണിയും വലയുമായി കടലിനോടു യുദ്ധം വെട്ടാൻ പോകുന്നതാണോ? വാളും പരിചയുമെടുത്തു പറങ്കികളെ വേട്ടയാടാൻ പോകുന്നതാണോ? അതൊന്നും സുഖത്തിനു വേണ്ടിയുള്ള പോക്കല്ല, ആവശ്യത്തിനു വേണ്ടി, കർത്തവ്യത്തിനുവേണ്ടിയുള്ള പോക്കാണ്. ആ പോക്കിൽ സുഖമല്ല; രസമാണ്. ഇതിനൊക്കെ അപ്പുറത്തൊരു സുഖമുണ്ട്. അതെന്താണെന്ന് വ്യക്തമായി പറയാൻ വയ്യാ. ആ സുഖം കണ്ടെത്താൻ പാഞ്ചാലി കൂടി അടുത്തുണ്ടാവണം. രാത്രിയും പകലും നോക്കിയാൽ കാണുന്ന സ്ഥലത്തുപോരാ; ഏന്തിയാൽ തൊടുന്ന സ്ഥലത്തുതന്നെ അവളുണ്ടായിരിക്കണം. അവൾ തന്റെ സ്വന്തമാണെന്നു തീർച്ചപ്പെടുത്തണം.

അവളുടെ അമ്മ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി. പോട്ടെ, അവകാശവാദവുംകൊണ്ടു പൊറുതികെടുത്താൻ ആ അമ്മ ഇനി വരില്ലല്ലോ. പക്ഷേ അച്ഛനുണ്ട്, കുഞ്ഞിക്കണ്ണൻ മരയ്ക്കാൻ. അവളെ മറ്റൊരാൾ സ്വന്തമാക്കുന്നത് അയാൾ ഇഷ്ടപ്പെട്ടില്ലെങ്കിലോ? പങ്കായം പിടിച്ചു തഴമ്പിച്ച കൈകൾ കരുത്തുള്ളവയാണ്. തടസ്സങ്ങളുണ്ടാക്കാഞ്ഞാൽ മതി.

തലയ്ക്കുമുകളിൽ ആകാശത്തിൽ കരിമേഘങ്ങളിഴഞ്ഞു നടക്കുന്നു. കീഴിൽ പരന്നു കിടക്കുന്ന കടലിൽ, തിരമാലകൾ തലകുത്തിയുരുളുന്നു. രണ്ടും ഒരുപോലെ. രണ്ടിന്റെയും നടുവിൽ, വെള്ള്യാൻ കല്ലിന്റെ

മൂർദ്ധാവിൽ, ചവിട്ടിനിൽക്കുന്ന ആ മുക്കുവക്കിടാവിന്റെ മുഖത്ത് വിശ്വവിജയിയായ ഒരു ചക്രവർത്തിയുടെ ഭാവമാണ് തെളിഞ്ഞുവരുന്നത്. ഒരു രാജ്ഞി വേണം. ഇടതുവശത്തിരിക്കാനും ഇടയ്ക്കിടെ ഏറുകണ്ണിട്ടുനോക്കി മനോഹരമായി ചിരിക്കാനും. അതിനാണ് പാഞ്ചാലി. കടപ്പുറത്തെത്തിയാൽ ആദ്യത്തെ ജോലി അവളെ കണ്ടു പിടിക്കലാണ്. ഒരു സാമ്രാജ്യം കീഴടക്കിയ കഥ അവളോടു പറയണം. ആ പെണ്ണു പേടിച്ചു വിറച്ച്, കണ്ണുകൾ തുറിച്ച്, ശ്വാസമടക്കിപ്പിടിച്ചു തന്റെ മുമ്പിലങ്ങനെയിരിക്കും. യക്ഷികളെ കീഴടക്കിയവൻ, സർപ്പങ്ങളെ ജയിച്ചവൻ, പറങ്കികളെ ആട്ടിയോടിച്ചവൻ-അതാണ് പൊക്കൻ. പൂഴിയിലിരുന്ന് ഒപ്പം പൂത്താങ്കല്ലാടിയ പൊക്കൻ ഇന്നൊരു പടവിരനാണ്.

“എടീ, നിന്നെക്കെട്ടാൻ പോണത് മീൻ പിടിച്ചു പുലരുന്നൊരു മരക്കാനല്ല.” അവൻ ഉറപ്പിച്ച് പറയും.

“പിന്നെ?” അദ്ഭുതവും ഭയവും വിട്ടുമാറാത്ത കണ്ണുകൾ അവന്റെ മുഖത്തു നട്ടു കൊണ്ടവൾ ചോദിക്കും.

“അമ്പും വില്ലും വാളും കുന്തവുമെടുത്ത്, പറങ്കികളെ നായാടാൻ കടലിലേക്കു പുറപ്പെടുന്ന പടവീരൻ.”

“എന്നെക്കെട്ടണ്ടാ. ഞാൻ സമ്മതിക്കൂലാ.”

“നീ സമ്മതിക്കില്ലേ?”

“ഊഉം”

“പറപെണ്ണേ, പറ; നെന്നെ പിന്നെ ആരു കെട്ടണം?”

“ആരും കെട്ടണ്ടാ?”

“കെട്ടണ്ടേ?”

“പടയ്ക്കു പോണോരു പെണ്ണുകെട്ടീട്ടെന്താ?” അവളൊരു സംശയമെടുത്തിടും.

“പിന്നെ മീൻ പിടിക്കാൻ പോണോരാ കെട്ടേണ്ടത്?” അവൻ സുഖമില്ലാത്ത മട്ടിൽ ചോദിക്കും.

“പടയ്ക്കു പോണോല് കെട്ട്യാല്... “പാതി പറഞ്ഞു നിർത്തി കള്ളക്കണ്ണിട്ടവന്റെ മുഖത്തു നോക്കി അവൾ നിൽക്കും.

“കെട്ട്യാല്?” അവൻ അക്ഷമയോടെ ചോദിക്കും.

“പട തൊടങ്ങുമ്പം ഓല് പോവൂലേ?” അവൾ സംശയം മുഴുമിക്കും.

“പോയാല് പട ജയിച്ചോല് മടങ്ങൂലേ?”അവൻ വിജയപൂർവ്വം അവളെ നോക്കും.

“പടയ്ക്കു പോയാ മരിക്കൂലേ?”അതാണവളുടെ സംശയം.

പെണ്ണും കെട്ടി കെട്ടിയോൻ പടയ്ക്കുപോയാൽ അവൾ കുടിയിലിരുന്ന് വിഷമിക്കും. പടയിൽ എന്തും സംഭവിക്കാം.അവളുടെ

കെട്ടിയോൻ പടയ്ക്കുപോകുന്നതവൾക്കിഷ്ടമല്ല... അവിടെ വെച്ച് കെട്ടിയോൻ മരിച്ചുപോയാലോ?

“എടീ, കടലിൽ മീൻ പിടിക്കാൻ പോയാൽ മരിക്കൂലേ?” അവനങ്ങട്ടു ചോദിക്കും. ആ ചോദ്യത്തിനവൾക്കുത്തരമില്ല. ഒത്ത തടിയുള്ള അവളുടെ അമ്മാമൻമാർ മൂന്നുപേരെ ആ കടൽ തട്ടിയെടുത്തിട്ടുണ്ട്. അതുപോലെ വള്ളവും വലയുമായി കടലിലേക്കുപോയവർ ഇങ്ങിനിവരാത്തവണ്ണം യാത്ര പറഞ്ഞിട്ടുണ്ട്. വേട്ടുവശ്ശേരി ഭഗവതിക്കു വിളക്കും നിറമാലയും നേരാത്ത കുടുംബങ്ങൾ ആ കടപ്പുറത്തില്ല. കടലിൽ പോകുന്നവരുടെ ദീർഘായുസ്സിനുവേണ്ടി എന്നും വഴിപാടും പ്രാർഥനയുമാണ്. എന്നിട്ടും മരയ്ക്കാൻമാർ മരിക്കുന്നു. അവൾക്ക് ഉത്തരമൊന്നും പറയാനില്ല.

ഒരു തണുപ്പു കാറ്റ് ചിന്താധീനനായ പൊക്കനെ വിളിച്ചുണർത്തി. പ്രകൃതിയുടെ മുഖഭാവം മാറുകയാണോ? ചക്രവാളത്തിനടുത്ത്, കോടാനുകോടി മനുഷ്യകണ്ഠങ്ങളിൽ നിന്ന് ഏതോ പോർവിളി മുഴങ്ങുമ്പോലുള്ള ശബ്ദം. കടലിരമ്പമാണ്.

കാലവർഷക്കാറ്റ് കുറവനെപ്പോലെ കുഴലൂതുന്നു. അകലത്തകലത്തുനിന്ന് ആയിരമായിരം കൊച്ചുപാമ്പുകൾ പടമുയർത്തി ഇഴയുന്നു. അടുക്കും തോറും കാളിയൻ കണക്ക് അവ വലുതാവുന്നു. പാറക്കെട്ടിലേക്ക് ചാടി വീണ് കൊത്തുന്നു. കുഴലൂത്ത് പിന്നെയും തുടരുന്നു. പടങ്ങളുയരുന്നു; നാഗത്താൻമാർ ഇളകിയാടുന്നു. അങ്ങനെ അവിരാമമായി ആ നാഗലീല തുടരുന്നു.

തോണി കെട്ടിയ കയറും പിടിച്ച് പൊക്കൻ നിൽക്കുകയാണ്. കോപിച്ച കടലിൽ തോണിയിറക്കണോ? അതല്ല, കാത്തു നിൽക്കണോ? അവന്റെ പിറകിൽ പല്ലിളിച്ചു കിടക്കുന്ന ആ തലയോട്ട് മുഖത്തുള്ള കുഴികളിലൂടെ അപ്പോഴും അവനെ ഉറ്റുനോക്കുകയാണ്; എന്തോ പറയാനുള്ളപോലെ.

— 2 —

# രണ്ട്

കാറ്റോ മഴയോ തകർക്കട്ടെ. പട്ടിണിയോ പകർച്ചവ്യാധിയോ വരട്ടെ. കടൽക്കള്ളൻമാരോ പറങ്കികളോ കൊള്ള നടത്തട്ടെ. വയറുനിറച്ച കള്ളു കിട്ടിയാൽ എല്ലാം പുല്ലാണ്. അത്യാഹിതങ്ങളുടെയും ദുരിതങ്ങളുടെയും നടുക്ക് ജീവിക്കുന്നത് കൊണ്ടാവണം, കടപ്പുറത്തുള്ള അരയന്മാർ കള്ളുകുടി ശീലിച്ചത്. തരം കിട്ടുമ്പോഴൊക്കെ എല്ലാവരും കുടിക്കും. അല്പമൊരാനന്ദത്തിനു വേണ്ടിയുള്ള കുടിയല്ല; ഭൂതവും ഭാവിയും മറക്കാനുള്ള കുടി. മരണത്തിന്റെ പിടിയിൽ നിന്നാണ് വരുന്നത്. അല്പനേരത്തെ വിശ്രമത്തിനു ശേഷം പോകേണ്ടതും അങ്ങോട്ടു തന്നെ. ആലോചിക്കാനിട കിട്ടരുത്. തലച്ചോർ ഉണർന്നു പ്രവർത്തിക്കരുത്. കുടിക്കണം, കിട്ടുന്നത്ര കുടിക്കണം. അങ്ങനെ അവർ കുടിച്ചു. മരയ്ക്കാൻമാർക്കിടയിൽ കുടി ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാചാരമായി.

പൈതൽ മരയ്ക്കാനു കള്ളുചിരട്ടയൊന്നു മണത്താൽ മതി ഉടനെ സംഗീതം വരും:

"കറുത്ത പെണ്ണേ, കരിങ്കുഴലീ
നിനക്കൊരുത്തൻ കിഴക്കുദിച്ചു. "

അകത്തേക്കു ചിരട്ടകൊണ്ട് അളന്നൊഴിക്കുന്തോറും അക്ഷരക്രമവും പദഘടനയും തെറ്റി രാഗവിസ്താരത്തിലാവും ശ്രദ്ധ:

കറുത്ത പെണ്ണേ... ഏ... ഏ...
കരിങ്കുഴലീ... ഈ... ഈ...
നിനക്കൊരുത്തൻ... കിഴക്കു
ദിച്ചു... ഊ... ഊ...

അങ്ങനെയങ്ങനെ നീണ്ടുവലിഞ്ഞ് അക്ഷരങ്ങളും പദങ്ങളും കുറഞ്ഞു രാഗാലാപം മാത്രമാകും. പിന്നെയും കുറഞ്ഞു കഫപ്പറ്റുള്ള കണ്ഠത്തിൽ സംഗീതം ഒരു

ഞരക്കമായി അവശേഷിക്കും. എന്നാലും അതു നിർത്തില്ല.

കാറ്റും മഞ്ഞും മഴയും കടുത്ത വെയിലും ഉപ്പുവെള്ളവും തട്ടി ഒരുതരം മുരുപ്പാർന്നതാണ് പൈതൽ മരയ്ക്കാന്റെ ശരീരം. ഉള്ളും കുറച്ച് മുരുമുരുത്തതാണ്. പുറത്തൊന്നും തരപ്പെട്ടില്ലെങ്കിൽ കുടിയിൽ വെച്ചെങ്കിലും കുറഞ്ഞൊരു വഴക്കുണ്ടാക്കുന്ന സ്വഭാവമാണ്. നീണ്ട മൂക്കും നരച്ച വളർന്ന പുരികങ്ങളും വീതി കൂടിയ നെറ്റിയും മുഖത്തിന്റെ ഗൗരവത്തിന് മാറ്റു കൂട്ടുന്നു. വിരിഞ്ഞ മാറും ഉയർന്ന തോളും ഉരുണ്ടുനീണ്ട കൈകളും ഒരു പ്രയത്നശാലിയുടെ അടയാളങ്ങൾ വിളിച്ചുപറയുന്നു.

അന്നു വൈകീട്ട് കള്ളുകുടിയും കഴിഞ്ഞ് ആടിയും പാടിയും പൈതൽമരയ്ക്കാൻ കടപ്പുറത്തെ പൂഴിയിലൂടെ നടക്കുകയായിരുന്നു. ചരൽ കല്ലുകളെറിയുമ്പോലെ തൊപ്പിക്കുടമേൽ മഴത്തുള്ളികൾ വീഴുന്നുണ്ട്. ശരീരം മരവിപ്പിക്കുമാറ് തണുപ്പ് കാറ്റ് വീശുന്നുണ്ട്. പുല്ല്! ബ്രഹ്മപ്രളയം വന്നാലും പുറം കാലെടുത്തൊരു തട്ടുകൊടുക്കണമെന്ന നിലയാണപ്പോൾ. നേരം ഇരുട്ടുന്നതിനു മുമ്പ് കുടിയിലെത്താനുദ്ദേശിച്ചു പുറപ്പെട്ടതാണ്; എത്തുന്നില്ല. നീളത്തിൽ തുടങ്ങിയ നടത്തം ക്രമേണ വീതിയിലായി. കടപ്പുറത്തെ പൂഴിപ്പരപ്പിനും സ്ഥലം മതിയാവുന്നില്ല. ചിലപ്പോൾ കടൽ വെള്ളത്തിൽ കാൽകുത്തിപ്പോവുന്നു.

“സാഴമില്ല. ”

കടലും കരയും തമ്മിൽ തിരിച്ചറിയാൻ വിഷമമുണ്ട്. അത്രയ്ക്കിരുട്ടാണ്. ശരീരം എവിടെയോ ചെന്നിടിച്ചു. ഉരുണ്ടുവീണത് നനഞ്ഞ പൂഴിയിലാണ്. കിടന്നുകൊണ്ടു തന്നെ സൂക്ഷിച്ചുനോക്കി. വെളിച്ചം, ഇളകുന്ന വെളിച്ചം. തലയ്ക്കോ വെളിച്ചത്തിനോ ഇളക്കം? രണ്ടു കൈകൊണ്ടും താടിയെല്ലമർത്തിപ്പിടിച്ച് തലയുടെ ഇളക്കം നിർത്താൻ ശ്രമിച്ചു. എന്നിട്ടും വെളിച്ചം ഇളകിക്കൊണ്ടിരിക്കയാണ്.

“ആരാത്?” മുറ്റത്തെന്തോ വീഴുന്നതു കേട്ടു കുഞ്ഞിക്കണ്ണൻ മരയ്ക്കാൻ വിളിച്ചു ചോദിച്ചു.

“ഏ?”

“ആരാന്ന്?”

“ഞാനാ... ഞ്യാൻ...”

ശബ്ദം കൊണ്ട് കുഞ്ഞിക്കണ്ണൻ മരയ്ക്കാന്ന് ആളെ മനസ്സിലായി;

“പൈതല് മരയ്ക്കാനോ? കേറി ഇരിക്കീ...”

“ഏ...”

“മയ പെയ്യുന്നില്ലേ ഇങ്ങ് കേറി ഇരിക്കീ...”

തട്ടിപ്പിടഞ്ഞെഴുന്നേറ്റ പൈതൽമരയ്ക്കാൻ കുടിലിന്നകത്തേക്കു കയറി.

“അല്ലാ, ആകെ നനഞ്ഞിക്കെല്ലോ”

“സാഴേല്ലാ. ” എല്ലാം നിസ്സാരമാക്കിത്തള്ളാൻ കഴിവുള്ള സമയമാണപ്പോൾ. “വെറ്റിലടയ്ക്കേണ്ടോ ചമയ്ക്കാൻ?”

കുഞ്ഞിക്കണ്ണൻ മരയ്ക്കാൻ വെറ്റിലപ്പെട്ടി നിരക്കി വെച്ചുകൊടുത്തു. പൈതൽ മരയ്ക്കാൻ നിലത്തു ചമ്രം പടിഞ്ഞിരുന്ന് വെറ്റിലയിൽ നൂറു തേയ്ക്കാൻ തുടങ്ങി.

“ഇന്നു പകൽ കുടീലില്ലായിനോ?”

“ഇല്ല; ഠാവിലെ പോയതാ, പന്തലായനിക്ക്; എന്താ ചോയിക്കാൻ?”

“ഒന്നൂല്ല. ”

“അതല്ല, ഏതാണ്ട്. ”

“മ്മളെ പൊക്കൻ ഒരു കുരുത്തക്കേടു പറ്റിച്ച്” പരുങ്ങിക്കൊണ്ടാണ് കുഞ്ഞിക്കണ്ണൻ മരയ്ക്കാൻ പറഞ്ഞത്.

“എന്റെ മോനോ?” കലങ്ങിച്ചുവന്ന കണ്ണ് ഉരുട്ടി മിഴിച്ചു. കുഞ്ഞിക്കണ്ണൻ മരയ്ക്കാന്റെ മുഖത്തേക്ക് നോക്കി ആ സ്വബോധമില്ലാത്ത മനുഷ്യൻ ചോദിച്ചു: “എന്റെ മോൻ പൊക്കനോ?”

“ആപത്തൊന്നും വന്നില്ല. കോളുകൊണ്ട കടലിൽ ഇന്നു തോണി താത്തി. ”

“ഏ? ഏന്ത് കഴുത്തങ്കെട്ടോൻ!” ചുണ്ണാമ്പുതേച്ച വെറ്റില നിലത്തിട്ടു പൈതൽ മരയ്ക്കാൻ ധൃതി പിടിച്ചെഴുന്നേറ്റു. “ഓനേന്നു കൊന്നിറ്റു കാര്യം. ” മറ്റൊന്നു പറയാനോ ആശ്വസിപ്പിക്കാനോ ഇടകൊടുക്കാതെ അയാൾ മുറ്റത്തേക്കു ചാടി. കത്തിത്തീരാറായൊരു വാണം പോലെ കടപ്പുറത്തിലൂടെ വിസ്താരത്തിലോടി.

“അച്ഛാ!” അകത്തുനിന്നു പാഞ്ചാലി വിളിച്ചു.

“എന്താ മോളേ?”

“അച്ഛനെന്തിനാതു പറഞ്ഞത്?”

കുഞ്ഞിക്കണ്ണൻമരയ്ക്കാൻ ഉത്തരമൊന്നും പറഞ്ഞില്ല. ഒരബദ്ധം പറ്റിയതാണ്. അറിയാതെ പറഞ്ഞുപോയി. പാഞ്ചാലി തുടർന്നു ചോദിച്ചു:

“പൈതല് മരയ്ക്കാൻ കള്ളും മോന്തിക്കൊണ്ടല്ലേ വന്നത്? ഇനീന്നു കുടീൽ പൊലവ്വോളം പടയായിരിക്കും. അടി എല്ലാർക്കും കൊള്ളും. ”

പകൽ അത്രമാത്രം മനഃപ്രയാസമുണ്ടായിരുന്നു. പതിറ്റടി താഴുന്നവരെ അന്നാ കടപ്പുറത്തുള്ളവർ മനസ്സിൽ തീയും കോരിയിട്ടാണ് കാത്തിരുന്നത്. പൊക്കനെ കടൽ തിരിച്ചുതരുമെന്നാരും വിചാരിച്ചതല്ല.

ചോരത്തിളപ്പുകൊണ്ട് എന്തും കാണിക്കാനൊരുങ്ങിയാൽ പറ്റില്ല. അതൊക്കെ വിചാരിച്ചപ്പോൾ അങ്ങു പറഞ്ഞുപോയി. പറയാൻ പാടില്ലായിരുന്നു. അച്ഛൻ മിണ്ടാതിരിക്കുന്നതു കണ്ട് അവൾ സ്വയം പറഞ്ഞു:

“കള്ളുകുടിച്ച മരയ്ക്കാൻ കാറ്റു പിടിച്ച കടലുപോലെയാ”

“ശരിയാ, മോളേ, അച്ഛൻ അറിയാതെ പറഞ്ഞുപോയി. ”

പിന്നെ അച്ഛനും മകളും ഒന്നും മിണ്ടിയില്ല. അവൾ ചെവിയോർത്തു. പൈതൽ മരയ്ക്കാന്റെ കുടിയിൽ നിന്നു നിലവിളി കേൾക്കുന്നുണ്ടോ? കടലിന്റെ മുഴക്കം ഒന്നും കേൾക്കാൻ സമ്മതിക്കില്ല.

കൊടുങ്കാറ്റുപോലെ കുടിയിലെത്തിയ പൈതൽമരയ്ക്കാൻ അലറി.

"എഴാ കുഴുത്തംകെട്ടോനെ!"

പൊക്കനു കാര്യം മനസ്സിലായി. പകലത്തെ അദ്ധ്വാനം കൊണ്ട് അവൻ ക്ഷീണിച്ചുകിടക്കുകയായിരുന്നു.

"എവിഴെഴാ നീ, കുരുത്തം കെട്ട നായേ?"

"വന്നല്ലോ കള്ളും കുടിച്ചോണ്ട്!" അടുപ്പിന്നരികത്തിരുന്നു തീക്കായുന്ന ദമയന്തി-പൊക്കന്റെ അമ്മ-പിറുപിറുത്തു.

"എഴീ..." കൈയോങ്ങിക്കൊണ്ടു വരുന്ന ഭർത്താവിന്റെ കണ്ണുകൾ ജ്വലിക്കുന്നുണ്ടായിരുന്നു. "ഇന്നു ഞാൻ അവനെ കൊല്ലും. നിന്നേം!"

"കൊറച്ചു കുടിച്ചാപ്പോരായിരുന്നോ? കുടിച്ചു കുടിച്ചു മരിക്കും"

"മഴിക്കുന്നതു നിന്നെ കൊന്നിട്ട്. " ഓങ്ങിയ കൈ ആകാശത്തിലുയർന്നു നിൽക്കുന്നു. ഒരു ചവിട്ടു കൊടുക്കാനാണ് തോന്നിയത്; ചവുട്ടി. അടുപ്പിന്നടുത്തുള്ള ചോറ്റുകലത്തിന്നതു കൊണ്ടു. കലം തകർന്നു. അതിലുള്ള അത്താഴം അകത്തു മുഴുവൻ ചിതറി.

"പ്രാന്തുണ്ടോ, പ്രാന്ത്?" ദമയന്തി തട്ടിപ്പിടഞ്ഞെഴുന്നേറ്റു.

"അച്ചാ!" പൊക്കന്റെ കനത്ത ശബ്ദം.

അച്ഛനും മകനും മുഖത്തോടുമുഖം നോക്കി നിന്നു. മകനെക്കണ്ടപ്പോൾ അച്ഛന്റെ കോപം ആളിക്കത്തി.

"ഏഴാ!" ആദ്യത്തെ തല്ല് പൊക്കന്റെ പിരടിക്കു കണക്കാക്കിയാണ് വരുന്നത്. അവനതു തടുത്തു. അന്നുവരെ അവൻ അങ്ങനെ ചെയ്തിട്ടില്ല. അച്ഛൻ തല്ലുമ്പോൾ അനങ്ങാതെ നിന്നുകൊള്ളും. ഇപ്പോൾ മറിച്ചാണ് തോന്നിയത്. അതുകൂടുതൽ കുഴപ്പത്തിനിടയാക്കി. മകൻ തന്നെ ധിക്കരിക്കുകയാണെന്ന് അച്ഛനു തോന്നി. പിന്നെ മുറയ്ക്കൊരു യുദ്ധമായിരുന്നു. കൈയിൽ കിട്ടിയതെന്തുമെടുത്ത് അച്ഛൻ മകനെ തല്ലി. അമ്മ ഇടയിൽ കിടന്നു സമാധാനിപ്പിക്കാൻ ശ്രമിച്ചു. അമ്മയ്ക്കും കിട്ടി വേണ്ടുവോളം...

അകത്തൊരു മൂലയിൽ ഒന്നും പറയാനോ ചെയ്യാനോ വയ്യാതെ പക്ഷവാതം പിടിച്ചു തളർന്നു കിടക്കുന്ന അമ്പാടിമരയ്ക്കാൻ-ദമയന്തിയുടെ അച്ഛൻ-തുടരെത്തുടരെ നെടുവീർപ്പിട്ടു...

അത്താഴം തറയിൽ ചിതറിക്കിടക്കുന്നു. കള്ളിന്റെ ലഹരിയും യുദ്ധത്തിന്റെ ക്ഷീണവും ഒത്തുചേർന്നപ്പോൾ പൈതൽ മരയ്ക്കാന് ഉറക്കം വന്നു. തറയിൽത്തന്നെ ഒരിടത്തു മലർന്നു കിടന്ന് കൂർക്കം വലിക്കാൻ തുടങ്ങി. മുനിഞ്ഞു കത്തിയ കൊട്ടെണ്ണവിളക്ക് അന്ത്യശ്വാസം വലിച്ചു.

തല്ലുകൊണ്ട പാടുകളിൽ നീറ്റമുണ്ട്. സാരമില്ല. അമ്മയുടെ കാര്യം വിചാരിച്ചാണ് പൊക്കന് വിഷമം. ഉറക്കം വരുന്നില്ല. എത്രനേരമിങ്ങനെ പായിൽ കിടന്നുരുളും! ആരും അത്താഴം കഴിച്ചിട്ടില്ല. അമ്മ ഉറങ്ങിയോ? ആ ബഹളത്തിൽ

അമ്മയ്ക്കെത്രമാത്രം തല്ലുകൊണ്ടിട്ടുണ്ടാവും? വേദനിച്ചാൽ അമ്മ കരയില്ല. എത്ര വലിയ വേദനയും അമ്മ സഹിക്കാറുണ്ട്. അവനെഴുന്നേറ്റു. അടുപ്പിൽ നിന്നു ചെറിയൊരു തീപ്പൊരി പൊട്ടിച്ചിതറി. അതിന്റെ മഞ്ഞവെളിച്ചത്തിൽ അവൻ അമ്മയെ കണ്ടു. അടുപ്പിന്നരികത്തു ചൂളിപ്പിടിച്ചിരിക്കുകയാണ്. പുറത്തു കടലും കൊടുങ്കാറ്റും മത്സരിക്കുന്നതിന്റെ മുഴക്കം കേൾക്കാം. മഴ തകർത്തു പെയ്യുകയാണ്. ഭൂമി കുലുക്കിക്കൊണ്ട് ഒരു ഇടി വെട്ടി. മിന്നലിന്റെ ചുവന്ന പ്രകാശം കുടിലിന്റെ പഴകി ദ്രവിച്ച ഓലമറയുടെ വിടവിലൂടെ അകത്തുകടന്നു. ഇരുട്ടിൽ നിന്ന് അനേകം കണ്ണുകൾ ചുഴിഞ്ഞുനോക്കുമ്പോലെ.

മകന്റെ കാൽപ്പെരുമാറ്റം കേട്ടിട്ടും അമ്മ തലയുയർത്തിയില്ല. മിണ്ടിയില്ല. കുനിഞ്ഞിരിക്കുകയാണ്.

തന്നിലേക്കുതന്നെ നോക്കി എന്തോ കണ്ടെത്താനുള്ള ശ്രമം. അടുപ്പിൽ എരിഞ്ഞടങ്ങാൻ പോകുന്ന കനൽക്കട്ടകളുടെ മങ്ങിയ വെളിച്ചത്തിൽ അവൻ അമ്മയെ നോക്കിനിന്നു. തലമുടി ഇരുവശത്തേക്കും ചിന്നിച്ചിതറി വീണുകിടക്കുകയാണ്. നഗ്നമായ പുറത്ത് തല്ലുകൊണ്ട പാടുണ്ടോ? അവൻ അമ്മയുടെ അടുത്തിരുന്ന് മെല്ലെ തടവി നോക്കി. കവിളുകൾ നനഞ്ഞിരിക്കുന്നു. അമ്മ അപ്പോഴും കരയുകയാണ്.

“അമ്മേ” അവൻ പതുക്കെ വിളിച്ചു. അല്പം കൂടി അടുത്തേക്കു നീങ്ങി ഒരു കൈകൊണ്ട് അമ്മയെ കെട്ടിപ്പിടിച്ചു. കണ്ണിലും കവിളത്തുമുള്ള കണ്ണീർ തുടച്ചാറ്റി. തന്റെ കുട്ടിക്കാലം തിരിച്ചുവരുന്നതു പോലെ അവന് തോന്നി.

കാക്കകൾ കരഞ്ഞ് ലഹളകൂട്ടി കൂടണയാൻ വരുന്ന സന്ധ്യകൾ. അമ്മ ഇതുപോലെ അടുപ്പിന്നരികത്ത് കുനിക്കൂടിയിരിക്കും. അച്ഛൻ കടലിൽ നിന്ന് തിരിച്ചെത്തുമ്പോൾ ചൂടോടെ അത്താഴം കൊടുക്കണം. അവൻ കൂട്ടുകാരോടൊപ്പം പൂഴിയിൽ കിടന്ന് തിമർക്കുകയായിരിക്കും. പെട്ടെന്നാണ് അമ്മിഞ്ഞ നൊട്ടാനുള്ള കൊതി ജനിക്കുന്നത്. ഓടിച്ചെല്ലും. ഊറ്റിക്കൊണ്ടിരിക്കുന്ന അമ്മയുടെ നെഞ്ചിനും കാൽമുട്ടുകൾക്കുമിടയിലൂടെ അവന്റെ കുഞ്ഞിത്തല തിരുകിക്കേറ്റും.

“പോടോ അവിടന്ന്!” വാത്സല്യം നിറഞ്ഞുതുളുമ്പുന്ന സ്വരത്തിൽ അമ്മ അവനെ ശകാരിക്കും. അവൻ കൂട്ടാക്കില്ല. ആ ശകാരം ഒരു സമ്മതപത്രമാണ്. അമ്മ അടുപ്പിൽ വിറകുകൊള്ളി തിരുകുമ്പോഴും അരി കഴുകുമ്പോഴും മൽസ്യം മുറിക്കുമ്പോഴും ഒക്കെ അവൻ അമ്മിഞ്ഞ നൊട്ടുകയായിരിക്കും. കുറെ വലുതാവുന്നതുവരെ അവൻ അമ്മിഞ്ഞ നൊട്ടി. അന്നൊക്കെ അയൽപക്കത്തെ പെണ്ണുങ്ങൾ അവനെ നോക്കി പരിഹസിക്കും:

“പെണ്ണുകെട്ടാൻ പോന്ന ചെറുക്കൻ നിന്ന് അമ്മിഞ്ഞനൊട്ടുന്നത് കണ്ടോ? നാണമില്ലെടാ നിനക്ക്!”

അങ്ങനെ എളുപ്പത്തിലൊന്നും അവനെ പരിഹസിച്ചാർക്കും കടന്നുകളയാൻ കഴിയില്ല. അവൻ പകരം വീട്ടും. കടപ്പുറത്തെ പൂഴിമണ്ണിൽ കിടന്നെരിയുമ്പോൾ

അതെന്തിന്റെ കൂലിയാണെന്നവർക്ക് മനസ്സിലാവും. അവനൊരു അനിയത്തിയോ അനിയനോ പിറക്കാത്തതുകൊണ്ടാവണം വലുതായിട്ടും അമ്മ അവനെ ഒക്കത്തു തട്ടി നടന്നത്. ഇന്നതൊക്കെ ഓർക്കുമ്പോൾ അവന്റെ കണ്ണുകൾ നനയുകയാണ്. അച്ഛനോട്ട് പൊതിരെ തല്ലു കിട്ടീട്ടും നനയാത്ത കണ്ണുകൾ. അവന് വേണ്ടി എന്തൊക്കെ ആ അമ്മ സഹിച്ചിട്ടുണ്ട്!

അച്ഛനെപ്പറ്റി അവന് അധികമൊന്നും ഓർക്കാനില്ല. കുടിച്ചു കുന്തം മറിഞ്ഞാണ് കുടിലിലെത്തുന്നത്. വാത്സല്യപൂർവം വിളിക്കുന്നതും അലറുമ്പോലെയാണ്. അവൻ പോവില്ല. ബോധാവസ്ഥയിൽ അച്ഛനെയൊന്ന് കാണാൻ അവനന്ന് കൊതിച്ചിട്ടുണ്ട്. പക്ഷേ കഴിഞ്ഞില്ല. അവനുണരുമ്പോഴേക്കും വള്ളവും വലയുമായി കടലിലേക്ക് പോകും. പിന്നെ തിരിച്ചുവരുന്നത് മറ്റൊരാളായിട്ടാണ്...

അമ്മ അങ്ങനെയല്ല. എപ്പോഴും അവന്റെ അടുത്തുണ്ടാവും. അവന്റെ എല്ലാ കാര്യങ്ങളിലും വലിയ ശ്രദ്ധയാണ്. എപ്പോഴും മടിയിൽ കിടത്തി ഉമ്മവെയ്ക്കും. ഉണ്ണുമ്പോൾ അടുത്തിരുന്ന് താളം പറയും.

“ഇച്ചിരുടി, മോനേ, ഇച്ചിരുടി. ” ഒറ്റ മകനായതുകൊണ്ടാവും, വലുതായിട്ടും അമ്മ അവനെ താലോലിച്ചത്. പഴയപടി അമ്മയുടെ മാറിടത്തിലേക്ക് അവന്റെ തലയൊന്ന് ചായ്ക്കാൻ അവന് തോന്നി. പറങ്കികളേയും തേടി അലച്ചിരമ്പുന്ന കടലിലൂടെ അന്നു രാവിലെ വെള്ള്യാൻകല്ല് കീഴടക്കാൻപോയ പടയാളിയുടെ അഭിലാഷമാണത്. വെള്ളാട്ടിരിയും കോലത്തിരിയും പൂന്തുറക്കോനും പെറ്റമ്മമാരുടെ മുമ്പിൽ ഇങ്ങനെ പിഞ്ചുകുട്ടികളാവാറുണ്ടോ?

“അമ്മേ” അവൻ പിന്നെയും വിളിച്ചു. മുമ്പൊരിക്കലും അവന്റെ കണ്ഠമിടറി ആ അമ്മ കേട്ടിട്ടില്ല.

“എന്താ മോനേ?” പ്രയാസപ്പെട്ടാണെങ്കിലും ദമയന്തി സംസാരിച്ചു. പതുക്കെ മകന്റെ പുറം തലോടി. അറിയാതെ അവന്റെ തല അമ്മയുടെ തോളിൽ വിശ്രമിച്ചു.

പുറത്തു പിന്നെയും ഇടി വെട്ടി. കുടിലിന്റെ മോന്തായത്തിൽ കാറ്റു നൃത്തംവെച്ചു. അകലത്തു കിടക്കുന്ന പക്ഷവാതരോഗിയെ മിന്നൽവെളിച്ചത്തിൽ അവർ രണ്ടുപേരും കണ്ടു. എന്തെങ്കിലും ചോദിച്ചുവാങ്ങാൻ നാക്കിനു കെൽപില്ലാത്ത തന്റെ അച്ഛനെച്ചൊല്ലി ദമയന്തി വേദനിച്ചു. അച്ഛനു വിശക്കുന്നുണ്ടാവും. അത്താഴം നിലത്തു ചിന്നിച്ചിതറിക്കിടക്കുകയാണ്. എന്തു കൊടുക്കും?

അടുപ്പിലെ തീക്കട്ടകൾ കെട്ടാറുകയാണ്. ഇരുട്ടും തണുപ്പും വർദ്ധിക്കുകയാണ്. പൊക്കൻ അമ്മയെ പിടിച്ചെഴുന്നേൽപ്പിച്ചു പായ വിരിച്ചു കിടത്തി. അവനും അടുത്തു കിടന്നു. അമ്മയുടെ ചൂട് ചൈതന്യപ്രദമാണ്. എല്ലാ ദുഃഖങ്ങളും അവനെ വിട്ടൊഴിഞ്ഞു. കഴിഞ്ഞ സംഭവങ്ങളത്രയും അവൻ മറന്നു. പ്രസരിപ്പും ആവേശവും അവനിലേക്കു തിരിച്ചുവന്നു.

മഴ കോരിച്ചൊരിയുന്നു. ആകാശം മുഴുവൻ ചവുട്ടിത്തകർത്ത ഇടി ചക്രവാളത്തിനപ്പുറത്തേക്കു നടന്നകലുന്നു. കൊടുങ്കാറ്റു വിശ്രമിക്കുകയാവണം. കടലിന്റെ ഇരമ്പം കേട്ടുകൊണ്ടവൻ കിടന്നു. എപ്പോഴെന്നറിയാതെ കണ്ണുകളടഞ്ഞു.

ചുറ്റും ഓളത്തട്ടുകളിളകുന്ന നീലജലപ്പരപ്പ്. വാളും കുന്തവും അമ്പും വില്ലും ധരിച്ച യോദ്ധാക്കൾ ആ ജലപ്പരപ്പിലൂടെ നടക്കുന്നു. അത്ഭുതം! അവിടവിടെ വെള്ളച്ചിറകു വിരിച്ച കപ്പലുകൾ നങ്കൂരമിട്ടു നിൽപ്പുണ്ട്. എല്ലാം ഒഴിഞ്ഞു കിടക്കുകയാണ്. മനുഷ്യരില്ല.

ആകാശത്തിൽ നിന്നു കാട്ടാനകളെപ്പോലെ കരിമേഘങ്ങളിറങ്ങി വന്ന് ക്ഷണനേരംകൊണ്ട് ആ കപ്പലുകളെ മൂടി. ഉറയിൽ നിന്നൂരിയ വാളും പൊക്കിപ്പിടിച്ച് ആ യോദ്ധാക്കൾ ആർത്തട്ടഹസിച്ചു. എല്ലാം നോക്കിക്കൊണ്ടു നിന്ന ഒരു ദൃക്സാക്ഷി മാത്രമാണവൻ.

മനുഷ്യർക്ക് വെള്ളത്തിലൂടെ നടക്കാൻ കഴിയുന്നു. അതുകൊണ്ടവർ കപ്പലുകളും വള്ളങ്ങളുമുപേക്ഷിച്ചു. ജലപ്പരപ്പും മൈതാനവും അവർക്കു സമമാണ്. പെട്ടെന്നൊരു മുഴക്കം. ദിഗന്തങ്ങളോടൊപ്പം അവനും കുലുങ്ങി. ഇടിയാണോ? അല്ല; കരിമേഘങ്ങൾ മുഴുവൻ താഴോട്ടിറങ്ങിവന്നതുകൊണ്ട് ആകാശം തെളിഞ്ഞുനിൽക്കുകയാണ്. തെളിഞ്ഞ ആകാശത്തിൽ ഇടി വെട്ടാറില്ല. മുഴക്കം പിന്നെയും കേൾക്കുന്നു. ഓരോ മുഴക്കത്തിനും കപ്പലുകളെ മൂടിനിൽക്കുന്ന കരിമേഘം ചിന്നിച്ചിതറുന്നു.

കപ്പലുകൾ നിറച്ചും ആളുകളാണ്. കാൽക്കുപ്പായവും മേലങ്കിയും ചട്ടത്തൊപ്പിയും ധരിച്ച മനസ്സിലാകാത്ത ഭാഷയിൽ എന്തൊക്കെയോ വിളിച്ചുപറയുന്ന ഒരുകൂട്ടം ആളുകൾ. മന്ദാരപ്പൂവിന്റെ നിറമാണവർക്ക്; മുഴക്കം പിന്നെയും കേൾക്കുന്നു. അതു കപ്പലിൽ നിന്നാണെന്ന് അവനു മനസ്സിലായി. പീരങ്കിവെടി! പീരങ്കിവെടി! ആരോ ഒരാൾ വിളിച്ചുപറഞ്ഞു. ആരാണെന്നു വ്യക്തമല്ല. ജലപ്പരപ്പിൽ അങ്ങുമിങ്ങും നടക്കുന്ന യോദ്ധാക്കൾ കപ്പലിൽ നിന്നുള്ള മുഴക്കം കേട്ടു ഞെട്ടി. അവരുടെ വില്ലുകളിൽ നിന്ന് അസ്ത്രങ്ങൾ ചീറിപ്പാഞ്ഞു. വാളുകൾ വീശിക്കൊണ്ടവർ കപ്പലിനു നേർക്കോടി. മുഴക്കം വർദ്ധിക്കുകയാണ്. അതോടൊപ്പം അട്ടഹാസവും പൊട്ടിച്ചിരിയും വേദനകൊണ്ടുള്ള നിലവിളിയും അന്തരീക്ഷത്തെ ഭേദിക്കുന്നു.

നീലജലത്തിലവിടവിടെ ചെമ്പരത്തിപ്പൂക്കളുറുത്തിട്ടപോലെ ചുവന്ന പാടുകൾ കാണുന്നു. നോക്കുന്തോറും അതു പെരുകുന്നു. ജലപ്പരപ്പു മുഴുവൻ ചെമ്പരത്തിപ്പൂക്കളടിഞ്ഞുകൂടുന്നു. ഓ! അതു രക്തമാണ്. മനുഷ്യരക്തം. അതാകെ ഇളകുന്നു കൊത്തിയറുക്കപ്പെട്ട കൈകാലുകൾ അവന്റെ നേർക്കൊഴുകി വരുന്നു. അവൻ മാറിനിന്നു. ഒഴുക്കിനെന്തു ശക്തി! വഴിക്കുവഴി മീൻകുലപ്പപോലെ മനുഷ്യാവയങ്ങൾ ഒഴുകിവരുന്നു. നാക്കുനീട്ടി പല്ലുകൾ കടിച്ചമർത്തി കണ്ണുകൾ തുറിച്ചു മിഴിച്ച് അവന്റെ നേർക്കു നോക്കിക്കൊണ്ടു മനുഷ്യശിരസ്സുകൾ ആ ഒഴുക്കിലൂടെ ഓടിവരുന്നു. അവനു ചുറ്റും നൃത്തം വെക്കുന്നു. ഓ! ഭയങ്കരം.

ആ ജലപ്പരപ്പിന്റെ മറുഭാഗം പൊങ്ങുകയാണ്. അതിൽ അവിടവിടെ തത്തിക്കളിക്കുന്ന മനുഷ്യാവയവങ്ങളെല്ലാംകൂടി ഒന്നിച്ച് അവന്റെ നേർക്കുരുണ്ടുവരാൻ തുടങ്ങുന്നു. നോക്കാൻ വയ്യ. അവൻ കണ്ണുപൊത്തി. അയ്യോ! ഓടി രക്ഷപ്പെടണം. ഉള്ള ശക്തിമുഴുവനും സംഭരിച്ച് അവനോടി.

കണ്ണുതുറന്നപ്പോൾ കുടിലിനകത്താകമാനം വെളിച്ചം. ഹൃദയത്തിന്റെ മിടിപ്പ് അവനു കേൾക്കാം. ആ ഭയങ്കര സ്വപ്നത്തിന്റെ പിടിയിൽ നിന്ന് വിട്ടുപോരാൻ സമയം കുറേയെടുത്തു. അമ്മ അടുത്തില്ല. അടുപ്പിൽ തീപിടിപ്പിക്കുകയാണ്. അച്ഛൻ തീക്കായാനുള്ള ഒരുക്കത്തോടെ ഒരു പലകയുമിട്ട് അടുത്തുതന്നെ ഇരിപ്പുണ്ട്. തലേന്നു കഴിഞ്ഞതൊന്നും അച്ഛനോർമ്മയുണ്ടാവില്ല. ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അമ്മയും പെരുമാറും. അതാണ് പതിവ്. അവനെഴുന്നേറ്റു പായ ചുരുട്ടി കുടിലിന്റെ ഒരു മൂലയിൽ വെച്ച് വാതിലിലൂടെ പുറത്തേക്കു നോക്കി. മഴതകർത്തു പെയ്യുകയാണ്. ഐരാവതത്തിന്റെ ദാഹം കുറഞ്ഞുകാണുകയില്ല. കടപ്പുറം വിജനമാണ്.

ഒരാഴ്ചയോളം അങ്ങനെ ഇടതടവില്ലാതെ മഴ പെയ്തു. കടപ്പുറത്തെ ജീവിതംതന്നെ സ്തംഭിച്ചുപോയി. ആർക്കും പറയാനുള്ളതു പട്ടിണിയുടെ കഥമാത്രമാണ്. കുട്ടികൾക്ക് ഒരു തരം പനി ബാധിച്ചു. ബാധോപദ്രവവും ഭഗവതീകോപവുമാണെന്നു ദൈവജ്ഞൻ പറഞ്ഞു. മന്ത്രവാദിയും വൈദ്യനും കടപ്പുറം സന്ദർശിക്കാൻ തുടങ്ങി. ഹോമവും 'ഗുരുസി'യും ഉഴിഞ്ഞുമാറ്റലും ഉറുക്കെഴുതലും നടന്നു.

പൈതൽമരയ്ക്കാൻ കുടിലിൽ നിന്നു പുറത്തിറങ്ങാറില്ല. സന്ധ്യയാവുമ്പോൾ കള്ളുകുടിക്കാനുള്ള വിചാരം വരും. ഉടനെ വെറ്റിലപ്പെട്ടി നിരക്കിവെച്ചു മുറുക്കാൻ തുടങ്ങും. മുറുക്കിത്തുപ്പി മുറുക്കിത്തുപ്പി ആ വിചാരത്തിൽ നിന്നു രക്ഷപ്പെടാൻ ശ്രമിക്കും. ചിലപ്പോൾ ആ ശ്രമം വിജയിക്കും. മറ്റു ചിലപ്പോൾ തൊപ്പിക്കുടയുമെടുത്തു പുറത്തിറങ്ങും. നാലുവാര നടക്കുമ്പോൾ ദുസ്സഹമായ ശീതം തോന്നും. തിരിച്ചുപോരും. പിന്നെയും മുറുക്കും. അങ്ങനെ ഒരാഴ്ച കള്ളുകുടിക്കാതെ കഴിച്ചുകൂട്ടി. ആ മുടക്കം ഒരിക്കലും സദാചാരപരമായിരുന്നില്ല. കടലിൽ തോണിയിറക്കാൻ കഴിയാത്തതുകൊണ്ട് വരുമാനമില്ല. വരുമാനമുള്ളത്രതയും അന്നന്നു ചെലവഴിക്കുന്ന സ്വഭാവമാണ്. പിന്നെ എങ്ങനെ കള്ളുകുടിക്കും? മരയ്ക്കാന്റെ പെരുമാറ്റമിപ്പോൾ എത്ര മയപ്പെട്ടിരിക്കുന്നു; ആ സ്വരത്തിനിപ്പോൾ എന്തു മാർദ്ദവമാണ്!

"മോനേ, പൊക്കാ!" ആ വിളി കേൾക്കാൻ തന്നെ ഒരു കൗതുകമുണ്ട്. "എടീ, ദമയന്തീ" മകനും ഭാര്യയുമൊക്കെ തന്റെ ജീവിതത്തിന്റെ സുപ്രധാനഘടകമാണെന്നു തോന്നാൻ തുടങ്ങി. ഒരു ദിവസം അല്പം കുളിരും പനിയുമുള്ളതുകൊണ്ട് അടുപ്പിനരികത്തിരുന്നു തീക്കായുന്ന ചെന്നിരുന്ന പൈതൽമരയ്ക്കാൻ ഭാര്യയോടു കുടുംബകാര്യങ്ങളോരോന്നു പറയാൻ തുടങ്ങി.

"നോക്ക്, ദമയന്തീ, പൊക്കൻ ഒരൊത്ത വാല്യക്കാരനായി"

"മറ്റോ!" ദമയന്തിക്കതു സമ്മതിച്ചുകൊടുക്കാൻ മടിയുണ്ട്. അവൻ വലുതായാൽ പങ്കായവുമെടുത്തു കടലിലേക്കു പോകും. അതു വയ്യാ. അവനെ കടലിലേക്കയച്ചു മനസ്സമാധാനത്തോടെ ഇരിക്കാൻ പറ്റില്ല. വേറെ ഏതൊരു മുഖത്ത് അവൾക്കു നോക്കാനുണ്ട്? അതുകൊണ്ട് പൊക്കൻ വലുതായെന്നും അവനു മറ്റുള്ളവരെപ്പോലെ ജോലി ചെയ്യാറായെന്നും സമ്മതിച്ചുകൊടുക്കാൻ ദമയന്തി തയ്യാറല്ല.

"എടീ, അടയ്ക്ക്യാവുമ്പം മടീല് വെയ്ക്കാം. കവുങ്ങായാലോ? ഞാനും ഒരമ്മയ്ക്ക പിറന്ന മോനല്ലായിരുന്നോ? ഇനി താലോലം ഇച്ചിരി കൊറയ്ക്കണം. "

“എന്നാലും ഒരു കൊല്ലം കൂടി കയ്യട്ടെ. ” പറഞ്ഞു തീരുന്നതിനു മുമ്പുതന്നെ ഇടയിൽ കേറി അവൾ ഭർത്താവിനെ തടഞ്ഞു.

“അങ്ങനെ ഓരോ കൊല്ലം കയിഞ്ഞാൽ, ഓന്റെ തൊയിലോൻ പടിക്കാണ്ടാവും” അതൊരു താക്കീതായിരുന്നു.

“ഇക്കൊല്ലം തന്നെ ഓനൊരു വള്ളോം വലേം കൂലിക്കു വാങ്ങിക്കൊടുക്കണം. ”

പൈതൽമരയ്ക്കാൻ ഭാര്യയുടെ മുഖത്തു സൂക്ഷിച്ചൊന്നു നോക്കി. മകനെ തൊഴിൽ പഠിപ്പിക്കാൻ പോവുകയാണ്. അവനു സ്വന്തമായൊരു ജീവിതവൃത്തി ചൂണ്ടിക്കൊടുക്കുകയാണ്. ഒരമ്മയ്ക്കതിൽ ആഹ്ലാദിക്കാനല്ലാതെ അവകാശമുണ്ടോ?

“പക്കേങ്കില്”, സംശയിച്ചുകൊണ്ടാണ് മറുപടി പറഞ്ഞത്: “ഇക്കൊല്ലം ഓൻ ങ്ങളെക്കൂടെ പോരട്ടെ. വരുന്നകൊല്ലം മതി സ്വന്തമായിറ്റ് പറഞ്ഞയയ്ക്കാൻ. ”

ഒന്നും ശ്രദ്ധിക്കുന്നില്ലെന്ന മട്ടിൽ അപ്പുറത്തിരുന്ന് എല്ലാം കേൾക്കുന്ന പൊക്കൻ അമ്മയോട്ട് അതൃപ്തി തോന്നി. അച്ഛന്റെ മറുപടിപോലിരിക്കും അവന്റെ ഭാവി. കടലിൽ പോകാനും വല വീശാനും അവനു കൊതിയാണ്. ആ കടപ്പുറത്തുതന്നെ അവനെക്കാൾ പ്രായം കുറഞ്ഞ എത്രയോപേർ കടലിൽ പോകുന്നുണ്ട്. മീൻ പിടിക്കുന്നതല്ല കാര്യം. അറ്റം കാണാത്ത കടലിൽ അവന്റെ തോണി വേഗത്തിൽ മറ്റുള്ളവയെ പിന്നിട്ടു കുതിക്കും. ചക്രവാളത്തിന്റെ അരികിൽ ചെന്നു നീലിച്ച ആകാശത്തിൽ തല മുട്ടിച്ചുകൊണ്ട് അവനു നിൽക്കണം. കടലിൽ മുങ്ങാൻപോവുന്ന സൂര്യബിംബത്തെ അടുത്തുനിന്ന് അവനു കാണണം. അച്ഛന്റെ തീരുമാനത്തിലാണ് അവന്റെ ആശകൾ മുഴുവൻ തൂങ്ങിനിൽക്കുന്നത്. അച്ഛനെന്തു പറയുമോ ആവോ!

“ദമയന്തീ”, അച്ഛന്റെ സ്വരം ശാന്തമായിരുന്നു. അമ്മയുടെ അഭിപ്രായത്തിനു വഴങ്ങിക്കളയുമോ? മ്മക്ക് ഒറ്റ മോനേള്ളൂ. ഓനോടു നിന്നെപ്പോലെ എനിയ്ക്കുണ്ട് സ്നേഹം. നീ കേക്കുന്നുണ്ടോ?”

“ഉം”, അമ്മ അശ്രദ്ധമായി മൂളി.

“സ്നേഹംകൊണ്ടു കുട്ട്യോളെ ചീത്ത്യാക്കിക്കൂടാ. ഇക്കൊല്ലം തന്നെ ഓനെ കടലിൽ പറഞ്ഞയയ്ക്കണം. വള്ളോം വലേം വാങ്ങിക്കൊടുക്കണം. നയിക്കാൻ പടിക്കട്ടെ. ”

അച്ഛനു പറയേണ്ടതു പറഞ്ഞു. അവന്റെ മുഖം തെളിഞ്ഞു. പുറത്തു പ്രകൃതിയും തെളിഞ്ഞുനിൽക്കുകയാണ്. അന്നു രാവിലെയാണ് മഴ പിൻവാങ്ങിയത്. കടലിന്റെ ശക്തിയും അൽപമൊന്നു കുറഞ്ഞിട്ടുണ്ട്. ഉച്ചയായപ്പോൾ നല്ല വെയിൽ. കടപ്പുറത്തു വീണ്ടും ജീവ ചൈതന്യം കളിയാടി. കോണകവാലും തൂക്കിയിട്ടു കുട്ടികൾ അവിടവിടെ ഓടിനടന്നു. കക്ക പെറുക്കി തിരമാലകളിലേക്കെറിഞ്ഞും മാളങ്ങളടച്ച ഞണ്ടുകളെ നായാടിയും അവർ നേരം പോക്കി. ചെറുപ്പക്കാർ കടലിന്റെ തഞ്ചം നോക്കുകയാണ്. മാനത്തെ കാറിന്റെ ഗതി പരിശോധിക്കുകയാണ്. ഒരു

പഴുതു കിട്ടിയാൽ വള്ളമിറക്കിക്കളയാം. വിൽക്കാനില്ലെങ്കിൽ കറിവെയ്ക്കാനെങ്കിലും ഇത്തിരി പച്ചമത്സ്യം കിട്ടിയാൽ വേണ്ടില്ലെന്നുണ്ട്. തൊപ്പിക്കുടയും ചൂടി അവിടവിടെ പ്രതിമപോലെ ചൂണ്ടക്കാർ നിൽപ്പുണ്ട്.

ഒരു രണ്ടാംമുണ്ടെടുത്തു തലയിൽ കെട്ടി പൊക്കൻ പുറത്തേക്കിറങ്ങി. കൂലിക്കെട്ടുക്കേണ്ട വള്ളത്തിന്റെ ആകൃതിയെന്തായിരിക്കണമെന്ന് അവനാലോചിച്ചുറപ്പിക്കണം. വള്ളങ്ങളിൽ ചിലതു ശപിക്കപ്പെട്ടതായിരിക്കും. അതുപയോഗിക്കുന്നവർക്ക് അധോഗതിയായിരിക്കും ഫലം. അടിഞ്ഞ ചെമ്മീൻകൂടി വലയിൽ കുടുങ്ങില്ല. കുടുങ്ങിയാൽത്തന്നെ അതുംകൊണ്ടു കരയ്ക്കെത്തുമ്പോൾ ആവശ്യക്കാരുണ്ടാവില്ല; വില കിട്ടില്ല. തുടക്കത്തിൽത്തന്നെ നല്ലപോലെ സൂക്ഷിക്കണം. ഇല്ലെങ്കിൽ മറ്റു പലരേയുംപോലെ തനിക്കും പട്ടിണികിടക്കേണ്ടിവരും. നല്ല ശ്രീത്വമുള്ള വള്ളമായിരിക്കണം. അതുപോലെ തടിമിടുക്കുള്ള ഒന്നുരണ്ടുപേരെ ജോലിക്കുനിർത്തണം.

ഇഷ്ടമുള്ളപ്പോഴൊക്കെ വള്ളവുമിറക്കി കടലിൽ പോകാം. ആരുടെ സമ്മതവും ആവശ്യമില്ല. സ്വതന്ത്രനായൊരു ജോലിക്കാരനെ ശാസിക്കാനും ശകാരിക്കാനും അച്ഛനു മനസ്സുവരില്ല. കഠിനമായദ്ധ്വാനിക്കണം. അദ്ധ്വാനിച്ച് ആദായമുണ്ടാക്കണം. ആദായത്തിൽ നിന്നു സ്വന്തമായൊരു വള്ളം മേടിക്കണം.

കരയ്ക്കു വലിച്ചുകേറ്റിയിട്ട വള്ളങ്ങൾ വരിവരിയായി പൂഴിയിൽ പൂണ്ടുനിൽക്കുന്നു. ഓരോന്നും അവൻ സൂക്ഷ്മമായി പരിശോധിച്ചു. ഓർമ്മവെച്ചനാൾതൊട്ട് ആ വള്ളങ്ങൾ അവിടെയങ്ങനെ കിടക്കുന്നു. ഇത്ര ശ്രദ്ധയോടും സ്നേഹത്തോടുംകൂടി ഇതുവരെ നോക്കാൻ അവനു തോന്നീട്ടില്ല. അവൻ ആ വള്ളക്കൊമ്പുകളിലൊന്നിൽ കയറി ഇരിപ്പുറപ്പിച്ചു. അവിടെ അതിനുമുമ്പു പലരും ഇരുന്നിട്ടുണ്ടാവും; കാറ്റിലും കോളിലും പെട്ടു മുങ്ങാൻ തുടങ്ങുമ്പോൾ കരുതി അമരം പിടിച്ചിട്ടുണ്ടാവും. അൽപ്പനാൾക്കുള്ളിൽ അവനുമൊരു അമരക്കാരനാവും. അച്ഛനു വയസ്സാവുകയാണ്. കുടുംബഭാരം അൽപ്പാൽപ്പം തന്റെ തോളിലേക്കിനി മാറ്റിവെക്കണം. അമ്മയ്ക്കു ജോലി കൂടുതലാണ്. ചുള്ളിവിറകു പെറുക്കാനും ചോറു വെയ്ക്കാനും ഇനി കുടിയിലൊരാളുണ്ടാവണം; താമസിച്ചുകൂടാ.

ഓ! അപ്പോഴേയ്ക്കും കണ്ടില്ലേ പെണ്ണിന്റെ ഒരു നിൽപ്പ്; നാണിച്ചു തല താഴ്ത്തിക്കൊണ്ട്. നേരേ കണ്ണുകളിലേക്കു നോക്കിക്കൂടെ, ഇരിക്കട്ടെ പാഞ്ചാലീ, അങ്ങനെയൊരു കാലം വരും. അവളെ അങ്ങനെ വിട്ടാൽ പറ്റില്ല. ഒന്നു പറ്റിക്കണം. മീൻപിടിച്ചു പണമുണ്ടാക്കിയാൽ ഒരു ദിവസം അതിൽ നിന്ന് ഒരു പിടി വാരി മടിലിയിട്ട് അങ്ങാടിക്കു പോണം. പന്തലായിനി കിട്ടിയില്ലെങ്കിൽ കോഴിക്കോട്ടു പോണം. നല്ല പൊൻകാശു കുറെ വാങ്ങണം. പട്ടു ചരടിൽ കോർക്കണം. ഒരു സന്ധ്യാനേരത്ത് അവളുടെ കുടിയിൽ കേറിച്ചെല്ലണം. അവൾ കുളി കഴിഞ്ഞു തലമുടിയും ചീകി മുറ്റത്തുള്ള ചമ്പകപ്പാലയുടെ മുരട്ടിൽ നിൽക്കുകയാവും. പിറകിലൂടെ ചെല്ലണം. ശബ്ദമുണ്ടാക്കരുത്. മടിക്കുത്തിൽ നിന്നു പൊൻകാശുമാല പതുക്കെയെടുത്ത് അവളുടെ കഴുത്തിലിട്ടു കൊടുക്കണം. അവൾ പേടിച്ചു പിൻതിരിയുമ്പോൾ കൈയിൽ കേറി പിടിക്കണം; എന്നിട്ടുപറയണം:

"പെണ്ണേ, ഇന്നു നമ്മുടെ കല്യാണമാ" അതുകേട്ട് ആ ചമ്പകപ്പാല ചിരിക്കും, അവൾ അമ്പരന്നുപോകും. ഉള്ളിലവൾക്കു സന്തോഷമാണെങ്കിലും അതു പുറത്തു കാട്ടാതെ കുറഞ്ഞൊരു പിണക്കത്തോടെ അവൾ പറയും.

"ഊഹും; വേണ്ടാ. "

"ഏ? കല്യാണം വേണ്ടേ?" അവൻ ചോദിക്കും.

"ഇങ്ങനെ വേണ്ടാ. " അവൾ കൈ കുതറി കഴുത്തുവെട്ടിച്ച് പിണങ്ങി മാറി നിൽക്കും. പിണങ്ങുമ്പോൾ എന്തു ഭംഗിയാണവളെ കാണാൻ!

"പിന്നെങ്ങനെ വേണം?"

"അതോ?" ചിരിയൊതുക്കിക്കൊണ്ടവൾ പറയും:

"പിന്നെ... ചെണ്ടേം പീപ്പീം വേണം. " അവളുടെ വിവരണം കേൾക്കാൻ രസമുണ്ട്.

"പിന്നെന്തു വേണം?" പെണ്ണിന്റെ മോഹം മുഴുവൻ പുറത്തുചാടട്ടെ.

"ആളും കോളും വേണം..."

"തീർന്നോ?"

"ആനപ്പുറത്തു വരണം. "

"ആര് വരണം?"

"പുതിയ ചെക്കൻ വരണം. " അതും പറഞ്ഞ് അവൾ ഓടാൻ തുടങ്ങും.

"അമ്പടി കേമീ!" അവളെ വിട്ടാൽ പറ്റില്ല. പാഞ്ഞുപിടിക്കണം. പിടിക്കും. പിടിച്ചു മാറോടടുപ്പിച്ച് പറയണം:

"ആനപ്പുറത്തു കേറി, ആളും കോളും ചെണ്ടേം പീപ്പീം ഒക്കെക്കൂടി വന്ന് നിന്നെ ഞാൻ കെട്ടും..."

ചെണ്ടയുടെ കാര്യം വിചാരിച്ചതേയുള്ളൂ. അപ്പോഴേക്കും കേട്ടു ശബ്ദം. കടപ്പുറത്ത് അങ്ങു തെക്കുഭാഗത്തുനിന്നാണ് ചെണ്ടക്കൊട്ട്. കേട്ടാൽ വിളംബരത്തിന്റെ ചെണ്ടയാണെന്നു തോന്നും. അവൻ നോക്കി. അതേ, ചെണ്ടക്കാരന്റെ പിന്നിലാണ് കുട്ടികൾ മുഴുവനും. ബഹളംകൂട്ടിക്കൊണ്ട് എല്ലാവരും കൂടി വരുന്നത് അവന്റെ സമീപത്തേക്കാണ്. ഒരിടത്തിരുന്നു സ്വൈര്യമായി മനോരാജ്യം വിചാരിക്കാൻപോലും ആളുകൾ സമ്മതിക്കില്ല.

ചെണ്ടക്കാരൻ വിളിച്ചുപറയുന്നതു വ്യക്തമായി കേട്ടു തുടങ്ങി. അതിവർഷം കൊണ്ടു നാട്ടിലുണ്ടായ കെടുതി മുഴുവനും ആ വിളംബരം കേട്ടപ്പോഴാണ് അവനു മനസ്സിലായത്. ഭ്രാന്തിളകിയ പുഴകൾ നാട്ടിന്റെ സമ്പത്തുമുഴുവൻ കടലിൽ കലക്കിക്കളഞ്ഞിരിക്കുന്നു. ആയിരക്കണക്കിന് വീടുകളൊലിച്ചുപോയി. മലമുകളിൽ നിന്നു മണ്ണിടിച്ചുകൊണ്ടുവന്ന് കൃഷിസ്ഥലം മൂടി. നെൽക്കൃഷി മുഴുവനും അതിനടിയിൽപ്പെട്ടു. ഭയങ്കരമായ ക്ഷാമമാണു വരുന്നത്. കന്നിമാസത്തിൽ ഒരു കതിരെങ്കിലും കൊയ്തെടുക്കാനുണ്ടാവില്ല. ഇല്ലന്നിറയും ഓണസദ്യയും തന്നാണ്ടിൽ നടപ്പില്ല.

രാജ്യം ഭരിക്കുന്ന രാജാവിന്റെ ശ്രദ്ധ ഈ വിപത്തിനു നേർക്കു തിരിഞ്ഞു. എന്തു ത്യാഗം ചെയ്തും ജനങ്ങൾക്ക് ഉണ്ണാനുള്ള അരി കൊടുക്കണം. അടിയന്തിരഘട്ടങ്ങളിൽ കുന്നലക്കോനാതിരിക്കും അരി കിട്ടുന്നത് കന്നടത്തിൽ നിന്നാണ്. ഏതു സമയത്താവശ്യപ്പെട്ടാലും മംഗലാപുരത്തുനിന്ന് അരി കൊണ്ടുപോരാൻ സമ്മതിക്കും. എത്തിച്ച തരുന്ന ഏർപ്പാടു നിർത്തിയിരിക്കുന്നു. സമാധാനപരവും സത്യസന്ധവുമായ വ്യാപാരത്തിനു പറ്റിയ കാലമല്ല. കടൽവ്യാപാരമാവട്ടെ, കൂടുതൽ അപായകരവും. പട്ടാളത്തിന്റെ അകമ്പടിയോടു കൂടിയല്ലാതെ വ്യാപാരക്കപ്പലുകൾക്ക് അറബിക്കടലിൽ സഞ്ചരിച്ചുകൂടാ. കടൽ പൊതുസ്വത്താണെന്ന നിയമം ലംഘിക്കപ്പെട്ടിരിക്കുന്നു. പറങ്കികളുടെ രാജാവ് സമുദ്രങ്ങളുടെയും രാജാവാണെന്നവകാശപ്പെടുന്നു. രാജാവിന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെ കപ്പലുകൾക്കൊന്നും സഞ്ചരിച്ചുകൂടാ. ബലം പ്രയോഗിച്ച കീഴടക്കും. ചരക്കുകൾ പിടിച്ചടക്കും. കുന്നലക്കോനാതിരിയെപ്പോലെ കപ്പൽപ്പടയും വിത്തപ്രഭുത്വവും സൈനികശക്തിയുമുള്ള ഒരു രാജാധിരാജനുപോലും സമുദ്രവ്യാപാരം സുഖകരമല്ലാതായിത്തീർന്നു. വലിയ സന്നാഹങ്ങൾകൂട്ടിവേണം സമുദ്രയാത്ര നിർവ്വഹിക്കുക. പലപ്പോഴും കപ്പലുകൾ നഷ്ടപ്പെടുന്നു. വീരസേനാനികളുടെ ചരമശയ്യ ഉപ്പുവെള്ളത്തിലാകുന്നു. വിലയുറ്റ വസ്തുക്കൾ നശിക്കുന്നു. കൊടുംക്രൂരതയ്ക്കു പേരെടുത്ത പറങ്കികളോടു നേരിടാൻ മടിച്ച് പല രാജാക്കന്മാരും അവരുമായി മൈത്രീബന്ധം പുലർത്തുകയും അവരുടെ ചൊൽപ്പടിക്കു നിന്നാടുകയുമാണ്.

വെട്ടിയും കൊന്നും അടക്കിക്കൊള്ളാൻ കൽപ്പിച്ച് പെരുമാൾ സ്വന്തം ഉടവാൾ കൊടുത്തനുഗ്രഹിച്ച കുന്നലയാഴിക്കുടമമാത്രം ഉറച്ച നിന്നു. തന്റെ ശക്തി പെരുപ്പിക്കുകയും അറബിക്കടൽ കൊള്ളക്കാരുടെ കൈയിൽ നിന്ന് മോചിപ്പിക്കാൻ പ്രതിജ്ഞയെടുക്കുകയും ചെയ്തു. ആണ്ടുകളായി തുടങ്ങിയ യുദ്ധമാണ്. കാലവർഷം തുടങ്ങുമ്പോൾ പറങ്കികൾ പിൻവലിക്കും. ആടിപ്പതിന്നാലു കഴിഞ്ഞു കാറ്റുംകോളും അടങ്ങി കടൽ ശാന്തമാവുമ്പോൾ, ശവപ്പറമ്പിലേക്കു കഴുകന്മാരെന്നവിധം, പിന്നെയും പറങ്കിക്കപ്പലുകൾ വരും. ആരുമേതുമറിയാതെ, സുഖനിദ്രയിലാണ്ടുകിടക്കുന്ന പട്ടണങ്ങളിൽ പാതിരാവിൽ കൈയേറ്റം നടത്തും. വീടുകളും ദേവാലയങ്ങളും തീയിട്ടു ചുടും. കണ്ണിൽ കണ്ടതൊക്കെ അപഹരിക്കും. പെണ്ണുങ്ങളെ പിടിച്ചുകൊണ്ടുപോകും. ഏലവും കുരുമുളകും ഇഞ്ചിയും ആനക്കൊമ്പും ചന്ദനവും കിട്ടിയതു കൊണ്ടവർ തൃപ്തിപ്പെടില്ല. അടിമക്കച്ചവടത്തിന് അവർക്കു പെണ്ണുങ്ങളെക്കൂടി വേണം. കടൽത്തീരത്തുള്ളവർ പേടിച്ചാണ് കഴിച്ചുകൂട്ടുന്നത്.

ഇതാ, ഒരു പരീക്ഷണഘട്ടമെത്തിയിരിക്കുന്നു. ആസന്നമായ ക്ഷാമത്തിൽ നിന്നു നാട്ടിനെ രക്ഷിക്കാൻ അരി ഇറക്കുമതി ചെയ്യണം. മംഗലാപുരത്തേക്കു കപ്പലയയ്ക്കണം. ഒന്നോ രണ്ടോ കപ്പൽ പോരാ. ഒരു വലിയ കപ്പൽ പട തന്നെ പോണം. അടിയന്തിരഘട്ടത്തെ നേരിടാനുള്ള ഒരുക്കങ്ങളൊക്കെ വേണം. തടിമിടുക്കുള്ള നാവികന്മാരെ നാട്ടിന്റെ നാനാഭാഗത്തുനിന്നും തിരഞ്ഞുപിടിക്കണം. കുന്നലകോൻ നാടുനീളെ തന്റെ വിളംബരം കൊട്ടിയറിയിക്കാൻ വ്യവസ്ഥ ചെയ്തു.

കൊല്ലം ചേരിക്കല്ലിന്റെ കീഴിലാണ് വളയക്കടപ്പുറവും കോടിക്കൽ കടപ്പുറവും തിക്കോടിക്കടപ്പുറവുമെല്ലാം. ചേരിക്കല്ലിലെ പ്രമുഖ കാര്യസ്ഥൻ തെയ്യുണ്ണിമേനോനാണ്. മോനോന്റെ നേതൃത്വത്തിലാണ് കൊട്ടിയറിയിപ്പ നടത്തുന്നത്. ഉടുമുണ്ടിന്റെ കോന്തല അരക്കെട്ടിൽ കയറ്റിക്കുത്തി, രണ്ടാംമുണ്ടു തോളിൽ ഞാത്തിയിട്ട്, വലിയ ഒരു ഓലക്കുടയും ചൂടി തെയ്യുണ്ണിമേനോൻ മുമ്പിൽ നടക്കുന്നു. പിന്നാലെ ചെണ്ടയും കഴുത്തിൽ തൂക്കി നൊണ്ടിനൊണ്ടി നടക്കുന്ന പാണൻ ചെക്കനും.

തെയ്യുണ്ണിമേനോൻ ആജാനബാഹുവാണ്. തലയിൽ രോമമില്ല. അണ്ണാന്റെ വാലുപോലെ നരച്ച മുറ്റിത്തഴച്ചതാണ് കൺപുരികങ്ങൾ. നെഞ്ചിലും നരച്ച രോമം ധാരാളമുണ്ട്. കണ്ണിന്റെ കൃഷ്ണമണികളിൽ ഒന്ന് പിണങ്ങിപ്പിരിഞ്ഞ മട്ടാണ്. യോജിച്ച് ഒരു സ്ഥലത്തു നോക്കില്ല.

കുട്ടികളുടെ അകമ്പടിയും തെയ്യുണ്ണിമേനോന്റെ നേതൃത്വവുമുള്ള ആ വിളംബര ഘോഷയാത്ര പൊക്കന്റെ സമീപം എത്തി.

"ശ്രീമതു സകലഗുണസമ്പന്നരാന... സകലധർമ്മപരിപാലകരാന... മിത്രുജനമനോരഞ്ജിതരാന... അഖണ്ഡിതലക്ഷ്മീപ്രസന്നരാന... രാജമാന്യരാജശ്രീ... മാനവിക്രമസാമൂതിരിമഹാരാജാബദൂർ അവർകൾ..."

വിളംബരത്തിലെ ആദ്യഭാഗം തെയ്യുണ്ണിമേനോൻ തന്നെയാണ് വിളിച്ചുപറയുന്നത്. അതു മഹാരാജാവിന്റെ വിശേഷങ്ങളായതുകൊണ്ട് അക്ഷരശൂന്യനായ പാണനെക്കൊണ്ടു പറയിക്കാൻ പറ്റില്ല. വല്ലതും തെറ്റിപ്പോയാൽ അതു കാറ്റിലൂടെ നുഴഞ്ഞുനുഴഞ്ഞു കൊട്ടാരത്തിൽ എത്തിയാൽ, തന്റെ തല പണയം വെക്കേണ്ടിവരുമെന്ന് തെയ്യുണ്ണിമേനോൻ ഭയപ്പെടുന്നു.

പൊക്കൻ ശ്രദ്ധിച്ചു കേൾക്കുകയാണ്. തടിമിടുക്കുള്ള അരയന്മാരെ നിർബന്ധസേവനത്തിന്നു കല്പിക്കാൻ ഇടവരുത്താതെ അവർ സ്വമനസ്സാലെ മഹാരാജാവിന്റെ ആജ്ഞപ്രകാരം നിശ്ചിതസ്ഥലത്തു നിശ്ചിത സമയത്ത് എത്തിച്ചേരണമെന്നാണ് ചുരുക്കത്തിൽ വിളംബരത്തിന്റെ സാരം.

തടിമിടുക്കുള്ള അരയന്മാർ വേണമെന്ന്. തന്നോളം തടിമിടുക്കുള്ളവർ ആ വളയക്കടപ്പുറത്തു ചുരുക്കമാണ്. പടക്കപ്പലുകൾക്കൊപ്പം

വീരസാഹസികരായ യോദ്ധാക്കളൊന്നിച്ച്, കടലിലൂടെയുള്ള ആ ദീർഘയാത്ര രസകരമായിരിക്കും. ചിലപ്പോൾ പറങ്കികളെ കണ്ടുമുട്ടിയെന്നു വരും. പറങ്കികളോടുള്ള വൈരം മുലപ്പാലിലൂടെ നുണച്ചിറക്കിയതാണ്. യുദ്ധസന്നാഹത്തോടുകൂടി മഹാരാജാവിന്റെ ഒരു ഭടൻ എന്ന നിലയിൽ പറങ്കികളെ കണ്ടുമുട്ടാൻ ഇടവരുന്നതു മഹാഭാഗ്യമാണെന്ന് പൊക്കൻ കരുതി. അമ്മ സമ്മതിച്ചാൽ അവനു പോകാം. സമ്മതിക്കില്ല. അമ്മയുടെ വാത്സല്യത്തിലുള്ള കുഴപ്പം അവിടെയാണ്.

"എടാ പട്ടീ!"

ആരാണ് വിളിക്കുന്നത്? ആരെയാണ് വിളിക്കുന്നത്? വിചാരത്തിന്റെ കൊടുമുടിയിൽനിന്ന് അവൻ ഇറങ്ങി വന്നു. തെയ്യുണ്ണിമേനോൻ വിറച്ചുകൊണ്ടു മുമ്പിൽ

നിൽക്കുന്നു. അണ്ണാൻവാലിന്റെ കീഴിൽ നിന്നു കണ്ണുകൾ കത്തിജ്ജ്വലിക്കുന്നു. കൃഷ്ണമണിയുടെ കുഴപ്പംകൊണ്ടു നോട്ടം ആരുടെ നേർക്കാണെന്നു കണ്ടുപിടിക്കാൻ പൊക്കനു കഴിഞ്ഞില്ല.

“എടാ ചവറ്റുപട്ടീ!” കൈവിരലുകൾ തന്റെ നേർക്കാണ് നീളുന്നത്. ഈ ശകാരമെന്തിന്? ഒരു കുറ്റവും ചെയ്തിട്ടില്ലല്ലോ.

“ഈ നിൽക്കുന്നതാരെന്നാ നീ മനസ്സിലാക്കിയത്? എടാ, മഹാരാജാവ് സിംഹാസനത്തിലിരിക്കുമ്പോലെയുണ്ടല്ലോ നിന്റെ ഇരിപ്പ്. ഇറങ്ങെടാ പട്ടീ”

“എന്ത്?” ഒന്നും മനസ്സിലാവാതെ പൊക്കൻ ചോദിച്ചു.

അവന്റൊരു തലയിൽക്കെട്ട്! നീയാരോടാണ് കളിക്കുന്നതെന്നു നിനക്കു മനസ്സിലായിട്ടുണ്ടോ?”

“ഇല്ല” ഒട്ടും പതറാതെ അവൻ മറുപടി പറഞ്ഞു.

“ഇല്ലേടാ, ഇല്ലേ? മനസ്സിലായിട്ടില്ലേ? ഇല്ലെങ്കിൽ നിന്റെ തന്തയോടു ചോദിക്ക്; അവൻ പറഞ്ഞുതരും. ”

“വെറുതെ തന്തയെ പറയരുത്. ”

“എന്താടാ പറഞ്ഞാൽ?” അരിശം പിടിച്ചു വിറച്ചുകൊണ്ടു തെയ്യുണ്ണിമേനോൻ പറഞ്ഞു: “നിന്റെ തന്ത! തന്ത!”

“വായ പൂട്ടെടാ” പൊക്കൻ വള്ളക്കൊമ്പിൽ നിന്നു താഴത്തു ചാടി: ഇനിയൊരിക്കൽ പറഞ്ഞാൽ “എന്താടാ പറഞ്ഞാൽ?”

“പറ” അവൻ മുമ്പോട്ടു നീങ്ങി. അവന്റെ ആത്മാഭിമാനം ആളിക്കത്തുകയാണ്. ആ നിമിഷംവരെ അവന്റെ മുഖത്തു നോക്കി അങ്ങനെ ആരും പറഞ്ഞിട്ടില്ല. അവന്റെ അച്ഛനല്ലാതെ മറ്റാരും അവനെ ശാസിച്ചിട്ടില്ല. മുഖത്തു നോക്കി തന്തയെ പറഞ്ഞിട്ട് പറഞ്ഞവൻ പല്ലുംകൊണ്ടു തിരിച്ചുപോവരുത് താൻ കളരിയിൽ പോയതും വിഷമിച്ചു പയറ്റിപ്പഠിച്ചതുമൊക്കെ വ്യർത്ഥമായെന്നു അവനു തോന്നി. കഴുത്തു പിടിച്ചു ഞെരിക്കണം; ശ്വാസം മുട്ടിച്ച് അവനെ കൊല്ലണം. ഇനി മറ്റൊരാളുടെ തന്തയെപ്പറയാൻ ആ നാവ് ഇളകരുത്, അതിഭയങ്കരമായ തീരുമാനമെടുത്തുകൊണ്ട് പൊക്കൻ തെയ്യുണ്ണിമേനോനെ സമീപിക്കുകയാണ്.

കാര്യം പന്തിയല്ലെന്ന് തെയ്യുണ്ണിമേനോന് മനസ്സിലായി. അവൻ കൊല്ലും; കൊല്ലാൻ പോരുന്നവനുമാണ്. ഇനി മിണ്ടിയാൽ അവിടെ കിടക്കേണ്ടിവരും. രക്ഷപ്പെടണം. ഒന്നും പറയാതെ തെയ്യുണ്ണിമേനോൻ നടന്നു.

“ഉം. പറ!” പൊക്കൻ വിളിച്ചുപറഞ്ഞു.

കേൾക്കാത്ത ഭാവത്തിൽ തെയ്യുണ്ണിമേനോൻ പിന്നെയും നടന്നു. കുറച്ചു ചെന്ന് തിരിഞ്ഞുനോക്കി. പൊക്കൻ പഴയസ്ഥലത്തുതന്നെ നിൽക്കുകയാണ്. ഉള്ള ശക്തി മുഴുവൻ സംഭരിച്ച് അയാൾ വിളിച്ചു പറഞ്ഞു:

“കാട്ടിത്തരുന്നുണ്ടെടാ! ഇല്ലെങ്കിൽ ഈ തെയ്യുണ്ണി ഇങ്ങനെ ജീവിച്ചു നടക്കില്ല. ഇതിന്റെ കൂലി നിനക്കു ഞാൻ തരും. ” അത്രയും പറഞ്ഞുകഴിഞ്ഞ്, അതേ സ്വരത്തിൽ വിളംബരം ആർത്തുവിളിച്ചു കൊണ്ടു വേഗത്തിൽ നടന്നു;

ശ്രീമതു സകലഗുണസമ്പന്നരാന... സകലധർമ്മപരിപാലകരാന...

— 3 —

# മൂന്ന്

വളയക്കടപ്പുറത്തുനിന്നു നോക്കിയാൽ കാണാം. ഓടക്കുന്നും ഗുരുപുണ്യകാവുകുന്നും. രണ്ടും കടലിലേക്കു കാലുനീട്ടിയാണ് ഇരിപ്പ്. കടൽത്തിരകൾ മണ്ണരിച്ചു കൂറ്റൻ പാറക്കെട്ടുകളെ കുന്നിൽനിന്നു വേർതിരിച്ചു പൂഴിപ്പരപ്പിൽ അവിടവിടെ ഉറപ്പിച്ചു നിർത്തിയിട്ടുണ്ട്. മങ്ങിയ സന്ധ്യാവെളിച്ചത്തിൽ അവ പേടിപ്പെടുത്തുന്ന രൂപം കൈക്കൊള്ളും.

പരശുരാമൻ വെണ്മഴുവെറിഞ്ഞു കടലിൽ നിന്നു കേരളം വീണ്ടെടുത്തപ്പോൾ, കടലിന്റെ പ്രത്യാക്രമണത്തെ തടുക്കാൻ നൂറ്റെട്ടു ദുർഗാക്ഷേത്രങ്ങളാണ് പണിതീർത്തത്. അതിലൊന്ന് ഗുരുപുണ്യകാവുകുന്നിലാണ്. അവിടെ കുന്നിൻപുറത്തുള്ള ക്ഷേത്രത്തിൽ, ഇളകിയാടുന്ന കടൽത്തിരകളെ ഭ്രുകുടികൊണ്ടടക്കിനിർത്തി ഭക്തന്മാർക്ക് അഭയം നൽകി, മലനാടിന്റെ ഭാഗ്യനിർഭാഗ്യങ്ങളെ നിയന്ത്രിച്ച് മഹാദുർഗ്ഗ കുടികൊള്ളുന്നു. ക്ഷേത്രം ചെറുതാണെങ്കിലും ദുർഗയുടെ ശക്തി അതിഗംഭീരമാണ്. ക്ഷേത്രമുറ്റത്തുള്ള കൽപ്രതിമയുടെ കൈയിൽ ഏതു കൊടുങ്കാറ്റിലും പൊലിഞ്ഞുപോകാതെ, അഹോരാത്രം കത്തിക്കൊണ്ടിരിക്കുന്ന ഒരു ഭദ്രദീപമുണ്ട്. ഇരുണ്ട രാവുകളിൽ, ആകാശദീപങ്ങളെ അടിച്ചുകെടുത്താനെത്തുന്ന കൊടുങ്കാറ്റിൽ കടൽത്തിരകളിൽപ്പെട്ട് അലയുന്ന മരയ്ക്കാന്മാരുടെ ഭാഗ്യദീപമായി അവർക്കു മാർഗദർശനം നൽകുന്നത് ആ ഭദ്രദീപമത്രേ.

ഓടക്കുന്നിലാണ് വേട്ടുവശ്ശേരിക്കാവ്. അവിടെയും ഒരു ഭഗവതിയുണ്ട്. പാവപ്പെട്ടവരുടെ ഭഗവതി. ഇളനീരും പാലും പഞ്ചസാരപ്പായസവും തന്നെ നിവേദ്യം വേണമെന്നു നിർബന്ധമില്ല. കോഴിയിറച്ചിയും മദ്യവും ഇടയ്ക്കൊന്നു സ്വാദുനോക്കും. അപ്പപ്പോൾ മനസ്സിൽ തോന്നുന്നതു വെട്ടിപ്പൊളിച്ചു പറയുന്ന സ്വഭാവമാണ്. അതിനൊരു വെളിച്ചപ്പാടുണ്ട്. ചെത്തിപ്പൂവും രക്തചന്ദനവുമാണ് അലങ്കാരവസ്തുക്കളിൽ ഏറ്റവും ഹൃദ്യമായത്.

കടൽത്തീരത്തുനിന്ന് ഓടക്കാട്ടുകളുടെ നടുവിലൂടെ ഒരൊറ്റയടിപ്പാത വളഞ്ഞു പുളഞ്ഞു കുന്നിൻനെറുകയിലേക്കു കയറിപ്പോകുന്നുണ്ട്. ഭക്തിമാർഗം ഒരിക്കലും എവിടെയും ഋജുവല്ല. വക്രവും കണ്ടകാകീർണവുമായിരിക്കും. ഇവിടെയും ആ നിയമംതന്നെ. ഏഴിലമ്പാലയും കാഞ്ഞിരവും ഇലഞ്ഞിയും തഴച്ചുവളർന്ന് ഇരുണ്ട നിഴൽവീശുന്ന കുന്നിൻപുറത്തെ ഏകാന്തഭീകരമായൊരു സ്ഥലത്താണ് ഭഗവതി മണ്ഡപം. ഭക്തന്മാർക്കവിടെ എത്തിച്ചേരാൻ ആ ഒറ്റയടിപ്പാത മാത്രമാണ് അവലംബം.

അന്ന് ആടിപ്പതിന്നാലും കർക്കിടവവാവും ഒരുമിച്ചു വന്ന ദിവസമാണ്. ഏറെ ക്കൊല്ലങ്ങൾ കൂടുമ്പോഴേ ആ രണ്ടു വിശേഷദിവസങ്ങളും ഒരുമിച്ചു ചേരാറുള്ളൂ. നേരം പാതിരയോടടുക്കുകയാണ്. വേട്ടുവശ്ശേരിക്കാവിൽ പതിവുള്ള ആഘോഷത്തിനുപുറമേ അന്നൊരു 'ഗുരുസി'യും കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. വളയക്കടപ്പുറത്തുകാരുടെ പ്രത്യേകപ്രാർത്ഥനയാണത്. ആടിപ്പതിന്നാലു കഴിഞ്ഞു കാലത്തിന്റെ മുഖഭാവം തെളിയുമ്പോൾ, മംഗലാപുരത്തുനിന്ന് അരി കൊണ്ടുവരാനുള്ള ആദ്യത്തെ സംഘം കോഴിക്കോട്ടു നിന്നു പുറപ്പെടാനാണ് തീർച്ചപ്പെടുത്തിയത്. വളയക്കടപ്പുറത്തുനിന്നുമാത്രം ഇരുപത്തഞ്ചു ചെറുപ്പക്കാർ ആദ്യത്തെ സംഘത്തിൽ പോവുന്നുണ്ട്. അവരുടെ ദീർഘായുസ്സിനും സുസ്ഥിതിക്കുമായി വേട്ടുവശ്ശേരിക്കാവിൽ കർക്കിടകവാവിനൊരു 'ഗുരുസി' നേർന്നിരിക്കയാണ്.

ചെണ്ടകൾ ശബ്ദിച്ചു; ഇലത്താളവും! മണ്ഡപത്തിനു ചുറ്റുമുള്ള കൽവിളക്കുകൾ തെളിഞ്ഞു. വരിവരിയായി ദീവട്ടികൾ ജ്വലിച്ചു. അതിന്റെ പ്രകാശത്തിൽ ചുറ്റും തിങ്ങിനിറഞ്ഞുനിൽക്കുന്ന ജനസഞ്ചയത്തിന്റെ നടുവിൽ പട്ടുടുത്തു രക്തചന്ദനം പൂശി, ചെത്തിമാലയുമണിഞ്ഞു വെളിച്ചപ്പാടു 'ഗുരുസി' തർപ്പണം നടത്തുകയാണ്. മുലകുടിക്കുന്ന കുട്ടി മുതൽ കുനിക്കുനി നടക്കുന്ന കിഴവന്മാർവരെ എല്ലാവരും അവിടെ ശ്വാസമടക്കിപ്പിടിച്ചു കഴിയുകയാണ്. തിരുമുറ്റത്തുള്ള വലിയൊരു കരിങ്കൽത്താവളത്തിലാണ് 'ഗുരുസി'. വെളിച്ചപ്പാട് അതു രണ്ടു കൈകൊണ്ടും മുകളിലോട്ട് തേവുകയാണ്. തലയെടുത്തെറിഞ്ഞ പൂവൻകോഴികളുടെ ജഡം കൽത്തളത്തിനു ചുറ്റും മരവിച്ചു കിടപ്പുണ്ട്.

തർപ്പണം മുറുകിത്തുടങ്ങി; വാദ്യവും. അവസാനത്തെ തുള്ളി കൂടി തർപ്പണം ചെയ്ത് അട്ടഹസിച്ചുകൊണ്ടു വെളിച്ചപ്പാടു വാളെടുത്തു കുലുക്കി. നിവർന്നുനിന്നു മുമ്പോട്ടും പിമ്പോട്ടും ദേഹമിട്ടാട്ടി, തല തൊട്ടുഴിഞ്ഞ്, വീർപ്പടക്കി നിൽക്കുന്ന പുരുഷാരത്തെ വിറപ്പിച്ച് കൊണ്ടു ചെവിടടപ്പിക്കുമാറ് ഒന്നലറി. കുന്നിൻപുറത്തും കടൽത്തീരത്തും അതു മാറ്റൊലി ചേർത്തു. ജനങ്ങൾ ഭയഭക്തിബഹുമാനങ്ങളോടെ തൊഴുകൈയുമായി പിന്മാറി നിന്നു. വെളിച്ചപ്പാടു മണ്ഡപത്തിനകത്തേക്കോടി. പിന്നാലെ വാദ്യക്കാരും!

ഇപ്പോൾ ചെണ്ടയുടെ ശബ്ദം കേട്ടാലറിയാം. അകത്തു ഭഗവതിയുടെ സോപാനനൃത്തം നടക്കുകയാണ്. പരിചാരകന്മാർ അമ്പലമുറ്റത്തുനിന്ന് ജനങ്ങളെ

ഒരു പരിധിയോളം അകറ്റിനിർത്തി. കോഴികളുടെ ജഡം എടുത്തുമാറ്റി. തളംകെട്ടിനിൽക്കുന്ന 'ഗുരുസി'യിൽ കടൽപൂഴി വിതറി. വാദ്യം മുറുകിവരുന്നു. പെട്ടെന്നു നിൽക്കുന്നു. കനത്ത നിശ്ശബ്ദത. കടൽക്കാറ്റുകൂടി വീശുന്നതു് ഒതുങ്ങിയമട്ടിലാണ്. കടൽത്തിരകൾ ചുണ്ടുകടിച്ചമർത്തി നിൽക്കുന്നു. ഒരു വീർപ്പുകൂടി പുറത്തുവിടാതെ. ആ നിശ്ശബ്ദതയ്ക്കു് പേടിപ്പെടുത്തുന്ന ഒരു സവിശേഷതയുണ്ട്. അധികനേരം അതു സഹിച്ചു നിന്നാൽ മനുഷ്യർ ബോധംകെട്ടുവീഴും.

അതാ, ഭയങ്കരമായൊരലർച്ച! "വിശേഷിച്ചിട്ടു..." ഭഗവതിയുടെ അരുളപ്പാടാണ്. വെളിച്ചപ്പാടിന്റെ അമർത്തിച്ചവുട്ടുന്ന കാലടിയൊച്ച അടുത്തടുത്തുവരുന്നു. കടുത്തലയുടെ തൊത്തുമണികൾ കുലുങ്ങുന്ന ഭീകരശബ്ദവും! ജനക്കൂട്ടത്തിൽ നിന്നു് ഇരുപത്തഞ്ചു ചെറുപ്പക്കാർ, അതിൽ പൊക്കനുമുണ്ട്. മുമ്പോട്ടു വന്നു. അന്നു തെയ്യുണ്ണിമേനോനുമായി വഴക്കിട്ടതിന്റെ ഫലമാണതു്. പഠിപ്പിച്ചുതരാമെന്നു ശപഥം ചെയ്തു പോയ തെയ്യുണ്ണിമേനോൻ ഒടുവിൽ പഠിപ്പിക്കുകതന്നെ ചെയ്തു. വളയക്കടപ്പുറത്തു നിർബന്ധസേവനത്തിനു വരണമെന്നു് ഉത്തരവുകിട്ടി. പൈതൽമരയ്ക്കാന്റെ അപേക്ഷകൾക്കോ ദമയന്തിയുടെ കണ്ണുനീരിനോ തെയ്യുണ്ണിമേനോന്റെ മനസ്സിളക്കാൻ കഴിഞ്ഞില്ല. തലയും താഴ്ത്തി തൊഴുകൈയോടെ എല്ലാവരും ഒരു വരിയായി മുമ്പോട്ടു നിന്നു മഞ്ഞ വസ്ത്രമുടുത്തു് രക്തചന്ദനമണിഞ്ഞു്, ചെത്തിമാലയും കഴുത്തിലിട്ടു് മുമ്പോട്ടു മാറിനിന്ന ആ ഇരുപത്തിയഞ്ചുപേരും കാവിലമ്മയുടെ പ്രത്യേകാനുഗ്രഹത്തിനുവേണ്ടി വ്രതമെടുത്ത നാവികരാണ്. വെളിച്ചപ്പാട്ട് അവരെ തൊട്ടുരുമ്മിക്കൊണ്ടു് അങ്ങുമിങ്ങും ഓടി. കടുത്തല കുലുക്കി ആഞ്ഞാഞ്ഞു തലയിൽ വെട്ടി. ഓരോ വെട്ടിനും തലയിൽ നിന്നു ചെമ്പരത്തിപ്പൂപോലുള്ള രക്തം നെറ്റിയിലൂടെ പാടിയൊഴുകി, കൺപോളകളും കവിളും നനച്ചു നെഞ്ചിലിറങ്ങി ചെത്തിമാലയ്ക്കു മാറ്റുകൂട്ടുകയും രക്തചന്ദനത്തിലിഴുകിച്ചേരുകയും ചെയ്തു. ഭയംകൊണ്ടു കടുംതുടി കൊട്ടുന്ന ഹൃദയവുമായി ഭക്തജനങ്ങൾ ചെവി കൂർപ്പിച്ചു നിന്നു, അരുളപ്പാടു കേൾക്കാൻ.

"വിശേഷിച്ചിട്ടു... എന്റെ മുക്കാൽവട്ടക്കാരേ!" അമർത്തിച്ചവുട്ടിനടന്നുകൊണ്ടു് പാതി അലർച്ചയും പാതി വാക്കുകളുമായി വെളിച്ചപ്പാടു കല്പിച്ചു: "ആണ്ടോടാണ്ടു് കുടുംബം... എന്റെ മംഗല്യം... മുടങ്ങാതെ നടത്തണം... കേട്ടോ... എന്റെ മുക്കാൽവട്ടക്കാരേ..." ആ ഇരുപത്തഞ്ചു പേരിൽ ഓരോരുത്തരുടെ തലയിലും കൈ വച്ചു് ആടിയാടി വെളിച്ചപ്പാടു കല്പിച്ചു: "എന്നെ വിശ്വസിച്ചാൽ ഞാനും വിശ്വസിക്കും... കേട്ടോ, മുക്കാൽവട്ടക്കാരേ..." ഓരോ അരുളപ്പാടിനും ചുണ്ടിലൂടെ താഴോട്ടൊഴുകുന്ന രക്തം വലിച്ചകത്താക്കുകയും കാലടികൾ ഭൂമി കിടിലം കൊള്ളുമാറു് അമർത്തിച്ചവുട്ടുകയും രക്തത്തുള്ളികൾ ഇഴുകിപ്പിടിച്ച ചുവന്ന കൺപുരികങ്ങൾ വളച്ചു രൂക്ഷമായി നോക്കുകയും ഇടയ്ക്കിടെ ഹുങ്കാരങ്ങളുതിർക്കുകയും ചെയ്യുന്ന വെളിച്ചപ്പാട്ട് തന്റെ അരുളപ്പാടിന്റെ അവസാനഘട്ടത്തിലേക്കു കടക്കുകയാണ്. ഭക്തജനങ്ങൾ ദേവിയുടെ തിരുമുഖത്തു നിന്നു കേൾക്കാനാശിച്ചതെന്തോ, അതിനിയും പുറത്തുവന്നിട്ടില്ല. കടലിലും കരയിലും സ്വർഗത്തിലും പാതാളത്തിലും തന്റെ ഭരണം നടത്തുന്ന ദേവി അറിയാത്തതോ കാണാത്തതോ യാതൊന്നുമില്ല.

പിന്നെയും ഭീതിദമായ നിശ്ശബ്ദത. പ്രായംകൂടിയ പലരും കക്ഷത്തിറുക്കിവെച്ച രണ്ടാംമുണ്ടെടുത്ത് കണ്ണീരൊപ്പുകയാണ്. ആ യുവനാവികരുടെ രക്ഷകർത്താക്കളാവണം അവർ. പൈതൽമരയ്ക്കാർ ഒറ്റപ്പെട്ടാണ് നിൽക്കുന്നത്. ആ മുഖം വേദനയുടെ വിളനിലമാണ്. ഇടതടവില്ലാതെ ഒഴുകിക്കൊണ്ടിരിക്കുന്ന കണ്ണീരൊപ്പാൻ മറന്നുപോയി! തന്റെ ഹൃദയത്തിന്റെ ഏതോ ഒരു ഭാഗം കഠിനവേദനയോടെ മുറിഞ്ഞു വേറിട്ടു പോകുമ്പോലെ അനുഭവപ്പെടുകയാണ്. രാക്ഷസീയമായ കൊടുംക്രൂരതകൊണ്ട് അറബിക്കടലിലെ സമാധാനം നശിപ്പിച്ച് മലനാട്ടിന്റെ വീരനാവികരായ നിരവധി മുക്കുവക്കിടാങ്ങളെ ദാരുണമാംവിധം ഹിംസിച്ച് മനുഷ്യവംശത്തിനാകമാനം കളങ്കം വരുത്തിവെച്ച, പിശാചുക്കളെപ്പോലും നാണിപ്പിക്കുന്ന, പറങ്കികളോടെതിരിടാനാണ് പൊക്കനെ പറഞ്ഞയയ്ക്കുന്നതെന്ന സത്യം പൈതൽ മരയ്ക്കാനെ അവശനാക്കി. ഉണ്ണാതെ, ഉറങ്ങാതെ, ദിവസങ്ങളെണ്ണുന്ന പുത്രവത്സലനായ ആ അച്ഛൻ അവസാനത്തെ അഭയത്തിനുവേണ്ടിയാണ് കാവിലമ്മയുടെ തിരുമുമ്പിലെത്തിയത്. മരയ്ക്കാന്റെ ഹൃദയത്തിലൂടെ നൂറു നൂറു ചോദ്യങ്ങൾ കടന്നുപോയി: "അമ്മേ, അമ്മയുടെ നാന്തകത്തിന്നു മൂർച്ച കുറഞ്ഞുപോയോ? ദാരികനെക്കൊന്നു കുടൽമാലയുമണിഞ്ഞ്, തലയോട്ടിൽ ചുടുചോര മുക്കി കുടുകുടെ കുടിച്ചു ലോകത്തെ രക്ഷിച്ച പൊന്നുതമ്പുരാട്ടി, അലകടൽ അലങ്കോലപ്പെടുന്നത് അവിടുന്നു കാണുന്നില്ലേ" മഹിഷാസുരനെ കുത്തിക്കോർത്ത കൊടുംശൂലം അമ്മയുടെ കൈയിലില്ലേ? പറങ്കികളുടെ ഈ കൊടുംപാപത്തിന് അമ്മയൊരറുതി വരുത്തില്ലേ?"

വെളിച്ചപ്പാടിന്റെ അട്ടഹാസം പിന്നെയും മുഴങ്ങി: "വിശേഷിച്ചിട്ട്", നല്ല നിമിത്തം! പൈതൽമരയ്ക്കാൻ കൈകൂപ്പി നിന്നു. ഇത്തവണ വെളിച്ചപ്പാടു സമീപിച്ചത് പൈതൽമരയ്ക്കാനെയാണ്. "വ്യസനിക്കേണ്ടാ, കിടാവേ, എന്നെ വിശ്വസിച്ചാൽ ഞാനും വിശ്വസിക്കും... വിശേഷിച്ചിട്ട്." അതോടെ അന്നത്തെ അരുളപ്പാടവസാനിച്ചു. അട്ടഹസിച്ചുകൊണ്ടു വെളിച്ചപ്പാടു തന്റെ തലയിൽ ആഞ്ഞാഞ്ഞു വെട്ടി; വെട്ടി വെട്ടി ബോധംകെട്ടു വീണു...

പൂജാരിക്കു ദക്ഷിണ കൊടുത്തു പ്രസാദം വാങ്ങി, വ്രതദീക്ഷയുടെ കാലത്തു ധരിച്ച മഞ്ഞവസ്ത്രം മാറ്റി നാവികർ മുൻപോട്ടു നടന്നു. പൊക്കൻ തലയുയർത്തി ചുറ്റുമൊന്നു നോക്കി. പൂജാരിയിൽ നിന്ന് തിക്കിത്തിരക്കി പ്രസാദം വാങ്ങുന്ന പെണ്ണുങ്ങളുടെ കൂട്ടത്തിൽ പാഞ്ചാലി വേർതിരിഞ്ഞു നിൽക്കുകയാണ്. രണ്ടുപേരും പരസ്പരം കണ്ടു; ചിരിച്ചു. വ്രതദീക്ഷമുതൽ പൊക്കൻ പാഞ്ചാലിയെക്കണ്ടിട്ടില്ല. അവനു ധൃതിയായി. പെണ്ണുങ്ങളുടെ കൂട്ടത്തിലേക്ക് അവൻ നടന്നു. ഒരു നാലടി മുമ്പോട്ടു വെച്ചുകാണും. അപ്പോഴാണ് പൈതൽമരയ്ക്കാന്റെ വിളി: "മോനേ!"

വൈമനസ്യമുണ്ടെങ്കിലും അവനു പിന്തിരിയാതിരിക്കാൻ കഴിഞ്ഞില്ല. അച്ഛൻ രണ്ടു കൈയും നീട്ടിപ്പിടിച്ചാണു നിൽക്കുന്നത്. ഒരു കൊച്ചുകുട്ടിയെപ്പോലെ ഓടിച്ചെന്ന് അവൻ ആ കൈകളിലേക്ക് വീണു. രണ്ടുപേരും തെല്ലിട കെട്ടിപ്പിടിച്ചു നിന്നു. നേരിയ ഒരു തേങ്ങൽ മാത്രമങ്ങനെ കേൾക്കാം:

“മോനേ... എന്റെ മോനേ...”

ചൂടുള്ള കണ്ണീർ അവന്റെ ചുമലിലൂടെ ധാരയായൊഴുകി. അച്ഛൻ കരയുകയാണ്. ഭഗവതിയുടെ സന്നിധിയിൽപ്പോലും അച്ഛനു മനക്കരുത്തു വീണ്ടുകിട്ടീട്ടില്ല. ആ നിമിഷത്തിലാദ്യമായി അവൻ യാഥാർത്ഥ്യങ്ങളുടെ നേർക്കു കണ്ണയച്ചു. അച്ഛൻ കരയുന്നതിലെന്താണ് തെറ്റ്? ആ കുടുംബത്തിന്റെ എല്ലാമാണ് അവൻ; ആശയും ആവേശവുമെല്ലാം. അന്നന്നു കിട്ടുന്നതു ചെലവഴിച്ചു ശീലിച്ച കുടുംബമാണ്. അവന്റേത്. നാളേക്കെന്ന സമ്പ്രദായം അറിഞ്ഞുകൂടാ. എത്ര കിട്ടിയാലും മുഴുക്കെ തീർക്കും. കിട്ടാത്ത ദിവസം പട്ടിണികിടക്കാനും മടിയില്ല. അദ്ധ്വാനിച്ച് വാർദ്ധക്യത്തിന്റെ പായച്ചുരുളിലേക്കു തലചരിക്കുമ്പോൾ പുതിയൊരു തലമുറ ചുമതല കൈയേൽക്കാൻ മുമ്പോട്ടു വരും. പിന്നെ, അവരുടെ ഊഴമായി. അച്ഛന്റെ പായ നിവർത്തിക്കഴിഞ്ഞിരിക്കുന്നു. പങ്കായം തന്റെ തോളിലേക്കു കൈമാറേണ്ട സമയമാണ്. അമ്മയും അച്ഛനും മുത്തച്ഛനും-മൂന്നുപേർക്കാണ് അവൻ തണൽ വീശേണ്ടത്. രാജകല്പനയല്ലേ? ചിന്തിച്ചിട്ടും വ്യസനിച്ചിട്ടും കാര്യമില്ല.

ജനങ്ങൾ പിരിയുകയാണ്. ഇടുങ്ങിയ കാട്ടുവഴിയിലൂടെ കീഴോട്ടിറങ്ങാൻ വിഷമമുണ്ട്. ഒരു പന്തം പിടിച്ചുകൊണ്ടു പൊക്കൻ മുമ്പിൽ നടന്നു. പിന്നിൽ അമ്മ, അതിന്റെ പിന്നിൽ അച്ഛൻ. വളരെ പതുക്കെ നടക്കാനേ കഴിയുന്നുള്ളൂ. വയസ്സായാലങ്ങനെയാണ്. പണ്ടു ചവിട്ടിത്തകർത്തു കടന്നുപോയ വഴിയാണതെന്നു പൈതൽമരയ്ക്കാനു വിശ്വസിക്കാൻ കഴിഞ്ഞില്ല. ചെങ്കുത്തായ ചില സ്ഥലത്ത് അച്ഛനെയും അമ്മയെയും പൊക്കൻ കൈ പിടിച്ചിറക്കി.

വളഞ്ഞും പിരിഞ്ഞും പോകുന്ന ആ വഴി നിറയെ ആളുകളാണ്. ഇടയ്ക്കിടെ ഉയർത്തിപ്പിടിച്ച പന്തങ്ങളും. ആ ആൾക്കൂട്ടത്തിലെവിടെയോ പാഞ്ചാലിയുണ്ടെന്ന വിചാരംപോലും പൊക്കനു സുഖപ്രദമായിരുന്നു.

ആ ഘോഷയാത്ര ക്രമേണ കടപ്പുറത്തെത്തി. അതുവരെ ഒന്നും മിണ്ടാതെ നടന്ന പൈതൽ മരയ്ക്കാൻ പറഞ്ഞു: “മേനേ, ഒന്നു വേഗം ചെല്ല്. കൂടല് നിന്റ മുത്തച്ഛൻ തനിച്ചല്ലേയുള്ളു? അച്ഛനു വയ്യാ. കുന്നിറങ്ങുമ്പളയ്ക്ക് കാല് തളരുന്നു. ന്റെ മോൻ വേഗം പോ.”

പാഞ്ചാലി ഒരുമിച്ചെത്തുന്നതുവരെ അവിടെ നിന്നാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷേ, ഇനിയതു വയ്യാ. അവൻ മുൻകടന്നു നടന്നപ്പോൾ അമ്മ പറഞ്ഞു; “ഒപ്പം ഞാനും പോരാം.”

“നിനക്ക് ഓന്റൊപ്പം നടക്കാൻ കയ്യോ, ദമയന്തീ?” പൈതൽമരയ്ക്കാൻ ചോദിച്ചു.

“കയ്യും.” അതുപറഞ്ഞുതീരും മുമ്പേ പിറകിൽ നിന്നു കുഞ്ഞിക്കണ്ണൻ മരയിക്കാന്റെ വിളി കേട്ടു; “പൈതൽ മൂപ്പരേ ഞാളുണ്ട്.”

പൊക്കൻ തിരിഞ്ഞുനിന്നു. കുഞ്ഞിക്കണ്ണനും പാഞ്ചാലിയുമാണ് വരുന്നത്.

“കുടീലാളില്ലാത്തതാ. ഓല്യ് വേഗം പോട്ടെ.” പൈതൽമരയ്ക്കാൻ പറഞ്ഞു: “മ്പള്ക്കങ്ങനെ പതുക്കെ പൂവ്വാം.”

“നേരാ.” കുഞ്ഞിക്കണ്ണൻമരയ്ക്കാൻ സമ്മതിച്ചു;

“മോളേ പാഞ്ചാലീ, നീയും പൊക്കന്റെ അമ്മേന്റെ കൂടെ പോ.”

കേൾക്കേണ്ട താമസം പാഞ്ചാലി ഒപ്പമെത്തി. പൊക്കന്റെ ഹൃദയം അവനോടു പറഞ്ഞു: “ദേ കൂടെ അമ്മയാണുള്ളത്.”

മൂന്നുപേരും ധൃതിയിൽ നടക്കുകയാണ്. എങ്ങനെ എന്തു പറയണമെന്നറിയാത്ത പൊക്കൻ തിരിഞ്ഞുനിന്ന് അമ്മയോടു ചോദിച്ചു:

“അമ്മയ്ക്കു വയസ്സല്ലേ?”

“അതിനെന്താടാ?”

“കാലു തളരുന്നില്ലേ?”

“മോനേ!” അതുവരെ കെട്ടിനിർത്തിയ ദുഃഖം ചിറപൊട്ടി. ഗദ്ഗദം കൊണ്ടു വാക്കുകൾ മുറിഞ്ഞുമുറിഞ്ഞേ പുറത്തുവന്നുള്ളൂ. “തടിയാകെ തളരുന്നുണ്ട് അമ്മയ്ക്ക്, ആരോടു പറയാൻ? ആരു കേൾക്കാൻ?”

ഒന്നും ചോദിക്കേണ്ടായിരുന്നെന്നു പൊക്കനു തോന്നി.

“അമ്മേന്തിനാ കരേണത്?”

“കര്യാണ്ടെന്തുചെയ്യും?”

“അമ്മ കരേരുത്!” അവൻ പാഞ്ചാലിയെ നോക്കി. അവളും കരയുകയാണോ? അല്ലെങ്കിലെന്തിനു കണ്ണു തുടയ്ക്കണം?

“മണ്ടേലെ വര മാന്ത്യാ പോവൂല, മോനേ” ദമയന്തിക്കു സഹിക്കുന്നില്ല: “കരയാനാണ് വിധി. ആറ്റുനോറ്റു കൊതിച്ചിട്ടൊന്നിനെ പടച്ചതമ്പുരാൻ തന്നു. കാക്കയ്ക്കും പൂച്ചയ്ക്കും കൊടുക്കാണ്ട് മടീൽ വെച്ചു പോറ്റി. എന്നിട്ടിപ്പം...” കണ്ഠം അടഞ്ഞുപോയി. വാക്കുകൾക്കു ശബ്ദമില്ല.

പൊക്കൻ മിണ്ടാതെ നടന്നു. ആശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോൾ അമ്മയുടെ വേദന കൂടുകയാണ്. കുടിയിലെത്തി. അമ്മ വാതിൽ തുറന്ന് അകത്തു കയറി. അരണ്ട നാട്ടുവെളിച്ചത്തിൽ പൊക്കനും പാഞ്ചാലിയും തൊട്ടുതൊട്ടുനിന്നു. അങ്ങിനെയൊരു സന്ദർഭത്തിനു വേണ്ടി എത്ര കൊതിച്ചതാണ്! പക്ഷേ ഒന്നും പറയാൻ ധൈര്യമില്ല. അമ്മയെപ്പോലെ അവളും കരഞ്ഞാലോ?

പെട്ടെന്ന് അകത്തുനിന്ന് അമ്മയുടെ നിലവിളി കേൾക്കുന്നു. അവന് ഒന്നും മനസ്സിലായില്ല. ആലോചിച്ചു നിൽക്കാൻ പറ്റിയ സമയമല്ല. അവൻ അകത്തേക്ക് ഓടി. പിന്നാലെ പാഞ്ചാലിയും.

അമ്മ മുത്തപ്പനെ കെട്ടിപ്പിടിച്ചു കിടന്നു കരയുകയാണ്. മുത്തപ്പൻ അനങ്ങുന്നില്ല. അല്ലെങ്കിലും വളരെക്കാലമായി മുത്തപ്പന് അനങ്ങാൻ പറ്റില്ല. അമ്മ ഇങ്ങനെ ബഹളം കൂട്ടുന്നതെന്തിനെന്ന് അവൻ സൂക്ഷിച്ചു നോക്കി.

“അയ്യോ, എന്റെ പൊന്നച്ഛോ!” അമ്മ കുലുക്കിക്കുലുക്കി വിളിച്ചിട്ടും മുത്തപ്പൻ കണ്ണു തുറക്കുന്നില്ല. മുത്തപ്പൻ മരിച്ചോ? ശരീരം തണുത്തു മരവിച്ചിരിക്കുന്നു. ശ്വാസഗതി നിലച്ചിരിക്കുന്നു... അതേ, മുത്തപ്പൻ മരിച്ചു...

തെയ്യുണ്ണിമേനോനും മരണവും ഒരുപോലെയാണ്. കരംപിരിവു കാര്യത്തിൽ രണ്ടുപേർക്കുമൊരു വ്യവസ്ഥയില്ല. ഒരുക്കിവെച്ചു കാത്തിരിക്കുന്ന വീട്ടിൽ ചെല്ലാതെ, അപ്രതീക്ഷിതമായി മറ്റെവിടെയെങ്കിലും കേറിച്ചെല്ലും; ബഹളമുണ്ടാക്കും.

ദമയന്തിയുടെ അച്ഛൻ-അമ്പാടിയുടെ കാര്യത്തിലും അതാണ് സംഭവിച്ചത്. ആറേഴു കൊല്ലമായി മരണത്തെ സ്വാഗതം ചെയ്യാനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി കാത്തിരിക്കുകയായിരുന്നു. മരണം തിരിഞ്ഞുനോക്കിയില്ല.

പക്ഷവാതംപിടിച്ച് അവയവങ്ങൾ പ്രവർത്തനക്ഷമങ്ങളല്ലാതായി. ദാഹിച്ച് വെള്ളം കുടിക്കാനും പരസഹായം വേണം. വിശപ്പുണ്ട്, വേദനയറിയാം, കാഴ്ച നഷ്ടപ്പെട്ടിട്ടില്ല. ശ്രവണശക്തിയും കുറഞ്ഞിട്ടില്ല. എല്ലാം കാണാം; കേൾക്കാം. ആവശ്യമുള്ളതു ചോദിക്കാൻ നാവിനു കരുത്തില്ല; അഭിനയിച്ചു മനസ്സിലാക്കാനാണെങ്കിൽ കൈകൾ ചലിക്കില്ല. മരിച്ചാൽ മതിയെന്നു മറ്റുള്ളവർക്കൊക്കെ തോന്നി; രോഗിക്കും തോന്നി. പക്ഷേ, തെയ്യുണ്ണിമേനോൻ പ്രസാദിച്ചില്ല. പിന്നെയും കിടന്നു വർഷങ്ങൾ.

വീട്ടിലുള്ളവരും വന്നു കാണുന്നവരും ഓർക്കാതെ പിറുപിറുക്കും. “ഇനി മരിക്കുന്നതാ നല്ലത്.” പറയാൻ പാടില്ലാത്തതാണ്. എന്നാലും രോഗിയുടെ കിടപ്പു കാണുമ്പോൾ പറഞ്ഞുപോകും. തന്റെ അച്ഛനെക്കുറിച്ച് ദമയന്തി അതു പറഞ്ഞോ? എന്തോ, ആരും കേട്ടിട്ടില്ല... ആരും കേൾക്കാതെ പറഞ്ഞിട്ടുണ്ടാവും. അത്രയ്ക്ക് ക്ലേശകരമായിരുന്നു ആ ശുശ്രൂഷ. എല്ലാം അറിഞ്ഞു ചെയ്യണം. ദാഹമാണോ, വിശപ്പാണോ, വേദനയാണോ? ഒന്നും ആ മുഖത്തു നോക്കിയാൽ വേർതിരിച്ചറിയില്ല. അവിടെ ഒരേഒരു ഭാവം! വിഷാദം. മഴക്കാലം പോലെ ആ കണ്ണുകൾ സദാ ജലകണങ്ങളേന്തി നിൽക്കും. ചിലപ്പോൾ ദിവസം മുഴുവൻ ആഹാരം കഴിക്കില്ല; വെള്ളം കുടിക്കില്ല. കണ്ണീരൊഴുക്കിക്കൊണ്ടു കിടക്കും. കാരണം വിശേഷിച്ചൊന്നും ഉണ്ടാവില്ല. അതുകാണുമ്പോൾ തന്നോടു പിണങ്ങീട്ടാണെന്നു സങ്കല്പിച്ച് ദമയന്തി തൊണ്ടയിടറിക്കൊണ്ടു പറയും: “മരിച്ചാൽ മതിയായിരുന്നു, ഇക്കണക്കിന്.”

ആരാണ് മരിക്കേണ്ടത്? അച്ഛനോ, താനോ? ആർക്കുവേണ്ടിയാണ് മരണത്തെ പ്രാർത്ഥിച്ചത്? ദമയന്തി പിന്നീട് ആലോചിക്കും; “അങ്ങനെ പറയരുതായിരുന്നു. ഇനി ഒരിക്കലും പറയില്ല.” പക്ഷേ, പിന്നെയും പറഞ്ഞുപോകും. നീണ്ടുനീണ്ട രാത്രികൾ തനിച്ചിരുന്ന് ഉറക്കമൊഴിച്ചു ശുശ്രൂഷിച്ചിട്ടും കഷായം കുറുക്കിയിട്ടും എണ്ണയും കുഴമ്പും പൊടിയുമുണ്ടാക്കിയിട്ടും വേണ്ടതത്രയും ചെയ്തിട്ടും രോഗിയുടെ മുഖത്തൊരു പ്രസാദമില്ല. മനസ്സിടിവുണ്ടാവാൻ മറ്റു കാരണങ്ങളാവശ്യമുണ്ടോ? അവൾ തന്നത്താൻ ശപിക്കും. പിന്നെയും ശുശ്രൂഷിക്കും. അച്ഛനല്ലേ, അച്ഛനെ ശുശ്രൂഷിക്കുന്നതു തന്റെ കടമയല്ലേ? അച്ഛനു വേണ്ടി എന്തു വലിയ ത്യാഗത്തിനും അവൾ തയ്യാറാണ്.

ഒടുവിൽ അച്ഛൻ മരിച്ചു. അവസാന നിമിഷം അവൾ അടുത്തുണ്ടായില്ല. കഫ പ്പറ്റുള്ള കണ്ഠത്തിൽ ശ്വാസം തടഞ്ഞുനിന്നു കുറുകുമ്പോൾ ഒരു തുള്ളി കസ്തൂരി ചാലിച്ച വെള്ളംകൊണ്ട് അച്ഛന്റെ ചുണ്ടു നനയ്ക്കാൻ അവൾക്കു കഴിഞ്ഞില്ല. മരണം ചവിട്ടി ക്കുതറുന്ന നെഞ്ചിൽ ആശ്വാസപൂർവ്വം തടവിക്കൊടുത്ത് അച്ഛന്റെ വേദന കുറയ്ക്കാൻ അവൾക്കു കഴിഞ്ഞില്ല. കുടിലിന്റെ മോന്തായത്തിൽ പതിയിരിക്കുകയായിരുന്നു മര ണം. എല്ലാവരും ഒഴിഞ്ഞുപോയപ്പോൾ ചാടി വീണ് അച്ഛന്റെ പ്രാണനും പിടിച്ചുപ റിച്ചു കൊണ്ടുപോയി. അതോർത്തപ്പോൾ അവൾക്കു സഹിച്ചില്ല. ഏഴുകൊല്ലത്തെ നിരന്തര ശുശ്രൂഷ നിഷ്ഫലമായപോലെ. അവസാന നിമിഷം കൊടുക്കുന്ന വെള്ളമാ ണ് പ്രധാനം. എന്തൊക്കെ ചെയ്താലും ആളുകൾ എടുത്തുപറയുന്നത് അതുമാത്ര മായിരിക്കും. അവൾ അച്ഛന്റെ ജഡത്തിൽ കെട്ടിപ്പിടിച്ച് ഉറക്കെയുറക്കെ കരഞ്ഞു.

നേരം പുലർന്നപ്പോൾ മരണവാർത്ത കേട്ട കടൽത്തീരത്തുള്ളവരൊക്കെ കൂ ട്ടംകൂട്ടമായി വരാൻ തുടങ്ങി. കുടിലിനകത്തും പുറത്തും ആളുകളാണ്. ശവസംസ്കാ രത്തിനുള്ള ഒരുക്കങ്ങൾ കൂട്ടുകയാണ്. തറയിലെ കാരണവന്മാർ വട്ടമിട്ടിരുന്നു മുറു ക്കിത്തുപ്പുന്നു. ചെറുപ്പക്കാർ അടക്കിപ്പിടിച്ച സ്വരത്തിൽ അതുമിതും പറഞ്ഞ് അങ്ങ ട്ടുമിങ്ങട്ടും ധൃതിവെച്ച് ഓടുന്നു. മരിച്ചവർക്കുവേണ്ടിയുള്ള ഈ ബഹളം എന്തിനെ ന്നു മനസ്സിലാവാതെ പൊക്കൻ, മുറ്റത്ത് ഒരു കോണിൽ ഒറ്റപ്പെട്ടിരിക്കുകയാണ്. സഹതാപക്കരച്ചിലിനെത്തുന്ന പെണ്ണുങ്ങളെ അടിച്ചോടിക്കണമെന്ന് അവനു പല തവണ തോന്നി. അവന്റെ അമ്മയ്ക്ക് അവർ ഒരു പൊറുതി കൊടുക്കുന്നില്ല.

പൊക്കന്റെ കണ്ണിൽ മരണം ഒരു തെറ്റുതിരുത്തലാണ്. ആവശ്യമില്ലെന്നു തോന്നുന്നത് എടുത്തുമാറ്റലാണ്. രോഗികളും കിഴവന്മാരും സമുദായത്തിന് ഉപ കാരമില്ലാത്തവരാണെന്നുവന്നാൽ മരണം അവരെ മാറ്റി നിർത്തുന്നു. പടയ്ക്കു പോ യാലും അതുന്നെയാണ് ഫലം. ഭീരുക്കളെയും ശക്തിയില്ലാത്തവരെയും എതിരാളി കൾ കൊല്ലുന്നു. ഉടഞ്ഞ മൺകലം, കീറപ്പായ ഇതൊക്കെ അമ്മ വലിച്ചെറിയാറു ണ്ട്. അപ്പോഴൊന്നും എന്തുകൊണ്ട് അമ്മ കരയുന്നില്ല? അയൽപക്കത്തെ പെ ണ്ണുങ്ങൾ വന്ന് ആ വലിച്ചെറിയുന്ന വസ്തുക്കളുടെ പേരും പറഞ്ഞ് എന്തുകൊണ്ട് കരയുന്നില്ല? ഇതെല്ലാം മണ്ടത്തരമാണ്. താൻ പെണ്ണുകെട്ടി, തനിക്കു കുട്ടികളും കുടുംബവുമുണ്ടാകുമ്പോൾ ആദ്യം ചെയുന്ന കാര്യം ഇതായിരിക്കും: മരണത്തെക്കു റിച്ചു നല്ലപോലെ അവരെ പഠിപ്പിക്കുക. ഇല്ലെങ്കിൽ ഗതികെട്ടുപോകും. ആലോ ചനയില്ലാത്തതുകൊണ്ടാണ് ഇങ്ങനെ കരയുന്നത്. ഇവരൊക്കെ എന്തുകൊണ്ട് ആലോചിക്കുന്നില്ല?

വെയിലും മഴയുമില്ലാതെ മൂടിക്കെട്ടിയ ദിവസം. മയക്കമരുന്നു കൊടുത്ത് ഉറ ക്കിയ ഉന്മാദിനിയെപ്പോലെ അറബിക്കടൽ അടങ്ങിക്കിടക്കുകയാണ്. പുറംകട ലിൽ വെള്ളപ്പായ നിവർത്തിയ മീൻതോണികൾ ചക്രവാളത്തിനു തോരണം തൂക്കി ക്കൊണ്ടു പതുക്കെ നീങ്ങുന്നു. ഈ തഞ്ചത്തിനു തോണിയിറക്കിയാൽ ചെമ്മീൻകു ലപ്പുകൾ കണ്ടെത്തും!

പൊക്കന്റെ ശ്രദ്ധ പിന്നെയും കുടിലിനകത്തേക്കു തിരിഞ്ഞു. അമ്മ അപ്പോഴും ഇടനെഞ്ചു പൊട്ടി കരയുകയാണ്.

"എന്റെ പൊന്നച്ചോ... ഞാനെങ്ങനെ സഹിക്കും അച്ഛോ..."

തെക്കെ മുറ്റത്തെ പൂഴിയിൽ എന്തൊക്കെയോ വരച്ചും മായ്ച്ചും ചിന്താമഗ്നനായിരിക്കുന്ന പൈതൽ സ്വയം പറഞ്ഞു;

"ഇല്ല, അവൾക്കു സഹിക്കില്ല; അമ്പാടിമരയ്ക്കാന്ന് എല്ലാമുണ്ടായതും എല്ലാം പോയതും അവളെച്ചൊല്ലിയാണ്."

പത്തമ്പതുകൊല്ലത്തിനപ്പുറമുള്ള കാര്യം തലേന്നാൾ സംഭവിച്ചതുപോലെ കൺമുമ്പിൽ തെളിഞ്ഞുവരുന്നു. പൈതൽ അന്നു കുട്ടിയാണ്. അമ്പാടിമരയ്ക്കാൻ എന്തിനും പോരുന്ന വാല്യക്കാരൻ. ആരെയും വിലവെയ്ക്കില്ല. ആർക്കും തല മടക്കില്ല. പറഞ്ഞുതെറ്റിയാൽ ആരുടെ നേർക്കും കേറി ഇടിക്കും. ആ ഇടികൊണ്ടാൽ കൊണ്ടവൻ അതുമതി, ആയുഷ്കാലം മുഴുവനും. ഇരുമ്പുലക്കപോലത്തെ കൈകളായിരുന്നു കരിങ്കൽഭിത്തിപോലെ വിരിഞ്ഞ മാറിടം, ഇടുങ്ങിയ അരക്കെട്ട്, മാംസപേശികൾ ഉരുണ്ടുകൂടി നിൽക്കുന്ന കണങ്കാൽ. തോളത്തു വലയും തലയിൽ ചെറിയ തൊപ്പികക്കുടയുമായി അമ്പാടിമരയ്ക്കാൻ കടൽത്തിരകളുടെ നേർക്കു നടന്നുപോകുന്നതു കണ്ടാൽ പോരിന്നു പോകുന്ന പടയാളിയെന്നേ തോന്നൂ. മനുഷ്യരെയെന്നപോലെ കടൽത്തിരകളെയും ആ മല്ലൻ കൈയുക്കുകൊണ്ടു കീഴടക്കി.

ഒരു ദിവസം പന്തലായിനിക്കടപ്പുറത്തുനിന്ന് ഒരു പെണ്ണിനെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുവന്നു. അതായിരുന്നു വിവാഹം. പകരംചോദിക്കാൻ വന്ന പെണ്ണുവീട്ടുകാരെ സംഘക്കാരോടൊപ്പം അടിച്ചോടിച്ചു. ഒറ്റയ്ക്ക് അവരാരും പിന്നെ ഇങ്ങോട്ട് തിരിഞ്ഞില്ല. എങ്ങനെ തിരിയും?

ഏഴരവെളുപ്പിന് കടലിൽ പോവും. വൈകീട്ടു തിരിച്ചുവരും; വരാത്ത ദിവസങ്ങളുമുണ്ട്. കടലിൽ നിന്നു തിരിച്ചുവന്നാൽ ആദ്യം കിട്ടേണ്ടതു് കള്ളാണ്. നല്ല എരുവുള്ള വല്ല കറിയും കൂട്ടി കള്ളുകുടിക്കാൻ തുടങ്ങും. ബോധംകെട്ടു വീഴുന്നതുവരെ കുടിക്കും. പിന്നെ തലപൊക്കാറായാൽ പതുക്കെ എഴുന്നേൽക്കും. വേച്ചുവേച്ചു നടക്കും. ആദ്യം കണ്ണിന്റെ മുമ്പിൽ കാണുന്നതാരെയായാലും തല്ലും. ദിനചര്യ ഇതിൽ കൂടുകയോ കുറയുകയോ പതിവില്ല.

ദമയന്തി പിറന്നതിൽപ്പിന്നെയാണ് സ്വഭാവത്തിൽ ഒരയവുവന്നത്. കുടിക്കും; പക്ഷേ ആവശ്യത്തിനുമാത്രം. മറ്റുള്ളവരുടെ നേർക്കു കയ്യേറ്റത്തിനു പോവാറില്ല. ജോലി കഴിഞ്ഞുള്ള നേരമത്രയും മകളെ കളിപ്പിച്ചുകൊണ്ട് കുടിലിലിരിക്കും. സ്നേഹിക്കാൻ പഠിക്കുകയാണ്. സ്നേഹം കൊള്ളാവുന്നതാണെന്നു തോന്നിത്തുടങ്ങി. മകളുടെ കാര്യത്തിൽ വലിയ ശ്രദ്ധയാണ്. അരയിൽ വെള്ളിയരഞ്ഞാണും കാലിൽ തരിവളയുമിട്ട്, മകളെ പിച്ചനടത്തിക്കും. നടക്കാറായിട്ടില്ല. കഷ്ടിച്ചു കഴുത്തുറച്ചിട്ടേയുള്ളൂ. തപ്പിപ്പിടിച്ചു പായിലിരിക്കും. വലിയൊരു ശബ്ദം കേട്ടാൽ മറിഞ്ഞുവീഴും. ആ പ്രായത്തിലാണ് അച്ഛൻ മകളെ നടത്തം പഠിപ്പിക്കുന്നത്. നടന്നു കാണാനല്ല, നടക്കുമ്പോൾ കാലിലുള്ള തരിവള കുലുങ്ങിക്കേൾക്കാൻ.

"ന്റെ അച്ഛോ... അച്ഛനെന്തെല്ലാം സകിച്ചച്ഛോ..."

ദമയന്തി കഴിഞ്ഞതോരോന്നും വിളിച്ചുപറഞ്ഞു കരയുകയാണ്. പൈതൽ മരയ്ക്കാൻ വിചാരിച്ചു, അവൾ കരയട്ടെ; ഈ ദുഃഖം കരഞ്ഞുതന്നെ തീരണം. ജീവിതത്തിലെ സർവസ്വവും ഒരേയൊരു മകളിലേക്കു തിരിച്ചുവിട്ട അച്ഛനാണവിടെ വിറങ്ങലിച്ചു കിടക്കുന്നത്...

മകൾ വലുതാവുമ്പോൾ ആവശ്യങ്ങൾ വർദ്ധിക്കുമെന്ന് അമ്പാടി മരയ്ക്കാൻ മനസ്സിലാക്കി. ഇനി അതുവരെ അദ്ധ്വാനിച്ചതുപോലെ പോരാ. അങ്ങനെ ചെലവാക്കിയാലും പറ്റില്ല... എല്ലാറ്റിനും ഒരു നിയന്ത്രണം വേണം; കള്ളുകുടിക്കും. തന്റെ വീട്, ജോലി, മകൾ ഇതല്ലാതെ മറ്റൊരു വിചാരമില്ല. കിണഞ്ഞദ്ധ്വാനിച്ചു.

അവൾ വലുതാവുകയാണ്. തരിവള മാറ്റിപ്പണിയേണ്ടിവന്നു. കാതിലും കഴുത്തിലും ആഭരണങ്ങൾ വേണം. കൊടുക്കുന്നതു വാങ്ങുന്ന സമ്പ്രദായം മാറി. വേണ്ടുന്നതാവശ്യപ്പെടാൻ തുടങ്ങി. എന്തൊരാനന്ദം! അവളുടെ അമ്മയ്ക്കു തന്നോടു പറയാൻ തന്റേടം വരാത്ത കാര്യങ്ങൾ അവൾ വിളിച്ചുപറയുന്നു. കൽപ്പിക്കുന്നു; പിണങ്ങുന്നു; വാശിപിടിക്കുന്നു; ചിലപ്പോൾ ശുണ്ഠിയെടുക്കുന്നു. നല്ലത്! മകളുടെ എല്ലാ ചേഷ്ടകളും തന്നെ സന്തോഷിപ്പിക്കുകയാണ്.

അങ്ങനെയങ്ങനെ കഴിയുമ്പോഴാണ് അമ്പാടിമരയ്ക്കാൻ പെട്ടെന്നൊരു പണക്കാരനാവുന്നത്. ജനങ്ങൾ പലതും പറഞ്ഞു. ആരെയോ കൊന്ന് അവരുടെ മുതൽ കൈക്കലാക്കിയതാണെന്നുവരെ അഭിപ്രായം പൊങ്ങിവന്നു. വെള്ളപ്പൊക്കത്തിൽ ആമാട നിറച്ചൊരു പെട്ടി കടപ്പുറത്തടിഞ്ഞതു കിട്ടിയെന്നാണ് പലരുടെയും പ്രബലമായ വിശ്വാസം.

ജനങ്ങൾ എന്തുതന്നെ പറഞ്ഞാലും ഒരു കാര്യത്തിൽ സംശയമില്ല. അമ്പാടി മരയ്ക്കാൻ പണക്കാരനായിരിക്കുന്നു. ദമയന്തിയുടെ നക്ഷത്രം ഒന്നാന്തരമാണ്, പഴയ കുടിൽ പൊളിച്ചുനീക്കി. അവിടെ നറുക്കോടു മേഞ്ഞ ഒരു മാളിക പൊന്തിവന്നു. ഓടങ്ങളും വഞ്ചികളും പണിതീർത്തു. പുതിയ വലകളുമുണ്ടായി. ജോലിക്കു പോകേണ്ട കാര്യമില്ല. ഓടവും വലയും കൂലിക്കു കൊടുത്താൽ തന്നെ ധാരാളം വരുമാനമുണ്ടാവും. എത്ര വേഗത്തിലാണ് മനുഷ്യർ നന്നാവുന്നത്! എല്ലാം മകളുടെ ഭാഗ്യവും അവളുടെ ജനനസമയത്തിന്റെ ഗുണവുമാണെന്ന് ആ അച്ഛൻ വിശ്വസിച്ചു. എല്ലാം അവളുടേതാണെന്ന് ഒരു ദിവസം പുലർന്നാൽ പലവട്ടം അവളുടെ മുമ്പിൽ വെച്ചയാൾ പറയും.

അവൾ ഭാഗ്യദേവതയാണ്. ആരും അവളോടൊരു കറുത്ത വാക്കു പറയില്ല. എന്താഗ്രഹിച്ചാലും അവൾക്കു കിട്ടും. കാണെക്കാണെ അവൾ വലുതായി. കല്യാണം വേണം. പറ്റിയൊരു ചെക്കനെ കാണണം. തന്റെ നിലയ്ക്കും വിലയ്ക്കും പറ്റിയതാവണം. വളയക്കടപ്പുറത്തങ്ങോളമിങ്ങോളം അന്വേഷിച്ചാലൊരുത്തനെ കിട്ടില്ല. കോടിക്കലോ കൊല്ലത്തോ പന്തലായിനിയോ അന്വേഷിക്കണം. കാണും... കാണാതിരിക്കില്ല. കടപ്പുറത്തു നിറച്ചും പന്തലിടണം. അടക്കിക്ഷണിക്കണം. മികച്ച

കോൽക്കളിക്കാരെ വരുത്തണം. പട്ടം കെട്ടിയ ആന വേണം. അത്ര വലിയൊരാഘോഷം ആ കടപ്പുറത്തുള്ളവർ കണ്ടിട്ടുണ്ടാവരുത്.

വിവാഹപ്രായം ചെന്നിട്ടും മകളെ തന്റെ മടിയിലിരുത്തി ഒന്നു തൊട്ടുഴിഞ്ഞു മൂർദ്ധാവിൽ ചുംബിക്കാതെ ആ അച്ഛന് ഉറക്കം വരില്ല. ഉണ്ണുമ്പോൾ തന്റെ കൂടെ അവളിരുന്ന് ഒരേ പാത്രത്തിൽ നിന്ന് വാരിക്കഴിക്കണം.

"മോളേ, ച്ചിരുടി വാരിത്തിന്ന്." അച്ഛൻ അവളെ വാത്സല്യത്തോടെ ശാസിക്കും.

"ദേ, നീ മെലിഞ്ഞുപോകും..."

"എന്റെ അച്ഛനെന്തൊക്കെ സകിച്ചച്ചോ... ഇനിയെന്റച്ചനെന്നെ മോളേന്നു ബിളിക്കൂലല്ലോ..."

ദമയന്തി അച്ഛന്റെ ശവം കെട്ടിപ്പിടിച്ചു കരളുരുകിക്കരയുകയാണ്. ഒരു ജീവിതത്തിലെ മുഴുവൻ കാര്യവും അവൾക്കു പറഞ്ഞു കരയാനുണ്ട്.

അവൾ കരയട്ടെ; പൈതൽമരയ്ക്കാൻ സ്വയം സമാധാനിച്ചു. കരഞ്ഞല്ലാതെ അവൾക്കു സമാധാനം കിട്ടില്ല.

ദമയന്തിയെ ആദ്യമായി കണ്ടുമുട്ടിയ ദിവസം ഏതെന്ന് അവൻ ഓർത്തു. തുലാമാസത്തിലെ അമാവാസിനാളിലാണ്. ഉരുപുണ്യകാവുകുന്നിനു മുമ്പിൽ പിതൃക്കൾക്കു ബലി നൽകി സമുദ്രസ്നാനം കഴിക്കാൻ ആയിരക്കണക്കിനാളുകൾ തടിച്ചുകൂടീട്ടുണ്ട്. പിതൃകർമ്മത്തിനു പ്രസിദ്ധപ്പെട്ട സ്ഥലമാണത്. ജനക്കൂട്ടത്തെ കാണാനും നേരമ്പോക്കിനുമായി അന്നു പൈതലും അവിടെ എത്തിച്ചേർന്നു. സമുദ്രത്തിൽമുങ്ങി, ഈറനോടെ, കരയ്ക്കുകേറി കറുകയും ഉണക്കലരിയും എള്ളും പിതൃക്കളെ സങ്കല്പിച്ചു ബലി നൽകി. പാഞ്ഞുകുന്നുകയറി. കുന്നിൻപുറത്തുള്ള തീർത്ഥത്തിൽ മുങ്ങി, ഉരുപുണ്യകാവുദുർഗയെ തൊഴുത്, പ്രസാദം വാങ്ങി, ജനങ്ങൾ വരിവരിയായി നീങ്ങിക്കൊണ്ടിരിക്കുന്നു.

കളിക്കോപ്പുകളും കൗതുകവസ്തുക്കളും വിൽക്കുന്നവർ ധാരാളമുണ്ട്. ജനങ്ങളെ ആകർഷിക്കാൻ വേണ്ടി വ്യാപാരികളുണ്ടാക്കുന്ന പലവിധ ശബ്ദംകൊണ്ടു കടൽത്തീരം മുഖരിതമാണ്. കുന്നിന്റെ അടിവാരത്ത് ഉയർന്ന പാറപ്പുറത്ത് അസാധാരണമായ നിലയിൽ ആളുകൾ കൂടിനിൽക്കുന്നതുകണ്ട് പൈതലങ്ങോട്ടു നടന്നു. ഒരു മാപ്പിള കൗതുകവസ്തുക്കൾ വിൽക്കുകയാണ്. പറങ്കികളുടെ നാട്ടിൽ നിന്നു പുത്തനായി വന്ന വിചിത്രവസ്തുക്കൾ പലതുമുണ്ട്. അവൻ ജനങ്ങളെ തിക്കിത്തിരക്കി അതിനകത്തേക്കു കഴത്തിട്ടു നോക്കി.

അമ്പാടിമരയ്ക്കാൻ മകൾക്കു കൗതുകവസ്തുക്കൾ വാങ്ങുകയാണ്. ദമയന്തി തിക്കിത്തിരക്കുന്ന ആൾക്കൂട്ടത്തിനിടയിൽ അച്ഛന്റെ കൈയും പിടിച്ച് ഒതുങ്ങിനിന്നു. വാസനദ്രവ്യങ്ങൾ, കുപ്പിവളകൾ... അങ്ങനെ പലതും അവൾക്കുവേണം. ഒന്നേ അവൻ നോക്കിയുള്ളൂ. ഉള്ളിലൊരു കോളിളക്കം. പിന്നെയും പിന്നെയും നോക്കാനൊരു പ്രേരണ. അമ്പാടിമരയ്ക്കാന്റെ മകളെ അങ്ങനെ നോക്കരുതെന്ന് അവന

റിയാം; നോക്കീട്ടുകാര്യമില്ലെന്നും. എന്നിട്ടും അവൻ നോക്കി; പലവട്ടം. ആ പ്രായത്തിനിങ്ങനെയൊരു കുഴപ്പമുണ്ട്. കഴുത്തുപോകുമെന്നു വന്നാലും നല്ല പെൺകുട്ടികളെക്കണ്ടാൽ നോക്കിപ്പോകും. അവൾ ഇങ്ങോട്ടു നോക്കിയോ? ഉണ്ടാവണം. ഇല്ലെങ്കിൽ അവളുടെ കവിളത്തൊരു തുടുപ്പും മേൽച്ചുണ്ടിനു കീഴിൽ വെള്ളിക്കമ്പിയോളം വർണത്തിലൊരു മന്ദഹാസവും മുഖത്താകപ്പാടെ അൽപ്പം ലജ്ജയും പരക്കാനെന്തു കാരണം?

ആ നോട്ടം അനാവശ്യമായിരുന്നെന്നു ജീവിതത്തിൽ പിന്നീടു പലപ്പോഴും പൈതലിനു തോന്നീട്ടുണ്ട്. വളയക്കടപ്പുറത്തെ, ഓരോ തരിപ്പൂഴിയും അവനോടതിനു പകരം ചോദിക്കാൻ പുറപ്പെട്ടിട്ടുണ്ട്. പക്ഷേ, ഒരു പ്രയോജനവുമുണ്ടായില്ല. ജീവിതത്തിലെ ഏറ്റവും ശക്തിമത്തായൊരു വികാരത്തിന്റെ പ്രകടനമായിരുന്നു അത്. വെള്ളപ്പൊക്കത്തെയും കടലാക്രമണത്തെയും തടുത്തുനിർത്താം. ആ വികാരത്തെ തടുത്തുനിർത്താൻ പറ്റിയ ആയുധമില്ല; ശക്തിയില്ല. പൈതൽ കീഴടങ്ങി. അവന്റെ നോട്ടം ഒരേട്ടച്ചൂണ്ടലായിരുന്നു. അതിന്റെ തലപ്പത്തു പൂമീനാണ് കുടുങ്ങിയത്. വലിച്ചു കരയ്ക്കെത്തിക്കണം. കോളുകൊണ്ട കടലാണ്. ചൂണ്ടലിൽ കെട്ടിയ പനങ്കണ്ണി ദുർബ്ബലമാണ്. എങ്കിലും പിടിച്ചു വലിക്കാൻ തന്നെ തീരുമാനിച്ചു. ആദ്യത്തെ വലിക്കുതന്നെ വലിയൊരു കുലുക്കം സംഭവിച്ചു. അമ്പാടിമരയ്ക്കാന്റെ മാളികവീട്ടിന്റെ നറുക്കോട്ടുകൾ ഇളകി വിറച്ചു.

“നിന്നെ ഞാൻ കൊല്ലും” മകളോടച്ഛൻ.

“ഞാൻ മരിക്കും!” അച്ഛനോടു മകൾ.

കൊല്ലാനും മരിക്കാനുമുള്ള നേരം വരുന്നതിനു മുമ്പേ ദമയന്തി അച്ഛന്റെ പിടിയിൽ നിന്നോടി രക്ഷപ്പെട്ടു. ആ വലിയ ഓടുമേഞ്ഞ മാളികയും കണക്കില്ലാത്ത സ്വത്തും കൈവിട്ടു പൈതലിന്റെ കുടിലിൽ അഭയംപ്രാപിച്ചു...

“എന്റച്ഛനെനിക്കുവേണ്ടി എന്തൊക്കെ സഹിച്ചോ!” ശവത്തിന്റെ മുഖം പിടിച്ചു വല്ലതുമൊന്ന് സംസാരിക്കണേ എന്നപേക്ഷിച്ചു ദമയന്തി വാവിട്ടുകരഞ്ഞു.

അവൾ കരയട്ടെ; അവളുടെ ദുഖം കരഞ്ഞുതന്നെ തീരണമെന്നു പൈതൽമരയ്ക്കാൻ സമാധാനിച്ചു...

അമ്പാടിമരയ്ക്കാന്റെ കോപം എല്ലാറ്റിനെയും ചുട്ടുചാമ്പലാക്കും. ഇടിത്തീപോലെ എപ്പോഴെന്നില്ലാതെ അതു തലയിലറ്റുവീഴും. ഇനി പേടിച്ചിട്ടു കാര്യമില്ല. ഉറച്ചുനിന്നു. ദമയന്തി അടുത്തുള്ളപ്പോൾ വിവരിക്കാൻ വയ്യാത്തൊരു തന്റേടം. മരിക്കാൻതന്നെ ഒരുങ്ങിപ്പിടിച്ചു നിന്നു.

“സാരമില്ല. മരിക്കുമ്പം രണ്ടാക്കും ഒപ്പം മരിക്കാം.” അവൾ ആശ്വസിച്ചു. ഇത്തരം പരീക്ഷണങ്ങളെ നേരിടുമ്പോൾ ഉറച്ചുനിൽക്കാനുള്ള കഴിവു പെണ്ണുങ്ങൾക്കാണോ കൂടുതൽ?

പലതും പ്രതീക്ഷിച്ചു. ഒന്നും സംഭവിച്ചില്ല. ഉരുകിത്തണുത്ത ഒരഗ്നിപർവ്വതം പോലെ അമ്പാടിമരയ്ക്കാർ തരിച്ചിരുന്നു. കള്ളുവേണം, പാത്രക്കണക്കിൽ. തീരും

തോറും അതാവശ്യപ്പെട്ടു കൊണ്ടിരുന്നു. ആർക്കും മറുത്തുപറയാൻ ധൈര്യമുണ്ടായില്ല. കള്ളിൽ മുങ്ങി എല്ലാം മറക്കാനുള്ള ശ്രമമാണ്.

ഒരു രാത്രി കെട്ടിയോൾ മരിച്ചു. തല്ലിക്കൊന്നതാണെന്നു പറഞ്ഞവരുണ്ട്. ഇരിയ്ക്കപ്പൊറുതിയില്ലാതെ കെട്ടിഞാന്നു മരിച്ചതാണെന്നും അഭിപ്രായമുണ്ട്. മകളെ അറിയിക്കാതെ ശവസംസ്കാരം നടത്തി. എങ്ങും പോകാതെ ഒരേ ഇരിപ്പിലിരുന്നു കള്ളു കുടിച്ചു. ഓടവും വലയും ഓരോന്നായി വിറ്റു. വീടു വിറ്റു. കടപ്പുറത്തെ പൂഴിമണ്ണിൽ ഒരു കുടിൽ കുത്തിമറച്ച് അതിലേക്കു താമസം മാറ്റി... പിന്നെയും കുടിച്ചു. ചുറ്റുപാടുകൾ മറന്ന്, തന്നെത്താൻ മറന്ന്, കള്ളിന്റെ ലഹരിയിൽ മാത്രം ജീവിച്ചു...

ഒരു ദിവസം അയൽക്കാർ പറഞ്ഞാണ് പൈതൽമരയ്ക്കാൻ അറിഞ്ഞത് അമ്പാടിമരയ്ക്കാൻ കുടിലിൽ ബോധംകെട്ടു കിടക്കുന്നെന്ന്; വിളിച്ചിട്ടു മിണ്ടുന്നില്ലെന്ന്. ദമയന്തി അതു കേട്ടു പൊട്ടിക്കരഞ്ഞു. അച്ചനെ കാണണമെന്നു ശഠിച്ചു. അങ്ങനെയാണ് ആ പക്ഷവാതരോഗിയെ തന്റെ കുടിലിലേക്കു കൊണ്ടുവന്നത്. ഇരുപതു നീണ്ട സംവത്സരത്തിനുശേഷം മകൾ അച്ചനെ കണ്ടു. ചെയ്തുപോയ പാപത്തിനു പ്രായശ്ചിത്തമെന്ന നിലയിൽ മകൾ അച്ഛനെ നിരന്തരം ശുശ്രൂഷിച്ചു. അവയവങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതുകൊണ്ടാണ് അമ്പാടിമരയ്ക്കാൻ പ്രതിഷേധിച്ച് എഴുന്നേറ്റുപോകാത്തതെന്നു പലരും പറഞ്ഞു. നാട്ടുകാരെന്തെങ്കിലും പറയട്ടെ. അവർക്കു പറഞ്ഞുകൂടാത്തതില്ല. രാവും പകലും ഒരുപോലെ മകൾ അച്ഛനെ ശുശ്രൂഷിച്ചു.

അകത്തെ നിലവിളി രൂക്ഷമാവുകയാണ്. സംസ്കാരത്തിനു വേണ്ടി ശവം പുറത്തേക്കെടുക്കുകയാവും. പൈതൽമരയ്ക്കാൻ എഴുന്നേറ്റ് ആൾക്കൂട്ടത്തിലേക്കു ചെന്നു.

— 4 —

# നാല്

മരയ്ക്കാർ കോട്ടയ്ക്കും പന്തലായിനിത്തുറമുഖത്തിനുമിടയിലാണ് വളയക്കടപ്പുറം. മീൻപിടുത്തക്കാരായ മുക്കുവരും മുസ്ലിംങ്ങളും അവിടെ പൂഴിപ്പരപ്പിൽ കൊച്ചുകുടിലുകൾ കെട്ടി താമസിക്കുന്നു. വെട്ടി മടഞ്ഞ തെങ്ങോലയും മുളച്ചീന്തുകളുമുപയോഗിച്ചാണ് കുടിലുകളുണ്ടാക്കുന്നത്. എപ്പോഴും കടൽക്കാറ്റിനെ പേടിക്കണം. പഴുതില്ലാത്ത വിധം ചുറ്റുപുറവും കുത്തിമറച്ചില്ലെങ്കിൽ കുടിലിൽ കഴിച്ചുകൂട്ടാൻ പറ്റില്ല. കലശലായ തണുപ്പാണ്. വായുമണ്ഡലത്തിൽ സദാ നീരാവി തങ്ങിനിൽക്കും. അതുകൊണ്ടു നിലംപറ്റിയാണ് കുടിലുകളുടെ നിൽപ്പ്. ഉള്ളിലേക്കു നുഴഞ്ഞുകേറണം. കേറിയങ്ങു ചെന്നാൽ കാണുന്നത് ഒരകം മാത്രമാണ്. അടുക്കളയും കിടപ്പറയും അതിഥികളെ സ്വീകരിക്കാനുള്ള സ്ഥലവും എല്ലാം അതാണ്. വിവാഹവും വിവാദവും ജനനവും മരണവും അവിടെവെച്ചു നടക്കുന്നു. ചട്ടിയും കലവും അടുപ്പും തീയും അച്ഛനും മകനും ഭാര്യയും ഭർത്താവും അവിടെ ഒത്തുചേരുന്നു. പ്രണയചാപല്യവും പരസ്പര സ്നേഹവും വിദ്വേഷവും സംഘട്ടനവും നിറഞ്ഞ ജീവിതനാടകത്തിന്റെ അരങ്ങും അണിയറയും അതാണ്.

മറ്റുള്ളവയിൽ നിന്നകന്ന് ആകൃതിയിലും പ്രകൃതിയിലും തികച്ചും ഒറ്റപ്പെട്ടു നിൽക്കുന്ന, നുറുക്കോടു മേഞ്ഞ ഒരു മാളികവീട് വളയക്കടപ്പുറത്തുണ്ട്. ആ മഹാത്ഭുതമവിടെ സൃഷ്ടിച്ചത് അമ്പാടിയായിരുന്നു. ഇന്നവിടെ ഒരു മുസ്ലിം വ്യാപാരിയാണ് താമസം-ആലികുട്ടി. മറ്റുള്ളവർ അമ്പാടിയുടെ തകർച്ച കണ്ട് അമ്പരന്നു നിന്നപ്പോൾ ആലിക്കുട്ടി അതിൽ നിന്നു മുതലെടുത്തു. അയാൾ മാളികയും ചുറ്റുമുള്ള സ്ഥലവും അമ്പാടിയോടു വിലയ്ക്കു വാങ്ങി. അതിരുകൾ വേലികെട്ടിയുറപ്പിച്ച് അവിടെ താമസമാക്കി. അപ്പോഴാണ് പുതിയൊരാശയമുദിച്ചത്. പാർപ്പിടത്തിന്നൊരു പേരുവേണം. കടപ്പുറത്തു പാർപ്പിടങ്ങൾക്കു പ്രത്യേകം പേരിടാറില്ല; കുടുംബത്തലവന്റെ പേരുമായി കൂട്ടിക്കെട്ടി വിളിക്കുകയേ പതിവുള്ളൂ. അതുപോരാ. ആലിക്കുട്ടിതന്നെ ആലോചിച്ച് ഒരു പേരുണ്ടാക്കി-മാളികയ്ക്കൽ. നല്ല പേര്!

അമ്പാടിമരയ്ക്കാന്റെ കൈയിൽ നിന്നു വാങ്ങുമ്പോൾ തൊടിനിറച്ചും തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിച്ചിരുന്നു. മണ്ണിലെ ഉപ്പുരസവും വായുമണ്ഡലത്തിലെ നീരാവിയും തെങ്ങുകളുടെ വളർച്ചയ്ക്ക് അനുകൂലമാണ്. പാഞ്ഞുപാഞ്ഞവ വളർന്നു വരിവരിയായി പട്ടാളച്ചിട്ടയിൽ കനക്കെ കായ്ക്കളുമേന്തി നിൽക്കുന്ന ആ തെങ്ങിൻത്തോപ്പ് മിക്കവാറും തരിശായിക്കിടക്കുന്ന പൂഴിപ്പരപ്പിന്റെ വിരിമാറിൽ ഒരു പച്ചക്കൽത്താലി ചാർത്തിക്കൊടുത്തു. നട്ടുപിടിപ്പിച്ചവന് ഫലമനുഭവിക്കാൻ കഴിഞ്ഞില്ല. എന്നും വൈകിട്ട് ആലിക്കുട്ടി ആ തെങ്ങിൻത്തോപ്പിലൂടെയൊന്നു നടക്കും. കറുത്ത വട്ടത്താടിയും ക്ഷൗരം ചെയ്തു മിനുക്കിയ തലയും നിസ്കാരത്തഴമ്പാർന്ന നെറ്റിയും നീണ്ടു വളഞ്ഞ മൂക്കും തിളങ്ങുന്ന കണ്ണുകളും കറുകപ്പുല്ലുപോലെ രോമം വളർന്നു നിൽക്കുന്ന ചെവിയും നെടുതായ ശരീരവും കനത്തുമുമ്പോട്ടു തൂങ്ങുന്ന വയറുമുള്ള ആലിക്കുട്ടി പുറവേലിക്കടുത്തു നിന്ന് ആ വഴി കടന്നുപോകുന്ന ആരെയും വിളിക്കും.

> അല്ലാ, ആരാത്? അഃ അഃ ഇജ്ജ് എബിഡെക്കാ? പോട്ട്, പോട്ട്.
> ഞമ്മൾ ബറുക്കനെ ബിളിച്ചതാ.

ആ വിളിക്ക് ഒരർത്ഥമേയുള്ളു: അങ്ങനെ അലക്ഷ്യമായി കടന്നു പോണ്ടാ. ഒന്നു തിരിഞ്ഞുനോക്കിക്കളയൂ. പുറംതൊണ്ടു ചുവന്നു പഴുത്ത നാളികേരവും രസക്കുടുക്കപോലെ അലച്ചില്ലുകളിൽ പറ്റിപ്പിടിച്ചു നിൽക്കുന്ന കരിക്കും, പ്രകാശരശ്മിപോലെ പൊട്ടിവിടർന്നു പരിമളം പരത്തുന്ന പൂക്കുലയും ചുമന്നു നിൽക്കുന്ന ഈ തെങ്ങുകളുടെ ഉടമസ്ഥൻ ഞാനാണ്. മനസ്സിലായോ എന്ന്.

കളകൾ പറിച്ചും കടകൾ മാന്തിയും തൊടിയിലങ്ങനെ നടക്കുമ്പോൾ അയാൾക്കു ചിലപ്പോഴൊരു നേരമ്പോക്കു തോന്നും: തന്റേതെന്ന് അഭിമാനത്തോടെ പറയാവുന്ന ആ തോട്ടത്തിൽ നിന്ന് ആർക്കാനും ഒരു ഇളനീരെങ്കിലും സൽക്കരിക്കണ്ടേ? വേണ്ടതാണ്. തക്ക ഒരു അതിഥിയെ കിട്ടണം. അതെവിടെ കിട്ടും? സൽക്കരിച്ചാൽ ഉടനെ വേണ്ടെന്നു പറഞ്ഞു നിരസിക്കുന്ന അതിഥിയാവണം. അങ്ങനെയുള്ളവരെ ക്ഷണിക്കാൻ ആലിക്കുട്ടിക്കു വലിയ ആവേശമാണ്. അതിലേ കടന്നു പോകുന്നവരൊന്നും ആ വകുപ്പിൽ പെട്ടവരല്ല. അതുകൊണ്ടു വയ്യാ. തരംപോലെ ഒരാളെ കിട്ടാനെന്തുവഴി? അധികനേരം ആലോചിക്കേണ്ടിവന്നില്ല; ഒന്നാന്തരമൊരതിഥിയുടെ കാര്യം ഓർമ്മ വന്നു.

"കദീസാ, കദീസാ!" ആലിക്കുട്ടി ഉറക്കെ വിളിച്ചു.

കദീശ അടുക്കളയിൽ നിന്നു വിളികേട്ടു.

"അനക്ക് എളന്നീം മേണോ?" ആലിക്കുട്ടി സൽക്കരിച്ചു.

"മേണ്ടാ"

"ഇജ്ജ് കുടിച്ചോ", നിർബ്ബന്ധമാണ്.

"മേണ്ടാന്ന്." കഠിനമായ നിഷേധം.

“അയിനക്കൊണ്ടൊന്നുല്ലെടീ. ജജ് കുടിച്ചോ.”

“എനിക്ക് മാണ്ടാന്ന് പറഞ്ഞില്ലേ?”

ആലിക്കുട്ടിക്കു സന്തോഷമായി.

“കെട്ടുന്നെങ്കില് അങ്ങനത്തെ പെണ്ണിനെ കെട്ടണം.”

ആകാശത്തിൽ ഇഴഞ്ഞുനടക്കുന്ന കരിമേഘങ്ങളിൽ സൂര്യൻ ഒളിച്ചുകളിക്കുകയാണ്. നിഴലും വെളിച്ചവും മാറിമാറി വീണ ഭംഗിപിടിപ്പിക്കുന്ന തന്റെ തോട്ടത്തിൽ അന്നും പതിവുപോലെ ആലിക്കുട്ടി ലാത്താനിറങ്ങി. വൃക്ഷ സമുദായത്തോടു മുഴുവനും അയാൾക്കിപ്പോൾ സ്നേഹമാണ് ബഹുമാനമാണ്. ഒരു കുട്ടി പിറന്നാൽ ചുരുങ്ങിയതു പത്തുപതിനാറുകൊല്ലം കാത്തിരിക്കണം, അവനെക്കൊണ്ടു കുടുംബത്തിലേക്കു വല്ലതുമൊരാദായമുണ്ടാവാൻ. അതുവരെ ചെലവുതന്നെ. ഒരു നാളികേരം കുഴിച്ചിട്ടു നോക്കു. രണ്ടാമത്തെ കൊല്ലം അടുപ്പിൽ കത്തിക്കാൻ അൽപം വിറകെങ്കിലും അതു തരാതിരിക്കില്ല. ശുശ്രൂഷിക്കേണ്ടതും വളർത്തേണ്ടതും വൃക്ഷങ്ങളെയാണ്. ഓടിപ്പോവില്ല, അനുസരണക്കേടു കാട്ടില്ല. മടിച്ചിരിക്കില്ല, കളവു പറയില്ല, നോക്കി നോക്കി നടക്കുമ്പോൾ അമ്മേനിദ്വീപിൽ നിന്നു പത്തേമ്മാരിക്കാർ കൊണ്ടുവന്നുകൊടുത്ത പതിനാറാം പട്ടക്കാരന്റെ കാര്യം ഓർമ്മവന്നു. രണ്ടുകൊല്ലംകൊണ്ടാണ് കായ്ക്കാൻ തുടങ്ങിയത്. എങ്കിലും അവന്ന് ആരോഗ്യം പോരാ. എന്തോ കുഴപ്പമുണ്ട്. ആലിക്കുട്ടി ചെന്നു നോക്കി. ഫലവും ചുമന്നുകൊണ്ടു കുഴിയിൽ നിന്നു തലപൊക്കി നോക്കുകയാണ്. എന്തൊരു ചന്തം!

അറിയാതെ അയാൾ വിളിച്ചു: “കദീസ്സാ” എന്നുമെന്നപോലെ ചോദിച്ചു: “അനക്ക് എളന്നീംമേണോ?” കദീശ മിണ്ടിയില്ല. അവളതു പൊട്ടിയൊന്നുമല്ല. വിളിക്കുന്നതും ക്ഷണിക്കുന്നതും ഇളന്നീർ കുടിക്കാനല്ലെന്ന് അവൾ മനസ്സിലാക്കിക്കഴിഞ്ഞു.

ആലിക്കുട്ടി കാലുമടക്കി ഇരുന്നു. ആ ദ്വീപുകാരന്റെ ശരീരം പരിശോധിക്കാൻ ഇരുന്നിട്ടേ വയ്യു. അത്ര കൊച്ചാണ്. കുഴിയിൽ നിന്നു തല പുറത്തു കാട്ടിയതുതന്നെ കരിങ്കുലയും ചുമന്നോണ്ടാണ്. കടും പച്ചനിറത്തിൽ അലച്ചിലിൽ രണ്ടുംനാലുമെന്ന വിധം വലിയൊരു കരിക്കുകുല തിങ്ങിനിറഞ്ഞങ്ങനെ കണ്ടപ്പോൾ ആലിക്കുട്ടിക്കു സഹിച്ചില്ല. മുഖം അറിയാതെ താണു. കൊച്ചുമകന്റെ കൈവിരലുകളെന്നപോലെ അലച്ചിലുകൾ വട്ടത്താടിയിൽ കിക്കിളികൂട്ടി. “എന്റെ പൊന്നാര മുത്തേ” ആലിക്കുട്ടി ആ കരിക്കുകുലയിൽ മുഖമമർത്തി ഒന്നു ചുംബിച്ചു.

പിറകിൽ നിന്ന് ഒതുക്കിപ്പിടിച്ചൊരു ചിരി. ആലിക്കുട്ടി തിരിഞ്ഞു നോക്കി.

“ങ്ങക്ക് തലയ്ക്കു നല്ല ലക്കില്ലേന്ന്!” മുഖത്തു ചിരിയുണ്ടെങ്കിലും അല്പം ഗൗരവം ഭാവിച്ചുകൊണ്ടാണ് കദീശ ചോദിച്ചത്. ആടിക്കൊണ്ടിരിക്കുന്ന തെങ്ങോലകൾക്കിടയിലൂടെ ചാഞ്ഞുവിഴുന്ന പടിഞ്ഞാറൻ ചുകപ്പ് കദീശയുടെ കവിളിൽ ചായപ്പണി ചെയ്യുകയാണ്. പെട്ടെന്നെന്തോ ഓർത്തപോലെ കദീശ തലയിലിട്ട കറുപ്പു തട്ടത്തിന്റെ അറ്റം കൊണ്ട് മുഖം പാതി മൂടി, തുങ്ങിനിൽക്കുന്ന ഒരു തെങ്ങോലയു

ടെ പിറകിലോട്ട് മാറിനിന്നു. നാലു കുഞ്ഞുങ്ങളുടെ തള്ളയായിട്ടും കെട്ടിയോന്റെ മുമ്പിൽ നാണിച്ചുനിൽക്കണമെന്ന കാര്യം അവൾ മറന്നിട്ടില്ല. വല്ലപ്പോഴും ഓർമ്മക്കുറവുകൊണ്ടൊരു പിശകുപറ്റിയാൽ ഉടനെയതു തിരുത്താൻ അവൾ മടിക്കാറുമില്ല.

"ചോയിച്ചത് ങ്ങള് കേട്ടീലേ?" ആലിക്കുട്ടി കേട്ടോ, എന്തോ! ആ കണ്ണുകൾ നിർന്നിമേഷങ്ങളായിരുന്നു. അളകങ്ങൾ വീണിഴയുന്ന നെറ്റിയിലോ കറുത്ത തട്ടത്തിനടിയിൽ ഒളിച്ചുകൂടുന്ന കവിളിണയിലോ നാണംകൊണ്ടിളകുന്ന നീലമിഴികളിലോ എവിടെയാണ് കദീശ സൗന്ദര്യമൊളിപ്പിച്ചുവെച്ചതെന്നു കണ്ടുപിടിക്കാനുള്ള ശ്രമമാണ് ആ നോട്ടത്തിൽ കദീശയും തെങ്ങും ഒരുപോലെയാണെന്ന് ആലിക്കുട്ടിക്കു തോന്നി. തന്റെ സുഖത്തിനും സന്തോഷത്തിനുമായിട്ടാണ് അവ നിലകൊള്ളുന്നത്.

"എന്താങ്ങനെ മുണ്ടാണ്ട് തുറിച്ചുനോക്കുന്നത്?"

കദീശ വിണ്ടും ചോദിച്ചു.

"അനക്ക് തിരിയൂലെടി…" ആലിക്കുട്ടി എഴുന്നേറ്റു. "കൂസിപ്പണികൊണ്ടു തടി ബെസറക്കണം. അപ്പം അനക്കു തിരിയും."

"എന്തു തിരിഞ്ഞാലും ഞമ്മള് മരത്തിനെപ്പടിച്ച് മൊത്തൂലാ."

അവൾ പരിഹസിച്ചു: "ങ്ങള് പായ്യാരം പറച്ചിലബിട നിർത്തി ആ പൈതലിന്റെ കുടീലൊന്ന് പോയിറ്റ് ബരീം."

"അതിപ്പം ജ്ജൊന്ന് പറയ്യാന്ണ്ടോ? പോണന്ന് ഞമ്മക്കറിയൂലേ?"

"അറിഞ്ഞാപ്പോരാ. പോണം. ഇന്ന് സുബഹിനിബിടെ ബിബിരം അറിഞ്ഞില്ലേ? ത്രേരായിട്ടും ങ്ങള് പോയ്യോ?"'

ശരിയാണ്. അമ്പാടി മരിച്ച വിവരം കാലത്തേ അറിഞ്ഞു. അറിഞ്ഞ ഉടനെ പോകേണ്ടതാണ്. കഴിഞ്ഞില്ല. പോകാനുറച്ച് പടിക്കലോളമെത്തി. ഒരിടപാടിന്റെ കാര്യവും പറഞ്ഞ് ഒരാൾ ഓടിക്കയറിവരുന്നത് അപ്പോഴാണ്. നല്ല ഇടപാട്ട് എല്ലാനേരത്തും എത്തിച്ചേരില്ല. കൊല്ലത്തിലൊരിക്കലോ രണ്ടുകൊല്ലം കൂടുമ്പോൾ ഒരിക്കലോമാത്രം. അതു കണ്ടില്ലെന്നു നടിക്കാൻ വയ്യാ. ഓടവും വലയും പണയം വയ്ക്കാനാണ് വന്നത്. കോടിക്കൽക്കടപ്പുറത്തെ ഒരു മരയ്ക്കാനു മകളെ താലികെട്ടിച്ചയയ്ക്കാനുള്ള തിടുക്കം. പരാതികൾ പലതും മരയ്ക്കാൻ പറഞ്ഞു. പലിശ എന്തുവേണമെങ്കിലും കൊടുക്കാമെന്നു ശപഥം ചെയ്തു.

"പക്കേങ്കില് ഒരു കാര്യം: ഞമ്മക്ക് പലിസ ബാങ്ങാൻ പറ്റൂലാ. പലിസ ഹറാമാ." തന്റെ സ്ഥിരമായ പല്ലവി ആലിക്കുട്ടി വലിച്ചിട്ടു.

വലഞ്ഞല്ലോ. പലിശ വാങ്ങാൻ പാടില്ലത്രേ. ഏതു നിബന്ധനയിൽ പിന്നെ ഇടപാടു നടക്കും? യൗവനം മുറ്റിത്തഴച്ചുനിൽക്കുന്ന ഒരു പെൺകുട്ടി മുമ്പിൽ വന്നു നിൽക്കുന്നു; എല്ലാ നിയന്ത്രണങ്ങളും വലിച്ചുപൊട്ടിച്ചു പുറത്തേക്കു ചാടാൻ ഒരുങ്ങി നിൽക്കുന്നൊരു പെൺകുട്ടി! ആ അച്ഛൻ വിഷമിച്ചു. മീൻപിടുത്തക്കാർക്കു സമ്പാദിക്കാനറിയില്ല. അന്നന്നത്തെ ചെലവു കഴിച്ചു മിച്ചമുണ്ടാക്കാൻ അവർ പഠിച്ചിട്ടില്ല.

വരവിനനുസരിച്ചാണ് ചെലവൊപ്പിക്കുന്നത്. കുറച്ചു കിട്ടിയാൽ അരിഷ്ടിച്ചും പിശുക്കിയും, ധാരാളം കിട്ടിയാൽ വിഭവസമൃദ്ധമായും ആർഭാടസഹിതമായും. പിന്നെ എങ്ങനെ മിച്ചമുണ്ടാവും? അടിയന്തരാവശ്യങ്ങൾ നേരിടുമ്പോൾ അവർ പരസ്പരം മിഴിച്ചുനോക്കും. ഒരു ഭാഗം നോക്കി മടക്കുമ്പോൾ മറുഭാഗം തിരിഞ്ഞിരിക്കും. അവിടെ കടലാണ്. അറ്റം കാണാത്ത കടൽ. അതുപോലെ ആവശ്യങ്ങളും അറ്റം കാണാതെ പരന്നുകിടക്കുന്നു; ഓരോ ചോദ്യവും ഉത്തരം കാണാതെ പുറപ്പെട്ട സ്ഥലത്തു തിരിച്ചെത്തുന്നു. ഒടുവിൽ വലിയൊരു തീരുമാനവുമായി എഴുന്നേൽക്കുന്നു-മീൻ പിടിക്കാനുള്ള ഓടവും വലയും പണയപ്പെടുത്തുക. അതു ജീവിതത്തെത്തന്നെ പണയപ്പെടുത്തലാണ്. പട്ടിണി കിടക്കാനുള്ള സൗകര്യം സൃഷ്ടിക്കലാണ്.

ആവലാതികളും അപേക്ഷകളുമൊക്കെ നിരസിച്ചുകൊണ്ട് ആലിക്കുട്ടി ഉറപ്പിച്ചു പറഞ്ഞു: "പലിസയ്ക്കു കൊടുക്കാനുള്ള മൊതൽ ഞമ്മളെ കൈമലില്ല. ലാഫക്കച്ചോടാണെങ്കില് ഞമ്മളൊരുക്കാം."

അല്പനേരത്തെ മൗനം. ആരാണ് പറയേണ്ടത്? എന്താണ് പറയേണ്ടത്? ആ മൗനം വളരെ നേരം നീട്ടിക്കൊണ്ടുപോവാൻ പറ്റില്ല.

"ഞമ്മളൊരൊപായം പറയാം." ഒടുവിൽ ആലിക്കുട്ടിതന്നെ ഒരു വഴി കണ്ടുപിടിച്ചു. മരയ്ക്കാൻ ശ്രദ്ധിച്ചു കേട്ടു. "പണയം ഞമ്മക്കുമേണ്ടാ. ഓടവും വലയും ബെലകണക്കാക്കി ഞമ്മക്ക തന്നാള."

ആ ഉപായത്തിന് ഒരിടിവാളിന്റെ കരുത്തുണ്ടായിരുന്നു. ഓടവും വലയും വിലകണക്കാക്കി വിൽക്കുന്നതു ജീവിതത്തെ ഉപേക്ഷിക്കും പോലെയാണ്. കടം ചോദിക്കാൻ വരുന്നവന്റെ മനഃശ്ശാസ്ത്രം നല്ലപോലെ പഠിച്ചുറപ്പിച്ച ആലിക്കുട്ടി അനുനയസ്വരത്തിൽ തുടർന്നു:

"എടോ, ഞമ്മള് ഒപായന്ന് പറഞ്ഞത് നീ കേട്ടോ?"

"കേട്ടു."

"പിന്നെ ജ്ജെന്തിനാ പേടിച്ചിണ്?" ഓടോം വലേം വെല കണക്കാക്കി ഞമ്മക്ക് തന്നാല് അത് ജ്ജ് തന്നെ സൂച്ചിച്ചോ. ഞമ്മക്കാതെന്തിനാ? ഞമ്മള് മീൻ പിടിച്ചാമ്പോണില്ലല്ലോ. പക്കേങ്കില് ഒരു കാര്യം "ഞമ്മളെ കായിന് ലാഫം കണക്കാക്കി ജ്ജ് അതിന് ദിവസക്കൂലി തന്നാളാ. എന്തേയ്?"

ഉത്തരമില്ല.

"ഞമ്മളെ ഒപായം അനക്ക് പിടിച്ചോ?"

നെടുവീർപ്പ്!

"പുടിച്ചെങ്കില് കയ്യടിച്ചോ. അന്റെ കയിൽ കായിണ്ടാവുമ്പം തന്നാളാ. ഓടോം ബലേം അന്റേത് തന്യാവും."

ഒടുവിൽ പറഞ്ഞതു ന്യായമാണ്. പണമുണ്ടാവുമ്പോൾ തിരിച്ചു കൊടുക്കാനും ഓടവും വലയും വിട്ടുവാങ്ങാനും ആ ഉടമ്പടിയിൽ വ്യവസ്ഥയുണ്ട്. അതുകൊള്ളാം. ഒന്നു മൂളിയാൽ പണം കിട്ടും. പണം കിട്ടിയാൽ കല്യാണം നടക്കും. കല്യാണം

നടന്നാൽ മനസ്സിൽ നിന്നു വലിയൊരു ഭാരമിറക്കിവെക്കാം. പാവപ്പെട്ട ആ പിതാവുമൂളി. പക്ഷേ ശബ്ദം പുറത്തുകേട്ടില്ല.

"എന്താ മുണ്ടാത്തത്? ഇദല്ലാണ്ട് ബേറെ ബയി ഞമ്മളെ കയ്യിലില്ല." ആലിക്കുട്ടി എഴുന്നേറ്റു. കുടവയറും തടവിക്കൊണ്ടു പതുക്കെ നടന്നു. മരണച്ചൂണ്ടലാണ് താനെറിഞ്ഞുകൊടുത്തത്. ഏതു ബുദ്ധിയുള്ള മീനും അതിൽ കുടുങ്ങേണ്ടതാണ്.

കുടുങ്ങി! ബലം പ്രയോഗിച്ച് ഒന്നു പിടിച്ചുവലിക്കേണ്ടതുകൂടി ഉണ്ടായില്ല. ആലോചിക്കുന്തോറും ബഹുരസം. ഓടവും വലയും സ്വന്തമായുണ്ടാവുന്നത് എപ്പോഴും ആദായകരമാണ്. പണയപ്പെടുത്തിയ വസ്തുക്കളൊന്നും ഇന്നുവരെ ഒരു മുക്കുവനും തിരിച്ചുവാങ്ങീട്ടില്ല. അങ്ങനെ അന്നു കാലത്തു നടന്ന ആദായകരമായ ഇടപാടിനെക്കുറിച്ച ചിന്തിക്കാനും രസിക്കാനും ആലിക്കുട്ടിക്കു വലിയ ആവേശം തോന്നി. ആ തെങ്ങിൻതോപ്പും കദീശയും ആലിക്കുട്ടിയുടെ മനസ്സിൽ നിന്ന് അൽപ്പനേരത്തേക്കു മാഞ്ഞുപോയി.

"അല്ലാന്ന്! ഈ സ്ഥലം അമ്പാടീന്റെ കൈമന്നല്ലേ ഇങ്ങള് മോങ്ങ്യേത്?"

നോക്കണേ, ആ പെമ്പിറന്നോളുടെ ഒരു വിവരമില്ലായ്മ! ആവുന്നത്ര മറക്കാൻ ശ്രമിക്കുന്നൊരു സത്യം. ഒരു പൂച്ചക്കുട്ടിയെ എന്നപോലെ ചെവിക്കു തൂക്കിപ്പിടിച്ചു കൊണ്ടുവരുന്നു.

"ബെറുക്കനെ മേങ്ങ്യേതല്ല. മ്പാട്ടം കായി കൊടുത്തിറ്റാ."

"ന്നാലും ഒരറിബും കൊണോം കാണിക്കണ്ടേന്ന്" കദീശ വിട്ടില്ല. "ങ്ങളിത്ബരെ ഒന്നബിടെ കേറ്യോ."

"ന്റെ കദീസ്സാ, ജ്ജൊന്ന് ജഗളക്കൂട്ടാണ്ട് നിക്ക്." ആലിക്കുട്ടി കീഴടങ്ങുകയാണ്. അപരാധബോധത്തിന്റെ കുറഞ്ഞൊരു തളർച്ച ആ ശബ്ദത്തിലുണ്ട്. "ഞമ്മളിപ്പത്തന്നെ പോഗ്ഗാ."

"ഓലിക്കബിടെ പുസ്തിമുണ്ടെന്തെങ്കിലും ഉണ്ടെങ്കിൽ..."

"ഉണ്ടെങ്കില്?" കദീശ പറഞ്ഞുതീരുന്നതിനു മുമ്പെ ആലിക്കുട്ടി തിരിഞ്ഞുനിന്നു ചോദിച്ചു.

"കായി ബല്ലോം കൊടുക്കണം." കദീശ വാചകം പൂർത്തിയാക്കി.

"ജ്ജി ദാ, നോക്ക്, കുരുതംകെട്ടോളേ." കളിയായിട്ട കൈയോങ്ങിക്കൊണ്ട് ആ ഭർത്താവ് ശാസിച്ചു. "ബേണ്ടാസനം പറഞ്ഞാലുണ്ടല്ലോ, അന്റെ പെരടി ഞമ്മൾ കലക്കും."

"അല്ലാണ്ടോ?" തികഞ്ഞ ഗൗരവം ഭാവിച്ചു കദീശ മുമ്പോട്ടു കയറി അവിടെ ഉറച്ചുനിന്നു-തല്ലുന്നെങ്കിൽ തല്ലീൻ, ഒന്നു കാണട്ടെ എന്ന മട്ടിൽ. ആലിക്കുട്ടിയുടെ ഉയർന്ന കൈ മെല്ലെ താണ് കദീശയുടെ തോളിൽ വിശ്രമിക്കുകയാണുണ്ടായത്. ശുണ്ഠിവരുന്ന പെണ്ണേതായാലും അവളെ കാണാൻ നല്ല ചന്തമുണ്ടാവുമെന്നാണ് ആലിക്കുട്ടിയുടെ ശാസ്ത്രം.

“ഓ! ഇങ്ങള് ചെറുബാല്യക്കാരന്റെ ചേലിക്ക് പയ്യാരം കാണിക്കുന്നോ?” തോളിൽ ചാഞ്ഞുനിൽക്കുന്ന പരുക്കൻ കൈത്തണ്ട തട്ടിമാറ്റി, തെറ്റിത്തെറിച്ച്, അവൾ മുൻകടന്നു നടന്നു.

അവൾ കുണുങ്ങിക്കുണുങ്ങി മുമ്പിലങ്ങനെ നടക്കുമ്പോൾ ആലിക്കുട്ടിക്കു തോന്നി, തെങ്ങുകളെക്കാൾ സൗന്ദര്യം അവൾക്കാണെന്ന്. തന്റെ ചുറ്റുമുള്ള തെങ്ങുകൾക്കു മാത്രമല്ല പ്രപഞ്ചത്തിനുതന്നെയും വല്ല ആകർഷകതയുമുണ്ടെങ്കിൽ അതു കദീശയെന്ന ആ പൊൻവിളക്കു മാളികയ്ക്കൽ വീട്ടിൽ കത്തുന്നതുകൊണ്ടാണെന്ന സത്യം ആലിക്കുട്ടി കണ്ടെത്തി.

ആ തെങ്ങുകളിനിയും വലുതാവും. പുതിയ സ്ഥലം ആ പുരയിടത്തോടു കൂടി ച്ചേരും. അതിർവരമ്പും വേലിയും ഇനിയും വിസ്തീർണ്ണതയിലേക്കു നീങ്ങും. പുതിയ തെങ്ങിൻ തൈകൾ മുളച്ചുണ്ടാവും. കാറ്റും വെയിലും മഞ്ഞും മഴയുമേറ്റ് അവ പാഞ്ഞുപാഞ്ഞു വളരും. കായ്കൾ കൊണ്ട് കനത്ത കുലകളും പേറി അവ നിൽക്കും. തന്റെ മക്കളും മക്കളുടെ മക്കളുമായി വലിയൊരു കുടുംബം ആ വീട്ടിനകത്തുനിന്നു വീർപ്പുമുട്ടുമ്പോൾ ചുറ്റും പുതിയ ചുമരുകൾ ഉയർന്നു വരും. അതൊരു തറവാട്ടുവീടായി വലുതാവും. അന്നു വെറ്റിലത്തട്ടും കോളാമ്പിയും വെച്ച്, നീണ്ട തലയണയിൽ ചാരി ബടാപ്പുറത്തിരുന്നു മക്കൾക്കും ഭൃത്യന്മാർക്കും വേണ്ട നിർദ്ദേശം കൊടുക്കുന്നതു മാളികയ്ക്കൽ ആലിക്കുട്ടിഹാജിയായിരിക്കും. വെറും ആലിക്കുട്ടിയല്ല. ഒരു പള്ളിപ്പണികൂടി കഴിപ്പിക്കണം. എന്നാൽ എല്ലാമായി.

വീട്ടിന്റെ മുറ്റത്തിറങ്ങുമ്പോൾ കദീശയൊന്നു തിരിഞ്ഞുനോക്കി കറുത്ത തട്ടത്തിന്റെ മറവിൽ നിന്ന് ആ കണ്ണുകൾ ചിരിക്കുന്നുണ്ടായിരുന്നു. അവൾ ഒടുവിൽ പറഞ്ഞ മുള്ളുവാക്കിനെപ്പറ്റി ആലിക്കുട്ടി അപ്പോൾ ആലോചിച്ചു. “ചെറുബാല്യക്കാരന്റെ ചേലിക്കെ”ന്ന് അവൾ തന്നെ കളിയാക്കിയിരിക്കുന്നു. തന്നെ കളിയാക്കാൻ മാത്രം അവളത്ര ചെറുപ്പമാണോ? തനിക്കത്ര വയസ്സായോ?

പെണ്ണുകെട്ടീട്ടു പതിനൊന്നു കൊല്ലമായി. അവൾക്കന്നു പന്ത്രണ്ടു വയസ്സാണ്. ഓണത്തുമ്പിയുടെ പിറകെ നടക്കേണ്ട കാലം. ഒന്നും അറിഞ്ഞുകൂടാ. ആലിക്കുട്ടിയെ കാണുമ്പോൾത്തന്നെ പേടിച്ചു വിറയ്ക്കും. തടിച്ചുകൊഴുത്തു കറുത്ത വട്ടത്താടിയുംവെച്ചു വന്ന പുതിയാപ്പിളയ്ക്ക് അന്ന് ഇരുപത്തൊമ്പതു വയസ്സായിരുന്നു. പന്ത്രണ്ടും ഇരുപത്തൊമ്പതും. ഇന്നത് ഇരുപത്തിമൂന്നും നാല്പതുമാണ്. തന്നെ മുതുക്കനെന്നു വിളിക്കേണ്ട പ്രായത്തിൽ ഇന്നും അവൾ ഉറച്ചു നിൽക്കുന്നു. നിൽക്കട്ടെ. സ്ത്രീകൾക്കു പ്രായം കൂടരുതെന്നും അവരുടെ താരുണ്യം ക്ഷയിക്കരുതെന്നും ആലിക്കുട്ടിക്കഭിപ്രായമുണ്ട്. അങ്ങനെ വരുമ്പോൾ പിന്നെയും പിന്നെയും പെണ്ണുകെട്ടേണ്ടിവരും. അതു വലിയ ചെലവാണ്. അതുകൊണ്ടു കദീശ ഇരുപത്തിമൂന്നിൽത്തന്നെ അവിടെ ഉറച്ചുനിൽക്കട്ടെ; വാടാതെ, ഇതൾ കൊഴിയാതെ, ചീനപ്പട്ടിൽ തുന്നിപ്പിടിപ്പിച്ച പൂപോലെ.

“അല്ലാഹ... അക്ബർ...” അകലത്തുള്ള പള്ളിയിൽ നിന്നു നിസ്കാരസമയം സൂചിപ്പിക്കുന്ന ബാങ്കുവിളി ഉയർന്നു. ആലിക്കുട്ടി തിരക്കി നടന്നു. നിസ്കരിച്ചിട്ടു വേ

ണം പൈതലിന്റെ കുടിലിലൊന്നു പോകാൻ. ഒരു ചടങ്ങല്ലേ? നടക്കട്ടെ. കദീശ യ്ക്കിഷ്ടമാവും...

അമ്പാടിമരയ്ക്കാന്റെ ശവസംസ്കാരം കഴിഞ്ഞ് ഉറ്റവരും ബന്ധുക്കളും ശ്മശാന ത്തിൽനിന്നു പിരിയുമ്പോൾ നേരം സന്ധ്യയായി. പലരും പല വഴി കടന്നുപോ യി. പൊക്കൻ തനിച്ചു കടലോരത്തുടെ നടന്നു. കൊച്ചുകൊച്ചലകൾ ഓടിക്കിതച്ചു വന്ന്, നായക്കുട്ടികളെപ്പോലെ, അവന്റെ കാലടികൾ നക്കി വെളുപ്പിച്ചു. മലകുലു ക്കിപ്പക്ഷികൾ വെള്ളത്തിനുമീതെ പറന്ന് ഭീകരശബ്ദമുണ്ടാക്കി. അകലത്തെവിടെ യോ ഒരു മൂങ്ങയിരുന്നു പ്രപഞ്ചത്തിൽ അന്നു പകലുണ്ടായ എല്ലാ സംഭവങ്ങൾക്കും മൂളിക്കൊണ്ട് അംഗീകാരം നൽകി.

വീരസാഹസകൃത്യങ്ങൾക്കു വേണ്ടി ദാഹിച്ചുകൊണ്ടിരിക്കുന്ന പൊക്കന്റെ മന സ്സു മഞ്ഞുകട്ടപോലെ തണുത്തുപോയി. തല കനത്തു തൂങ്ങുക, കൺപോളകൾ താ നേ അടയാൻ തുടങ്ങുക, അവയവങ്ങൾ സന്ധികളിൽ നിന്ന് ഊർന്നുവീഴാൻ പോ വുക. പുതിയൊരനുഭവമാണ്. അകാരണമായി നെഞ്ചിലെവിടെയോ ഓരു നീറ്റം എന്താണത്?

ആദ്യത്തെ ഏറ്റുമുട്ടലിൽതന്നെ എതിരാളിയോടു തോറ്റു പിന്മാറിയ ഒരു യോ ദ്ധാവിനെപ്പോലെ അവൻ തലയും താഴ്ത്തി നടന്നു. ഒരേയൊരു ചിത്രമേ അപ്പോൾ അവന്റെ മനസ്സിലുള്ളൂ: ശവക്കുഴിയിൽ മണ്ണിന്നടിയിലുള്ള ആ പ്രേതം. ഉറ്റവരും ചാർച്ചക്കാരും കൂടിയാണ് കുഴി വെട്ടിയത്. കുഴി വെട്ടിക്കഴിഞ്ഞപ്പോൾ ശവശരീ രം അതിലിറക്കി വെച്ചു. മണ്ണിട്ടു മമ്മട്ടിക്കൊണ്ടടിച്ചും ചവിട്ടിയും കുഴി തൂർത്തു. അടി യിൽ ഒരു മനുഷ്യനെ കിടത്തിണ്ടെന്ന വിചാരം ആർക്കുമുണ്ടായില്ല. തന്റെ അച്ഛൻ മരിച്ചാലും അമ്മ മരിച്ചാലും ഈ സമ്പ്രദായം ആവർത്തിക്കും. അല്ലെങ്കിൽ മരി ച്ചവരോട് ഉറ്റവർക്കും ബന്ധുക്കൾക്കും അവസാനമായി അനുഷ്ഠിക്കാനുള്ള കൃത്യം ഇതൊന്നുമാത്രമായിരിക്കും. "ഇതുവരെ എന്തിനു നീ ഞങ്ങളുടെയിടയിൽ ജീവിച്ചു? ഇനി തിരിച്ചുവരാൻ നിനക്കു കഴിയരുത്. പോ, എന്നെന്നേക്കുമായി. മണ്ണിന്നടിയി ലേക്ക്, പാതാളത്തിലേക്കു പോ." അങ്ങനെയൊരു ഭാവമുണ്ട് ആ കുഴിവെട്ടിയവർ ക്കും മണ്ണിട്ടവർക്കും.

കാലത്തേ അമ്മയോട് അവനു പുച്ഛമായിരുന്നു. മരിച്ചവരെച്ചൊല്ലി കരയുന്ന തു വിഡ്ഢിത്തമാണെന്നു പലതവണ പറയാൻ അവനു തോന്നി. ഇപ്പോൾ അവന്റെ അഭിപ്രായം മാറിയിരിക്കുന്നു. ഉറ്റവരും ചാർച്ചക്കാരുംകൂടി മരിച്ചവരോടു പെരുമാ റുന്ന രീതിയിതാണെങ്കിൽ അമ്മ കരഞ്ഞതിൽ തെറ്റില്ല. ആരും കരയും. അവൻ അന്നാദ്യമായി ഒരു ശവസംസ്കാരത്തിൽ പങ്കെടുക്കുകയാണ്. ക്രൂരവും മൃഗീയവുമാ ണ് ശവസംസ്കാരത്തിന്റെ രീതി. തന്നെക്കുറിച്ചും അവൻ ഓർത്തു. വർഷങ്ങൾ കഴിയുമ്പോൾ തന്റെ മാംസപേശികൾ തളരും. മുഖത്തു ചുളിവുണ്ടാവും. പല്ലുകൾ കൊഴിയും. തലമുടി നരയ്ക്കും. വാർദ്ധക്യത്തിന്റെ മടിയിൽ തല ചായ്ച്ചു താനും നെ ടുവീർപ്പയയ്ക്കും. പതുക്കെപ്പതുക്കെ എണ്ണ തീർന്ന വിളക്കുപോലെ പ്രകാശം കുറഞ്ഞു കുറഞ്ഞ് ഒരു ദിവസം തന്റെ കണ്ണുകളും അടയും.

പൂഴിമണ്ണിൽ മമ്മട്ടികൾ ആഞ്ഞാഞ്ഞു പതിക്കുന്ന ശബ്ദം... ഒരാളുടെ നീളത്തിൽ ആഴം കൂടിയൊരു ശവക്കുഴി... അതു വായപിളർന്നുതന്നെ വിഴുങ്ങാനടുക്കുകയാണ്... മണ്ണിൻകട്ടകൾ ഉരുണ്ടുവീഴുന്നു... കണ്ണിലും മൂക്കിലും വായിലും നെഞ്ചിലും... വീഴുന്ന മണ്ണിനു കനം കൂടുകയാണ്... ഭൂമിക്കടിയിൽ ഇരുട്ടിന്റെ ഒരറയുണ്ടാക്കി എല്ലാവരുംകൂടി തന്നെ അതിലിട്ടടയ്ക്കുകയാണ്. ഇരുട്ട്... ഇരുട്ട്...

അതേ, ഇരുട്ടുതന്നെ, ആ ഇരുട്ടിൽ അവന്റെ കാലുകൾ അവനെ മെല്ലെ നയിച്ചു. മുമ്പിലും പിമ്പിലും ശവത്തുണി വിരിച്ചപോലെ പൂഴിപ്പരപ്പ്. ഒരു വശത്തു ചലനമില്ലാതെ ചത്തുകിടക്കുന്ന കടൽ. തലയ്ക്കു മുകളിൽ നക്ഷത്രങ്ങളെ കരിമേഘത്തിന്റെ മണ്ണിട്ടു മൂടാൻ തുടങ്ങുന്ന ആകാശം. പേടിപ്പെടുത്തുന്ന നിശ്ശബ്ദത. എങ്ങോട്ടു തിരിഞ്ഞാലും മൂകത. കടലിലും കരയിലും ആകാശത്തിലുമൊക്കെ മൂകത തളം കെട്ടിനിൽക്കുന്നു. അതിവിശാലമായ ഈ പ്രപഞ്ചത്തിന്റെ ഏതോ ഒരു കോണിൽ, ഒരു കൊച്ചുകുടിലിൽ, വാർദ്ധക്യത്താലും വാർദ്ധക്യസഹജമായ രോഗത്താലും ഒരാൾ മരിച്ചു. അതുകൊണ്ട് ആകാശവും കടലും തനിക്കു ചുറ്റുമുള്ള പ്രകൃതിയും ഇങ്ങനെ മുഖം കറുപ്പിക്കുന്നതെന്തിനെന്ന് അവനു മനസ്സിലായില്ല. ഈ ജീവിലോകമെന്നു പറയുന്നത് അനേകം കണ്ണികൾ ചേർന്നുണ്ടായ ഒരു ചങ്ങലയാവാം. ആ ചങ്ങലയിൽ നിന്ന് ഒരു കണ്ണി പൊട്ടുമ്പോൾ അങ്ങോളമിങ്ങോളം ഒരു കുലുക്കം അനുഭവപ്പെടുന്നുണ്ടാവാം.

ആലോചനയുടെ വെള്ളപ്പൊക്കത്തിൽ അവൻ ഒഴുകിപ്പോവുകയാണ്. എങ്ങോട്ടെന്നില്ല. പെട്ടെന്നു മുമ്പിൽനിന്നൊരു ശബ്ദം കേട്ടു: "കദീസാ, ഞമ്മളെ കുത്തിപ്പിടിച്ചിണ്ണ ചൂരലിങ്ങെട്ക്ക്."

പൊക്കൻ സൂക്ഷിച്ചുനോക്കി. ആലിക്കുട്ടിമാപ്പിളയാണ്. മങ്ങിയ നാട്ടുവെളിച്ചത്തിൽ തിരിച്ചറിയാൻ വിഷമമുണ്ടായില്ല. എവിടേക്കോ പുറപ്പെട്ടു പടിക്കൽ നില്പാണ്. മുമ്പോട്ടു നടന്നാൽ കാണും. കാണാതെ കഴിയണം. ആ മനുഷ്യനെ കാണുന്നത് അവന്നിഷ്ടമല്ല. അൽപ്പം പിറകോട്ടു മാറിനിന്നു. മാളികയ്ക്കൽ തെളിഞ്ഞു കത്തുന്ന വിളക്ക് ഇരുണ്ട തെങ്ങിൻതോപ്പിനിടയിലൂടെ അവൻ കണ്ടു.

ആ വീടും പരിസരവും അവന്റേതാണ്. ആ പടിക്കൽ നിന്നുകൊണ്ട് വീട്ടിലുള്ളവരെ വിളിക്കേണ്ടതവനാണ്. ആ വീടു കെട്ടിപ്പൊക്കാനും തൊടിനിറച്ചു തെങ്ങിൻതൈകൾ വെച്ചുപിടിപ്പിക്കാനും അവിടെക്കിടന്നു ക്ലേശിച്ച മുത്തപ്പനെ മണ്ണിൽ കുഴിച്ചുമൂടീട്ട് അധികനേരമായിട്ടില്ല. മുത്തപ്പൻ അരനേരത്തെ ആഹാരത്തിന്നു വഴിയില്ലാതെ കടപ്പുറത്തു പട്ടിണികിടന്നു നരകിച്ചപ്പോൾ ആലിക്കുട്ടി മാപ്പിള മാളികയ്ക്കലിരുന്നു സുഖിക്കുകയായിരുന്നു. അത് അവനോർക്കാൻ വയ്യാ. അമ്മ എല്ലാം അവനെ പറഞ്ഞു മനസ്സിലാക്കീട്ടുണ്ട്. ആ മനുഷ്യൻ എവിടത്തുകാരനാണെന്ന് ആർക്കുമറിഞ്ഞുകൂടാ. മീൻകച്ചവടത്തിനെന്നും പറഞ്ഞ് ഒരുനാൾ കടപ്പുറത്തെത്തി. സൂത്രത്തിൽ എല്ലാവരെയും മിരട്ടി സമ്പാദിക്കാൻ തുടങ്ങി. സ്വന്തമായി ഓടവും വലയുമുള്ള മരയ്ക്കാന്മാർ ഇന്ന് ആ കടപ്പുറത്തില്ല. എല്ലാം അയാൾക്കു പണയപ്പെടുത്തി.

പണയമെന്നു പറയുന്നതു പേരിന്റെ ഭംഗിക്കു മാത്രമാണ്, എല്ലാം അയാളുടേതായി ക്കഴിഞ്ഞു. മീൻപിടിക്കാൻ കടലിലിറങ്ങണമെങ്കിൽ ഉപകരണങ്ങൾ അയാളോടു കൂലിക്കു വാങ്ങണം. വലിയ കൂലിയാണ്. വലിയ മീൻ കുടുങ്ങിയാലും ഇല്ലെങ്കിലും അയാൾക്കു കൂലി കൊടുക്കണം. അദ്ധ്വാനിക്കുന്നവരെ വഞ്ചിച്ച അയാൾ സമ്പാദി ച്ചു. ഇന്ന് അയാൾക്കു പാണ്ടികശാലയുണ്ട്. ബന്ധുബലമുണ്ട്; കടലിലും കരയിലും കച്ചവടമുണ്ട്. തിക്കോടിത്തുറമുഖത്തെ പാണ്ടികശാലയിൽ കുരുമുളകും ഏലവും കു ന്നുകൂടിക്കിടക്കുകയാണ്. കപ്പലുകൾ വരും. എല്ലാം കയറ്റിക്കൊണ്ടുപോകും.

അറബികൾക്കും മൂറുകൾക്കുമല്ലാതെ ഉൽപന്നങ്ങൾ വിൽക്കരുതെന്ന് സാമൂ തിരിത്തമ്പുരാൻ കൽപ്പിച്ചിട്ടും ആലിക്കുട്ടിമാപ്പിള പറങ്കികളുമായി രഹസ്യബന്ധം പു ലർത്തുന്നുണ്ടെന്ന് പലരും പറഞ്ഞു പൊക്കൻ കേട്ടിട്ടുണ്ട്. നാട്ടുകാരെ ദ്രോഹിക്കു കയും തുറമുഖങ്ങൾ ആക്രമിച്ചു നശിപ്പിക്കുകയും അങ്ങാടികൾ കൊള്ളചെയ്യുകയും പെണ്ണുങ്ങളെ പിടിച്ചു കൊണ്ടുപോവുകയും ചെയ്യുന്നവരാണ് പറങ്കികൾ. അവരുമാ യി കൂട്ടുകൂടുന്നവരെ വെറുതെ വിടാൻപാടില്ലാത്തതാണ്. പക്ഷേ, തെളിവുവേണ്ടേ? കിംവദന്തിമാത്രം അടിസ്ഥാനപ്പെടുത്തി ഒരാളെ ശിക്ഷിക്കാൻ നാടുഭരിക്കുന്ന മഹാ രാജാവുകൂടി ഒരുങ്ങാറില്ല. പലരും ആലിക്കുട്ടിമാപ്പിളയുടെ നടപടികളെ സൂക്ഷിക്കു ന്നുണ്ട്. തെളിവൊന്നും കിട്ടീട്ടില്ല. കിട്ടും; കിട്ടാതിരിക്കില്ല. പലനാൾ കള്ളൻ ഒരു നാൾ കുടുങ്ങും.

ചൂരൽവടിയും വാങ്ങി ആലിക്കുട്ടി പോയതു് അവൻ കണ്ടില്ല. പോട്ടെ കണ്ടാൽ സന്തോഷിച്ചൊരു ചിരിയുണ്ട്. അതു മയക്കുന്ന ചിരിയാണ്. ചിരിച്ചുചിരിച്ച് എല്ലാ വരേയും മയക്കി. ഇനിയതു നടപ്പില്ല. സമയം വരുമ്പോൾ എല്ലാറ്റിനും പകരം വീട്ടണം.

ആരൊക്കെയോ ഉച്ചത്തിൽ സംസാരിക്കുന്നതുകേട്ടു തുടങ്ങി. ഇനി കുറച്ചു ദി വസം ആളുകളുടെ തിരക്കായിരിക്കും. ആണുങ്ങളും പെണ്ണുങ്ങളും ഇടതടവില്ലാതെ കയറിയിറങ്ങി "പണ്ടു കഴിഞ്ഞതും പടയിൽ തോറ്റതും" പറഞ്ഞു അമ്മയെ കരയി ക്കും. നിവൃത്തിയില്ല. ആചാരമാണ്.

മുറ്റത്തെ മാവിൻചുവട്ടിൽ ആരാണിരിക്കുന്നത്? പൊക്കൻ സൂക്ഷിച്ചുനോക്കി. മാരണം! ആ മനുഷ്യൻ അവിടെ വലിഞ്ഞുവീണിരിക്കുന്നു. നാൽക്കാലിയിലിരുന്നു മുറുക്കിത്തുപ്പി വെടിപറയുകയാണ്, അച്ഛനും കുഞ്ഞിക്കണ്ണൻമരയ്ക്കാനും അടുത്തുത ന്നെ ആദരപൂർവ്വം നിൽക്കുന്നുണ്ട് നാശമായി. കാണും. കണ്ടാൽ ചിരിക്കും. ആ ചിരി അവനു സഹിക്കില്ല. എന്തുവേണം? അവൻ ഇരുട്ടിൽ തെല്ലിട സംശയിച്ചു നി ന്നു. പിന്നീടു ധൃതിയിൽ ഒരു നടത്തം. കുടിയിലേക്കു കയറിക്കളയാം.

"ആരാത്, പൊക്കനോ?" ആലിക്കുട്ടിയുടെ സൂക്ഷ്മദൃഷ്ടിക്കു പിശകു പറ്റില്ല. "ജെജബിടാർന്നു ഇത്തിരനേരോം?"

അവൻ ശ്രദ്ധിച്ചില്ല. ശരംവിട്ടപോലെ അകത്തെത്തി അച്ഛനെന്തോ മറുപടി പറയുന്നുണ്ട്. പറയട്ടെ. ആ മനുഷ്യന്റെ മുഖത്തു നോക്കാനും ആത്മാർഥതയില്ലാ ത്ത ചിരി കാണാനും അവനു വയ്യാ.

അമ്മ കിടക്കുകയാണ്. ഇനിയും എഴുന്നേറ്റിട്ടില്ലേ? ആരാണു പിന്നെ വിളക്കു കൊളുത്തിയതും അടുപ്പിൽ തീയെരിച്ചതും? ആരെങ്കിലുമുണ്ടോ? അവൻ നോക്കി. കുടിലിന്റെ ഓലമറയും ചാരി അവൾ നിൽക്കുന്നു.

പാഞ്ചാലി. അവനു വിശ്വസിക്കാൻ കഴിഞ്ഞില്ല. തലതാഴ്ത്തിയാണ് നിൽപ്പ്. നെടുവീർപ്പുകൊണ്ടു് മാറിടം ഉയരുകയും താഴുകയും ചെയ്യുന്നതു് അവനു കാണാം.

"പൊക്കാ!" കുഞ്ഞിക്കണ്ണൻമരയ്ക്കാന്റെ ശബ്ദമാണ്. തിരിഞ്ഞു നോക്കാൻ വലിയപ്രയാസം. കണ്ണുകൾ തറച്ചുനിൽപ്പാണ്.

"ഓളിവിടെ രണ്ടുദിവസം നിക്കട്ടെ." പാഞ്ചാലിയെപ്പറ്റിയാണ് പറയുന്നതു്. "സകായത്തിനൊരാള് വേണ്ടേ? നിന്റെ അമ്മയ്ക്കു വയ്യല്ലോ."

രണ്ടുദിവസമെന്നു പറഞ്ഞതിലേ അവന് എതിർപ്പുള്ളൂ. പാഞ്ചാലി എന്നും അവിടെ നിൽക്കേണ്ടവളാണ്. കുഞ്ഞിക്കണ്ണൻമരയ്ക്കാന്ന് അതു മനസ്സിലായിട്ടില്ലേ? ഇല്ലെങ്കിൽ താമസിയാതെ മനസ്സിലാവും!

— 5 —

# അഞ്ച്

കോഴിക്കോട്ടുനിന്നുള്ള ഉത്തരവും കാത്തു ദിവസങ്ങൾ കടന്നുപോയി. കർക്കിടകം അവസാനിച്ചു. നിലാകാശച്ചെരുവിൽ വെള്ളിമേഘത്തിന്റെ പൂഴിത്തട്ടുകൾ നിർമിച്ചുകൊണ്ട് ചിങ്ങമാസപ്പകലുകൾ നടന്നെത്തി. കടലിലെ കാറ്റും കോളും ഒതുങ്ങി. കാലാവസ്ഥ അനുകൂലമായി. എന്നിട്ടും മംഗലാപുരത്തു പോകേണ്ട കാര്യത്തിൽ തീരുമാനമായില്ല. കാത്തുകാത്തു പൊക്കന്റെ മനസ്സു മുഷിഞ്ഞു. പടക്കപ്പലിന് അകമ്പടി സേവിക്കാനുള്ള ഭാഗ്യം ജീവിതത്തിൽ ഒരിക്കലുമിനി കൈവരില്ലെന്നുപോലും തോന്നി.

പലരോടും തിരക്കി. ഒരു വിവരവുമില്ല. മഹാരാജാക്കന്മാരുടെ തീരുമാനങ്ങളറിയാൻ സാധാരണക്കാരന്റെ പിറകേ നടക്കുന്നതു വിഡ്ഢിത്തമാണെന്നു പൊക്കനു മനസ്സിലായി. എങ്കിലും കണാരപ്പണിക്കർ വല്ലതുമറിയും; അറിയാതിരിക്കില്ല. ജ്യോതിഷവും മന്ത്രവാദവും അതിനടുത്ത വൈദ്യവും വശമുള്ള ആളാണ്. ലോകപരിചയവും കാര്യവിവരവും പ്രായവുംകൂടും. ഏതു വീട്ടിലും ചെല്ലാം. ആരെയും കാണാം. അച്ഛനും അമ്മയും കേൾക്കാതെ സൂത്രത്തിൽ ഒരു ദിവസം ചോദിക്കണം. ചോദിച്ചു.

തലമുടി കെട്ടി മടവാൾപ്പിടിപോലെ വലത്തെ ചെവിക്കുറ്റിയിൽ നിർത്തി, നെറ്റിയിലും നെഞ്ചിലും രക്തചന്ദനം പൂശി, ഉടുത്തമുണ്ടിന്റെ കോന്തല പിടിച്ച് അരക്കെട്ടിൽ കുത്തി, തൊട്ടടുത്തുതന്നെ ഒരു വെള്ളിപ്പിടിപ്പിച്ചശ്ശാങ്കത്തിയും തിരുകി, ഭൂതപ്രേതപിശാചാദികളെ ആട്ടാനുള്ള ചൂരൽവടി കവിടിസഞ്ചിയോടൊപ്പം കക്ഷത്തിറുക്കി ഒരുനാൾ സന്ധ്യയ്ക്കു പണിക്കർ കടപ്പുറത്തൂടെ വരുമ്പോൾ പൊക്കൻപിന്നാലെ കൂടി.

“ആശാനേ” പൊക്കൻ വിളിച്ചു. പണിക്കർ കോൽക്കളി പഠിപ്പിക്കുന്ന ആശാൻകൂടിയാണ്. ആശാനെന്നു വിളിച്ചുകേൾക്കാൻ ഇഷ്ടവുമാണ്.

“എന്താ?” ആശാൻ കൂടിയായ പണിക്കർ തിരിഞ്ഞുനിന്നു.

സന്തോഷിപ്പിക്കണം; സന്തോഷിപ്പിക്കാതെ യാതൊരു കാര്യവും അയാളിൽ നിന്നു സാധിക്കില്ല. പൊക്കൻ അതിനുള്ളവഴി ചിന്തിച്ചു. കോൽക്കളിയെപ്പറ്റി വല്ലതും തുടങ്ങിക്കളയാം:

"ഇപ്പം കോൽക്കളീല്ലേ. ആശാനേ?"

"നാണംണ്ടോ നിനക്കു ചോദിക്കാൻ?" ആശാൻ അല്പം ഗൗരവത്തിലാണല്ലോ! "ആണായിട്ടങ്ങനെ നടക്കുന്നു!"

വലഞ്ഞല്ലോ കാവിലമ്മേ ഒന്നും ചോദിക്കേണ്ടിയിരുന്നില്ല. അകാരണമായി ആശാൻ ശുണ്ഠിയെടുക്കുകയാണ്.

"എന്താ നിനക്കൊക്കെ ഇത്തിരി കോൽക്കളി പഠിച്ചാൽ?" പിന്നെയും ചോദ്യം.

ഓ! അതാണ് വിഷയം. ചോദിക്കേണ്ടിയിരുന്നില്ല. ചവിട്ടിക്കടിപ്പിച്ചതാണ്. പൊക്കന് ആകപ്പാടെ വിഷമം തോന്നി. അടിച്ച വടിയിൽ ചുറ്റുന്ന ആശാനാണ്. പൊക്കനുകുറച്ചു വിജ്ഞാനമുണ്ടാക്കിയല്ലാതെ അടങ്ങില്ലെന്ന ഭാവത്തിൽ അയാൾ തുടർന്നു.

"എടോ, ആണായാൽ കോൽക്കളി പഠിക്കണം. ഹാ, ഹാ! കോൽക്കളിപ്പാട്ടു ബഹുവിശേഷമാ! നീ കേട്ടിട്ടില്ലേ?"

കേട്ടിട്ടില്ല; കേൾക്കണമെന്നുമില്ല. അത്യാപത്തിന്റെ നരിമടയിലാണ് കഴുത്തിട്ടത്. ഒഴിഞ്ഞുപോകാനും നിൽക്കാനും വയ്യ. പൊക്കനെ അൽപ്പം കോൽക്കളിപ്പാട്ടു കേൾപ്പിച്ചല്ലാതെ അടങ്ങില്ലെന്ന മട്ടിൽ ആശാൻ മുളിത്തുടങ്ങി.

പൊക്കൻ കുറ്റവാളിയെപ്പോലെ തലയും താഴ്ത്തി നിന്നു. സഹിക്കണം. സഹിക്കാതെ പറ്റില്ല.

"നീ കേൾക്കുന്നുണ്ടോ?"

"ഉണ്ട്"

"കേട്ടാൽ പോരാ."

ഒപ്പം പാടണമായിരിക്കും. അറിഞ്ഞുകൊണ്ട് ആപത്തു വലിച്ചിട്ടതല്ലേ? കീഴടങ്ങി നിന്നുകൊടുക്കാം. "പഠിക്കണെടോ പഠിക്കണം. നിങ്ങളൊക്കെ കോൽക്കളി പഠിക്കണം. അല്ലാതെ നന്നാവില്ല; എന്താ മിണ്ടാത്തത്?"

"ഒന്നൂല്ല."

"നീയീ കടപ്പുറത്തുള്ള ചെറുപ്പക്കാരെ ഒക്കെയൊന്നു വിളിച്ചു കൂട്ടണം. എന്നിട്ട് ഒരു കോൽക്കളി സംഘം ആരംഭിക്കണം."

"പക്കേങ്കില് ആശാനേ." ഒരു പിടിവള്ളി കിട്ടി. പൊക്കനു തടഞ്ഞു നിൽക്കാൻ. "മംഗലാപുരത്തുപോയി വന്നിറ്റ് പോരേ?"

"പോടാ അവിടന്ന്! ഒരു മംഗലാപുരത്തു പോണോൻ! അതൊന്നും ഇനി നടക്കില്ല."

പൊക്കന്റെ മുഖം വിളറി. അതൊന്നും നടക്കില്ലത്രെ. ഇയ്യാളാരാ അങ്ങനെ തീരുമാനിക്കാൻ? മഹാരാജാവു തമ്പുരാന്റെ വിളംബരമാണ്. ആളെ തിരഞ്ഞെടുക്കൽ പോലും കഴിഞ്ഞിരിക്കുന്നു. എന്നിട്ടിപ്പോൾ വലിയ കൊത്തുവാളിനെപ്പോലെ ഇയ്യാൾ നിന്നു കൽപ്പിക്കുന്നു, അതൊന്നും നടപ്പില്ലെന്ന്.

“അല്ലെങ്കിലും നിനക്കൊന്നും പോണ്ടിവരില്ലെടോ.” കേട്ടില്ലേ പറയുന്നത്? മന്ത്രവാദിയല്ലെങ്കിൽ ഒരിടിക്കു പൊക്കൻ ആശാനെ അവിടെ ഇരുത്തിക്കളഞ്ഞേനെ. ആശാന്റെ ശബ്ദം പിന്നെയും കേൾക്കുന്നു. നശിച്ച ശബ്ദം.

“പറങ്കികൾ ഇനി അറബിക്കടലിലേക്കു വരില്ല. കഴിഞ്ഞ എടവത്തിലല്ലേ കുഞ്ഞാലിമരയ്ക്കാരുടെ കയ്യോണ്ടു വേണ്ടത്ര കിട്ട്യേത്?”

കാലവർഷാരംഭത്തിനുമുമ്പ് മാടായിത്തുറമുഖത്തുവെച്ച് കുഞ്ഞാലിമരയ്ക്കാരുടെ നേതൃത്വത്തിലുള്ള സാമൂതിരിയുടെ കടൽപ്പട പറങ്കികളെ തോൽപ്പിച്ച കഥയാണ് ആശാൻ വിസ്തരിക്കുന്നത്.

“പിന്നെ വല്ലതും കേട്ടോ, നീ പറങ്ക്യേളെപ്പറ്റി? എടോ, അലന്ന പ്രേതോം ഈ പറങ്ക്യേളും ഒരു പോല്യാ. കിട്ടേണ്ടതു കിട്ട്യാൽ താനേ അടങ്ങും.”

പറങ്കിപ്രേതത്തെ അടക്കാൻ പടിഞ്ഞാറൻതീരത്തുള്ള ഏറ്റവും വലിയ മന്ത്രവാദി കുഞ്ഞാലിമരയ്ക്കാരാണ്. അക്കാര്യത്തിൽ പൊക്കന് അഭിപ്രായവ്യത്യാസമില്ല. പക്ഷേ തന്റെ മംഗലാപുരം പോക്കു കഴിഞ്ഞിട്ടു മതിയായിരുന്നു പറങ്കികളെ അടിച്ചോടിക്കൽ എന്ന് അവനു തോന്നി. ഏതായാലും നിരാശതന്നെ. അവൻ നെടുതായി ഒന്നു നിശ്വസിച്ചു.

“അതുകൊണ്ട്...” ആശാൻ പിന്നെയും സംസാരിക്കുന്നു “ആ മോഹം നീ ഒഴിച്ച്യാള. എന്നിട്ട് ഇന്നുതന്നെ എല്ലാവരേം കണ്ടു കോൽക്കളീടെ കാര്യം പറ... നല്ലതാ പഠിച്ചാൽ...”

എന്തൊരധഃപതനം! അമ്പും വില്ലും വാളും കുന്തവും എടുത്തു പടക്കപ്പലിന് അകമ്പടി സേവിക്കാൻ പുറപ്പെട്ടവൻ കോൽക്കളിക്കാരെ ക്ഷണിച്ചു നടക്കേണ്ടിവന്നു. വളയക്കടപ്പുറത്ത അങ്ങനെ ഒരു കോൽക്കളി സംഘം ആരംഭിച്ചു. സന്ധ്യയായാൽ പത്തിരുപതു ചെറുപ്പക്കാർ ഒരു വിളക്കിനു ചുറ്റം വട്ടമിട്ടു നിന്ന് ഉച്ചത്തിൽ പാടാനും കോലടിക്കാനും താളം പറഞ്ഞു ചവിട്ടാനും ചവിട്ടിത്തുള്ളാനും തുടങ്ങി. നിലാവു പരന്ന പൂഴിയിലിരുന്നു കളി കാണാൻ വന്ന പെണ്ണുങ്ങൾ മുറുക്കിത്തുപ്പി വെടിപറഞ്ഞു.

“കോതേ, നല്ല കളി!” കീരാച്ചി അഭിപ്രായപ്പെട്ടു.

“ആശാൻ നല്ലണം പാടും.” കോതയ്ക്കും അഭിപ്രായമുണ്ട്.

വിളക്കു കത്തിക്കാനുള്ള എണ്ണയും വെറ്റിലയടയ്ക്കയും ആശാനു ക്ഷീണം തോന്നുമ്പോൾ മുക്കിക്കുടിക്കാൻ ഒരുകുടം കള്ളും ക്രമപ്രകാരം ശിഷ്യന്മാർ കൊണ്ടുവരേണ്ടതാണ്. വിളക്കുവെയ്ക്കുന്ന ഉരലിന്റെ കീഴെ കള്ളുകുടം വെച്ച് ഒരു ചിരട്ടകൊണ്ട് അതു മൂടും. പാടിത്തളരുമ്പോൾ കുടത്തിൽ നിന്നു ചിരട്ടയിലേക്കു ചെരിച്ച് ആശാൻ

ഇടയ്ക്കിടെ മോന്തും. അതു കാണുമ്പോൾ കളി കാണാൻ വന്നുകൂടിയ കിഴവന്മാരുടെ കൂട്ടത്തിൽ നിന്നു നുണത്തത്തിന്റെ ചില ശബ്ദം പൊങ്ങും:

"ആശാനേ!"

ആശാന് അപ്പോൾ ചെവിടു കേൾക്കില്ല. പക്ഷേ, അത്യാശ അവസരം നോക്കിലല്ലോ. ആശാൻ മിണ്ടിയാലും ഇല്ലെങ്കിലും വിളിക്കേണ്ടവർ മുറയ്ക്കു വിളിക്കും:

"ആശാനേ!"

കുടിക്കുന്നതു കള്ളാവുമ്പോൾ ആശാനു കണ്ണും കാണില്ല.

"ഫൂ!" പാറ്റിത്തുപ്പി, ചിരട്ടകൊണ്ടു കുടത്തിന്റെ വായ മൂടി നിവർന്നു നിൽക്കുന്ന ആശാൻ ചുറ്റിലും ഗൗരവപൂർവം ഒന്നു നോക്കും. ഒന്നും സംഭവിക്കാത്തമട്ടിൽ ചിലമ്പും കോൽ കുലുക്കി പാടാൻ തുടങ്ങും.

താളം പിഴച്ചു ചോടു വെക്കുന്നവന്റെ തലയ്ക്ക് ചിലമ്പും. കോൽകൊണ്ട് ആശാൻ കൊട്ടും; എത്ര വലിയവനായാലും ശരി. എന്തൊക്കെ കുറ്റങ്ങളുണ്ടായാലും ആ കലാപരിപാടി കടപ്പുറത്തെ ജീവിതത്തിന് ഒരു നവചൈതന്യം നൽകി; അതു തീർച്ച...

ഒരു ദിവസം സന്ധ്യയ്ക്ക് പൈതൽമരയ്ക്കാൻ കടലിൽ നിന്ന് വന്നത് അൽപ്പം ജലദോഷവുമായിട്ടാണ്. രാത്രി നല്ല കുരുമുളകു കഷായം കുടിച്ചു മിണ്ടാതെ കിടന്നു. കാലത്തു ജോലിക്കു പുറപ്പെടണം. എഴുന്നേൽക്കാൻ ശ്രമിച്ചു. തല പൊങ്ങുന്നില്ല. വല്ലാത്ത കനം. അസാമാന്യമായ കുളിരുമുണ്ട്.

"പനിക്കുന്നല്ലോ? ദമയന്തി തൊട്ടുനോക്കി പറഞ്ഞു.

"സാരമില്ല." പൈതൽമരയ്ക്കാൻ അടിമുടി മൂടിപ്പുതച്ചു തിരിഞ്ഞു കിടന്നു. അന്നും പിറ്റേന്നും കലശലായ പനി. ആശാൻ കോൽക്കളിയൊഴിച്ച മറ്റെല്ലാ അടവുകളും പയറ്റിനോക്കി. പനി വിട്ടുന്നില്ല. കടലിൽ ധാരാളം മീനുള്ള കാലമാണ്. ദണ്ഡം പിടിച്ചു കിടന്നാൽ കഷ്ടത്തിലാവും. അപൂർവ്വമായേ കടൽ കൈയയച്ച് അനുഗ്രഹിക്കാറുള്ളൂ. ആ അനുഗ്രഹം തലകുനിച്ചു വാങ്ങാൻ കഴിയാത്തതിൽ പൈതൽമരയ്ക്കാൻ വ്യസനിച്ചു. പനി വിട്ടുന്നില്ല. വിട്ടാലും ക്ഷീണം തീർന്നു കടലിൽ വള്ളം ഇറക്കാൻ ഇനിയും ദിവസം പിടിക്കും. എന്താണ് വഴി? ആലോചിച്ചാലോചിച്ച് ഒടുവിൽ ഒരു തീരുമാനമെടുത്തു: പൊക്കനെ പറഞ്ഞയയ്ക്കാം.

ദമയന്തി പ്രതിഷേധിച്ചു. പൈതൽമരയ്ക്കാൻ ശഠിച്ചു. കാര്യം വലിയൊരു വഴക്കിലേക്കു നീങ്ങുകയാണ്. മാതൃവാത്സല്യം മകനെ കേടു വരുത്തുമെന്ന് അച്ഛൻ ഭയപ്പെട്ടു. ജോലിചെയ്യാൻ ആളില്ലാതെ പട്ടിണികിടക്കണമെന്ന നില വന്നിട്ടും വാശിപിടിക്കുന്ന ദമയന്തിയോട് ദീനപ്പായിൽ തളർന്നുകിടക്കുന്ന ആ മനുഷ്യൻ പറഞ്ഞു:

"എടീ, ഇന്നുതന്നെ എന്റെ കണ്ണുചിമ്മിയാൽ..."

ദമയന്തി മിണ്ടിയില്ല.

“നിന്റെ വായിൽ മണ്ണ്!” അൽപ്പാൽപ്പം കിതപ്പുണ്ടെങ്കിലും പൈതൽമരയ്ക്കാന്റെ ശബ്ദം ഇടറിയില്ല.

“നീയതനുഭവിക്കും. ഓനെ നീ കെടുക്കും.”

അവൾ തേങ്ങുകയാണ്; കണ്ണു തുടയ്ക്കുകയാണ്.

“കരയേണ്ടതു നീയല്ലെടി, ഞാനാ.” പൈതൽ മരയ്ക്കാൻ ഉറപ്പിച്ചുപറഞ്ഞു: “വയസ്സുകാലത്തു കൊറച്ചു വെള്ളം തരണ്ട കയ്യ് പിടിച്ചു കെട്ടാനാ നിന്റെ ഒക്കെ പൊറപ്പാട്. വിധിപോലെ വന്നോട്ടെ.”

മാതൃഹൃദയം കണക്കുകൂട്ടുകയാണ്. കഴിഞ്ഞതും നടക്കുന്നതും വരാനുള്ളതും! ആകെത്തുക കിട്ടുന്നില്ല. മകന്റെ എടുത്തുചാട്ടമാണ് കുഴപ്പം. ആരെങ്കിലും ഒന്നു നിയന്ത്രിക്കാൻ ഇല്ലെങ്കിൽ ഇന്നതു ചെയ്യാമെന്നില്ല. വല്ലതും വന്നുപോയാൽ എവിടെവെച്ചു സഹിക്കും? മറ്റൊരു മുഖത്തു നോക്കാനില്ലല്ലോ.

പിതൃഹൃദയം ഭാവിക്കു രൂപംകൊടുക്കുകയാണ്. അന്ധമായ സ്നേഹംകൊണ്ടു കർത്തവ്യത്തെ മറക്കാൻപാടില്ല. മകന്റെ പേരിൽ അമ്മയോളം തന്നെ അച്ഛനുമുണ്ട് വാത്സല്യവും അധികാരവും. വിളിച്ചു പറയാം. പോയി ജോലി ചെയ്യട്ടെ. നല്ലൊരു മനുഷ്യനാവട്ടെ.

“മോനേ, പൊക്കാ!”

മുറ്റത്തിരിക്കുന്ന പൊക്കൻ വിളികേട്ടു. കുടിലിന്നകത്തേക്കു കടന്നുവന്നു.

“മോനേ, നീയിന്നു കടലിൽ പോണം.”

പൊക്കൻ അമ്മയെ നോക്കി. അമ്മ തലകുനിച്ചിരിക്കുകയാണ്. ഒന്നും പറയുന്നില്ല.

“അച്ഛന്റെ വലേം വള്ളോം എടുത്തോ. ആരെങ്കിലും രണ്ടാളെക്കൂടി വിളിച്ചോ.”

അമ്മ അനുകൂലിക്കുന്നില്ല; നിഷേധിക്കുന്നുമില്ല.

“ചരേക്കണേ.” അച്ഛൻ ഉപദേശിക്കുകയാണ്.

മറ്റൊന്നും കേൾക്കാൻ അവൻ നിന്നില്ല.

“ഞാൻ വരുന്നു, ഞാൻ വരുന്നു, നിന്റെ വിരിമാറിലേക്കെ”ന്ന് അവന്റെ സന്തോഷംകൊണ്ടു വിടർന്ന കണ്ണുകൾ വിളിച്ചുപറയുമ്പോലെ തോന്നി...

ഉച്ചതിരിഞ്ഞ് അഞ്ചടിയായപ്പോൾ പാഞ്ചാലി പതിവുപോലെ കടൽത്തീരത്തേക്കു പുറപ്പെട്ടു. അന്നിത്തിരി വിസ്തരിച്ചുതന്നെ ചമയണമെന്നു തോന്നി. ഇയ്യത്തോല തുടച്ചു കാതിലിട്ടു. നനച്ചു വെളുപ്പിച്ചു കഞ്ഞിപിഴിഞ്ഞുണക്കിയ രണ്ടാംമുണ്ടെടുത്തു മാറുമറച്ചു. ചാണകവും കരിയും ചേർത്തു മെഴുകിയ നിലത്തു നീരുറ്റിച്ചു തിലകം തൊട്ടു. തലമുടിയഴിച്ചു ചീകു പോക്കി നെറുകയിൽ കെട്ടിവെച്ചു. മുറ്റത്തെ ചമ്പകപ്പാലയിൽനിന്ന് ഒരു പൂക്കുല പൊട്ടിച്ചു തലമുടിക്കെട്ടിൽ തിരുകിയപ്പോൾ ചമയങ്ങളേതാണ്ടു കഴിഞ്ഞ മട്ടായി. മൂട്ടിൽ കരയുള്ള തുണിയാണുടുത്തത്.

അതിന്റെ വക്കുകരയും ചൊട്ടിയും അവൾക്കു കൂടുതലിഷ്ടമാണ്. മീൻകൊട്ടയുമെടുത്തിറങ്ങിയപ്പോൾ മുഖത്തിന്റെ ചന്തമൊന്നു കണ്ടാൽ വേണ്ടില്ലെന്നു തോന്നി. വെള്ളം നിറച്ച കലത്തിനടുത്തുചെന്നു കുനിഞ്ഞുനോക്കി. അളകങ്ങൾ നെറ്റിയിൽ വീണു വകതിരിവില്ലാതെ ഇഴയുകയാണ്. അതൊന്ന് ഒതുക്കി ശരിപ്പെടുത്തി പതുക്കെ നടന്നു.

വിളഞ്ഞുനിൽക്കുന്ന കടലിൽ കൊയ്ത്തിനിറങ്ങിയ മരയ്ക്കാന്മാരെയും കാത്ത് പെണ്ണുങ്ങളും കുട്ടികളും പൂഴിപ്പരപ്പിൽ അവിടെവിടെ തിങ്ങിക്കൂടി. വെള്ളപ്പായ നിവർത്തിയ കൊച്ചുവള്ളങ്ങൾ ഓളത്തട്ടുകളിൽ കിടന്നാടി കരപറ്റുകയാണ്.

അടുത്തും അകലത്തുമുള്ള വള്ളങ്ങളിലേക്കു പാഞ്ചാലി ജിജ്ഞാസയോടെ നോക്കി. പൊക്കൻ നടാടെ ജീവിതായോധനത്തിനിറങ്ങിയ ദിവസമാണ്. കൈനേട്ടം എങ്ങനെയിരിക്കുമെന്ന് അവൾക്കറിയണം. ഭാവിജീവിതത്തിലെ ജയാപജയങ്ങൾ അളന്നു തിട്ടപ്പെടുത്തുന്നതു മിക്കവാറും അന്നത്തെ അനുഭവം വെച്ചായിരിക്കും. വെറും കൈയോടെ കടലിൽനിന്നു തിരിച്ചുപോന്നാൽ ആയുഷ്കാലം മുഴുവനും പ്രതിഫലമില്ലാതെ പ്രയത്നിക്കേണ്ടിവരും. അവൾക്കതു വിചാരിക്കാൻകൂടി വയ്യാ.

“ന്റെ കാവിലമ്മേ, ചതിക്കല്ലേ!” അറിയാതെ അവളുടെ ചുണ്ടുകൾ മന്ത്രിച്ചു. കണ്ണുകൾപാതി അടഞ്ഞു. വേട്ടവശ്ശേരിക്കാവിലെ വെളിച്ചപ്പാടിന്റെ ചോര വാർന്നൊഴുകുന്ന കഷണ്ടിത്തലയും ചെത്തിമാലയണിഞ്ഞ മാറിടവും അവളുടെ മനോമുകുരത്തിൽ തെളിഞ്ഞു വന്നു. അവളുടെ സങ്കല്പത്തിലുള്ള ഭഗവതിയുടെ രൂപം അതാണ്.

കരയ്ക്കണയുന്ന വള്ളങ്ങളുടെ സംഖ്യയും കടപ്പുറത്തെ ബഹളവും വർദ്ധിക്കുന്നു. കാക്കയും പരുന്തും കച്ചവടക്കാരും കുട്ടികളും അച്ചടക്കമില്ലാതെ ശബ്ദിക്കുന്നു.

“പാഞ്ചാലീ!” വള്ളം കരയ്ക്കടുപ്പിച്ച് കുഞ്ഞിക്കണ്ണൻമരയ്ക്കാൻ വിളിച്ചു. അവൾ ബഹളത്തിൽ നിന്നു വിട്ടുമാറി നിൽക്കുകയാണ്. ആദ്യത്തെ വിളി കേട്ടില്ല. രണ്ടാമതും വിളിച്ചു. അവൾക്കു മനസ്സിലായി അച്ഛനാണ് വിളിക്കുന്നത്. അടുത്തു ചെന്നു. അച്ഛന്റെ വള്ളം നിറഞ്ഞുവഴിയുന്നു. അച്ഛൻ വല്ലാതെ തളർന്നിട്ടുണ്ട്. വയസ്സുകാലമല്ലേ?

“ദാ, മോളേ.” പ്രത്യേകം തിരഞ്ഞുവെച്ച നല്ല കുറച്ചു മത്സ്യമെടുത്തു കുഞ്ഞിക്കണ്ണൻ മരയ്ക്കാൻ പൂഴിയിലേക്കെറിഞ്ഞുകൊടുത്തു. അവൾ അതൊക്കെ വാരി കൊട്ടയിലാക്കി. വള്ളങ്ങൾ പിന്നെയും വഴിക്കുവഴി കരയ്ക്കടുക്കുകയാണ്. അച്ഛൻ കച്ചവടക്കാരുമായി പിശകുന്നു. പിശകട്ടെ. തൽക്കാലം അവൾക്കതിൽ താൽപര്യമില്ല. അകലത്തകലത്തു നീലജലപ്പരപ്പിൽ അവളുടെ കണ്ണുകൾ പാറിക്കളിച്ചു. അങ്ങു വെള്ള്യാൻകല്ലിനടുത്തു ചന്ദനപ്പൊട്ടുപോലൊരു വെളുപ്പ്. അതു പതുക്കെപ്പതുക്കെ വലുതാവുകയാണ്. അവൾ ഇമവെട്ടാതെ നോക്കിനിന്നു. അതേ, അതൊരു വള്ളമാണ്. സംശയിക്കാനില്ല. അനുകൂലമായ കാറ്റ്. വെള്ളപ്പായ നിവർത്തിയിട്ടിരിക്കുന്നു. ഇരുവശത്തുമുള്ള തണ്ടുകൾ വെള്ളത്തിൽ നുരമാന്തുന്നു. പറക്കുകയാണത്.

വല്ലാത്ത ഉദ്വേഗം. അതെന്തിനാണെന്ന് അവൾക്കു മനസ്സിലായില്ല. മീൻപിടിക്കാൻ പോയ വള്ളങ്ങൾ പലതും തിരിച്ചു വരുന്നത് അവൾ കണ്ടു. അതവളിൽ ഒരു വികാരവും ഉണ്ടാക്കിയില്ല. തണ്ടുവലിക്കാർ ഒന്നിച്ചു പാടുന്നുണ്ട്. അതവൾ കേട്ടു. അവൾക്കും പാടണമെന്ന് തോന്നി. ഒപ്പം ആഹ്ളാദിക്കണമെന്നു തോന്നി. ആ പൂഴിപ്പരപ്പിൽ ഓടാനും തലകുത്തി മറിയാനും തോന്നി. കടൽവെള്ളം കീറിമുറിച്ചു കൊണ്ടു വള്ളക്കൊമ്പു കരപറ്റുകയാണ്. അവൾ തന്നത്താൻ മറന്നു മുമ്പോട്ടോടി. ചിന്നിച്ചിതറിയ വെള്ളം തെറിച്ച് അവളുടെ ഉടുവസ്ത്രം പാതിയും നനഞ്ഞു. വള്ളം നിന്നു. കൂട്ടുകാർക്കു നിർദേശങ്ങൾ നൽകി പൊക്കൻ അതിൽ നിന്നു ചാടിയിറങ്ങി. അവരുടെ നോട്ടമിടഞ്ഞു. കണ്ണുകൾ പരസ്പരം സംസാരിച്ചു.

കൈനേട്ടം മോശമല്ല. ഭാവിയെപ്പറ്റി സംശയിക്കാനില്ല. വള്ളം നിറച്ചും അഗാധക്കടലിൽ നിന്നുമാത്രം പിടുത്തംകിട്ടാറുള്ള നല്ല ദിനുസ്സു മത്സ്യങ്ങളാണ്. അവൾക്കാശ്വാസമായി. ഒന്നും മിണ്ടാതെ അവരൊത്തുചേർന്നു നടന്നു. തോളിൽ വലയും തലയിൽതൊപ്പിക്കുടയും ഹൃദയം നിറച്ചു സന്തോഷവും പേറി നടക്കുന്ന പൊക്കനെ അവൾ കളിയാക്കി:

"തളർന്നുപോയല്ലോ!"

"മീൻപിടിച്ചിറ്റല്ല." ഉടനെ അവൻ ഉത്തരം പറഞ്ഞു.

"പിന്നെ?" ഒപ്പമെത്താൻ തലയിലെ മീൻകൊട്ടയും പിടിച്ച് അവൾക്കു പായേണ്ടിവന്നു.

"നിന്നെ കണ്ടിറ്റ്." പൂഴിപ്പരപ്പിന്റെ അറ്റത്തെത്തി അവൻ തിരിഞ്ഞു നിന്നു.

"എന്നെ കണ്ടാലെന്തിനാ തളർന്ന്?" അവൾ അൽപ്പം വിട്ടുനിന്നു ചോദിച്ചു.

"നിന്നെ ഇങ്ങനെ കണ്ടാൽ ആരും തളരും." തലമുടിക്കെട്ടിലെ പൂക്കുലയിലാണവൻ നോക്കുന്നത്.

"എന്നാലെന്നെ കാണണ്ടാന്ന് വെച്ചോ." അൽപ്പം അകലത്തേക്കു നീങ്ങി ചാഞ്ഞുനിൽക്കുന്നൊരു നെല്ലിക്കമ്പു പൊട്ടിച്ച് അവൾ കൈയിൽ വെച്ചു.

"വടിയെന്തിനാ?" പൊക്കൻ ചോദിച്ചു.

"തല്ലാൻ." അവൾ കൂസലില്ലാതെ മറുപടി പറഞ്ഞു.

"ആരെ? അവൻ പേടി അഭിനയിച്ചു.

"അതോ?" അവൾ കണ്ണുരുട്ടി പേടിപ്പിച്ചുകൊണ്ടു പറഞ്ഞു:

"മീൻകൊട്ടേല് കക്കാൻ വരുന്ന കാക്കേനെ."

രണ്ടുപേരും പൊട്ടിച്ചിരിച്ചു. അവൻ തലയിൽനിന്നു തൊപ്പിക്കുടയെടുത്തു മീൻകൊട്ട മൂടി.

"ഇനിയെന്തിനാ തല്ലുന്നത്?"

"കക്കാൻ വന്നാല് ഇനീം തല്ലും"

"എന്നാൽ അതു കാണട്ടെ." അവൻ അവളുടെ കൈയിലെ വടി തട്ടിപ്പറിച്ചോടി. അവൾ മീൻകൊട്ട താഴത്തിറക്കിവെച്ച് അവനെ പിന്തുടർന്നു. അവൻ പിടി കൊടുത്തില്ല. അവൾ ഓടിയോടി തളർന്നു. കാലു കുഴഞ്ഞു പൂഴിയിൽ വീണു. അവൻ വിജയഭാവത്തിൽ അടുത്തുവന്നു ചോദിച്ചു;

"തളർന്നുപോയല്ലോ!"

അവൾ മിണ്ടിയില്ല.

"തോറ്റോ?" പിന്നെയും ചോദ്യം.

"തോറ്റു." അവൾ സമ്മതിച്ചു. രണ്ടുപേരും പൊട്ടിച്ചിരിച്ചു. വ്യക്തമായ കാരണമില്ലാതെ പരസ്പരം പറയുന്ന ഓരോ വാക്കിനും അവർ ചിരിച്ചു. തൊട്ടുതൊട്ടിരുന്നു ഗൗരവമുള്ള വിഷയങ്ങളും അവൾ ആലോചിച്ചു. പൊക്കൻ ജീവിതത്തിനു പുതിയൊരർത്ഥം കണ്ടെത്തിയ ദിവസമാണ്. പലതും ആലോചിച്ചുറയ്ക്കേണ്ടതുണ്ട്. അന്നന്നു പിടിക്കുന്ന മത്സ്യം നല്ലവിലയ്ക്കു വിലക്കണം. സൂക്ഷിച്ചു ചെലവു ചെയ്തു ദിവസവും എന്തെങ്കിലും സമ്പാദിക്കണം. സമ്പാദ്യം ഒരുമിച്ചുചേർത്തു സ്വന്തമായി വള്ളം വാങ്ങണം. മരയ്ക്കാന്റെ ഏറ്റവും വലിയ സമ്പാദ്യം വള്ളമാണ്. കൂടിയാലോചന അങ്ങനെയങ്ങനെ നീണ്ടുപോയി. ഒടുവിൽ കുള്ളക്കണ്ണിട്ടു നോക്കിക്കൊണ്ട് അവൾ ചോദിച്ചു: "കള്ളു കുടിക്ക്യോ?"

"ഇല്ല."

"ഒരിക്കലും?"

"ഊഹും."

"തല്ല്വ്യോ?"

"ആരെ?"

"കെട്ട്യോളെ."

അതു പറയുമ്പോൾ പൊക്കന്റെ മുഖത്തു നോക്കാൻ അവൾക്കു വിഷമം. കൈവിരൽകൊണ്ടു പൂഴിയിൽ എന്തൊക്കെയോ അവൾ വരച്ചുകൂട്ടി. താമരവളയംപോലുള്ള ആ കൈത്തണ്ടയിൽ അവൻ പിടിച്ചു. അവൾ പ്രതിഷേധിച്ചില്ല. ഹൃദയസ്പന്ദനം പരസ്പരം കേൾക്കാം. ശരീരം മുഴുവൻ കുളിരുകോരിയിടുന്ന അനുഭവം.

ചക്രവാളത്തിന്റെ കറുപ്പുചരടിൽ തൂങ്ങുന്ന സൂര്യൻ ആകാശത്തിന്റെ കഴുത്തിൽ മംഗല്യത്താലി ചാർത്തുന്നു. അന്തിപ്രഭ പൊൻകമ്പികളാക്കി മാറ്റിയ അളകങ്ങൾ പാഞ്ചാലിയുടെ നെറ്റിത്തടത്തിൽ വളഞ്ഞു നിഴലുകളുണ്ടാക്കുന്നു. നാണംകൊണ്ടു തുടുത്ത കവിളത്തെ നുണക്കുഴി സിന്ദൂരച്ചെപ്പുകൾപോലെ തിളങ്ങുന്നു. എന്താണ് പറയേണ്ടതെന്ന് രണ്ടാൾക്കും നിശ്ചയമില്ല, വാക്കുകൾ കണ്ഠത്തിൽ കിടന്നു വറ്റിപ്പോകുന്നു. നോട്ടത്തിനു വാചാപ്രസംഗങ്ങളുടെ കരുത്തുണ്ടാവുന്നു!

ആരോ വിളിക്കുന്ന ശബ്ദം. പാഞ്ചാലിയാണ് കേട്ടത്. അവൾ തട്ടിപ്പിടഞ്ഞെഴുന്നേറ്റു ചുറ്റും നോക്കി.

"അമ്മ"

അതെ. മകനെ കാത്തിരുന്നു കാണാതെ എരിപൊരി സഞ്ചാരം കൊണ്ടു ദമയന്തി ഒടുവിൽ അന്വേഷിച്ചു പുറപ്പെട്ടതാണ്.

"അതാ, അമ്മ വരുന്നുണ്ട്." അവൾ പിന്നെയും പറഞ്ഞു. എഴുന്നേറ്റു വേഗം പോകാനുള്ള ഒരപേക്ഷകൂടി അതിലടങ്ങിയിരുന്നു. നേരെ വീട്ടിൽ ചെല്ലാതെ വഴിയിലിരുന്നു സംസാരിച്ച് അവളുമായി നേരം കളഞ്ഞതിൽ അമ്മയ്ക്കെന്തു തോന്നുമോ, ആവോ?

പൊക്കൻ അനങ്ങിയില്ല. വരട്ടെ. അമ്മയ്ക്കിതൊക്കെ മനസ്സിലാവണമെന്നൊരു ഭാവം ആ മുഖത്തുണ്ടെന്നു തോന്നും. ഒന്നു പരിഭ്രമിക്കുന്നുകൂടിയില്ല. അവളാണ് കുഴപ്പത്തിലായത്. ഓടിപ്പോയാലോ? അയ്യേ, അപകടം!

ദമയന്തി അടുത്തെത്തി. അവൻ പൂഴിയിൽ മലർന്നു കിടക്കുകയാണ്.

"മോനേ, നീയെന്തെടാ കുടീൽ വരാത്തത്?"

"തെരക്കെന്താമ്മേ?" ഒരു ഭാവവ്യത്യാസവുമില്ലാതെ അവൻ ചോദിച്ചു.

"പെറ്റ വയറാണ് മോനേ! മനസ്സിൽ തീയും കോരിയിട്ടാ ഇത്രേം നേരം കയിച്ചത്."

"ഇപ്പം തീത്തണിഞ്ഞില്ലേ അമ്മേ?" ആ ഫലിതം അമ്മയ്ക്കു ദഹിച്ചില്ല.

പാഞ്ചാലി ശ്വാസമടക്കിപ്പിടിച്ചു നിന്നു. അവളോടെന്തെങ്കിലും ചോദിക്കും. ചോദിച്ചാൽ എന്തുപറയും? എങ്ങനെ പറയും? അതാലോചിച്ചാണവൾ വിഷമിച്ചത്. പക്ഷെ, ഒന്നും സംഭവിച്ചില്ല. ദമയന്തി അവളുടെ മുഖത്തു നോക്കിയില്ല. അവളുടെ സാന്നിദ്ധ്യം അംഗീകരിച്ചതു പോലുമില്ല. അത് അതിലേറെക്കുഴപ്പം. എല്ലാം തകരാറായെന്നു പാഞ്ചാലിക്കുതോന്നി. അച്ഛനോടു മീനും വാങ്ങി നേരേ കുടിയിലേക്കു പോയാൽ മതിയായിരുന്നു. കാത്തു നിന്നതാണ് കുഴപ്പമുണ്ടാക്കിയത്. അവിടെ നിൽക്കാൻ വയ്യ. ഒന്നും മിണ്ടാതെ കടന്നുകളയാനും വയ്യ. തെറ്റിദ്ധരിക്കും. അവൾ വിഷമിച്ചുനിന്നു വിയർത്തു!

"വാടാ. പോരീ." ദമയന്തി തിരിഞ്ഞുനോക്കാതെ നടന്നു.

"അച്ഛൻ കാത്തിരിക്ക്യാ."

"അച്ഛന് പനിക്കുന്ന്ണ്ടോ, അമ്മേ?" എഴുന്നേൽക്കുമ്പോൾ അവൻ ചോദിച്ചു.

"കുടീല് വന്നിറ്ററിഞ്ഞാപ്പോരേ? ഓ! ഇപ്പളവന്റ്യൊരു തിടുക്കം. തിരിഞ്ഞുനോക്കാതെയാണ് ദമയന്തി പറഞ്ഞത്. ആ സ്വരത്തിൽ പരിഭവമുണ്ട്.

എല്ലാറ്റിനും കാരണം താനാണെന്നു പാഞ്ചാലിക്കു തോന്നി. അമ്മയുടെ പിന്നാലെ പുറപ്പെട്ടപ്പോൾ പൊക്കൻ അവളെ കളിയായൊന്നു നുള്ളി. അവൾ മിണ്ടിയില്ല. തലയുയർത്തി നോക്കിയില്ല. അവൻ തിരിഞ്ഞുനോക്കിക്കൊണ്ടു നടന്നു. അവൾ അപ്പോഴും അനങ്ങാതെ തല താഴ്ത്തി നിൽക്കുകയാണ്.

അത്താഴം കഴിഞ്ഞു കിടന്നപ്പോൾ അച്ചൻ കടലിലെ കാര്യങ്ങളോരോന്നു ചോദിക്കാൻ തുടങ്ങി. ഉറക്കം കൺപോളകളെ ഉഴിഞ്ഞു താഴ്ത്തുകയാണ്. അദ്ധ്വാ

നിക്കുന്നവന്റെ ഉറക്കത്തിനാണ് സ്വാദ്. അച്ഛന്റെ ചോദ്യങ്ങൾ പലതും അവൻ കേട്ടില്ല. പ്രജ്ഞ അലിഞ്ഞലിഞ്ഞ് ഇല്ലാതായി.

ആരൊക്കെയോ പുറത്തുനിന്നു ബഹളം കൂട്ടുന്നതു കേട്ടാണുണർന്നത്. കണ്ണു തിരുമ്മിക്കൊണ്ടു പുറത്തു കടന്നു. നേരം പുലർന്നിട്ടില്ല. ഇരുട്ട് മരത്തണലുകളിൽ അപ്പോഴും തളം കെട്ടിനിൽക്കുകയാണ്. മണ്ണാത്തിക്കിളികൾ പ്രഭാതപ്രാർത്ഥന ആരംഭിച്ചിട്ടുണ്ട്. ആരൊക്കെയാണ് മുറ്റത്തു തിങ്ങിക്കൂടിയത്? കടപ്പുറത്തെ ചെറുപ്പക്കാരിൽ മിക്കവരുമുണ്ട്. എന്താണ് വിശേഷം? ചോദിക്കാനിടകിട്ടിയില്ല; കൂട്ടത്തിൽ നിന്നൊരാൾ പറഞ്ഞു:

"പറങ്കിക്കപ്പൽ."

"എവിടെ?" പൊക്കൻ അക്ഷമനായി ചോദിച്ചു.

"ആലിക്കുട്ടി മാപ്പിളേന്റെ വീട്ടിന്നടുത്ത് കടലിൽ ഒരു പത്തേമാരി അടുത്തിറ്റുണ്ട്. പറങ്കികളെ പത്തേമ്മാരിയാ."

"നീ കണ്ടോ?" പറഞ്ഞ ആളോടു പൊക്കൻ ചോദിച്ചു.

"ഞാളെല്ലാരും കണ്ടിക്കി."

പിന്നെ ചോദ്യോത്തരത്തിനു സമയം കളയാൻ പൊക്കനൊരുങ്ങിയില്ല. മുമ്പോട്ടോടി, പത്തേമ്മാരി നിൽക്കുന്ന സ്ഥലത്തേക്ക്. അമ്മ അകത്തുനിന്ന് എന്തൊക്കെയോ വിളിച്ചു ചോദിക്കുന്നു. അവൻ ശ്രദ്ധിച്ചില്ല.

കുരിശടയാളമുള്ള വലിയ വെള്ളപ്പായ നിവർത്തിയ ഒരു പത്തേമ്മാരി പുലർച്ചക്കാറ്റിൽ ആടിയും ഇളകിയും നിൽക്കുന്നത് അവൻ കണ്ടു. സംശയിക്കാനില്ല; കുരിശടയാളം മറ്റാരും ഉപയോഗിക്കാറില്ലെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. എന്താണ് ചെയ്യേണ്ടത്? എല്ലാവരും നിന്നാലോചിച്ചു. പത്തേമ്മാരി പരിശോധിക്കണമെന്നു പൊക്കനഭിപ്രായപ്പെട്ടു;

"പറങ്കികളുണ്ടെങ്കിൽ?"

"പീരങ്കിയുണ്ടെങ്കിൽ!"

പലർക്കും പല സംശയമാണ്. ഉണ്ടെങ്കിൽ കാണാമെന്നൊരു ഭാവമാണ് പൊക്കന്... ചെറിയൊരു തോണി ഉന്തിത്തള്ളി വെള്ളത്തിലിറക്കി പൊക്കൻ അതിൽ ചാടിക്കയറി. ഒരുമിച്ചു വേറെ രണ്ടുപേരും. പത്തേമ്മാരിയുടെ നേർക്ക് അവൻ തിരക്കിട്ടു തുഴഞ്ഞു.

പ്രയാസപ്പെട്ടു കയറിനോക്കിയപ്പോഴാണ് മനസ്സിലായത്. ആരും അതിലില്ല. ആളുകളില്ലാതെ ഒരു പത്തേമ്മാരി തനിച്ച് അവിടെ വന്നു നിൽക്കില്ല. ആളുകൾ ഉണ്ടായിരുന്നിരിക്കണം. അവർ ഏതോ ആവശ്യത്തിനു കരയ്ക്കിറങ്ങിയതായിരിക്കണം. കരയിൽ ആപത്തുണ്ട്. തീർച്ച. പത്തേമ്മാരിയിൽ കണ്ടെത്തിയ വെണ്മഴുവും വാളും കുന്തവും അവർ ശേഖരിച്ചു. പാമരം കൊത്തിമുറിച്ചു പായ കടലിലേക്കു തള്ളി. ഇരുവശത്തും ഘടിപ്പിച്ച തണ്ടുകൾ കൊത്തിമുറിച്ച് ഉപയോഗശൂന്യമാക്കി. അവിടെ നിൽക്കട്ടെ. എളുപ്പത്തിൽ കൊണ്ടുപോവാൻ കഴിയരുത്. കൂടുതൽ

അന്വേഷണത്തിനുവേണ്ടി പൊക്കനും കൂട്ടുകാരും കിട്ടിയേടത്തോളം ആയുധങ്ങളു മായി കരയിലേക്കു തിരിച്ചു.

പരസ്പരം ആളെക്കണ്ടു തിരിച്ചറിയാൻ മാത്രം നേരം വെളുത്തുകഴിഞ്ഞു. പുതി യൊരു വിശേഷം കണ്ടെത്തിയതപ്പോഴാണ്-പത്തേമ്മാരിയിൽ നിന്ന് ആരോ കരയ്ക്കിറങ്ങിയിട്ടുണ്ട്. പാദരക്ഷ ധരിച്ചുപൂഴിയിലൂടെ നടന്നുപോയ അടയാളം കാ ണാനുണ്ട്. ആ അടയാളം പിന്തുടർന്ന് ചിലർ അന്വേഷണമാരംഭിച്ചു. മാളികയ്ക്കലെ പടിക്കലോളം അടയാളം കാണാനുണ്ടെന്നു പോയവർ തിരിച്ചുവന്നു പറഞ്ഞു.

എല്ലാ സംശയങ്ങളും അതോടെ അവസാനിച്ചു. മാളികയ്ക്കൽ പറങ്കികളുണ്ട്. അവരെ പിടിക്കണം. ജീവനോടെ കടപ്പുറത്തുവെച്ചു ചുടണം. ആർത്തുവിളിച്ചുകൊ ണ്ടു് എല്ലാവരും മാളികയ്ക്കലേക്കോടി. അവിടെ വാതിൽ കൊട്ടിയടച്ചിരിക്കയാണ്. പുലരുംതോറും വിവരം കേട്ട ആളുകൾ ഓടിയെത്തി. മാളികയ്ക്കലെ അതിർവരമ്പും വേലിയും ജനങ്ങൾ ചവിട്ടിത്തകർത്തു. പറങ്കികളെ വിട്ടുകിട്ടാൻ വേണ്ടി ഒന്നിച്ച് അവർ ആർത്തുവിളിച്ചു. വീട്ടിനുള്ളിൽ നിന്നു മറുപടിയില്ല. പിന്നെയും പിന്നെയും ആർപ്പുവിളി മുഴങ്ങി.

കിളിവാതിലന്നടുത്ത് ആലിക്കുട്ടിയുടെ മുഖം പ്രത്യക്ഷപ്പെട്ടു.

"പിടിയെടാ പിടി!" ജനങ്ങൾ ഒന്നിച്ചലറി.

സൂര്യപ്രകാശം പരന്നു. കടൽക്കാറ്റിനോടൊപ്പം വളയക്കടപ്പുറത്തെ വിശേ ഷം അയൽപക്കത്തും ഒഴികിച്ചെന്നു. ക്രമേണ മാളികയ്ക്കലെ തെങ്ങിൻതോപ്പിലും അതിനു ചുറ്റിലുമായി ജനങ്ങളുടെ ഒരു മഹാസമുദ്രം തന്നെ അലയടിച്ചിരമ്പി. ഒറ്റ ക്കെട്ടായി ജനങ്ങളാവശ്യപ്പെട്ടു. അകത്തൊളിപ്പിച്ച പറങ്കികളെ തുറന്നുവിടാൻ. നി മിഷങ്ങൾ കഴിയുന്തോറും ആലിക്കുട്ടിയോടു ജനങ്ങൾക്കുള്ള വൈരം വർദ്ധിച്ചുവന്നു. വാതിൽ ചവിട്ടിപ്പൊളിക്കാനും വീടു കൈയേറാനും അകത്തൊളിപ്പിച്ച പറങ്കികളെ ബലമായി പിടിച്ചുകൊണ്ടുവരാനും ചിലരൊരുങ്ങി. പൊക്കൻ അവർക്കു നേതൃത്വം നൽകി. പ്രായം കൂടിയവർ ആ നടപടി സ്വീകാര്യമല്ലെന്ന് അഭിപ്രായപ്പെട്ടു. നി ലവിലുള്ള നിയമത്തെയും രാജാജ്ഞയെയും ധിക്കരിക്കലാവും അത്. തെയ്യുണ്ണിമേ നോനെ വിവരമറിയിക്കാം. അദ്ദേഹമെടുക്കട്ടെ തീരുമാനം. മിക്കവാറും എല്ലാവർ ക്കും യോജിച്ച അഭിപ്രായമായിരുന്നു അത്. ഏതാനു പേർ തെയ്യുണ്ണിമേനോനെ വിവരമറിയിക്കാനോടി.

ഓടിക്കിതച്ചെത്തിയ തെയ്യുണ്ണിമേനോൻ ജനങ്ങൾ ആദരവോടെ വഴിയുണ്ടാ ക്കിക്കൊടുത്തു. ബഹളം നിലച്ചു.

എന്താണ് സംഭവിക്കുന്നതെന്നറിയാൻ ജനങ്ങൾ ശ്വാസമടക്കിപ്പിടിച്ചുനിന്നു. വാതിൽ തുറക്കും. ആദ്യം ആലിക്കുട്ടിയും കുടുംബവും പുറത്തുകടന്നു നിൽക്കും. വീടു പരിശോധിക്കും. അകത്തൊളിപ്പിച്ച പറങ്കികളെ പിടിച്ചുകെട്ടി പുറത്തു കൊണ്ടുവ രും. മാളികയ്ക്കലെ മുറ്റത്തുവെച്ചുതന്നെ അവറ്റകളെ ചതയ്ക്കണം. പല സ്ഥലത്തുനി ന്നുമായി പിടിച്ചുകൊണ്ടുപോയ പെണ്ണുങ്ങൾക്കുവേണ്ടി, വെള്ള്യാൻകല്ലിലും കടലി

ലും വെച്ച നിഷ്ക്കരുണം വധിക്കപ്പെട്ട നിർദോഷികളായ പലർക്കും വേണ്ടി പകരം വീട്ടാനുള്ള സന്ദർഭമാണ്. ജനങ്ങൾ തെയ്യുണ്ണിമേനോന്റെ പിറകെ നടന്നു.

മാളികയ്ക്കലെ മുറ്റത്തിറങ്ങിയ തെയ്യുണ്ണിമേനോൻ തിരിഞ്ഞു നിന്നു ഗൗരവത്തിൽവിളിച്ചു പറഞ്ഞു:

"എല്ലാവരും വേലിക്കപ്പുറം പോയി നിൽക്കിൻ. ആരാന്റെ തൊടിയാണ്. ഇവിടെ കൂടിനിൽക്കാൻ പാടില്ല."

ജനങ്ങൾ സംശയിച്ചുനിന്നു.

"പൂവ്വാനല്ലേ പറഞ്ഞത്?" തെയ്യുണ്ണിമേനോന്റെ കണ്ണുകൾ ജ്വലിച്ചു.

"മഹാരാജാവിന്റെ പ്രതിനിധിയായിട്ടു ഞാനിവിടെയുണ്ട്. എല്ലാം വേണ്ടപോലെ നടത്താനെനിക്കറിയാം."

മഹാരാജാവിന്റെ പേരു കേട്ടപ്പോൾ ജനങ്ങൾപതുക്കെ പിൻമാറി. മാളികയ്ക്കലെ വേലിക്കപ്പുറം കടന്നു നിന്നു.

ആലിക്കുട്ടി വാതിൽ തുറന്നു പുറത്തുവന്നു. ജനങ്ങൾ ഉറ്റുനോക്കി. തെയ്യുണ്ണിമേനോനും ആലിക്കുട്ടിയും എന്തൊക്കെയോ സംസാരിക്കുന്നുണ്ട്. അതുകഴിഞ്ഞ് തെയ്യുണ്ണിമേനോൻ അകത്തു കയറി.

"കൊല്ലണം; ജീവനോടെ ചുടണം." പലരും ആർത്തുവിളിച്ചു. എല്ലാവരുടെ കണ്ണും വാതിലിന്നു നേർക്കാണ്. തെയ്യുണ്ണിമേനോൻ പറങ്കികളെ പിടിച്ചുകൊണ്ടു വരും. പറഞ്ഞുകേട്ടതല്ലാതെ, പറങ്കികളെ കാണാനിതുവരെ തരപ്പെട്ടിട്ടില്ല. കാണണം. കാണും. കുശലം ചോദിക്കണം.

ആരാണ് പുറത്തുവന്നത്? തെയ്യുണ്ണിമേനോൻ. പിന്നിലാരാണ്? ആലിക്കുട്ടി. പിന്നെ? ആരുമില്ലേ? പറങ്കികളെവിടെ? ജനങ്ങൾ പരസ്പരം പിറുപിറുത്തു. തെയ്യുണ്ണിമേനോൻ മുറ്റത്തിറങ്ങി. വേലിക്കടുത്തു വന്നു. മുഖത്ത് ഗൗരവം കൂടുതലാണ്. എന്തോ പറയാൻഭാവമുണ്ട്. ജനങ്ങൾ ശ്രദ്ധിച്ചുനിന്നു.

"അക്രമമാണ് നിങ്ങൾ കാണിച്ചത്." തെയ്യുണ്ണിമേനോൻ ജനങ്ങളോടു പറഞ്ഞു: "മാനമര്യാദയായി കഴിഞ്ഞുകൂടുന്ന ഒരാളുടെ വീട് വളഞ്ഞ് അയാളെ ദ്രോഹിക്കുന്നത് കഠിനമായ കുറ്റമാണ്. ഇത്തവണ ഞാനിതു ക്ഷമിക്കുന്നു. തിരുമനസ്സറിഞ്ഞാൽ നിങ്ങൾക്കു മാപ്പില്ല. വേഗത്തിലെല്ലാവരും സമാധാനപരമായി പിരിഞ്ഞു പോയ്ക്കോളിൻ. ഇവിടെ പറങ്കികളില്ല. ആലിക്കുട്ടി രാജദ്രോഹം ചെയ്യില്ല."

ജനക്കൂട്ടത്തിൽനിന്നു പൊക്കൻ മുമ്പോട്ടു വന്നു. കൂട്ടുകാർ അവനെ പിടിച്ചുനിർത്തി. സംസാരിക്കാൻ വിട്ടില്ല... തെയ്യുണ്ണിമേനോന്റെ വാക്കു വിശ്വസിക്കാൻ ജനങ്ങൾ തയ്യാറായില്ല. വല്ലതും പ്രവർത്തിച്ചാൽ രാജകോപത്തിനിടയാവും. എല്ലാവരും കടപ്പുറത്തേക്കു നീങ്ങി. അവിടവിടെ കൂടിനിന്ന് ആലോചിച്ചു. പൊക്കൻ കൂട്ടുകാരോടുകൂടി പത്തേമ്മാരി വെട്ടിപ്പൊളിച്ചു കരയിലേക്കു കൊണ്ടു വന്നു. പറങ്കികൾക്കു പകരം പത്തേമ്മാരി ചുടാൻ തീരുമാനിച്ചു. ജനങ്ങൾക്കുത്സാഹമായി. അവർ ചുറ്റും കൂടിനിന്ന് തീയെരിച്ചു. പറങ്കികൾക്കും തെയ്യുണ്ണിമേനോനും ആലിക്കുട്ടിക്കും

എതിരായി കടുത്ത വാക്കുകൾ വിളിച്ചുപറഞ്ഞു. ഉണക്കച്ചുള്ളികളും കൊമ്പുകളും പെറുക്കിക്കൊണ്ടുവന്നു തീയിലേക്കെറിഞ്ഞു. ക്ഷണത്തിൽ വലിയൊരു തീക്കുണ്ഡം സൃഷ്ടിച്ചു. പുകയും ജ്വാലകളും ആകാശത്തേക്കുയർന്നു.

— 6 —

# ആറ്

ഒരു കരിയില അനങ്ങിയാൽ, കുടിലിന്റെ മോന്തായത്തിൽ ഒരു എലി പാഞ്ഞാ രു പൂഴിപ്പരപ്പിനപ്പുറത്തെ ചുള്ളിക്കാട്ടിൽ കാറ്റൊന്നു ധൃതി വെച്ചു നടന്നാൽ, പെണ്ണു ങ്ങൾ പേടിച്ചുവിറയ്ക്കും. തഞ്ചം കിട്ടിയാൽ കടന്നാക്രമിക്കാൻ ഇരുട്ടിൽ ആരോ പതി യിരിക്കുന്നുണ്ടെന്ന തോന്നൽ എല്ലാവർക്കുമുണ്ട്. ഉറക്കം കുറഞ്ഞ രാവുകൾ ഇഴ ഞ്ഞു നീങ്ങി. എല്ലാവരും നിശ്ശബ്ദമായി എന്തോ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

സന്ധ്യമയങ്ങിയാൽ കടപ്പുറത്തെ പെണ്ണുങ്ങൾ അഞ്ചും എട്ടും പേർ ഒരുമിച്ച് ഏതെങ്കിലും രക്ഷാസങ്കേതത്തിൽ ചെന്നുകൂടും. കുടിലിന്നു കാവൽ കിടക്കുന്നതു കി ഴവന്മാരാണ്. ചെറുപ്പക്കാർ കഠാരിയും കുറുവടിയുമേന്തി പുലരുംവരെ റോന്തുചുറ്റും. വേണ്ടിവന്നാൽ ആത്മത്യാഗമനുഷ്ഠിച്ചും പെണ്ണുങ്ങളുടെ മാനംകാക്കാൻ പ്രതിജ്ഞ യെടുത്തവരാണ് അവർ.

പാതിരാവിന്റെ നിശ്ശബ്ദതയിൽ വിശന്ന ചെന്നായ്ക്കളെപ്പോലെ പറങ്കികൾ കുടി ലിലേക്കു ചാടിവീഴുന്നത് ഏലവും കുരുമുളകും അന്വേഷിച്ചല്ല. അവർക്ക് പെണ്ണുങ്ങ ളെ വേണം. സ്വന്തമായനുഭവിക്കാനും രാജാവിനും പ്രഭുക്കന്മാർക്കും കാഴ്ചവയ്ക്കാനും. നല്ല പാരിതോഷികം കിട്ടും. അർദ്ധനഗ്നകളായ പെണ്ണുങ്ങൾ രാജാവിന്റെ കണ്ണിനു വികാരത്തിന്റെ സദ്യയൊരുക്കിക്കൊടുക്കും. മാംസഭക്ഷണത്തിനു കോഴികളെയും താറാവുകളെയും പോറ്റുംപോലെ മാംസദാഹം കെടുക്കാൻ കൊട്ടാരത്തിൽ കറുത്ത പെണ്ണുങ്ങളെ അവർക്കാവശ്യമുണ്ട്. മാദക യൗവനത്തിന്റെ മധുരസ്സത്തു വലിച്ചെടു ത്ത് അവരെ തെരുവിലേക്കു വലിച്ചെറിയുന്നു. പഴത്തൊലിപോലെ അവർ ചവിട്ടി ത്തേക്കപ്പെടുന്നു.

ചായം തേക്കാത്ത ചുണ്ടുകളും പൗഡർ പൂശി കൃത്രിമവർണ്ണം കലരാത്ത കവി ളുകളും തുറന്നിട്ട മാറിടവും നഗ്നപാദങ്ങളുമുള്ള പെണ്ണുങ്ങളെ രാജാവ് സ്വപ്നം കണ്ടു. വികാരത്തിന്റെ കടിഞ്ഞാണറ്റ രാജാവ്, രാജ്യം പിടിച്ചടക്കാനും സാമ്രാജ്യം കെ ട്ടിപ്പടുക്കാനും കൊതിച്ചു. പട്ടാളങ്ങളുടെ അകമ്പടിയോടുകൂടി സർവ്വാധികാരങ്ങളും

നൽകി രാജ്യാന്തരങ്ങളിലേക്കയയ്ക്കുന്ന കപ്പിത്താൻമാരോടും കല്പിച്ചു:

"കൊണ്ടുവരൂ, ഇനിയുമിനിയും കൊണ്ടുവരൂ; മാംസവും മജ്ജയുമുള്ള, കറുത്ത മുടിയും കൺമിഴിയുമുള്ള കളിപ്പാവകളെ കിട്ടാവുന്നത്ര കൊണ്ടുവരൂ."

കപ്പിത്താന്മാർക്കും പട്ടാളക്കാർക്കും ഉത്സാഹമായി. കൽപ്പിക്കുന്നതു രാജാവാണ്. സ്ഥാനമാനങ്ങളും പദവികളും സമ്മാനങ്ങളും കിട്ടും. അങ്ങനെ വ്യാപാരവസ്തുക്കളിൽ ഒരിനംകൂടി ഉൾപ്പെട്ടു. "കറുത്ത പെണ്ണ്." അറ്റം കാണാത്ത കടലിൽ നാടും നഗരവും മനുഷ്യമുഖങ്ങളും കാണാതെ വർഷങ്ങളോളം കഴിച്ചുകൂട്ടുന്ന പട്ടാളക്കാരാണ്. മനുഷ്യത്വത്തിന്റെ പ്രാഥമികപാഠങ്ങൾ പോലും അവൻ വിസ്മരിക്കുന്നു. കാലാവസ്ഥയുടെ കഠിനപ്രഹരമേറ്റ് ഉള്ളും പുറവും കഠോരമാവുന്നു. ആകൃതിയിൽ മാത്രം മനുഷ്യനോടും പ്രകൃതിയിൽ മുഴുവൻ മൃഗത്തോടും അടുപ്പം സ്ഥാപിച്ച ആ പട്ടാളക്കാരാണ് സദാചാരനിരതകളായ മലയാളിപ്പെണ്ണുങ്ങളെയും തേടിവരുന്നത്.

വളയക്കടപ്പുറത്ത് കണ്ട പത്തേമ്മാരിയിൽനിന്നു കരയ്ക്കിറങ്ങിയ പറങ്കികൾ എവിടെയോ ചുറ്റിപ്പറ്റി നിൽപ്പുണ്ട്. എല്ലാവരും മതികെട്ടുറങ്ങുന്ന ഒരു രാത്രി ഏതെങ്കിലും കുടിലിലവർ ചാടി വീഴും. സൂക്ഷിക്കണം.

പൊക്കനു വളരെ തിരക്കുപിടിച്ച ദിവസങ്ങളാണ്. പകൽ മീൻപിടുത്തത്തിനു കടലിലിറങ്ങണം. രാത്രിയായാൽ കൂട്ടുകാരെ ഏകോപിച്ചുനിർത്തി കാവൽജോലി നിർവ്വഹിക്കണം. ആകപ്പാടെ രസമുണ്ട്. പ്രതീക്ഷിച്ചപോലെ അത്ര മുഷിപ്പനല്ല ജീവിതം. കഠിനാദ്ധ്വാനവും ഊണും ഉറക്കവുമായി വിരസങ്ങളായ ദിവസങ്ങൾ ഉന്തിത്തള്ളി പതുക്കെപ്പതുക്കെ മരണത്തിലേക്കടിവെച്ചു നീങ്ങുന്ന ജീവിതത്തിനു വികാസവും ചൂടും നൽകാൻ ആവേശഭരിതമായ കർമ്മപരിപാടി വല്ലതും വേണം. അതു കൈവന്നിരിക്കുന്നു. അമ്മയ്ക്കിപ്പോൾ ആവലാതിയില്ല. അമ്മയടക്കമുള്ള സ്ത്രീ സമുദായത്തിന്റെ രക്ഷയ്ക്കുവേണ്ടിയാണ് മകൻ ആയുധമേന്തിയത്. ഏതു വാത്സല്യവും ധീരമായ ആ കർത്തവ്യത്തിനു മുമ്പിൽ മൗനം ദീക്ഷിക്കും. എങ്കിലും ദമയന്തി ഉള്ളിൽത്തട്ടി പ്രാർത്ഥിച്ചു:

"അടിയാരെ തുണയ്ക്കുന്ന പരദേവതേ, എന്റെ പൊന്നുമോനെ കടലിലും കരയിലും നീ തന്നെ കാക്കണേ..."

സന്ധ്യയായാൽ കടപ്പുറം നിശ്ശബ്ദമാണ്. ആരും ഉച്ചത്തിലൊരക്ഷരം മിണ്ടില്ല. കുടികളിലൊന്നും തീയെരിക്കില്ല. കടലിലൂടെ പാളിപ്പതുങ്ങി വരുന്ന ശത്രുക്കൾ കണ്ടാലോ? പെണ്ണുങ്ങൾ രക്ഷാസങ്കേതത്തിൽ രാത്രി മുഴുവൻ കടൽപ്രതിമ പോലെ നിശ്ചലരായിരിക്കും. ഉറക്കം വരില്ല. ഉറങ്ങുമ്പോൾ വാരിക്കൊണ്ടുപോയാലോ? ചെവി വട്ടം പിടിക്കും; നിലവിളി കേൾക്കുന്നുണ്ടോ? വൃക്ഷത്തലപ്പുകളെ കുലുക്കി മൂളിച്ചു കൊണ്ടു തെക്കൻ കാറ്റു കടന്നുപോകുമ്പോൾ കൂട്ടത്തിലൊരുത്തി പറയും, പതുക്കെ:

"കേട്ടോ?"

"എന്ത്?"

"നെലവിളി."

"നീ കേക്കുന്നില്ലേ?"

"അഃ കേക്കുന്നുണ്ട്."

"നിയ്യോ?"

"ഞാനും."

"ഞാനും."

ചോദ്യോത്തരങ്ങൾ മന്ത്രംപോലെ പതുക്കെ ചെവിയിലുച്ചരിക്കുകയാണ്. നിലവിളി എല്ലാവരും കേട്ടു. കൊള്ളയും കൊലയും തീവെപ്പും! കോടിക്കൽക്കടപ്പുറത്താവും. ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോവുമ്പോൾ നിലവിളിക്കുകയല്ലാതെ പെണ്ണുങ്ങളെന്തുചെയ്യും? തടുക്കാൻ ചെല്ലുന്ന ആണുങ്ങളെ കഷ്ണം വെട്ടി നിലത്തിടുന്നുണ്ടാവും?

"ഭ്ഹ്ഹഹ്ഹാ!" കടലിന്റെ മോന്തായത്തിലിരുന്നു മലനത്തു ശബ്ദിച്ചു. കനത്ത ഇടിവെട്ടിൽപ്പോലും കുലുങ്ങാത്ത മരയ്ക്കാൻമാരാടെ പെണ്ണുങ്ങൾ കാറ്റു തട്ടിയ ആലിലപോലെ വിറച്ചു. നാവും ചുണ്ടും വരണ്ടു. നിലവിളിക്കാനുള്ള ശക്തിയില്ലാതെ കുഴഞ്ഞു. മലനത്തു പരിസരത്തെ ഞെട്ടിച്ചുകൊണ്ടു പിന്നെയും ശബ്ദിച്ചു. ദുർനിമിത്തമാണ്. മലനത്തിന്റെ ശബ്ദം മരണത്തിന്റെ മുന്നോടിയാണ്. കടൽത്തീരത്തു മത്സ്യങ്ങളെ പിടിച്ചുതിന്നാനെത്തുന്ന മൂങ്ങകൾ മൂളി.

"ഉം ഊ ഉം!"

പ്രപഞ്ചം മുഴുവൻ തങ്ങൾക്കെതിരാണെന്നു പാവപ്പെട്ട ആ പെണ്ണുങ്ങൾ വിശ്വസിച്ചു.

എട്ടും പത്തും ആളുകളുള്ള സംഘങ്ങളായിട്ടാണ് ചെറുപ്പക്കാർ കാവൽ ജോലി നടത്തുന്നത്. മുക്കുവരും മുസ്ലീങ്ങളും തിയ്യരുമുണ്ട് സംഘത്തിൽ. ജാതിമതവ്യത്യാസമില്ലാതെ, അക്രമികളെ എതിരിടാൻ എല്ലാവരും ഒറ്റക്കെട്ടായി നിന്നു. വളയക്കടപ്പുറത്ത് ഒരറ്റം മുതൽ മറ്റേ അറ്റംവരെ ആ രക്ഷാവ്യൂഹം വള്ളങ്ങളുടെ മറവിലും വെള്ളച്ചാലുകളുടെ വിടവിലും പതിയിരുന്നു. ഓരോ സംഘത്തിനും അപ്പപ്പോൾ വേണ്ട നിർദ്ദേശം നൽകുന്നതു പൊക്കനാണ്. കൂടെ അവന്റെ ഏറ്റവും അടുത്ത സുഹൃത്തായ കുഞ്ഞാലിയുമുണ്ടാവും. കുഞ്ഞാലി ഉണക്കമീൻ കച്ചവടക്കാരനാണ്. പ്രായത്തിലും തടിമിടുക്കിലും കുഞ്ഞാലി പൊക്കന്റെ കൂട്ടുകാരനാവാൻ പറ്റും.

പൊക്കനും കുഞ്ഞാലിയും കുടിലുതോറും ചെല്ലും. പെണ്ണുങ്ങളുള്ള സ്ഥലത്തെത്തിയാൽ പുറത്തുനിന്നു വിളിച്ചു ചോദിക്കും:

"പേടീണ്ടോ?"

പൊക്കന്റെ ശബ്ദം കേൾക്കുന്നതു പെണ്ണുങ്ങൾക്ക് ആശ്വാസമാണ്. അവരുടെ രക്ഷയ്ക്ക് പുറത്ത് ആളുണ്ടെന്ന വിശ്വാസം തെല്ലു സമാധാനം നൽകും.

"എന്താ, ഒരു നെലവിളി കേട്ടത്?" അകത്തുനിന്ന് ആരെങ്കിലും പൊക്കനോട്ട് ചോദിക്കും.

"നെലവിളിയോ?" ഞാളാരും കേട്ടിറ്റില്ല. വെറുതെ പേടിച്ചിറ്റ തോന്ന്വാവും."

പൊക്കന്റെ സമാധാനം കേട്ടിട്ടും ആ നിലവിളി സ്വന്തം ഹൃദയത്തിന്റെ ഉള്ളറയിൽ നിന്നു മുഴങ്ങിയതാണെന്നു വിശ്വസിക്കാൻ പെണ്ണുങ്ങൾക്കു കഴിഞ്ഞില്ല. എന്നാലും ഒരു പുരുഷന്റെ ശബ്ദം കേട്ടലോ. അനുമതി. നെഞ്ചിടിപ്പ് അല്പം കുറയാൻ...

വെളുത്ത പക്ഷത്തിലെ പഞ്ചമിയാണ് അന്ന്... നേരിയ നിലാവുണ്ട്. അവിടവിടെ പൊടിമേഘം പറ്റിനിന്ന ആകാശം, ചന്ദനം അരച്ച കഴുകാതെയിട്ട ചാണക്കല്ലുപോലിരുന്നു. കറ തട്ടിയ വെള്ളിത്തകിടുപോലെ നിറം മങ്ങിക്കിടന്നു. മാളികയുടെ തൊടിയിൽ മാത്രം ഒറ്റ നിറം; കൊടും കറുപ്പ്. ദുർബ്ബലമായ ചന്ദ്രരശ്മിക്കു തെങ്ങിൻതോപ്പിലേക്കു തുളച്ചുകടക്കാൻ കഴിഞ്ഞില്ല.

മുറ്റത്തു കൂലിക്കാർ തിരക്കിട്ടു പണിയെടുക്കുന്നതും നോക്കി ആലിക്കുട്ടി ബടാപ്പുറത്തിരുന്നു; അടുത്തുതന്നെ തെയ്യുണ്ണിമേനോനും. കുരുമുളകു ചേറുകയും അളന്നു കെട്ടുകയും ചെയ്യുന്ന കൂലിക്കാരെ ആലിക്കുട്ടി ഇടയ്ക്കിടെ പ്രോത്സാഹിപ്പിച്ചു:

"ബേഗം, ബേഗം നോക്കീനെടാ."

കാലവർഷക്കെടുതി നീങ്ങിയ അറബിക്കടലിലേക്ക് ആർത്തിപിടിച്ച വ്യാപാരക്കപ്പലുകൾ വിദേശങ്ങളിൽ നിന്ന് ഓടിവരാൻ തുടങ്ങിയിരിക്കുന്നു. ചരക്കു കൈയിരിപ്പുള്ളവർക്കു തീപിടിച്ച വില കിട്ടും. കമ്പോളത്തിൽ പുതിയ ചരക്ക് എത്താറായിട്ടില്ല. കുരുമുളകു പറിച്ചു തുടങ്ങാൻ ഇനിയും രണ്ടുനാലു മാസം കഴിയണം. പാണ്ടികശാലയിലും വീട്ടിലും ആലിക്കുട്ടി കിട്ടാവുന്നത്ര കുരുമുളകു വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. മഴക്കാലം കഴിഞ്ഞു വിൽപ്പന നടത്താൻ എല്ലാം കരുതി വെച്ചതാണ്.

ചേറുന്ന മുറത്തിൽ കിടന്നു മുളകുമണികളുണ്ടാക്കുന്ന ശബ്ദം പൊൻപണത്തിന്റ മണിച്ചിൽപോലെ കേൾക്കാൻ സുഖമുള്ളതായി ആലിക്കുട്ടിക്കു തോന്നി. തന്നെ സംബന്ധിച്ച് ലാഭവും ചേതവുമില്ലാത്ത ആ തൊഴിൽ അധികനേരം അങ്ങനെ നോക്കിയിരിക്കാൻ തെയ്യുണ്ണിമേനോനു കഴിഞ്ഞില്ല. ക്ഷമ നശിക്കുകയാണ്. വല്ലതും രണ്ടുവാക്കു സംസാരിച്ചാൽ മുഷിപ്പു തീരും.

"ആലിക്കുട്ടീ!" തെയ്യുണ്ണിമേനോൻ വിളിച്ചു.

"എന്താ മേന്നേ?" ചേറി വൃത്തിയാക്കി അളന്നു കെട്ടുന്ന മുളക് പറങ്കിക്കപ്പലുകളിൽ എത്തിക്കാൻ കഴിഞ്ഞാൽ തനിക്കു കിട്ടുന്ന ആദായമോർത്തു രസിക്കുകയായിരുന്ന ആലിക്കുട്ടിക്ക് തെയ്യുണ്ണിമേനോൻ വിളിച്ചത് ഇഷ്ടമായില്ല.

"നിലാവസ്തമിച്ചു"

"അയിനിങ്ങക്കെന്താണ്?"

"നേരം പത്തുനാഴിക രാച്ചെന്നു."

"ചെന്നോട്ടെ."

"അതല്ലെടോ!" ആലിക്കുട്ടിയുടെ അസുഖകരമായ മറുപടികേട്ട് അല്പം പതിഞ്ഞമട്ടിൽ തെയ്യുണ്ണിമേനോൻ തുടർന്നു: "ഈ ഇരുട്ടത്തു പേണ്ടേ ഞാൻ."

“ങ്ങളിന്നു പോണ്ടാ... ഇവിടെ കൂടിക്കോളീ?”

“അസ്സലായി! നാളെ അങ്ങട്ടു ചെന്നാൽ ലക്ഷ്മിക്കുട്ടി തിന്നും.”

“അപ്പം ങ്ങളെ കെട്ട്യോള് മനിസന തിന്ന്വോ?”

അതിനു തെയ്യുണ്ണിമേനോൻ ഉത്തരം പറഞ്ഞില്ല. ലക്ഷ്മിക്കുട്ടിയെപ്പറ്റിയുള്ള നിരൂപണമാവുമ്പോൾ സൂക്ഷിക്കണം. സംസാരം മറ്റൊരു വഴിക്ക് തിരിക്കാൻ ശ്രമിച്ചു.

“നീയ്യെന്നെ അടിയന്തരമായിട്ട് ആളയച്ചു വിളിച്ചല്ലോ; എന്തിനായിരുന്നു?”

“ബരീ, പറേട്ടെ!” ആലിക്കുട്ടി എഴുന്നേറ്റു; തെയ്യുണ്ണിമേനോനും. അവർ മുറ്റത്തിറങ്ങി, തൊടിയിലേക്കു കയറി. നല്ല ഇരുട്ട്. സ്വകാര്യം പറയാൻ പറ്റിയ സ്ഥലം.

“മേന്നേ, ഞമ്മളൊറപ്പിച്ച്!”

“എന്ത്?”

“ങ്ങള് ഞമ്മളെ സകായിക്കണം.”

“എന്തിന്?”

“ങ്ങളെ സകായം ഉണ്ടെങ്കില് ഞമ്മക്കിതൊരു പുല്ലാ.” ആലിക്കുട്ടി കാര്യത്തിലേക്കു കടക്കാതെ മുഖവുര നീട്ടിക്കൊണ്ടുപോകുന്നത് തെയ്യുണ്ണിമേനോന് ഇഷ്ടമായില്ല.

“എടോ, എന്തു കാര്യാ നീ പറയുന്നത്?”

“ഓനെ ഞമ്മങ്ങളൊരു വയിക്കാക്കും.” പിന്നെയും കേൾക്കുന്നതു സമസ്യയാണ്. ശബ്ദം കൊണ്ടുവേണം വികാരം തിരിച്ചറിയുക. ഇരുട്ടിൽ മുഖം കാണാൻ പറ്റില്ല. അല്പാല്പം ക്ഷമ നശിച്ചുതുടങ്ങിയ തെയ്യുണ്ണിമേനോൻ ചോദിച്ചു:

“ആരെ?”

“ആ പൈതലിന്റെ മോനില്ലേ, പൊട്ടിത്തെറിച്ച പഹയൻ?

“ശരി ശരി.” തെയ്യുണ്ണിമേനോന് രസമുള്ള വിഷയമാണ്.

“അവൻ മഹാ ധിക്കാരിയാണ്.”

“ഓനെ ഈ കടപ്പുറത്തു ബായിച്ചാ പറ്റൂലാ. ഞമ്മളെ കുടിലന്നുകേറി ഓൻ ഞമ്മളെ അഫമാനിച്ചത് ങ്ങള് മറന്നോ?” ആലിക്കുട്ടിയുടെ സ്വരം കോപംകൊണ്ടു വിറയ്ക്കുന്നതു തെയ്യുണ്ണിമേനോൻ മനസ്സിലാക്കി.

“എന്റെ ആയുസ്സുള്ളന്നു ഞാനതു മറക്ക്വോ? മറക്കാൻ സാധിക്ക്യോ എനിക്ക്?”

“അതാ പറഞ്ഞത്, ഓനെ ബായിച്ചാ പറ്റൂലാ.”

“നീ ഒട്ടും വിഷമിക്കണ്ടാ കേട്ടോ, ആലിക്കുട്ടീ, അവന്റെ കാര്യം ഞാൻ ശരിപ്പെടുത്തീട്ടുണ്ട്.”

“അതെങ്ങനെ?”

“അടുത്ത ബുധനാഴ്ചയാണ് മംഗലാപുരത്തു പോവുന്നത്. ഈശ്വരകാരുണ്യം കൊണ്ടു പറങ്കികളുടെ കൈയിൽപെടും.”

“പെട്ടില്ലാന്ന കുട്ടിക്കോളീ, ന്നാലോ?” എങ്ങനെയെങ്കിലും പൊക്കനെ രാജ്യത്തുനിന്ന് ഓടിക്കണമെന്ന് ആലിക്കുട്ടിക്കു നിർബന്ധമുണ്ട്.

“അങ്ങനെ വരില്ല.” തെയ്യുണ്ണിമേനോൻ ആശ്വസിപ്പിച്ചു.

ആലിക്കുട്ടിക്കു തൃപ്തിയായില്ല. പറങ്കികളുടെ ശല്യം സാമൂതിരിപ്പാട്ടിലേക്കു നല്ലപോലെ അറിയാം. തക്ക കരുതലോടുകൂടിയല്ലാതെ മംഗലാപുരത്തേക്കു കപ്പലുകളയയ്ക്കില്ല. വഴിയിൽവെച്ചു കുട്ടിമുട്ടലുണ്ടായാൽ പറങ്കികൾ തന്നെ ജയിച്ചോളണമെന്നില്ല. ശക്തിയേറിയ കടൽപ്പടയാണ് സാമൂതിരിപ്പാട്ടിലേക്കുള്ളത്. വേണ്ടത്ര പീരങ്കികളുമുണ്ട്. സഹായത്തിനാണെങ്കിൽ കുഞ്ഞാലിമരയ്ക്കാരും. ജയിക്കാനാണ് സാധ്യത. ജയിക്കുന്നപക്ഷം പൊക്കൻ തിരിച്ചുവരും. പിന്നെയും അവനെക്കൊണ്ട് ശല്യമാകും. അതു വയ്യാ. ആലിക്കുട്ടിയുടെ വാദമതാണ്.

രണ്ടുപേരും കുറേനേരം തർക്കിച്ചു. ആലിക്കുട്ടിയാണ് ജയിച്ചത്.

“ഓനെ ഞമ്മളൊരു ബയിക്കാക്കും.”

“വളരെ സൂക്ഷിക്കേണ്ട കാര്യമാണ്”, തെയ്യുണ്ണിമേനോനു പിന്നെയും സംശയം.

“അതൊക്കെ ഞമ്മളേറ്റു. ങ്ങളിബിടെണ്ടായാൽ മതി, ഞമ്മക്കൊരു കായത്തിന്. മറുത്തൊരു വാക്കു തെയ്യുണ്ണിമേനോനു പറയാൻപറ്റിയില്ല. ആലിക്കുട്ടി ഉറക്കെ വിളിച്ചുപറഞ്ഞു:

“അയമതേ!”

മുറ്റത്തെ കൂലിക്കാരുടെ ഇടയിൽനിന്നു മറുവിളികേട്ടു. കാൽപ്പെരുമാറ്റം അടുത്തുവരുന്നു.

“ഞമ്മളെ ബിളിച്ചോ?”

“ഉം.” ആലിക്കുട്ടി ഗൗരവത്തിലൊന്നു മൂളി.

“ഓലൊക്കെ മണ്ടെടാ?

“മന്ന്.”

“തോണി തയ്യാറാക്കിക്കോ.”

“അഃ.”

“എന്നാ ബേഗം ചെല്ല്. ഞമ്മൾ ബഡാപ്പൊറത്തുതന്നെ കുത്തിരിക്കും. സൂച്ചിക്കണേ”

അയമത് ഇരുട്ടിൽ നിന്നു മൂളി. ഒരു പരുക്കൻ മൂളൽ. ആ ശബ്ദത്തിന്റെ ഉടമസ്ഥൻ സാമാന്യനല്ലെന്നു തെയ്യുണ്ണിമേനോനു തോന്നി. അല്പം കഴിഞ്ഞ് ആലിക്കുട്ടിയും തെയ്യുണ്ണിമേനോനും മുറ്റത്തിറങ്ങിയപ്പോൾ അവിടെ കൂലിക്കാരാരുമുണ്ടായിരുന്നില്ല.

നിലാവിന്റെ അവസാനത്തെ തുള്ളികൂടി ഇരുട്ടിൽ അലിഞ്ഞു ചേർന്നു. വളയക്കടപ്പുറം മിക്കവാറും വിജനമാണ്. കടലിന്റെ നെടുവീർപ്പുപോലെ നേരിയ കാറ്റടിക്കുന്നുണ്ട്. അതു തെങ്ങോലകളെ ചലിപ്പിച്ചു. ചുള്ളിക്കാട്ടിലേക്കു കടന്നപ്പോൾ കരിയിലകൾ തമ്മിൽത്തമ്മിലെന്തോ പിറുപിറുത്തു. കാവൽ ജോലിയിലേർപ്പെട്ട ചെറുപ്പക്കാർ അവരവരുടെ താവളങ്ങളിൽ കടലിലേക്കു കണ്ണും നട്ടിരിക്കുകയാണ്. ആപത്തു വരുന്നത് ആ വഴിക്കാണല്ലോ!

പൊക്കനും കുഞ്ഞാലിയും പതിവുള്ള നടത്തം കഴിഞ്ഞു വിശ്രമിക്കുകയാണ്. ആകാശം നോക്കി ഇരിക്കാൻ നല്ല രസം. സന്ധ്യയ്ക്കു തലയ്ക്കു മുകളിൽക്കണ്ട നക്ഷത്രം കടലിലേക്കു തലകുത്തി വീഴാറായിരിക്കുന്നു. നക്ഷത്രങ്ങളിങ്ങനെ സഞ്ചരിക്കുന്നതു കടലിൽ ചാടി മരിക്കാനാണെന്നു പൊക്കനു തോന്നി. ആകാശത്തിന്റെ പടിഞ്ഞാറേ അറ്റത്ത് ഒന്നു മരിക്കുമ്പോൾ കിഴക്കേ അറ്റത്തു മറ്റൊന്നു ജനിക്കുന്നു.

“കണ്ടോ, കണ്ടോ?” കുഞ്ഞാലി പൊക്കനെ കുലുക്കി വിളിച്ചുകൊണ്ടു പറഞ്ഞു. പൊക്കൻ നോക്കി. ഒരു നക്ഷത്രം ആകാശമദ്ധ്യത്തിൽ നിന്നു തലകുത്തി പടിഞ്ഞാട്ടു വീഴുന്നു.

“പാമ്പു കല്ലുംകൊണ്ടു പറക്വാണ്.” പൊക്കൻ പറഞ്ഞു.

“വെള്ള്യാൻകല്ലിലേക്കാവും.” കേട്ടുകേൾവി അടിസ്ഥാനപ്പെടുത്തി കുഞ്ഞാലി അഭിപ്രായപ്പെട്ടു. പിന്നെയും അവർ ആകാശം നോക്കിക്കിടന്നു.

കിഴക്കുഭാഗത്തെ പച്ചിലക്കാടിനും അപ്പുറത്തുനിന്നു പുതിയ പുതിയ നക്ഷത്രങ്ങൾ ആകാശത്തിലേക്കു കയറി വരുന്നു. പല നിറത്തിലും വലിപ്പത്തിലുമുള്ളവ. കടലിൽപോകുന്നവർ നക്ഷത്രങ്ങളെ പഠിക്കണമെന്ന് അമ്മ പണ്ടു പറഞ്ഞിട്ടുണ്ട്. കര കാണാത്ത നടുക്കടലിൽ ദിക്കറിയാനവ ഉപകരിക്കും. അവൻ സൂക്ഷിച്ചു നോക്കി. ദിക്കറിയിക്കുന്ന ഒരു നക്ഷത്രം കണ്ടുപിടിക്കാൻ അമ്മ അവനെ പഠിപ്പിച്ചിട്ടുണ്ട് എന്നും ഒരു സ്ഥലത്ത് ഉറച്ചു നിൽക്കുന്നൊരു നക്ഷത്രം. ഉദിക്കുന്നതും അസ്തമിക്കുന്നതും ഒരു സ്ഥലത്താണ്; അങ്ങു വടക്ക്. വടക്കു കണ്ടുപിടിച്ചാൽ മറ്റു ദിക്കുകളൊക്കെ താനേ മനസ്സിലായിക്കൊള്ളും.

ചുള്ളിക്കാട്ടുകൾക്കപ്പുറത്തുനിന്ന് ഒരു നായകുരച്ചു. മനുഷ്യനെക്കണ്ടു ഭയപ്പെട്ടുള്ള കുരയാണ്. രണ്ടുപേരും ശ്രദ്ധിച്ചു. കാര്യം പന്തിയല്ല. എന്തോ കുഴപ്പമുണ്ട്. നേരം പാതിരാവിന്നടുക്കുകയാണ്. മനുഷ്യരാരും ഇറങ്ങിനടക്കുന്ന സമയമല്ല. നായ പിന്നെയും പിന്നെയും കുരയ്ക്കുന്നു. രണ്ടുപേരും എഴുന്നേറ്റു പുറപ്പെട്ടു. ചുള്ളിക്കാടിന്റെ വടക്കേ അറ്റത്തുനിന്നാണ്. അതിന്നപ്പുറം മിക്ക സ്ഥലവും കാടുകെട്ടികിടക്കുകയാണ്. വലിയ കാട്. പെരുമാൾക്കാട്ടിൽ നിന്നാണതിന്റെ തുടക്കം. അവിടെ വലിയൊരു ശിവക്ഷേത്രവും അതിനു ചുറ്റും കുറ്റൻ മരങ്ങൾ തിങ്ങിനിൽക്കുന്നൊരു കാവുമുണ്ട്. ആ കാവു തെക്കുപടിഞ്ഞാറോട്ടു നീണ്ട് ഏതാണ്ട് വളയക്കടപ്പുറത്തിനടുത്തോളമെത്തുന്നു. കള്ളന്മാരും പിടിച്ചുപറിക്കാരും പകലൊക്കെ ആ കാട്ടിൽ ഒളിച്ചുകൂടുമെന്നാണ് സങ്കൽപ്പം.

ശബ്ദമുണ്ടാക്കാതെ പതുങ്ങിപ്പതുങ്ങി രണ്ടുപേരും ചുള്ളിക്കാട്ടിലേക്കു കയറി. വലിയൊരു മരത്തിന്റെ നിഴൽ പറ്റി നിന്നു. അവിടെ കൂരിരുട്ടാണ്. പുറത്തുനിന്നു നോക്കുന്നവർ കാണില്ല. ചുറ്റുപാടും സൂക്ഷിച്ചു പരിശോധിക്കാൻ പറ്റിയ സ്ഥലം. നോക്കുംതോറും നാട്ടു വെളിച്ചത്തിൽ പരിസരം തെളിഞ്ഞു തെളിഞ്ഞു വരുന്നു. കരിയിലകൾക്കിടയിൽ നിന്നു മണ്ണട്ടകൾ ലഹളകൂട്ടുന്നുണ്ട്. ചെവിടടയ്ക്കുന്ന ശബ്ദം. പിറകിൽ നിന്നു വല്ലവരും വന്നാൽ കാൽപ്പെരുമാറ്റംകൂടി കേൾക്കില്ല. കൈതപ്പൊത്തിലെവിടെയോ പൊരുന്നണഞ്ഞ കുളക്കോഴി മാത്രം കണക്കാക്കി ശബ്ദിക്കുന്നു. “ക്ലോം ക്ലോം ക്ലോം...”

“അതാ അതെന്താ”, അല്പം പരിശ്രമത്തോടെ കുഞ്ഞാലി ചോദിച്ചു.

“ഏത്?”

ഒരാളവിടെ നിൽക്കുന്നു! കുഞ്ഞാലി പൊക്കനെ കാട്ടിക്കൊടുത്തു. അവനും തോന്നി. അല്പം അകലെ ഒരാൾ നിൽക്കുന്നു. അനങ്ങുന്നില്ല. സൂക്ഷിച്ചുനോക്കി. എന്തൊരു വലുപ്പം! ആലോചിച്ചു നിൽക്കാൻ സമയമില്ല. സൂത്രത്തിൽ കടന്നുകളയും. ശബ്ദമുണ്ടാക്കാതെ ചെല്ലണം. ചെന്നു പിടിക്കണം. രണ്ടുപേരും പറഞ്ഞൊത്തു നിഴലിലൂടെ നടന്നു. എങ്ങാനും കണ്ടുപോയെങ്കിൽ ആ നിൽക്കുന്ന ആൾ കാട്ടിലെവിടെയെങ്കിലും ഓടിമറയും. പിന്നെ കണികാണാൻ കിട്ടില്ല. ഓരോ അടിവയ്ക്കുന്നതും കൂടുതൽ കരുതലോടെ വേണം. ശബ്ദമുണ്ടാക്കാൻ പാടില്ല.

ശബ്ദമുണ്ടാക്കാതെ പതുങ്ങിപ്പതുങ്ങി നടന്നു. അടുക്കുന്തോറും അഭിപ്രായത്തിനു ബലംകൂടുകയാണ്. കാൽച്ചട്ടയും മേലങ്കിയും ‘പിഞ്ഞാണ’ത്തൊപ്പിയും ധരിച്ച് ആകാശം മുട്ടിനിൽക്കുന്നൊരു മനുഷ്യൻ ആരായാലും വേണ്ടില്ല. പിടിക്കണം; പിടിച്ചു കെട്ടണം. ഉറച്ച തീരുമാനമെടുത്തുകൊണ്ട് ഒരു ചാട്ടത്തിനവർ ആ മനുഷ്യന്റെ മുമ്പിലെത്തി.

കുഞ്ഞാലി അലറി. “നിക്കെടാ അബിടെ!” കേറിപ്പിടിച്ചു. പിടിച്ചപ്പോഴാണ് കാര്യം മനസ്സിലായത്. ഉണക്കപ്പട്ടകൾ തൂങ്ങി, തലയിൽ നിറച്ചു കായ്കളേന്തി നിൽക്കുന്ന ഒരു ഈന്തൽമരമാണ്. ഈന്തൽമരത്തിന്റെ പരുക്കൻ തൊലി തട്ടി വേദനിച്ചപ്പോൾ കരയാനല്ല, ചിരിക്കാനാണ് തോന്നിയത്. രണ്ടുപേരും ചിരിച്ചു. കിതപ്പും പരിഭ്രമവും തീരുന്നതുവരെ അവിടെത്തന്നെ ഇരുന്നു. കാവലാരംഭിച്ചതിൽ പിന്നെ കൈനേട്ടംപോലെ വന്നുചേർന്ന യുദ്ധമാണ്. ആരോടും മിണ്ടാൻ വയ്യാത്ത യുദ്ധം. കൂട്ടുകാരറിഞ്ഞാൽ പരിഹസിച്ചു തൊലിയുരിക്കും.

ആലോചിക്കുംതോറും ചിരിയടക്കാൻ കഴിയുന്നില്ല. ഒരു പക്ഷേ, നായ കുരച്ചതും ആ ഈന്തൽമരം കണ്ടു തെറ്റിദ്ധരിച്ചാവുമെന്ന് പൊക്കൻ അഭിപ്രായപ്പെട്ടു. കുഞ്ഞാലി പറഞ്ഞു, നായയ്ക്കു രാത്രി കണ്ണു കാണുന്നതുകൊണ്ട് അമളി പറ്റില്ലെന്ന്. നിഴലു കണ്ട് നായ കുരയ്ക്കാറുണ്ടെന്ന് സ്ഥാപിക്കാൻ പൊക്കൻ പല തെളിവുകളും ഹാജരാക്കി. മടങ്ങിപ്പോരുമ്പോൾ വാക്കിനു വാക്കിനു ചിരിച്ചുകൊണ്ടാണ് അവർ നടന്നത്.

ചുള്ളിക്കാട്ടുകൾ അവിടവിടെ ഇളകുന്നു. കാറ്റടിച്ചിട്ടാവും. മരക്കമ്പുകൾ ഇളകുന്നുണ്ടോ? ഇല്ല. വിചിത്രമായിരിക്കുന്നു. ഭൂമിയെ മാത്രം സ്പർശിച്ചുകൊണ്ടു പോകുന്ന ഒരുതരം പുതിയ കാറ്റ്. പൊക്കനു കുറഞ്ഞൊരത്ഭുതം തോന്നി. കുഞ്ഞാലിക്കിനി അബദ്ധം പറ്റില്ല.

"കുറുക്കൻ പായുന്നതാ." അവൻ അഭിപ്രായപ്പെട്ടു. അതേ. അല്ലെങ്കിൽ ചില പ്രത്യേക സ്ഥലത്തുമാത്രം അടിക്കുന്ന കാറ്റുണ്ടാവില്ല. ഏറെനേരം ചിരിച്ചതുകൊണ്ടു മനസ്സിനൊരു ലാഘവം കൈവന്ന കുഞ്ഞാലിക്ക് അൽപ്പം ഫലിതം പറഞ്ഞാൽ വേണ്ടില്ലെന്നു തോന്നി.

"ഈ കുറുക്കനില്ലേ?"

"ഇല്ലാ." പൊക്കൻ കളിയാക്കി.

"കുറുക്കനും പറങ്ക്യേളും ഒരു പോലത്തെ ബലാല്ങ്ങളാ. മോന്തിക്ക് ഒളിച്ചും പതുങ്ങീം ബരും. ഉസിര്ള്ളോലങ്ങനെ ചെയ്യൂലാ."

"പറങ്കിയേക്ക് ഉശിര്ണ്ടെന്നാരാ പറഞ്ഞത്?"

"അല്ലാ, ഉസിര്ണ്ടായാലും ഇല്ലെങ്കിലും ഒളിച്ച് ബരുന്നത് ബെടക്കുമാതിരിയാ."

ചുള്ളിക്കാട്ടുകൾ അവിടവിടെ പിന്നെയും ഇളകുന്നു. പൊക്കൻ തിരിഞ്ഞുനോക്കി. പിറകിൽ ഇളക്കമില്ല. ഇളക്കം മുമ്പിലാണ്. അവൻ നിന്നു. ആ ഇളക്കത്തിന്റെ കാരണമൊന്നറിയണം. കടന്നുചെല്ലാൻ മടി. പൂഴിയിൽ നിറച്ചു ഞെരിഞ്ഞിൽ മുള്ളുണ്ടാവും. കുഞ്ഞാലി നടക്കുകയാണ്. പൊക്കൻ വഴിയിൽ സംശയിച്ചു നിന്നതറിഞ്ഞിട്ടില്ല.

പെട്ടന്നാണതു സംഭവിച്ചത്. കുഞ്ഞാലിയുടെ ഇരുവശത്തുമുള്ള കുറ്റിക്കാട്ടിൽ നിന്ന് ഒരേസമയം മൂന്നുനാല് പേർ എഴുന്നേൽക്കുന്നു. കുഞ്ഞാലിയെ പിടിക്കാൻ തുടങ്ങുന്നു. കൈയിലുള്ള കുറുവടി മുറുക്കിപ്പിടിച്ചുകൊണ്ട് പൊക്കൻ മുന്നോട്ടാഞ്ഞു. ഇരുമ്പുദണ്ഡുപോലുള്ള ഒരു കൈ അവന്റെ കഴുത്തിൽ ചുറ്റി മുറുകിക്കഴിഞ്ഞു. തനിക്ക് ആപത്തു പറ്റിയെന്ന വിചാരം ഒരു മിന്നൽപ്പിണർപോലെ ഉള്ളിൽ കിടന്നു ലഞ്ഞു. ആലോചിക്കാൻ സമയമില്ല. കഴുത്തിൽ പിടിമുറുകുകയാണ്. ശ്വാസഗതി നിലയ്ക്കാൻ താമസമില്ല. ഞരമ്പുകൾ വീർത്തു പൊട്ടുമെന്നു തോന്നുന്നു. പയറ്റുമുറ പഠിച്ച കളരിയെയും പഠിപ്പിച്ച കുരുക്കളെയും ഉള്ളിൽത്തട്ടി വിചാരിച്ചുകൊണ്ട് അവനൊന്നമർന്നു. ഉള്ള ശക്തിയത്രയും സംഭരിച്ച് എതിരാളിയെ പുറത്തു ചുമന്ന് ഊക്കോടെ ഒരു തള്ളൽ. കുറിക്കുകൊണ്ടു. കഴുത്തിന്റെ പിടിവിട്ട് ആ ഭീമാകായൻ പത്തുവാര മുമ്പിൽ തെറിച്ചുവീണു. തട്ടിപ്പിടഞ്ഞെഴുന്നേൽക്കാൻ ഭാവിച്ചതേയുള്ളൂ. പൊക്കന്റെ ബലമേറിയ കാൽ തക്ക സമയത്തു പ്രവർത്തിച്ചു.

കുഞ്ഞാലിയെ നോക്കി. അവൻ നാലഞ്ചുപേരോട് ഒരുമിച്ചു നിന്ന് എതിർക്കുകയാണ്. വേഗത്തിൽ ചെന്നു സഹായിക്കണം. വീണു കിടക്കുന്നവൻ എഴുന്നേറ്റ

പിൻതുടരുമോ? ചവിട്ടു കണക്കിനു കൊണ്ടിട്ടുണ്ടോ? കുനിഞ്ഞൊന്നു പരിശോധിച്ചു. പിന്നെയും അപകടം. ആരോ പിറകിൽ നിന്ന് അവനെ തല്ലി. തല്ലിന്റെ ഊക്കു കൊണ്ടു അവൻ മൂക്കു കുത്തി നിലത്തുവീണു. തട്ടിപ്പിടഞ്ഞെഴുന്നേൽക്കാൻ ശ്രമിച്ചു. പക്ഷേ അതൊരു വിഫലശ്രമമായിരുന്നു. അഞ്ചാറുപേർ ഒരുമിച്ച് അവനെ ബലമായി പൂഴിയിലേക്കമർത്തി. കുതറുംതോറും പിടിമുറുകുകയാണ്. പിടിച്ചുകെട്ടാനുള്ള ശ്രമമാണെന്ന് അവനു തോന്നി. ബലപരീക്ഷയ്ക്കിവിടെ സ്ഥാനമില്ല. ഉപായം വല്ലതും ചിന്തിക്കണം.

കീഴടങ്ങിയ മട്ടിൽ അവൻ അവയവങ്ങളെല്ലാം തളർത്തിയിട്ടു കിടന്നു. അക്രമികൾ പതുക്കെ സംസാരിക്കുന്നുണ്ട്. ഒന്നും വ്യക്തമല്ല. നല്ല തടിമിടുക്കുള്ള രണ്ടുപേരൊഴിച്ചു ബാക്കിയെല്ലാവരും അവനെ വിട്ടുപോയി. ചവിട്ടുകൊണ്ട് അപ്പുറം വീണു കിടക്കുന്നവനെ ഒന്നുരണ്ടുപേർ പൊക്കിയെടുത്തു. വേറെചിലർ പൊക്കനെ കെട്ടാനുള്ള കയറെടുക്കുകയാണ്. കെട്ടിക്കഴിഞ്ഞാൽ അകപ്പെട്ടതുതന്നെ.

രക്ഷപ്പെടാനുള്ള അവസാനശ്രമം താമസിച്ചുകൂടാ-അവൻ ആലോചിച്ചു. പിടിച്ചു നിൽക്കുന്നവരെ കുതറി തെറിപ്പിക്കാൻ കഴിയണം. തെറിപ്പിച്ചാലും പോരാ. ഒറ്റയ്ക്ക് എല്ലാവരെയും എതിർത്തു തോൽപ്പിക്കണം. തളർന്നു കിടക്കുന്ന അവൻ ഒരു സിംഹത്തെപ്പോലെ കുതറിച്ചാടി. ഒട്ടും പ്രതീക്ഷിക്കാത്തൊരുസംഭവം. എതിരാളികൾ അമ്പരന്നു. എങ്കിലും അവർ ഒന്നിച്ചുപിന്നെയും പൊക്കനെ എതിർത്തു. മുറയ്ക്കൊരു യുദ്ധം. തടുക്കലും കൊടുക്കലും നടന്നു. എതിരാളികളുടെ എണ്ണം കൂടുകയാണ് എവിടെയെങ്കിലും പുറംചാരി നിൽക്കാൻ കഴിഞ്ഞാൽ പിന്നിൽനിന്നുള്ള അപായം ഒഴിവാക്കാം. പക്ഷേ, അതിനു വഴിയില്ല. നാലുഭാഗവും ശത്രുക്കളാണ്. എല്ലാവരുടെ കൈയിലും ആയുധമുണ്ട്. എന്നിട്ടും പൊക്കൻ തന്റേടം വിടാതെ പൊരുതിനിന്നു കാലും കൈയും ഒരുപോലെ ഒരേ വേഗത്തിൽ പ്രവർത്തിച്ചു. കൊള്ളുന്നവൻ വീഴുന്നുണ്ട്. വീഴുന്നവൻ തപ്പിത്തടഞ്ഞെഴുന്നേറ്റു. പിന്നെയും എതിർപ്പിനു വരുന്നുമുണ്ട്.

കുടിയിൽ നിന്നു പോരുമ്പോൾ വാളെടുക്കാൻ അമ്മ പറഞ്ഞത് അവനോർത്തു. കൂട്ടം പിരിഞ്ഞ് ഒറ്റയ്ക്ക് നടക്കരുതെന്ന് അച്ഛൻ ഉപദേശിച്ചതിന്റെ രഹസ്യം അവൻ മനസ്സിലാക്കി. പിറ്റേന്നു പ്രഭാതത്തിൽ ദേഹമാസകലം മുറിവേറ്റു രക്തമൊഴുകുന്ന തന്റെ ശവം ചുള്ളിക്കാടിനടുത്തു കണ്ടാൽ പാഞ്ചാലി ഹൃദയംപൊട്ടി മരിക്കുമെന്ന് അവനറിയാം. ഇല്ല ഒരിക്കലും അങ്ങനെ ഒരനുഭവം അവൾക്കുണ്ടായിക്കൂടാ.

കൂടുതൽ വീറോടെ അവൻ പൊരുതി. കീഴടങ്ങാനല്ല, കീഴടക്കാൻ പിറന്നവനാണവൻ. പുറങ്കാലുകൊണ്ടുള്ള ഓരോ തല്ലിനും എതിരാളികൾ തെറിച്ചു ചുള്ളിക്കാട്ടിൽ ചെന്നുവീഴുന്നു. വീണവരിൽ പലരും എഴുന്നേൽക്കുന്നില്ല. എണ്ണത്തിൽ അവർ ചുരുങ്ങിവരുന്നു. രണ്ടുപേർ മാത്രം ബാക്കിയായി. അവർ അടുക്കുന്നില്ല. അകന്നുനിന്ന് അവനെ സൂക്ഷിക്കുകയാണ്. അവനും സൂക്ഷിച്ചു. നെറ്റിയിലൂടെ കുത്തിയൊലിക്കുന്ന വിയർപ്പ് കൈവിരലുകൾകൊണ്ട് അവൻ തുടച്ചുമാറ്റി. ശരീരം

മുഴുവൻ നീറുകയാണ്. ചുണ്ടുകൾ കടിച്ചമർത്തീട്ടും വായപൂട്ടാൻ കഴിയുന്നില്ല. അത്ര ശക്തിയായ കിതപ്പ്.

പിന്നെയും കുഞ്ഞാലിയുടെ ഓർമവന്നു. നോക്കി. എങ്ങും കാണാനില്ല. എന്തു പറ്റിയോ, ആവോ? അവനെ കെട്ടിയെടുത്തുകൊണ്ടുപോയോ? അതല്ല, കൊന്നു ചുള്ളിക്കാട്ടിലേക്കു വലിച്ചെറിഞ്ഞോ? അവനെ രക്ഷിക്കാൻ കഴിയാഞ്ഞത് അബദ്ധമായി. അൽപ്പമൊരു നോട്ടക്കുറവുണ്ടാണ് കൂട്ടംപിരിഞ്ഞുപോയത്. രണ്ടുപേരുണ്ടായിരുന്നെങ്കിൽ ഇത്ര വിഷമിക്കേണ്ടിവരുമായിരുന്നില്ല. കുഞ്ഞാലിയെ കാണാനുണ്ടോ? അവൻ പിന്നെയും സൂക്ഷിച്ചുനോക്കി...

ഭാരമേറിയ എന്തോ ഒന്ന് അവന്റെ തലയിലേക്ക് ഇടിഞ്ഞു പൊളിഞ്ഞു വീണു. അതുമാത്രം ഓർമയുണ്ട്. തല പമ്പരംപോലെ തിരിയുന്നു. തിരിഞ്ഞുതിരിഞ്ഞു കഴുത്തിൽനിന്ന് ഒടിഞ്ഞു നിലത്തുവീണു. അവിടെക്കിടന്നു തിരിയുന്നു. എല്ലാം അവസാനിക്കുകയാണ്. ഇരുട്ട്! കടലിന്നടിയിലും പാതാളത്തിലുമുണ്ടെന്നു പറഞ്ഞു കേട്ട ഇരുട്ട്. ആ ഇരുട്ടിലേക്ക് താണുപോവുകയാണ്. കാലെത്തുന്നില്ല.

— 7 —

# ഏഴ്

മനസ്സിന്റെ മൂടുപടം പതുക്കെ നീങ്ങുന്നു. മണ്ണിനടിയിൽനിന്ന് ഒരു വിത്ത് മുളച്ചു വരുംപോലെ അബോധാവസ്ഥയെ പിളർന്നു കൊണ്ട് ഓർമ തലപൊക്കുന്നു.

ഉറക്കമായിരുന്നോ? അതേ, ഉറക്കംതന്നെ. നീണ്ട ഉറക്കം. പല രാത്രികളായി ഉറങ്ങീട്ടില്ല. അതുകൊണ്ടു മതികെട്ടുറങ്ങിപ്പോയതാവണം. ജോലികൾ പലതുമുണ്ട്. എഴുന്നേൽക്കണം; പുറപ്പെടണം. അങ്ങനെ മതികെട്ടുറങ്ങരുതായിരുന്നു. കഴിഞ്ഞ രാത്രി എന്തൊക്കെ സംഭവിച്ചോ ആവോ!

പ്രജ്ഞ പിന്നെയും മാളത്തിലേക്കു തലവലിക്കുന്നു.

ഉറക്കത്തിന്റെ കയത്തിൽ മുങ്ങുന്നു.

ആരെങ്കിലുമൊന്നു കുലുക്കിവിളിച്ചെങ്കിൽ! അമ്മയെവിടെ? വിളിക്കുന്നുണ്ടോ?

"മോനേ, പൊക്കാ, പൊക്കാ!" ശ്രദ്ധിക്കാൻ ശ്രമിച്ചു. ഇല്ല നല്ല പുതുമ! അമ്മയും ഉറങ്ങുകയാണോ? എല്ലാവരും ഒരുപോലെ ഉറങ്ങുകയാവണം. എന്തുപറ്റി?

ഓ! ഒന്നെഴുന്നേല്ക്കാൻ കഴിഞ്ഞെങ്കിൽ! കൺപീലികൾ ശക്തിയോടെ ഒന്നു തിരുമ്മിയാൽ ഉറക്കം വിട്ടുനിൽക്കും. കണ്ണു തുറക്കാൻ കഴിയും. ഛേ! കൈകൾ അനങ്ങാൻ കൂട്ടാക്കുന്നില്ല. കാലിനും എന്തോ കുഴപ്പമുണ്ട്. ഒരേ കിടപ്പിൽ ഇളകാതെ ഉറങ്ങിപ്പോയതുകൊണ്ട് അവയവങ്ങൾ തരിച്ചതാവും. പണ്ടും അങ്ങനെ പറ്റീട്ടുണ്ട്. അല്പം കഴിഞ്ഞാൽ എല്ലാം നേരെയാവും.

ആരോ വരുന്നുണ്ട്. നല്ലത്! തലയ്ക്കാണ് കൂടുതൽ കുഴപ്പം. ഉറക്കെ പിടിച്ചുകുലുക്കണേ! എന്നാൽ കുഴപ്പമൊക്കെ നീങ്ങും.

തണുത്ത കൈവിരൽകൊണ്ടു നെറ്റിയിൽ ആരോ തലോടുന്നു, അതു വേണ്ടാ. തലോടുമ്പോൾ ഉറക്കം കൂടുതലാവും. ആരാവണം തലോടുന്നത്? അമ്മയുടെ കൈവിരലുകൾക്കു കൂടുതൽ തഴമ്പുണ്ട്. ഇതങ്ങനെയല്ല. പൂവിതൾപോലെ നനുത്ത വിരലുകളാണ്.

“പാഞ്ചാലിയാണോ?”

പതുക്കെപ്പതുക്കെ തേങ്ങുന്ന ശബ്ദം. അതേ, പാഞ്ചാലിതന്നെ, ഉറങ്ങുന്നവരു ടെ നെറ്റി തലോടിക്കൊണ്ടു വല്ലവരും കരയാറുണ്ടോ? ഇവൾക്കെന്തുപറ്റി? നേരം പുലരുന്നതിനു മുമ്പ് ഇങ്ങനെ ബദ്ധപ്പെട്ടോടിവന്നു കരയാൻ കാരണം? ഒന്നും മി ണ്ടുന്നില്ല. ചോദിക്കാം:

“പാഞ്ചാലീ!”

“ഏ?”

“എന്തിനാ കരേണത്?”

“തോനെ നൊന്തോ?”

“എന്ത്?”

“തലേൽ മുറിഞ്ഞിറ്റ്ണ്ടോ?”

എന്തു മുറിവ്? ആരെപ്പറ്റിയാണി ചോദിക്കുന്നത്? ഓ! കുറച്ചധികം ഉറങ്ങി പ്പോയതിനു പരിഹസിക്കാൻ വന്നതാണല്ലോ? കാട്ടിത്തരാം. എന്തൊരഭിനയമാ ണ്! കള്ളക്കരച്ചിൽ. തിരുമ്മിത്തിരുമ്മി കണ്ണിൽനിന്നു വെള്ളം വരുത്തുന്നുണ്ടാവും. രാവിലെ തന്നെ വന്നു പരിഹസിച്ചതിനു തക്ക കൂലി കൊടുക്കണം. വെറുതെ വി ട്ടാൽ പറ്റില്ല. നെറ്റിയിൽ നിന്നു കൈയെടുത്തുകളഞ്ഞല്ലോ. എവിടെയാണവൾ നിൽക്കുന്നത്? കണ്ടെത്തീട്ടുവേണം കൈയിൽ കേറിപ്പിടിക്കുക. അധികനേരം അങ്ങനെ ആലോചിച്ചു കഴിച്ചാൽ പറ്റില്ല.

പൊക്കൻ കണ്ണുതുറന്നു.

കറുത്ത മേഘങ്ങൾകൊണ്ടു രാക്ഷസന്മാരുടെ ഭീമാകാരം സൃഷ്ടിച്ചുനിൽക്കുന്ന ആകാശം. അവിടവിടെ ഒളിഞ്ഞു നോക്കുന്ന ചില നക്ഷത്രങ്ങൾ. രാക്ഷസന്മാർ ചവിട്ടിനിൽക്കുന്നതു ചോരക്കളത്തിലാണ്. എല്ലാം ഇളകിമറിയുന്നു. പേടിപ്പെടു ത്തുന്ന കാഴ്ച. ഒട്ടും പ്രേരണ ചെലുത്താതെ കൺപോളകൾ അടഞ്ഞു. ഇരുട്ടാണു ഭേദം. ഇരുട്ടിൽ എല്ലാം ഇല്ലാതായപ്പോൾ അവൻ അനങ്ങാതെ കിടന്ന്. പിന്നെ യും ആലോചിച്ചു.

അത് ആകാശമാണോ? എങ്കിലിങ്ങനെ തെള്ളിത്തെള്ളി കളിക്കുന്നതെന്ത്? കുടിയിൽ കിടന്നു നോക്കിയാൽ എങ്ങനെ ആകാശം കാണും? തലയ്ക്കൊരു വെളി വുമില്ല. കഴിഞ്ഞതൊന്നും ഓർമയില്ല. തല അങ്ങോട്ടുമിങ്ങോട്ടുമിട്ട് ഉരുട്ടിനോക്കി. വേദനിക്കുന്നു. തല മാത്രമല്ല, ശരീരം മുഴുവനും വേദനിക്കുന്നു... കഴിഞ്ഞ കാര്യങ്ങ ളിൽ എവിടെയെങ്കിലും ഒരു പിടുത്തം കിട്ടിയാൽ മതിയായിരുന്നു.

ആടിക്കളിക്കുന്ന ആകാശമാണ് പിന്നെയും മനസ്സിലേക്ക് ഇഴഞ്ഞു വരുന്ന ത്. ആ ഒളിഞ്ഞുനോക്കുന്ന നക്ഷത്രങ്ങൾ! അവയെ മുമ്പെങ്ങോ കണ്ടിട്ടുണ്ട്. പരി ചയമുള്ള നക്ഷത്രങ്ങളാണ്. എവിടെവെച്ചാവും കണ്ടത്? ഇരുട്ടിൽ മുങ്ങിനിൽക്കു ന്ന തലച്ചോറിൽ വെളിച്ചത്തിന്റെ ചെറിയൊരു പൊരി മിന്നാമിനുങ്ങുപോലെ പാറി ക്കളിച്ചു. ഓർമ തിരിച്ചെത്തുകയാണ്. ഭാഗ്യം!

പൊക്കന്റെ മുഖം തെളിഞ്ഞു. മനസ്സിന്റെ കനം കുറഞ്ഞു. പൂഴിയിൽ കിടന്നു കുഞ്ഞാലിക്കു നക്ഷത്രം നോക്കി ദിക്കറിയാനുള്ള വിദ്യ പഠിപ്പിച്ചുകൊടുക്കുകയായിരുന്നു. കുഞ്ഞാലി ബുദ്ധിയുള്ളവനാണ്; സ്നേഹവും. ഉറക്കവും ക്ഷീണവുമുള്ളപ്പോൾ പൂഴിയിൽ കിടന്നതാണ് തെറ്റ്. മതികെട്ടുറങ്ങിപ്പോയി. സാരമില്ല. നേരം പുലരുന്നതേയുള്ളൂ. ആകാശത്തിൽ അവിടവിടെ ചുവപ്പു കണ്ടല്ലോ. കുഞ്ഞാലിയെ വിളിക്കണം.

"കുഞ്ഞാലീ!"

മിണ്ടുന്നില്ല; നല്ല ഉറക്കമാണ്. ഇനി താമസിച്ചാൽ പറ്റില്ല. വേഗം എഴുന്നേറ്റു പോയില്ലെങ്കിൽ വല്ലവരും വന്നു കാണും. കടപ്പുറം കാക്കുന്നവർ മരംപോലെ പൂഴിയിൽ വീണുകിടക്കുന്നതു കണ്ടാൽ കുറച്ചിലാണ്. പരിഹസിക്കും. വേഗത്തിൽ എഴുന്നേറ്റ് കുഞ്ഞാലിയുടെ കാലുപിടിച്ച് പൂഴിയിലൂടെ രണ്ടുചാൽ അങ്ങോട്ടുമിങ്ങോട്ടും വലിക്കണം. ഉണർന്നു ലഹളകൂട്ടും; കൂട്ടട്ടെ.

ഉത്സാഹത്തോടെ കണ്ണുതുറന്നു.

ആകാശത്തിലെ രാക്ഷസന്മാർ ഒന്നിച്ചുകൂടി ഒരു പർവ്വതമായി ഒത്തമുകളിൽ നിൽക്കുന്നു. ചുവപ്പുനിറം പറ്റിക്കണ്ട സ്ഥലത്തു മുഴുവൻ ഇപ്പോൾ ഇരുട്ടാണ്.

നേരം പുലരുകയല്ലേ?

ഒന്നും മനസ്സിലാവുന്നില്ല.

എന്തായാലും എഴുന്നേൽക്കാം.

തല പൊക്കി.

വയ്യാ!

തല പൊക്കുമ്പോൾ കൈയ്ക്കും കാലിനുമാണ് വേദന.

തല ഇളകുമ്പോൾ ആകാശവും ഇളകുന്നു.

ആകാശം ഇളകുമ്പോൾ ഒത്തമുകളിലുള്ള പർവ്വതവും അതിനു ചുറ്റുമുള്ള നക്ഷത്രങ്ങളും ഇളകുന്നു; ഊഞ്ഞാലാട്ടംപോലെ. നോക്കാൻവയ്യാ. മറ്റൊരാളുടെ സഹായമില്ലാതെ എഴുന്നേല്ക്കാൻ പറ്റുമെന്നു തോന്നുന്നില്ല. കുഞ്ഞാലി ഉണരട്ടെ; ഉറക്കെ വിളിച്ചു.

"കുഞ്ഞാലീ"

പിന്നെയും പിന്നെയും വിളിച്ചു. ശബ്ദത്തിനെന്തൊരു മുഴക്കം!

"കുഞ്ഞാലീ!"

അൽപ്പനിമിഷങ്ങൾക്കകം ആ വിളി മറ്റൊരു ശബ്ദത്തിൽ ആവർത്തിക്കുന്നു:

"കുഞ്ഞാലീ!"

ആരുമില്ല. എത്രനേരമങ്ങനെ വിളിക്കും? ചരിഞ്ഞു കിടക്കാൻ നോക്കി. ആകാശത്തിന്റെ ഊഞ്ഞാലാട്ടം പിന്നെയും ആരംഭിച്ചു. വല്ലാത്ത വിഷമം. വലിയൊരു കെണിയിലാണ് കുടുങ്ങിയത്. കൈയും കാലുമൊക്കെ അനക്കാൻ കഴിയാത്തവിധം അതിൽ അകപ്പെട്ടുപോയിരിക്കുന്നു. എന്തു ചെയ്യും ഈ കെണിയിൽ

നിന്ന് പുറത്തു ചാടണം. എഴുന്നേൽക്കാനുള്ള ശ്രമമാണ് പിന്നെ. തിരിയാനും മറിയാനും കഴിയാതെ, കൈയും കാലും ഇളക്കാൻ പറ്റാതെ, എങ്ങനെ എഴുന്നേൽക്കും? ഒന്നിളകിയാൽ ശരീരം മുഴുവൻ കലശലായ വേദന. സഹിക്കാൻ തന്നെ തീരുമാനിച്ചു. നിലത്തു തോളമർത്തി നിരങ്ങാം. നിരങ്ങി. നിരങ്ങിയപ്പോഴാണ് മനസ്സിലായത്, കിടക്കുന്നതു പൂഴിയിലല്ല. പരുപരുത്ത മരക്കഷണത്തിൽ തട്ടി പുറത്തെ തൊലിയുരിയുന്നു. പല്ലുകടിച്ചു വേദന സഹിച്ചു. അങ്ങനെ ക്ലേശിച്ചു നിരങ്ങിയാൽ എവിടെയെങ്കിലും ചെന്നെത്തും. എത്താതിരിക്കില്ല.

വളരെയേറെ അദ്ധ്വാനിച്ചും വേദന സഹിച്ചുമാണ് നിരങ്ങുന്നത്. എവിടെച്ചെന്നെത്തുമെന്നു തീർച്ചയില്ല. ഏതു നരകത്തിലായാലും വേണ്ടില്ല, ഇതല്ലാത്ത മറ്റൊരു സ്ഥലത്തെത്തിയാൽ മതി.

തല എവിടെയോ ചെന്നു തട്ടി. യാത്ര അവസാനിച്ചോ? കരിമ്പടപ്പുഴു പൂഴിയിലൂടെ അരിക്കുന്നതു ചെറുപ്പത്തിൽ പലപ്പോഴും അവൻ നോക്കിനിന്നിട്ടുണ്ട്. ഉടൽ അൽപ്പമൊന്നു വളച്ച് തല മുമ്പോട്ടു നീക്കും; തലയുടെ സ്ഥാനത്ത് ഉടലെത്തിയാൽ പിന്നെയും അത് ആവർത്തിക്കും. അങ്ങനെയാണ് അതിന്റെ യാത്ര. മുറ്റത്തുനിന്നു കുടിയിലെ ഓലമറയിൽ ചെന്നുപറ്റാൻ കരിമ്പടപ്പുഴു ഒരുപാടു സമയമെടുക്കും. ഓലമടതൊടാറാവുന്നതുവരെ പൊക്കൻ അതിനെ ശ്രദ്ധിച്ചിരിക്കും. തൊടുമെന്നു തോന്നിയാൽ കൈയിലുള്ള ഈർക്കിലിയിൽ തോണ്ടി അതിനെ പുറപ്പെട്ട സ്ഥലത്തുതന്നെ എത്തിക്കും. അവൻ ഇപ്പോൾ ഒരു കരിമ്പടപ്പുഴുവാണ്. ഇഴയുന്നതു മലർന്നാണെന്നൊരു വ്യത്യാസം മാത്രം. നിരുപദ്രവികളായ പ്രാണികളെ ദ്രോഹിക്കുന്നതു പാപമാണെന്ന് അമ്മ പലപ്പോഴും ഉപദേശിച്ചിട്ടുണ്ട്. കൂട്ടാക്കിയില്ല. കരിമ്പടപ്പുഴുവിന്റെ ശാപമായിരിക്കും അവനെ ഈ നിലയിലെത്തിച്ചത്. ഒന്നു കൂടി നിരങ്ങാൻ ശ്രമിച്ചു; സാധ്യമല്ല.

ഗതിമുട്ടിയപ്പോൾ പിന്നെയും ആലോചിക്കാൻ തുടങ്ങി. പരിസരത്തെപ്പറ്റി ഒന്നും അറിയാൻ കഴിയാതെ, ആകാശം നോക്കി മലർന്നു കിടക്കുന്ന അവന്റെ മുമ്പിൽ കലങ്ങിച്ചുവന്ന രണ്ടു കണ്ണുകൾ പ്രത്യക്ഷപ്പെട്ടു. മനുഷ്യന്റെ കണ്ണല്ല. കൺപോളകൾക്കു ചുറ്റും നനഞ്ഞ പൂഴി പറ്റിപ്പിടിച്ചുനിൽക്കുന്നു. സൂക്ഷിച്ചു നോക്കി. വലിയ കടലാമയാണ്. മുട്ടയിടാൻ പൂഴിപ്പരപ്പിലേക്കു കയറിവന്നതായിരുന്നു. തഞ്ചം പാർത്തു പതുങ്ങിയിരുന്നവർ ഓടിച്ചെന്നു പിടിച്ചു. പിടിച്ചു മലർത്തിയിട്ടു. മലർത്തിയിട്ടാൽ ആമ കീഴടങ്ങും. കീഴടങ്ങിയ ആമ കൈയും കാലുമെടുത്തു നെഞ്ചിലടിച്ചു പൂഴിയിൽ കിടന്നു വട്ടം കറങ്ങും. ചുറ്റും കൂടിയവർ കൈകൊട്ടി രസിക്കും. കൂട്ടത്തിൽ അവനുമുണ്ട്.

എന്തു ബഹളമാണ്! എല്ലാവരുംകൂടി ആർത്തട്ടഹസിക്കുന്നു. നെഞ്ചിലിടിച്ചു കണ്ണീരൊഴുക്കി 'എന്നെ വിട്ടയയ്ക്കണേ' എന്ന് ആമ അപേക്ഷിക്കുകയാണ്. ആർക്കും അത് മനസ്സിലവുന്നില്ല. പൂഴിയിൽ ഒഴുകിച്ചേരുന്ന അതിന്റെ കണ്ണീർ ആരും കാണുന്നില്ല. അവനു മനസ്സിലായി; അവൻ കണ്ടു.

“വേണ്ടാ വേണ്ടാ!” അവൻ വിളിച്ചു പറഞ്ഞു. കൂട്ടുകാരെ തടഞ്ഞുനിർത്തി...

ഹോ! മരണവേദന! കൈകൾ ഉളുക്കിയതാണ് കുഴപ്പം. കടലാമയും കൂട്ടുകാരുമില്ല. എല്ലാം തോന്നൽ. അവൻ ഇപ്പോൾ കീഴടങ്ങിയ കടലാമയേക്കാൾ കഷ്ടമാണ്. മലർന്നുകിടന്നു നിരങ്ങുമ്പോൾ കൈകൾ പിറകിൽ കുടുങ്ങിക്കിടക്കുന്നു.

തല ചെന്നു മുട്ടിയതിനപ്പുറം എന്തോ ഉയർന്നുനിൽക്കുന്നുണ്ട്. നിരങ്ങാൻ വയ്യാ. തല പൊളിഞ്ഞുപോകും. പൊളിയുന്നെങ്കിൽ പൊളിയട്ടെ. കിണഞ്ഞു ശ്രമിച്ചു. മുകളിലേക്കാണ് നീങ്ങുന്നത്. വേദനിച്ചാലും വേണ്ടില്ല, കാൽമടമ്പുകൾ ഊന്നി ഒന്നു കുതിച്ചു. ഇപ്പോൾ എവിടെയോ ചാരിക്കിടക്കുന്ന അനുഭവം. കഠിനാദ്ധ്വാനം കൊണ്ടു വിയർത്തുകുളിച്ച ശരീരത്തിൽ തണുപ്പുകാറ്റു വീശുന്നു. ചന്ദനത്തൈലം പുരട്ടുന്ന സുഖം.

എല്ലാം വെറും സ്വപ്നമാണോ? സ്ഥലത്തെപ്പറ്റി ഒന്നും അറിഞ്ഞു കൂടാ. ഇരുവശത്തും മതിലുകൾ പോലെ എന്തോ ഉയർന്നുനിന്ന് കാഴ്ചയെ മറയ്ക്കുന്നു. അതിനപ്പുറമെന്താവാം? വളരെ ശ്രദ്ധിച്ചുനോക്കിയില്ലെങ്കിൽ ഉരുണ്ടുവീഴും; അതുവരെയുള്ള ശ്രമം വിഫലമാവും. തല പതുക്കെ ഉയർത്തി, കഴുത്തു പൊക്കി നോക്കി.

കടൽ!

മേലാകെ കുളിരു കോരിയിട്ടു. രോമം എടുത്തുപിടിച്ചു നിന്നു. ഇമ വെട്ടാതെ പിന്നെയും പിന്നെയും തുറിച്ചുനോക്കി. എങ്ങനെ കടലിലെത്തി? കൂട്ടുകാരെവിടെ? ഒരുമിച്ചാരെങ്കിലുമുണ്ടാവും; തീർച്ച. കുഞ്ഞാലിയെത്തന്നെ വിളിച്ചുനോക്കാം. ഉറക്കെ വിളിച്ചു;

“കുഞ്ഞാലീ”

ഇരിപ്പിടം ഇളകുന്നു. ആകാശം ഇളകുന്നു. പിറകിൽ നിന്ന് ആ വിളിയുടെ പ്രതിദ്ധ്വനി കേൾക്കുന്നു. എന്താണത്? തിരിഞ്ഞുനോക്കി.

വെള്ള്യാൻകല്ല്!

ഹൃദയം തുരുതുരെ മിടിച്ചു. മറവിയുടെ മൂടുപടം പിച്ചിച്ചീന്താൻ ആ കാഴ്ച പ്രയോജനപ്പെട്ടു. എല്ലാം തെളിഞ്ഞു വരുന്നു; ചുള്ളിക്കാട്ടിൽവെച്ച് ഏറ്റുമുട്ടിയത്. പ്രതിയോഗികളെ കീഴടക്കിയത്. ഒടുവിൽ ഓർക്കാപ്പുറത്തു തലയ്ക്കൊരടി കൊണ്ടത്. ഇരുട്ടിലേക്ക് വഴുതിവീണത്-മറവിയുടെ മൂടൽമഞ്ഞു നീങ്ങി എല്ലാം പ്രത്യക്ഷപ്പെടുന്നു.

ആദ്യം കുഞ്ഞാലിയെയാണ് അക്രമികൾ പിടികൂടിയത്. സഹായത്തിനു ചെന്നെത്താൻ കഴിഞ്ഞില്ല. അവനെവിടെ? തല്ലിക്കൊന്നിട്ടുണ്ടാവുമോ?

ഇനി ഒന്നും അവ്യക്തമല്ല. ചാരിക്കിടക്കുന്നത് ഒരു വള്ളത്തിന്റെ കൊമ്പിലാണ്. കൈയും കാലും കെട്ടിവരിഞ്ഞു വള്ളത്തിലിട്ടതാണ്. തല വെട്ടുന്നതു കല്ലിൽ വെച്ചാവും. സാരമില്ല. ഇങ്ങനെ അനങ്ങാൻ വയ്യാതെ കിടക്കുന്നതിലും ഭേദം തല വെട്ടുകയാണ്.

ബോധമില്ലാതെ എത്ര ദിവസം കിടന്നിരിക്കും? അറിഞ്ഞുകൂടാ. അന്ന് ഏറ്റു മുട്ടിയതു പറങ്കികളോടാണോ? ആണെങ്കിൽ അന്നവർ കടപുറത്ത് എന്തൊക്കെ കെടുതികൾ വരുത്തിയിരിക്കും! ആരോടന്വേഷിക്കാൻ? വെള്ള്യാൻകല്ല് ഇരുട്ടിൽ മുങ്ങിനിൽക്കുകയാണ്. അടുത്തും അകലത്തുമായി വേറെയും ചില വള്ളങ്ങൾ കിട പ്പുണ്ട്. ഒന്നിലും മനുഷ്യരില്ല. ഉണ്ടെങ്കിൽ ശബ്ദം കേൾക്കും.

മരണം തീർച്ചപ്പെട്ട നിലയ്ക്ക് ഒന്നും ആലോചിക്കാനില്ലെന്നമട്ടിൽ പൊക്കൻ ചാരിക്കിടന്നു. പക്ഷേ, കഴിയുന്നില്ല. അപ്പോൾ ആലോചിക്കാൻ മാത്രമേ സ്വാത ന്ത്ര്യമുള്ളൂ. അതു നടക്കട്ടെ.

കുഞ്ഞാലിയുടെ കാര്യമാണ് മനസ്സിൽ നിന്നു വിട്ടുപോകാത്തത്. മറ്റൊക്കെ സഹിക്കാം. പാവം! ഉമ്മയ്ക്കും ബാപ്പയ്ക്കും വയസ്സാണ്. മൂത്തമകൻ കുഞ്ഞാലിയാണ്. അദ്ധ്വാനിക്കാനും കുടുംബം പുലർത്താനും കഴിവുള്ള ഒരേഒരു മകൻ. അവന്റെ ചോ ടെ മൂന്നു പെൺകുട്ടികളാണ്. രണ്ടെണ്ണം കെട്ടിച്ചുകൊടുക്കേണ്ട പ്രായം കവിഞ്ഞു നിൽക്കുന്നു. ഏറ്റവും ഇളയ മകന് അദ്ധ്വാനിക്കാൻ പ്രായമായിട്ടില്ല. കുടുംബം മുഴു വനും കുഞ്ഞാലിയെ ആശ്രയിച്ചാണ് കഴിയുന്നത്. ചുള്ളിക്കാട്ടിൽ അവന്റെ ശവം കണ്ടെത്തിയ വിവരം കേട്ടു ബാപ്പ ഹൃദയം പൊട്ടിമരിച്ചിട്ടുണ്ടാവും; ഉമ്മയും. ആരും തുണയില്ലാത്ത പെണ്ണുങ്ങൾ കടപ്പുറത്ത് അലഞ്ഞുനടക്കും. കൈ നീട്ടി ഇരക്കും. പൊക്കന്റെ കണ്ണുകൾ നിറഞ്ഞു. കവിളിലൂടെ കുത്തിയൊലിക്കുന്ന കണ്ണീരൊപ്പാൻ കടൽക്കാറ്റു വേണ്ടി വന്നു. കൈകൾ അതിനുകൂടി കൊള്ളാതായി.

കീറിയ തട്ടവും പിന്നിപ്പൊളിഞ്ഞ കുപ്പായവും വിളർത്ത മുഖവും ഒട്ടിയ കവിളും കുണ്ടിൽ വീണ കണ്ണുമായി ആ പെൺകുട്ടികൾ കടപ്പുറത്തെ പൂഴിയിലൂടെ നടക്കു ന്നു-തെക്കു നിന്നു വടക്കോട്ടും വടക്കുനിന്നു തെക്കോട്ടും!

വളയക്കടപ്പുറം മുഴുവനും പൊക്കന്റെ കണ്ണിൽ തെളിഞ്ഞു വന്നു. അമ്മ ഉറങ്ങു കയാവും! ഉടനെ ആ ആലോചന അവൻ തിരുത്തി:

“ഇല്ലമ്മേ, അമ്മയ്ക്ക് ഉറക്കം വരുലാ.” രാത്രി ഒട്ടുനേരമെങ്കിലും അമ്മയ്ക്കവ നെ തൊട്ടുകിടക്കണം. ഇല്ലെങ്കിൽ ഉറക്കം ശരിയായില്ലെന്ന് എന്നും ആവലാ തി പറയും.

അച്ഛൻ ചൂളിപ്പിടിച്ചിരുന്ന് എല്ലാം സഹിക്കുകയാവും. മറ്റുള്ളവരെ അറിയിക്കാ തെ വേദന സഹിക്കാൻ അച്ഛനു കഴിവുണ്ട്. അവനെപ്പറ്റി അച്ഛനുമമ്മയും തീരു മാനിച്ചതെന്താവും? കുഞ്ഞാലിയുടെ ശവം പള്ളിയിലേക്കു കൊണ്ടുപോയത് ആ വഴിക്കാവില്ലേ? പിന്നെന്തു തീരുമാനിക്കാൻ?

“വാതം പിടിക്കാണ്ട് തന്നെ ഞാനിപ്പം മുത്തപ്പനാ, അമ്മേ.” അറിയാതെ അവനങ്ങു പറഞ്ഞുപോയി. അനങ്ങാൻ കഴിയുമെങ്കിൽ, കൈയും കാലും സ്വത ന്ത്രമാണെങ്കിൽ, ആ കടൽ നീന്തിക്കടക്കാൻ അവനൊരു പ്രയാസവുമില്ല. ഇനി അതൊന്നും കൊതിച്ചിട്ടു കാര്യമില്ല. അവന്റെ വിധി ഏതാണ്ടു തീർച്ചപ്പെട്ടുകഴിഞ്ഞു. ഒന്നേ പ്രാർത്ഥിക്കാനുള്ളൂ: അച്ഛനും അമ്മയ്ക്കും ആപത്തൊന്നും വരുത്തല്ലേ, പാഞ്ചാ ലിക്കു നല്ലൊരു ഭർത്താവിനെ കിട്ടണേ...

അകലത്തു വെളിച്ചം കാണുന്നു. വള്ളത്തിൽ നിന്നാവും. ആരെങ്കിലും തിരഞ്ഞു പുറപ്പെട്ടതാണോ? പല വഴിക്കും ആളുകൾ പോയിട്ടുണ്ടാവും. വേഗം വരട്ടെ; വന്നു കെട്ടഴിച്ചുവിട്ടാൽ എന്നെങ്കിലും ഇതിനു പകരം ചോദിക്കാമായിരുന്നു.

വെളിച്ചം കാണുന്നതു വള്ളത്തിൽ നിന്നാണ്. ഒന്നല്ല, മൂന്നുനാലു വള്ളങ്ങളുണ്ട്. മനുഷ്യരുടെ ശബ്ദം അവ്യക്തമായി കേൾക്കുന്നു. ആരായിരിക്കും? ആരായാലും മനുഷ്യരല്ലേ? അവനു മനുഷ്യരെക്കാണാൻ കൊതിയായിരിക്കുന്നു.

തണ്ടു വലിക്കുമ്പോൾ വെള്ളമിളകുന്ന ശബ്ദം. വള്ളങ്ങൾ വരുന്നതു വെള്ള്യാൻ കല്ലിനുനേർക്കാണ്. ആട്ടിന്റെ കരച്ചിൽപോലെ തിരിച്ചറിയാൻ കഴിയാത്ത മറ്റൊരു ശബ്ദമുണ്ട്. അതെന്താണ്?

ആട്ടിന്റെ കരച്ചിൽതന്നെ. വള്ളത്തിൽ ആടെങ്ങനെ വന്നു? ധൃതി കൂട്ടേണ്ട കാര്യമില്ല. അടുത്തു വന്നാൽ എല്ലാം കണ്ടറിയാം.

നാലു വലിയ വള്ളങ്ങളുണ്ട്. എല്ലാം പാറക്കെട്ടിൽ അവിടവിടെ അടുപ്പിച്ചു. പന്തങ്ങൾ ജ്വലിച്ചു. ആദ്യം ആടിനെയാണിറക്കിയതു്. പിന്നാലെ ഏതാനും പേരിറങ്ങി. പന്തത്തിന്റെ ചുവന്ന വെളിച്ചത്തിൽ എല്ലാം തെളിഞ്ഞുകാണാം.

വട്ടത്തൊപ്പിയും ചെമ്പൻതാടിയും മേലങ്കിയും കാൽസറായിയുമുള്ള വെള്ളക്കാർ. ലക്ഷണമൊത്ത പറങ്കികൾ. പറഞ്ഞുകേട്ടതല്ലാതെ മുമ്പൊരിക്കലും കണ്ടിട്ടില്ല. പൊക്കൻ സൂക്ഷിച്ചു നോക്കി. നെഞ്ചിടിപ്പിനു പറകൊട്ടിന്റെ ശബ്ദം. ഭയമല്ല; ഈർഷ്യ.

പറങ്കികൾക്കു് അകമ്പടി സേവിക്കാൻ ഏതാനും അടിമകളുമുണ്ട്, കറുത്ത മനുഷ്യർ. എല്ലാവരും നടന്നു. ഏതോ ഒരു വള്ളത്തിൽ അപ്പോഴും ബഹളം തുടരുന്നു. നിലവിളിച്ചു ലഹളകൂട്ടുന്ന ഒരു സ്ത്രീ ശകാരവും ശാപവും വർഷിക്കുന്നു.

"മഹാപാപ്യേളേ, ങ്ങളെ ഇടിവെട്ടിപ്പോകും!"

ആ ശാപം വേഗത്തിൽ ഫലിക്കണേ എന്നു പൊക്കൻ പ്രാർത്ഥിച്ചു. ഇടിവാളല്ലാതെ പറങ്കികൾക്കെതിരായി മറ്റൊരായുധമില്ല. പറങ്കികളുടെ കൂട്ടത്തിൽ തടിച്ചു് ഉയരംകൂടിയ ഒരു മനുഷ്യൻ തിരിഞ്ഞുനിന്ന് എന്തോ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഇടി മുഴങ്ങുന്ന ശബ്ദം. മനസ്സിലാവാത്ത ഏതോ ഭാഷയാണ്. അയാളെക്കണ്ടാൽ ഒരു മേധാവിയാണെന്നു തോന്നും.

പാറപ്പുറത്തു മുഴുവൻ വെളിച്ചം പരന്നു. അടിമകൾ വിറകു കൂമ്പാരത്തിനു തീ കൊടുത്തതാണ്. വട്ടമിട്ടിരുന്നു പറങ്കികൾ കുടിതുടങ്ങി. കുപ്പികളാണ് മുമ്പിൽ; ധാരാളമുണ്ട്.

ഒരു യുവതിയെയും വാരിയെടുത്തു് അവസാനത്തെ പറങ്കി വെള്ളത്തിൽ നിന്നു പുറത്തു കടന്നു. നിരാധാരയായ ഒരു യുവതി വളയുകയും പുളയുകയും സഹായത്തിനുവേണ്ടി ഉച്ചത്തിൽ നിലവിളിക്കുകയും കൈയും കാലും ആകാശത്തിലിട്ടു തല്ലി

കയും ചെയ്യുന്നു-കുറുക്കന്റെ വായിൽപ്പെട്ട പിടക്കോഴി-പിടയുന്തോറും പിടിമുറുകുകയാണ്. കൊള്ളയും കൊലയും നടത്തി തഴക്കവും പഴക്കവുമാർജ്ജിച്ച ആ കൈകൾക്ക് അവളെ പിടിച്ചൊതുക്കാൻ ഒട്ടും ശ്രമം വേണ്ടിവന്നില്ല.

"എന്റമ്മേ, എന്നെ കൊന്നേ" കരളുരുകി കണ്ണീരിലൂടെ നീന്തിയെത്തുന്ന ആ ദീനവിലാപം കേൾക്കാൻ വയ്യാ. വികാരാധിക്യംകൊണ്ടു ഹൃദയംപൊട്ടിപ്പോകുമെന്നു പൊക്കനു തോന്നി. ഒരിക്കലും പൊറുപ്പിക്കാൻ കഴിയാത്ത ഒരക്രമം മിണ്ടാതെ നോക്കിനിൽക്കേണ്ടിവന്നു. ആ യുവതി പിന്നെയും വാവിട്ടു നിലവിളിക്കുകയാണ്. മനുഷ്യരാരും സഹായത്തിനെത്തിക്കാണാഞ്ഞപ്പോൾ അപേക്ഷ ഈശ്വരന്റെ നേർക്കു തിരിഞ്ഞു.

"എന്റീശ്വരാ, നീയിതു കാണുന്നില്ലേ?"

"ഉണ്ട്, പെണ്ണുങ്ങളേ, ഉണ്ട്. ഈശ്വരൻ കാണുന്നുണ്ട്! ഈശ്വരൻ ഒക്കെ കാണും." പ്രയോജനമില്ലെങ്കിലും പൊക്കനതു പറഞ്ഞു. പക്ഷേ, ഈശ്വരനെവിടെ? എല്ലാം കാണുന്ന ഈശ്വരൻ ഇതെന്തുകൊണ്ടു കാണുന്നില്ല? കൈകാലുകൾ അനക്കാൻ വയ്യാതെ ഈശ്വരനും കിടപ്പാണോ?

കൂട്ടുകാരുടെ മധ്യത്തിലാണവളെ ഇറക്കിവെച്ചത്. പാവം! പത്തിരുപതു വയസ്സിലെറെ പ്രായമില്ല. അഴിഞ്ഞുവീണ തലമുടിതോളിലും മാറിലും ചിതറിക്കിടക്കുന്നു. പരിഭ്രാന്തമായ കണ്ണുകൾ പരിസരം മുഴുവൻ ഉഴറിനടക്കുന്നു.

വട്ടമിട്ടിരുന്നു കുടിക്കുന്ന പറങ്കികൾ കൂട്ടുകാരനെ അഭിനന്ദിച്ച കൗതുകത്തോടെ പുതിയ കാഴ്ചദ്രവ്യത്തെ നോക്കി. ഒഴിഞ്ഞ കുപ്പികളോരോന്നു കൈക്കലാക്കി അവരെഴുന്നേറ്റു. കാലുകൾ നിലത്തുറയ്ക്കുന്നില്ല. ഉറയ്ക്കാത്ത കാലുകൾ അമർത്തിച്ചവുട്ടിയും ഉയർത്തിവീശിയും അവർ നൃത്തമാരംഭിച്ചു. വികൃതവും ബിഭത്സവുമായ നൃത്തം. പിറകിൽ ആളിക്കത്തുന്ന അഗ്നികുണ്ഡം. ചുടലനൃത്തത്തിനു വന്ന പിശാചുക്കളാണവരെന്ന് പൊക്കനു തോന്നി. യുവതിയെ ചുറ്റിക്കൊണ്ടാണവർ നൃത്തംവെക്കുന്നത്. ചുറ്റും വിശന്ന ചെന്നായ്ക്കൾ. നടുവിൽ പേടിച്ചരണ്ട ഒരു മാൻപേട. നൃത്തം മുറുകി. ഒഴിഞ്ഞ കുപ്പികൾ ആകാശത്തിലേക്കു വിശിയെറിഞ്ഞു. അവ പാറപ്പുറത്തു വീണു പൊട്ടിച്ചിതറി. എല്ലാവരും ഒരുപോലെ പൊട്ടിച്ചിരിച്ചു. പൈശാചികമായ ചിരി.

ആ ശബ്ദകോലാഹലത്തിൽ ഇടിവെട്ടേറ്റ ഒരു പിച്ചിവള്ളിപോലെ അവൾ ബോധംകെട്ടു പാറപ്പുറത്തുവീണു.

തെല്ലിട നിശ്ശബ്ദമായി ഒരു മൂലയിൽ ഒതുങ്ങിക്കൂടിയ ആട്ട് വീണ്ടും കരയാൻ തുടങ്ങി. നീണ്ട നീണ്ട കരച്ചിൽ: ഏതോ വലിയ വേദന വിളിച്ചറിയിക്കും പോലെ.

മേധാവി തിരിഞ്ഞുനോക്കി. എന്തോ പറഞ്ഞു. കുടിച്ചു കുന്തംമറിഞ്ഞ ഒരു പറങ്കി മുമ്പോട്ടു വന്നു. കുള്ളനാണ്. ഇരുമ്പാണികളുള്ള പാദരക്ഷ പാറപ്പുറത്തുരച്ചുകൊണ്ടാണ് നടത്തം. അയാൾ അരപ്പട്ടയിൽ നിന്ന് ഒരു കത്തി വലിച്ചൂരി. അതിന്റെ അലകു വെട്ടിത്തിളങ്ങി. ആട്ടിന്റെ കരച്ചിലിൽ അക്ഷരങ്ങളും വാക്കുകളും

അടങ്ങീട്ടുണ്ടെന്ന് പൊക്കനു തോന്നി. അതെന്തൊക്കെയോ വിളിച്ചുപറയുകയാണ്. ഒരു പക്ഷേ, ആ യുവതിയെപ്പോലെ അതും ഈശ്വരസഹായം തേടുകയാവും. എവിടെ ഈശ്വരൻ? പറങ്കികളുള്ളപ്പോൾ ഈശ്വരനും വെള്ള്യാൻകല്ലിൽ വരില്ലേ?

ആടിയാടി മുമ്പോട്ടു നീങ്ങിയ പറങ്കി ആടിന്റെ ചെവി രണ്ടും ചേർത്തുപിടിച്ച് അതിനെ മേല്പോട്ടു പൊക്കി. അതിപ്പോൾ പിൻകാലിൽ കുന്തിച്ചു നിൽക്കുകയാണ്. കഴുത്തിലെ മാംസപേശികൾ വലിഞ്ഞു നീണ്ടതുകൊണ്ടു കരച്ചിൽ മറ്റൊരു രൂപത്തിലാണ് പുറത്തുവരുന്നത്. തിളങ്ങുന്ന കത്തി ആകാശത്തിലേക്കുയർന്നു. അപ്പുറം കാണാത്തതാണ് ഭേദം. പൊക്കൻ കണ്ണടച്ചു. ഒന്നും കാണാതെ, കേൾക്കാതെ കഴിഞ്ഞെങ്കിൽ!

കണ്ണടച്ചതുകൊണ്ടു കൂടുതൽ കുഴപ്പമാണുണ്ടായത്. ആ രണ്ടു സഹായാർഥികളും മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു.

ആടും യുവതിയും!

പറങ്കികൾ രണ്ടിനെയും ഒരു വീട്ടിൽ നിന്ന് തട്ടിയെടുത്തതാവും. പച്ചിലയും ഇളംപുല്ലും കൊടുത്ത് ആ ആട്ടിനെ അവൾ താലോലിച്ചു വളർത്തി. അവൾ പോകുന്നേടത്തൊക്കെ കഴുത്തിലെ മണിയും കിലുക്കി നിഴലുപോലെ അതും അവളെ പിൻതുടർന്നു. ഒടുവിൽ ഒരത്യാഹിതത്തിൽ കുടുങ്ങിയപ്പോൾ അവിടെയും അവരൊപ്പമുണ്ട്. ആട്ടിനെ വെട്ടിക്കൊന്ന് പാകം ചെയ്ത് വിശപ്പടക്കി, ഒന്നുരണ്ടു കുപ്പി ദ്രാവകവും അകത്തു ചെന്നാൽ ഹൃദയത്തിന്റെ വിശപ്പു തുടങ്ങുകയായി.

“പെങ്ങളേ, ഈശ്വരനെ വിചാരിച്ചുകിടന്നോ. നിനക്കു മരിക്കണമെന്നു തോന്നുണ്ടാവും. കയ്യൂലാ; മരിക്കാനും ആ പഹേർ സമ്മതിക്കൂലാ.”

ആലോചനയുടെ വെള്ളപ്പൊക്കത്തിൽ മുങ്ങിയും പൊങ്ങിയും പൊക്കനങ്ങനെ കിടന്നു. പാറപ്പുറം നിശബ്ദമാണ്. ഒന്ന് വീണ്ടും നോക്കാൻ തോന്നി.

യുവതി എഴുന്നേറ്റ് തലയും താഴ്ത്തിയിരിക്കുന്നു. കുടിച്ചു നൃത്തം വെച്ചവർ അവിടവിടെ വീണ് ഉറങ്ങുന്നു. തീക്കുണ്ഡത്തിനു മുകളിൽ, കഴുത്തുവെട്ടി തോലുരിച്ച ആട്ടിന്റെ ജഡം കിടന്നു വേവുന്നു. അടിമകൾ അൽപം മാറിയിരുന്ന് ഉറക്കം തൂങ്ങുന്നു. ഒരാൾ മാത്രം ഉണർന്നിരിപ്പുണ്ട്. ആ കുള്ളൻ. ചുരുട്ടു വലിച്ചു പുകയും വിട്ടു തീക്കുണ്ഡത്തിലേക്കു നോക്കിയാണിരിപ്പ്.

യുവതി പതുക്കെ തല പൊക്കി ചുറ്റിലും ഭീതിയോടെ നോക്കി. എല്ലാവരും ഉറക്കമാണ്. ഉറങ്ങാത്ത മനുഷ്യൻ മറുഭാഗം തിരിഞ്ഞിരിപ്പാണ്. രക്ഷപ്പെടാനുള്ള ഒരുക്കമായിരിക്കും. ചുറ്റുപുറവും കടലാണെന്ന കാര്യം അവൾക്കറിയില്ലേ? പാവം! എങ്ങനെയെങ്കിലും രക്ഷപ്പെടാൻ കൊതിക്കുന്നു.

നിശ്ശബ്ദമായി അവൾ എഴുന്നേറ്റു. തലമുടി വാരിപ്പിടിച്ചു കെട്ടി. ഉയർന്ന മാറിടവും വിളറിയ മുഖവും തീജ്ജ്വാലയിൽ തെളിഞ്ഞു കാണാം. ഏതോ ശ്രേയസ്സുള്ള കുടുംബത്തിലെ അംഗമാണ്. ആരായിട്ടെന്തുവേണം? പ്രാപ്പിടിയൻ അമ്പലപ്രാവെന്നും അരിപ്രാവെന്നുമുള്ള വ്യത്യാസമുണ്ടോ?

പൊക്കൻ സൂക്ഷിച്ചുനോക്കി. ഒരു പക്ഷേ, കടലിൽ ചാടി മരിക്കാനുള്ള പുറപ്പാടാവും. നല്ലത്. അവൻ സർവ്വവിജയവും നേർന്നു.

ഉദ്വേഗംകൊണ്ട് അവൾ വിറയ്ക്കുന്നുണ്ടോ? വളരെ സൂക്ഷിച്ച് ഒരടി മുമ്പോട്ടു വച്ചു. അനങ്ങാതെ നിന്നു ശ്രദ്ധിച്ചു. പിന്നെയും ഒരടി മുമ്പോട്ടുവച്ചു. അങ്ങനെ വെളിച്ചത്തിൽ നിന്നകലാനുള്ള ശ്രമമാണ്. പ്രകാശവലയത്തിനപ്പുറത്തേക്ക് അവൾ കടക്കുകയാണ്. നടത്തത്തിനു വേഗം കൂട്ടുന്നു. തീക്കുണ്ഡത്തിൽ നിന്ന് എന്തോ പൊട്ടിത്തെറിച്ചു. അവൾ പരിഭ്രമിച്ചു തിരിഞ്ഞുനോക്കി. ആരെങ്കിലും വരുന്നുണ്ടോ? ഓരോട്ടത്തിന് ഇരുട്ടിന്റെ അണിയറയിലേക്കു കടക്കാം; ഓടി.

ഭാഗ്യം! അവയവങ്ങൾക്കു സ്വാതന്ത്ര്യമുള്ളതുകൊണ്ട് അവൾക്കു ജീവനപേക്ഷിക്കാനെങ്കിലും കഴിഞ്ഞു. അടുത്ത ജന്മമെങ്കിലും അവൾക്കു നല്ലതു വരട്ടേയെന്നു പൊക്കൻ പ്രാർത്ഥിച്ചു.

തീക്കുണ്ഡത്തിനടുത്തിരുന്ന പറങ്കി പെട്ടെന്നു തിരിഞ്ഞുനോക്കി.

"ചതിക്കല്ലേ." പൊക്കൻ ഉള്ളിൽത്തട്ടിപ്പറഞ്ഞു.

ആ പറങ്കി ചാടിയെഴുന്നേറ്റു ബഹളംകൂട്ടി. പന്തങ്ങൾ ജ്വലിച്ചു. അടിമകൾ പല പാടും പാഞ്ഞു. ഉറങ്ങിക്കിടക്കുന്നവർ ഒന്നും അറിഞ്ഞില്ല. തിരച്ചിൽ നടക്കുകയാണ്, എല്ലാവരും ഇരുട്ടിൽ മറഞ്ഞു.

മരിക്കാനുള്ള സൗകര്യമെങ്കിലും അവൾക്കുണ്ടാക്കിക്കൊടുക്കണമെന്നു പൊക്കൻ ഈശ്വരനോടപേക്ഷിച്ചു.

ആരോ ഇരുട്ടിൽ നിന്നു തിരിച്ചുവരുന്നുണ്ട്. പൊക്കൻ സൂക്ഷിച്ചു നോക്കി.

ചതിച്ചു.

അറബിക്കടലും അവൾക്ക് അഭയം കൊടുത്തില്ല.

ഈശ്വരനും അവളെ സഹായിച്ചില്ല.

ഇത്തവണ എന്തുകൊണ്ട് അവൾ നിലവിളിച്ചു ലഹള കൂട്ടുന്നില്ല? ഒടുവിൽ പറങ്കികൾക്കു വഴങ്ങാൻ തീരുമാനിച്ചോ? ഒരുകൊച്ചുകുഞ്ഞിനെയെന്നപോലെ അവളെ തോളിലിട്ടുകൊണ്ടാണ് പറങ്കി തിരിച്ചുവന്നത്. നിലത്തു വെച്ചപ്പോൾ അവളെ കിടക്കാൻ അനുവദിച്ചില്ല.

കാരണം?

ഇടത്തുകൈകൊണ്ടു കെട്ടിവരിഞ്ഞ് അവളെ തന്നിലേക്ക് അടുപ്പിച്ചുകൊണ്ടാണ് പറങ്കി നിൽക്കുന്നത്. നിലവിളിച്ചു ലഹളകൂട്ടി മറ്റുള്ളവരെ ഉണർത്താതെ കഴിക്കാനാവും വലത്തുകൈകൊണ്ട് അവളുടെ മുഖം അമർത്തിപ്പിടിച്ചത്, കുതറിച്ചാടാനുള്ള അവളുടെ പരിശ്രമം മുഴുവനും പരാജയപ്പെട്ടുകഴിഞ്ഞു. വിധിക്കു കീഴടങ്ങാൻ തീരുമാനിച്ചിരിക്കും.

അവളുടെ കണ്ണിലേക്കുതന്നെ അവൻ ഉറ്റുനോക്കി. ചെമ്പൻതാടിയും നീലക്കണ്ണുമുള്ള അവന്റെ വൃത്തികെട്ട മുഖം പതുക്കെ കുനിയുന്നു. അവൾ വില്ലുപോലെ പി

റകോട്ടു വളഞ്ഞു. ഒപ്പം അവന്റെ കഴുത്തും മുമ്പോട്ടു വളയുന്നു-പോരിനൊരുങ്ങിയ പൂവൻകോഴിയുടെ കഴുത്തുപോലെ.

എന്താണ് ഭാവം?

ചെറിയ ഒരു സമരം നടക്കുന്നു.

പൊക്കനു മനസ്സിലായി.

അവനു ഉള്ള ശക്തിയത്രയും സംഭരിച്ച് അലറി:

"എടാ. പട്ടീ"

ആവേശത്തിന്റെ മൂർദ്ധന്യത്തിൽ അവൻ എല്ലാം മറന്നു. കാൽമടമ്പുകളിളകി. അതുവരെ ചവിട്ടി നിന്ന സ്ഥലം പിഴച്ചു. കുത്തനെ അവൻ വീണു. ശരീരത്തിന്റെ പല ഭാഗവും തട്ടിയും ഉരഞ്ഞും താഴോട്ട് ഉരുണ്ടു. പുറപ്പെട്ടസ്ഥലത്തുതന്നെ എത്തി. ആകാശം നക്ഷത്രങ്ങളോടുകൂടി പിന്നെയും ഇളകി.

— 8 —

# എട്ട്

കടൽ ക്ഷോഭിച്ചിളകും. ആഞ്ഞടിക്കുന്ന തിരമാലകളിൽ ആ പാറക്കെട്ടും അതിലുള്ള മനുഷ്യരും തവിടുപൊടിയായി ഉപ്പുവെള്ളത്തിൽ കലങ്ങും.

ആകാശം ഇടിഞ്ഞുവിഴും.

ഭൂമി പൊട്ടിച്ചിതറും.

ഈശ്വരനു പൊറുക്കാനും ഭൂമിക്കു വഹിക്കാനും കഴിയാത്ത കൊടുംപാപമാണ് സംഭവിച്ചത്.

മനുഷ്യൻ അധഃപതിച്ചിരിക്കുന്നു; മൃഗത്തെക്കാൾ, പിശാചിനെക്കാൾ. ഇനി ഈശ്വരൻ അവനെ വെച്ചുപൊറുപ്പിക്കില്ല.

അവൾ മരിച്ചു; ശരിക്കു പറയേണ്ടതങ്ങനെയല്ല, അവളെ കൊന്നു.

ഈശ്വരനും ആകാശവും കടലും ഭൂമിയും ആ ദാരുണമായ കൊലപാതകത്തെ നോക്കിനിന്നു.

ഒന്നും സംഭവിച്ചില്ല. വെള്ള്യാൻകല്ലു പഴയപടി നിൽക്കുന്നു. ഈശ്വരനിലും മനുഷ്യനിലുമുള്ള വിശ്വാസം നഷ്ടപ്പെടുംപോലെ പൊക്കനു തോന്നി. ദിവസങ്ങൾ കഴിഞ്ഞിട്ടും ആ സംഭവം മനസ്സിൽനിന്നു മായുന്നില്ല.

എങ്ങനെ മായും?

അവന്റെ വിശ്വാസപ്രമാണങ്ങൾ മുഴുവനും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു.

പരസ്ത്രീ പെങ്ങളാണ്.

കണ്ണിന്റെ മുമ്പിൽവെച്ച് അവന്റെ ഒരു പെങ്ങളെ പറങ്കികൾ മാനഭംഗം ചെയ്തു കൊന്നു. നരിയും പുലിയും ചെന്നായും ചെയ്യാത്ത ഹീനകൃത്യം.

ആകാശത്തിന്റെ മാറിടം പിളരുമാറ് ഈശ്വരനെ വിളിച്ച് അവൾ കരഞ്ഞു. മനുഷ്യസമുദായത്തോടു മുഴുവൻ അവൾ സഹായത്തിനപേക്ഷിച്ചു. മരിക്കുന്നതിൽ

അവൾ ഭയപ്പെട്ടിരുന്നില്ല. മാനം കാത്താൽ മതി. പ്രാണനിലുപരി അവൾ മാനത്തെ സ്നേഹിച്ചു.

ആ മാനം ചവിട്ടിത്തേക്കപ്പെട്ടു. പ്രാണന്റെ തായ്‌വേരും അറ്റുപോകുന്നതുവരെ ആ ദുഷ്ടന്മാർ അവളെ അനുഭവിച്ചു.

ഈ ഭൂമിയിൽ അങ്ങനെയൊന്നു സംഭവിക്കുമെന്ന് അവൻ വിചാരിച്ചതല്ല.

ആ കരിങ്കൽ പാറകൂടി ദ്രവിക്കുമാറ് അവൾ കരഞ്ഞു. കരച്ചിലിന്റെ ശബ്ദം കുറഞ്ഞുകുറഞ്ഞുവന്നു. നേർത്ത ഞരക്കങ്ങൾ. അതും കുറഞ്ഞു...

"ഓ! എന്റെ പെങ്ങളേ!" പൊക്കന്റെ കണ്ണുകൾ വഴിഞ്ഞൊഴുകി. ഇപ്പോൾ കണ്ണീരൊപ്പാനുള്ള സൗകര്യം കൈകൾക്കുണ്ട്. ഇരുമ്പുചങ്ങലയിട്ടു പൂട്ടിയതാണ്. കാലിലും ചങ്ങലയുണ്ട്. ശരിക്കൊരു തടവുകാരൻ. വേറെയും കുറച്ചുപേരുണ്ട്. എല്ലാവരെയും ചങ്ങലയ്ക്കിട്ടതാണ്. ചുറ്റും ആയുധമേന്തിയ പറങ്കിപ്പട്ടാളക്കാർ കാവലുണ്ട്. ഒരു പരിധിക്കപ്പുറം നീങ്ങാൻ പാടില്ല. നീങ്ങിയാൽ ചാട്ടവാർ പുറത്തുവിഴും. വീഴുന്ന സ്ഥലത്തെ തൊലി പൊളിച്ചുകൊണ്ടുപോകുന്ന ചാട്ടയാണ്.

പകൽ ചുട്ടുപഴുക്കുകയും രാത്രി മഞ്ഞുവീണ മരവിക്കുകയും ചെയ്യുന്ന പാറപ്പുറത്ത് ഇരിക്കുകയോ കിടക്കുകയോ ഉറങ്ങുകയോ ചെയ്യാം, അതിനു കഴിവുള്ളവർക്ക്.

ചൂടും തണുപ്പും പൊക്കനറിഞ്ഞില്ല. പ്രകൃതിയിലെ മാറ്റം അവനെ സ്പർശിക്കാതെ കടന്നുപോയി. അത്രയ്ക്കുണ്ട്. മാനസിക വിഷമം. തന്നെപ്പറ്റിയോ വളയക്കടപ്പുറം, അമ്മ, അച്ഛൻ, പാഞ്ചാലി എന്നിവരെപ്പറ്റിയോ ആലോചിക്കാൻ അവന് ഇട കിട്ടിയില്ല. മനസ്സു നിറച്ചും, നോക്കുന്നിടത്ത് മുഴുവനും, ആ പെങ്ങളാണ്.

ഊരും പേരുമറിയാത്ത പെങ്ങൾ.

വിറകുകൂമ്പാരത്തിൽ തീ ആളിക്കത്തുന്നു. ചുറ്റും ചുവന്ന വെളിച്ചം. കെട്ടഴിഞ്ഞുവിണ തലമുടികൊണ്ടു മാറിടം മറച്ച് അവൾ പേടിച്ചുവിറച്ചു നിൽക്കുന്ന ആ ചിത്രം; കണ്ണടച്ചിരിക്കുമ്പോഴും ശൂന്യതയിലേക്കു തുറിച്ചുനോക്കുമ്പോഴും അത് അവൻ കാണുന്നു. ആ ചിത്രം കാണുമ്പോൾ അവളുടെ മരണത്തിനിടയാക്കിയ സാഹചര്യങ്ങളെ ഓർത്തുപോകുന്നു. ആ കൊടുംപാപം കൈയുംകെട്ടി നോക്കിനിൽക്കേണ്ടിവന്നു. അതെവിടെവെച്ചു സംഭവിച്ചോ, പാപപങ്കിലമായ ആ നശിച്ച സ്ഥലത്തു വന്നു രാവും പകലും ഒരുപോലെ കണ്ണും തുറന്നിരിക്കേണ്ടിവന്നു.

പാറാവുകാർ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. കൂട്ടത്തിൽ ആ രാക്ഷസനുമുണ്ട്. അന്നു രാത്രി അവളെ വാരിയെടുത്തു കൊണ്ടുവന്നവൻ. 'മെണ്ടോസ്സ്', അവന്റെ പേരതാണ്. കൂട്ടുകാർ അങ്ങനെയാണ് അവനെ വിളിക്കുന്നത്. ആ വാക്കിന്റെ അർത്ഥം ചെകുത്താനെന്നാകുമോ?

പകൽ വെളിച്ചത്തിൽ പൊക്കൻ മെണ്ടോസ്സയെ സൂക്ഷിച്ചുനോക്കി. ചെമ്പൻ താടിയും പൂച്ചക്കണ്ണുമുള്ള ആ കുറിയ മനുഷ്യനിൽ കുറുക്കന്റെ വഞ്ചനയും കാട്ടുപോത്തിന്റെ ഊക്കും ചെന്നായയുടെ ക്രൂരതയും ഒത്തുചേർന്നിട്ടുണ്ടെന്നു പൊക്കനു തോ

ന്നി. എഴുന്നേറ്റു ചെന്ന് ഒരടിക്ക് അവനെ കടലിലേക്കു മലർത്തിയാൽ എന്തുവേണം? പക്ഷെ, കൈയ്ക്കും കാലിനും വിലങ്ങല്ലേ?

“എടാ, എന്റെ പെങ്ങളെ നിയ്യാ കൊന്നത്, നീ” അവൻ ഉച്ചത്തിൽ ആർത്തു വിളിച്ചു പറഞ്ഞു. സഹിക്കുന്നില്ല. പാറാവുനിൽക്കുന്ന പട്ടാളക്കാർ ശ്രദ്ധിച്ചു. “ഓ! നിങ്ങളെന്തൊക്കെ ചെയ്യെട്ടാ?” മനസ്സിലാവുന്നെങ്കിൽ മനസ്സിലാവട്ടെ. പകരം ചോദിക്കാൻ വരട്ടെ. അടുത്തു കിട്ടിയാൽ കാണിച്ചുകൊടുക്കാം.

ആരും അടുത്തു വന്നില്ല. പട്ടാളക്കാർ പരസ്പരം നോക്കി ചിരിച്ചു. പൊക്കനു ഭ്രാന്താണെന്ന് അവർ തീരുമാനിച്ചു. അവരുടെ കൈയിൽപ്പെടുന്ന പല തടവുകാർക്കും അങ്ങനെ ഭ്രാന്തെടുക്കാറുണ്ട്. ശല്യം വർദ്ധിച്ചാൽ കടലിൽ കെട്ടിത്താഴ്ത്തും.

മെണ്ടോസ്സ പൊക്കനെ സൂക്ഷിച്ചുനോക്കി. നല്ല തടി. എന്തു ജോലിക്കും പറ്റിയ അടിമയാണ്. ചന്തയിൽ കൊണ്ടുചെന്നു വിറ്റാൽ നല്ല വരുമാനമുണ്ടാവും. സാരമില്ല; ഈ ഭ്രാന്തു ക്രമേണ മാറും.

സഹിക്കാൻ വയ്യാതെ പിന്നെയും പൊക്കൻ പലതും വിളിച്ചു പറഞ്ഞു. വികാരത്തെ നിയന്ത്രിക്കാൻകഴിയാതെ വന്നപ്പോൾ അവന്റെ കണ്ഠമിടറി. പിന്നെയും കണ്ണുനിറഞ്ഞു. കുനിഞ്ഞിരുന്നു തേങ്ങി.

ആരോ പുറം തലോടുന്നു. ചങ്ങലയുടെ കിലുക്കം. തടവുകാരനായിരിക്കും. പൊക്കൻ തല പൊക്കി. അതേ, തടവുകാരൻതന്നെ.

“ജെജന്തിനാ കരേന്ന്?”

അവൻ ഉത്തരമൊന്നും പറഞ്ഞില്ല. ആരെങ്കിലുമൊന്ന് ആശ്വസിപ്പിക്കാൻ അടുത്തുള്ളപ്പോൾ വേദന കൂടും.

“ഇജിപ്പം കരഞ്ഞതോണ്ട് ആരക്ക് നസ്ടം?”

സ്നേഹമുള്ള തടവുകാരൻ അവന്റെ പുറം തലോടിക്കൊടുത്തു. കണ്ണീരൊപ്പിക്കൊടുത്തു. അതും ചങ്ങല പൂട്ടിയ കൈകൊണ്ട്.

“പടശ്ശോൻ ബിതിച്ചതൊക്കെ ബെരും.”

പിന്നെയും ആശ്വസിപ്പിക്കുകയാണ്.

“അന്റെ പേരെന്താ?”

എന്തെങ്കിലും മറുപടി പറയണം. അവൻ നിവർന്നിരുന്നു. കൂട്ടുകാരനെ നോക്കി.

“അല്ലേങ്കില് ഇജ്ജ് പറേണന്നില്ല. ഞമ്മക്ക് അന്റെ പേര് പുടീണ്ട്. പൊക്കൻന്നല്ലേ?”

പൊക്കൻ സമ്മതിച്ചു തല കുലുക്കി. എന്തൊരാശ്വാസം! പരിചയമുള്ളൊരാൾ, തുല്യ ദുഃഖിതനായായാലും, അടുത്തുണ്ടല്ലോ. സൂക്ഷിച്ചുനോക്കി. അദ്ധ്വാനിച്ചു പുലരുന്ന ആളാണ്. തടി കണ്ടാൽ അങ്ങനെതോന്നും. ചരക്കു കടത്താനോ മീൻ പിടിക്കാനോ കടലിൽ ഇറങ്ങിയതാവും. പറങ്കികളുടെ കൈയിൽപ്പെട്ടു. കെട്ടിയോളും കുട്ടികളും കുടിയിൽ കാത്തിരുന്നു കരയുന്നുണ്ടാവും.

“ജ്ജെന്താ സൂച്ചിച്ച് നോക്ക്ന്ന്?”

“ഒന്നൂല്ല.”

“പണ്ടെബിടേങ്കിലും ജ്ജ് ഞമ്മളെക്കണ്ടിക്കിണ്ടോ?”

“ഞാൻ... ഞാൻ...” പൊക്കന് അനുകൂലിക്കാനും നിഷേധിക്കാനും വിഷമം. കണ്ടിട്ടില്ലെന്നു പറഞ്ഞുകൂടാ. എവിടെയോ കണ്ടിട്ടുണ്ട്... എവിടെയാവണം?

“ങ്ങളെ പേരെന്താ?”

“ഐദ്രോസ്.”

ഏത് കടപ്പുറത്താ?”

“ജ്ജ്: ആലോചിച്ച് പുസ്തിമുട്ടണ്ടാ; ഞമ്മളെ അറിയാൻ ബയ്യീല്ല.”

പൊക്കൻ കടലിന്റെ വിശാലനീലിമയിലേക്കു നോക്കി ആലോചിക്കുകയാണ്. ഹൈദ്രോസ് മനുഷ്യരക്തം വീണു കറപറ്റി നിൽക്കുന്ന വെള്ള്യാൻകല്ലിന്റെ മാറിടത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടാണ് പറയുന്നത്.

“മോനേ, പടശ്ശോൻ ചില്ലറക്കാരനല്ല. ഞമ്മള് അന്നോടൊന്ന് പറേട്ടേ?”

“പറഞ്ഞോളീ.”

“അന്നെ ഈ മുസ്ലീമത്തില് കുടുക്ക്യേത് ഞമ്മളാ.”

ഒന്നും മനസ്സിലാവാതെ പൊക്കൻ അന്തംവിട്ടിരുന്നു.

“അന്നെ ഈ കൊടുംചതി ചതിച്ചത് ഞമ്മളാണ്.”

തെല്ലിട നിശ്ശബ്ദത. ഐദ്രോസ് ഒന്നുകൂടി അടുത്തേക്ക് നീങ്ങിയിരുന്നു ചോദിച്ചു:

“അനക്ക് ദേസ്യം പുടിച്ചിണില്ലേ? ദേസ്യം പുടിച്ചണം. ന്നിറ്റ് ജ്ജ് ഞമ്മളെ തപ്പണം. എടുത്ത പണിക്കു കൂലി മേണ്ടേ? അതു പക്കേങ്കില് പടശ്ശോൻ ഞമ്മക്ക് തന്നിക്ക്ണ്. ഇനി അന്റെ കയ്യോണ്ട് കൂടി കിട്ടണം. ന്നാലേ ഞമ്മക്ക് തെകയൂ.”

“ഐദ്രോസ്മാപ്പളേ”, ഒന്നും മനസ്സിലാവാതെ വിഷമിക്കുന്ന പൊക്കൻ ചോദിച്ചു; “നിങ്ങളെന്നെ ചതിച്ചെന്നോ?”

“ആ”

“അതെങ്ങനെ?”

“ഞമ്മളൊരു ഹമുക്കടാ. മനിസനെ തിരിയാത്ത ഹമുക്ക്. തിരിഞ്ഞുബര്മ്പളേക്ക് ഈ സെറാവീന്റെ വായില് കുടുങ്ങീംപോയി.”

“എന്താച്ചാൽ ങ്ങള് തെളീച്ച് പറയിൻ.”

“ഒന്നും തെളിച്ച് പറയാനില്ല. അന്നെ പുടിച്ചു പറങ്ക്യേക്ക് കൊടുക്കാൻ ആലിക്കുട്ടി ഞമ്മളോട് പറഞ്ഞ്.”

“ആലിക്കുട്ടി മാപ്പിളയോ?”

“അനെക്കെന്താ അതിലിത്തിര അതിസം?”

“ഒന്നുല്ല, ഐദ്രോസ്മാപ്പളേ, അറിയാൻ ചോദിച്ചതാ.” ഒരു നെടുവീർപ്പോടെ പൊക്കൻ സ്വയം പറഞ്ഞു: “ഞാനൊരു കുറ്റോം ആലിക്കുട്ടിമാപ്പയോട് ചെയ്തിറ്റില്ല.”

“അതൊന്നും ഞമ്മക്ക് പുടീല്ല. ഞമ്മള് കൂലിക്കു പണിട്ക്ക്ണോനാ. ഇപ്പണീം ഞമ്മൾ കൂലിക്കെടുത്തതാ. പക്കേങ്കില് പടശ്ശോന്റെ കണ്ണു പൊട്ടിക്കാൻ ഞമ്മക്കാർക്കും കയ്യൂല. ഓന്റെ കൂലിയാ ബെലുത്. അതു ഞമ്മക്ക് കിട്ടി.”

“അതെങ്ങനെ?”

“അന്നെ പുടിച്ചു കെട്ടി തോണീലിട്ടു കണ്ണൂരെത്തിക്കാനാ കരാറ്. അബിടെ ആലിക്കുട്ടീന്റെ ദല്ലാളിമാർണ്ട്. ആ ലാത്തിരി ഞമ്മൾ കോട്ട കടപ്പുറം കയിഞ്ഞിറ്റില്ല. അപ്പളക്കും ചാടിബീണല്ലോ പഹേറ്, പറങ്ക്യേള് ഓല് ഞമ്മളെ പുടിച്ച്...”

പറഞ്ഞുതീരുന്നതിനു മുമ്പേ പൊക്കൻ ചോദിച്ചു: “എന്നെ പിടിക്കാൻ അന്നു രാത്രി ങ്ങളും ഉണ്ടായിനോ?”

“അന്റെ തലയ്ക്കു ഞമ്മളാ അടിച്ചത്.” ഐദ്രോസ് പൊക്കന്റെ കണ്ണുകളിലേക്കുറ്റുനോക്കിക്കൊണ്ടു പറഞ്ഞു: “അടിച്ചില്ലാന്നും ബരട്ടെ, ജ്ജ് ഞങ്ങളെ മുയുമനും കൊല്ല്യായിനും.”

വലിയൊരു ഗൂഢാലോചന നടന്നു. അതിനെത്തുടർന്നു ഭയങ്കര ചതിയും. അതിലൊക്കെ പ്രധാനമായ പങ്കു വഹിച്ച് അങ്ങേയറ്റം തന്നെ നശിപ്പിച്ച പരമശത്രുവാണ് അടുത്തിരിക്കുന്നത്. പറങ്കികളുടെ പിടിയിൽപ്പെട്ടു നിസ്സഹായനായപ്പോൾ ബന്ധുവിനെപ്പോലെ പെരുമാറുന്നു. കുറ്റം ഏറ്റുപറയുന്നു. ചങ്ങലയിട്ട കാലു കൊണ്ടൊരു ചവിട്ടു കൊടുക്കേണ്ടതാണ്. മുഖത്തു കാർക്കിച്ചു തുപ്പേണ്ടതാണ്.

അഭ്യാസബലവും തടിമിടുക്കും തന്റേടവുമുള്ള പൊക്കൻ പതുക്കെ ഉണരുകയാണ്. വിഷാദത്തിന്റെ മൂടൽമഞ്ഞു തുടച്ചുമാറ്റി പൗരുഷം ഉദിച്ചുയരുകയാണ്. സൂത്രത്തിൽ കഴുത്തു പിടിക്കണം. അതിനുള്ള സ്വാതന്ത്ര്യം കൈയ്ക്കുണ്ട്. പിടിച്ചു ഞെരിക്കണം. കണ്ണുതുറിച്ച്, മൂക്കിന്റെ ദ്വാരം വികസിച്ച്, രക്തസഞ്ചാരവും ശ്വാസഗതിയും നിലച്ച്, പതുക്കെപ്പതുക്കെ ആ ദുഷ്ടൻ മരിക്കണം.

കണ്ണുകളിൽ കോപത്തിന്റെ തീപ്പൊരി ചിതറി. കൈകൾ ഉയർന്നു. ചങ്ങല ശബ്ദിച്ചു. ഐദ്രോസിന്റെ കഴുത്തു കൈപ്പിടിയിലൊതുങ്ങി. ഇനി പിടി മുറുക്കണം. മരണവുമായി കൂടിക്കാഴ്ച നടക്കുന്ന ആ ദുഷ്ടന്റെ മുഖം കാണണം. പൊക്കൻ നോക്കി.

ആ മുഖത്ത് ഒട്ടും പരിഭ്രമമില്ല; പരിഭവവും.

ഇല്ലെടാ; ഇല്ല, വിടില്ല. പറങ്കികൾ കഴുത്തുവെട്ടും മുമ്പ് ഒരുത്തനോടെങ്കിലും പക വീട്ടണം. അതു നിന്നോടാവട്ടെ. നിന്നെ പറങ്കികൾ കൊല്ലരുത്. എന്റെ കൈകൊണ്ടു നീ മരിക്കണം. കാണട്ടെ. ആരാണ് നിന്നെ സഹായിക്കാൻ വരുന്നത്? ആലിക്കുട്ടിയോ?

മനസ്സിൽ നിന്നു പുതിയ പുതിയ ചോദ്യങ്ങൾ കിളിർന്നുവന്നു. ആ ചോദ്യങ്ങൾ കൈയ്യു കരുത്തു നൽകുകയാണ്.

പിടിമുറുകി.

കുറെശ്ശെകുറെശ്ശെയായി കൊല്ലണം. മരണവേദന മുഴുവനും അനുഭവിക്കണം.

എന്താണ് മരിക്കാത്തത്?

അങ്ങനെ ഒരു കോഴിക്കുഞ്ഞിനെയെന്നപോലെ ഞെക്കിക്കൊല്ലാൻ പറ്റിയവനല്ല ഐദ്രോസ്. ഭയങ്കരനാണ്. തടിമിടുക്കുള്ളവനാണ്. പ്രധാനജോലി വെള്ളത്തിൽ മുങ്ങലാണ്. മുത്തുവാരലിന്റെ സമയത്തു ദിവസങ്ങളോളം കടൽവെള്ളത്തിൽ കഴിച്ചുകൂട്ടാറുണ്ട്. എത്ര നേരമെങ്കിലും ശ്വാസമുട്ടിച്ചിരിക്കാം.

എന്താണ് മരിക്കാത്തത്?

ഐദ്രോസ് പ്രതിഷേധിച്ചില്ല. മരിക്കാൻ വിരോധമില്ലെന്ന മട്ടിൽ ഇരുന്നു കൊടുത്തു.

പൊക്കനു വാശിയായി. പിടിമുറുകി.

അൽപ്പം വിഷമം തോന്നുന്നുണ്ട്. മരിക്കുന്നതിനു മുമ്പ് എന്തോ ചിലതുകൂടി ഐദ്രോസിനു പറയാനുണ്ട്: പറഞ്ഞു.

“ഇജ്ജ്... കൊന്നോ... പക്കേങ്കില്...”

എന്താണ് പറയുന്നത്? മരിക്കാൻ പോവുന്നവന്റെ ഒടുവിലത്തെ അഭിലാഷമല്ലേ? പറയട്ടെ. പൊക്കന്റെ പിടി അല്പമൊന്നയഞ്ഞു.

“ഈ കള്ള പന്ന്യേളെ കയ്യോണ്ട് ന്റെ മോൻ മരിച്ചാൻപാടില്ല.”

എന്താണ് പറയുന്നതെന്ന് പൊക്കനു മനസ്സിലാവുന്നില്ല.

“ഇജ്ജ് കേക്ക്ണ്ണ്ടോ? ഈ കള്ളപ്പന്ന്യേള് മിനസംമാരല്ല. ആര്? പറങ്ക്യേള്.

സമ്മതിച്ചു; പറങ്കികൾ മനുഷ്യരല്ല, പക്ഷേ, ആരാണ് പിന്നെ മനുഷ്യർ? നീയ്യോ? ആലിക്കുട്ടിയോ? ചോദ്യങ്ങൾ പലതും പൊക്കന്റെ നാവിൻതുമ്പിലെത്തി നിൽക്കുന്നു.

ഐദ്രോസിന്റെ അതുവരെയുള്ള മുഖഭാവം മാറി. കണ്ണുകളിൽ വിഷാദച്ഛായ കളിയാടി. എഴുന്നേൽക്കാൻ തുടങ്ങുകയാണ്. എന്തിനുള്ള ഒരുക്കമാണെന്നറിയാൻ പൊക്കനു കൗതുകം തോന്നി. അവൻ പിടിവിട്ടു.

ഐദ്രോസ് എഴുന്നേറ്റു നിന്നു; പൊക്കനും. ആ മനുഷ്യനെ ചേർന്നു നിന്നപ്പോഴാണ് തന്റെ ചെറുപ്പം പൊക്കനു മനസ്സിലായത്. കഷ്ടിച്ചു തോളുവരെയെത്തും. കറുത്ത രോമം മുറ്റിത്തഴച്ചുനിൽക്കുന്ന വീതി കൂടിയ മാറിടം. ഉരുക്കുകോട്ടയാണ്. അവൻ തെല്ലൊരമ്പരപ്പോടെ നോക്കി.

വെയിലേറ്റു വെട്ടിത്തിളങ്ങുന്ന കടൽവെള്ളത്തിലേക്കു വിരൽ ചൂണ്ടിക്കൊണ്ട് ഐദ്രോസ് പറഞ്ഞു: “അതാ, അബിടാണ്, അബിടെ...” അകലത്തകലത്ത് എവിടെയോ ഇടി മുഴങ്ങുമ്പോലുള്ള ശബ്ദം.

“എന്ത്?” ഏതോ മാന്ത്രികശക്തിക്കടിപ്പെട്ടപോലെ പൊക്കൻ ചോദിച്ചു. ഐെദ്രോസിന്റെ ഭാവവും നോട്ടവും കണ്ടാൽ ആരും ഇങ്ങനെ ചോദിച്ചുപോകും.

“ആ കണിബെള്ളരിക്കന്റെ ചേലിക്ക്ള്ള ബാല്യക്കാരത്തി അബിടാണ്.” ശബ്ദം കൂടുതൽ മുഴക്കമുള്ളതാവുന്നു. “അബിടെ ബെള്ളത്തിനടിയിൽ.”

തെല്ലനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ഐദ്രോസ് നെടുവീർപ്പിടുന്നതു പൊക്കൻ കേട്ടു.

പറഞ്ഞ്യേള് ഓളെ എങ്ങനാ കൊന്നത്?”

ഹൈദ്രോസിന്റെ കത്തിജ്ജ്വലിക്കുന്ന നോട്ടം പൊക്കന്റെ നേർക്ക് തിരിഞ്ഞു. പണിക്കരാശാൻ ഉഴിഞ്ഞുമാറ്റലിന്നു വരുമ്പോൾ പ്രേതങ്ങളുമായി സംഭാഷണം നടത്തുന്ന രംഗം പൊക്കനോർത്തു. ഐദ്രോസിന്റെ നോട്ടത്തിലും ചോദ്യത്തിലും അങ്ങനെയൊരു ഭാവമുണ്ട്.

“എങ്ങനാ കൊന്നത്! ഞമ്മൾ നോക്കിനിന്നോനാ. ഓള് മൗത്തായപ്പം കല്ല കെട്ടി കടലിൽ താത്തി; അബിടെ” പല്ലുകൾ കൂട്ടി ഞെരിക്കുകയും ഇരുമ്പുചങ്ങല കൈകളിലിട്ടു കശക്കുകയും ചെയ്തുകൊണ്ട് ഐദ്രോസ് പറഞ്ഞു: “പകരം ചോയിക്കണം, മോനേ, പറഞ്ഞ്യേളോട് ജജ് ഇതിനു പകരം ചോയിക്കണം. കേട്ടോ, അനക്ക് ചെറുപ്പമാണ്.”

ഓ! മറക്കാൻ ശ്രമിക്കുന്ന ആ കഥയാണ് ഐദ്രോസും പറയുന്നത്. ആ കൊലപാതകത്തിനു സാക്ഷികൾ വേറെയുമുണ്ട്.

ഐദ്രോസ് പൊക്കനെ പിടിച്ചടുപ്പിച്ച് അവന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ട് പിന്നെയും പറഞ്ഞു:

“അനക്ക് ചെറുപ്പാണ്. കാത്തിരുന്നോ. ഒരിക്കലൊരു തഞ്ചം കിട്ടും. കിട്ടുമ്പം ചാടിക്കൊ. എന്നിറ്റ് ഈ ബലാലിങ്ങളോട് പകരം ചോയിക്കണം.”

പൊക്കനു പുതിയ ഒരാശയം കിട്ടി. അതുവരെ അവൻ അത് ആലോചിച്ചിട്ടില്ല. എല്ലാം ‘നേരെ വാ നേരെ പോ’ എന്ന മട്ടാണ്. എതിർക്കുക, കീഴടക്കുക-അല്ലാതെ, ഉപായവിദ്യകളൊന്നും അവൻ പഠിച്ചിട്ടില്ല.

കാത്തിരുന്നാൽ ഒരു ദിവസം കാവൽക്കാരുടെ കണ്ണിൽ പൊടിയിടാം. വിലങ്ങു പൊട്ടിച്ചെറിയാം. കൂടുതൽ ശക്തി സംഭരിച്ചു ശത്രുക്കളെ നേരിടാം. പകരം വീട്ടാം. നല്ല നിർദ്ദേശം.

“ജ്ജെന്താ മിണ്ടാത്തത്?” പൊക്കന്റെ താടി പിടിച്ചുയർത്തിക്കൊണ്ട് ഐദ്രോസ് ചോദിച്ചു. തന്നെ നശിപ്പിച്ച പരമശത്രുവാണ് മുമ്പിൽ എന്ന കാര്യം പൊക്കൻ മറന്നു.

“ങ്ങളും കൂട്യോ?”

“അങ്ങനെ ചോയിക്ക് ഞമ്മളെ ഖലിബില് ബേറെ ഒന്നുല്ല, മോനേ തഞ്ചം കിട്ട്യാല് ഈ പന്ന്യേളെ കൊല്ലണം.”

രണ്ടുപേരും പിന്നെ മിണ്ടിയില്ല. മാനഭംഗം ചെയ്തുകൊലപ്പെടുത്തിയ പെങ്ങൾക്കുവേണ്ടി പറങ്കികളോടു പകരം ചോദിക്കണം. അവളുടെ ശവം കല്ലുകെട്ടി ഏതു കടലിൽ താഴ്ത്തിയോ, ആ കടലിലെ ഉപ്പുവെള്ളത്തിൽ പറങ്കികളെ ജീവനോടെ മുക്കണം. മുക്കിമുക്കി കൊല്ലണം. വെള്ള്യാൻകല്ലില്ലെ തടങ്ങലിൽനിന്നു പുറത്തുചാടണം. അതിനുള്ള വഴി ചിന്തിക്കണം. ചിന്തിക്കുകയാവും.

വെയിലിനു ശക്തി കൂടി. സൂര്യൻ തലയ്ക്കു മുകളിലെത്തി. എങ്ങുമൊരു തണലില്ല. ചുട്ടുപഴുത്ത പാറപ്പുറത്തുനിന്നു തീജ്ജ്വാലകളാണുയരുന്നത്. ഉള്ളിലെ ചൂടുകൊണ്ടു പൊക്കനും ഐദ്രോസും അതറിഞ്ഞില്ല.

“ഇജ്ജ് ഞമ്മളെ കൊല്ലുന്നില്ലേ?” നീണ്ട മൗനത്തിനുശേഷം ഐദ്രോസ് ചോദിച്ചു.

“വേണ്ടാ, ഐദ്രോസ്മാപ്പിളേ.” അല്പം കഴിഞ്ഞാണ് പൊക്കൻ മറുപടി പറഞ്ഞത്. “മ്മള് തമ്മിത്തമ്മ്ല് കൊല്ലണ്ടാ.”

“പിന്ന്യോ?”

“തഞ്ചം കിട്ട്യാല് മ്മക്ക് പറങ്ക്യോളെ കൊല്ലാം.”

ഐദ്രോസ് പതുക്കെ ചിരിച്ചു.

“ഞമ്മളൊരു ഹമുക്കാടാ, മനിസനെ തിരിയാത്ത ഹമുക്ക്. തിരിഞ്ഞു ബരുമ്പളയ്ക്ക് ഞമ്മളെ കൈയും കാലും പണയത്തിലായി! ഉം. സാരേല്ല. പടച്ചോൻ ആവതാക്കട്ടെ.”

ആ സംഭവത്തോടെ അവർ പരസ്പരം മനസ്സിലാക്കി. കൂടുതൽ അടുത്തു. ഭാവിയെപ്പറ്റി പലതും അവർ ചിന്തിച്ചുറപ്പിച്ചു.

ഒരു പുതുമയുമില്ലാതെ ദിവസങ്ങൾ നീങ്ങി. ചുറ്റും പരന്നുകിടക്കുന്ന കടൽ. ചെമ്പൻതാടിയും പൂച്ചക്കണ്ണുമുള്ള കാവൽക്കാർ. കണ്ടുകണ്ടു മടുത്തു.

ചില രാത്രികളിൽ അഞ്ചും ആറും പുതിയ വള്ളങ്ങൾ വരും. പറങ്കികൾ ലഹള കൂട്ടിക്കൊണ്ടു പാറപ്പുറത്തു പാഞ്ഞുകയറും. ആടിനെയോ പശുവിനെയോ അറുത്തു തോലുപൊളിച്ച്, തീയിൽ ചുടും. വട്ടമിട്ടിരുന്ന് എല്ലാവരുംകൂടി അതു വലിച്ചുകീറിത്തിന്നും. മതിമറന്നു കുടിക്കും. നൃത്തംവെയ്ക്കും. പുലരുമ്പോൾ കാവൽക്കാരൊഴിച്ചു മറ്റുള്ളവർ വീണ്ടും കടലിലേക്കു പോകും.

എന്താണ് വിധിയെന്ന് ഒരു പിടിയുമില്ല. എത്ര ദിവസം അങ്ങനെ കഴിച്ചുകൂട്ടണമെന്നും അറിയില്ല. കിഴക്കു പച്ചപിടിച്ചുനിൽക്കുന്ന ഭൂഭാഗം കാണുമ്പോൾ ഹൃദയം തുടിക്കും. അവിടെ എന്തൊക്കെ സംഭവിക്കുന്നുവെന്ന് ആർക്കറിയാം?

അങ്ങനെയങ്ങനെ കഴിയുമ്പോൾ ഒരുനാൾ ഉച്ചതിരിഞ്ഞ സമയത്ത് ഒരു പറങ്കിക്കപ്പൽ വെള്ള്യാൻകല്ലിനടുത്തു പ്രത്യക്ഷപ്പെട്ടു. അത്ര വലിയൊരു കപ്പൽ പൊക്കൻ നടാടെ കാണുകയാണ്. ഐദ്രോസിനും കാട്ടിക്കൊടുത്തു. അല്പം കഴിഞ്ഞപ്പോൾ മറ്റൊരു കപ്പൽ വന്നു. അതും വലിയതാണ്. സന്ധ്യയ്ക്കുമുമ്പ് അങ്ങനെ അഞ്ചെണ്ണമെത്തി.

നേരം ഇരുട്ടിയപ്പോൾ പുതിയ വള്ളങ്ങൾ വന്നുകൊണ്ടിരുന്നു. നാലും അഞ്ചുമല്ല. നിറച്ചും പട്ടാളക്കാരെ വഹിച്ചുകൊണ്ടു നൂറോളം വള്ളങ്ങളെത്തി. എല്ലാം തെക്കുഭാഗത്തുനിന്നാണ് വന്നത്. കൊച്ചിയിൽ നിന്നാവും. അതു പറങ്കികളുടെ വലിയൊരു ശക്തിക്രേന്ദ്രമാണല്ലോ. എന്തോ സംഭവിക്കാൻ പോകുന്നെന്നു തീർച്ച. എന്തായിരിക്കും?

ഐദ്രോസും പൊക്കനും ഇരുന്നു പലതും ആലോചിച്ചു. ഒരെത്തും പിടിയുമില്ല. ഇത്രയധികം പട്ടാളക്കാരും കപ്പലും വന്നു ചേർന്നതെന്തിന്? പുതിയ വല്ല യുദ്ധവും തുടങ്ങാൻ ആലോചനയുണ്ടോ? മരയ്ക്കാർകോട്ടയെ ലക്ഷ്യം വെച്ചുള്ള പുറപ്പാടാവുമോ? അധികനേരം കൂടിയാലോചിക്കാൻ കഴിഞ്ഞില്ല. കാവൽക്കാർ വന്നു തടവുകാരെ പരസ്പരം ചേർത്തു ചങ്ങലവെച്ചു. എല്ലാവരേയും ചെറിയ ഒരു സ്ഥലത്ത് ഒരുമിച്ചിരുത്തി. പുതുതായി വന്ന പട്ടാളക്കാർക്ക് ഇരിക്കാനും കിടക്കാനും കൂടുതൽ സ്ഥലം വേണം.

കണക്കില്ലാത്ത പട്ടാളക്കാരുണ്ടായിട്ടും നേരിയ ഒരു ശബ്ദംപോലും പുറത്തുകേട്ടില്ല. ഇരുട്ടിൽ എല്ലാവരും ചൂളിപ്പിടിച്ചിരുന്നു. ഒരു തീപ്പൊരിപോലും അവിടെയെങ്ങും മിന്നിയില്ല. വെളിച്ചം കാണരുതെന്നാവും കൽപ്പന.

കിഴക്കൻമലയുടെ നെറുകയിൽ ചവുട്ടി നക്ഷത്രങ്ങൾ ഓരോന്നായി ആകാശത്തിലേക്കു കയറി. കടൽ നിറയെ വൈരക്കല്ലുകൾ ചിതറി വീണു. എന്താണ് സംഭവിക്കുന്നതെറിയാൻ തടവുകാർ ഉറ്റുനോക്കി. സമയം നീങ്ങുന്നില്ല. പാതിരാവായപ്പോൾ കപ്പലുകളും വള്ളങ്ങളും നീങ്ങി. എല്ലാം വെള്ള്യാൻകല്ലിന്റെ പിറകിൽ പടിഞ്ഞാറുഭാഗത്തു നിലയുറപ്പിച്ചു.

മുടൽമഞ്ഞു കൊണ്ടു മുഖാവരണമിട്ട പ്രഭാതം. പൊക്കനും ഐദ്രോസും കടലിലേക്കു നോക്കിയിരിക്കുകയാണ്. പാറപ്പുറത്തുള്ള പട്ടാളക്കാർ നേരംപുലർന്നത് അറിയാത്തപോലെ കിടക്കുന്നു.

ഐദ്രോസ് പൊക്കന്റെ ചെവിയിൽ മന്ത്രിച്ചു.

"ഇജ്ജ് കേക്ക്ണ്ണ്ണോ?"

"എന്ത്?"

"കേക്ക്ണില്ലേ?"

പൊക്കൻ ശ്രദ്ധിച്ചു. അകലത്തെവിടെയോ പാട്ടുകേൾക്കുന്നു. വള്ളക്കാർ ഒന്നിച്ചു പാടുംപോലെ. രണ്ടുപേരും ശ്രദ്ധിച്ചു. വടക്കുകിഴക്കനാണ്. ജനക്കൂട്ടം ആഹ്ലാദമത്തരായി പാടുംപോലെ വെറും മുഴക്കമാണ്.

മൂടൽമഞ്ഞു കട്ടി കുറഞ്ഞു നീരാവിപടലമായി കാറ്റിലൂടെ ഉലയുന്നു. നോക്കിയാൽ കണ്ണെത്തുന്ന സ്ഥലത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നു. തേച്ചുകഴുകുന്ന ചാണക്കല്ലുപോലെ കടൽ തെളിഞ്ഞുവരുന്നു. ആദ്യം കണ്ടതു പൊക്കനാണ്. അവൻ ആവേശത്തോടെ പറഞ്ഞു:

"അതാ, നോക്ക്."

ഐദ്രോസ് നോക്കി. അവനും കണ്ടു. വലിയൊരു കപ്പൽ സമൂഹം വടക്കുകിഴക്കുനിന്നു വരുന്നു. കാറ്റിന്റെ മുളലിന്നു ശക്തി കൂടിയതുകൊണ്ടാവണം, പാട്ടു കേൾക്കാനില്ല. പെട്ടെന്നു പാറപ്പുറത്തുള്ള പട്ടാളക്കാരിൽ ഒരിളക്കം കണ്ടു. ഒരാൾ ഉച്ചത്തിലെന്തോ വിളിച്ചുപറഞ്ഞു പിൻഭാഗത്തുള്ള വള്ളങ്ങളിൽ നിന്നു പലരും അതേറ്റു പറഞ്ഞു. കപ്പലിൽ കൊടികളുയർന്നു. കുരിശടയാളമുള്ള കൊടി.

പൊക്കനും ഐദ്രോസും മാറിമാറി നോക്കി. പുതിയ കപ്പൽസമൂഹം വെള്ള്യാൻകല്ലിനടുക്കുകയാണ്. അതു പറങ്കിക്കപ്പലുകളാണോ; ഒന്നും വ്യക്തമല്ല. കൊടിയടയാളം കാണാൻ പറ്റുന്നില്ല. രണ്ടുപേരും സൂക്ഷിച്ചുനോക്കി. പറങ്കിക്കപ്പലുകളാണെങ്കിൽ ഉത്കണ്ഠയ്ക്കവകാശമില്ല. അല്ലെങ്കിൽ തീർച്ചയായും ഒരേറ്റുമുട്ടലുണ്ടാവും.

“അതാരെ കൊടിയാണ്?” പൊക്കൻ ചോദിച്ചു.

“കാണാൻ പാങ്ങില്ല.” ഐദ്രോസ് പറഞ്ഞു.

മുമ്പിൽ സഞ്ചരിക്കുന്നത് ഒരു കൂറ്റൻ കപ്പലാണ്. പിറകിൽ വേറെയുമുണ്ട്. ചെറിയ കപ്പൽ. വള്ളങ്ങൾ ഒട്ടനേകമുണ്ട്.

“കണ്ടോ, കണ്ടോ?” അനുമാൻകൊടിയാണ്.”

“അത് സാമൂതിരിത്തമ്പുരാന്റെ കൊടിയല്ലേ? ഐദ്രോസ് പറഞ്ഞു തീരുന്നതിനുമുമ്പു പീരങ്കിവെടി പിറകിൽ നിന്നു മുഴങ്ങി. ആ കൊടിയും പാമരവും പുഴങ്ങി കടലിലേക്കു വീണു.

പിന്നെ മുറയ്ക്കുള്ള യുദ്ധമാണ്. ഇരുവശവും പീരങ്കികൊണ്ടുള്ള കുശലപ്രശ്നം ആരംഭിച്ചു. അതു വളരെ നേരം നീണ്ടുനിന്നു. ചെവിയടച്ചുപോയി. സൂക്ഷിച്ചിരുന്നില്ലെങ്കിൽ മൂളിപ്പായുന്ന പീരങ്കിയുണ്ട പ്രാണനും പിഴുതുകൊണ്ടുപോകും. അന്യോന്യം യുദ്ധത്തിന്റെ ഭാഷ സംസാരിക്കുന്ന രണ്ടു ചേരിക്കാരുടെ നടുവിലാണ് അവരിരിക്കുന്നത്. പാറയുടെ പിളർപ്പിലേക്കു മാറിയിരുന്നില്ലെങ്കിൽ അപകടം സംഭവിക്കും. ഒറ്റയ്ക്കൊറ്റയ്ക്കു വയ്യ. എല്ലാവരേയും ഒന്നിച്ചു ചങ്ങലയ്ക്കിട്ടതാണ്. ഒന്നിച്ചു നീങ്ങി. പാറപ്പിളർപ്പിലിരുന്ന് ഇടയ്ക്കിടെ തല പൊക്കി, യുദ്ധത്തിന്റെ ഗതി മനസ്സിലാക്കി.

പീരങ്കിയുടെ മുഴക്കം അവസാനിച്ചു. അസ്ത്രങ്ങളാണ് ചീറ്റിപ്പായുന്നത്. പിറകിൽ പതിയിരിക്കുന്ന പറങ്കിക്കപ്പലുകളും വള്ളങ്ങളും ഒറ്റക്കുതിക്ക് കിഴക്കുഭാഗത്തെത്തി. നെഞ്ചിലും കഴുത്തിലും അമ്പേറ്റു തണ്ടുവലിക്കാർ കടലിലേക്കു മറിഞ്ഞു വീഴുന്നു. ഒന്നും കൂട്ടാക്കാതെ പറങ്കികൾമുന്നേറുകയാണ്. ആർപ്പുവിളിയും അട്ടഹാസവും.

മുഖത്തോടുമുഖം നോക്കിയുള്ള യുദ്ധവും തുടങ്ങി. വാളും കുന്തവും വെണ്മഴുവുമെടുത്തു രണ്ടുകൂട്ടരും എതിർവശത്തുള്ള കപ്പലുകളിലേക്കു പാഞ്ഞുകയറി. വെട്ടും കുത്തും ഇടിയും!

വെട്ടേറ്റവർ കപ്പൽത്തട്ടിൽ നിന്ന് അലറിക്കൊണ്ടു വെള്ളത്തിലേക്കു വീഴുന്നു. അറ്റുവീണ കൈകാലുകളും തലകളും വെള്ളത്തിലൊഴുകുന്നു. കടൽവെള്ളത്തിന്റെ

നിറം മാറുന്നു.

പറങ്കികൾ തോൽക്കും. പൊക്കനും ഐദ്രോസും ആശിച്ചു. ഇത്രയേറെ മരണവും ഇത്ര വലിയൊരു യുദ്ധവും അന്നാദ്യമായിട്ടു കാണുന്നതാണ്. വെട്ടുകളൊന്നും പിഴയ്ക്കുന്നില്ല. എങ്ങനെ പിഴയ്ക്കാൻ? അടിഞ്ഞുകൂടിയ ആൾക്കൂട്ടത്തിൽ ലക്ഷ്യമില്ലാതെ വാൾവീശിയാലും ആരെങ്കിലും മരിച്ചുവീഴും.

പൊക്കന്റെ മനസ്സാണ് യുദ്ധം ചെയ്യുന്നത്. തടുക്കലും കൊടുക്കലും മുറയ്ക്കു നടക്കുന്നു-അതാ, അതാ കപ്പൽത്തട്ടിലൂടെ അവൻ നടക്കുന്നു. "മണ്ടോസ്സ." കൈയിലൊരു വെണ്മഴുവുമുണ്ട്. അവനെ ആരും കാണുന്നില്ലേ? കണ്ടവരെ മുഴുവനും വെട്ടിവീഴ്ത്തി മുന്നേറുകയാണ്.

ഒരാൾ വലിയൊരു കുന്തവും നീട്ടിപ്പിടിച്ച് അവന്റെ നേർക്കടുത്തു ആശ്വാസമായി; അവൻ അനുഭവിക്കും. അതു കാണാനാശിച്ചുകൊണ്ടു പൊക്കൻ കണ്ണുതുറിച്ചിരുന്നു. ഇല്ല. അതു പിഴച്ചു. കൈവിലങ്ങൊന്നു പൊട്ടിച്ചുകിട്ടിയെങ്കിൽ വെണ്മഴുവോടുകൂടി അവനെ കടലിൽ മുക്കിക്കൊല്ലാമായിരുന്നു. പൊക്കൻ ആശിച്ചു.

കടൽവെള്ളത്തിന്റെ ചുവപ്പ് ആകാശത്തിലേക്കും പ്രതിബിംബിച്ചു. നേരംസന്ധ്യയായി. യുദ്ധത്തിന്റെ ശക്തി കുറഞ്ഞു. സാമൂതിരിപക്ഷത്തിൽ അവശേഷിച്ചവർ കീഴടങ്ങി. പറങ്കികൾ ജയഭേരിയടിച്ചു വെള്ള്യാൻകല്ലിലേക്കു മടങ്ങി.

രാത്രിയുടെ മൂടുപടം വീണു. വെള്ള്യാൻകല്ല് ജ്വലിച്ചുകൊണ്ടിരിക്കുന്ന പന്തങ്ങളുടെ വെളിച്ചത്തിൽ മസ്തകമുയർത്തിനിന്നു. ഓളത്തട്ടുകളിലൂടെ ഇഴഞ്ഞിഴഞ്ഞുവന്ന മനുഷ്യശവങ്ങൾ, പാറക്കെട്ടിൽ തടഞ്ഞുനിന്നു. വിജയം ആഘോഷിക്കുകയാണ്. കുടിയും നൃത്തവും പൈശാചികമായ പൊട്ടിച്ചിരിയും!

# ഭാഗം രണ്ട്

— 9 —

## ഒൻപത്

സാമൂതിരിപ്പാട്ടിലേക്കു വലിയ സന്തോഷമായി. പ്രസിദ്ധരായ തന്റെ പൂർവികരിൽ പലർക്കും അത്തരമൊരു സന്തോഷം അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല. പ്രധാനസചിവനായ മങ്ങാട്ടച്ചനെ വിളിച്ച അദ്ദേഹം കൽപ്പിച്ചു.

"ഈ സന്തോഷം നാം സ്വന്തമായനുഭവിച്ചാൽ പോരാ; നമ്മുടെ പ്രജകളും ഇതിൽ പങ്കുചേരണം."

ഈർക്കിലിക്കര പാവുമുണ്ടു ഞാത്തിയുടുത്ത്, മേലെ ഒരു രണ്ടാംമുണ്ടും ചുറ്റി, ഒരു കൈകൊണ്ട് ആചാരമുറയ്ക്കനുസരിച്ച വായും പൊത്തി, മഹാരാജാവിന്റെ കല്പന കേൾക്കാൻ സിംഹതുല്യനായ മങ്ങാട്ടച്ചൻ ഒതുങ്ങിനിന്നു. ശത്രുക്കളുടെ രക്തം കുടിച്ചു മടുത്ത ഉടവാൾ സുഖനിദ്രകൊള്ളുന്ന വാളുറ അരയിൽ തൂങ്ങിക്കിടക്കുന്നു. സന്തോഷാധിക്യത്താൽ മതിമറന്ന സാമൂതിരിപ്പാട് മങ്ങാട്ടച്ചന്റെ അഭിമതം കൂടി അറിയാൻ ഉദ്ദേശിച്ചുകൊണ്ടുതുടർന്നു:

"എന്താ അതല്ലേ ഭംഗി?"

"റാൻ!"

"നാം വേണ്ടപോലെ ഈ വിജയം ആഘോഷിക്കണം."

"അവിടത്തെ കല്പന കാത്താണടിയൻ നിൽക്കുന്നത്."

"തുറമുഖവും നഗരവും അലങ്കരിച്ച് ഒരു മഹോത്സവത്തിന്റെ ഛായതന്നെ വരുത്തണം."

"റാൻ!"

"സമയം വളരെ കഷ്ടിയാണ്. അല്ലേ? നാളെ പ്രഭാതത്തിനു തന്നെ അവരിവിടെ എത്തിച്ചേരുമെന്നു കരുതാം."

"വഴിക്കുകാര്യമായ തടസ്സമൊന്നുമുണ്ടായില്ലെങ്കിൽ നാളെ പത്തുനാഴിക വെളുപ്പിനു മുമ്പേ അവരിവിടെ എത്തും."

"ഇനിയെന്തു തടസ്സമുണ്ടാവാൻ?" ആ ചോദ്യത്തിൽ വല്ലാത്ത ഉത്കണ്ഠ കലർന്നിരുന്നു. "തടസ്സമുണ്ടാവുമെന്നു ഭയപ്പെടേണ്ട സ്ഥലങ്ങളൊക്കെ കഴിഞ്ഞില്ലേ?"

"അടിയൻ ഉദ്ദേശിച്ചതതല്ല. കാറ്റു പ്രതികൂലമായാലും താമസം നേരിടാമല്ലോ."

"ശരിയാ, നാം അത്രതന്നെ അങ്ങു കടന്നാലോചിച്ചില്ല. സന്തോഷം കൂടുതലാവുമ്പോൾ ആലോചന ചുരുങ്ങും. ഇല്ലേ?"

മങ്ങാട്ടച്ചൻ ആ ചോദ്യത്തിന് ഉത്തരമൊന്നും പറഞ്ഞില്ല. മഹാരാജാക്കന്മാരുടെ ഫലിതമാവുമ്പോൾ അതാസ്വദിക്കുന്നതിലും ചില സമ്പ്രദായമൊക്കെയുണ്ട്.

"കേട്ടോ, മങ്ങാടൻ, നാം അതിരുകടന്നു സന്തോഷിക്കുന്നതിൽ തെറ്റില്ല. മൺമറഞ്ഞ സാമൂതിരിപ്പാടന്മാർക്കു കൈവരാഞ്ഞ ഭാഗ്യമാണിതു്. നമ്മുടെ കപ്പൽ അറബിക്കടലിലൂടെ സ്വതന്ത്രമായി സഞ്ചരിച്ചിട്ടു വർഷങ്ങളെത്ര കഴിഞ്ഞു?"

"ആ സന്തോഷം അനുഭവിക്കാൻ തിരുമനസ്സിലേക്കാണ് ഭാഗ്യമുണ്ടായതു്."

"അതുപോലെ തനിക്കും തന്റെ പൂർവികർക്കും ഈ ഭാഗ്യം ഉണ്ടായിട്ടില്ല. എല്ലാം തിരുവളയനാട്ടുകാവിലമ്മയുടെ കരുണാകടാക്ഷം. ചെല്ലൂ. നാം കൽപ്പിച്ചതായി എല്ലാവരേയും അറിയിക്കൂ. നാളെ നമുക്കൊരു ഉത്സവമാക്കണം."

മങ്ങാട്ടച്ചൻ തൊഴുതു വിടവാങ്ങി പിരിഞ്ഞു. സാമൂതിരിപ്പാട്ടു സന്തോഷാധിക്യംകൊണ്ടുള്ള പ്രസരിപ്പോടെ മട്ടുപ്പാവിൽ അങ്ങുമിങ്ങും ലാത്തി കഴിഞ്ഞകാലങ്ങളെപ്പറ്റി ചിന്തിക്കാൻ തുടങ്ങി. പറഞ്ഞുകേട്ടതും നേരിട്ടനുഭവിച്ചതുമായ പല കാര്യങ്ങളും അദ്ദേഹത്തിന്റെ മനസ്സിലൂടെ കടന്നുപോയി.

വ്യാപാരബന്ധമുറപ്പിക്കാൻ വാസ്കോഡഗാമ വന്നു. വളരെ മുമ്പാണ്. അന്നദ്ദേഹം ജനിച്ചിട്ടില്ല. എങ്കിലും ആ പറങ്കിക്കപ്പിത്താൻ രാജ്യത്തോടും പ്രജകളോടും കാണിച്ച മനുഷ്യോചിതമല്ലാത്ത ക്രൂരതകളുടെ പല കഥകളും അദ്ദേഹത്തിന്നറിയാം. ഒന്നും മറക്കത്തക്കതല്ല. ലോകചരിത്രത്തിൽ അത്രയും ഹീനമായ കൂട്ടക്കൊല വേറെ നടന്നിട്ടുണ്ടാവില്ല. കടലിൽ പതിയിരുന്നു നിർദോഷികളായ ജനങ്ങളെ പിടികൂടുക. കൈകാലുകൾ ഛേദിച്ചും വെള്ളത്തിൽ കെട്ടിത്താഴ്ത്തിയും കൊല്ലുക. അന്നൊരു സാമൂതിരിപ്പാടമ്മാമൻ പൊറുതികേട്ടു സഹിക്കാഞ്ഞു പറങ്കികളുമായി സൗഹാർദ്ദത്തിൽ കഴിഞ്ഞുകൂടിക്കളയാമെന്നാശിച്ചു. അതിനുള്ള വഴികൾ ആരാഞ്ഞു. തലപ്പണ്ണനമ്പൂതിരിയെ സൗഹാർദ്ദസംഭാഷണത്തിന്നു പറങ്കിക്കപ്പലിലേക്കയച്ചു. വല്ലതുമൊരു തീരുമാനമുണ്ടാവുമെന്നാശിച്ചിരുന്നു. എന്നാൽ അദ്ദേഹത്തെ മൃഗീയമായ നിലയിൽ കൊലപ്പെടുത്തി, കൈയും കാലും വെട്ടി, ചെവിയരിഞ്ഞു്, ശവശരീരം ഒരു തോണിയിൽ അടക്കം ചെയ്തു് 'സാമൂതിരിപ്പാടിനു മാംസം വെച്ചു കഴിക്കാൻ' എന്നൊരു കുറിപ്പോടുകൂടി തിരിച്ചയച്ചു. അതു ചെയ്ത വാസ്കോഡഗാമയാണ്. ഇത്രവലിയ കടുംകൈ ചെയ്ത ആൾ ഒരു മനുഷ്യനാണോ എന്നുകൂടി അന്നുള്ളവർ ശങ്കിച്ചു. ശങ്കിച്ചതിൽ തെറ്റില്ല.

അവിടംകൊണ്ടുമാത്രം ആ മൃഗീയതയ്ക്ക് വിരാമമിട്ടോ? ഇല്ല. മംഗലാപുരത്തുനിന്ന് അരിയുമായി വരുന്ന എണ്ണൂറോളം നാവികരെ വളഞ്ഞുപിടിച്ച് എല്ലാവരെയും കൊന്നു കഷ്ണംവെട്ടി, അരിക്കു പകരം തോണികളിൽ നിറച്ച് കോഴിക്കോട്ടു തുറമുഖത്തെത്തിച്ചു. ക്രൂരവും ഭയാനകവുമായ ആ കൊലപാതകത്തിനു നേതൃത്വം കൊടുത്തതും വാസ്കോഡഗാമയായിരുന്നു. സാമൂതിരിരാജവംശത്തിന്റെ തറക്കല്ലിളക്കിയേ തിരിച്ചുപോകൂ എന്ന വാശിയോടെ പറങ്കിപ്പടക്കപ്പലുകൾ കോഴിക്കോട്ടു തുറമുഖത്തടുപ്പിച്ച്, എല്ലാവരും മതികെട്ടുറങ്ങിക്കിടക്കുന്ന പാതിരാവിൽ നഗരത്തിലേക്കു പീരങ്കിവെടി വെപ്പിച്ചു. നിർദ്ദയവും ഹീനവുമായ ആ നടപടി ആസൂത്രണം ചെയ്തതും വാസ്കോഡഗാമതന്നെ.

തീരാത്ത പകയും ശത്രുത്വവും സൃഷ്ടിച്ചുകൊണ്ട് ആ കപ്പിത്താൻ മടങ്ങി. ക്രമപ്രകാരം പിന്നെയും കപ്പിത്താന്മാർ വന്നുകൊണ്ടിരുന്നു. മനുഷ്യോചിതമല്ലാത്ത അക്രമങ്ങൾ കാണിക്കുന്നതിൽ അവരും പിന്നോക്കമായിരുന്നില്ല. അറബിക്കടൽ, വന്യമൃഗസങ്കേതമായ വൻകാടുപോലെ, മീൻപിടുത്തക്കാർക്കുപോലും അപ്രാപ്യമായിത്തീർന്നു. തുറമുഖങ്ങൾ പലതും ഉറങ്ങിക്കിടന്നു. വ്യാപാരമാന്ദ്യംകൊണ്ടു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കു ബലക്ഷയം ബാധിച്ചു. പറങ്കികളുടെ പ്രധാനലക്ഷ്യം സാമൂതിരിരാജവംശത്തിന്റെ പൂർണ്ണനാശമായിരുന്നു.

"മഹാമായേ, ലോകാംബികേ, അവിടുത്തെ കടാക്ഷംകൊണ്ടു ശത്രുക്കളെ ചെറുത്തുനിൽക്കാനും സ്വരൂപത്തിന്റെ മാനം രക്ഷിക്കാനും ഇന്നലെവരെ സാധിച്ചു." കിഴക്കോട്ടു തിരിഞ്ഞു് ശ്രീവളയനാടുകാവിനു നേർക്കു കൈകൂപ്പി നിന്നുകൊണ്ട് സാമൂതിരിപ്പാടു പ്രാർത്ഥിച്ചു:

"ഇന്നാവട്ടെ, അടിയനനുഭവിക്കുന്ന ഈ മനസ്സമാധാനവും ശാന്തിയും എന്നും ഈ സ്വരൂപത്തിന്റെ പേരിൽ രാജ്യം ഭരിക്കുന്നവർക്കു നഷ്ടപ്പെടാതിരിക്കണേ?"

കാൽപ്പെരുമാറ്റം കേട്ടു സാമൂതിരിപ്പാടു തിരിഞ്ഞുനോക്കി;

"ആരാ അവിടെ?

"ഞാനാണ്",

"ആര്? കുഞ്ഞുണ്ണിയോ?" ശബ്ദംകേട്ട് ആളെ തിരിച്ചറിഞ്ഞതു കൊണ്ടാണങ്ങനെ ചോദിച്ചത്.

കുഞ്ഞുണ്ണിത്തമ്പുരാൻ അൽപ്പം മുമ്പോട്ടു നീങ്ങി നിന്നു. കാലാൾപ്പടയുടെ നേതൃത്വം വഹിക്കുന്ന കുഞ്ഞുണ്ണിത്തമ്പുരാൻ പതിനഞ്ചാംകൂറാണ്.

"എന്താ വിശേഷം?"

"തുറമുഖത്തൊരു കപ്പലെത്തീട്ടുണ്ട്"

"ഏതു കപ്പൽ?"

"മംഗലാപുരത്തു പോയ കടൽപ്പടയ്ക്ക് അകമ്പടി സേവിച്ച ഒരു കപ്പൽ."

"അതുവ്വോ?"

"ഉവ്വ്."

“അപ്പോൾ അവരൊക്കെ ഇന്നു രാത്രി തന്നെ തുറമുഖത്ത് എത്തിച്ചേരുമെന്നാണോ? അങ്ങനെയാണെങ്കിൽ അടിയന്തരമായി വിവരമയയ്ക്കണം. വഴിയിൽ എവിടെയെങ്കിലും അല്പം വിശ്രമിച്ച് പ്രഭാതത്തിൽ ഇങ്ങട്ടെത്തിയാൽ മതി. തുറമുഖവും മറ്റും അലങ്കരിച്ചൊരുക്കാൻ നാം കൽപിച്ചിട്ടുണ്ട്.”

“ഇന്ന് രാത്രി അവതരെത്തില്ല. വഴിയിൽ ആപത്തൊന്നും സംഭവിച്ചില്ലെന്ന വിവരം മുൻകൂട്ടി അറിയിക്കാൻ ഒരു കപ്പൽ ധൃതിപ്പെട്ടു പോന്നതാണ്.”

“ആ വിവരം നാം ഉച്ചയ്ക്കുതന്നെ മനസ്സിലാക്കിയല്ലോ. ശരി, ഏതായാലും കുഞ്ഞുണ്ണികൂടി ഒന്നു ചെല്ലൂ; അലങ്കാരങ്ങളൊക്കെ ഭംഗിയാവണം.”

മങ്ങാട്ടച്ചനെ ഭാരമേൽപ്പിച്ച കാര്യത്തിന് മറ്റൊരാളുടെ സഹായം ആവശ്യമില്ലെന്ന് അനുഭവംകൊണ്ട് പലകുറി മനസ്സിലാക്കിയ കുഞ്ഞുണ്ണിത്തമ്പുരാൻ അല്പം ചതുരംഗം കളിച്ചാലെന്തെന്ന വിചാരത്തോടെ അതിനൊരാളെത്തേടിക്കൊണ്ടാണ് പുറത്തിറങ്ങിയത്. സന്ധ്യാവന്ദനത്തിനുള്ള ഒരുക്കത്തോടെ സാമൂതിരിപ്പാടും സ്ഥലംവിട്ടു.

നഗരം മുഴുവനും അന്ന് ഉറങ്ങിയില്ല. ജനങ്ങൾ ഉത്സാഹഭരിതരായി അങ്ങുമിങ്ങോട്ടും ഓടിനടന്നു. തുറമുഖം കൊടികൾകൊണ്ടും തോരണങ്ങൾകൊണ്ടും നിറഞ്ഞു. പൂഴിപ്പരപ്പിൽ പന്തൽപ്പണി നടന്നു. കുറുവാഴ്ചക്കാർക്കും കരപ്രമാണിമാർക്കും പ്രഭുക്കന്മാർക്കും പടത്തലവന്മാർക്കും വിദേശപ്രതിനിധികൾക്കും പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളുണ്ടാക്കി. മഹാരാജാവിന്ന് എഴുന്നള്ളിയിരിക്കാനുള്ള വിശേഷമണ്ഡപം പണിതീർത്തു. പ്രധാന രാജവീഥികൾക്കിരുവശത്തുമുള്ള വ്യാപാരസ്ഥലങ്ങളും വീടുകളും കൊടിക്കൂറകളാലും തോരണങ്ങളാലും മോടിപിടിപ്പിച്ചു. അത്തച്ചമയം പ്രമാണിച്ചുള്ള ആഘോഷങ്ങളിൽ പങ്കെടുക്കാൻ തലസ്ഥാനത്തെത്തിയ പ്രമുഖവ്യക്തികൾക്കെല്ലാം രാത്രിതന്നെ തിട്ടൂരമയച്ചു.

ജോലിത്തിരക്കിൽ നേരം പുലർന്നതു പലരുമറിഞ്ഞില്ല. കോഴിക്കോട്ടൊരു കൊച്ചു ഗന്ധർവ്വനഗരമാണ് പ്രഭാതസൂര്യൻ കണ്ടത്. ബദ്ധപ്പെട്ടു കുളിയും കുറിയും കഴിഞ്ഞു നഗരവാസികളത്രയും തുറമുഖത്തെത്തി. പകൽവെളിച്ചമോ ജനങ്ങളോ ആദ്യം കടപ്പുറത്തു സ്ഥലം പിടിച്ചതെന്നു തിട്ടപ്പെടുത്താൻ വയ്യ. പരസ്പരം തിരിച്ചറിയാനുള്ള വെട്ടം പരന്നപ്പോൾ പൂഴിപ്പരപ്പു മുഴുവനും ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. വ്യാപാരശാലകൾക്കും അതിനപ്പുറത്തുള്ള വൃക്ഷങ്ങൾക്കുമിടയിലൂടെ ചുവപ്പുരശ്മി ചോർന്നു കിടന്നു. കടപ്പുറത്ത് ഇളം ചൂട് പരക്കാൻ തുടങ്ങിയപ്പോൾ പ്രധാന രാജവീഥിയിൽ നിന്ന കൊട്ടും കുഴലും കേട്ടു; തുടർന്നു കതിനവെടിയും പല്ലക്കു ചുമക്കുന്നവരുടെ മൂളലും: “ഹൈം ഹോം ഹൈം ഹോം.”

മഹാരാജാവ് എഴുന്നള്ളുന്നു. പല്ലക്കിനു മുമ്പിലും പിമ്പിലുമായി നാടുവാഴികളും പ്രഭുക്കന്മാരും അകമ്പടിസേവിക്കുന്നു. വടക്കുമ്പുറം-കിഴക്കുമ്പുറം നായന്മാർ പ്രതേക വടിവിലുള്ള തലപ്പാവ് ധരിച്ച് ജനങ്ങളെ ഒതുക്കിനിർത്തി മഹാരാജാവിന്റെ പല്ലക്കിനു വഴിയുണ്ടാക്കുന്നു.

“ഹൈം ഹോം ഹോം ഹൈം ഹോം.” മഹാരാജാവിന്ന് എഴുന്നള്ളിയിരിക്കാനുള്ള മണ്ഡപത്തിനടുത്തേക്കു പല്ലക്കു നീങ്ങുകയാണ്.

ആചാരവെടി ചെവിട്ടടപ്പിച്ചുകൊണ്ടു പിന്നെയും പിന്നെയും മുഴങ്ങി.

വെള്ളപ്പട്ടുടുത്ത് കഴുത്തിൽ വൈരക്കല്ലുകൾ ഇടചേർത്തു കോർത്ത മുത്തുമാലയും കാതിൽ വൈരക്കടുക്കനും കൈത്തണ്ടയിൽ രത്നഖചിതങ്ങളായ വളകളും തലയിൽ തിരുമുടിപ്പട്ടവും ചാർത്തിയ മഹാരാജാവ് പല്ലക്കിൽ നിന്നിറങ്ങി മണ്ഡപത്തിലേക്കു പ്രവേശിച്ചപ്പോൾ ജനങ്ങൾ ഭക്ത്യാദരപുരസ്സരം കൈകൂപ്പി തലതാഴ്ത്തി വന്ദിച്ചു. വെളുത്തു തടിച്ച് ഒരു യോദ്ധാവിനു ചേർന്ന ശരീരവടിവും പ്രഗല്ഭനായ ഭരണാധികാരിക്കു ചേർന്ന മുഖഭാവവുമുള്ള മഹാരാജാവ് അനുകമ്പാർദ്രമായ നോട്ടംകൊണ്ടും സ്നേഹജന്യമായ മന്ദസ്മിതംകൊണ്ടും ജനങ്ങളെ അനുഗ്രഹിച്ചു. നാടുവാഴികളെയും പ്രഭുക്കന്മാരെയും മന്ത്രിമാരെയും പടത്തലവന്മാരെയും വിദേശപ്രതിനിധികളെയും യഥാസ്ഥാനങ്ങളിലിരിക്കാൻ കൈമുദ്രകൊണ്ടു കൽപ്പിച്ച് അദ്ദേഹം ഇരുന്നു.

പാറ നമ്പി, ഏറനാട്ടു മേനോൻ, തലച്ചെന്നോർ, നെടുങ്ങനാട്ടു പടനായർ, കിഴക്കുംനാട്ടു നമ്പിടി, കരക്കാട്ടു മൂത്തവൻ, വീട്ടിക്കോട്ടുനായർ, തൃക്കടീരി നായർ, എടക്കുളത്തവൻ, പാലക്കാട്ടവൻ എന്നീ പ്രമുഖന്മാർ മഹാരാജാവിനെ വന്ദിച്ച് അവരവരുടെ സ്ഥാനങ്ങളിലിരുന്നു.

മംഗലാപുരത്തുനിന്നു തിരിച്ചെത്തുന്ന കപ്പൽസമൂഹത്തെ കടലിൽവെച്ചു സ്വീകരിക്കാൻ പത്തേമ്മാരികളും തോണികളും ചെറുകപ്പലുകളും തുറമുഖത്ത് അലങ്കരിച്ചൊരുക്കിനിർത്തീട്ടുണ്ട്. മഹാരാജാവിന്റെ മണ്ഡപത്തിനടുത്ത്, അപ്പപ്പോൾ വല്ല നിർദ്ദേശവുമുണ്ടെങ്കിൽ അതു കേൾക്കാനും ഉടനടി വേണ്ടതു പ്രവർത്തിക്കാനും ഒരുങ്ങിക്കൊണ്ടു നിൽക്കുകയാണ് മങ്ങാട്ടച്ചൻ.

സൂര്യൻ ഉദിച്ചുയർന്നു. കടപ്പുറത്ത് വെയിൽ പരന്നു. വടക്കു നിന്നു കപ്പൽസമൂഹം വരുന്നതിന്റെ ലക്ഷണമൊന്നും കണ്ടില്ല. മഹാരാജാവു മങ്ങാട്ടച്ചനെ കൈയാംഗ്യംകൊണ്ട് അടുത്തേക്കു വിളിച്ചു ചോദിച്ചു:

“അവരിനിയും വന്നില്ലല്ലോ.”

“റാൻ! പത്തുനാഴിക വെളിപ്പിനുതന്നെ എത്തിച്ചേരേണ്ടതാണ്. താമസിക്കില്ല.”

“ജനങ്ങൾ ഇരുന്ന് മുഷിയുന്നല്ലോ.”

“കൽപ്പിച്ചാൽ അടിയനതിനു പരിഹാരമുണ്ടാക്കാം.”

“എന്തു പരിഹാരം?”

“അത്തച്ചമയം പ്രമാണിച്ചു കിഴക്കൻ മലകളിൽ നിന്നു വേടരും പണിയരും മറ്റും അവരവരുടെ കുലാചാരപ്രകാരമുള്ള ആട്ടവും പാട്ടും തിരുമുമ്പിൽ കാണിക്കാൻ പതിവുപോലെ എത്തിച്ചേർന്നിട്ടുണ്ട്.”

“അതുകൊണ്ടെന്താ?”

“തിരുവുള്ളക്കേടു തോന്നില്ലെങ്കിൽ നേരമ്പോക്കിനുള്ള വഴിയുണ്ടാക്കാം. എല്ലാവരോടും ഇവിടെ എത്തിച്ചേരാൻ അടിയൻ പറഞ്ഞിട്ടുണ്ടു്.”

“ഭേഷ്, അതു നന്നായി. അപ്പോൾ ഇങ്ങനെ താമസിക്കുമെന്നു മങ്ങാടൻ കാലെക്കൂട്ടി ധരിച്ചുവെച്ചിട്ടുണ്ടായിരുന്നോ?”

“അടിയനങ്ങനെ ധരിച്ചിട്ടില്ല. കാറ്റു പ്രതികൂലമായാൽ അമാന്തം പറ്റുമെന്നു ശങ്കിച്ചു.”

“ശരി. കാറ്റു നമുക്കനുകൂലമാവാൻ തുടങ്ങിയില്ലേ?”

“ജഗദംബികയുടെ കടാക്ഷംകൊണ്ടങ്ങനെയാണു്.”

“എന്നാൽ ഇനി താമസിയാതെ തുടങ്ങിക്കൊള്ളൂ. ഈ മഹാഭാഗ്യം കൊണ്ടുള്ള സന്തോഷമനുഭവിക്കുമ്പോൾ അൽപ്പം വിനോദവുമാവാം.”

ആദ്യം കിഴക്കുമ്പുറം-വടക്കുമ്പുറം നായന്മാരുടെ സൈനികാഭ്യാസപ്രകടനമാണു് നടന്നതു്. ഇരുന്നും നിന്നും ഓടിയും മലക്കം മറിഞ്ഞും തലയ്ക്കു മുകളിലൂടെ പറന്നും വാൾ വീശിയ കിഴക്കുമ്പറം നായന്മാർ ജനങ്ങളെ അമ്പരപ്പിച്ചു. വടക്കുമ്പറം നായന്മാർ കുന്തപ്രയോഗത്തിൽ മിടുക്കുള്ളവരാണു്. വേഗംകൊണ്ടും കൈമിടുക്കുകൊണ്ടും ജനങ്ങളുടെ അഭിനന്ദനം വാങ്ങാൻ അവർക്കൊരു പ്രയാസവുമുണ്ടായില്ല. കുത്തിയും തടുത്തും ഒഴിഞ്ഞുമാറിയും വീറോടെ കയറിയും മിന്നൽവേഗത്തിൽ അഭ്യാസമുറ കാണിച്ച ആ നായർ പടയാളികൾ തന്റെ സ്വരൂപത്തിന്റെ മാനം കാക്കാൻ പോന്നവരാണെന്നു് മഹാരാജാവിനു തികച്ചും ബോധ്യമായി.

മണ്ണിന്റെ നിറവും വട്ടമുഖവും കഴുത്തുവരെ നീട്ടിവളർത്തിയ ചുരുണ്ടു ചെമ്പിച്ച തലമുടിയുള്ള ഏലമലയുടെ മക്കളായ കാട്ടുജാതിക്കാർ മരത്തോലുകൊണ്ടുള്ള ഉടുപ്പും പുലിത്തോലുകൊണ്ടുള്ള മാർച്ചട്ടയും ധരിച്ചു് അമ്പും വില്ലുമേന്തി രംഗത്തെത്തിയപ്പോൾ പ്രേക്ഷകരുടെ കണ്ണുകൾ പുതുമകൊണ്ടു വിടർന്നു. മനുഷ്യവർഗ്ഗത്തിലേയ്ക്കു് തികച്ചും അംഗീകാരം കിട്ടിക്കഴിയാത്ത ആ വിചിത്രജീവികളെ കാണുന്നതുതന്നെ അവർക്കൊരു വിനോദമായിരുന്നു.

നായാട്ടു പ്രദർശനമാണു് അവരുടെ വിനോദം. കാടിളക്കി കടുവയെയും കാട്ടാനയെയും വിറളിപിടിച്ചോടിച്ചു് കൂർത്തുമൂർത്ത ശരനിരകൊണ്ടു് അവയെ കൊന്നൊടുക്കുകയാണു് അവരുടെ സാമൂഹ്യ വിനോദം. അതു് അവരൊരു കലാപ്രകടനമാക്കിയും കൊണ്ടുനടക്കുന്നു.

പല പ്രായത്തിലും ശരീരപ്രകൃതിയിലുമുള്ള പത്തിരുപതു പേർ പ്രദർശനരംഗത്തേക്കുവന്നു. അവർ തോളോടുതോൾ പിടിച്ചുനിന്നൊരു വൃത്തമുണ്ടാക്കി. ആ വൃത്തത്തിനു പുറത്തു് ഒറ്റതിരിഞ്ഞു് ഒരാൾ നിന്നു. കുലയേറ്റിയ വില്ലിൽ അമ്പുതൊടുത്തു ദൂരത്തെവിടെയോ ലക്ഷ്യംവെച്ചു് കൊണ്ടു് അയാൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:

“നാലുപുറവുമുറച്ചുനില്ലോ.” അങ്ങനെ മൂന്നു പ്രാവശ്യം വിളിച്ചു പറയുമ്പോൾ ഒടുവിലത്തെ വിളിക്കു് കൂടി നിന്നവർ ഒന്നിച്ചു കൂവും.

“കുക്കു! അതു നായാട്ടുവിളിയും കൂക്കിയുമാണു്.”

പിന്നെയും അയാൾ വിളിച്ചുപറയും.

“വായ്പിടിയൻ വീണ ദിക്കറിയോ...”

കൂട്ടുകാർ മൂന്നാമത്തെ തവണ വിളിക്കുമ്പോൾ ഉച്ചത്തിൽ കൂവും.

നായാട്ടുവിളി കഴിഞ്ഞാൽ മൃഗങ്ങൾ അമ്പരന്നോടാൻ തുടങ്ങും. അപ്പോൾ കൂവാൻ നിന്നവരും വില്ലുകുലയ്ക്കും. അമ്പു തൊടുക്കും, ലക്ഷ്യം കുറിക്കും. പിന്നെ മുറയ്ക്കുള്ള നായാട്ടാണ്. അവരുടെ ചൊടിയും ചുണയും അഭിനയചാതുര്യവും കണ്ടാൽ തങ്ങൾക്കുചുറ്റും ഇളകിയോടുന്ന കടുവകളും കാട്ടാനകളുമുണ്ടെന്ന പ്രതീതി പ്രേക്ഷകരിൽ ജനിക്കും.

പിന്നെയും പ്രദർശനങ്ങൾ പലതും നടന്നു. സൂര്യൻ തലയ്ക്കു മുകളിലെത്താറായി. കടപ്പുറത്തെ മണൽ ചുട്ടുപഴുത്തു. തുറമുഖത്തു കപ്പലിലിരിക്കുന്നവർക്കു വടക്കോട്ടു നോക്കി മടുത്തു. കപ്പൽ സമൂഹം കൺവെട്ടത്തെങ്ങുമില്ല. എന്തു പറ്റി? വടക്കുനിന്ന് ഏതാനും മീൻപിടുത്തക്കാരുടെ വള്ളങ്ങൾ ബദ്ധപ്പെട്ടു വരുന്നത് കണ്ടു. സംഗതിയെന്താണ്?

സംഗതി നിരാശാജനകമായിരുന്നു. പതിവുപോലെ അന്നു കാലത്തും അവർ മീൻ പിടിക്കാൻ കടലിലിറങ്ങി. വള്ളം വടക്കോട്ടു പോകുംതോറും അവ്യക്തമായ ചില മുഴക്കങ്ങൾ അവർ കേട്ടു. എന്തെന്നു മനസ്സിലായില്ല. അല്പംകൂടി വടക്കോട്ടു മാറി അന്വേഷിക്കാമെന്ന് അവർ നിശ്ചയിച്ചു. അങ്ങനെ ചെന്നപ്പോഴാണ് ആ ഭയങ്കര സംഭവത്തിന് അവർ സാക്ഷ്യം വഹിക്കേണ്ടിവന്നത്. വെള്ള്യാൻകല്ലും പരിസരവും പീരങ്കിപ്പുക കൊണ്ടു മൂടിനിൽക്കുന്നു. രണ്ടു വിഭാഗത്തിൽപെട്ട് കപ്പലുകൾ പരസ്പരം വെടിവെക്കുന്നു. ഇരുണ്ട രാവുകളിലും മഞ്ഞുമൂടിയ പ്രഭാതത്തിലും വെള്ള്യാൻകല്ലിന്റെ മറവിലൊളിഞ്ഞു പറങ്കിക്കപ്പൽ വ്യാപാരികളെ വേട്ടയാടാറുണ്ട്. അതുപോലൊരു സംഭവമാണെന്നു മനസ്സിലാക്കി കോഴിക്കോട്ടു വിവരമെത്തിക്കാൻ ധൃതിപ്പെട്ട് അവർ തിരിച്ചുപോന്നു.

സംശയിക്കാനില്ല. മംഗലാപുരത്തുനിന്നു തിരിച്ചുവരുന്ന കപ്പൽസമൂഹമാണ് വിപത്തിനിരയായത്. ജനങ്ങൾ അമ്പരന്നു. നാടുവാഴികളും പ്രഭുക്കന്മാരും പടത്തലവന്മാരും വിവരംകേട്ടു വിളറി. മങ്ങാട്ടച്ചൻ ഒന്നും പറയാതെ, മഹാരാജാവിന്റെ മുഖത്തു നോക്കാൻ ധൈര്യമില്ലാതെ, തലയും താഴ്ത്തിനിന്നു. വിവരം തിരുമനസ്സുണർത്തിക്കാൻ ആർക്കും ധൈര്യമുണ്ടായില്ല. ആ ദുർവ്വഹമായ ചുമതല ‘നന്ദാവനത്തിൽ നമ്പി’ക്കുതന്നെ ഏൽക്കേണ്ടിവന്നു.

മഹാരാജാവ് ഇടി തട്ടിയപോലെ തെല്ലിട നിശ്ചലനായിരുന്നു. പിന്നീട് ആരോടും ഒന്നും പറയാതെ എഴുന്നേറ്റു. പരിചാരകന്മാർക്കു കാര്യം മനസ്സിലായി. മണ്ഡപത്തിൽനിന്നിറങ്ങുമ്പോൾ മങ്ങാട്ടച്ചനെ കണ്ടു. ഒരു നെടുവീർപ്പോടെ അദ്ദേഹം പറഞ്ഞു: “കാറ്റു നമുക്കു പ്രതികൂലമാണ്, അല്ലേ?”

മങ്ങാട്ടച്ചൻ ഉത്തരമൊന്നും പറഞ്ഞില്ല. ദുഃഖംകൊണ്ടും അപമാനംകൊണ്ടും ആ വീരകേസരിയുടെ തല പിന്നെയും കുനിയുകയാണുണ്ടായത്.

മഹാരാജാവിന്റെ പല്ലക്കു കടന്നുപോയി. ജനങ്ങൾ കൂട്ടം പിരിഞ്ഞു. മന്ത്രിമാർ അവിടെത്തന്നെ യോഗം ചേർന്നു കൂടിയാലോചന നടത്തി.

വേണ്ടത്ര കപ്പലുകൾ തുറമുഖത്തില്ലാത്തതുകൊണ്ടു് സഹായമെത്തിച്ചു കൊടുക്കാൻ സൗകര്യമില്ല. വ്യാപാരാർത്ഥം കപ്പലുകൾ പല വഴിക്കും അയച്ച സമയമാണു്. അതുകൊണ്ടു യുദ്ധഗതി അകന്നുനിന്നു വീക്ഷിക്കാനും അപ്പപ്പോൾ വിവരം കോഴിക്കോട്ടെത്തിക്കാനും വള്ളക്കാരെ ഏർപ്പാടുചെയ്താണു് മന്ത്രിമാർ പിരിഞ്ഞതു്.

മങ്ങാട്ടച്ചൻ തുറമുഖവുമായി നിരന്തരസമ്പർക്കം പുലർത്തി. വ്യക്തമായ വിവരങ്ങൾ കിട്ടാൻ വലിയ പ്രയാസം. സന്ധ്യവരെ കാത്തു. "യുദ്ധം തുടരുകയാണു്. ജയാപജയങ്ങൾ തീരുമാനിക്കാൻ സമയമായിട്ടില്ല." ഒടുവിൽ വന്നുചേർന്ന സന്ദേശം അതായിരുന്നു.

രാത്രിയായപ്പോൾ തുറമുഖത്തുള്ള ചെറിയ കപ്പലുകൾക്കു് വേണ്ടത്ര വെടിക്കോപ്പു കരുതി യുദ്ധരംഗത്തേക്കു നീങ്ങാനുള്ള നിർദേശം നൽകി. യുദ്ധം ചെയ്തു തളരുമ്പോൾ എത്ര ലഘുവായ സഹായവും ആശ്വാസപ്രദമായിരിക്കും.

കപ്പലുകൾ പുറപ്പെട്ടു. കാറ്റിന്റെ അനിശ്ചിതാവസ്ഥ യാത്ര ക്ലേശകരമാക്കി. പാതിരാവിനടുത്തേ അവർക്കു വെള്ള്യാൻകല്ലിനെ സമീപിക്കാൻ കഴിഞ്ഞുള്ളൂ. വളരെ വൈകിപ്പോയി. എതിർപ്പോ സഹായമോ അവിടെ ആർക്കും ആവശ്യമുണ്ടായിരുന്നില്ല. മലർന്നും കമിഴ്ന്നും ഓളത്തട്ടിലിളകുന്ന നൂറുകണക്കിൽ ശവശരീരങ്ങൾ കപ്പലുകൾ അടുക്കുമ്പോൾ, പ്രതിഷേധിച്ചിട്ടെന്നപോലെ, അകന്നു മാറിത്തുടങ്ങി. അതു കടലല്ല; ലക്ഷണമൊത്തൊരു ചുടലക്കളമായിരുന്നു. കൂരിരുട്ടും പേടിപ്പെടുത്തുന്ന നിശ്ശബ്ദതയും പൊതിഞ്ഞുനിൽക്കുന്ന ആ പരിസരത്തിൽ കത്തിക്കരിഞ്ഞ കപ്പലുകളുടെ അവശിഷ്ടങ്ങളും ഉടഞ്ഞുതകർന്ന പത്തേമാരികളും വള്ളങ്ങളും കോഴിക്കോടിന്റെ കനത്ത നഷ്ടം പ്രഖ്യാപിച്ചുകൊണ്ടു് അവിടവിടെ കാണപ്പെട്ടു. എല്ലാം നടുക്കത്തോടെ, നെഞ്ചിടിപ്പോടെ, മാത്രമേ നോക്കാൻ കഴിഞ്ഞുള്ളൂ.

പറങ്കികളെവിടെ?

വെള്ള്യാൻകല്ലിൽ വിജയാഘോഷം അതിന്റെ മൂർദ്ധന്യദശയിലെത്തിയപ്പോൾ, എല്ലാം പെട്ടെന്നവസാനിപ്പിക്കാൻ പറങ്കിപ്പടനായകൻ കൽപന കൊടുത്തു. കപ്പലിലെ വെളിച്ചം മുഴുവനണച്ചു. തടവുകാരെ തണ്ടുവലിസ്ഥലത്തു ചങ്ങലയിലുറപ്പിച്ചു. ചാട്ടയും കൈയിലേന്തി ഓരോ പറങ്കിപ്പട്ടാളക്കാരൻ തണ്ടുവലിക്കാർക്കു കാവൽനിന്നു.

ഒരുങ്ങിനിൽക്കുന്ന കപ്പലുകൾക്കും വള്ളങ്ങൾക്കും യാത്രയാരംഭിക്കാനുള്ള അവസാനനിർദ്ദേശം കിട്ടി. ചാട്ടകൾ തുടരെത്തുടരെ ശബ്ദിച്ചു. തടവുകാരുടെ പുറത്തു ചുവപ്പും നീലയും കലർന്ന പാടുകൾ വീണു. തണ്ടുകൾ കടൽവെള്ളത്തെ ഇളക്കിമറിച്ചു. മിന്നൽവേഗത്തിൽ സഞ്ചരിക്കണമെന്നാണു് കല്പന. ഇടത്തും വലത്തും മുമ്പിലും പിമ്പിലും ചാട്ടകൾ മാറി മാറി ചലിച്ചു. കപ്പലിന്റെ വേഗം കൂടിയപ്പോൾ

തടവുകാരുടെ പുറംനീറി ചോര കുത്തിയൊലിച്ച് ഇരിപ്പിടത്തെ നനച്ചു. വേദനയുടെ ഞരക്കങ്ങൾ, ഹിംസയുടെ പൊട്ടിച്ചിരി-രണ്ടും കേൾക്കാൻ വയ്യാത്തവിധം കൂരിരുട്ടിലൂടെ കപ്പലുകൾ കുതിച്ചു.

പൊക്കനും കൂട്ടുകാരും കൊടിക്കപ്പലിൽ ഇരുണ്ട ഒരു മുറിക്കകത്താണ്. എത്രപേരെ അതിലുൾക്കൊള്ളിക്കാമെന്നു കണക്കെടുക്കാതെ എല്ലാവരെയും ഒന്നിച്ചതിൽ തള്ളി വാതിൽപൂട്ടി. കഷ്ടിച്ചു നാലുപേർക്കു കഴിച്ചുകൂട്ടാവുന്ന ഒരു മുറിയിൽ അവർ പത്തുപേരുണ്ട്. ഇരിക്കാനും കിടക്കാനും ഇടമില്ല. നിൽക്കണം. കൂരിരുട്ടിൽ എന്തൊക്കെയോ തടയുന്നു. വലിയപെട്ടികളുണ്ട്. ഇരുമ്പുദണ്ഡുകളും മരക്കഷ്ണങ്ങളുമുണ്ട്.

അന്നു പകൽ മുഴുവൻ ആഹാരം കിട്ടീട്ടില്ല. യജമാനന്മാർക്ക് യുദ്ധത്തിന്റെ തിരക്കായിരുന്നു. അതു കഴിഞ്ഞു വിജയാഘോഷമാരംഭിച്ചപ്പോഴും തടവുകാരെ മറന്നു. ചീറിപ്പായുന്ന വെടിയുണ്ടകൾക്കും, അസ്ത്രങ്ങൾക്കുമിടയിൽ, പ്രാണരക്ഷയ്ക്കുള്ള പഴുതന്വേഷിക്കുന്ന തിരക്കിൽ, വിശപ്പിന്റെ കാര്യം മറന്നു. മാത്രമല്ല, കലശലായ ഉത്കണ്ഠയുമുണ്ടായിരുന്നു. വീർപ്പടക്കിപ്പിടിച്ചാണ് യുദ്ധം കണ്ടത്. ആരു ജയിക്കും, ആരു തോൽക്കുമെന്ന വിചാരം മനസ്സിനെ അലട്ടി. കോഴിക്കോടു പരാജയപ്പെട്ടാൽ തങ്ങൾക്കു മരണമോ ശാശ്വതമായ അടിമത്തമോ തീർച്ചപ്പെട്ടതുതന്നെ. ഇല്ല; കോഴിക്കോടു പരാജയപ്പെടില്ല. നോക്കി നോക്കി നിൽക്കുമ്പോൾ പ്രതീക്ഷകൾ തകർന്നു. പിന്നെ, ആ വേദനയായി. വിശപ്പിനെപ്പറ്റി ചിന്തിക്കാൻ ഇടകിട്ടിയില്ല. എല്ലാം കഴിഞ്ഞ് എന്തിനുവേണ്ടി എങ്ങോട്ടെന്നറിയാതെ എല്ലാവരെയും കൊണ്ടുപോകുന്നു. ചങ്ങലയ്ക്കിട്ടു മുറികളിലടച്ചു പൂട്ടിയിരിക്കുന്നു. രക്ഷപ്പെടാനുള്ള മാർഗവുമില്ല.

പരസ്പരം ആരും ഒന്നും മിണ്ടിയില്ല. ദാഹംകൊണ്ട് തൊണ്ടവരളുകയാണ്. കാലത്തെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. അനന്തമായ ഇരുട്ട്. ചിലപ്പോൾ പെട്ടികൾ ഉരുണ്ടുവീഴും. വല്ലവരുടെയും ദേഹത്തിലതു തട്ടുമ്പോൾ വേദനകൊണ്ടുള്ള ഞരക്കം കേൾക്കാം. അത്രമാത്രം. ഉറക്കമോ ബോധക്കേടോ മരണമോ ഒന്നനുഗ്രഹിക്കാനെത്തിയാൽ വേണ്ടില്ലെന്ന് എല്ലാവരും ആശിച്ചു. ക്രമേണ സ്ഥലകാലങ്ങളെ സംബന്ധിച്ച ബോധം കുറഞ്ഞുകുറഞ്ഞുവന്നു. കപ്പൽത്തട്ടിലെ ഇരുണ്ടൊരറയിലാണ് ചടഞ്ഞുകൂടിയതെന്ന പരമാർത്ഥംപോലും അകന്നകന്നില്ലാതായി.

ഒരിക്കൽ കുറച്ചു വെളിച്ചം ആ ഇരുട്ടിലേക്കു കടന്നുവന്നു. ദിവസങ്ങളോ മാസങ്ങളോ വർഷങ്ങളോ കഴിഞ്ഞിരിക്കാം. ദൈവത്തിന്നു നന്ദി. ദാഹംകൊണ്ടും വിശപ്പുകൊണ്ടും തളർന്നവശരായ തടവുകാർ തലപൊക്കിനോക്കി. വാതിൽ തുറന്നതാണ്. ഭാഗ്യം വല്ലതും കിട്ടും. വിശപ്പും ദാഹവും തീർക്കാം. ആർത്തിപിടിച്ച നോട്ടം വാതിലിലേക്കു തിരിഞ്ഞു.

പുറത്തുനിന്നാരോ അപ്പക്കഷ്ണങ്ങൾവാരി അകത്തേക്കെറിഞ്ഞു. ഉണങ്ങിയ അപ്പക്കഷണങ്ങൾ. തടവുകാരുടെ കൈകൾ തറയിലൂടെ ഇഴയാൻ തുടങ്ങി.

ചങ്ങല കിലുങ്ങി. വഴിക്കുവഴി വന്നുവിഴുന്ന അപ്പക്കഷ്ണങ്ങൾ തനിക്കു തനിക്കു കൂടുതൽ കിട്ടണമെന്ന അത്യാർത്തിയോടെ എല്ലാവരും വാശിപിടിച്ചു. ഉന്തുംതള്ളും പിടിയും വലിയുമായി. കഠിനശത്രുക്കളുടെ നിലയിൽ എല്ലാവരും പെരുമാറി. ഏതാനും അപ്പക്കഷ്ണങ്ങൾ അകത്തേക്കെറിഞ്ഞുകഴിഞ്ഞപ്പോൾ വാതിലടഞ്ഞു. പിന്നെയും ഭയങ്കരമായ ഇരുട്ടു്.

ഇരുട്ടിൽ അപ്പക്കഷ്ണത്തിനുവേണ്ടിയുള്ള യുദ്ധം നടക്കുകയാണ്. അടിക്കാനും ഇടിക്കാനും ആരും മടിച്ചില്ല. കൈകളെ വേണ്ടപോലെ പ്രയോഗിക്കാൻ തരപ്പെടില്ലെന്നു കാണുമ്പോൾ എതിരാളിയെ നിർദ്ദാക്ഷിണ്യം കടിച്ചു പറിക്കാനും ചിലരൊരുങ്ങി. ഭയങ്കരമായി ശകാരിച്ചു. ഒരു മഹായുദ്ധത്തിനുശേഷം കൈപ്പിടിയിലൊതുങ്ങിയ അപ്പക്കഷ്ണവും ചവച്ചുകൊണ്ടു് എല്ലാവരും അനങ്ങാതെ നിന്നു.

ഉണങ്ങിയ അപ്പക്കഷ്ണം വരണ്ട തൊണ്ടയിലൂടെ ഇറങ്ങാൻ തുടങ്ങിയപ്പോൾ ദാഹം വർദ്ധിച്ചു. വെള്ളം കിട്ടിയില്ലെങ്കിൽ മരിക്കുമെന്ന നിലയായി. ആർത്തു വിളിച്ചു. ബഹളംകൂട്ടി. എല്ലാവരും ഒന്നിച്ചു വാതിലിന്നിടിച്ചു ശബ്ദമുണ്ടാക്കി.

“വെള്ളം, വെള്ളം”

മറുകരകാണാത്ത മഹാസമുദ്രത്തിലൂടെ യാത്രചെയ്യുകയാണ്. ശ്രദ്ധിച്ചാൽ തണ്ടുകൾ തട്ടി ഇളകുന്ന വെള്ളത്തിന്റെ ശബ്ദം കേൾക്കാം. ചിലർ നിലത്തുകിടന്നു. തറയിൽ ചെവിയമർത്തിവെച്ചു. വെള്ളത്തിന്റെ ശബ്ദം കേട്ടു. ദാഹം കെടുക്കാൻ ശ്രമിച്ചു. നെഞ്ചുമുഴുവനും നീറിപ്പൊടിയുകയാണ്. വാതിൽ പൊളിച്ചെങ്കിലും വെള്ളം കുടിക്കണമെന്ന തീരുമാനത്തോടെ പിന്നെയും വാതിലിന്നിടിതുടങ്ങി.

“വെള്ളം, വെള്ളം!”

വാതിൽ തുറന്നു. ബഹളംകൊണ്ടു വിയർത്തൊലിച്ചു തളർന്ന തടവുകാർ എല്ലാവരും ഒന്നിച്ചു പുറത്തേക്കു നോക്കി. യമഭടന്മാരെപ്പോലെ രണ്ടു പറങ്കിപ്പട്ടാളക്കാർ പുറത്തുനിൽക്കുന്നു. കൈയിൽ ചാട്ടയുണ്ടു്. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കാതെ തടവുകാർ ഉച്ചത്തിൽ പിന്നെയും വിളിച്ചുപറഞ്ഞു: “വെള്ളം, വെള്ളം!”

പട്ടാളക്കാർ മുമ്പോട്ടു നീങ്ങി. അകത്തു കടന്നു. ചാട്ടകൾ ആകാശത്തിലേക്കുയർന്നു. ഭയങ്കര ശബ്ദത്തോടെ പാമ്പുകളെപ്പോലെ തടവുകാരുടെ ശരീരത്തിലതു മാറിമാറിപ്പുളഞ്ഞു. കിട്ടാവുന്നത്ര തൊലിമാംസത്തോടുകൂടി പിടിച്ചു പറിച്ചെടുത്തു. തടവുകാർ ബോധം കെട്ടു വീഴുന്നതുവരെ അവർ തല്ലി. ശരീരം മുഴുവൻ പൊട്ടിയും രക്തമൊലിച്ചും അവർ തറയിൽ വീണുകിടന്നു. കലശലായ ദാഹമുണ്ടെങ്കിൽ അതു ശമിക്കാൻമാത്രം അവർക്കിപ്പോൾ സ്വന്തം രക്തംതന്നെ കുടിക്കാം. അതുകുടിച്ചു ദാഹം തീർക്കട്ടെ എന്നൊരു ഭാവം ആ പട്ടാളക്കാരുടെ മുഖത്തുണ്ടായിരുന്നു. അകംമുഴുവൻ ഇരുട്ടാക്കിക്കൊണ്ടു വാതിൽ പിന്നെയും അടഞ്ഞു.

കപ്പൽസമൂഹം ഗോവയിലേക്കു തിരക്കുപിടിച്ചു കടൽവെള്ളത്തിലൂടെ നീന്തുകയാണ്.

— 10 —

# പത്ത്

"ട്രോങ്കോ!"

ആ കെട്ടിടത്തിന്റെ പേരു കേട്ടാൽ ചെകുത്താനും വിറയ്ക്കും. നരകത്തിന്റെ പര്യായമാണത്. ക്രൂരവും പൈശാചികവുമായ മർദ്ദനങ്ങളേറ്റ പല തടവുകാരും അതിൽ കിടന്നു മരിച്ചിട്ടുണ്ട്. കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്തിട്ടുണ്ട്. പറങ്കികളുടെ തലസ്ഥാനമായ ഗോവയിൽ, തടവുകാരെ പാർപ്പിക്കാൻ ഉപയോഗിക്കുന്ന കുപ്രസിദ്ധമായ കെട്ടിടത്തിന്റെ പേരാണ്, "ട്രോങ്കോ!"

ആറുംതോറും പുതിയ മനുഷ്യരക്തംകൊണ്ട് അതിന്റെ ഭിത്തികളിൽ ചായപ്പണി നടക്കുന്നു. തറ കണ്ണീരുകൊണ്ടു സദാ ഈർപ്പം കലർന്നതാണ്. വേനൽക്കാലത്ത് കൊതുകും മൂട്ടയും മഴക്കാലത്ത് അട്ടയും പുഴുവും തടവുകാരുടെ രക്തത്തിൽ പങ്കുവഹിക്കാനെത്തിച്ചേരുന്നു. ട്രോങ്കോ നാഴികയ്ക്കു യുഗത്തിന്റെ വലിപ്പവും ജീവിതത്തിനു മരണത്തിന്റെ വേദനയും സമ്മാനിക്കുന്നു.

സ്ഥാനമാനങ്ങളും പദവിയും നൽകി, പോർച്ചുഗലിൽ നിന്നു ഭാരതത്തിലേക്കയയ്ക്കുന്ന വൈസ്രോയിമാരുടെ രാജധാനി ഗോവയിലാണ്. തുറമുഖത്തുനിന്നു നോക്കിയാൽ ആ മനോഹരസൗധം കാണാം. വൈസ്രോയിമന്ദിരത്തിനു തൊട്ടാണ് ആയുധശാലയും വെടിമരുന്നു പുരയും. രണ്ടിനുമിടയിൽ "ട്രോങ്കോ", വിശന്ന സിംഹത്തെപ്പോലെ, തലയും താഴ്ത്തി കാത്തിരിക്കുന്നു.

യുദ്ധത്തിൽ പിടിക്കുന്ന തടവുകാർ രാജാവിന്റെ സ്വത്താണ്. ആരംഭംമുതൽക്കേ അങ്ങനെ വ്യവസ്ഥയുണ്ടായിരുന്നു. പിടിക്കുന്ന തടവുകാരുടെ എണ്ണത്തിനനുസരിച്ചു പട്ടാളക്കാർക്കു പ്രതിഫലമുണ്ട്; ഉദ്യോഗക്കയറ്റവും! ക്രമേണ ആ വ്യവസ്ഥ അനാകർഷകമായിത്തീർന്നു. പട്ടാളക്കാർക്കും ഉയർന്ന ഉദ്യോഗസ്ഥന്മാർക്കും പ്രതിഫലം പോരെന്നൊരു തോന്നൽ. ഉയർന്ന മണ്ഡലത്തിൽ ഇരിക്കുന്നവർ രഹസ്യമായി കൂടിയാലോചിച്ചു. രാജാവറിയാതെ, നിയമം ലംഘിക്കാൻ അവർ തീരുമാനിച്ചു. തടവുകാരെ ലേലം ചെയ്തു വിൽക്കുക. കച്ചവടക്കാർക്കും കപ്പലുടമകൾ

ക്കും പ്രഭുക്കന്മാർക്കും അടിമകളെ വേണ്ടി വരും. അവർക്കിടയിൽ മത്സരം സൃഷ്ടിക്കാൻ കഴിഞ്ഞാൽ വലിയ വരുമാനം തരപ്പെടും. ആവശ്യക്കാർക്കിടയിലുള്ള മത്സരം ചരക്കിനു വിലകൂട്ടുമല്ലോ. അങ്ങനെ ആ ഗൂഢാലോചന ശക്തിപ്പെട്ടു. രാജാവിന്റെ അറിവോ അനുമതിയോ കൂടാതെ, ഗോവയിൽ ഒരു അടിമച്ചന്ത സ്ഥാപിക്കാൻ അതു വഴിതെളിയിച്ചു.

അടിമച്ചന്ത നിലവിൽവരുന്നതിനുമുമ്പ് തടവുകാരുടെ ദുരിതാനുഭവങ്ങൾ കടുത്തതായിരുന്നു. കപ്പലിൽ തണ്ടു വലിക്കാൻ പറ്റുന്നവരെ അതിനുപയോഗിക്കും. അല്ലാത്തവരെ എന്നും തടവിലടയ്ക്കും. കാരണം കൂടാതെ മർദ്ദിക്കും. മതംമാറ്റത്തിനു പ്രേരിപ്പിക്കും. വഴങ്ങാത്തവരെ പിന്നെയും മർദ്ദിക്കും.

പട്ടാളക്കാരുടെ ചാട്ടവാറടികൊണ്ടു കണ്ണു രണ്ടും പൊട്ടിപ്പോയ ഒരു തടവുകാരൻ ദീർഘകാലമായി ട്രോങ്കോവിലെ അന്തേവാസിയാണ്. കണ്ണില്ലാത്തതുകൊണ്ടു ജോലിക്കു പറ്റില്ല. ആത്മഹത്യചെയ്യുന്നുമില്ല. അയാൾ അധികൃതന്മാർക്കു പുതിയൊരു പ്രശ്നം സൃഷ്ടിച്ചു. എന്തു ചെയ്യണം? വെറുതെ ഭക്ഷണം കൊടുത്തു പോറ്റുന്നതു നഷ്ടമാണ്. ലേലം ചെയ്താൽ എടുക്കാൻ ആളുണ്ടാവില്ല. ഒടുവിൽ തുറന്നുവിടാൻ തീരുമാനിച്ചു. കുരുടനല്ലേ. ഒരു കുഴപ്പവും വരില്ല. നഗരത്തിൽ അങ്ങുമിങ്ങും തെണ്ടിത്തിരിയും. എന്നെങ്കിലും ഒരു ദിവസം കവലയിൽ എവിടെയെങ്കിലും വീണു ചാവും. പോട്ടെ. മാരണം! അധികൃതന്മാർ ആ കുരുടനെ തുറന്നിറക്കി.

തപ്പിയും തടഞ്ഞും അയാൾ നഗരത്തിലൂടെ നടന്നു. വാഹനങ്ങളിലും ഭിത്തികളിലും തട്ടിമുട്ടി വീണു. വീണ്ടും എഴുന്നേറ്റു. ജനങ്ങളെ വിളിച്ചു യാചിക്കാനല്ല അയാൾക്കു തോന്നിയത്. കനത്ത ശബ്ദത്തിന്റെ ഉടമസ്ഥനായ ആ മനുഷ്യൻ പറങ്കികളുടെ ദുർഭരണത്തിനെതിരായി ശക്തിയേറിയ ഭാഷയിൽ പലതും വിളിച്ചുപറഞ്ഞു. ഗൃഹാന്തർഭാഗങ്ങളിൽ ആ ശബ്ദം മാറ്റൊലിചേർത്തു. കുട്ടികൾ കേട്ടു. അവർ അയാളുടെ പിന്നാലെ കൂടി. അയാൾ വിളിച്ചുപറയുന്നതു കേൾക്കാൻ രസമുണ്ട്. അവരും അതേറ്റുപറഞ്ഞു. അമ്മമാർ മൂക്കത്തു വിരൽവെച്ചു സ്തംഭിച്ചു നിന്നു. നഗരവീഥിയിൽ ക്രമസമാധാനം പാലിക്കുന്ന പോലീസുകാർ അമ്പരന്നു. അയാളെ വിളിച്ചു ശാസിച്ചു. ഭീഷണിപ്പെടുത്തി.

നഷ്ടപ്പെടാൻ യാതൊന്നുമില്ലാത്ത ആ മനുഷ്യൻ ഒട്ടും കൂലുങ്ങാതെ ഉച്ചത്തിലുച്ചത്തിൽ പിന്നെയും വിളിച്ചുപറഞ്ഞു. ട്രോങ്കോവിൽ നടക്കുന്ന മർദ്ദനങ്ങളെപ്പറ്റി, പറങ്കികൾ നടത്തുന്ന കൊള്ളകളെപ്പറ്റി, കൊലപാതകങ്ങളെപ്പറ്റി. വൈസ്രോയി മുതലിങ്ങോട്ട് എല്ലാവരും വിറച്ചു. തടവുമുറിയുടെ വാതിൽ പിന്നെയും അയാൾക്കു വേണ്ടി തുറന്നു. ചിരപരിചിതമായ ദുർഗന്ധംകൊണ്ട് ട്രോങ്കോവിന്റെ സാന്നിദ്ധ്യത്തെ അയാൾ മനസ്സിലാക്കി. ഇത്തവണ ചങ്ങലയിൽ കുടുങ്ങേണ്ടിവന്നു. അനങ്ങാതെ ഒരു മൂലയിൽ പിന്നെയും ഇരിപ്പായി.

വാതിലിന്റെ തിരിക്കുറ്റികൾ ശബ്ദിക്കുമ്പോൾ, ചങ്ങലകൾ കിലുങ്ങുമ്പോൾ, കാൽപ്പെരുമാറ്റം അടുത്തുവരുമ്പോൾ, ഒട്ടിപ്പിടിച്ച കൺപോളകൾ ചലിപ്പിച്ചു നെറ്റിയിൽ ചുളിവുകളുണ്ടാക്കി കഴുത്തു നീട്ടിപ്പിടിച്ച് അയാൾ ശ്രദ്ധിക്കും.

"പുതിയ തടവുകാർ വരുന്നുണ്ട്. ഭാഗ്യംകെട്ടകൂട്ടർ." ആ നെറ്റിയിലെ ചുളിവിന്റെ അർത്ഥമതാണ്. എല്ലാ ചലനങ്ങളും അസ്തമിച്ച ഗദ്ഗദങ്ങളും നെടുവീർപ്പും ഉയരുമ്പോൾ നവാഗതരെച്ചൊല്ലി ആ മനുഷ്യൻ അർത്ഥം വച്ചുമൂളും. എല്ലാവരും അതു കേട്ട് അയാളെ നോക്കും. നിശ്ശബ്ദമായി ശ്രദ്ധിക്കും.

മെലിഞ്ഞു നീണ്ട് എല്ലുകൾ മുഴച്ചുനിൽക്കുന്ന ശരീരം. നരച്ച താടിയും തലമുടിയും പരസ്പരം കെട്ടിപ്പുണർന്നു നിൽക്കുന്ന മുഖം. പോളകൾകൊണ്ടു വാതിലടച്ച കണ്ണുകൾ. ശബ്ദത്തിനുമാത്രം ക്ഷീണം തട്ടിയിട്ടില്ല. അതു കേട്ടാൽ ഏതോ ഗംഭീര പുരുഷന്റെ ആത്മാവ് ആ കുരുടനിൽ ആവേശിച്ചപോലെ തോന്നും.

പുതിയ തടവുകാരെ പരിചയപ്പെട്ടുകഴിഞ്ഞാൽ ട്രോങ്കോവിന്റെ അപദാനങ്ങൾ പലതും അയാൾ അവർക്കു വിവരിച്ചുകൊടുക്കും. കോഴിക്കോട്ടുമായുള്ള കടൽയുദ്ധത്തിൽ തടവുകാരാക്കി പിടിച്ച എഴുപത്തിയഞ്ചു മുസ്ലീങ്ങളിൽ നാല്പത്തൊമ്പതുപേർ ഒരുമിച്ച് ഒരേ ദിവസം തലപ്പാവുപയോഗിച്ച വരിവരിയായി അവിടെ കെട്ടിത്തൂങ്ങി മരിച്ച കഥ എല്ലാവരോടും വിടാതെ പറയും. അതു കൊല്ലങ്ങൾക്കു മുമ്പാണ്.

"ആ നാല്പത്തൊമ്പതുശവം ഒന്നിച്ച തൂങ്ങിനിന്നപ്പോൾ ഈ മുഖത്തു കണ്ണുണ്ടായിരുന്നു." കഥ അവസാനിപ്പിക്കുന്നതിങ്ങനെയാണ്. അതു കഴിഞ്ഞ് കണ്ണു പോയ കഥയും പറയും. ഒരു കണ്ണു കാവൽക്കാരൻ കുത്തിപ്പൊട്ടിച്ചതാണ്; മറ്റേതു ചാട്ടവാർ കൊണ്ടും പോയി.

"ഇവിടെ കണ്ണില്ലാത്തതാ സുഖം." എല്ലാം പറഞ്ഞുതീർന്നാൽ അയാളൊന്നു ചിരിക്കും. അതിന്റെ മുഴക്കത്തിൽ വേദനയുടെ ശബ്ദവും ഗദ്ഗദവും പല്ലിറുമ്മലുമുണ്ടാവും.

കരകാണാത്ത കടലിലൂടെ പത്തു ദിവസത്തെ ധൃതിപിടിച്ച ഓട്ടം. കഴിഞ്ഞു. പതിനൊന്നാംദിവസം പൊക്കനെയും കൂട്ടുകാരെയും വഹിച്ചുകൊണ്ടു പറങ്കിക്കപ്പലുകൾ ഗോവാതുറമുഖത്തെത്തി. രാത്രിയാണ് കപ്പലിറങ്ങിയത്. ഭൂസ്ഥിതിയെപ്പറ്റി ഒന്നുമറിഞ്ഞുകൂടാ. കടപ്പുറത്തെ നനഞ്ഞ പൂഴി പരിചിതമാണ്. നടക്കുമ്പോൾ സുഖം തോന്നി. ശുദ്ധവായു ശ്വസിച്ചിട്ടും നീണ്ടുനിവർന്നൊന്നു നടന്നിട്ടും ദിവസങ്ങളായി. അതു നീണ്ടൊരു ഘോഷയാത്രയായിരുന്നു. ചെമ്മരിയാടിൻ പറ്റത്തെപ്പോലെ, തെളിക്കുന്നവന്റെ കല്പനയ്ക്കുവഴങ്ങി തലയും താഴ്ത്തി അവർ നടന്നു. ഇരുട്ടും ദുർഗന്ധവും ഇടതൂർന്ന ട്രോങ്കോ തടവുമുറിയിലാണ് ആ യാത്ര അവസാനിച്ചത്.

പന്തംകൊളുത്തിപ്പിടിച്ച് ഏതാനും പാറാവുകാർ വന്ന് വെണ്മഴവേന്തിയ പട്ടാളക്കാരിൽനിന്നു തടവുകാരെ ഏറ്റുവാങ്ങി തലങ്ങും വിലങ്ങും തറയിൽ ഉറപ്പിച്ചുനിർത്തിയ വലിയ ഇരുമ്പുപാളങ്ങളിൽ അവരെ പൂട്ടിയിടാൻ തുടങ്ങി. ആരും പ്രതിഷേധിച്ചില്ല. പ്രതിഷേധം മർദ്ദനത്തെ ക്ഷണിച്ചുവരുത്തും. എല്ലാം കഴിഞ്ഞു വാതിലുകളടഞ്ഞു.

പേടിപ്പെടുത്തുന്ന നിശ്ശബ്ദതയാണ്. പരസ്പരം ഒന്നും സംസാരിക്കാതെ ഇരുട്ടിലേക്ക് തുറിച്ചുനോക്കിക്കൊണ്ട് അവർ ഇരുന്നു. എവിടെയാണെത്തിയത്? എത്ര

കാലം അവിടെ കഴിച്ചുകൂട്ടേണ്ടിവരും? ഇനി വെളിച്ചംകാണാൻ യോഗമുണ്ടാവില്ലേ? അല്ല, ഇനിയും യാത്ര തുടങ്ങേണ്ടിവരുമോ? വരുമെങ്കിൽ അതെങ്ങോട്ടാവും? ഇത്തിരി വെളിച്ചം കിട്ടുന്ന വല്ല സ്ഥലത്തും കൊണ്ടുപോയാൽ മതിയായിരുന്നു. ഭക്ഷണമില്ലെങ്കിൽ വേണ്ട. ദാഹിച്ച വെള്ളംകൂടി ആവശ്യമില്ല. അൽപം വെളിച്ചമാണ് വേണ്ടത്. അതു കണ്ട് ദാഹിച്ചോ വിശന്നോ മരിച്ചോളാം. സങ്കടമില്ല.

തടവുകാർ പലതും അങ്ങനെ ആലോചിച്ച് വിഷമിക്കുമ്പോൾ ജയിലറയുടെ ഒരു കോണിൽ നിന്ന് കനത്ത നിശ്ശബ്ദതയെ പിടിച്ച് കുലുക്കിക്കൊണ്ട് ഘനഗംഭീരമായൊരു ശബ്ദമുയർന്നു:

"അഞ്ചനുണ്ട് അടുപ്പിലളേ,
അന്തകനുണ്ട് പുരയ്ക്കലളേ…"

പലരും പണ്ടു പലതവണ കേട്ടു പഴകിയൊരു താരാട്ടുപാട്ട്. കാമുകസമാഗമത്തെപ്പറ്റി, തന്റെ ഭാര്യയിൽ സംശയമുദിച്ച ഒരു ഭർത്താവ്, പതിവുപോലെ, ഏറുമാടത്തിൽ കാവലിരിക്കാൻ പോയില്ല. അവൻ വരും; അവനെ കൊല്ലണമെന്നു തീരുമാനിച്ച് ചുട്ടു പഴുപ്പിച്ച അമ്പുമായി കുടിയിൽ കാത്തിരുന്നു. കാമുകന്റെ വരവിനു സമയമായെന്നറിഞ്ഞ ഭാര്യ കുഞ്ഞിനെ തൊട്ടിലിൽ കിടത്തി പാടിയുറക്കാൻ തുടങ്ങി:

"വാവാവം കുഞ്ഞൻ വാവാവം കുഞ്ഞൻ
വായമരത്തിന്റെ ചോട്ടുടെ
താലോലം കുഞ്ഞൻ താലോലം കുഞ്ഞൻ
താളിമരത്തിന്റെ ചോട്ടുടെ."

കാമുകന്റെ കാൽപെരുമാറ്റം കേൾക്കുന്നു. ആപത്തിന്റെ സൂചന വേഗത്തിൽ നൽകണം. അവൾ ഉച്ചത്തിൽ പാടി:

"അഞ്ചനുണ്ട് അടുപ്പിലളേ…
അന്തകനുണ്ട് പുരയ്ക്കലളേ…"

തടവുകാരിൽ പലർക്കും പാടാനറിയാവുന്ന ആ പാട്ടാണ് മുഴങ്ങി കേൾക്കുന്നത്. ആപത്തിന്റെ സൂചനയാവുമോ? അവനവനോടു തന്നെ പലരും ചോദിച്ചു. ഈ നശിച്ച നരകത്തിലിരുന്നു പാടാൻമാത്രം മനഃശ്ശക്തിയുള്ള മനുഷ്യനേതെന്ന് തടവുകാർ അത്ഭുതപ്പെട്ടു. ആളെ കണ്ടാൽ വേണ്ടില്ലെന്നവർക്കുതോന്നി. എങ്ങനെ കാണും? ഇരുട്ടല്ലേ? അത്താഴം കഴിഞ്ഞ്, പൊന്നോമനക്കുഞ്ഞിനെയും കെട്ടിപ്പുണർന്നു പട്ടുമെത്തയിൽ കിടക്കുന്ന ഒരച്ഛന്റെ ആത്മനിർവൃതി മുഴുവനും ആ ശബ്ദത്തിലുണ്ടായിരുന്നു. ഭാഗ്യവാൻ!

ആ ഈരടികൾ പിന്നെയും മുഴങ്ങി. ദുരിതാനുഭവങ്ങൾകൊണ്ടു ജീവിതാശ നശിച്ച തടവുകാരുടെ മനസ്സിൽ അതു പുതുമഴയുടെ അനുഭവം നൽകി. ആശ്വാസത്തിന്റെ ഇളംകാറ്റു വീശി. ഓർമ്മയുടെ ചെല്ലത്തളിരിനിടയിൽ സന്തോഷത്തിന്റെ

പൂമൊട്ടുകൾ തല നീട്ടി. എല്ലാവരും അവരവരുടെ പാർപ്പിടങ്ങൾ തെളിഞ്ഞു കണ്ടു. ചിലതിൽ അച്ഛനമ്മമാരുണ്ട്; മറ്റു ചിലതിൽ ഭാര്യയും കുഞ്ഞുങ്ങളുമുണ്ട്.

അത്താഴം കഴിഞ്ഞു കുഞ്ഞിനു മുലകൊടുത്തുറക്കുന്ന ഭാര്യയുടെ കണ്ണീരിൽക്കുതിർന്ന മുഖം കണ്ട് ഒരുത്തൻ പൊട്ടിക്കരഞ്ഞു. അതു മറ്റുള്ളവർ കേട്ടു. ചങ്ങല പൂട്ടിയ കൈകൊണ്ട് എല്ലാവരും കണ്ണുതുടയ്ക്കുന്നു. നൈമിഷികമായ ആ സന്തോഷം നെടുവീർപ്പിന്റെ ചൂടിൽ കരിഞ്ഞുവീണു.

"മക്കളേ" പാടിക്കഴിഞ്ഞ വൃദ്ധൻ തന്റെ ജീവിതകഥയും ആ തുറുങ്കിന്റെ കഥയും, പതിവുപോലെ, വിവരിക്കാൻ തുടങ്ങി. ഭയപ്പെടുത്താനല്ല; എന്തിനും ഒരുങ്ങിയിരിക്കാനുള്ള ശക്തി അവരിലുണ്ടാക്കാൻ വേണ്ടി.

കഥ കേട്ടുകഴിഞ്ഞപ്പോൾ ഇരുട്ടിൽ തങ്ങൾക്കു ചുറ്റും അവിടെ വെച്ചാത്മഹത്യ ചെയ്തവരുടെ പ്രേതങ്ങൾ അലഞ്ഞു നടക്കുന്നുണ്ടെന്നു തടവുകാർക്കു തോന്നി. കഥ കേൾക്കുമ്പോൾ ആരും മൂളിയില്ല; ചോദ്യം ചോദിച്ചതുമില്ല. പൊക്കൻ മാത്രം അല്പം ജിജ്ഞാസുവായി കാണപ്പെട്ടു.

"മൂപ്പരേ" അവൻ പതുക്കെ വിളിച്ചു.

"എന്താ?" കണ്ണുപൊട്ടൻ ചോദിച്ചു.

"ഇപ്പപ്പറഞ്ഞത് നൊണയല്ലേ?"

"ഞാൻ നൊണ പറയില്ല."

"കയ്യും കാലും ചങ്ങലയ്ക്കിട്ടാൽ എങ്ങനാ തൂങ്ങിമരിക്ക്യാ."

"ഞാനിവിടെ വന്ന കാലത്ത് ആരേം ചങ്ങലയ്ക്കിടാറില്ല. ഇഷ്ടംപോലെ തൂങ്ങി മരിക്കാം."

"ഇപ്പം സമ്മതിക്ക്യോ തൂങ്ങിമരിക്കാൻ?"

"എന്താ, നിനക്കു മരിക്കണോ?"

"ഞാൻ മരിക്കൂല. ഓലെന്നെ കൊല്ലണം."

"മിടുക്കൻ! എന്നാലോ, നീയൊന്നു കേട്ടോ. ഓല നിന്നെ മരിക്കാൻ സമ്മതിക്കില്ല; കൊല്ലാനും പോന്നില്ല."

"പിന്നെ?"

"നിന്നെ ലേലം ചെയ്തു വില്ക്കും?"

"എന്നെ ആരു വാങ്ങും?"

പൊക്കന്റെ ചോദ്യം കേട്ടു കണ്ണുപൊട്ടൻ പതുക്കെയൊന്നു ചിരിച്ചു. പിന്നെ അടിമക്കച്ചവടത്തെക്കുറിച്ചായി വർത്തമാനം. മാടുകളെപ്പോലെ മനുഷ്യന്മാരെ ചന്തയിലേക്കു തച്ചാട്ടിക്കൊണ്ടുപോയി വിലക്കുന്ന സമ്പ്രദായം വിവരിച്ചുകേട്ടപ്പോൾ പ്രേതങ്ങളെക്കുറിച്ചുള്ള പേടി അസ്തമിച്ചു. മറ്റൊരു കലുക്കംകൊണ്ടു ഹൃദയം നടുങ്ങി.

"നിങ്ങളൊക്കെ ഈ ഞായറാഴ്ച പോവും. പിന്നേം ഞാനിവിടെ ഒറ്റയ്ക്കാവും. അങ്ങനെയിരിക്കുമ്പോൾ പുതിയ കൂട്ടരെത്തും. അവരും പോവും. എത്ര മരണത്തിനു ഞാൻ സാക്ഷി നിന്നു! അതുപോലെ വിൽപനയ്ക്കും!" അത്രയും പറഞ്ഞു പിന്നെയും ആ മനുഷ്യൻ ചിരിച്ചു. ക്രൂരമായ ചിരി.

"നിങ്ങൾക്കു കണ്ണു പൊട്ടിക്കാൻ കഴിയോ? എന്നാൽ രക്ഷയുണ്ട്."

വെളിച്ചത്തിനുവേണ്ടി ദാഹിക്കുന്നവരോടു കണ്ണുകുത്തിപ്പൊട്ടിക്കാൻ പറയുന്നു!

"കണ്ണു പൊട്ടീറ്റെന്തിനാ ജീവിക്കുന്നത്? പൊക്കൻ ചോദിച്ചു.

"വേണ്ടാ, ജീവിക്കണ്ടാ. എന്നാ നീ മരിച്ചോ, അത് കഴിയോ നിനക്ക്? നിന്റെ ജീവൻ പറങ്ക്യേളെ കയ്യിലല്ലേ?

"ശരിയാണ്", എല്ലാവരും മനസ്സിൽ സമ്മതിച്ചു. ജീവിക്കാനും മരിക്കാനും പറങ്കികളുടെ സമ്മതം വേണം. അവരിപ്പോൾ ആരുമല്ല. അവർക്കു ജീവിതമോ ഉദ്ദേശ്യമോ ഒന്നുമില്ല. കണ്ണുകൾ ഉരുട്ടി മിഴിച്ച കൽപ്രതിമകൾ പോലെ ഇരുട്ടിലേക്കു നോക്കി അവർ ഇരുന്നു. 'മരണമോ വില്പനയോ' അതാണ് അവർ ഇരുട്ടിനോടു ചോദിച്ചത്. രണ്ടായാലും അനുഭവത്തിൽ ഒന്നുതന്നെ. എന്നിട്ടും അവർ അതേ ചോദ്യം പലവുരു ചോദിച്ചുകൊണ്ടിരുന്നു.

ഞായറാഴ്ച വന്നു. പള്ളിയിൽ പോകാനും പ്രാർത്ഥിക്കാനുമുള്ള ദിവസം. അന്നു സന്തോഷവും ഉത്സാഹവുമാണ്. പള്ളിയിൽപ്പോക്കും പ്രാർത്ഥനയും കഴിഞ്ഞാൽ പിന്നെയും ദിവസത്തിന്റെ വലിയൊരു ഭാഗം നീണ്ടുകിടക്കുന്നു. ജോലിയൊന്നുമില്ല; ഒഴിവുദിവസമാണ്. തകർത്ത് ആഘോഷിക്കാനുള്ള പഴയ മാർഗങ്ങളൊക്കെ വിരസങ്ങളായിക്കഴിഞ്ഞിരിക്കുന്നു. കുടിക്കാം. പെണ്ണുങ്ങളെയും കൂട്ടി കടൽക്കരയിൽ ചെന്നു കാറ്റുകൊള്ളാം. നിശാക്ലബ്ബുകളിൽ ചെന്നു നൃത്തം വയ്ക്കാം. എല്ലാം പഴയതുതന്നെ. പുതുമയുള്ള വല്ല വിനോദവും കണ്ടെത്തണം. ലോകവിജയത്തിനുവേണ്ടി പുറപ്പെട്ടതാണ്. ഉദ്ദേശ്യം കുറെയൊക്കെ സാധിച്ചിരിക്കുന്നു. ഗോവ ആസ്ഥാനമാക്കിക്കൊണ്ടു പിന്നെയും വീരസാഹസകൃത്യങ്ങൾ തുടരുകയാണ്. പോർച്ചുഗലിന്റെ കൊടി ഒരു ധ്രുവത്തിൽ നിന്നു മറ്റൊരു ധ്രുവത്തോളം ഭൂമിയിലുള്ള എല്ലാ രാജ്യങ്ങളിലും പാറിപ്പറക്കണം. ജനങ്ങൾ മുഴുവനും പറങ്കികളുടെ രാജാവിനെ കുമ്പിടണം. മഹത്തായ ഈ ലക്ഷ്യംവെച്ചുകൊണ്ടുള്ള കടലും കരയും കീഴടക്കി മുന്നേറുന്ന ധീരസേനാനികളാവുമ്പോൾ അവരുടെ വിനോദത്തിനും എന്തെങ്കിലുമൊരു പ്രത്യേകത വേണം. അങ്ങനെ കണ്ടെത്തിയതാണ് 'അടിമച്ചന്ത'. അതു ഞായറാഴ്ച തന്നെ ആഘോഷിക്കണമെന്നും തീരുമാനിച്ചു.

തടവുകാർക്ക് അന്നു കുളിക്കാം. പല്ലു തേയ്ക്കാം. അല്പം വൃത്തിയുള്ള വസ്ത്രം ധരിക്കാം. ഇതിനൊക്കെ അധികൃതന്മാർ അനുമതി നൽകുക മാത്രമല്ല, നിർബ്ബന്ധിക്കുകതന്നെ ചെയ്യും. കുളിക്കണം, പല്ലു തേയ്ക്കണം. അല്പം വൃത്തിയുള്ള വസ്ത്രം ധരിക്കണം. ചന്തയിൽകൊണ്ടുചെന്നു പ്രദർശിപ്പിക്കുമ്പോൾ വാങ്ങാൻ വരുന്നവൻ അറപ്പുതോന്നരുത്. ബലികർമ്മത്തിനു കത്തിയുരുന്നിതിനുമുമ്പ് അരിയും പൂവും കൊടുത്ത് കോഴികളോടൊരു വാത്സല്യം കാണിക്കലുണ്ട്; അതുതന്നെ.

അന്ന് പൊക്കനും കൂട്ടുകാരും നേരത്തെ കുളിച്ചൊരുങ്ങി. അവരെ കുളിപ്പി ച്ചൊരുക്കിയെന്നാണ് പറയേണ്ടതു്. നഗരത്തിന്റെ കിഴക്കേ അതിർത്തിയിൽ ഒരു മൈതാനമുണ്ടു്. അവിടെയാണ് ചന്ത. ചാട്ടവാറേന്തിയ കാവല്ക്കാർ അങ്ങോട്ടു് അവരെ തെളിച്ചു.

വളരെ ദിവസങ്ങൾക്കുശേഷം ഏറ്റവും പ്രിയപ്പെട്ട ഭൂമി കണ്ണു കുളർക്കെയൊന്നു കാണുകയാണ്. തടവുകാർ ആവേശത്തോടെ എല്ലാ നോക്കിക്കണ്ടു. ഉണങ്ങിയ ഒരു പുൽക്കൊടികൂടി അവരിൽ സന്തോഷമുണ്ടാക്കി.

വ്യാപാരകേന്ദ്രങ്ങളും വാസസ്ഥലങ്ങളും വരിവരിയായി രണ്ടുവശത്തും ഉയർന്നു നിൽക്കുന്ന നഗരവീഥികളും പിന്നിട്ടുകൊണ്ടു് അവർ നടന്നു. ഞൊറിയുള്ള പാവാട യും മേനിയിൽ ഒട്ടിപ്പിടിക്കുന്ന കുപ്പായവും മടമ്പു കൂർത്ത പാദരക്ഷയും ധരിച്ചു്, തല മുടി വെട്ടിയൊതുക്കി ചുണ്ടിൽ ചായം പുരട്ടി നില്ക്കുന്ന വെളുവെളെയുള്ള സുന്ദരിമാർ ഗൃഹാങ്കണങ്ങളിൽ നിന്ന് അവരെ നോക്കി ചിരിച്ചു. വിരൽ ചൂണ്ടി എന്തൊക്കെ യോ പറഞ്ഞു.

പെരുമ്പറയുടെ ശബ്ദം കേൾക്കുന്നു. ചന്തസ്ഥലത്ത് അന്നു പ്രഭാതംമുതൽ പെരുമ്പറ മുഴങ്ങും. നഗരവാസികൾ അറിയണം. അവർ ബദ്ധപ്പെട്ടു് ഓടിവരണം. വില്പന സ്ഥലത്തെത്തി വാശിപിടിക്കണം. അതിനാണ് പെരുമ്പറ മുഴക്കുന്നതു്. അതു് ഇടതടവില്ലാതെ മുഴങ്ങി. തടവുകാരുടെ ഹൃദയത്തുടിപ്പുകൊണ്ടു് കാവൽ ക്കാർമാത്രം അതുകേട്ടില്ല.

മൈതാനം മുഴുവനും, പുറമേനിന്നു നോക്കിയാൽ കാണാത്ത വിധം. മറച്ചി രിക്കുകയാണ്. അകത്ത് പ്രഭുക്കന്മാർക്കും വ്യാപാരികൾക്കും പട്ടാളമേധാവികൾ ക്കും ഇരിക്കാൻ വിശിഷ്ടാസനങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. വെറും സന്ദർശകർ നില ത്തിരിക്കണം. ഒരറ്റത്ത് ഉയർത്തിക്കെട്ടിയ ഒരു മണ്ഡപമുണ്ടു്. ഏതു കോണിൽ നിന്നു നോക്കിയാലും കാണത്തക്കവിധമാണ് മണ്ഡപം പണിതീർത്തതു്. അതി ന്റെ മുൻവശം ചുവപ്പുനിറത്തിലുള്ള തിരശ്ശീലകൊണ്ടു മൂടിയിരിക്കുന്നു. പള്ളിയിൽ പ്പോക്കും പ്രാർത്ഥനയും വലിയ കാര്യമായെടുക്കാത്ത കുറെപ്പേർ സന്ദർശകർക്കു ള്ള സ്ഥലത്ത് കാലേക്കൂട്ടി സ്ഥലംപിടിച്ചിട്ടുണ്ടു്. ‘വേഗം വേഗം വരിൻ! ആദായ വില മുന്തിയ ചരക്ക്. തീർന്നുപോയാൽ ഖേദിച്ചുപോകു’മെന്ന് അർത്ഥവത്തായ ഒരു പ്രഖ്യാപനം ആ പെരുമ്പറശബ്ദത്തിലടങ്ങീട്ടുണ്ട്; അതു കൊട്ടുന്നവന്റെ മുഖഭാ വത്തിലും.

പ്രാർത്ഥന കഴിഞ്ഞു് ദൈവപ്രീതി വരുത്തി പ്രഭുക്കന്മാരും വ്യാപാരികളും പട്ടാ ളമേധാവികളും വന്ന് അവരവരുടെ സ്ഥാനം അലങ്കരിച്ചു കഴിഞ്ഞപ്പോൾ ചന്തസ്ഥ ലം ജനങ്ങളെക്കൊണ്ടു നിറഞ്ഞു. കൂടുതലാളുകൾ പ്രവേശനദ്വാരത്തു വന്നു ബഹ ളംകൂട്ടാൻ തുടങ്ങി. അഭിമുഖസംഭാഷണത്തിനു പട്ടാളക്കാരുടെ ചാട്ടവാർ ചെന്നെ ത്തുന്നതുവരെ ആ ബഹളം തുടരന്നു. എല്ലാം ശാന്തമായി. പെരുമ്പറയുടെ മുഴക്ക വും നിന്നു.

മണ്ഡപത്തിൽ തൂങ്ങുന്ന ചുവപ്പു തിരശ്ശീലയുടെ മുമ്പിൽ ലേലക്കാരൻ വന്നു നിന്നു. പച്ചനിറത്തിലുള്ള കാൽസരായിയും ചുവപ്പു മേലങ്കിയും അരയിൽ മുറുക്കിയ പുലിത്തോൽവാറിൽ തിളങ്ങുന്ന കഠാരിയും വലതുകൈയിൽ ചാട്ടവാറും ധരിച്ച ലേലക്കാരൻ പൈശാചികമായ മുഖവും ക്രൂരമായ നോട്ടവുമുള്ള തടിച്ചുപൊക്കം കൂടിയ ഒരു മനുഷ്യനായിരുന്നു. അയാളുടെ ശബ്ദം പരുക്കനായിരുന്നു. തല കുനിച്ച് സദസ്സിനെ ബഹുമാനിച്ച് ലേലക്കാരൻ വിളിച്ചു പറഞ്ഞു:

> ബഹുമാന്യരേ, ചന്ത തുടങ്ങാറായി. മലയാളക്കരയിൽനിന്നു പിടിച്ചുകൊണ്ടുവന്ന നീലക്കണ്ണും കറുപ്പുനിറവുമുള്ള സുന്ദരികൾ; അദ്ധ്വാനശീലരും തടിമിടുക്കുള്ളവരുമായ മീൻപിടുത്തക്കാർ; ഇന്നു നിങ്ങളുടെ മഹാഭാഗ്യമാണ്. മദ്യലഹരികൊണ്ടു മദോന്മത്താരാവുന്ന നിങ്ങളുടെ കിടപ്പറയിൽ, പള്ളിമെത്തയിൽ, സ്വപ്നം കാണുന്ന കണ്ണുകളും മാംസളങ്ങളായ മാറിടങ്ങളും മുന്തിരിച്ചാറൊഴുകുന്ന അധരങ്ങളും നിങ്ങൾക്കാവശ്യമില്ലേ? അല്ലയോ പ്രഭുക്കന്മാരേ, നിങ്ങളുടെ പണച്ചാക്കുകൾ കെട്ടഴിച്ചു നിരത്തിക്കോളൂ; കപ്പലുടമകളേ, വമ്പിച്ച കൊടുങ്കാറ്റുകൾക്കെതിരേ നിങ്ങളുടെ കപ്പലുകൾ അതിവേഗത്തിൽ സഞ്ചരിക്കണമെങ്കിൽ ഇരുമ്പുമുസലംപോലുള്ള കൈകൾ തണ്ടുകളിൽ ബലമായി അമർന്നിരിക്കണം. അവ ആഞ്ഞാഞ്ഞു വലിക്കാൻ ഉരുക്കുചട്ടപോലെ ഉറപ്പുകൂടിയ മാറിടമുള്ള അടിമയെക്കിട്ടണം. ഓജസ്സും തേജസ്സുമുള്ള യുവജനങ്ങളെ നിങ്ങൾക്കുവേണ്ടി ഞങ്ങളിതാ വില്പനയ്ക്കു വെച്ചിരിക്കുന്നു. എന്തു കൊടുത്താലും അധികമാവില്ല. ആവശ്യക്കാർ അധികമുണ്ടാവും. കൂട്ടിക്കൂട്ടി വില പറയുക! മുതൽമുടക്കിന്റെ പത്തിരട്ടി നിങ്ങൾക്കു ലാഭമുണ്ടാക്കാം.

പൈശാചികമായ മുഖത്തു വികൃതവും ബീഭത്സവുമായ മന്ദസ്മിതം പരത്തിക്കൊണ്ട് ചാട്ടവാർ ഉയർത്തി ആ മനുഷ്യൻ ആകാശത്തിലൊന്നു പൊട്ടിച്ചു. തിരശ്ശീല ഒരു വശത്തേക്കു മാറി. ജനങ്ങളുടെ ഇടയിൽ ആശ്ചര്യസൂചകമായ ശബ്ദവും പിറുപിറുപ്പും!

അര തറ്റ്, മാറു വിരിഞ്ഞ്, തോളുയർന്ന്, നിരന്തരക്ലേശങ്ങൾക്കുപോലും കീഴടക്കാൻ കഴിയാത്ത ഓജസ്സാർന്ന്, അതാ നിൽക്കുന്നു, നിർഭാഗ്യരായ ഇരുപത്തഞ്ചു ചെറുപ്പക്കാർ. സദസ്യരെ അവർ നോക്കുന്നില്ല. അപമാനഭാരംകൊണ്ടും ദുഃഖാധിക്യംകൊണ്ടും തലകുനിച്ചു നിൽപാണ്.

പറങ്കിക്കപ്പിത്താൻ ഡോൺ മസ്കരനസ്സ് തന്റെ സ്ഥാനത്തിരുന്നുകൊണ്ട് അടിമകളെ സശ്രദ്ധം വീക്ഷിക്കുകയായിരുന്നു. ലേലം ആരംഭിക്കുന്നതിനുമുമ്പ് കപ്പിത്താൻ എഴുന്നേറ്റുനിന്ന് അധികാരസ്വരത്തിൽ കൽപിച്ചു.

“ആ നാലുപേരെ മാറ്റിനിർത്തൂ!” ഒന്നാമത്തെ വരിയിൽ ഒന്നുമുതൽ നാലുപേരെയാണ് കപ്പിത്താൻ സൂചിപ്പിച്ചത്. തനിക്കാവശ്യമുള്ള അടിമകളെ ലേലം ചെയ്യാതെ മാറ്റിനിർത്താൻ കപ്പിത്താന് അധികാരമുണ്ട്. ലേലക്കാരൻ സവിനയം തലകുനിച്ച് ആ കല്പന ഉടനടി നിറവേറ്റി. നാലുപേരെ മാറ്റിനിർത്തി. അതിലൊന്ന് പൊക്കനാണ്. തടിമിടുക്കിലും പ്രായത്തിലും പൊക്കനോടു കിടപിടിക്കാവുന്ന

മറ്റു മൂന്നുപേരും.

ലേലം തുടങ്ങി. ആരംഭത്തിൽ അല്പം അയഞ്ഞമട്ടായിരുന്നെങ്കിലും സമയം ചെല്ലുന്തോറും വാശി മുഴുത്തു. വില കൂടിക്കൂടിവന്നു. സന്ദർശകർ കൈകൊട്ടിയും ആർത്തുവിളിച്ചും കച്ചവടക്കാരെ പ്രോത്സാഹിപ്പിച്ചു. തന്റെ 'ചരക്കി'നു കൂടുതൽ വില കിട്ടാൻ അനുകൂലമായ പ്രലോഭനങ്ങൾ പലതും ലേലക്കാർ കാട്ടി. ചില പ്പോൾ വില്പനയ്ക്കു വെച്ച അടിമയെ പിടിച്ചു വായ പിളർത്തി ആ മനുഷ്യൻ ഉച്ചത്തിൽ വിളിച്ചുപറയും:

"മാന്യരേ, ഇതു നോക്കണം. ഇവന്റെ പല്ല് എത്ര ഭംഗിയുള്ളവ! എത്ര ഉറപ്പു ള്ളവ! ഇരിമ്പുകഷ്ണം പോലും കടിച്ചു പൊട്ടിക്കാൻ കഴിയും. അതെന്തിന്റെ സൂചന യാണെന്നറിയാമോ? മികച്ച ശരീരബലത്തിന്റെ വാങ്ങണം, ഉള്ളതത്രയും കൊടു ത്തു വാങ്ങണം; ഒരു നഷ്ടവും വരില്ല."

മറ്റു ചിലപ്പോൾ അടിമയുടെ നെഞ്ചിലിടിച്ചു പറയും: "ഹാ! ഇരുമ്പുകോട്ട."

അങ്ങനെ വഴിക്കുവഴി ഓരോ സംഘത്തെ കൊണ്ടുവന്നു വില്പന നടത്തി. കാഴ്ച യിൽ മിടുക്കുള്ളവരെയെല്ലാം സംഘത്തിൽ നിന്നും കപ്പിത്താൻ സ്വന്താവശ്യത്തിനു തിരിഞ്ഞുവെച്ചു.

അല്പസമയത്തേക്കു ലേലം നിർത്തിവെച്ചു. പ്രഭുക്കന്മാർക്കും വ്യാപാരികൾ ക്കും ഉച്ചഭക്ഷണത്തിനുള്ള ഒഴിവുസമയമാണ്. കപ്പിത്താനുവേണ്ടി തിരഞ്ഞുവെച്ച അടിമകളെ പട്ടാളത്താവളത്തിലേക്കു മാറ്റാനാണ് കൽപന. പട്ടാളത്തിന്റെ അക മ്പടിയോടുകൂടി ചെറിയചെറിയ സംഘങ്ങൾ നീങ്ങി.

ഭക്ഷണം കഴിഞ്ഞു് പ്രഭുക്കന്മാരും വ്യാപാരികളും തിരിച്ചെത്തിയപ്പോൾ ലേല ക്കാരൻ പിന്നെയും തിരശ്ശീലയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അയാളുടെ മുഖം പ്രസ ന്നമാണ്. കൂടുതൽ വാചാലനാവേണ്ട സന്ദർഭം അടുത്തെത്തിയിരിക്കുന്നു.

"മാന്യരേ, ഈ വ്യാപാരത്തിലെ നിറപ്പകിട്ടാർന്ന ഇനമാണിനി വരാൻ പോ കുന്നത്. നിങ്ങൾ കഴിക്കുന്ന വീഞ്ഞിനു രുചി വേണോ? നിങ്ങളുടെ മണിയറ സം ഗീതമയമാവണോ? എങ്കിൽ, ഇതാ ഇങ്ങോട്ടു ശ്രദ്ധിക്കുക."

ചാട്ടവാർ പൊട്ടി. തിരശ്ശീല നീങ്ങി. സന്ദർശകർ തൊപ്പിയും ഉറുമാലും ആകാ ശത്തിലേക്കു വലിച്ചെറിഞ്ഞു് ആഹ്ലാദസ്വരമുയർത്തി.

ശരീരവും മനസ്സും ക്ഷീണിച്ച്, വാടിക്കരിഞ്ഞു ഞെട്ടിയിൽനിന്ന് അടർന്നു വീ ഴാറായ പിച്ചിപ്പൂക്കൾപോലുള്ള ഏതാനും യുവതികളെ രംഗത്തു പ്രദർശിപ്പിച്ചിരിക്കു ന്നു. പ്രഭുക്കന്മാരുടെ കാമാസക്തമായ കണ്ണുകൾ, കടന്നലുകളെപ്പോലെ, ആ നിർ ഭാഗ്യകളുടെ മുഖങ്ങളിൽ പാറിനടന്നു.

എള്ളുനിറത്തിൽ ചടച്ച ശരീരവും നീണ്ട കണ്ണുകളുമുള്ള നീണ്ടിഴഞ്ഞ തലമുടി ദേ ഹാവരണമായി ചിതറിക്കിടക്കുന്ന, ഒരു യുവതിയെ മുമ്പോട്ടു പിടിച്ചുതള്ളി ലേലക്കാ രൻവിളിച്ചുപറഞ്ഞു: "ഇതാ, നിങ്ങൾക്കൊരു യക്ഷി! ഇവൾ സ്വപ്നത്തിലും നിങ്ങളെ സുഖിപ്പിക്കും."

രംഗത്തിന്റെ ഒരു വശത്ത് ഏതാനും കൂട്ടുകാരോടൊപ്പം പട്ടാളത്താവളത്തിലേക്കു വിളിയും കാത്തിരിക്കുന്ന പൊക്കൻ തലയുയർത്തി നോക്കി. വെള്ള്യാൻകല്ലിൽവെച്ചു കണ്ട ഭയാനകരംഗം അവനോർത്തു.

“ഈ വാനമ്പാടിയെ ആർക്കുവേണം?” അവളുടെ നെറ്റി പിടിച്ചു മുഖമുയർത്തി സദസ്യരെ കാണിക്കാൻശ്രമിച്ചുകൊണ്ടു പിന്നെയും ലേലക്കാരൻ പറഞ്ഞു: “ഇതാ, നിറം മങ്ങിയൊരു ലില്ലിപ്പൂ.” പ്രസംഗം കവിതാമയമാവുകയാണ്: “ഈ കണ്ണുകൾ നിങ്ങളെ ക്ഷണിക്കുന്നില്ലേ?”

അക്ഷമനായി കൈവിരലുകൾ കൂട്ടിത്തിരുമ്മിയിരിക്കുന്ന ഒരറുപതുകാരൻ പ്രഭു വില പറഞ്ഞു. കേൾക്കേണ്ട താമസം, കാട്ടുപന്നിയുടെ മോന്തയുള്ള ഒരു വ്യാപാരി എഴുന്നേറ്റു നിന്ന് കൂടുതൽ വിളിച്ചു പറഞ്ഞു. അവർ തമ്മിൽ മത്സരമായി. സന്ദർശകർ രണ്ടുപേരെയും പ്രോത്സാഹിപ്പിച്ചു. വാശിപിടിപ്പിച്ചു.

പ്രഭുവും വ്യാപാരിയും അവരുടെ പണക്കൊഴുപ്പെടുത്തു പടവെട്ടി. പടയിൽപന്നിമോന്തക്കാരൻ ജയിച്ചു. ലേലം അയാളുടെ പേരിൽ സ്ഥിരപ്പെട്ടു. സദസ്സ് ഒന്നാകെ ആർപ്പുവിളിച്ചു. വ്യാപാരിയെ അഭിനന്ദിച്ചു.

“വരണം, അങ്ങുന്നേ വരണം. വില തന്ന് ഈ വാനമ്പാടിയെ കൈയേറ്റുകൊള്ളണം.”

ഒരു പതിനെട്ടുകാരന്റെ പ്രണയചാപല്യവും ശൃംഗാരവും പ്രദർശിപ്പിച്ചുകൊണ്ട് വ്യാപാരി രംഗത്തേക്കു ചെന്നു. പണസഞ്ചിയഴിച്ചു ലേലത്തുകയെണ്ണി ബോധ്യപ്പെടുത്തി.

“കൊണ്ടുപോകണം ശ്രീമാൻ, താങ്കളുടെ കിടപ്പറയ്ക്കു പറ്റിയ അലങ്കാരമാണ്.”

വ്യാപാരി കണ്ണിറുക്കി തല കുലുക്കി ചിരിച്ചു. പന്നിയുടെ തേറ്റപോലെ പല്ലുകൾ പുറത്തു പ്രത്യക്ഷപ്പെട്ടു.

“വാ, വാ!” ശൃംഗാരച്ചിരിയോടെ വികൃതമാതൃകയും പ്രദർശിപ്പിച്ചുകൊണ്ടു യാൾ മുമ്പോട്ടു നീങ്ങി. അവൾ തലയുയർത്തിയില്ല; നോക്കിയില്ല, കാറ്റേറ്റ കരിയിലപോലെ അവൾ വിറയ്ക്കുകയാണ്.

വ്യാപാരി മധുരമനോഹരമായ ഭാവം പ്രദർശിപ്പിച്ചുകൊണ്ടാണെന്ന സങ്കല്പത്തിൽ അവളുടെ കൈ കടന്നുപിടിച്ചു. തീക്കനലിൽ തൊട്ടപോലെ അവൾ ഞെട്ടിപ്പുറകോട്ടു മാറി. ജനങ്ങൾ പരിഹാസച്ചിരികൊണ്ടു ചന്തസ്ഥലം കുലുക്കി. അനുനയങ്ങൾ യാതൊന്നും ഫലിക്കുന്നില്ല. ബലം പ്രയോഗിച്ചുതന്നെ കൊണ്ടുപോണം. ഏറെ മുതൽമുടക്കിയതാണ്.

ആഗ്രഹവും നൈരാശ്യവും ചേർന്നുണ്ടാക്കിയ പ്രസരിപ്പോടെ അയാൾ അവളെ കടന്നുപിടിച്ചു. അവൾ പിടിവിട്ടു കുതറാൻ ശ്രമിച്ചു. ഭയംകൊണ്ടും നിസ്സഹായതകൊണ്ടും മനം കലങ്ങി നിലവിളിച്ചു.

പൊക്കന്റെ ഹൃദയം തുടിക്കുകയാണ്. തലയുയർത്തി നോക്കാൻ ഭയം. നോക്കിയാൽ നിയന്ത്രണം വിട്ടുപോകും.

അവൾ പിടിവിട്ടു കുതറുമെന്നായപ്പോൾ സന്ദർശകർ പിന്നെയും ആർത്തുകൂവി. വ്യാപാരിക്കു ശുണ്ഠിവന്നു. അയാളവളുടെ തലമുടി ചുറ്റിപ്പിടിച്ചു വലിച്ചു.

അവൾ ദയയ്ക്കുവേണ്ടി യാചിച്ചു; കേൾക്കുന്നവരുടെ കരളലിയിക്കുമാറ് കരഞ്ഞു.

തലയുയർത്താതെ വയ്യാ. പൊക്കൻ ഒന്നേ നോക്കിയുള്ളൂ. കൈയും കാലും ചങ്ങലയ്ക്കിട്ട കാര്യവും പറങ്കികളുടെ തടവുകാരനാണെന്ന പരമാർത്ഥവും മറന്ന് അവനെഴുന്നേറ്റു. ചങ്ങല അനുവദിക്കുന്നത്ര ദൂരത്തോളം കാലുകൾ നിരക്കിവെച്ചു. കൈകൾ ചേർത്തുപിടിച്ച് ചങ്ങലയോടുകൂടി വ്യാപാരിയുടെ തലയ്ക്ക് ആഞ്ഞൊരു തല്ലു കൊടുത്തു. ഭയങ്കരമായ അലർച്ചയോടെ വ്യാപാരി പിടിവിട്ടു മറിഞ്ഞു വീണു.

ലേലക്കാരന്റെ കോപം കത്തിക്കാളി. ചാട്ടവാർ ഉണർന്നു പ്രവർത്തിച്ചു. പൊക്കന്റെ ദേഹത്തിലതു പാടുകളുണ്ടാക്കുകയാണ്. അവൻ അനങ്ങിയില്ല; അവനൊട്ടും വേദന തോന്നിയതുമില്ല.

തെല്ലിട സ്തംഭിച്ചുനിന്ന സന്ദർശകർ ആർത്തുവിളിച്ചു. "കൊല്ലണം; ധിക്കാരിയായ അടിമയെ കൊല്ലണം."

ലേലക്കാരന് ആവേശം കൂടി. അവൻ പൊക്കനെ തട്ടി മറിച്ചു നിലത്തിട്ടു ചവിട്ടി. ഇരിമ്പാണികളുള്ള പാദരക്ഷകൊണ്ടു മതിവരുവോളം ചവിട്ടി.

പെട്ടെന്നെന്തോ ആവേശം വന്നപോലെ ആ യുവതി തലപൊക്കി നോക്കി. നനഞ്ഞ കണ്ണുകളിലിപ്പോൾ കരുണാരസമില്ല. തീജ്ജ്വാലകളാണ്. ഒരു മിന്നൽക്കൊടിപോലെ അവളൊന്നു പുളഞ്ഞു. നിമിഷംകൊണ്ട് ലേലക്കാരന്റെ അരപ്പട്ടയിലുള്ള കഠാരി കൈക്കലാക്കി.

അവൾ വീണുകിടക്കുന്ന അടിമയെ നോക്കി. സഹജീവികളെ ഹിംസിക്കുന്നതിൽ രസംകൊള്ളുന്ന സദസ്യരെ നോക്കി. എല്ലാവരോടും പകവീട്ടാനൊരുങ്ങിയ ഒരു ഭാവം ആ മുഖത്തു കളിയാടി. കഠാരപിടിച്ച കൈ ഉയർന്നു. അതാരുടെ നേർക്കാണ് നീളുന്നത്? എല്ലാവരും ഉറ്റുനോക്കി.

ലേലക്കാരനു കടന്നെത്തി തടയാൻ കഴിയുന്നതിനുമുമ്പ് കഠാരയുടെ കൂർത്ത മുന സ്വന്തം ഹൃദയത്തിലേക്ക് അവൾ കുത്തിയിറക്കി. വേദനകൊണ്ടു പുളയാതെ, കണ്ണീരൊഴുക്കാതെ, നീറിപ്പുകയുന്ന ഹൃദയഭാരം ചാലുകീറി പുറത്തേക്കൊഴുകിയ ഒരു ചാരിതാർത്ഥ്യത്തോടെ, അവൾ പതുക്കെ നിലത്തേക്കു ചാഞ്ഞു. മർദ്ദനംകൊണ്ടു ബോധംകെട്ടു കിടക്കുന്ന പൊക്കന്റെ നെഞ്ചിൽ വാടിത്തളർന്ന കൈത്തണ്ടകളിലൊന്നു വിശ്രമംകൊണ്ടു.

— 11 —

# പതിനൊന്ന്

“മകനേ, മിശിഹായുടെ നാമത്തിൽ ഞാൻ നിന്നോടു സംസാരിക്കുന്നു.”

പ്രേഷിതവേലയ്ക്കുള്ള വിശുദ്ധപട്ടക്കാരൻ ജയിലറയിലെ ചതുപ്പുനിലത്തുനിന്നു കൊണ്ടാണ് സംസാരിക്കുന്നത്: “കർത്താവായ ദൈവം പാപികളുടെ രക്ഷയ്ക്കുവേണ്ടിയാണ് ക്രൂശിക്കപ്പെട്ടത്.”

പൊക്കൻ തിരിഞ്ഞുകിടന്നു. പാമ്പുകൾപോലെ ഇരുമ്പുചങ്ങലകൾ നിലത്തു കിടന്നിഴഞ്ഞു. ലേലക്കാരന്റെ പാദരക്ഷയും ചാട്ടവാറും കൂടി ദേഹത്തിലേൽപ്പിച്ച പരിക്കുകൾ ഭയങ്കരമാണ്. മുളകരച്ചു തേച്ചപോലെ സർവ്വാംഗം നീറുന്നുണ്ട്. ദേഹം മുഴുവൻ അരിച്ചു നടക്കുന്ന ഉറുമ്പുകൾ മുറിവേറ്റ ഭാഗങ്ങളിൽ ഇടയ്ക്കിടെ കടിക്കുന്നുണ്ട്. ജീവന്റെ ചലനം കെട്ടടങ്ങുന്നതിനുമുമ്പ് ഉറുമ്പുകൾക്കാഹാരമാവുകയോ? അവിടെ എന്തും സംഭവിക്കാം. അങ്ങനെ ഏറെനേരം കിടക്കേണ്ടിവരികയില്ലെന്നു പൊക്കനു തോന്നി. തടിച്ച തലയും നീണ്ട കൊമ്പുകളുമുള്ള ഉറുമ്പുകൾ ആർത്തിയോടെ വരിവരിയായി പാഞ്ഞുവരും. ദേഹം മുഴുവൻ പൊതിയും. മാംസത്തിൽ തുളച്ചുകടക്കും. അസ്ഥികൂടത്തിൽ പറ്റിനിൽക്കുന്ന അവസാനത്തെ മാംസക്കഷ്ണംപോലും അവ കാർന്നു തിന്നും. പിന്നെ ആ ചതുപ്പുനിലത്ത് നെടുനീളത്തിൽ ഒരസ്ഥികൂടമങ്ങനെ കിടക്കും. അപ്പോൾ ചങ്ങലയുടെ അറ്റത്തുള്ള കൊളുത്തുകളിലൂടെ കൈയും കാലും എളുപ്പത്തിൽ ഊരിയെടുക്കാം. യഥേഷ്ടം എവിടെ വേണമെങ്കിലും നടക്കാം. സ്വാതന്ത്ര്യം അനുഭവിക്കാം. ഇത്രയും ആലോചിച്ചപ്പോഴാണ് പുതിയൊരു ചോദ്യം പൊങ്ങിവന്നത്. ആർക്കാണ് സ്വാതന്ത്ര്യം കിട്ടുന്നത്?

അസ്ഥികൂടത്തിന്!

ഇരുണ്ട ജയിലറയിലൂടെ അസ്ഥികൂടമങ്ങനെ നടക്കുന്നു!

പൊക്കനു സഹിക്കാൻ കഴിഞ്ഞില്ല. അവൻ ഉറക്കെ നിലവിളിച്ചു: “അമ്മേ!”

വിശുദ്ധപട്ടക്കാരന്റെ ശബ്ദം ഒന്നുകൂടി ഉയർന്നു:

“നീയും ഞാനും ജന്മദോഷത്തിന്റെ കർമ്മഫലത്തിനു വിധേയരായവരാണ്, മകനേ.”

പൊക്കനതു കേട്ടു. ആരാണ് പറയുന്നതെറിഞ്ഞുകൂടാ. എങ്കിലും അതിന്റെ പൊരുൾ അവനു മനസ്സിലായി.

എന്താണു ജന്മദോഷം? വളയക്കടപ്പുറത്ത് പാവപ്പെട്ട ഒരു മുക്കുവകുടുംബത്തിൽ ജനിച്ചതോ? ആർക്കുമൊരുപദ്രവവും ചെയ്യാതെ ജീവിച്ചതോ? എത്ര ആലോചിച്ചിട്ടും ജന്മദോഷത്തിന്റെ കർമ്മഫലം കണ്ടെത്താൻ അവന് കഴിഞ്ഞില്ല. ശ്രദ്ധിക്കാം. പറയുന്നത് മുഴുവൻ കേട്ടാൽ പക്ഷേ, കണ്ടെത്താൻ കഴിഞ്ഞെന്നുവരും.

“മിശിഹാ നിനക്കുവേണ്ടിക്കൂടിയാണ്, നിന്റെ കൂടി പാപത്തിന്റെ ഭാരമുള്ള കുരിശും താങ്ങിക്കൊണ്ടാണ്, കാൽവരി കയറിയത്.”

തരക്കേടില്ല. ആരായാലും മിശിഹാ നല്ലവനാണ്. അവന്റെ പേരിൽ എന്തോ ചെയ്യുന്നല്ലേ പറയുന്നത്? ഈ വിവരം വന്നു പറയാൻ മാത്രം ദയ തോന്നിയ നല്ല മനുഷ്യൻ ആരെന്നു കാണണം. നോക്കി.

തവിട്ടുനിറത്തിലുള്ള മേലങ്കി, ഒരു കൈയിൽ കറുത്ത ചട്ടയാർന്ന വേദപുസ്തകം. മറ്റേതിൽ കൊന്ത. പൊക്കിളോളം നീണ്ടിറങ്ങിക്കിടക്കുന്ന വെളുത്ത താടി. ദയയും വാത്സല്യവും സ്ഫുരിക്കുന്ന നോട്ടം. മൂന്ന് ആണികളിൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ രൂപം അവന്റെ നേർക്കുയർത്തിയിട്ട ആ വിശുദ്ധപട്ടക്കാരൻ കണ്ണീരൊഴുക്കിക്കൊണ്ടു വീണ്ടും പറഞ്ഞു:

“ഇതാ, സർവ്വവല്ലഭനായ കർത്താവു തന്റെ സത്യസഭയിലേക്കു നിന്നെ ക്ഷണിക്കുന്നു. ഈ തിരുശിരസ്സിൽ തറച്ച മുൾമുടി നീ കാണുന്നില്ലേ കുന്തത്തിൽ കുത്തിത്തുറക്കപ്പെട്ട ഈ തിരുവിലാവിലേക്ക് നീയൊന്നു നോക്കു. നീ ചെയ്ത പാപത്തിന്റെ മൂർച്ചയുള്ള കുന്തമുനയല്ലേ ഈ ഹൃദയത്തെ കുത്തിമുറിച്ചത്? നീയിവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്തു ചെയ്യുമായിരുന്നു; അതു ചെയ്യുക.”

അവൻ ഒന്നും മിണ്ടാതെ മിഴിച്ചുനോക്കി കിടന്നു. വിശുദ്ധപട്ടക്കാരൻ അവനെ അനുഗ്രഹിച്ച് തിരിച്ചുപോയി. തല പൊക്കാൻ വയ്യാ. അയാൾ ഏതുവഴിക്കാണ് പോകുന്നതെന്ന് നോക്കാമായിരുന്നു. വേണ്ടാ, ജയിലറയുടെ വാതിൽ അടയുന്ന ശബ്ദം കേൾക്കുന്നു. അയാൾ പുറത്തു പോയതാവും. ഇനി വരില്ലേ?

വാതിലടയുന്ന ശബ്ദം മുഴുവനായിട്ടില്ല; അതിഭയങ്കരമായൊരു പൊട്ടിച്ചിരി കേൾക്കുന്നു. ആ കണ്ണു പൊട്ടനാണ്. അയാൾക്കു വക തിരിവില്ല. ജയിലധികാരികളെയും കാവൽക്കാരെയും പരിഹസിക്കും പോലെ, ധിക്കരിക്കുംപോലെ, ആ നല്ല മനുഷ്യനെയും അപമാനിക്കുകയോ? അതുവേണ്ടായിരുന്നെന്നു പൊക്കനു തോന്നി.

ശരീരത്തിന്റെ നീറ്റം കുറയുന്നുണ്ട്. സ്നേഹവും വാത്സല്യവും കലർന്ന ഒരു ശബ്ദംകേട്ടിട്ട്, മനുഷ്യോചിതമായ പെരുമാറ്റം അനുഭവിച്ചിട്ട്, വളരെ ദിവസങ്ങളാ

യി, വിശുദ്ധപട്ടക്കാരനെ ദൈവം പറഞ്ഞയച്ചതാവും. അല്ലെങ്കിൽ, ദയയും സ്നേഹവും എന്തെന്നറിയാത്ത പറങ്കികളെ കബളിപ്പിച്ച് ആ മനുഷ്യന് ജയിലറയിലേക്കു വരാൻ കഴിയില്ല.

ലേലസ്ഥലത്തുവെച്ച് ധിക്കാരം കാണിച്ചതിന് പൊക്കനെ മർദ്ദിച്ചവശനാക്കുകയും വീണ്ടും ട്രോങ്കോവിലേക്കു തിരിച്ചയയ്ക്കുകയുമാണുണ്ടായത്. കൂട്ടുകാരെ പട്ടാളത്താവളത്തിലേക്കു മാറ്റിത്താമസിപ്പിച്ചു. അവരെ എന്തുചെയ്യുന്നറിഞ്ഞുകൂടാ. ഐദ്രോസും കൂട്ടത്തിലുണ്ട്. കപ്പലിലെ ഇരുട്ടറയിൽ ഒരുമിച്ചാണ് കഴിച്ചുകൂട്ടിയത്. ലേല സ്ഥലത്തുവെച്ചു കണ്ടു. ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. ഇനി ജീവിതത്തിൽ കണ്ടുമുട്ടുമോ, ആവോ?

പറങ്കികളുടെ പിടിയിൽ നിന്ന് എന്നെങ്കിലുമൊരു ദിവസം വഴുതിച്ചാടണമെന്നു പറഞ്ഞത് ഐദ്രോസാണ്. ഐദ്രോസ് തരംകിട്ടിയാൽ ചാടിപ്പോയേക്കും. അവനെ ചില കാര്യങ്ങൾ പറഞ്ഞേൽപ്പിക്കേണ്ടതായിരുന്നെന്ന് അപ്പോൾ തോന്നി. തന്റെ തൽക്കാലസ്ഥിതി അച്ഛനെയും അമ്മയെയും അറിയിക്കുന്നത് അവനിഷ്ടമല്ല. കാണാതായപ്പോൾ, ഒന്നുകിൽ മരിച്ചിട്ടുണ്ടാവും, അല്ലെങ്കിൽ സുഖമായി എവിടെയെങ്കിലും ജീവിക്കുന്നുണ്ടാവും-ഇതിലപ്പുറമൊന്നും അവരാലോചിക്കില്ല. തല്ലുകിട്ടി ശരീരം മുഴുവൻ പൊട്ടിയെന്നോ ജീവനോടെ ഉറുമ്പരിക്കുകയാണെന്നോ ചതുപ്പുനിലത്ത് ചങ്ങലക്കെട്ടിൽ കുടുങ്ങിക്കിടക്കുകയാണെന്നോ ഊഹിക്കാൻ അവർക്കു ന്യായമില്ല. ഐദ്രോസ് എങ്ങനെയെങ്കിലും കടന്നു ചാടി നാട്ടിലെത്തിയാൽ ഇതൊന്നും പറയാൻ അവനു തോന്നരുതേ എന്നു പൊക്കൻ പ്രാർത്ഥിച്ചു.

ദിവസങ്ങൾ വളരെ കഴിഞ്ഞു. ദുഃഖമെല്ലാം മാറ്റിവെച്ച് അച്ഛൻ കടലിൽ പോവുന്നുണ്ടാവും. അമ്മ വീട്ടുജോലികളിൽ കുറേശ്ശെ ശ്രദ്ധിക്കുന്നുണ്ടാവും. പാഞ്ചാലി! അവളെപ്പറ്റി ചിന്തിച്ചപ്പോൾ അവനു വിഷമം തോന്നി. ചമ്പകപ്പാലയുടെ കടയ്ക്കൽ വന്നു നിന്ന് കടലിലേക്കു നോക്കി അവൾ ദിവസവും കണ്ണീരൊഴുക്കും. ഐദ്രോസ് അവളെ കണ്ടുമുട്ടരുതേ എന്നും പൊക്കൻ പ്രാർത്ഥിച്ചു.

ഉപ്പിട്ടുവേവിച്ച സ്രാവിന്റെ ഇറച്ചിയും ഒരുപിടി പച്ചരിച്ചോറുമായി കാവൽക്കാരൻ കടന്നുവന്നു; ഒരു മരച്ചട്ടിയിൽ കുടിക്കാനുള്ള വെള്ളവും. കഴിഞ്ഞ രണ്ടു ദിവസവും ഇതുപോലുള്ള ആഹാരം കൊണ്ടു വന്നത് അങ്ങനെതന്നെ കിടപ്പുണ്ട്. അവൻ തൊട്ടുനോക്കീട്ടില്ല. ഉറുമ്പരിക്കുകയാവും.

കലശലായ ദാഹമുണ്ട്. മരച്ചട്ടിയിലെ വെള്ളം ഒറ്റ വലിക്കകത്താക്കാൻ തോന്നി. എടുത്തു ചുണ്ടോടടുപ്പിച്ചു. വല്ലാത്ത ദുർഗന്ധം. വെള്ളത്തിന്റെ മണമായിരിക്കയില്ല. ഏതെങ്കിലും മൂലയിൽ കിടന്ന മരച്ചട്ടി കഴുകാതെ കൊണ്ടുവന്നതാവും. ദുർഗന്ധംകൊണ്ടു മൂക്കുപൊളിഞ്ഞാലും വേണ്ടില്ലെന്നു കരുതി ഒരു കവിൾ വെള്ളം വായിലേക്കു വലിച്ചെടുത്തു. അതു കടൽവെള്ളമാണ്. ഉപ്പുരസത്തിന്റെ കാഠിന്യംകൊണ്ട് ഒരു തുള്ളിയെങ്കിലും താഴോട്ടിറങ്ങുന്നില്ല. കിണഞ്ഞു പരിശ്രമിച്ചു. ഛർദ്ദിക്കുകയാണ്. ദാഹിച്ചുമരിച്ചാലും ആ വെള്ളം അകത്തേക്കു കടത്തിവിടാൻ വയ്യെന്നു തീരു

മാനമായപ്പോൾ പൊക്കൻ മരച്ചട്ടി വലിച്ചെറിഞ്ഞു. ദാഹംകൊണ്ട് അകം മുഴുവൻ നീറുകയാണ്...

പിറ്റേന്ന് കാലത്തും ആ നല്ല മനുഷ്യൻ വന്നു; വിശുദ്ധപട്ടക്കാരൻ. അവനെ നോക്കി, സ്നേഹവും ദയയും കലർന്ന സ്വരത്തിൽ, കഴിഞ്ഞ ദിവസം പറഞ്ഞതുമുഴുവൻ അദ്ദേഹം ആവർത്തിച്ചു. അവനു ദാഹിക്കുന്നുണ്ടായിരുന്നു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ അവൻ പതുക്കെ ചോദിച്ചു: "കൊറച്ച് വെള്ളം തര്വോ കുടിക്കാൻ?"

"നിശ്ചയമായും, മകനേ!" അദ്ദേഹം അവന്റെ അടുത്തിരുന്നു. മുറിവുകളിൽ തലോടിക്കൊണ്ട് കൂടെയുള്ള കപ്യാരോടു വെള്ളം കൊണ്ടുവരാൻ ആജ്ഞാപിച്ചു.

വെള്ളം കൊണ്ടുവന്നു.

നല്ല വെള്ളം.

അവൻ ആർത്തിയോടെ വലിച്ചുകുടിച്ചു. എത്രയെന്ന് അവനുതന്നെ അറിഞ്ഞുകൂടാ. നല്ല വെള്ളം കുടിച്ചിട്ട് വളരെ ദിവസമായി.

വിശുദ്ധപാട്ടക്കരൻ കുറെനേരം അവന്റെ സമീപമിരുന്ന് അവനെ ശുശ്രൂഷിച്ചു. അകത്തും പുറത്തുമുള്ള അവന്റെ മുറിവുകൾ ഉണക്കാൻ ശ്രമിച്ചു. അവന്ന് അത്യാവശ്യമായ പലതും നൽകാമെന്ന് അദ്ദേഹം വാക്കുകൊടുത്തു.

സ്വാതന്ത്ര്യം!

ജോലി!

നല്ല ഭക്ഷണം!

ആ നിമിഷംതൊട്ട് അവൻ പുതിയൊരു വഴിത്തിരിവിൽ ചെന്നുമുട്ടി നിൽക്കുകയാണ്. ഒരു വശത്തേക്കു തിരിഞ്ഞാൽ അവിടെ അവനെല്ലാമുണ്ട്. ഭക്ഷണവും ജോലിയും സ്വാതന്ത്ര്യവും. മറുവശത്തേക്കുതിരിഞ്ഞാൽ ജയിലറയും ഇരുട്ടും ചങ്ങലയും ചാട്ടയും പുഴുത്ത കടൽവെള്ളവും മണമേറ്റാൽ ഛർദ്ദിക്കുന്ന സ്രാവിറച്ചിയും!

എങ്ങോട്ടുപോണം?

എല്ലാം അവസാനിപ്പിച്ചവന് എങ്ങോട്ടു പോയാലെന്ത്? അമ്മയെ കാണാനൊക്കില്ല, അച്ഛനെ കാണാനൊക്കില്ല. പാഞ്ചാലിയെ നിർബന്ധമായി മറക്കണം. വളയക്കടപ്പുറത്തെ പഞ്ചാരപ്പൂഴിയിൽ ഇനി കാലുകുത്താൻ പറ്റില്ല. ഇരുണ്ടുകെട്ട ജയിലറയിലിട്ട് ആഗ്രഹങ്ങളെ മുഴുവൻ ചവിട്ടിത്തേക്കണം.

ആണായി ജനിച്ചു. അഭ്യാസം പഠിച്ചു. എന്തിന്? ജയിലിൽ കിടന്നു ദ്രവിക്കാൻ.

അദ്ദേഹം ഇനിയും വരും. ഒന്നു മൂളിയാൽ മതി. ചങ്ങല വലിച്ചെറിയാം. കൈകൾ വീശി, കാലുകൾ വലിച്ചുവെച്ചു മനുഷ്യനെപ്പോലെ നടക്കാം. ഉദയാസ്തമനങ്ങൾ കാണാം. മനുഷ്യരുമായി ഇടപഴകാം.

മതം മാറണമെന്നാണ് അദ്ദേഹത്തിന്റെ നിർബന്ധം.

മാറിയാലെന്ത്?

അച്ഛനും അമ്മയ്ക്കും എന്നെന്നേക്കുമായി പൊക്കൻ നഷ്ടപ്പെട്ടു. പാഞ്ചാലിയും ഒടുവിൽ മറക്കും; മറക്കാതെ നിവൃത്തിയില്ല. പിന്നെ ആർക്കുവേണ്ടി! ഈ ദുരിതമനുഭവിക്കണം?

മതംമാറിയാലെന്ത്? പലതവണ പൊക്കൻ തന്നോടുതന്നെ ചോദിച്ചു. മതം പോയാൽ സ്വാതന്ത്ര്യം കിട്ടും. അതു ചില്ലറനേട്ടമൊന്നുമല്ല. ഐദ്രോസ് പറഞ്ഞ പോലെ ചാടിപ്പോകാനും അത് സൗകര്യമുണ്ടാക്കും.

ചാടിപ്പോകാൻ കഴിഞ്ഞാൽ പകവീട്ടാം.

മതം എന്താണെന്നായി പിന്നത്തെ ആലോചന. എന്താണെന്നവനറിഞ്ഞുകൂടാ. അവനെ അതാരും പഠിപ്പിച്ചിടില്ല. ചെറുപ്പത്തിൽ ഭസ്മവും ചന്ദനവും തൊട്ടിട്ടുണ്ട്. കുളിച്ചുശുചിയോടെ കാവിൽ പോയിട്ടുണ്ട്. കോമരം വെളിച്ചപ്പെട്ടു വരുമ്പോൾ രണ്ടാം മുണ്ടെടുത്തു കക്ഷത്തുവെച്ചു ഭയഭക്തിബഹുമാനങ്ങളോടെ നിന്നിട്ടുണ്ട്. നോൽമ്പെടുത്തിട്ടുണ്ട്. ജപിച്ചിട്ടുണ്ട്.

ഇതാണോ മതം?

ആയിരിക്കണം. അല്ലാതെ തന്റെ മതത്തിന്ന് മറ്റൊരു ലക്ഷണവും അവൻ കാണുന്നില്ല. കപ്പലിലെ ഇരുട്ടറയിൽ കിടന്ന് ദാഹിച്ചു പൊരിഞ്ഞപ്പോൾ, നട്ടുച്ച വെയിലിൽ തിളച്ചുമറിഞ്ഞ വെള്ള്യാൻകല്ലിൽ കിടന്ന് തന്റെ മാംസം ചുട്ടുകരിഞ്ഞപ്പോൾ, അവൻ വേട്ടുവശ്ശേരിക്കാവിലമ്മയെ വിളിച്ചിട്ടുണ്ട്. പറങ്കികൾ മാന്തളിർ പോലുള്ള ഒരു പെൺകുട്ടിയെ മാനഭംഗം ചെയ്തു കൊന്നപ്പോ ഗുരുപുണ്യക്കാവിലെ ഭഗവതിയെ അവൻ നൊന്തു വിളിച്ചിട്ടുണ്ട്.

അവന്റെ വിളി ആരും കേട്ടില്ല.

ഗുരുപുണ്യകാവിലും വേട്ടുവശ്ശേരിക്കാവിലും പോകാൻ കഴിയുമെങ്കിൽ അവന് മതം മാറണമെന്നില്ല. എങ്ങനെ കഴിയും?

ജയിലറയിലെ കൂരിരുട്ടും നിശ്ശബ്ദതയും മറ്റെന്നത്തെക്കാളുമധികം അവനെ ശല്യപ്പെടുത്തി. ആ കണ്ണുപൊട്ടൻമിണ്ടാതെ കിടക്കുന്നതെന്ത്? വല്ല ശബ്ദവുമുണ്ടാക്കരുതോ?

പൊക്കൻ എഴുന്നേറ്റിരുന്നു. നഗ്നമായ പുറത്ത് ഉറുമ്പരിക്കുന്നുണ്ട്. തുടച്ചുകളയാൻ കൈ പുറകോട്ടു നീട്ടി. നീട്ടിയ കൈ ഒരു പാത്രത്തിലാണു തട്ടിയത്.

നിറച്ചും വെള്ളം! പാത്രത്തിനു ദുർഗന്ധമില്ല. അവൻ കുടിച്ചു. മതിവരുവോളം. പാത്രം കീഴെ വെച്ചപ്പോൾ മറ്റൊരു പാത്രത്തിൽ തട്ടി. പൊരിച്ച മത്സ്യവും ഗോതമ്പുറൊട്ടിയുമാണതിൽ. എല്ലാം ആ നല്ല മനുഷ്യൻ തനിക്കു വേണ്ടി ഒരുക്കിവെച്ചതാണ്.

തൃപ്തിയോടെ ഭക്ഷിച്ചു. മനുഷ്യനെപ്പോലെ നീണ്ടു നിവർന്നു കിടന്നുറങ്ങാനാണ് തോന്നിയത്. ഉറങ്ങി.

പിറ്റേന്നും കപ്യാരെയും കൂട്ടി വിശുദ്ധപട്ടക്കാരൻ വന്നു. മോചനത്തിനുള്ള മാർഗങ്ങൾ നിർദ്ദേശിച്ചു. ഇത്തവണ എല്ലാം മൂളിക്കൊണ്ട് അവൻ കേട്ടു. അങ്ങനെ ആ

സമാഗമം ഇടതടവില്ലാതെ നടന്നു. "ഇതാ സർവ്വവല്ലഭനായ കർത്താവ് തന്റെ സത്യസഭയിലേക്കു നിന്നെ ക്ഷണിക്കുന്നു."

ഒരു ദിവസം വിശുദ്ധപട്ടക്കാരൻ ആ വാചകം പൂർത്തിയാക്കും മുമ്പ് പൊക്കൻ ആവേശത്തോടെ വിളിച്ചുപറഞ്ഞു: "ഞാൻ വരുന്നു."

വിശുദ്ധപട്ടക്കാരൻ സന്തോഷമായി. ത്രികാലജപം ഉച്ചരിച്ചുകൊണ്ട് കുരിശുരൂപത്തിൽ കൈകൾ ചലിപ്പിച്ച്, നെറ്റിയിലും മാറത്തും ചുമലുകളിലും സ്പർശിച്ച്, "ബാവായ്ക്കും പുത്രനും റൂഹാദക്കുദിശായിക്കും സ്തുതിയായിരിക്കട്ടെ!" എന്നു മെല്ലെ പറഞ്ഞു.

പൊക്കനെ മുട്ടുകുത്തി ഇരുത്തി. "നന്മനിറഞ്ഞ മറിയമേ, നിനക്കു സ്വസ്തി..."

പട്ടക്കാരൻ പാതി കേട്ടും പാതി കേൾക്കാതെയും പലതും മന്ത്രിച്ചു. ഒടുവിൽ അവനോടായി ഉച്ചത്തിൽ ഇങ്ങനെ പറഞ്ഞു; "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിന്നെ ജ്ഞാനസ്നാനപ്പെടുത്താൻ പോകുന്നു. ദൈവത്തിൽ വിശ്വസിക്കുന്നോ?"

പൊക്കൻ വിശുദ്ധപട്ടക്കാരന്റെ മുഖത്തുനോക്കി ഒന്നും പറയാതെ മിഴിച്ചിരുന്നു.

"വിശ്വസിക്കുന്നെന്നു പറയൂ." അദ്ദേഹം കൽപിച്ചു.

"വിശ്വസിക്കുന്നു." പൊക്കൻപറഞ്ഞു.

"സാത്താനെ ഉപേക്ഷിക്കുന്നോ?" അദ്ദേഹം പിന്നെയും ചോദിച്ചു. പൊക്കൻ പഴയപടി മിണ്ടാതെ ഇരുന്നു. "ഉപേക്ഷിക്കുന്നെന്നു പറയൂ." അദ്ദേഹം രണ്ടാമതും കല്പിച്ചു.

"ഉപേക്ഷിക്കുന്നു." പൊക്കൻ പറഞ്ഞു.

അപ്പോൾ വിശുദ്ധപട്ടക്കാരൻ വലംകൈ ഉയർത്തി അവന്റെ ശിരസ്സിൽ കുരിശടയാളം വരച്ചു. കണ്ണടച്ച് അസ്പഷ്ടമായി എന്തോ ഉരുവിട്ടു. അവന്റെ ശിരസ്സിനുനേരെ വിശുദ്ധപുസ്തകം ഉയർത്തി കണ്ണുകളടച്ച് പിന്നെയും എന്തോ ഉരുവിട്ടു.

കപ്യാർ കൈയിലെടുത്ത സ്വർണപ്പാത്രത്തിൽ നിന്ന് ആനാംവെള്ളമെടുത്ത് അവന്റെ ശിരസ്സിൽ തളിച്ചു. വിശുദ്ധ പുസ്തകം മുത്തിച്ചു. തന്റെ കൈകളിൽ ഞാന്നു കിടക്കുന്ന സ്വർണ്ണാങ്കിതമായ അലുക്കുകളണിഞ്ഞ ഉറുമാൽ അഴിച്ചു മുത്തിച്ചു. വിശുദ്ധപട്ടക്കാരൻ അതു കപ്യാരെ ഏൽപ്പിക്കുകയും അവനെ സത്യക്രിസ്ത്യാനിയായി പ്രഖ്യാപിക്കുകയും ചെയ്തു.

അങ്കിയുടെ കീശയിൽ നിന്ന് പരിശുദ്ധവ്യാകുലമാതാവിന്റെ പാപികളെ കടാക്ഷിക്കുന്ന ഒരു പടം പൊക്കനു സമ്മാനിച്ചു. പിന്നീട്, ക്രിസ്തു മൂന്നാണികളിൽ ക്രൂശിക്കപ്പെട്ട് അന്ത്യവിശ്രമം കൊള്ളുന്ന ഒരു ചെറിയ വെള്ളിക്കുരിശെടുത്ത് വാഴ്ത്തി ചരടിൽ കോർത്ത് അവന്റെ കഴുത്തിൽ കെട്ടിച്ചു. കറുത്ത കല്ലുകളിൽ വെള്ളിനാരുപാകിയ ഒരു കൊന്തയും കൊടുത്തു. അവന്റെ നെറ്റിയിൽ കുരിശു വരച്ചു. എഴുന്നേൽപ്പിച്ചു മാറോടണച്ചു പുൽകി.

“പാപികളെ രക്ഷിച്ച ക്രിസ്തു നിനക്കു മാപ്പു നൽകിയിരിക്കുന്നു. നീ അവന്റെ നല്ല കുഞ്ഞായി മാറിയിരിക്കുന്നു. ഇന്നുമുതൽ മിശിഹായുടെ നാമത്തിൽ നീ ‘ഫർണാണ്ടസ്’ എന്നു വിളിക്കപ്പെടും”

പൊക്കൻ ‘ഫർണാണ്ടസ്’ ആയി. ജയിലറയുടെ വാതിൽ തുറന്നു. പകൽവെളിച്ചത്തിലേക്ക് അവൻ ഊളിയിട്ടിറങ്ങി. കാലിലും കൈയിലും അപ്പോഴും ചങ്ങലകളുണ്ടായിരുന്നു. അത് അഴിച്ചുമാറ്റില്ലേ? പിന്നെയും പലനാൾ അവനോടുതന്നെ ആ ചോദ്യം ചോദിക്കേണ്ടിവന്നു.

നഗരത്തിന് പുറത്ത് വടക്കുകിഴക്കു മാറി മാൻഡവീനദിയുടെ തീരത്തു പറങ്കികൾക്ക് ഒരു കപ്പൽനിർമ്മാണശാലയുണ്ട്. അവിടെ ആയിരക്കണക്കിൽ അടിമകൾതിരക്കിട്ടു ജോലി ചെയ്യുന്നു. കടൽയുദ്ധത്തിന്നു ധാരാളം കപ്പലുകൾ വേണം. ഓരോ ഏറ്റുമുട്ടലിലും കേടു വന്ന കപ്പലുകൾ പുതുക്കണം. എല്ലാം അവിടെവെച്ചു നടക്കുന്നു. ജോലിക്കാർക്കു നല്ല ഭക്ഷണവും കഷ്ടിച്ചു ബുദ്ധിമുട്ടുകൂടാതെ കഴിച്ചുകൂട്ടാനുള്ള പാർപ്പിടങ്ങളുമുണ്ട്. പക്ഷെ, സ്വാതന്ത്ര്യം മാത്രമില്ല. എല്ലാവരെയും ചങ്ങലയ്ക്കിട്ടാണ് ജോലിചെയ്യിക്കുന്നത്. കാവലിന്ന് ആയുധധാരികളായ പട്ടാളക്കാരുമുണ്ട്.

ഫർണാണ്ടസ്സും ആ മഹാപ്രവാഹത്തിൽ ഒരു മഴത്തുള്ളിയായി ചെന്നുവീണു. അവിടെ വിശുദ്ധപട്ടക്കാരൻ വരാറില്ല. ഞായറാഴ്ച ദിവസം ഒഴിവാണ്. വല്ലവർക്കും ദേവാലയത്തിൽ ചെന്നു പ്രാർത്ഥിക്കണമെന്നുണ്ടെങ്കിൽ പട്ടാളക്കാർ കൊണ്ടുപോകും. വിശുദ്ധപട്ടക്കാരനെ കണ്ടെത്തിയാൽ കാലിനും കൈയ്ക്കുമുള്ള ചങ്ങലകളുടെ കാര്യം പറയാമെന്നു കരുതി രണ്ടുമൂന്നു ഞായറാഴ്ച മുടങ്ങാതെ ഫർണാണ്ടസ് ദേവാലയത്തിലേക്കു പോയി. അവിടെ വിശുദ്ധപട്ടക്കാരനും കപ്യാരുമുണ്ട്. പക്ഷേ, അവന്നു പരിചമയമുള്ളവരല്ല. സംശയങ്ങളത്രയും ഉള്ളിൽ വെച്ചുകൊണ്ടു തിരിച്ചുപോന്നു. പിന്നെ പോയില്ല.

പണി പൂർത്തിയായ ഒരു കപ്പൽ വെള്ളത്തിലിറക്കുന്നതിനു തീരുമാനിച്ചു. അതു വലിയൊരാഘോഷമാണ്. തൊഴിലാളികൾ മുഴുവൻ ഒത്തുകൂടും. അവർക്കു മധുരപലഹാരങ്ങൾ നൽകും. തൊഴിലാളികൾ നദീതീരത്ത് അങ്ങോട്ടുമിങ്ങോട്ടും മുട്ടിയുരുമ്മി നടന്നു. ചുറ്റുപാടും അലങ്കരിച്ചൊരുക്കീട്ടുണ്ട്. പട്ടണത്തിൽ നിന്നു നദീതീരം വരെയുള്ള വഴികളിൽ തോരണങ്ങളും കമാനങ്ങളുമുണ്ട്. വൈസ്രോയിയാണ് കപ്പൽവെള്ളത്തിലറക്കുന്ന ചടങ്ങിനു നേതൃത്വം നൽകുന്നത്. പട്ടണത്തിലെ പ്രഭുക്കന്മാരും പ്രമാണിമാരും വ്യാപാരികളുമൊക്കെ തടിച്ചുകൂടീട്ടുണ്ട്. ഉരുക്കുതൊപ്പിയും വെണ്മഴുവുമേന്തിയ പട്ടാളക്കാർ വരിവരിയായി വൈസ്രോയിക്ക് അഭിവാദ്യമർപ്പിക്കാൻ കാത്തുനിൽക്കുന്നു.

ഫർണാണ്ടസ് ലക്ഷ്യമില്ലാതെ നടന്നു. അവൻ ഇപ്പോൾ മതത്തെപ്പറ്റി ചിന്തിക്കാറില്ല. അതൊരു സ്വപ്നംപോലെ മാഞ്ഞുതുടങ്ങിയിരിക്കുന്നു. അല്പം സ്വാത്രന്ത്യം കിട്ടീട്ടുണ്ട്. അതു വെച്ചുകൊണ്ട് സദാഭാവി കരുപ്പിടിക്കുന്ന തിരക്കാണ്. തഞ്ചം കിട്ടിയാൽ ചാടണം. അനുഭവിച്ച വേദനകൾക്ക് മുഴുവനും പ്രതികാരം ചെയ്യണം.

ആ ഒരു വിചാരമേയുള്ളു. വൈസ്രോയി വരുന്ന ബഹളത്തിൽ ഏതെങ്കിലും വഴിക്കു കടന്നുകളയാൻ തരപ്പെട്ടുമോ? അതാണ് നേട്ടം. നദീതീരത്തിലൂടെ ലക്ഷ്യമില്ലാത്തവനെപ്പോലെ അലഞ്ഞുനടക്കുമ്പോൾ അതിന്റെ ആഴം കണ്ടുപിടിക്കാനുള്ള ശ്രമമാണ് അവൻ നടത്തിയത്. വലിയ ഒരു ചട്ടി കിട്ടണം. അതിന് ഒരു തുളയുണ്ടാക്കണം. അതു തലയിൽ കമിഴ്ത്തി നദിയിലേക്കിറങ്ങണം. ആർക്കും സംശയം തോന്നില്ല. പക്ഷേ, വെള്ളം കൂടുതലുണ്ടെങ്കിലാണ് കുഴപ്പം. ചങ്ങലയിട്ട കാലുകൾ കൊണ്ട് അധികനേരം തുഴയനാവില്ല.

പെട്ടെന്നൊരു വിളി കേട്ടു:

"പൊക്കി"

അവൻ ഞെട്ടിത്തിരിഞ്ഞുനോക്കി. ഐദ്രോസ്! ചങ്ങലയുടെ നീളം അനുവദിക്കുവോളം കാലുകൾ നീട്ടി വലിച്ചുവെച്ച് ഐദ്രോസ് നടന്നു.

"ആ പന്ന്യേള് അന്നെ കൊല്ലാതെ ബിട്ടോ, പഹയാ?" ഐദ്രോസ് അടുത്തു വന്നു ചോദിച്ചു. ഫർണാണ്ടസ് മിണ്ടിയില്ല.

"ജ്ജെന്താ മുണ്ടാത്തത്?"

പിന്നെയും മൗനം. "അന്റെ നാക്ക് പറങ്ക്യേള് അരിഞ്ഞെടുത്തോ? പൊക്കാ?"

"ഞാൻ പൊക്കനല്ല."

"എന്ത്?" ഐദ്രോസ് പൊക്കനെ സൂക്ഷിച്ചുനോക്കി. ജയിലിൽ കിടന്നും മർദ്ദനമേറ്റും പൊക്കനു ചിത്തഭ്രമം ബാധിച്ചുപോയോ?

"എന്നെയിനി പൊക്കാന്ന് വിളിക്കണ്ടാ. ഞാൻ ഫർണാണ്ടസ്സാ."

ഐദ്രോസ് ആ കുരിശു കണ്ടു. അവന്റെ മുഖഭാവം മാറി. സൗഹൃദവും വാത്സല്യവും മാഞ്ഞു. അറപ്പും വിദ്വേഷവും അവിടെ സ്ഥലം പിടിച്ചു.

"അപ്പം ജ്ജെന്താ കാണിച്ചത്?" ഐദ്രോസിന്റെ സ്വരം പരുഷമായിരുന്നു; "മതം മാറിയോ?"

"ഉം." ഫർണാണ്ടസ് മൂളി.

"ന്റെ ഹമുക്കേ!" ഐദ്രോസിന്റെ കൈ ഊക്കോടെ ഫർണാണ്ടസിന്റെ പിരടിയിൽ വീണു. ഫർണാണ്ടസ്സ് മരംപോലെ നിന്നു. അവന്റെ മുഖം വികാരശൂന്യമായിരുന്നു. ഐദ്രോസ് ക്ഷോഭിക്കുന്നതെന്തിനാണെന്ന് അവനു മനസ്സിലായില്ല. മറ്റൊരാളുടെ കൈ തന്റെ പിരടിയിൽ വീണിട്ട് അന്ന് നടാടെയാണ് പകരം ചോദിക്കാൻ തോന്നാതിരുന്നത്. ഐദ്രോസ് തല്ലിയതെന്തിനെന്ന് അറിഞ്ഞുകൂടെങ്കിലും അതു കേവലം അനാവശ്യമാണെന്നു തോന്നിയില്ല. അർഹിക്കുന്നതാണ് തനിക്കു കിട്ടിയതെന്ന് ഉള്ളിൽനിന്ന് ആരോ പറയുമ്പോലെ. ഐദ്രോസിനു സഹിക്കുന്നില്ല. പല്ലുകടിച്ചുകൊണ്ട് അവൻ പിന്നെയും പറഞ്ഞു; "എടാ ഇജ്ജ് ഇത് കണ്ടോ?" മാറത്തും പുറത്തുമുള്ള കറുത്ത വലിയ പാടുകൾ, കടുത്ത മർദ്ദനത്തിന്റെ ഓർമ്മക്കുറിപ്പുകൾപോലെ കിടക്കുന്നു. "ഇതൊക്കെ ഞമ്മക്ക് കിട്ട്യ കൂല്യാ.

എന്തിന്? മതം മാറാഞ്ഞിറ്റ്. ജ്ജ് കേക്ക്ണ്ണ്ടോ? മനിസമ്മാരായാല് ഇച്ചിരി ഉസിർ മേണ്ടെടാ." കാർക്കിച്ചു നിലത്തു തുപ്പി തിരിഞ്ഞുനോക്കാതെ ഐദ്രോസ് നടന്നു. നടക്കുമ്പോൾ ഇതുകൂടി പറഞ്ഞു: "ആ ഉസിര്ള്ള ബാല്യേക്കാരന്ണ്ടല്ലോ; പൊക്കൻ-ഓൻ മൈയെത്തായിപ്പോയെടാ."

ഫർണാണ്ടസ്സ് പിന്നാലെ ചെന്നു. എല്ലാ കാര്യങ്ങളും വിസ്തരിച്ചു പറഞ്ഞു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ ഐദ്രോസ് ചോദിച്ചു: "എന്നാലും ന്റെ സൈത്താനേ, അനക്ക് ചത്തൂടായിനോ?"

അതു പുതിയോരാശയമല്ല. ചാവാൻ തയ്യാറായിരുന്നു. പക്ഷേ, അതിനു തരപ്പെട്ടില്ല. ഒടുവിലാണ് ആ തീരുമാനമെടുത്തത്. ചാവുന്നതു പകവീട്ടീട്ട്. മാനഭംഗം ചെയ്ത് കൊന്ന പെങ്ങന്മാർക്കുവേണ്ടി, തന്നെപ്പോലെ നരകിക്കുന്ന ആയിരമായിരം ചെറുപ്പക്കാർക്കുവേണ്ടി, പറങ്കികളോടു പകവിട്ടണം. ആ ലക്ഷ്യത്തിനുവേണ്ടി എന്തു വില കൊടുക്കാനും പൊക്കൻ തയ്യാറായിരുന്നു. ആദ്യം പണയപ്പെടുത്തിയത്: മതത്തെയാണ്. അതൊരു തെറ്റാണെന്നു വിശ്വസിക്കാൻ അവനു കഴിഞ്ഞില്ല. ഐദ്രോസ് ക്ഷോഭിച്ച സമയമാണ്. പറഞ്ഞാൽ മനസ്സിലാവില്ല. പൊക്കനും ഫർണാണ്ടസ്സും വിചാരത്തിലും വികാരത്തിലും ഒന്നാണെന്നു പറഞ്ഞു മനസ്സിലാക്കാൻ അവനു കഴിഞ്ഞേനേ. ഐദ്രോസ് ക്ഷോഭിക്കരുത്. വാദിച്ചു ലഹളകൂട്ടാതെ ആദ്യം മുതൽ മുഴുവനും കേൾക്കാനൊരുങ്ങണം.

ചെവിടടപ്പിച്ചുകൊണ്ട് ആചാരവെടികൾ മുഴങ്ങി. വൈസ്രോയിയുടെ എഴുന്നള്ളത്താണ്. ജനസമൂഹം ഇരമ്പിമറിഞ്ഞു. തിരക്കിൽ ഫർണാണ്ടസ്സും ഐദ്രോസും രണ്ടുവശത്തേക്ക് ഒഴുകിപ്പോയി. മാൻഡവീനദിയിലെ കൊച്ചോളങ്ങളിൽ തട്ടിവരുന്ന തണുപ്പുകാറ്റേറ്റ് ഫർണാണ്ടസ്സ് പൂഴിയിലിരുന്നു. ചുറ്റുപാടുമുള്ള ബഹളത്തിൽ അവൻ പെട്ടില്ല. വൈസ്രോയിയെ ഒന്നു കാണണമെന്ന് അവൻ തോന്നിയില്ല. ഐദ്രോസിന്റെ പെരുമാറ്റത്തെക്കുറിച്ചുതന്നെ അവൻ ആലോചിച്ചു. മതത്തെപ്പറ്റി ഇത്രയധികം ബഹളംകൂട്ടാനും ശുണ്ഠിപിടിക്കാനും കാരണമെന്തെന്ന് അവനു മനസ്സിലായില്ല. എളുപ്പത്തിൽ മാറാൻ കഴിയുന്ന ഒന്നാണ് മതമെങ്കിൽ മതത്തിന്റെ പേരിൽ ആരും ബഹളംകൂട്ടേണ്ടതില്ലല്ലോ. ആവശ്യമെന്നു തോന്നിയാൽ ഒന്നിൽ നിന്നു മാറി മറ്റൊന്നിൽ പോകാം.

ആഘോഷമവസാനിച്ചു. വൈസ്രോയിയടക്കം നഗരത്തിൽനിന്ന് വന്നവരൊക്കെ നഗരത്തിലേക്കു പോയി. അടിമകളുടെ താവളങ്ങളിൽ സന്ധ്യവിളക്കെരിഞ്ഞു. ജനങ്ങൾ ചവിട്ടിക്കുതിർത്ത പൂഴിമണ്ണിലൂടെ ഫർണാണ്ടസ്സ് എഴുന്നേറ്റു നടന്നു. ഒരു കൊല്ലം കഴിഞ്ഞു. എന്നും മരക്കഷ്ണങ്ങൾ ചുമക്കലാണ് ജോലി. മറ്റൊന്നിനോടും ഇപ്പോൾ ബന്ധമില്ല. പുതിയ കൂട്ടുകാരെ സമ്പാദിക്കാനോ സൗഹൃദം സ്ഥാപിക്കാനോ ഫർണാണ്ടസ്സ് ഒരുങ്ങിയില്ല. ഇരുമ്പും ഉരുക്കും കലർത്തി പുതിയൊരു മനുഷ്യനെ വാർത്തെടുക്കുന്ന തിരക്കായിരുന്നു. ആരോടും മമതയില്ലാത്ത, എല്ലാവരേയും വെറുക്കുന്ന, എന്തും നശിപ്പിക്കാനാഗ്രഹിക്കുന്ന, ഒരു പുത്തൻ മനു

ഷ്യൻ പൊക്കനെ ചവിട്ടിത്താഴ്ത്തി അവന്റെ നെഞ്ചിൽ കാലമർത്തിക്കൊണ്ടു പിളർന്നു അതായിരുന്നു ഫർണാണ്ടസ്. ആരോടും ഒന്നും മിണ്ടാതെ നിരന്തരം ജോലി ചെയ്യും. ജോലിസ്ഥലത്തുവെച്ച് ഐഡ്രോസിനെ പലപ്പോഴും കണ്ടിട്ടുണ്ട്. മിണ്ടാൻ പോയില്ല. മതി. തനിക്കാരുമില്ലെന്നൊരു വിശ്വാസം, താനാർക്കും ചുമതലപ്പെട്ടവനല്ലെന്നൊരു തോന്നൽ, ഫർണാണ്ടസ്സിൽ വേരുറച്ചുവന്നു. ഒഴിവുസമയത്തു പറങ്കികളുടെ ഭാഷ പഠിക്കാൻ അവൻ ശ്രമിച്ചു. അതിൽ താൽപര്യമുള്ള അടിമകളെ പഠിപ്പിക്കാൻ പാതിരിമാർ വരാറുണ്ട്. അവൻ തിരക്കിട്ടു പഠിച്ചു. ഉപകാരമുണ്ടാവും.

അറബിക്കടലിലും ഹിന്ദുസമുദ്രത്തിലും ബംഗാൾ ഉൾക്കടലിലും വിജയകരമായ ഒരു പര്യടനം നടത്തി മസ്കരനസ്സ് തിരിച്ചെത്തിയത് ആയിടയ്ക്കാണ്. പറങ്കിക്കപ്പിത്താന്മാരുടെ സമുദ്രപര്യടനത്തിനു തട്ടിപ്പറിയും കൈയേറ്റവുമാണെന്നർത്ഥം. അഞ്ചോ പത്തോ കപ്പലുകളും ഏതാനും പടത്തോണികളുമായി കപ്പിത്താന്മാർ പുറപ്പെടും. വഴിയിൽ കാണുന്ന വ്യാപാരക്കപ്പലുകൾ കൊള്ളചെയ്യും. തുറമുഖങ്ങൾ ആക്രമിക്കും. അങ്ങുമിങ്ങുമുള്ള രാജാക്കന്മാരെ പൊറുതികെടുത്തി, തങ്ങളുടെ അധീനത്തിൽ കൊണ്ടുവരും; അധീശത്വം സ്ഥാപിക്കും. ഒടുവിൽ കൊള്ളചെയ്തു കിട്ടിയ മുതലും ധാരാളം അടിമകളെയുംകൊണ്ടു തിരിച്ചുപോരും. ഇതാണ് സമുദ്ര പര്യടനം.

മസ്കരനസ്സിന്റെ പര്യടനം വലിയൊരു വിജയമായിരുന്നു. അയാൾ ഗോവാതുറമുഖത്തുനിന്നു പുറപ്പെട്ടത് ഒരു കൊല്ലംമുമ്പാണ്. നിറഞ്ഞ കപ്പലുകളുമായി തിരിച്ചുവന്നു. മറ്റുള്ള കപ്പിത്താന്മാർ ആ നേട്ടം കണ്ട് അമ്പരന്നു. കപ്പലുകൾ തുറമുഖത്തടുക്കുമ്പോൾ ഗോവയിലെ മുഴവൻ ജനങ്ങളും സ്വീകരണത്തിനുവേണ്ടി ഓടിക്കിതച്ചെത്തി. തങ്ങളുടെ നേതാവിനെ ആർത്തുവിളിച്ച് അഭിവാദ്യം ചെയ്തു. കപ്പൽത്തട്ടിൽ വെച്ചു മസ്കരനസ്സിനെ വൈസ്രോയി കെട്ടിപ്പിടിച്ചു ചുംബിച്ചു. അത്ര വലിയൊരു ബഹുമതി മറ്റാർക്കും അതുവരെ കിട്ടിയിട്ടില്ല. ഏലവും കുരുമുളകും ഇഞ്ചിയും ആനക്കൊമ്പും ചുമന്നുകൊണ്ട് അടിമകൾ പുറത്തേക്കുവന്നു. പുതിയ അടിമകൾ വരിവരിയായി ചങ്ങലകൾ ചലിപ്പിച്ചുകൊണ്ടു നടന്നു. കൂട്ടത്തിൽ ധാരാളം പെണ്ണുങ്ങളുമുണ്ട്. എത്ര അഭിനന്ദിച്ചാലും അധികമാവാത്ത നേട്ടം.

അന്നുതന്നെ വൈകീട്ട് ജോ ഡിസിൽവ വൈസ്രോയിയെ കണ്ടു. ചെറുപ്പക്കാരനും അഭ്യാസനിപുണനുമായ ഒരു പട്ടാളമേധാവിയാണ് ജോ ഡിസിൽവ. താനൊരു കപ്പൽപ്പടയെ നയിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അതിന്ന് അനുമതി നൽകണമെന്നും അയാൾ വൈസ്രോയിയെ അറിയിച്ചു. കടൽയുദ്ധങ്ങളിൽ പലതിലും പ്രശസ്തമായ പങ്കു വഹിച്ചിട്ടുണ്ടെന്നല്ലാതെ, ഡിസിൽവ അന്നോളമൊരു കപ്പൽപടയക്കു നേതൃത്വം നൽകിയിട്ടില്ല. ആ ചെറുപ്പക്കാരന്റെ കണ്ണുകളിൽ ഭാവിയിലേക്കുള്ള മഹത്തായ വാഗ്ദാനങ്ങൾ ഒളിഞ്ഞു കിടക്കുന്നുണ്ടെന്ന് വൈസ്രോയി മനസ്സിലാക്കി.

ആവേശഭരിതനായിട്ടാണ് ഡിസിൽവ വൈസ്രോയി മന്ദിരത്തിൽ നിന്നു പുറത്തുകടന്നത്. അയാളുടെ മനസ്സ് തുറമുഖങ്ങളിൽ നിന്നു തുറമുഖങ്ങളിലേക്കും ദ്വീ

പുകളിൽ നിന്നു ദ്വീപുകളിലേക്കും ചിറകടിച്ചു പാറി. കപ്പലുകൾ പരിശോധിച്ചൊരുക്കണം. തണ്ടുവലിക്കുള്ള അടിമകളെ തിരഞ്ഞെടുക്കണം. എല്ലാം ധൃതിയിൽ നടക്കണം. അമ്പരപ്പിക്കുന്ന വിജയവുമായി തിരിച്ചെത്തണം. ആ ഒരു വിചാരമേ അപ്പോൾ ഡിസിൽവയ്ക്കുണ്ടായിരുന്നുള്ളൂ.

കപ്പൽജോലിയിലേർപ്പെട്ട അടിമകൾ മുഴുവനും ഒരുനാൾ രാവിലെ നദീതീരത്തെത്തണമെന്നു കല്പനയായി. മിടുക്കുള്ളവരെ ഡിസിൽവയ്ക്കു തിരഞ്ഞെടുക്കണം. അടിമകൾ വരിവരിയായി നിന്നു. ഡിസിൽവ ഏതാനും അനുയായികളോടുകൂടി തിരഞ്ഞെടുപ്പിന് വന്നു.

പരദുഃഖത്തിൽ സന്തോഷംകൊള്ളുന്ന സ്വഭാവക്കാരനാണ് ഡിസിൽവ. വേദനകൊണ്ടു പിടയുന്ന ജീവികളെ കാണുമ്പോൾ അയാൾക്കു ചിരിവരും. പരിശോധന ഒരു പ്രത്യേക രീതിയിലായിരുന്നു. ഇളംചുവപ്പുനിറത്തിൽ തടിച്ച് ഉയരംകൂടിയ ആ മനുഷ്യൻ ഓരോ അടിമയേയും സമീപിക്കും. കണ്ണുകളിലേക്കുറ്റുനോക്കും. പെട്ടെന്നു മുഷ്ടിചുരുട്ടി നെഞ്ചിലൊരു ഇടി വെച്ചുകൊടുക്കും. ഇടികൊണ്ടു വീഴുന്ന അടിമയെ നോക്കി പൊട്ടിച്ചിരിക്കും. വീഴാതെ നിൽക്കുന്നവനെ തന്റെ സംഘത്തിലേക്കു ചേർക്കും. ചിലർ വീണു. ചിലർ പിന്നോട്ടാഞ്ഞു. ചിലർ ഓർക്കാപ്പുറത്ത് ഇടി കിട്ടി വാവിട്ടു കരഞ്ഞു.

ഫർണാണ്ടസ്സിനെ കണ്ടപ്പോൾ ഡിസിൽവയ്ക്കു കൗതുകം തോന്നി. വിരിഞ്ഞ മാറും ആയാസദൃഢങ്ങളായ അവയവങ്ങളും. കൊള്ളാം ഒറ്റയ്ക്കൊരു കപ്പൽത്തണ്ടു വലിച്ചു നീക്കാൻ കഴിവുള്ള ചെറുപ്പക്കാരൻ! ഇടിക്കാതെ വിടരുത്; ഇടിക്കണം. ഡിസിൽവ ഫർണാണ്ടസ്സിനെ സമീപിച്ചു. ഫർണാണ്ടസ്സിന്റെ മുഖത്തു നീണ്ടുവളർന്ന താടി കണ്ടപ്പോൾ മാറിലിടിക്കാനല്ല തോന്നിയത്. ആ താടിയൊന്നു പിടിച്ചു വലിക്കാനാണ്. ഡിസിൽവ ഫർണാണ്ടസ്സിന്റെ താടി പിടിച്ച് ഒന്നുകുലുക്കി. ഫർണാണ്ടസ്സിന് അതു രസിച്ചില്ല. അവൻ ഊക്കിലൊരു തട്ടുകൊടുത്തു. തട്ടുകൊണ്ട് ഡിസിൽവ പിന്നോട്ടാഞ്ഞു. അതു പ്രതീക്ഷിക്കാത്തതാണ്. വിശേഷിച്ച്, ഒരടിമ അങ്ങനെ ധിക്കാരമായി പെരുമാറുമെന്ന് ആരും പ്രതീക്ഷിച്ചില്ല. ചുറ്റുമുള്ള അടിമകൾ പേടിച്ചു വിറച്ചു. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ഉറ്റുനോക്കി.

ഒന്നും സംഭവിച്ചില്ല. ഫർണാണ്ടസ്സിന്റെ മാറിൽ തൂങ്ങുന്ന കുരിശു ഡിസിൽവ കണ്ടു. ആ അടിമയുടെ പേരെന്തെന്ന് സ്വന്തം ഭാഷയിൽ ചോദിച്ചു.

"ഫർണാണ്ടസ്സ്." അതേ ഭാഷയിൽത്തന്നെ ഫർണാണ്ടസ് ഉത്തരം പറഞ്ഞു.

ഡിസിൽവയ്ക്കു കൂടുതൽ ഇഷ്ടമായി. പരീക്ഷണങ്ങൾ പിന്നീടൊന്നും നടന്നില്ല. തിരിച്ചുപോകുമ്പോൾ അടുത്ത ഞായറാഴ്ച രാവിലെ തന്റെ സംഘത്തിലേക്കു തിരഞ്ഞെടുത്ത അടിമകളെ തുറമുഖത്തേക്കു കൊണ്ടുവരാൻ ഡിസിൽവ കല്പിച്ചു.

ജോലിസ്ഥലത്തേക്കു നടക്കുമ്പോൾ ഫർണാണ്ടസ് ആലോചിച്ചു. വളയക്കടപ്പുറത്തുനിന്നു വെള്ള്യാൻകല്ലിലേക്ക്, അവിടെനിന്നു കപ്പലിലെ ഇരുട്ടറയിലേക്ക്,

അവിടെനിന്നു ഗോവയിലെ നാശംപിടിച്ച ജയിലിലേക്ക്. പിന്നെ അടിമച്ചന്തയിലേക്ക്, വീണ്ടും ജയിലിലേക്ക്. പൊക്കൻ അവിടെ കിടന്നു മരിച്ചു. അവന്റെ ശവത്തിൽ ചവിട്ടി ഫർണാണ്ടസ് എഴുന്നേറ്റുനിന്നു. ഇനി ഫർണാണ്ടസ്സിന്റെ യാത്രയാണ്. നദീതീരത്തുള്ള തൊഴിൽശാലയിൽ വന്നു. ഇനിയിതാ തുറമുഖത്തേക്കു പുറപ്പെടുന്നു. അതു കഴിഞ്ഞു കടലിലേക്ക്; പിന്നെയോ?

— 12 —

# പന്ത്രണ്ട്

മുമ്പോട്ട് കുനിയുമ്പോൾ തണ്ടിന്റെ തലപ്പ് കടൽവെള്ളത്തിൽ ആഞ്ഞിറങ്ങും. ഉടനെ പിറകോട്ട് വലിക്കണം. അപ്പോൾ ശരീരം, കുലയേറ്റുന്ന വില്ലുപോലെ വളയും. അങ്ങനെ കുനിഞ്ഞും ഞെളിഞ്ഞും തണ്ടുവലിക്കാൻ തുടങ്ങീട്ട് പത്തു ദിവസമായി. ചരടുവലികൊണ്ടു പ്രവർത്തിക്കുന്ന ഒരു മരപ്പാവപോലെ ഫർണാണ്ടസ് ജോലിചെയ്തു.

തുടക്കത്തിൽ ബുദ്ധിമുട്ടുണ്ടായിരുന്നു. കൈകാലുകൾക്ക് തളർച്ചയും സന്ധികളിൽ വേദനയും തോന്നി. അതു പിന്നെ സർവ്വാംഗമായി. വേദനയ്ക്കു മേലെ വേദനയായപ്പോൾ ഒന്നും തിരിച്ചറിയാൻ വയ്യാത്തൊരവസ്ഥ അനുഭവപ്പെട്ടു. തളർന്നാലും വയ്യാഞ്ഞാലും ജോലി ചെയ്യണമെന്നു നിർബന്ധമാണ്. അനങ്ങാതെ ഇരിക്കാനോ ആവലാതി പറയാനോ അവകാശമില്ല. ഇടത്തും വലത്തുമുള്ള തണ്ടു വലിക്കാരായ അടിമകളെ ശ്രദ്ധിച്ചു. കപ്പലിന്റെ മദ്ധ്യത്തിലുള്ള നടപ്പാതയിലൂടെ ചാട്ടവാറും കൈയിലേന്തി പട്ടാളക്കാർ നടക്കും. ചിലപ്പോൾ കപ്പലിന്റെ വേഗം കുറയുന്നെന്നു പറഞ്ഞു തണ്ടുവലിക്കാരുടെ പുറത്ത് അവർ ചാട്ട പ്രയോഗിക്കും. അത് അവർക്കൊരു വിനോദമാണ്. വ്യായാമവും.

അൻപതു തണ്ടു പിടിപ്പിച്ചതാണ് കൊടിക്കപ്പൽ. കഷ്ടിച്ച് പത്തടി നീളത്തിൽ ഏതാനും ബെഞ്ചുകൾ നടപ്പാതയുടെ ഇരുവശത്തും കിടപ്പുണ്ട്. അതിലൊരോന്നിലും അയ്യഞ്ച് അടിമകളെയാണ് ചങ്ങലയ്ക്കിട്ടത്,. വിയർപ്പും ചളിയും പറ്റി ദുർഗ്ഗന്ധം പരത്തുന്ന ആ ബെഞ്ചുകളിലൊന്നിൽ തന്റെ മറ്റു നാലു സഹജീവികളോടൊപ്പം ഫർണാണ്ടസ്സും മരിച്ചു ജീവിച്ചു. ഭക്ഷണവും വിശ്രമവും ഉറക്കവുമെല്ലാം അവിടെ ഇരുന്നുകൊണ്ടുവേണം. പറങ്കികളുടെ കാരുണ്യംകൊണ്ട് ഉറക്കവും വിശ്രമവും കഴിഞ്ഞ പത്തു ദിവസമായി വേണ്ടിവന്നിട്ടില്ല. അടിമകൾ പിറന്നത് ജോലി ചെയ്യാനാണ് വിശ്രമിക്കാനല്ല.

പത്തടി നീളമുള്ള ഒരു ബെഞ്ചിൽ അഞ്ചുപേർ അടുത്തടുത്തിരുന്നിട്ടും ആരും പരസ്പരം ശ്രദ്ധിച്ചില്ല; കുശലപ്രശ്നം നടത്തിയില്ല. മനുഷ്യസഹജമായ മമതയോ ജിജ്ഞാസയോ അവരിൽ അവശേഷിച്ചിരുന്നില്ല. കഠിനക്ലേശത്തിന്റെ ചൂടിൽ എല്ലാം വിയർപ്പുതുള്ളികളായി പുറമേക്കൊഴുകിപ്പോയിരുന്നു. നാടിനെപ്പറ്റി, ജനിച്ച വീടിനെപ്പറ്റി, സ്വന്തം ദുർവ്വിധിയെപ്പറ്റി ഓർക്കുമ്പോഴൊക്കെ കൈപ്പിടുത്തംകൊണ്ടു മിനുസപ്പെട്ട കപ്പൽത്തണ്ട് കൂടുതൽ ശക്തിയോടെ അവർ ആഞ്ഞുവലിക്കും. ചാട്ടവാർ വീണു നീറിപ്പുകയുന്ന പുറത്തൊന്നുഴിയാൻപോലും അവർക്കു സൗകര്യം കിട്ടിയിട്ടില്ല; അനുമതിയും. ഫർണാണ്ടസ്സിന് പലപ്പോഴും തല്ലുകൊണ്ടിരുന്നു. എന്തിനെന്നറിഞ്ഞുകൂടാ. തുറമുഖത്തുനിന്ന് പുറപ്പെട്ടപ്പോൾ തണ്ടു കൈയിലെടുത്തതാണ്. പിന്നെ അവിരാമമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. കൂട്ടുകാരിൽ പലരും തളർന്നു. അവരെ വിശ്രമിക്കാനനുവദിച്ചു. കൂടുതൽ ഭാരം അവൻ കൈയേറ്റു. ആവലാതിയെന്ന നിലയിലോ അപേക്ഷയെന്ന നിലയിലോ ഒരക്ഷരം മിണ്ടിയിട്ടില്ല. എന്നിട്ടും തല്ലു കിട്ടി. തല്ലട്ടെ. ഒരു മനുഷ്യനു സഹിക്കാൻ കഴിയുന്ന യാതന എത്രയെന്നു കണ്ടെത്താനുള്ള വാശിയോടെ അവൻ എല്ലാം സഹിച്ചു.

ജോ ഡിസിൽവ ഗോവയിൽ നിന്നു പോരുമ്പോൾ തന്റെ നാട്ടിനും നാട്ടാർക്കുമായി മഹത്തായൊരു സേവനമനുഷ്ഠിച്ചു. ജയിലിലും പുറത്തും ഒരുപോലെ നിരന്തരശല്യം ചെയ്തു കൊണ്ടിരുന്ന കണ്ണുപൊട്ടന്റെ ചുമതല ധീരനായ ആ സേനാനി ഏറ്റെടുത്തു. ഒരു പ്രദർശനവസ്തുവെന്ന നിലയിൽ കൊടിക്കപ്പലിന്റെ പാമരത്തിൽ കണ്ണുപൊട്ടനെ പിടിച്ചു കെട്ടിയിട്ടിരിക്കയാണ്. അവിടെയും അയാളൊരു പ്രശ്നമായി. കാൽപെരുമാറ്റം കൊണ്ടു വല്ലവരുടെയും സാമീപ്യം മനസ്സിലാക്കിയാൽ അയാൾ ശകാരം തുടങ്ങും. മരണഭയമില്ലാത്ത അയാൾക്ക് പട്ടാളക്കാരുടെ ചാട്ട ഉണക്കപ്പുല്ലായിരുന്നു.

കഴിഞ്ഞ പത്തുദിവസമായി തണ്ടുവലിക്കാരിൽ തെല്ലെങ്കിലും ആശയും ആവേശവും നിലനിർത്തിയത് ആ കണ്ണുപൊട്ടന്റെ മുഴങ്ങുന്ന ശബ്ദമായിരുന്നു. ഈശ്വരൻ തോറ്റു പിൻമാറിയ പറങ്കികളെ വെല്ലുവിളിക്കുന്ന ഒരു മനുഷ്യൻ അവരുടെ കൂട്ടത്തിലുണ്ട്. ആ മനുഷ്യൻ കിഴവനോ കണ്ണുപൊട്ടനോ ദുർബ്ബലനോ എന്തുമാവട്ടെ. അയാളുടെ നാവിനു ചാട്ടവാറിന്റെ കരുത്തുണ്ട്. കപ്പിത്താനും സേനാനിയുമായ ജോ ഡിസിൽവയടക്കം കപ്പലിലുള്ള പറങ്കികളെ മുഴുവൻ അയാൾ മാറിമാറി ശകാരിച്ചു.

അടിമകളിലാരും ക്ഷീണിക്കാനോ ക്ഷീണംകൊണ്ട് അവശത അനുഭവിക്കാനോ രോഗം ബാധിച്ചാൽ വിശ്രമിക്കാനോ പാടില്ലെന്നൊരു നിയമം കപ്പലിലുണ്ട്; തണ്ടുവലിച്ചുതളരുമ്പോൾ ആരെങ്കിലുമൊന്നു കുനിഞ്ഞിരുന്നു വിശ്രമിക്കാൻ തുടങ്ങിയാൽ വെമ്പാലയെപ്പോലെ ചീറിക്കൊണ്ട് ചാട്ടവാർ അവന്റെ പുറത്തു ചാടിവീഴും. വയ്യെങ്കിലും ഉടനെ തട്ടിപ്പിടഞ്ഞു് തണ്ടിൽ പിടിച്ചു വലിച്ചുതുടങ്ങണം. ഇല്ലെങ്കിൽ തുടങ്ങുന്നതുവരെ ചാട്ട തിരിച്ചുപോവില്ല. ചിലപ്പോൾ തല്ലുകൊണ്ടാലും അനങ്ങാൻ വയ്യാത്ത നിലയിൽ ക്ഷീണിച്ചു ബോധംകെട്ടു പോയവരെ ചങ്ങലയിൽ നി

ന്നഴിച്ച നടപ്പാതയിൽ കൊണ്ടുചെന്നു കിടത്തും. സ്വതന്ത്രമായ കടൽക്കാറ്റേൽക്കട്ടെ. കിടത്തിക്കഴിഞ്ഞാൽ ഒരു നിശ്ചിതസമയത്തിനുള്ളിൽ ബോധം തിരിച്ചുവരണമെന്നും ജോലി സ്ഥലത്തേക്കു പോകണമെന്നും നിർബന്ധമാണ്. സംഭവിച്ചില്ലെങ്കിൽ ബോധംകെട്ടു കിടക്കുന്നവന്റെ മേൽ പിന്നെയും ചാട്ട പ്രവർത്തിക്കും. ആദ്യം തൊലി പൊളിയും. പിന്നെ രക്തവും മാംസക്കഷ്ണവും ചിതറി ചുറ്റുപാടും തെറിക്കും. എന്നിട്ടും ബോധം തിരിച്ചെത്തുന്നില്ലെന്നു കണ്ടാൽ വലിച്ചു കടലിലേക്കെറിയും. സൂക്ഷിപ്പുസ്ഥലത്തുനിന്നു പകരം മറ്റൊരടിമയെ കൊണ്ടുവരും. വിചിത്രമായ ഈ പതിവ് ഒന്നും രണ്ടും തവണ ആവർത്തിക്കാത്ത ദിവസമില്ല. അപ്പോഴൊക്കെ കണ്ണുപൊട്ടൻ കഠിനമായി പ്രതിഷേധിക്കും; ശകാരിക്കും.

തുറമുഖത്തുനിന്നു പുറപ്പെട്ട നാലാംദിവസം ഫർണാണ്ടസ്സിന്റെ അടുത്തിരുന്ന അടിമയ്ക്കു പനി തുടങ്ങി. ഉഗ്രമായ പനി. കടൽക്കാറ്റു തട്ടുമ്പോൾ ആലിലപോലെ വിറച്ചു. പകൽ മുഴുവൻ അയാൾ തണ്ടുവലിക്കുകയായിരുന്നു. ഫർണാണ്ടസ് പലതും പറഞ്ഞ് ആശ്വസിപ്പിച്ചു. നാവുകൊണ്ടല്ലാതെ അവിടെ സഹായം ചെയ്യുക സാധ്യമല്ല. രാത്രിയായപ്പോൾ പനി കൂടുതലായി. വെള്ളത്തിനു വേണ്ടി നിലവിളിച്ചു. ക്രമേണ തണ്ടിന്റെ പിടിവിട്ടു. തല കുനിഞ്ഞു കാൽമുട്ടുകളിൽ ചെന്നുപറ്റി. അർദ്ധബോധാവസ്ഥയിൽ പലതും പിറുപിറുത്തു.

“അമ്മേ, വെള്ളം... വെള്ളം!”

പനിച്ചു ബോധംകെട്ടാലെങ്കിലും അമ്മയെ ഒരു നോക്കു കാണാൻ കഴിയുമെന്ന് ഫർണാണ്ടസ് ആശിച്ചു. ആരും അയാളെ ശല്യപ്പെടുത്താതിരിക്കട്ടെ.

“വേണ്ടമ്മേ, പോണ്ടാ... എന്റെ നെറ്റി പിടിച്ചുവെക്ക്! തല മടിയിലെടുത്തു വെക്ക്!”

പാവം! ഒരുകൊച്ചുകുട്ടിയെപ്പോലെ ആഗ്രഹങ്ങളോരോന്നു പറയുകയാണ്. സ്വപ്നത്തിൽ അമ്മ അടുത്തുവന്നു നിൽക്കുന്നുണ്ടാവും. ഭാഗ്യവാൻ!

“ങ്ഹാ! എന്തൊരു സുഖം! നല്ല തണുത്ത കയ്യാണമ്മേ. അവിടെ അനക്കാതെ വെയ്ക്ക്.”

ഫർണാണ്ടസ്സിന്റെ കണ്ണുകൾ നിറഞ്ഞു. അവൻ അറിയപ്പെടാത്ത ആ അമ്മയോടപേക്ഷിച്ചു:

“മോന്റെ തല മടിയിൽത്തന്നെ വെച്ചോ. അമ്മേ, പനി വേഗം മാറും.”

അമ്മമാർ തലോടിയാൽ മാറാത്ത വേദനയില്ല. ഉള്ളിൽത്തട്ടി അപേക്ഷിച്ചാൽ വിട്ടുനിൽക്കാത്ത പനിയില്ല.

വാക്കുകൾ അസ്പഷ്ടങ്ങളാവുന്നു; അർത്ഥശൂന്യങ്ങളും. രോഗി അർദ്ധബോധാവസ്ഥയും പിന്നിടുകയാണ്.

പട്ടാളക്കാരുടെ പാദരക്ഷ കപ്പൽത്തട്ടു കുലുക്കുന്നു. അവർ എത്തിക്കഴിഞ്ഞു; അന്തകഭടന്മാരെപ്പോലെ.

ചടങ്ങനുസരിച്ച് കർമ്മങ്ങൾ തുടങ്ങി.ബോധം കെട്ടുകിടക്കുന്ന രോഗിയോടു ചാട്ടവാർ തോറ്റു മടങ്ങി. ചങ്ങലയിൽനിന്നു വേർപെടുത്തി. വലിച്ചു നടപ്പാതയിലിട്ടു. തണുത്ത കടൽക്കാറ്റു സ്വതന്ത്രമായേൽക്കട്ടെ.

നിശ്ചിതസമയമെത്തി. തണ്ടുവലിക്കാർ നിമിഷങ്ങളെണ്ണിക്കഴിയുകയാണ്. അവസാനത്തെ ചടങ്ങു കാണാതെ കഴിക്കാൻ അവർ കണ്ണടച്ചിരുന്നു. തണ്ടുകൾ വെള്ളത്തിലിട്ടിളക്കി ശബ്ദമുണ്ടാക്കി. ചാട്ടയുടെ ചീറ്റം കേൾക്കാതെ കഴിക്കാൻ. എന്നിട്ടും ഒരു ഞെട്ടലോടെ എല്ലാവരും അതു കേട്ടു.

കണ്ണുള്ളവർക്കു പറയാൻ ധൈര്യമില്ലാത്തത് കണ്ണുപൊട്ടൻ ഉറക്കെ വിളിച്ചു പറഞ്ഞു.

"മഹാപാപികളേ, നിങ്ങളെ ചുട്ടുവറുക്കാനുള്ള ഇരുമ്പുകടാഹം നരകത്തിൽ ഒരുക്കിക്കഴിഞ്ഞു. അതിന്റെ കീഴിൽ തീ ആളിക്കത്തുകയാണ്. ചെകുത്താനും അറയ്ക്കുന്ന പാതകങ്ങളാണ് നിങ്ങൾ ചെയ്യുന്നത്. മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യുമെന്ന ദൈവവചനം നിങ്ങളെ തുറിച്ചുനോക്കുന്നു. നിങ്ങളുടെ കൊയ്ത്തു സമീപിച്ചു കഴിഞ്ഞു."

കടൽവെള്ളത്തിൽ എന്തോ ഊക്കോടെ വീണു. തണ്ടു വലിക്കാർ അതു കേട്ടു എല്ലാവർക്കും മനസ്സിലായി. ചൂടുള്ള നെടുവീർപ്പുകൾ തണുത്ത കടൽക്കാറ്റിനോടൊപ്പം കപ്പൽത്തട്ടിനെ തഴുകിക്കൊണ്ടു കടന്നുപോയി. കണ്ണുപൊട്ടന്റെ ശബ്ദം പിന്നെയും മുഴങ്ങുന്നു.

"നിങ്ങളുടെ മതത്തെ നിങ്ങൾ അവഹേളിക്കുന്നു. ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗത്തിന്നും ഭൂമിക്കും നാഥനാണെന്ന സത്യം നിങ്ങൾ മറക്കുന്നു. നിങ്ങളുടെ കഴുത്തിൽ തൂങ്ങുന്ന കുരിശടയാളത്തെ നിങ്ങൾ അപമാനിക്കുന്നു."

ഫർണാണ്ടസ് കുനിഞ്ഞു നോക്കി. അവന്റെ വിയർത്ത മാറത്തു കുരിശു പറ്റിപ്പിടിച്ചുനിൽക്കുന്നു. അവനതു് കൈയിലെടുത്തു മൂന്നാണികളിൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ രൂപം അവൻ കണ്ടു.

പട്ടാളക്കാർ ചാട്ട പൊട്ടിച്ച് നടപ്പാതയിലൂടെ അങ്ങുമിങ്ങും നടക്കുന്നതിന്റെ അർത്ഥം തണ്ടുവലിക്കു മുറുക്കം കൂട്ടണമെന്നാണ്. മുറുക്കം കൂട്ടി. കപ്പൽ ഭ്രാന്തെടുത്തപോലെ ഓടിത്തുടങ്ങി. എത്രനേരം അങ്ങനെ തണ്ടുവലിച്ചെന്നറിഞ്ഞുകൂടാ. വളരെ കഴിഞ്ഞിട്ടുണ്ടാവണം. ആ കണ്ണുപൊട്ടനെ ഒന്നു കാണാനുള്ള ആഗ്രഹത്തോടെ ഫർണാണ്ടസ് തലയുയർത്തി.

മങ്ങിയ വെളിച്ചത്തിൽ ആ മനുഷ്യനെ അവൻ കണ്ടു. താടിയെല്ല് വലത്തെ തോളിൽ തട്ടുമാറ് തല അല്പമൊന്നു ചെരിച്ച്, മുഖം കുനിച്ചു നിൽക്കുന്നു. ഒട്ടും ചലനമില്ല. ഉറങ്ങുകയാവണം. പാമരത്തോടു ചേർത്തു കെട്ടിയതുകൊണ്ടു വീഴുമെന്ന ഭയംവേണ്ടാ.

നോക്കുംതോറും അവനു തോന്നി അങ്ങനെയൊരു രൂപം പണ്ടെവിടെയോ കണ്ടിട്ടുണ്ടെന്ന്. എവിടെയായിരിക്കും? ആലോചിച്ചു. വ്യക്തമല്ല. എങ്കിലും കണ്ടിട്ടുണ്ട്. അക്കാര്യത്തിൽ സംശയമില്ല.

നോക്കി, വീണ്ടും വീണ്ടും നോക്കി. അതേ, എന്തൊരു സാമ്യം! ആ നില്പും മുഖവും-എല്ലാം അതുതന്നെ. തന്റെ കഴുത്തിൽ തൂങ്ങുന്ന കുരിശു കൈയിലെടുത്തു അവൻ നോക്കി. ക്രിസ്തുവിന്റെ രൂപം. അതാ പാമരത്തിലും അതുപോലൊന്ന്. അല്ലെങ്കിൽ രണ്ടും ഒന്നാണ്. പറങ്കികളുടെ ഭാഷ പഠിപ്പിക്കാൻവന്ന പാതിരിമാർ മാൻഡവി നദീതടത്തിൽ വച്ചു പറഞ്ഞ കഥകൾ മുഴുവനും അവനാലോചിച്ചു.

ക്രിസ്തു നല്ല കാര്യങ്ങളുപദേശിച്ചു. നല്ലവഴിക്കു നടക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു. ധർമ മാർഗത്തിൽ നിന്നു വ്യതിചലിക്കാതെ നടന്നു. ഭൂമിയിൽ നിന്ന് പാപകർമ്മങ്ങൾ തുടച്ചുമാറ്റാൻ യത്നിച്ചു. ചീത്ത മനുഷ്യർക്കതു സഹിച്ചില്ല. അവരെല്ലാംകൂടി അദ്ദേഹത്തെപ്പിടിച്ചു തലയിൽ മുൾക്കിരീടം അടിച്ചേറ്റി കുരുശിൽവെച്ച് ആണി തറച്ചു.

കണ്ണുപൊട്ടനും സത്യസന്ധനാണ്. പാപകർമ്മങ്ങളിൽ നിന്നു മനുഷ്യരെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയാണ്. അയാളുടെ കണ്ണുപൊട്ടിച്ചു. ജയിലറയിലിട്ടു നരകിപ്പിച്ചു. ഇപ്പോൾ പിടിച്ചു കെട്ടിയിരിക്കയാണ്. എന്നും നല്ലതിനുള്ള കൂലി ഇതാണോ?

ഫർണാണ്ടസ് പിന്നെയും കണ്ണുപൊട്ടന്റെ മുഖത്തേക്കു നോക്കി. തലയ്ക്കു ചുറ്റും ഒരു പ്രകാശവലയം കാണുന്നു. ഒട്ടിപ്പിടിച്ച കൺ പോളകളുടെ സ്ഥാനത്ത് തിളങ്ങുന്ന കൃഷ്ണമിഴികളാണ്. ചുണ്ടുകളിൽ മന്ദഹാസം വിരിഞ്ഞുനിൽക്കുന്നു. ശരീരത്തിൽ വരിഞ്ഞുകെട്ടിയ കയറുകൾ കാണാനില്ല. അനുഗ്രഹം ചൊരിയാനെന്ന മട്ടിൽ കൈകൾ ആകാശത്തിലുയർന്നു നിൽക്കുന്നു.

അത്ഭുതംകൊണ്ടു ഫർണാണ്ടസ്സിനു ശ്വാസംമുട്ടി. വിശ്വസിക്കാൻ കഴിയുന്നില്ല. കണ്ണു തിരുമ്മി കാഴ്ചയ്ക്കു തെളിമ നൽകി. പിന്നെയും സൂക്ഷിച്ചുനോക്കി. പാമരത്തിനരികിൽ ആ കിഴവന്റെ രൂപം മറച്ചുകൊണ്ടു ജോ ഡിസിൽവ കടലിലേക്കു നോക്കിനിൽക്കുന്നു. കടിച്ചു പിടിച്ച ചുരുട്ടിൽനിന്നു പുകച്ചുരുളുകൾ ആകാശത്തിലേക്ക് ഇഴഞ്ഞു കയറുന്നു.

പിന്നെയും നേരം പുലരുന്നു. കണ്ണുകളിലേക്കു തുളച്ചു കയറിക്കൊണ്ടു സൂര്യരശ്മികളെത്തുന്നു. തിളയ്ക്കുന്ന നട്ടുച്ച വെയിലിൽ അടിമകളുടെ ശരീരം ഉരുകിയൊലിക്കുന്നു. പരുപരുത്ത ബഞ്ചിൽ തടി കാൽത്തുടകളിലെ തോലുരിയുന്നു. ശരീരത്തിൽനിന്നു പൊങ്ങുന്ന ആവിയുടെ ദുർഗന്ധമേറ്റ് അടിമകൾ ഛർദ്ദിക്കുന്നു. അവസാനിക്കാത്ത ആ യാത്ര നരകത്തിലേക്കോ ഭൂമിയുടെ അറ്റത്തേക്കോ എന്നു നിർണ്ണയിക്കാൻ അടിമകൾക്കു കഴിഞ്ഞില്ല. തണ്ടുകൾ സദാ ചലിച്ചുകൊണ്ടിരുന്നു.

പത്താംദിവസം പുലർന്നപ്പോൾ അകലത്തൊരു പച്ചനിറം കണ്ടു. കപ്പൽ ഏതോ കരയ്ക്കണയുകയാണ്. അടിമകൾക്കുത്സാഹമായി. പരപ്രേരണ കൂടാതെ തണ്ടുകൾ ആഞ്ഞാഞ്ഞു വെള്ളത്തിൽ വീണു.

ആദ്യം അതൊരു പച്ചപ്പൊട്ടുപോലെ കണ്ടു. പിന്നീടതു വലുതായി. ഉച്ചതിരിഞ്ഞപ്പോൾ കൂടുതൽ അടുപ്പംകിട്ടി. എല്ലാം വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞു. നിറച്ചും തെങ്ങുകൾ വളർന്നു നിൽക്കുന്ന ഒരു ദ്വീപാണ്. ജനവാസത്തിന്റെ ലക്ഷണമില്ല. കപ്പലുകൾ അടുക്കുമ്പോൾ നീർക്കാക്കകളും കടൽക്കൊക്കുകളും ഉയർന്നുപറന്നു.

വിജനമായൊരു ദ്വീപിൽ കപ്പലടുപ്പിക്കില്ല. വീണ്ടും അടിമകൾ നിരാശരായി. രാവിലെ തുടങ്ങിയ ഉത്സാഹം കെട്ടടങ്ങി. ഇനിയും പോണം. എത്രയെന്നറിഞ്ഞുകാടാ. എങ്ങോട്ടെന്നു നിശ്ചയമില്ല.

കേവലം ആകസ്മികമായിട്ടു കപ്പിത്താന്റെ കല്പന പുറപ്പെട്ടു. കപ്പലുകൾക്കു നങ്കൂരമിടാൻ.

ആശ്വാസമായി, പത്തു ദിവസം രാവും പകലും ഇടതടവില്ലാതെ പ്രയത്നിച്ചതിനുശേഷം കിട്ടുന്ന വിശ്രമമാണ്. തണ്ടുകൾ ഒന്നിച്ചു ആകാശത്തിലേക്കുയർന്നു. അടിമകൾ ഞെളിഞ്ഞും പിരിഞ്ഞു അവയവങ്ങൾക്കു നേരിട്ടു കഴപ്പു തീർക്കാൻ തുടങ്ങി.

കപ്പിത്താന്റെ മുറിയിൽ തിരക്കിട്ട കൂടിയാലോചനയാണ്. പട്ടാളമേധാവികളിൽ പലരും എത്തിച്ചേർന്നു. എന്തിനുള്ള ഭാവമായിരിക്കും? വല്ല കച്ചവടക്കപ്പലും കണ്ണിൽപ്പെട്ടിട്ടുണ്ടോ? കൊള്ളയടിക്കുള്ള ഭാവമാണോ? എങ്കിൽ ഏറ്റുമുട്ടലും വെടിവെപ്പും മരണവുമുണ്ടാവും. പതിവുപോലെ എല്ലാം നോക്കിയിരിക്കേണ്ടിവരുമെന്ന് ഫർണാണ്ടസ് വിചാരിച്ചു.

കൂടിയാലോചനയ്ക്കുശേഷം കപ്പലിനോടനുബന്ധിച്ച നിർത്തിയ ചെറിയ തോണികളിലൊന്നു വെള്ളത്തിലിറക്കി. രണ്ടു പട്ടാളക്കാർ ചേർന്നു കണ്ണുപൊട്ടനെ തോണിയിലെത്തിച്ചു. തോണി ദ്വീപിനു നേർക്കു തുഴഞ്ഞുകൊണ്ടു പോയി. തണ്ടുവലിക്കാർ ഉത്ക്കണ്ഠയോടെ നോക്കി ഇരിക്കുകയാണ്. ഒന്നും മനസ്സിലാവുന്നില്ല.

കണ്ണുപൊട്ടനെ ദ്വീപിലിറക്കി. തോണി തിരിച്ചുപോന്നു. അങ്ങനെ ആ ശല്യം ഒഴിവാക്കാനുള്ള ഉപായം ഒടുവിൽ ജോഡിസിൽവ കണ്ടു പിടിച്ചു. കൊല്ലാനുള്ള പുതിയൊരുപായം. തലവെട്ടാതെ, വെടിവെയ്ക്കാതെ കടലിൽ കെട്ടിത്താഴ്ത്താതെ, വിശപ്പിനും വിജനതയ്ക്കും വിട്ടുകൊടുത്തു കൊല്ലുക. ആ അപാരമായ ബുദ്ധിശക്തിക്കു വൈസ്രോയിയിൽനിന്ന് പാരിതോഷികം കിട്ടും, തീർച്ച.

എല്ലാം വേഗത്തിൽ കഴിഞ്ഞു. കടൽവെള്ളത്തിൽ തന്റെ പ്രതിബിംബം ചേർത്തുകൊണ്ട് ആ കണ്ണുപൊട്ടൻ ഏകാന്തമായ ദ്വീപിന്റെ ഒരറ്റത്തുനിന്നു. തന്നെ വലയം ചെയ്യുന്ന വിപത്തിന്റെ ശക്തി അയാൾ മനസ്സിലാക്കിയോ? മനസ്സിലാക്കിയാലും ഇല്ലെങ്കിലും ആ മനുഷ്യൻ ഒട്ടും കുലുങ്ങിയില്ല. ചുളിവീണ പരന്ന നെറ്റിയും നരച്ചുവളർന്ന താടിയും സംതൃപ്തി വഴിയുന്ന പുഞ്ചിരിയുമായി പച്ചപിടിച്ചു നിൽക്കുന്ന പശ്ചാത്തലഭംഗിയിൽ മിഴിവുറ്റൊരു ചിത്രംപോലെ, അയാൾ അനങ്ങാതെ നിന്നു.

അല്പം കഴിയുമ്പോൾ ആ മനുഷ്യൻ സഹായത്തിനുവേണ്ടി നിലവിളിക്കും. തന്റെ ശബ്ദത്തിന്റെ പ്രതിദ്ധ്വനി കേട്ട് ആശ്വസിക്കും. പിന്നെയും പിന്നെയും വിളിക്കും. തപ്പിയും തടഞ്ഞും മുമ്പോട്ടു നടക്കും. മരങ്ങളിൽ തട്ടിമുട്ടി വീഴും. പറ്റിപ്പിടിച്ചെഴുന്നേറ്റു വീണ്ടും നടക്കും. വെള്ളം നിറഞ്ഞ കുണ്ടിലോ കുഴിയിലോ കാലുതെറ്റി വീഴും. എല്ലാം അതോടെ അവസാനിക്കും. ആ നല്ലമനുഷ്യന്റെ അപകടം നിറഞ്ഞ ഭാവിയെക്കുറിച്ചോർത്ത് അടിമകൾ നെടുവീർപ്പിട്ടു.

വീണ്ടും കപ്പൽ പുറപ്പെട്ടപ്പോൾ കടൽവെള്ളമിളകി. അയാളുടെ പ്രതിബിംബം കടൽവെള്ളത്തിൽ കിടന്നുപുളയുന്നതു ഫർണാണ്ടസ് കണ്ടു. തണ്ടു വലിച്ചുകൊണ്ട് അവൻ തിരിഞ്ഞുനോക്കി. ആ രൂപം ചെറുതാവുകയാണ്. പച്ച നിറത്തിൽ കറുത്ത ഒരു പുള്ളിക്കുത്തായി അത് അവശേഷിച്ചു. ക്ഷണത്തിൽ ആ പുള്ളിക്കുത്തും മാഞ്ഞു. ഫർണാണ്ടസ്സിന്റെ കണ്ണുകളിൽ വെള്ളംനിറഞ്ഞു. സത്യസന്ധനായ ഒരു മനുഷ്യന്റെ ദുഃഖപൂർണ്ണമായ ചരിത്രത്തിന്റെ ഇരുണ്ട അവസാനാദ്ധ്യായം പോലെ ആ ദ്വീപുമാത്രം പിറകിൽ കാണുന്നു...

പിന്നെയും അഞ്ചുദിവസം യാത്രചെയ്തു. ആറാംദിവസം പൊന്നാനിത്തുറമുഖത്ത് കപ്പലുകളടുത്തു. പൊന്നാനിക്കോട്ടയുടെ ഭരണാധിപൻ ഗോമസ് ഡിഗ്രാം, ജോ ഡിസിൽവയ്ക്കും കൂട്ടുകാർക്കും ആവേശഭരിതമായൊരു സ്വീകരണം നൽകി. അന്നുരാത്രി കോട്ടയിൽ കുടിയും നൃത്തവുമുണ്ടായി. വളരെ വൈകുന്നതുവരെ പറങ്കികളുടെ പൊട്ടിച്ചിരിയും അട്ടഹാസവും കേട്ടു. അടിമകളെ പാർപ്പിക്കാൻ പറ്റിയ തടവുമുറികളില്ലാത്തതുകൊണ്ട് എല്ലാവരെയും കോട്ടമുറ്റത്തു ചങ്ങലയ്ക്കിടുകയാണുണ്ടായത്. ഗോമസ് ഡിഗ്രാം ബുദ്ധിശാലിയായതുകൊണ്ട് അതിനുള്ള സൗകര്യം കാലേക്കൂട്ടി ചെയ്തിരുന്നു. മൂന്നു ദിവസം തികച്ചും ആ കോട്ടമുറ്റത്ത് മഞ്ഞും വെയിലും സഹിച്ച് അടിമകൾക്കു കഴിച്ചുകൂട്ടേണ്ടിവന്നു. എന്നാലും തണ്ടുവലിക്കേണ്ടല്ലോ. ഏറ്റവും വലിയ ആശ്വാസം അതായിരുന്നു. മഞ്ഞിന്റെ തണുപ്പും വെയിലിന്റെ ചൂടും അവർ അറിഞ്ഞില്ല.

വമ്പിച്ച പ്രതീക്ഷയോടുകൂടിയാണ് ജോ ഡിസിൽവ ഗോവയിൽ നിന്നു പുറപ്പെട്ടത്. പതിനഞ്ചുദിവസം യാത്ര ചെയ്തിട്ടും പ്രതീക്ഷയ്ക്കൊത്തവിധം ഒന്നും സംഭവിച്ചില്ല. കോഴിക്കോടൻ കടൽപ്പടയുടെ നേതൃത്വം കോട്ടക്കൽ മരയ്ക്കാൻമാർ കൈയേറ്റതോടെ അറബിക്കടലിൽ പണ്ടെന്നപോലെ കൊള്ളയടിക്കാൻ പറങ്കികൾക്കു സൗകര്യം കിട്ടിയില്ല. അവർക്കു പുറംകടലിലൂടെ യാത്ര ചെയ്യേണ്ടിവന്നു. ഏറ്റുമുട്ടലും രക്തച്ചൊരിച്ചിലും ചിലപ്പോൾ പരാജയംതന്നെയും പറ്റാതെ കഴിക്കാൻ അതൊന്നേ വഴിയുണ്ടായിരുന്നുള്ളൂ. പുറം കടലിൽ വ്യാപാരക്കപ്പലുകൾ പ്രവേശിക്കാറില്ല. ഒളിച്ചും പതുങ്ങിയും വേണം കൊള്ള നടത്തൽ. ജോ ഡിസിൽവയ്ക്കു തന്റെ യാത്രയിൽ ഒന്നും തരപ്പെട്ടില്ല. വെറും കൈയോടെ ഗോവയിൽ തിരിച്ചുചെന്നാൽ താൻ മറ്റുള്ളവരുടെ ദൃഷ്ടിയിൽ പരിഹാസപാത്രമാകും. വൈസ്രോയിയുടെ അതൃപ്തി സമ്പാദിക്കേണ്ടിവരും. അതുകൊണ്ട് കിണഞ്ഞൊരു പരിശ്രമം നടത്തി വമ്പിച്ച നേട്ടമുണ്ടാക്കാനും അതുവഴി പ്രശസ്തിയാർജ്ജിക്കാനും അയാൾ തീരുമാനിച്ചു. ആ

തീരുമാനത്തിന്റെ ഫലമായി പൊന്നാനിത്തുറമുഖത്തുനിന്നു മൂന്നു ദിവസത്തെ വിശ്രമത്തിനുശേഷം കപ്പലുകൾ തെക്കോട്ടു പുറപ്പെട്ടു. ബംഗാൾ ഉൾക്കടലും ഹിന്ദുസമുദ്രവുമാണ് ലക്ഷ്യം.

ഫർണാണ്ടസ് തന്റെ ബെഞ്ചിൽ പുതിയ കൂട്ടുകാരാരെങ്കിലുമുണ്ടോ എന്നുനോക്കി. അറ്റത്തൊരാൾ തലകുനിച്ചിരുന്നു തണ്ടുവലിക്കുന്നു. ആരാണത്? ഐദ്രോസ്. ഗോവയിൽനിന്നു പുറപ്പെടുമ്പോൾ കണ്ടതാണ്. ഫർണാണ്ടസ് ചുമച്ചു ശബ്ദമുണ്ടാക്കി. ഐദ്രോസ് തിരിഞ്ഞുനോക്കി. ഫർണാണ്ടസ് ചിരിച്ചു. ഐദ്രോസ് അപരിചിതനെപ്പോലെ മുഖംതിരിച്ചുകളഞ്ഞു.

ക്ലേശകരമായ ആ യാത്ര ഒരിക്കലും മറക്കാത്ത പല അനുഭവങ്ങളും നിറഞ്ഞതായിരുന്നു. പത്തുമാസംകൊണ്ട് അവർ ബർമ്മയുടെ തീരത്തെത്തി. വഴിയിൽ ഏറ്റുമുട്ടലുകൾ പലതുമുണ്ടായി. പറയത്തക്ക നേട്ടമൊന്നും ജോ ഡിസിൽവയ്ക്കു കൈവന്നില്ല. നഷ്ടങ്ങളാണെങ്കിൽ അടിക്കടി സംഭവിച്ചുകൊണ്ടിരുന്നു. ബംഗാൾ ഉൾക്കടലിൽവെച്ച് വലിയൊരു കൊടുങ്കാറ്റിൽപ്പെട്ട് കപ്പലുകൾ പാതിയുംനശിച്ചു. അടിമകൾ ചത്തൊടുങ്ങി. എന്നിട്ടും പിൻമടങ്ങാനുള്ള ഭാവമില്ല.

ഫർണാണ്ടസ് അകത്തും പുറത്തും ഉറപ്പുകൂടിയ ഒരു പുത്തൻ ഉരുക്കുമനുഷ്യനായിമാറി. പകർച്ചവ്യാധി പിടിപെട്ടു കൂട്ടുകാർ മരിച്ചുവീഴുന്നതു വികാരശൂന്യനായി അവൻ നോക്കിയിരുന്നു. കൊടുങ്കാറ്റിൽ ഇളകിവരുന്ന തിരമാലകൾ കപ്പൽത്തട്ടിലടിച്ചു തകരുകയും കപ്പലുകളിൽ വെള്ളം കയറി മുങ്ങുമെന്നു മറ്റുള്ളവർ ഭയപ്പെടുകയും ചെയ്ത സന്ദർഭങ്ങളിൽ സഹായത്തിനുവേണ്ടി വാവിട്ടുകരയാതെ, ബഹളം കൂട്ടാതെ, ഒരാൾ മാത്രം ഉറച്ചിരുന്നു; അതു ഫർണാണ്ടസ്സായിരുന്നു. ലോകത്തിലെ വിപത്തുകൾ മുഴുവൻ ഒത്തൊരുമിച്ചു വന്നാലും കുലുങ്ങില്ലെന്ന മട്ടാണവൻ.

ബഞ്ചിന്റെ പരുപരുത്ത മരപ്പലക തട്ടി കാൽത്തുടകളിലും പൃഷ്ഠഭാഗത്തും വ്രണപ്പെട്ടിട്ടുണ്ട്. ഉപ്പുവെള്ളം തട്ടുമ്പോൾ അതുനീറും; നീറട്ടെ. ഒരേ ഇരിപ്പിൽ മാസങ്ങൾ കഴിഞ്ഞുപോയതുകൊണ്ട് കാൽപടങ്ങളിൽ നീരുകെട്ടീട്ടുണ്ട്. സാരമില്ല; അത് അവൻ ശ്രദ്ധിക്കാറില്ല. ലോകവിജയത്തിനിറങ്ങിയ കപ്പിത്താനും കൂട്ടുകാരും പ്രകൃതികോപത്തിനു മുമ്പി ചുണ്ടെലികളെപ്പോലെ നിന്നു വിറയ്ക്കുന്നതു കാണുമ്പോൾ അവനു ചിരിവരും. ആ കപ്പലിൽ അവന്ന് ഒരാളോടു മാത്രമേ ബഹുമാനം തോന്നിയുള്ളു; ഐദ്രോസിനോട്. ഏത് ആപത്തിലും ഐദ്രോസ് അചഞ്ചലനാണ്. തന്നെപ്പോലെ എല്ലാം സഹിക്കുന്നു. ധീരനും നല്ലവനുമാണ്. അവനുമായി വീണ്ടും സൗഹൃദം സ്ഥാപിക്കാനുള്ള വഴി ഫർണാണ്ടസ് ആലോചിച്ചു. ഇരിക്കട്ടെ, അവസരം വരും.

പരാജയത്തിന്റെ ഭാണ്ഡക്കെട്ടുമായി ജോ ഡിസിൽവ വീണ്ടും അറബിക്കടലിലേക്കു പ്രവേശിച്ചപ്പോൾ കൊല്ലം രണ്ടു കഴിഞ്ഞിരുന്നു. അടിമകൾ പാതിയിലേറെ ചത്തൊടുങ്ങി. ഫർണാണ്ടസിന്റെ ബെഞ്ചിൽ ഇപ്പോൾ രണ്ടുപേരാണുള്ളത്- അവനും ഐദ്രോസും. ഒന്നും മിണ്ടാതെ, പരസ്പരം നോക്കാതെ, രണ്ടുപേരും രണ്ടറ്റത്തിരുന്നു.

പൊന്നാനിത്തുറമുഖത്തു കപ്പൽ അടുത്തില്ല. രാത്രിയാണ് അതിലേ കടന്നു പോന്നത്. അന്നു വളരെ വൈകീട്ടു ജോ ഡിസിൽവ തന്റെ സൈന്യത്തിലെ മേധാവികളെ വിളിച്ചുവരുത്തി. അവർ ദീർഘനേരം കൂടിയാലോചിച്ചു. അമർത്തിപ്പിടിച്ച വാക്കുകളിൽ ചിലതു ഫർണാണ്ടസ്സിനു കേൾക്കാൻ കഴിഞ്ഞു.

വെറുംകൈയോടെ ഗോവയിൽ തിരിച്ചെത്താൻ കപ്പിത്താന് വിഷമമുണ്ട്. വെള്ള്യാൻ കല്ലിനടുത്ത് പതിയിരുന്നു പഴയപടി ഒരു ഭാഗ്യപരീക്ഷ നടത്താനാണ് ഭാവം. സൈന്യ മേധാവികൾ ശക്തിയായി പ്രതിഷേധിച്ചു. ജോ ഡിസിൽവ വിട്ടില്ല. തന്റെ കല്പനയനുസരിച്ചേ കഴിയൂ എന്നു ശഠിച്ചു. ഗത്യന്തരമില്ലെന്നു വന്നപ്പോൾ എല്ലാവരും സമ്മതിച്ചു. പകൽ പുറങ്കടലിലൂടെ യാത്രചെയ്യാനും രാത്രി കരയോരത്തു തിരിച്ചെത്താനും വ്യവസ്ഥചെയ്ത്, എല്ലാവരും പിരിഞ്ഞു.

പുതിയ അനുഭവങ്ങളാണ് വരാൻ പോകുന്നത്. ഫർണാണ്ടസ്സിന്റെ ഉള്ളിൽ എവിടെയോ ചെറിയൊരു നീറ്റം. പഴയ പൊക്കൻ അവിടെയെങ്ങോ കിടന്നു ഞരക്കം വലിക്കുന്നുണ്ട്. വെള്ള്യാൻകല്ലിന്റെ പേർ ആ പൊക്കനെ വിളിച്ചുണർത്തുകയാണ്. വളയക്കടപ്പുറവും അച്ഛനും അമ്മയും പാഞ്ചാലിയുമെല്ലാം ആ പേരിലൂടെ പൊങ്ങിവന്നു. എല്ലാം നിസ്സാരമെന്നു കരുതി കുടഞ്ഞുകളയാൻ ഫർണാണ്ടസ്സ് പരിശ്രമിച്ചു.

പൊന്നാനിത്തുറമുഖത്തുനിന്നു വിട്ട് നാലാംദിവസം രാത്രി കപ്പലുകൾ കരയോരത്തെ ലക്ഷ്യംവെച്ചുകൊണ്ടു നീങ്ങി. ഫർണാണ്ടസ്സിന്റെ നെഞ്ചിടിപ്പു പുറത്തു കേൾക്കാം. അവൻ ഐദ്രോസിനെ നോക്കി. ആ കണ്ണുകളിൽ ഏതോ സവിശേഷഭാവം കളിയാടുന്നതുപോലെ തോന്നി. പറങ്കികളുടെ ഉദ്ദേശ്യം ഐദ്രോസിനു മനസ്സിലായോ? സ്ഥലത്തെപ്പറ്റി വല്ല ബോധവും അവനുണ്ടോ? ഉണ്ടാവണം. ഇല്ലെങ്കിൽ കണ്ണുകളിൽ സ്ഫുരിക്കുന്ന ആ സവിശേഷഭാവത്തിനു മറ്റെന്താണർത്ഥം?

കപ്പലുകൾ ധൃതിവെച്ചു മുമ്പോട്ടോടി. ഏറെ താമസിയാതെ ലക്ഷ്യത്തിലെത്തും. ഫർണാണ്ടസ് ഉറ്റുനോക്കി. എന്താണ് കാണുന്നത്? ജ്വലിക്കുന്ന ദീവട്ടികൾ. വരിവരിയായി തെളിഞ്ഞു കത്തുന്ന കൊച്ചുവിളക്കുകൾ. വാദ്യഘോഷവും കതിനവെടിയും കേൾക്കാം. ഏതോ ക്ഷേത്രത്തിൽ ഉത്സവം ആഘോഷിക്കുകയാണ്. ഏതു ക്ഷേത്രത്തിലായിരിക്കും? അവൻ സൂക്ഷിച്ചുനോക്കി. ഗുരുപുണ്യകാവിലാണോ? നെഞ്ചിടിക്കുന്നു.

കപ്പലിലേക്ക് അടിച്ചുകയറുന്ന കരക്കാറ്റിൽ പാലപ്പൂവിന്റെ ഗന്ധമുണ്ട്. ഫർണാണ്ടസ്സിന്റെ മനസ്സിൽ പൂർവ്വസ്മരണ മദഗജത്തെപ്പോലെ മസ്തകമെടുത്തു പിടിച്ച്, ചെവികളിട്ടാടി, തുമ്പികൈ ഉയർത്തി നിന്ന് ആ പരിമളത്തെ ആർത്തിയോടെ ആസ്വദിക്കാൻ തുടങ്ങി.

— 13 —

# പതിമൂന്ന്

ഒന്നു കരഞ്ഞാൽ മനസ്സിന്റെ കനം കുറയും. തേങ്ങിക്കരഞ്ഞാൽ പോരാ; വാവിട്ടു കരയണം. അയൽപക്കത്തുള്ളവർ കേൾക്കണം. ഓടി വരണം. ആശ്വസിപ്പിക്കണം. അങ്ങനെ വലുതായൊന്നു കരയാൻ പാഞ്ചാലി കൊതിച്ചു തുടങ്ങീട്ടു വർഷങ്ങൾ മൂന്നുകഴിഞ്ഞു. തരപ്പെട്ടിട്ടില്ല.

എങ്ങനെ കരയും?

ആരെങ്കിലും കാരണം ചോദിച്ചാൽ എന്തു പറയും?

ഒന്നും പറയാനില്ല. അതുകൊണ്ട് അവൾ നിശ്ശബ്ദമായി സഹിച്ചു. വേദന കടിച്ചിറക്കുന്നത് എളുപ്പമല്ല. അതോ, സഹിക്കാൻ പാടില്ലാത്ത വേദനയും. ഉള്ളിൽ നിന്ന് ഉമിത്തീപോലെ എന്തോ കുമിഞ്ഞുകുമിഞ്ഞു ചങ്കുവരെ എത്തും. കണ്ണുകൾ നനയും. ഒച്ചയുണ്ടാവാൻ പാടില്ല. എല്ലാം അവിടെ തടഞ്ഞുനിർത്തണം. അത് എന്തുമാത്രം പ്രയാസമുള്ള കാര്യം! എന്നിട്ടും സഹിച്ചു. നിയന്ത്രണം വിട്ടുപോകുമെന്നു തോന്നുമ്പോൾ പല്ലു കടിച്ചു പതുക്കെ പറയും:

“എന്റമ്മേ!”

അമ്മയുണ്ടായിരുന്നെങ്കിൽ എല്ലാം തുറന്നു പറയാമായിരുന്നു. അച്ഛനോടു വയ്യാ. തലവേദനയോ പനിയോ വയറുവേദനയോ ആയിരുന്നെങ്കിൽ ആരോടും പറയാം. ഇതങ്ങനെയല്ല. ഹൃദയവേദനയാണ്.

അമ്മയാണെങ്കിൽ പറയാതെതന്നെ മനസ്സിലാക്കും. എല്ലാം കണ്ടറിയും. നല്ല വാക്കു പറഞ്ഞ് അവളെ ആശ്വസിപ്പിക്കും. പുറം തടവിക്കൊടുക്കും. കെട്ടിപ്പിടിച്ചു മൂർദ്ധാവിൽ ചുംബിച്ച് വേദന ശമിപ്പിക്കും.

“എന്റമ്മേ!”

ശബ്ദമില്ലാതെ അവൾ കരഞ്ഞു. കണ്ണീരാണ് കുഴപ്പമുണ്ടാക്കുന്നത്. തടഞ്ഞാൽ നിൽക്കില്ല. തുടയ്ക്കുന്തോറും കവിളുകൾ നനച്ചുകൊണ്ടു കണ്ണീർ കുത്തിയൊഴുകും.

അവൾ അറിയാതെ പിന്നെയും പലവട്ടം പാല പൂത്തു. ഒരു പൂവെങ്കിലും അവൾ നുള്ളിയില്ല. കളിയും കണ്ണെഴുത്തും പുച്ചൂടലും അവൾ മറന്നു. പൂഴിയിൽചിതറിക്കിടക്കുന്ന പൂക്കൾ ചവുട്ടിയമർത്തിക്കൊണ്ടു പാലച്ചുവട്ടിൽ ചെല്ലും. അതിന്റെ കവരകളിൽ ശരീരം ചാരി കടലിലേക്കുനോക്കി എന്നും സന്ധ്യയ്ക്ക് അവൾ നിൽക്കും. സൂര്യൻ കടലിൽ താഴുന്നതും പടിഞ്ഞാറൻ ചുവപ്പ് പതുക്കെപ്പതുക്കെ മായുന്നതും ഇരുട്ടും ഏകാന്തതയും അരിച്ചരിച്ചെത്തുന്നതും അവൾ അറിയില്ല.

നീലക്കടലിന്റെ മാറിടം പിളർന്നുകൊണ്ട് ഒരു വള്ളം കരയ്ക്കണയുന്നതും പ്രതീക്ഷിച്ചാണ് അവളുടെ നിൽപ്. വരും വരാതിരിക്കില്ല. ഇന്നല്ലെങ്കിൽ നാളെ തീർച്ചയായും വരും. എന്നും അവൾ അതു പ്രതീക്ഷിച്ചു. പക്ഷേ, ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കഴിഞ്ഞുപോയി. ആ വള്ളം മാത്രം കരയ്ക്കണഞ്ഞില്ല.

പാഞ്ചാലിക്ക് അറിയാം, പൊക്കന് അവളെ മറക്കാൻ കഴിയില്ലെന്ന്. ഏതു പ്രതിബന്ധമുണ്ടായാലും അതൊക്കെ തട്ടിത്തകർത്ത് അവൻ തിരിച്ചുവരും. എന്തൊക്കെ വാഗ്ദാനങ്ങൾ അവനു നിറവേറ്റാനുണ്ട്! കടപ്പുറത്തെ പൂഴിയിലും അവളുടെ കുടിയിലുമിരുന്ന് പൊക്കൻ പറഞ്ഞ പല കാര്യങ്ങളും അവൾ ആ നിൽപ്പിൽ ഓർക്കും.

കല്യാണം കഴിഞ്ഞാൽ, അദ്ധ്വാനിച്ചു ജോലി ചെയ്തു മുത്തപ്പനെപ്പോലെ ഒരു മാളികവീടു പണിയിക്കണമെന്ന് ഒരിക്കൽ പറഞ്ഞു.

ഉടനെ അവൾ ചോദിച്ചു

"അതെന്തിന്?"

"എന്റെ കുട്ട്യോൾക്ക് പാർക്കാൻ!"

"ങ്ങളെ കുട്ട്യോൾക്ക് കുടീ പാർത്തൂടേ?" അവൾ കളിയാക്കിക്കൊണ്ടു ചോദിച്ചു.

"പാടില്ല." അവൻ ഗൗരവത്തോടെ നിഷേധിച്ചു.

"എന്റെ കുട്ട്യോള് മാളികവീട്ടിൽ പാർക്കണം"

പിന്നീടൊരിക്കൽ അവൻ പറഞ്ഞു:

"നീന്നെ ഞാൻ കെട്ട്യാല്..."

"കെട്ട്യാല്?" മുഴുവൻ കേൾക്കുന്നതിനുമുമ്പു നാണിച്ചു തലതാഴ്ത്തിക്കൊണ്ടു അവൾ ചോദിച്ചു.

"മീനും വിറ്റു നടക്കാൻ നിന്നെ ഞാൻ സമ്മതിക്കൂലാ."

"പിന്നെ?"

"എന്റെ കെട്ട്യോള് കൊട്ടേം പേറി നടക്കണ്ടാ. കുടീലിരുന്നു കുട്ട്യോളെ നോക്ക്യാമതി."

അതൊക്കെ പറയുമ്പോൾ എന്തൊരാവേശമായിരുന്നു! പിറക്കാത്ത കുട്ടികളോടും കെട്ടാത്ത പെണ്ണിനോടും എന്തൊരു സ്നേഹമായിരുന്നു! എപ്പോൾ കണ്ടുമുട്ടിയാലും കല്യാണത്തിന്റെ കാര്യമേ പറയാനുള്ളൂ. അതൊക്കെ ഓർക്കുമ്പോൾ

കണ്ണീരടങ്ങുന്നില്ല. അവൾ തന്നത്താനാശ്വസിച്ചു; വരും വരാതിരിക്കില്ല. ഇന്നല്ലെങ്കിൽനാളെ.

അച്ഛൻ വിളിക്കുന്നതുവരെ അവൾ അവിടെ നിൽക്കും. വിളിച്ചാലും ഉടനെ പോവില്ല. ശല്യപ്പെടുത്തണം. ആ പാലച്ചുവട്ടിൽ ചെന്നു നിൽക്കുമ്പോൾ തനിച്ചല്ലെന്നും അടുത്തെവിടെയോ പൊക്കനുണ്ടെന്നും അവൾക്ക് തോന്നും. അതുകൊണ്ടാവണം, അവിടെ എത്ര നിന്നാലും അവൾക്കു മടുക്കില്ല.

"എടീ പാഞ്ചാലീ, നേരം നല്ല ഇരുട്ടായി. ഇനീങ്ങ് പോരീ." അല്പം അക്ഷമ പ്രദർശിപ്പിച്ചുകൊണ്ടുതന്നെ കുഞ്ഞിക്കണ്ണൻമരയ്ക്കാൻ വിളിച്ചുപറയണം. എന്നാൽ അവൾ പുറപ്പെടും. പുറപ്പെട്ടാലും ഒന്നു തിരിഞ്ഞുനോക്കും. ആ വള്ളം വരുന്നുണ്ടോ? ഒന്നും വ്യക്തമല്ല. കടലിൽ ഇരുട്ടാണ്. ഒരു പക്ഷേ, ഇരുട്ടിലൂടെ വരുന്നുണ്ടെങ്കിലോ? സംശയിച്ചു നിൽക്കും.

"എടീ, പറഞ്ഞതു കേട്ടില്ലേ?"

കേട്ടു. അച്ഛന് അൽപ്പം ശുണ്ഠിവന്നിട്ടുണ്ട്. ഇനി നിന്നാൽ പറ്റില്ല. ഒരു നെടിവീർപ്പോടെ അവൾ ആ പരിസരത്തോടു യാത്ര ചോദിക്കും. പിറ്റേന്നും ആ നേരത്തവിടെ തിരിച്ചെത്താൻ. അങ്ങനെ ദിവസങ്ങളും മാസങ്ങളും കടന്നുപോയി. പുത്തനായൊന്നും സംഭവിച്ചില്ല. വേദന കുറഞ്ഞില്ല.

അന്ന് ഗുരുപുണ്യകാവിലെ ആറാട്ടായിരുന്നു. പെണ്ണുങ്ങളും കുട്ടികളും ചമഞ്ഞൊരുങ്ങി നേരത്തേ പോയിട്ടുണ്ട്. ഉച്ചതിരിഞ്ഞാൽ "വരവ്" തുടങ്ങും. ഇളനീർ വരവും കരടിവരവും ഉപ്പും തൊണ്ട്യവരവുമുണ്ടാവും. ഓരോ വരവിനൊന്നിച്ചും ആനയുണ്ടാവും.

"നട ഹോയ് നടോ, നടോ!" വലിയ മുളങ്കമ്പിൽ തൂക്കിയ കൊടികളും ഇളനീർക്കാവുകളുമെടുത്ത്, പട്ടം കെട്ടിച്ച ആനയെ മുൻനടത്തി, ചെണ്ടയും മുട്ടി, 'നടത്ത'വും ചൊല്ലി അന്നുച്ചയ്ക്ക് അതിലെ ഒരുപാട് ആളുകൾ കടന്നുപോകുന്നതു പാഞ്ചാലി കണ്ടിരുന്നു. പണ്ടാണെങ്കിൽ അവൾ ഉത്സാഹത്തോടെ ഓടിച്ചെല്ലും. എവിടെനിന്നെങ്കിലും സമ്പാദിച്ചുവെച്ച ഒരു നാളികേരം ആനയ്ക്കു കൊണ്ടുചെന്നു കൊടുക്കും. ആനയ്ക്കു നാളികേരം കൊടുക്കുന്നതു വലിയപുണ്യമാണ്. ആന ഗണപതിയെന്നാണ് സങ്കല്പം.

ഉത്സാഹത്തോടെ അവൾ കുളിക്കും, തലമുടി ചീകും. കണ്ണെഴുതും, പൊട്ടുതൊടും, ആറാട്ടിനു പോകുന്ന പെണ്ണുങ്ങളുടെ മുമ്പിൽ അവളുണ്ടാവും. അവിടെ ചെന്ന് ആൾത്തിരക്കിലൂടെ നടക്കാനും പൊരികടല വാങ്ങി കൊറിക്കാനും ബഹുരസമാണ്. കുപ്പിവളകളും വാസനത്തൈലവും വിൽക്കുന്നവനെ പെണ്ണുങ്ങൾ ചെന്നു പൊതിയും. കൂട്ടത്തിൽ അവളുമുണ്ടാവും. വാസനത്തൈലം വിൽക്കുന്നവൻ കുപ്പി തുറന്നു തൈലം വിരലുകൾ തൊട്ടു വാങ്ങാൻ വരുന്നവരുടെ കൈത്തണ്ടയിൽതേച്ചുകൊടുക്കും. പിന്നെ രണ്ടുദിവസം മുഴവനും ആ മണം അങ്ങനെത്തന്നെ നിൽക്കും. അത്ര നല്ല മണമാണ്. കുളിച്ചാലും പോവില്ല.

ഉറക്കം വരുന്നതുവരെ ആൾത്തിരക്കിൽ ചുറ്റിപ്പറ്റി നടന്നും കാഴ്ച കണ്ടും സമയം പോക്കും. പിന്നെ മടങ്ങും. മടങ്ങുമ്പോൾ എല്ലാവരുടെ കൈയിലും 'തേൻകൊയലി'ന്റെ ഓരോ പൊതിയുണ്ടാവും. വീട്ടിലെത്തി ഉറക്കപ്പിച്ചോടെ പൊതിയഴിച്ച് "തേൻകൊയൽ" കടിക്കുമ്പോൾ അതിൽ നിന്നു തെങ്ങിൻ ചക്കര കുഴമ്പായി വായിലേക്കു പൊട്ടിയൊഴുകും.

ഇന്നു "തേൻകൊയൽ" തിന്നാനും രസമില്ല. എല്ലാറ്റിനോടും വൈരാഗ്യമാണ്. കൂട്ടവെടി മുഴങ്ങുന്നു. സന്ധ്യവിളക്കിനെഴുന്നള്ളിക്കേണ്ട സമയമാണ്. പാഞ്ചാലി എഴുന്നേറ്റു പാലച്ചുവട്ടിലേക്കു നടന്നു.

"മോളേ!" മുറ്റത്തൂടെ അങ്ങുമിങ്ങും നടക്കുന്ന കുഞ്ഞിക്കണ്ണൻമരയ്ക്കാൻ വിളിച്ചു.

ഒന്നും മിണ്ടാതെ അവൾ തിരിഞ്ഞുനിന്നു. എന്തൊരു കോലം! മുഖം വിളറി, കവിളൊട്ടി, കണ്ണിൻതടം കരുവാളിച്ച്, ശരീരം ചടച്ച് അവൾ തികച്ചും മാറിയിരിക്കുന്നു. കുഞ്ഞിക്കണ്ണൻമരയ്ക്കാൻ അടുത്തു ചെന്നു. ആകപ്പാടെയുള്ളൊരു മകളാണ്. അവൾ അങ്ങനെ വേദനിച്ചു വേദനിച്ച് ഇല്ലാതാവുന്നതു കൈയും കെട്ടി നോക്കി നിൽക്കേണ്ടിവന്നു. ഒരക്ഷരം അന്നുവരെ അതിനെപ്പറ്റി അച്ഛനു മകളോടു സംസാരിച്ചിട്ടില്ല. ആ വേദനയുടെ ശക്തി അച്ഛന് അറിയാം.

പാഞ്ചാലി അച്ഛന്റെ മുഖത്തു നോക്കി ഒന്നും പറയാതെ നിന്നു. എന്തിനുള്ള ആരംഭമാണ്? പാറിപ്പറക്കുന്ന പരുക്കൻതലമുടി തലോടിയൊതുക്കിക്കൊണ്ട് കുഞ്ഞിക്കണ്ണൻ മരയ്ക്കാൻ ചോദിച്ചു:

"നീ ഇന്നും കുളിച്ചീലേ, മോളേ?"

ഇന്നെന്നല്ല, വളരെ ദിവസമായി കുളിച്ചിട്ട്. അവൾ മറുപടിയൊന്നും പറഞ്ഞില്ല. പറയേണ്ട കാര്യമില്ല. എല്ലാം അച്ഛന്നറിയാം.

"നീ ആറാട്ടിനും പോയില്ലേ?"

അവളുടെ ജീവിതത്തിലിനി ഉത്സവമുണ്ടാവുമോ? അച്ഛന്റെ ചോദ്യം കേട്ട അവൾ തല കുനിച്ചു.

"നിന്റെ ഒരു വിതി!" ആ കണ്ഠം ഇടറി. തലോടുന്ന കൈ വിറച്ചു. പല നാളായി പറയണമെന്നു വിചാരിച്ച കാര്യമാണ്. ഒരിക്കലും പറയാൻ കഴിഞ്ഞില്ല. അല്ലെങ്കിൽ പറയാൻ മാത്രമുള്ള ധൈര്യമുണ്ടായില്ല. ഇന്നും അതു കമ്മിയാണ്. എങ്ങനെയോ തുടങ്ങിയെന്നു മാത്രം. എവിടെച്ചെന്നെത്തുമെന്നറിഞ്ഞുകൂടാ.

"ഒക്കെ മറക്ക്, മോളേ!" അങ്ങനെ പറയാനാണ് തോന്നിയത്.

അവൾ ചുണ്ടു കടിച്ചമർത്തി. നിയന്ത്രിക്കാൻ കഴിയാത്തവിധം വേദന പൊങ്ങുകയാണ്. നിന്നാൽ പറ്റില്ല. വാവിട്ടുകരഞ്ഞുപോകും. കരഞ്ഞുവീണുപോകും. അച്ഛനതു കണ്ടുനിൽക്കാൻ കഴിയില്ല. എന്തിന് അച്ഛനെക്കൂടി വേദനിപ്പിക്കണം? കൂടുതലൊന്നും കേൾക്കാൻനിൽക്കാതെ അവൾ ഓടി. ആ പാലച്ചുവടിൽ ചെന്നു നിന്നാൽ എല്ലാം സഹിക്കാനുള്ള കരുത്ത് അവൾക്കുണ്ടാവും. കവരകളിൽ ചാരി

നിന്നപ്പോൾ ഏതോ അഭയസ്ഥാനത്തു ചെന്നെത്തിയ തോന്നൽ. വാത്സല്യപൂർവ്വം ആരോ കരുത്താർന്ന കൈകൾകൊണ്ടു കെട്ടിപ്പുണരുന്ന ഒരനുഭവം.

എല്ലാദുഃഖങ്ങളും തുറന്നു പറയാനുള്ള സ്ഥലമാണത്. അവൾ പാലക്കൊമ്പിൽ മുഖമമർത്തി വിങ്ങിവിങ്ങിക്കരഞ്ഞു. അന്തംവിട്ടു പോയ കുഞ്ഞിക്കണ്ണൻമരയ്ക്കാൻ മുറ്റത്തെ പൂഴിയിലൊരിടത്തിരുന്നു.

മാളികയ്ക്കൽ നിന്നു മുട്ടും വിളിയും ഒപ്പനപ്പാട്ടും കേൾക്കാനുണ്ട്. ആലിക്കുട്ടിയുടെ മൂത്ത മകൾക്ക് അന്നു വിവാഹമാണ്. പുതിയ മാപ്പിള വരേണ്ടതു വടകരെനിന്നാണ്. വടകരത്തുറമുഖത്തു പാണ്ടികശാലയും മികച്ച വ്യാപാരവുമുള്ള കോയോട്ടിഹാജിയുടെ രണ്ടാമത്തെ മകനാണ് മാപ്പിള, കുട്ട്യാമു. പുതിയമാപ്പിളയെ തേടി രാവിലെത്തന്നെ ആളുകൾ പോയിട്ടുണ്ട്.

പ്രഭാവത്തിലും പദവിയിലും പണക്കൊഴുപ്പിലും കോയോട്ടി ഹാജിയെക്കാൾ ഒട്ടും പിന്നിലല്ല താനെന്നു വരുത്താൻ ആലിക്കുട്ടി മനസ്സിരുത്തീട്ടുണ്ട്. ഒന്നു ചെലവാക്കേണ്ട സ്ഥലത്തു പത്തെന്ന തോതിലാണ് എല്ലാം ഒരുക്കിയത്. കടപ്പുറം മുതൽ വീട്ടുമുറ്റംവരെ പന്തലാണ്. പല സ്ഥലത്തുനിന്നും മികച്ച കോൽക്കളിക്കാരെ വരുത്തീട്ടുണ്ട്. പാട്ടുകാരായ പെണ്ണുങ്ങളും ആണുങ്ങളും രണ്ടുദിവസം മുമ്പേ എത്തിച്ചേർന്നിട്ടുണ്ട്. മുന്തിയ 'മുട്ടുംവിളി' സംഘം തങ്ങളുടെ കഴിവുകാണിക്കാൻ പ്രഭാതം മുതൽതുടങ്ങിയതാണ്. പന്തലായിനിമുതൽ വടകരവരെ പ്രമാണിമാരായ എല്ലാവരെയും ക്ഷണിച്ചിട്ടുണ്ട്. പുതിയ മാപ്പിള ആനപ്പുറത്തു കയറി പട്ടുകുടയുംചൂടി വരുമെന്നാണ് കേട്ടത്. വരവു കാണാൻ നല്ല രസമുണ്ടാവും. ഗുരുപുണ്യകാവിലെ ആറാട്ടിനു പോകാത്തവരൊക്കെ മാളികയ്ക്കലെ വേലിക്കടുത്തു ചെന്നു സ്ഥലം പിടിച്ചു; പുതിയമാപ്പിള വരുന്നതു കാണാൻ. തെക്കും വടക്കും രണ്ടുത്സവം നടക്കുമ്പോൾ കുടിയിൽ മടിച്ചിരിക്കാൻ ആർക്കും മനസ്സുവരില്ല. വളയക്കടപ്പുറത്തുള്ളവർക്ക് അടുത്തൊന്നും അത്ര വലിയ ഉത്സാഹം തോന്നീട്ടില്ല.

കരഞ്ഞുകരഞ്ഞു മനസ്സിന്റെ ഭാരം കുറഞ്ഞപ്പോൾ പാഞ്ചാലി തലപൊക്കി. നിലാവു പരന്നുകിടക്കുന്ന കടലിലേക്കു നോക്കി അനങ്ങാതെ നിന്നു. നിലാവിന്റെ ഓരോ അലുക്കിലും കടൽവെള്ളത്തിന്റെ ഓരോ തുള്ളിയിലും ഓർമ്മകൾ തങ്ങിനിൽക്കുകയാണ്-കഴിഞ്ഞ കാലത്തിന്റെ ഓർമ്മകൾ.

രാവിലെ വിറകു പെറുക്കാൻ പോയ പെണ്ണുങ്ങളാണ് വിവരം വന്നു പറഞ്ഞത്. ചുള്ളിക്കാട്ടിൽ ഒരു ശവം കിടപ്പുണ്ടെന്ന്. അവർ പേടിച്ചു വിറയ്ക്കുന്നുണ്ടായിരുന്നു. ശേഷിയുള്ള ആണുങ്ങൾ മുഴുവനും കടലിൽ പോയതുകൊണ്ടു വേഗത്തിലാരും ചെന്നു നോക്കാനുമുണ്ടായില്ല. എങ്കിലും കുട്ടികൾ ഓടിപ്പോയി; വയ്യാതെ കുടിയിലിരിക്കുന്ന കിഴവന്മാരും കൂട്ടത്തിൽ പൈതൽമരയ്ക്കാനുമുണ്ടായിരുന്നു. പോയവർ തിരിച്ചുവരുന്നതും കാത്ത് പെണ്ണുങ്ങൾ അവിടവിടെ കൂടിനിന്നു. കുറെ കഴിഞ്ഞപ്പോൾ എല്ലാവരും കൂടി ആരെയോ താങ്ങിപ്പിടിച്ചു കൊണ്ടുവരുന്നു. ശവമാണെങ്കിൽ അങ്ങനെ എടുത്തു കൊണ്ടു വരില്ല. ആശ്വാസമായി. പടിക്കലൂടെയാണ് കൊണ്ടുവരുന്നത്. പാഞ്ചാലി ഓടിച്ചെന്നു നോക്കി.

കുഞ്ഞാലി!

എങ്ങനെപറ്റി? ആരു ചെയ്തു? എന്താണ് കാരണം? അങ്ങനെ പലതും ചോദിക്കാൻ തോന്നി. ആരോടു ചോദിക്കാൻ? അവൾ ചോദിച്ചില്ല. ശരീരം മുഴുവൻ ഉടഞ്ഞു തകർന്നിരിക്കുന്നു. അവിടവിടെയുള്ള മുറിവുകളിൽ നിന്ന് അപ്പോഴും രക്തം വാർന്നൊഴുകുന്നുണ്ട്.

പാവം!

നേരിയ ശ്വാസമുണ്ടെന്ന് ആരോ പറഞ്ഞു. എന്നാലും ജീവിക്കുന്നകാര്യം പ്രയാസം. നേരേ അവന്റെ കുടിയിലേക്കാണ് കൊണ്ടുപോകുന്നത്. ഉമ്മയും ബാപ്പയും അതെങ്ങനെ കണ്ടുസഹിക്കും? മറ്റുള്ളവരോടൊപ്പം കുഞ്ഞാലി രാത്രി മുഴുവൻ കടപ്പുറംകാക്കുന്ന ജോലിയിലാണു ഈ ചതി പറ്റിയതു രാത്രിയാണെങ്കിൽ കൂട്ടുകാർ കാണും. പൊക്കനെങ്കിലും കാണാതിരിക്കില്ല. അവർ കൂട്ടം പിരിയാതെ നടക്കുന്നവരാണ്. പുലർച്ചെ മറ്റുള്ളവർ കടലിലേക്കു പോയതിനു ശേഷം സംഭവിച്ചതാവും. ഏതുനിലയിലും ഉച്ചതിരിഞ്ഞാലറിയാം. പാഞ്ചാലിയടക്കം വളയക്കടപ്പുറത്തുള്ള എല്ലാവരും കാത്തിരുന്നു.

ഉച്ചതിരിഞ്ഞു. വള്ളങ്ങൾ ഓരോന്നു കരയ്ക്കണഞ്ഞു. പാഞ്ചാലി കടപ്പുറത്തുതന്നെ കാത്തുനിൽപാണ്. അവളുടെ അച്ഛൻ വന്നു. പിന്നെയും പലരും വന്നു. ഒരാൾ മാത്രം വന്നില്ല. എന്തുപറ്റി? വല്ലവരോടും ചോദിക്കാമെന്നുവച്ചാൽ നാണംകൊണ്ടു നാക്കു പൊങ്ങുന്നില്ല. വരട്ടെ. എല്ലാവരും പിരിഞ്ഞുപോകുന്നതുവരെ അവളൊരു ഭാഗത്തു മാറിനിന്നു. ഇന്നു പുറംകടലിൽ പോയിട്ടുണ്ടാവും. എത്ര പറഞ്ഞാലും കേൾക്കില്ല. അനുസരണക്കേടു കാണിക്കാൻ വലിയ വാസനയാണ്. കൂട്ടംപിരിഞ്ഞുപോകരുതെന്നു പലതവണ ശാസിച്ചതാണ്. വരട്ടെ. കാണിച്ചുകൊടുക്കാം.

വള്ളം കരയ്ക്കണച്ചു പൂഴിയിലേക്കു ചാടിയിറങ്ങി ചിരിച്ചുകൊണ്ടുവരും. കണ്ട ഭാവം നടിക്കില്ല. മുഖം വീർപ്പിച്ചു നിൽക്കും. ചോദിക്കുന്നതിനൊന്നും സമാധാനം പറയില്ല. പിടിച്ചു നുള്ളാൻ വരുമ്പോൾ കൈ തട്ടിക്കളയും. മറ്റുള്ളവരുടെ മനസ്സു വേദനിപ്പിക്കാൻ വലിയ ഉത്സാഹമാണ്.

അങ്ങനെ പല തീരുമാനങ്ങളുമെടുത്ത് പാഞ്ചാലി കാത്തുനിന്നു. ആ വള്ളം മാത്രം തിരിച്ചുവന്നില്ല. ഉൽക്കണ്ഠയായി. പരിക്രമമായി നെഞ്ചിടിപ്പിനു വേഗം കൂടി. കുടിയിലേക്കു ചെന്നു. അച്ഛനോടു ചോദിച്ചു. ഒരു തുമ്പുമില്ല.

രാത്രിയായി. അച്ഛനും മകളും കുടിയിൽ പരസ്പരം സംസാരിക്കാതെ കഴിച്ചുകൂട്ടുകയാണ്. ഉടനെ കേട്ടു. വലിയൊരുനിലവിളി. കുഞ്ഞിക്കണ്ണൻമരയ്ക്കാൻ മുറ്റത്തിറങ്ങി ശ്രദ്ധിച്ചു. പാഞ്ചാലി വിളിച്ചു ചോദിച്ചു.

"ഏടന്നാണച്ചാ?"

"മോളേ, പൈതൽ മരയ്ക്കാന്റെ കുടീന്നാ. ഞാനൊന്നു ചെന്നു നോക്കട്ടെ."

"ഞാനും പോരുന്നച്ചാ." കുടിയുടെ വാതിലടച്ചു പാഞ്ചാലിയും മുറ്റത്തിറങ്ങി. മകൾ ഒന്നിച്ചു പോരേണ്ടെന്ന് അച്ഛനു വിചാരമുണ്ട്. തടഞ്ഞാലവൾ നിൽക്കില്ല.

രണ്ടുപേരും ഒന്നിച്ചോടി. അവൾ മുൻകടന്നു പോയി. വിളിച്ചാൽ കേൾക്കാത്തത്ര ദൂരത്തായി. ഒപ്പമെത്താൻ കുഞ്ഞിക്കണ്ണൻമരയ്ക്കാൻ വിഷമിച്ചു.

പൈതൽമരയ്ക്കാന്റെ കുടിയിലും മുറ്റത്തും ആളുകൾ തിങ്ങിക്കൂടീട്ടുണ്ട്. എന്താണ് സംഭവിച്ചത്? കാലുകൾ വിറയ്ക്കുന്നു. ഓടാൻ വയ്യ. നടക്കാനും വിഷമം. അവിടെ ചെന്നു കേറുമ്പോൾ എന്താണു കാണുക, കേൾക്കുക എന്ന വിചാരംകൊണ്ടു മനസ്സു കിടന്നു വിഷമിക്കുന്നു.

ആൾകത്തിരക്കിലൂടെ ആദ്യം അകത്തു കയറിയതു പാഞ്ചാലിയാണ് ദമയന്തി നെഞ്ചിലിടിച്ചു നിലവിളിച്ചു നിലത്തുകിടന്നുരുളുന്നു;

"എന്റെ മോനേ, നീയെന്നെ ചതിച്ചല്ലോ..."

എന്തു ചതിയാണ് പറ്റിയത്? അവൾ അന്തംവിട്ടുനിന്നു.

"ഞാനെനി ആരെ മോത്തു നോക്കും, മോനേ?"

പിന്നെയും ദമയന്തി ഓരോന്നു പറഞ്ഞുകരയുന്നു. ആരും ഒന്നും മിണ്ടുന്നില്ല. എല്ലാവരുടെ മുഖത്തുമുണ്ട് വല്ലായ്മ. പൈതൽമരയ്ക്കാൻ ദമയന്തിയെ ആശ്വസിപ്പിക്കാൻ പാടുപെടുന്നുണ്ട്. വെറുതെ.

ആരോടും ചോദിക്കാതെതന്നെ പാഞ്ചാലിക്കു കാര്യം കുറേശ്ശ മനസ്സിലായി. ദമയന്തിയുടെ വാക്കുകൾ പല സൂചനകളും അവൾക്കു നൽകി.

അന്നു പൊക്കൻ കടലിൽ വള്ളമിറക്കീട്ടില്ല. വള്ളം കരയ്ക്കുതന്നെ കിടപ്പാണ്. ആരും അതു ശ്രദ്ധിച്ചില്ലെന്നു മാത്രം. എല്ലാവരും തിരിച്ചു വന്നപ്പോൾ അന്വേഷണമായി. അന്വേഷിച്ചപ്പോൾ പരമാർത്ഥം കണ്ടെത്തി.

പാഞ്ചാലിക്കു തല ചുറ്റുന്നെന്നു തോന്നി. അങ്ങനെ നിന്നാൽ വീണുപോകും. പതുക്കെ ഒരു ഭാഗത്തേക്കു നീങ്ങി കുടിലിന്റെ ഓലമറയും ചാരി അവൾ നിന്നു. സ്വന്തം വേദന തന്നെ ദുർഭരമാണ്. കൂട്ടത്തിൽ ഒരു പെറ്റമ്മ വേദന സഹിക്കാത നിലത്തു കിടന്നുരുണ്ടു നെഞ്ചിൽ തൊഴിച്ചു പലതും വിളിച്ചുപറയുന്നു. വിളിച്ചുപറയുന്ന ഓരോ വാക്കും പുതിയ പുതിയ വേദനകൾ സൃഷ്ടിക്കുകയാണ്. കരയാൻ തോന്നി. എങ്ങനെ കരയും? അമ്മയ്ക്കാണെങ്കിൽ കരയാൻ അവകാശമുണ്ട്. അവൾക്കോ? ആളുകൾ എന്തു വിചാരിക്കും? ചങ്കുവരെ തുളച്ചുകയറിയ കരച്ചിൽ തീക്കട്ടപോലെ വിഴുങ്ങി. അകം മുഴുവൻ നീറുകയാണ്.

കുഞ്ഞാലിയെ ചികിത്സിച്ചു. ക്രമേണ അവനു ബോധം തിരിച്ചു കിട്ടി. കണ്ണു തുറന്നു. കണ്ണു തുറന്നു ചുറ്റുംനോക്കി. അടുത്തിരിക്കുന്നവരെ മനസ്സിലാക്കാൻ കഴിഞ്ഞപ്പോൾ അവൻ ആദ്യമായി ചോദിച്ചതു പൊക്കനെപ്പറ്റിയാണ്.

ആ വിപത്തു സംഭവിക്കുമ്പോൾ പൊക്കനും അവന്റെ കൂടെയുണ്ടായിരുന്നെന്നു വ്യക്തം. അതുവരെ ആശയ്ക്കു വഴിയുണ്ടായിരുന്നു.

പൈതൽമരയ്ക്കാനും ദമയന്തിയും തെല്ലൊരാശ്വാസത്തോടെ കാത്തിരുന്നു. മകൻ തിരിച്ചുവരുമെന്ന് അവർ ആശിച്ചു. പക്ഷേ, കുഞ്ഞാലിയുടെ വിവരണം കേട്ടപ്പോൾ ആശകൾ മുഴുവനും തകർന്നു. ദമയന്തി കിടപ്പിലായി. ആരോടും ഒന്നും

മിണ്ടാറില്ല. ഏറെ നിർബന്ധിച്ചാൽ മാത്രം രണ്ടോ മൂന്നോ ദിവസം കൂടുമ്പോൾ ഇത്തിരി ആഹാരം വല്ലതും കഴിക്കും.

ദമയന്തിയെ ശുശ്രൂഷിക്കാനും അവിടെ ഭക്ഷണം പാകം ചെയ്യാനും ഒരാളില്ല. പാഞ്ചാലി പകലത്രയും പൈതൽമരയ്ക്കാന്റെ കുടിയിലാണ്. ആലോചിക്കാനും ദുഃഖിക്കാനും അവൾക്കു സമയം കിട്ടിയില്ല. പിടിപ്പതു ജോലിയുണ്ട്. എല്ലാം കഴിഞ്ഞു വൈകീട്ടു സ്വന്തം കുടിയിലേക്കു മടങ്ങും. അച്ഛനു വേണ്ടുന്നതൊരുക്കും. അതു കഴിയുമ്പോൾ സന്ധ്യയാവും. എന്നും രാത്രി വന്നെത്താൻ അവൾ പ്രാർത്ഥിച്ചു. ഉറക്കൊഴിച്ചിരുന്നു കരയാം. ആരുംകാണില്ല. ഇഷ്ടതോഴിയോടെന്നവണ്ണം ആരും കാണാതെ കണ്ണീരൊഴുക്കിക്കൊണ്ടു തന്റെ വേദന മുഴുവനും രാത്രിയോട് അവൾക്കു പറയാം. ആ കാര്യത്തിൽ മാത്രം അവൾ ഭാഗ്യവതിയാണ്.

രോഗം മാറി ശരീരം പൂർവ്വസ്ഥിതിയിലായശേഷം ഒരു ദിവസം കുഞ്ഞാലി അവളെ കാണാൻ വന്നു. ആ സന്ദർഭം അവൾക്ക് ആലോചിക്കാൻ വയ്യാ. പൈതൽമരയ്ക്കാന്റെ വീട്ടിലെ ജോലി കഴിഞ്ഞു കുടിയിൽ തിരിച്ചെത്തി. അടുപ്പിൽ തീ പിടിപ്പിക്കുകയാണ്. പുറത്തുനിന്ന് ആരോ വിളിച്ചപോലെ തോന്നി. പരിചയമുള്ള ശബ്ദം. ആരായിരിക്കും? ഓടി മുറ്റത്തെത്തി. മുമ്പിൽ കുഞ്ഞാലി നിൽക്കുന്നു. എല്ലാ നിയന്ത്രണങ്ങളും വിട്ടുപോയി. വളരെ നാളായി കെട്ടിനിർത്തിയ വേദന ചിറകുപൊട്ടി.

ഓ! അതെന്തു കരച്ചിലായിരുന്നു! മറ്റാരും കാണാത്തതു ഭാഗ്യം. കുഞ്ഞാലിക്ക് എല്ലാമറിയാം. കുഞ്ഞാലിയോടു കൈമാറാത്ത രഹസ്യം പൊക്കനിലായിരുന്നു. സമാധാനിപ്പിക്കാൻ കുഞ്ഞാലി പറഞ്ഞ വാക്കുകളൊന്നും അവൾ കേട്ടില്ല. അന്യന്റെ മുമ്പിൽ അത്ര വലിയ ദൗർബ്ബല്യം കാട്ടുന്നത് അന്നു നടാടെയാണ്.

കുട്ടവെടി മുഴങ്ങുന്നതുകേട്ട് അവൾ ഞെട്ടി. ഗുരുപുണ്യകാവിൽ സന്ധ്യവിളക്കു കഴിഞ്ഞതാവും. അന്നു കുഞ്ഞാലിയുടെ മുമ്പിൽ നിന്നു കരഞ്ഞിട്ടു പിന്നെ കാലമെത്ര കഴിഞ്ഞു! ഹൃദയഭാരം ഇനിയും ചുരുങ്ങീട്ടില്ല; ചുരുങ്ങുകയുമില്ല.

"മോളേ, പാഞ്ചാലീ, ഇങ്ങ് പോര് മോളേ." അച്ഛൻ വിളിക്കുന്നു. കുറച്ചുകൂടി നിൽക്കാം. തണുപ്പുകാറ്റേൽക്കുമ്പോൾ സുഖം തോന്നുന്നു. ഉള്ളിലെ നീറ്റം കുറയ്ക്കാൻ അതിനു കഴിവില്ലെങ്കിലും പിന്നെയും അവൾ പലതും ആലോചിച്ചുകൊണ്ടു നിന്നു. കടലിൽ നല്ല നിലാവ് പരന്നു കിടക്കുന്നതുകൊണ്ടു വള്ളം വരുന്നതു കാണാം. അവൾ പ്രതീക്ഷിക്കുന്ന വള്ളം അങ്ങനെ മുന്നറിയിപ്പുകൂടാതെ ഒരു ദിവസം കരയ്ക്കണയില്ലേ?

മാളികയ്ക്കൽ പാട്ടും കളിയും നടക്കുന്നു. ആമിനയെ അവൾക്കറിയാം. ചെറിയ കുട്ടിയാണ്. ഇടയ്ക്കിടെ അവളുടെ കുടിയിൽ വരാറുണ്ട്. കഴിഞ്ഞാഴ്ചകൂടി മറ്റു കുട്ടികളോടൊപ്പം പൂഴിയിലിരുന്നു പുത്താംകല്ലാടുന്നതു കണ്ടിട്ടുണ്ട്. അവൾക്കു വിവാഹമാണത്രേ.

മുറ്റത്തിരിക്കുന്ന കുഞ്ഞിക്കണ്ണൻമരയ്ക്കാനു തല കനക്കുകയാണ്. ഉറക്കം വരുന്നു. ആ പൂഴിയിൽ തന്നെ ഒന്നു കിടന്നു മയങ്ങിയാലെന്തെന്നു തോന്നി. ഒരു ഓലക്കീറു വലിച്ചെടുത്ത് അതിൽ തല വെച്ച് കിടന്നു. കിടക്കുമ്പോൾ ഒന്നു വിളിച്ചു:

"മോളേ, പാഞ്ചാലീ."

"എന്താച്ഛാ?"

അവൾക്കു വരാറായിട്ടില്ല. കുറച്ചുകൂടി അവിടെ നിൽക്കട്ടെ. അവളുടെ മോഹം ഒന്നെങ്കിലും സാധിക്കണ്ടേ? പാവം! സഹിക്കുന്നു. ഒരു പരാതിയും പറയാതെ. ആലോചിച്ചുകൊണ്ടുതന്നെ ഉറങ്ങിപ്പോയി.

പിന്നെ, എന്തോ ബഹളം കേട്ടാണ് ഞെട്ടിയുണർന്നത്. ഒന്നും മനസ്സിലായില്ല. ആകാശത്തിലേക്കു നോക്കി. നിലാവ് അസ്തമിക്കാൻ തുടങ്ങുന്നു. നേരം പാതിരാവു കഴിഞ്ഞു. പേടിപ്പെടുത്തുന്ന ഇരുട്ടു ചുറ്റും അടിഞ്ഞുകൂടുന്നു. പാഞ്ചാലി വന്നു കിടന്നില്ലേ?

"മോളേ?"

ഉത്തരമില്ല. പാലച്ചുവട്ടിൽ ചെന്നു നോക്കി. കാണാനില്ല. അകത്തു ചെന്നു കിടന്നിട്ടുണ്ടാവും. പറയാതെ ചെന്നു കിടന്നതെന്ത്? കുടിയിലേക്കു കയറി വിളിച്ചു:

"മോളേ"

ഉത്തരമില്ല. മുനിഞ്ഞു കത്തുന്ന വിളക്കിന്റെ തിരി നീട്ടി അകത്താകെ നോക്കി. കാണാനില്ല. പരിഭ്രമമായി. പിന്നെയും വിളിച്ചു. ഉറക്കെ വിളിച്ചു. ഉത്തരമില്ല. വിളക്കു പിടിവിട്ടു താഴെ വീണു.

കുഞ്ഞിക്കണ്ണൻമരയ്ക്കാൻ പുറത്തേക്കു ചാടി വീണ്ടും പാലച്ചുവട്ടിൽ ചെന്നു നോക്കി. ആദ്യം നോക്കിയപ്പോൾ കാണാത്തൊരു വിശേഷം. രണ്ടു പാലക്കൊമ്പുകൾ അടർന്നു വീണുകിടക്കുന്നു. സംശയമായി. അട്ടഹസിച്ചുകൊണ്ടുവിളിച്ചു.

"മോളേ, പാഞ്ചാലീ"

മറുപടിയില്ല. ചുള്ളിക്കാട്ടിൽ നിന്നു പ്രതിദ്ധ്വനി മുഴങ്ങി. ഒന്നും മനസ്സിലാവാതെ, എന്താണ് ചെയ്യേണ്ടതെന്നറിയാതെ, പൂഴിയിലൂടെ അങ്ങട്ടും ഇങ്ങട്ടും ഓടിനടന്നു വിളിച്ചു. ഒരു തുമ്പുമില്ല.

"എന്റെ കാവിലമ്മേ, ചതിച്ചോ?" ആരോടു പറയാൻ? കടപ്പുറത്തൊരു കുട്ടിയില്ല. കൂട്ടിന്നൊരാളെ എവിടെച്ചെന്നു വിളിച്ചാൽ കിട്ടും? കുഞ്ഞിക്കണ്ണൻമരയ്ക്കാൻ മകളുടെ പേരു് ഉച്ചത്തിൽ വിളിച്ചുകൊണ്ടു മാളികയ്ക്കലേക്കോടി.

അവിടെ തിരക്കാണ്. പുതിയമാപ്പിള വന്നുകഴിഞ്ഞു. ക്രമപ്രകാരമുള്ള ചടങ്ങുകൾ ആരംഭിച്ചു. 'സുപ്ര' വരിക്കാനുള്ള തിരക്കാണ്. ദേഹണ്ഡക്കാരുടെ അട്ടഹാസവും കുട്ടികളുടെ ബഹളവും മുട്ടും മുരിശും ചേർന്നുണ്ടാക്കുന്ന ശബ്ദവും ആകപ്പാടെ കോലാഹലം.

കുഞ്ഞിക്കണ്ണൻമരയ്ക്കാൻ നേരെ മുറ്റത്തുള്ള പന്തലിൽ ചെന്നു. നെഞ്ചിലടിച്ചു കരഞ്ഞുകൊണ്ടു സഹായത്തിനഭ്യർച്ചു. അവിടെ കൂടിയവർ ഒന്നും മനസ്സിലാവാതെ

പരസ്പരം മിഴിച്ചുനോക്കി. ആലിക്കുട്ടി ബഹളംകേട്ട് ഓടിവന്നു. കല്യാണപ്പന്തലിൽ വന്നു തൊഴിച്ചു കരയുന്നതു ദുർന്നിമിത്തമാണ്. ആലിക്കുട്ടിക്കതു സഹിച്ചില്ല.

“പോടാ അബ്ബട്ന്ന്” ആലിക്കുട്ടി അലറി.

“എന്റെ ആലിക്കുട്ട്യാപ്ലേ, മോളെ പിടിച്ചോണ്ട് പോയി.”

കുഞ്ഞിക്കണ്ണൻമരയ്ക്കാൻ പിന്നെയും കരഞ്ഞപേക്ഷിച്ചു. ആലിക്കുട്ടിക്ക് ശുണ്ഠികയറി.

“കടക്കെടാ ബെളിയിൽ!” കഴുത്തു പിടിച്ച് ഊക്കിൽതള്ളി. കുഞ്ഞിക്കണ്ണൻ മരയ്ക്കാൻ മറിഞ്ഞുവീണു. വീണേടത്തു കിടന്നു പിന്നെയും കരഞ്ഞു. ആളുകൾ കൂടി. കേട്ടും കേൾപ്പിച്ചും എല്ലാവരും വിവരമറിഞ്ഞു.

“എന്താടാ അബ്ടെ? കുട്ട്യാമു, പുതിയമാപ്പിള, വിളിച്ചു ചോദിച്ചു.

“ഒരു പെണ്ണിനെ പുടിച്ചോണ്ട് പോയി.” ആൾക്കൂട്ടത്തിൽ നിന്ന് ആരോ ഉത്തരംപറഞ്ഞു.

“ആരെടാ പുടിച്ചോണ്ട് പോയത്? കുട്ട്യാമു വീണ്ടും ചോദിച്ചു.

“പറങ്ക്യേളാവും.” ദേഹണണ്ഡക്കാരുടെ കൂട്ടത്തിൽനിന്നു കുഞ്ഞാലിയാണ് പറഞ്ഞത്.

കുട്ട്യാമുവിന്റെ ആജന്മശത്രുക്കളാണ് പറങ്കികൾ. ആ ശബ്ദം കേട്ട് അവന്റെ കണ്ണുകൾ കലങ്ങി. പുരികം വളഞ്ഞു.

“എടാ, എന്നിറ്റെന്താ ങ്ങനെ മരംപോലെ നോക്കി നിക്ക്ന്നത്?”

തലയിൽക്കെട്ടു വലിച്ചെറിഞ്ഞ് കുട്ട്യാമു പുതിയമാപ്പിള വാളുമെടുത്തുമുമ്പോട്ടോടി; സുപ്രക്കെട്ടു വലിച്ചെറിഞ്ഞു പിന്നാലെ കുഞ്ഞാലിയും. വേറെ ഉശിരുള്ള ചെറുപ്പക്കാർ പലതും കൂട്ടത്തിൽ കൂടി.

ആലിക്കുട്ടി അവരെ തടുക്കാൻ ശ്രമിച്ചു. പുതിയമാപ്പിളയടക്കം ആരും ശ്രദ്ധിച്ചില്ല. എല്ലാവരും ഓടി ഇരുട്ടിലേക്കു മറഞ്ഞു. കല്യാണവീടു ശവപ്പറമ്പുപോലെ നിശ്ശബ്ദമായി.

— 14 —

# പതിന്നാല്

കൂട്ടിലിട്ട സിംഹത്തെപ്പോലെ ജോ ഡിസിൽവ അക്ഷമനായി അങ്ങട്ടുമിങ്ങട്ടും നടക്കുന്നു. ചുരുട്ടുകൾ പുകഞ്ഞുതീരുന്നു. ഇടയ്ക്കിടെ കപ്പൽ ജോലിക്കാരെ വിളിക്കുന്നു. ശകാരിക്കുന്നു.

ഇതെല്ലാം എന്തിനാണ്?

ഫർണാണ്ടസ്സിനു മനസ്സിലായില്ല.

ഐദ്രോസിനും മനസ്സിലായില്ല.

തണ്ടുവലിക്കുന്ന അടിമകളിൽ ആർക്കുംതന്നെ മനസ്സിലായില്ല.

നങ്കൂരമിട്ടു നിൽക്കുന്ന കപ്പലുകളിൽ തണ്ടുവലിക്കാരിരിക്കുന്ന ബഞ്ചുകൾ മിക്കവാറും ഒഴിഞ്ഞുകിടപ്പാണ്. പകുതിയിലധികംപേരെ പ്രകൃതികോപവും പകർച്ചവ്യാധിയും മർദ്ദനവുംകൂടി പങ്കിട്ടെടുത്തു. ബാക്കിയുള്ളവർ വിശ്രമിക്കുന്നു. ദൈവം കരുണയുള്ളവൻ. അവന്നു സ്തുതി!

ആകാശത്തിന്റെ പടിഞ്ഞാറൻ ചരുവിൽ ചന്ദ്രൻ, ഒരു നാളികേരപ്പൊട്ടുപോലെ, വീണുകിടക്കുന്നു. കടൽവെള്ളത്തിനുമേലെ തത്തിക്കളിക്കുന്ന വെളിച്ചത്തിന്റെ രാപ്പാറ്റകളെ കിഴക്കൻമലയുടെ മൂർദ്ധാവിൽനിന്ന് ആവൽപറ്റംപോലെ പറന്നെത്തിയ ഇരുട്ട് ഒന്നൊന്നായി പിടിച്ചുതിന്നുന്നു. പടിഞ്ഞാറുള്ള പ്രകാശവലയത്തിന്റെ പരിധി കാണെക്കാണെ കുറയുന്നു. അവ്യക്തതയും ഭയവും മുറ്റിനിൽക്കുന്ന ചുറ്റുപാടിൽ കടൽക്കാറ്റു നിന്നു തേങ്ങുന്നു.

കുത്തനെ നിൽക്കുന്ന തണ്ടുകൾക്കിടയിലൂടെ ഫർണാണ്ടസ് ഇരുണ്ട കടൽവെള്ളത്തിലേക്കു തുറിച്ചുനോക്കി. കാവിലെ ദീവട്ടികളും ദീപങ്ങളും വളരെ അകലത്താണ്. ഇരുട്ടിന്റെ മാറത്തുണ്ടായ "നീർപ്പൊള്ളൻ" പോലെ അവ നിറംമങ്ങി നിൽക്കുകയാണ്.

മുമ്പിൽ സുപരിചിതമായ വഴി. അപ്പനും അപ്പൂപ്പന്മാരും നായാട്ടിനിറങ്ങിയ

വഴി. അവരുടെ പങ്കായത്തലപ്പ വരച്ചുണ്ടാക്കിയ രേഖകൾ അപ്പോഴും ആ വെള്ളത്തിൽ മയാതെ കിടപ്പുണ്ടെന്ന് അവന്ന തോന്നി.

ഇപ്പോൾ ഫർണാണ്ടസ് പൊക്കനെ പൊതിഞ്ഞുനിൽക്കുന്ന ഒരു പുറംതൊണ്ടുമാത്രമാണ്. കനംകുറഞ്ഞ പുറംതൊണ്ട്. ഇരുട്ടിലൂടെ തുളഞ്ഞുകയറുന്ന അവന്റെ ദൃഷ്ടികളിൽ വളയക്കടപ്പുറത്തിന്റെ ചിത്രം തെളിഞ്ഞുവന്നു.

ചുള്ളിക്കാടിനും പൂഴിപ്പരപ്പിനുമിടയിൽ വരിവരിയായി നിൽക്കുന്ന കുടിലുകൾ! പൂർവ്വപരിചയം മുൻനിർത്തി അവനോർത്തു:

ഇന്നു കുടിലുകൾ ഒഴിഞ്ഞുകിടക്കും. കടപ്പുറം വിജനമായിരിക്കും. എല്ലാവരും ഉത്സവത്തിനുപോകും.

“അമ്മേ!”

ഒരു തേങ്ങൽപോലെ ആ രണ്ടക്ഷരം പുറത്തുവന്നു.

അമ്മ പോവില്ല. വയ്യാതെ കിടക്കും. എപ്പോഴും മകനെത്തന്നെ ഓർക്കും, കരയും, ആരോടും മിണ്ടില്ല.

ദീർഘകാലം മുത്തപ്പൻ മരണവും കാത്തു കിടന്ന സ്ഥലത്ത് അങ്ങനെ അമ്മയുടെ പായും ചുരുൾ നിവർത്തി. കൈയേന്തിയാൽ തൊടാൻകഴിയുന്ന മട്ടിൽ എല്ലാം അടുത്തു നിൽക്കുമ്പോലെ അവന്ന തോന്നി. തണുപ്പുകാലത്ത് അച്ഛൻ അടുത്തിരുന്നു തീക്കായുകയും അമ്മ അത്താഴമൊരുക്കുകയും ചെയ്യുന്ന അടുപ്പ്, അതിനു ചുറ്റുമുള്ള മൺചട്ടികൾ, അടുപ്പിനുമേലെ കുടിലിന്റെ മോന്തായത്തിൽ പുകപിടിച്ച് കറുത്തു തൂങ്ങിനിൽക്കുന്ന ഉണക്കമീൻകൊട്ട-എല്ലാമെല്ലാം വ്യക്തമായി കാണുന്നു. നെറ്റിത്തടം കപ്പൽത്തണ്ടിൽ അമർത്തിവെച്ച് അവൻ പതുക്കെ വിളിച്ചു: “അമ്മേ!”

“ഇതമ്മേ, പൊക്കനിതാ!”

“എണീറ്റ് അച്ഛന് ചോറു കൊടുക്കമ്മേ. ”

കപ്പലിന്നടുത്തു കടൽവെള്ളത്തിൽ ഒരു മാലാൻ പുളച്ചുചാടി. ആ ശബ്ദം അവനെ യാഥാർത്ഥ്യത്തിലേക്കു തിരിച്ചുകൊണ്ടുവന്നു. കൈയും കാലും കെട്ടി നിർത്തിയ ചങ്ങലയ്ക്കു വല്ലാത്ത കനം. ഒരു നെടുവീർപ്പോടെ അവൻ ഇരുട്ടിനോട് ആവലാതി പറഞ്ഞു:

“എനിക്കു പ്രാന്താണ്.

ഒന്നും ഇനി ആലോചിക്കില്ലെന്നു തീരുമാനിച്ചു. ജനിച്ചു വളർന്ന മണ്ണിന്റെ മണവും പാലപ്പൂവിന്റെ പരിമളവും വഹിച്ചെത്തുന്ന കാറ്റ് അവന്റെ കാതിൽ മന്ത്രിച്ചു.

“അതോ, അതാണ് വളയക്കടപ്പുറം. ”

ആലോചിക്കാതെ വയ്യാ. കുടിലിന്റെ മുറ്റത്തെ മാവു പൂത്തോ? കോടി കായ്ക്കുന്ന മാങ്ങ പൊട്ടിച്ച് ഉപ്പും കൂട്ടി തിന്നാൻ നല്ല രസമാണെന്ന് അന്നൊരിക്കൽ പാഞ്ചാലി പറഞ്ഞു. തൊട്ടാൽ കൈ കൊത്തിക്കളയുമെന്ന് അവൻ താക്കീതു നല്കി.

“ആഹാ, എന്നാക്കാണാലോ!” പെണ്ണു വാശിപിടിച്ചു.

മാവു പൂത്തിരിക്കും. വാശിപിടിക്കാനും പിടിപ്പിക്കാനും ആളില്ലാത്തതുകൊണ്ടു ശ്രദ്ധിക്കാതെ അവളതിലെ കടന്നുപോയിട്ടുണ്ടാവും.

“എത്ര മാങ്ങ വേണെങ്കിലും നീ പൊട്ടിച്ചോ, പാഞ്ചാലീ. ഞാനന്നു കളിയായിട്ടു പറഞ്ഞതാ. ഇനി പറയാനെനിക്കാവില്ല. ഒന്നും വിചാരിക്കണ്ടാ. ” വളയക്കടപ്പുറത്തിന്റെ ഓരോ കോണും മൂലയും തൊട്ടുഴിഞ്ഞുകൊണ്ട് അവന്റെമനസ്സു സഞ്ചരിച്ചു.

ഒന്നും മാറീട്ടില്ല.

അതാ, പാഞ്ചാലിക്കു പൂക്കൾസമ്മാനിക്കുന്ന ചമ്പകപ്പാല. ഒരു തുള്ളി കണ്ണീരവിടെ അടർന്നുവീണോ? അതിന്റെ മുരടു നനച്ചോ?

കുടിലിൽ അനക്കമില്ല. അവൾ നല്ല ഉറക്കമായിരിക്കും. അസമയമല്ലേ? അതല്ല, ഉത്സവത്തിനു പോയോ? ഹേയ്! പോവില്ല... എങ്ങനെ തീരുമാനിക്കും? പെണ്ണുങ്ങളുടെ മനസ്സല്ലേ...

ചുള്ളിക്കാടിനപ്പുറത്തുനിന്നു മൂങ്ങ ശബ്ദിക്കുന്നു. അങ്ങോട്ടു കടന്നു. തിരിഞ്ഞു നോക്കാതെ നടന്നു. എങ്ങോട്ടാണീ യാത്ര!

“അല്ലാഹു-അക്ബർ...”

ബാങ്കുവിളി കേൾക്കുന്നു. പിന്നെയും മുമ്പോട്ടു നീങ്ങി.

നൊച്ചിപ്പൊന്തകൾ കാറ്റിൽ തലയാട്ടിനിൽക്കുന്ന പള്ളിപറമ്പ് കുഞ്ഞാലിയവിടെ മണ്ണിന്നടിയിൽ കിടന്നു ദ്രവിച്ചിട്ടുണ്ടാവും.

തലങ്ങും വിലങ്ങും കല്ലുകൾ നാട്ടിയിരിക്കുന്നു.

കുഞ്ഞാലി കിടക്കുന്നതെവിടെയാണ്? കണ്ടുപിടിക്കാൻ വിഷമം. എങ്കിലും അടുത്തെവിടെയോ കുഞ്ഞാലിയുണ്ടെന്നൊരു തോന്നൽ. പണ്ടു തോളിൽ കൈയിട്ടു നടക്കുമ്പോൾ, ക്ഷൗരംചെയ്തു മിനുസപ്പെടുത്തിയ കുഞ്ഞാലിയുടെ തല ചെവിക്കുറ്റിയിലുരഞ്ഞു വേദനിക്കാറുണ്ടായിരുന്നു. സ്നേഹമേൽപ്പിക്കുന്ന വേദനയ്ക്കും ഒരു സുഖമുണ്ട്.

പൊക്കോ!”

ആരോ വിളിക്കുന്നു. കുഞ്ഞാലിയാണോ?

“പൊക്കോ!” പിന്നെയും വിളിക്കുന്നു. അതേ കുഞ്ഞാലിതന്നെ. ഇതാണ് മരിച്ചാലും മറക്കാത്ത സ്നേഹം.

“അവസാനം നിന്റെ പൊക്കൻ വന്നു, കുഞ്ഞാലീ. പലതും സഹിച്ചിട്ടു വന്നു. ”

കഴിഞ്ഞ കാര്യങ്ങൾ മുഴുവനും തുറന്നുപറയാനൊരു മടി. ഫർണാണ്ടസ്സിനെ കുഞ്ഞാലി വെറുത്തെങ്കിലോ?

അവനെ വെറുപ്പിക്കരുത്.

“നീ മരിച്ചതു നന്നായി, കുഞ്ഞാലീ. ഒന്നും സഹിക്കാണ്ടും അറിയാണ്ടും നീ മരിച്ചല്ലോ. മരിക്കാനും ഈ പൊക്കനു കഴിഞ്ഞില്ല. നിന്നേം എന്നേം ചതിച്ചത് ആലിക്കുട്ടിമാപ്പളയാ. ”

ആലിക്കുട്ടിയെപ്പറ്റി ഓർത്തപ്പോൾ വേദനയുടെ സ്ഥാനത്തു വിദ്വേഷം കയറി നിന്നു. കണ്ണീരൊഴുകി മുഖം നനയുന്നെങ്കിലും പല്ലുകൾ കൂട്ടിഞെരിച്ചു നിവർന്നിരുന്നു. ആലിക്കുട്ടിയെ ചതയ്ക്കണം. അവന്റെ സ്നേഹിതനുവേണ്ടി; അവനു വേണ്ടി.

കപ്പലിലെ പെരുമ്പറ ധൃതിയിലും ശക്തിയിലും ശബ്ദിച്ചു. അതു കേട്ടു പിന്നെയുമവൻ യാഥാർത്ഥ്യത്തിന്റെ പരുത്ത പാറപ്പുറത്തേക്കു തലകുത്തിവീണു.

കേട്ടു തഴമ്പിച്ച ശബ്ദമാണത്.

ആ ശബ്ദത്തിന്നർത്ഥമുണ്ട്. യാത്രയ്ക്കു തയ്യാറാവണം. തണ്ടുകൾ താഴണം. അടിമകൾ കൽപനയും കാത്ത് ഒരുങ്ങിയിരിക്കണം. അതാണതിന്റെ അർത്ഥം.

കുത്തനെ നിൽക്കുന്ന തണ്ടുകൾ താണു വെള്ളത്തിൽ ശബ്ദമുണ്ടാക്കി. അടിമകൾ തയ്യാറെടുത്തിരുന്നു. ആദ്യത്തെ സൂചന നൽകി പെരുമ്പറ നിശ്ശബ്ദമായപ്പോൾ അവർ പരസ്പരം നോക്കി.

ഏതു നരകത്തിലേക്കാണിനി യാത്ര? പൊള്ളുന്ന വെയിലും മരവിക്കുന്ന മഞ്ഞും കടലിനെ ഭ്രാന്തുപിടിപ്പിക്കുന്ന കാറ്റും പാമരത്തലപ്പത്തിരുന്നു ഗർജ്ജിക്കുന്ന ഇടിയും പ്രളയം സൃഷ്ടിക്കുന്ന മഴയും പ്രാണനെടുക്കാൻ വരുന്ന സന്ദർഭങ്ങൾ ഇനിയും നേരിടേണ്ടിവരുമോ? അടിമകൾക്കതാണ് ഭയം.

ഐദ്രോസ് ഒന്നു ചുമച്ചു. ഫർണാണ്ടസ് തിരിഞ്ഞുനോക്കി. അവരുടെ നോട്ടമിടഞ്ഞു. നോട്ടം കൊണ്ടവർ തെല്ലുനേരം സംസാരിച്ചു. ആശയം മുഴുവനും വ്യക്തമാവുന്നില്ലെന്നു തോന്നി. ഐദ്രോസ് പതുക്കെപ്പറഞ്ഞു;

"ആപത്തുണ്ട്. "

അതുണ്ടെന്നു ഫർണാണ്ടസ്സിനുമറിയാം. പക്ഷേ, എങ്ങനെയുള്ള ആപത്തെന്നു മനസ്സിലായില്ല. ഐദ്രോസ് തുടർന്നു:

"അബരെ തോണി പോയതെബിടെയ്ക്കാ?"

ആ ചോദ്യം കേട്ടപ്പോഴാണ് കാര്യത്തിന്റെ ഗൗരവം മുഴുവനും ഫർണാണ്ടസ് കണ്ടെത്തിയത്. പണ്ടും ഇതുപോലെ സംഭവിച്ചിട്ടുണ്ട്. പറങ്കികളുടെ ക്രൂരതയ്ക്ക് ആദ്യമായി സാക്ഷ്യം വഹിച്ചതന്നാണ്.

കപ്പലുകൾ നങ്കൂരമിട്ടു നിർത്തി ആരൊക്കെയോ തോണിയും തുഴഞ്ഞുപോയിട്ടുണ്ട്. ജോ ഡിസിൽവ ക്ഷുഭിതനാണ്. പരാജയബോധം അയാളെ ഭ്രാന്തനാക്കീട്ടുണ്ട്. രണ്ടുകൊല്ലത്തെ നിരന്തരയാത്രകൊണ്ട് ഒന്നും നേടാൻ കഴിയാതെ ഗോവയിൽ തിരിച്ചു ചെല്ലണം. ഒരുവശത്ത് അപമാനഭാരം, മറുവശത്ത് അത്യാർഥി-രണ്ടിന്റെയും നടുവിൽ കിടന്നു പിശാചായി മാറിയ ആ മനുഷ്യൻ കൊള്ളയും കൊലയും തീവെപ്പും നടത്താൻ അനുയായികളോടു കൽപ്പിച്ചിട്ടുണ്ടാവും.

ഭാഗ്യംകെട്ട വളയക്കടപ്പുറമാണ് മുമ്പിൽ.

എന്തും സംഭവിക്കാം. ഐദ്രോസ് പറഞ്ഞതു ശരിയാണെന്നു ഫർണാണ്ടസ്സിനു തോന്നി. എന്തു സംഭവിച്ചാലും അതൊക്കെ കൈയും കെട്ടി നോക്കിയിരി

ക്കണം. എല്ലാറ്റിനും സാക്ഷിയാവണം. അതാണ് കഷ്ടം! സഹിക്കാൻ വയ്യാത്ത ഉദ്വേഗത്തോടെ അവൻ ഇരുട്ടിലേക്കു നോക്കിയിരുന്നു.

“ഇവിടെ കണ്ണില്ലാത്തതാ സുഖം. ”

ഗോവയിലെ തടവുമുറിയിൽ മാറ്റൊലി ചേർത്ത ആ ഘനഗംഭീരമായ ശബ്ദം ഒരശരീരിപോലെ കേൾക്കുന്നു. ഫർണാണ്ടസ് ഞെട്ടി. എന്ത്? എന്താണാക്കാണുന്നത്?

മെലിഞ്ഞു നീണ്ട എല്ലുകൾ മുഴച്ചുനിൽക്കുന്ന ശരീരം, നരച്ച താടിയും തലയും പരസ്പരം കെട്ടിപ്പുണർന്നു നിൽക്കുന്ന മുഖം, കണ്ണുകളുടെ സ്ഥാനത്തു പശതേച്ചൊടിച്ചപോലെ കൺപോളകൾ തമ്മിൽ പറ്റിപ്പിടിച്ചു നിൽക്കുന്ന രണ്ടു കുഴി. ഇരുട്ടിൽ കടൽവെള്ളത്തിനുമേലെ ആ രൂപം നിൽക്കുന്നു.

കണ്ണുപൊട്ടൻ.

വിജനമായ ദ്വീപിൽ ജോ ഡിസിൽവ ഉപേക്ഷിച്ചുപോന്ന ആ കണ്ണുപൊട്ടൻ ഇപ്പോഴും കപ്പലുകളെ പിൻതുടരുകയാണോ? ആ മനുഷ്യൻ അടിമകൾക്കു നൽകിയ സന്ദേശം ഇപ്പോഴും കേൾക്കുകയാണോ?

“ഇവിടെ കണ്ണില്ലാത്തതാണ് സുഖം. ” ശ്രദ്ധിച്ചു: അതേ, ആ സന്ദേശംതന്നെ. സൂക്ഷിച്ചുനോക്കി. രൂപവും അതുതന്നെ. എന്തൊരത്ഭുതം! നോക്കുംതോറും ആ രൂപം ഫർണാണ്ടസ്സിനെ മാടിവിളിക്കുംപോലെ തോന്നി.

ആകസ്മികമായി ഐദ്രോസ് വിളിച്ചു; പതിവിനു ചേരാത്ത വിധം കുറച്ച് ഉച്ചത്തിൽ. എന്തോ സംഭവിച്ചെന്നു കരുതി ഫർണാണ്ടസ് തല തിരിച്ചു.

തോണികൾ ധൃതിവെച്ചു വരുന്ന ശബ്ദം. കപ്പൽത്തട്ടിലുള്ളവർ അങ്ങോട്ടുമിങ്ങോട്ടും ബദ്ധപ്പെട്ടു നടക്കുന്നു. ജോ ഡിസിൽവ പകച്ചു നോക്കുന്നു.

എന്താണ് സംഭവിക്കാൻ പോകുന്നത്?

നെഞ്ചമർത്തിപ്പിടിച്ചുകൊണ്ടു ഫർണാണ്ടസ് കുനിഞ്ഞിരുന്നു. എന്തും സംഭവിക്കട്ടെ. ഒന്നും കാണാൻ വയ്യാ. എത്ര അമർത്തിപ്പിടിച്ചിട്ടും നെഞ്ചിടിപ്പു കുറയുന്നില്ല.

ബഹളം വർദ്ധിക്കുന്നു. തോണികൾ കപ്പലിന്നടുത്തു വന്നു നിൽക്കുന്നു. ആരൊക്കെയോ എന്തൊക്കെയോ വിളിച്ചുപറയുന്നു. ഒന്നും വ്യക്തമല്ല. ഹൃദയത്തിന്റെ മിടിപ്പ് അത്രയും ഉച്ചത്തിലാണ്. ജീവിതത്തിലൊരിക്കലും ഇത്ര വലിയ ദൗർബല്യം ഫർണാണ്ടസ്സിനെ ബാധിച്ചിട്ടില്ല.

ഐദ്രോസ് വിളിക്കുന്നു.

വിളിക്കട്ടെ.

നിമിഷങ്ങൾ ഇരുമ്പുകട്ടിപോലെ കനത്തു തൂങ്ങുന്നു. ഒട്ടും നീങ്ങുന്നില്ല.

വല്ലാത്ത വിഷമം.

ഒന്നും സംഭവിക്കരുതേയെന്നു ഫർണാണ്ടസ് പ്രാർത്ഥിച്ചു. പണ്ടൊക്കെ എന്തും പല്ലുകടിച്ചു സഹിക്കാമായിരുന്നു. ഇന്ന് ആ കഴിവു നഷ്ടപ്പെട്ടിരിക്കുന്നു.

അതാ, പിന്നെയും ഐദ്രോസ് വിളിക്കുന്നു; വിളിക്കട്ടെ. ഒന്നും കാണാൻ വയ്യാ. തലപൊക്കില്ലെന്നുതന്നെ അവൻ തീരുമാനിച്ചു.

ആളുകൾ ഓടുകയും പിടിച്ചുകയറുകയും ചെയ്യുന്ന ശബ്ദം. കപ്പൽകിടന്നാടുന്നു. നല്ല വെളിച്ചം. പന്തങ്ങൾ തെളിയിച്ചുണ്ടാവും. ആരെങ്കിലും കരയുന്നുണ്ടോ? ഇല്ല.

ഇരിക്കുന്ന ബഞ്ചു കുലുങ്ങി. ഐദ്രോസ് ചങ്ങലക്കെട്ടിൽകിടന്നു പിടയുന്നതെന്തിന്? കുനിഞ്ഞിരുന്നുകൊണ്ടുതന്നെ അവൻ തീരുമാനമെടുത്തു.

"എന്തുവന്നാലും നോക്കില്ല. ഇവിടെ കണ്ണില്ലാത്തതാണ് സുഖം. "

കപ്പലിലെ ബഹളം കുറയുകയും പ്രകാശം കൂടുകയും ചെയ്യുന്നു. ജോ ഡിസിൽവയുടെ ശബ്ദം കേൾക്കുന്നു. എന്താണ് കല്പിക്കുന്നത്?

ഇനിയും തോണികൾ വരാനുണ്ട്. അവയെപ്പറ്റി അന്വേഷിക്കുകയാണ്.

"എടാ, ഹമുക്കേ!" ഐദ്രോസിന്റെ അട്ടഹാസംകേട്ടു ഫർണാണ്ടസ് ഞെട്ടി. തീരുമാനം മാറ്റിവെച്ച് കുറ്റബോധത്തോടെ തലപൊക്കി നോക്കി. ഐദ്രോസ് മുറിവേറ്റ സിംഹത്തെപ്പോലെ കപ്പൽത്തട്ടിലേക്കു നോക്കി ഗർജ്ജിക്കുകയാണ്.

എന്താണിവിടെ?

ജ്വലിക്കുന്ന പന്തങ്ങൾ പിടിച്ചു പട്ടാളക്കാർ ചുറ്റിലും നിൽക്കുന്നു. കപ്പിത്താൻ ഉത്സാഹത്തോടെ കൊള്ളമുതൽ പരിശോധിക്കുന്നു.

"എടാ, അവളെ പാമരത്തോടു ചേർത്തു കെട്ട്. " കപ്പിത്താൻ സ്വന്തം ഭാഷയിൽ കല്പിച്ചു. ഫർണാണ്ടസ്സിനതറിയാം. "ഇങ്ങനെ കിടത്തിയാൽപോരാ; നല്ലവണ്ണമൊന്നു കാണട്ടെ. "

ആ നിർഭാഗ്യവതി ആരാണെന്നു ഫർണാണ്ടസ് സൂക്ഷിച്ചുനോക്കി. ആരായിട്ടെന്ത്? ചങ്ങലക്കെട്ടിൽ കുടുങ്ങിയവനെന്തുചെയ്യാൻ കഴിയും? ഈ മഹാപാപത്തിനൊരവസാനമില്ലേ?

കൈകൾ പിന്നിൽ ചേർത്ത് അവളെ കെട്ടുകയാണ്. ചുറ്റും പട്ടാളക്കാരുള്ളതുകൊണ്ട് കാണാൻ വിഷമം. കെട്ടിക്കഴിഞ്ഞു പട്ടാളക്കാർ പിൻവാങ്ങി.

"ആരാണത്?"

ഒന്നേ നോക്കിയുള്ളൂ. തലയോട്ടിൽ ഒരിടിവെടി. ഹൃദയസ്പന്ദനം നിലച്ചു. ഫർണാണ്ടസ് ശവംപോലെ മരവിച്ചിരുന്നു.

അതു പാഞ്ചാലിയായിരുന്നു.

കാലദോഷത്തിന്റെ അവസാനത്തെ അടിയാണേറ്റത്. ശക്തിമത്തായ അടി. അതു മർമ്മസ്ഥാനത്തുതന്നെ കുടുങ്ങി. അനങ്ങാൻ വയ്യാ. കാലത്തെപ്പറ്റിയും പരിസരത്തെപ്പറ്റിയുമുള്ള ബോധം നശിച്ചു. ശബ്ദവും ചലനവും അസ്തമിച്ചു...

മരിക്കുകയാണോ?

എങ്കിൽ ഭാഗ്യമായിരുന്നു.

ക്രമേണ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് ഒരു ശബ്ദം ഉയർന്നു വന്നു. അതു ചുണ്ടിലെത്തിയപ്പോൾ ഒരു ദീനവിലാപമായി പുറത്തേക്കൊഴുകി:

"പാ... ഞ്ചാ... ലീ..."

തല കറങ്ങുകയാണ്. കറങ്ങിക്കറങ്ങി കഴുത്തിൽനിന്നത് ഒടിഞ്ഞുതൂങ്ങി. താടിയെല്ല് നെഞ്ചിൽ ചെന്നുമുട്ടി...

ഐദ്രോസ് ആ രംഗം കണ്ട് അമ്പരന്നു.

കൊള്ളമുതൽ പോരാ. അടിമകളെ കിട്ടിയതു പോരാ. കപ്പിത്താൻ കലികൊണ്ടു പട്ടാളക്കാരെ ശകാരിച്ചു. തട്ടിക്കൊണ്ടുവന്ന പെണ്ണുശവംപോലെ ബോധംകെട്ടു കിടക്കുന്നു. പട്ടാളക്കാർ ഭയപ്പെട്ടു പിന്മാറി ഓരോ കോണിൽ ചെന്നു നിന്നു.

ഇനിയും തോണികൾ വരാനുണ്ട്. കൊള്ളമുതൽ ധാരാളമായികിട്ടും. കൂടുതൽ അടിമകളുണ്ടാവും. അവസാനത്തെ ആശയുംവെച്ചു കപ്പിത്താൻ കടലിലേക്കു നോക്കി നിൽക്കുമ്പോൾ നല്ല നിമിത്തം പോലെ പിന്നെയും തോണികൾവരുന്ന ശബ്ദം കേട്ടു. അവ അടുത്തെത്തുന്നതിനുമുമ്പുതന്നെ അയാൾവിളിച്ചു ചോദിച്ചു;

"കുരുമുളകുണ്ടോ?"

ഉത്തരമില്ല.

"കറുത്ത പെണ്ണുണ്ടോ?"

തോണിയിൽ വെളിച്ചംപോലുമില്ല. എങ്കിലും അവ വരുന്നുണ്ട്. വരട്ടെ. നല്ല നേട്ടങ്ങളോടുകൂടിയല്ല വരുന്നതെങ്കിൽ എല്ലാറ്റിനെയും ചതച്ചു വിടണമെന്നു കപ്പിത്താൻ തീരുമാനിച്ചു. എല്ലാം വേഗത്തിൽ പരിശോധിക്കാനുള്ള ധൃതിയിൽ പന്തങ്ങളെടുത്തു കടലിലേക്കു നീട്ടിപ്പിടിക്കാൻ കപ്പിത്താന്റെ കൽപ്പനയായി. പട്ടാളക്കാർ അനുസരിച്ചു.

ഐദ്രോസ് ഇരിക്കുന്നതിന്റെ പിറകിൽ എന്തോ ചില ശബ്ദം കേൾക്കുന്നു. അവൻ തിരിഞ്ഞുനോക്കി. എന്താണത്? ആരൊക്കെയോ നെടുതായി നിശ്വസിക്കുകയും പതുക്കെ സംസാരിക്കുകയും ചെയ്യുന്നു.

ഏതാനും പേർ കപ്പലിൽ ചാടിക്കയറി. കൈയിൽ വാളുയർത്തി പിടിച്ചിട്ടുണ്ട്. വെളിച്ചം മറുഭാഗത്തായതുകൊണ്ടു തിരിച്ചറിയാൻ വിഷമം.

പറങ്കികളല്ല. അവരെന്തിനു കപ്പലിൽ ഒളിച്ചുകയറണം? ഐദ്രോസിന് ആലോചിച്ച് ഒരു തീരുമാനമെടുക്കാൻ കഴിയുന്നതിനുമുമ്പ് പത്തുപന്ത്രണ്ടുപേർ കപ്പലിൽ കയറിക്കഴിഞ്ഞു. മിന്നൽപ്പിണറിന്റെ വേഗത്തിൽ അവർ മുമ്പോട്ടു ചാടി. കൊള്ളമുതലും അടിമകളും വന്നെത്തുന്നതു പ്രതീക്ഷിച്ചു കടലിലേക്കു നോക്കി നിൽക്കുന്ന കപ്പിത്താനെയും കൂട്ടുകാരെയും അവർ പിൻവശത്തുനിന്ന് എതിർത്തു.

അവിചാരിതമായ സംഭവം. പറങ്കികൾ പരിഭ്രമിച്ചു. ആയുധം തേടി ഓടുന്ന തിരക്കിൽ നാലഞ്ചുപേർ വെട്ടേറ്റു വീണു.

"അല്ലാഹു അക്ബർ!" ഐദ്രോസ് ആവേശംകൊണ്ട് ആർത്തു വിളിച്ചു. മുറയ്ക്കൊരു യുദ്ധമാണ് തുടങ്ങിയത്. പന്തങ്ങൾ കടലിലേക്കെറിഞ്ഞു പറങ്കികൾ ആയുധം ധരിച്ച നിമിഷം കൊണ്ട് പുതിയ ശത്രുക്കളെ ചെറുത്തു.

യുദ്ധമാണ്. മുറയ്ക്കുള്ള യുദ്ധം. വെട്ടലും തടുക്കലും പരസ്പരം ശകാരിക്കലും ഗർജ്ജിക്കലും. അടിമകൾക്ക് ഉത്സാഹമായി. ക്ഷീണിച്ച വശംകെട്ടു കിടക്കുന്നവരുടെ കണ്ണുകൾ തെളിഞ്ഞു. അവരുടെ ഭാഗ്യവും നിർഭാഗ്യവും തമ്മിലാണ്. സ്വാതന്ത്ര്യവും പാരതന്ത്ര്യവും തമ്മിലാണ്. കപ്പൽത്തട്ടിൽവച്ച് ഏറ്റുമുട്ടിയത്. ഏതു ജയിക്കുമെന്ന് അവർ ഉറ്റുനോക്കി.

രക്ഷപ്പെടാനുള്ള ഏറ്റവും വലിയ സന്ദർഭം. ഐദ്രോസ് മുമ്പിലും പിമ്പിലും നോക്കി. ഇരിക്കുന്ന ബഞ്ചുപൊട്ടിക്കണം; ചങ്ങല പൊട്ടിക്കണം. താഴത്തുനിങ്ങിയിരുന്നുകൊണ്ട് ബഞ്ചിനിടിച്ച നോക്കാം.

ഉള്ള ശക്തിയത്രയും സംഭരിച്ച് ഇടിച്ചു. ബഞ്ചു കുലുങ്ങി. ഒപ്പം ഫർണാണ്ടസ്സും. കുലുക്കം ഒരനുഗ്രഹമായി. അവൻ കണ്ണുമിഴിച്ചു.

"എടാ, രച്ചപ്പെടണോ?" ഐദ്രോസ് ചോദിച്ചു "ബേണേങ്കിൽ ആണിനെപ്പോലെ പണി നോക്ക്. "

വാളുകൾ കൂട്ടിമുട്ടുന്നു. ഒരു യുദ്ധമാണ് നടക്കുന്നത്. മങ്ങിയ വെളിച്ചത്തിൽ അവൻ എല്ലാം കണ്ടു. അപ്പുറം പാഞ്ചാലിയുണ്ട്. അവന്റെ പാഞ്ചാലി.

"എടാ ഹമുക്കേ, ആണിനെപ്പോലെ കൈയും വീശി നടക്കണോ? ആ പെങ്കുട്ടീനെ രച്ചിക്കണോ?" ഐദ്രോസ് ഫർണാണ്ടസ്സിന്റെ പൗരുഷം ഊതിക്കത്തിക്കുകയാണ്.

അതു കത്തി. അതിന്റെ ജ്വാലകൾ ചുറ്റും പടർന്നു. പാഞ്ചാലിയെ രക്ഷിക്കണം. പറങ്കികളോടു പകരം വീട്ടണം. ഒരതിമാനുഷന്റെ ശക്തിയോടെ ഫർണാണ്ടസ് എഴുന്നേറ്റുനിന്നു. അഭ്യാസബലത്തോടെ അമർന്നു തടിച്ചുയർന്ന തോളിട്ടു ബഞ്ചിനിടിച്ചു.

ബഞ്ചു കുലുങ്ങി. കപ്പൽപ്പലകയോടു ചേർത്ത് ആണിയടിച്ച അതിന്റെ അടിഭാഗം ചിതറി. മറിഞ്ഞുവീണ ബഞ്ചിന്റെ നടുവിൽ ഊക്കോടെ അവൻ ചവിട്ടി. അതു ഭയങ്കരശബ്ദത്തോടെ പൊട്ടുകയും ചിതറുകയും ചെയ്തു.

മോചനത്തിന്റെ ആദ്യകിരണം പ്രത്യക്ഷപ്പെടുകയാണ്. ചങ്ങലയിൽക്കുടുങ്ങിയ കൈ ബഞ്ചിന്റെ കഷ്ണത്തിൽ നിന്ന് രക്ഷപ്പെടുത്തണം. രണ്ടുപേരും കൂടിച്ചേർന്നാൽ അതു എളുപ്പം സാധിക്കും. പിന്നെ പ്രതിബന്ധമൊന്നുമില്ല. എല്ലാറ്റിനെയും അടിച്ചുകൊന്നു പാഞ്ചാലിയെയും എടുത്തുകൊണ്ടു വളയക്കടപ്പുറത്തെത്താം.

പാവം! കുഞ്ഞിക്കണ്ണൻമരയ്ക്കാൻ ഹൃദയംപൊട്ടി മരിക്കുന്നതിനുമുമ്പു മകളെ കൊണ്ടുചെല്ലണം.

രണ്ടുപേരും കൂടി ശ്രമിച്ചു. ഐദ്രോസിന്റെ വലത്തുകൈയ്ക്കുള്ള ചങ്ങല പിടിച്ചു മുറുക്കി ഫർണാണ്ടസ് പൊട്ടിച്ചു. അറ്റുതൂങ്ങുന്ന ഒരു കഷണം ചങ്ങലയോടുകൂടി ഐദ്രോസിന്റെ ആ കൈ വർഷങ്ങൾക്കു ശേഷം സ്വാതന്ത്ര്യത്തിന്റെ സുഖം അനുഭവിച്ചു. മറ്റെ കൈകൂടി രക്ഷപ്പെട്ടാൽ ഒരു നിമിഷംകൊണ്ടു ഫർണാണ്ടസ്സിനെയും മോചിപ്പിക്കാം. ഐദ്രോസ് അതിനുള്ള ശ്രമമായി.

പരസഹായമില്ലാതെ ചങ്ങല പൊട്ടിക്കാൻ ഫർണാണ്ടസ് പരിശ്രമിച്ചു. കൈകൾ സ്വതന്ത്രമായിട്ടു വേണം ഒറ്റക്കുതിക്കു പാമരത്തിനടുത്തെത്താൻ! കെട്ടുകൾ പൊട്ടിക്കണം. പാഞ്ചാലിയെ വാരിയെടുക്കണം. അടുത്ത് അവളെ കണ്ടിട്ട് കാലമെത്രയായി! താടിയും തലയും വളർന്നു പ്രാകൃതരൂപിയായ തന്നെക്കണ്ടാൽ അവൾക്കു മനസ്സിലാകുമോ? എല്ലാം പറഞ്ഞു മനസ്സിലാക്കാം. സാരമില്ല. ശബ്ദം കേട്ടാൽ അവൾ തിരിച്ചറിയും.

കൊളുത്തിപ്പിടിച്ച പന്തവുമായി പുതിയ ഒരു സംഘം കപ്പലിലേക്കു വന്നു. കൂടുതൽ വെളിച്ചം പരന്നു കണ്ടപ്പോൾ ഫർണാണ്ടസ് തിരിഞ്ഞുനോക്കി. അടുത്ത കപ്പലുകളിൽ നിന്ന് സഹായത്തിനു പറങ്കികൾ വന്നതാണ്.

കുട്ട്യാമുപ്പതിയമാപ്പിളയും കുഞ്ഞാലിയും പുറത്തോടു പുറം ചേർന്ന് നിന്ന് വീറോടെ പൊരുതുകയാണ്. അവരുടെ വാൾച്ചീറ്റം പറങ്കികളെ കിടിലംകൊള്ളിച്ചു. അഭ്യാസമിടുക്കാർന്ന കരുത്തരായ ആ യോദ്ധാക്കളാരെന്നു ഫർണാണ്ടസ് സൂക്ഷിച്ചുനോക്കി.

കുഞ്ഞാലി!

കണ്ണുകളെ വിശ്വസിക്കാമോ? പിന്നെയും പിന്നെയും നോക്കി. അതെ, കുഞ്ഞാലിതന്നെ. കൈകളിലെ ചങ്ങല പൊട്ടിക്കാൻ ശ്രമിച്ചുകൊണ്ട് ഫർണാണ്ടസ് ആവേശത്തോടെ വിളിച്ചുപറഞ്ഞു:

“ഇതാ, കുഞ്ഞാലീ! നിന്റെ പൊക്കനിതാ. ”

കുഞ്ഞാലിയുടെ കണ്ണുകൾ തിളങ്ങുന്നു. അവൻ ആ ശബ്ദം കേട്ടിരിക്കണം. പുതിയ ചൈതന്യം നേടിക്കൊണ്ടാണ് അവൻ വെട്ടുന്നത്.

ആർത്തുവിളിച്ചുകൊണ്ടു പിന്നെയും പറങ്കികൾ കപ്പലിലേക്കു കയറിവരുന്നു. ഒരു സംഘം ഫർണാണ്ടസ്സിനെയും ഐദ്രോസിനെയും വളഞ്ഞുപിടിക്കാൻ എത്തുന്നു.

ഭാഗ്യം! ഐദ്രോസിന്റെ ഇടത്തുകൈ പൂർണമായും രക്ഷപ്പെട്ടു. വലത്തുകൈയിലെ ചങ്ങലക്കഷ്ണം ചുഴറ്റിക്കൊണ്ട് അവൻ മുമ്പോട്ടു നീങ്ങി. ആയുധമേന്തിനിൽക്കുന്ന പറങ്കികളുടെ നടുവിലേക്കു ചാടി. ചങ്ങലക്കഷ്ണം വീശി നാലുപുറവും അവൻ തല്ലി. തല്ലുകൊണ്ടവർ വീണു. വീണവർ എഴുന്നേറ്റില്ല.

അഞ്ചാറുപേർ ഒരുമിച്ചു ഫർണാണ്ടസ്സിന്റെ മേൽ ചാടിവീണു. അവൻ കുതറിനോക്കി. അനങ്ങാൻ വയ്യാ. അവർ പിടിമുറുക്കുകയാണ്. കൈകൾ ചങ്ങലയിൽ നിന്നു രക്ഷപ്പെടാത്തതുകൊണ്ട് ഒന്നും ചെയ്യാൻ വയ്യാ. പിന്നെയും നിർഭാഗ്യം അവനെ കീഴടക്കുകയാണോ?

ഐദ്രോസിനു തിരിഞ്ഞുനോക്കാൻ വയ്യാ. അവന്റെ നേർക്കുയരുന്ന വാളും വെണ്മഴുവും കണ്ണുതെറ്റിയാൽ പ്രാണനപഹരിക്കും. അല്ലാഹു കരുണയുള്ളവനാണ്. വലതുകൈയിന്റെ മണികണ്ഠത്തിൽ തൂങ്ങുന്ന ചങ്ങലക്കഷ്ണം ഒരു വരായുധമെന്നപോലെ അവനുപയോഗിക്കാൻ കഴിഞ്ഞു. പറങ്കികളിൽ പലരുടെയും തലച്ചോ

റിന്റെ വലുപ്പം അളന്നുകൊണ്ട് ആ ചങ്ങല ആകാശത്തിൽ പുളഞ്ഞു. അവന്റെ ലക്ഷ്യം പാമരമാണ്. ഊക്കിൽ തല്ലിക്കൊണ്ടവൻ മുമ്പോട്ടു നീങ്ങി. ലക്ഷ്യം അടുക്കുകയാണ്. ഒന്നിനുപുറകെ മറ്റൊന്നായി പറങ്കികൾ അവന്റെ നേർക്കു പാഞ്ഞടുക്കുന്നുണ്ട്. അവർ എണ്ണത്തിൽ അത്ര പെരുകീട്ടുണ്ട്.

ഐദ്രോസ് കൂട്ടാക്കിയില്ല. പാഞ്ചാലിയെ കെട്ടഴിച്ച് ഒരു കുഞ്ഞിനെയെന്നപോലെ തോളിൽകിടത്തി ശത്രുക്കളെ തള്ളിമാറ്റിയും തള്ളി വീഴ്ത്തിയും ഐദ്രോസ് കപ്പലിന്റെ അറ്റത്തെത്തി; മുമ്പും പിമ്പും നോക്കാതെ കടലിലേക്കെടുത്തുചാടി. ഫർണാണ്ടസ് അതു കണ്ടോ? ഇല്ല. അവനെ ശത്രുക്കൾ വളഞ്ഞു പിടിച്ച് കൈയും കാലും കെട്ടുകയാണ്.

കുട്ട്യാമുവും കുഞ്ഞാലിയും വീറോടെ പൊരുതി. എണ്ണത്തിൽ കൂടുതലുള്ള പറങ്കികളുടെ വെട്ടേറ്റു കൂട്ടുകാർ മുഴുവനും നിലംപൊത്തി. ഒട്ടും പതറാതെ അവർ പിന്നെയും ഉറച്ചുനിന്നു. ഏറെനേരം അങ്ങനെ പൊരുതാനവർക്കു കഴിഞ്ഞില്ല. ആദ്യം വീണതു കുഞ്ഞാലിയാണ്. കുഞ്ഞാലി വീണപ്പോൾ കുട്ട്യാമുവിന്റെ പുറത്ത് അതികഠിനമായൊരു വെട്ടേറ്റു. ആ ധീരനും വീണു.

യുദ്ധം അവസാനിച്ചു. ചോരയിൽകുളിച്ചു കപ്പൽത്തട്ടിൽ വീണു കിടക്കുന്ന കുഞ്ഞാലിയെയും കുട്ട്യാമുവെയും നോക്കി ജോ ഡിസിൽവ അലറി:

"ഈ മുറുകളെ തറച്ച് അവരുടെ മാംസം കടലിൽ കലക്കു. മത്സ്യം തിന്നട്ടെ. എന്നിട്ട് ആ മത്സ്യത്തെ ചൂണ്ടയിട്ടു പിടിച്ച് വൈസ്രോയിക്ക് കാഴ്ചവെക്കണം. "

— 15 —

# പതിനഞ്ച്

ജോലിചെയ്ത് ക്ഷീണിച്ച അടിമകളെ താവളത്തിലേക്ക് ആടിത്തെളിക്കാൻ തുടങ്ങി. ചെമ്മണ്ണ് നിറഞ്ഞ നിരത്തിലൂടെ അഞ്ചും ആറും പേരുള്ള ചെറുസംഘങ്ങളായി അവർ മുമ്പോട്ടു നീങ്ങി. ജീവിതത്തിൽ ഒരു ലക്ഷ്യമോ ഉദ്ദേശ്യമോ അവർക്കില്ല. ആജ്ഞാനുവർത്തികളായ വെറും പാവകളാണവർ. ക്ലേശിക്കാനല്ലാതെ, ആശിക്കാൻ വകയൊന്നുമില്ലാത്തതുകൊണ്ടു ചിന്താഭാരത്തിൽനിന്ന് അവർ മുക്തി നേടിക്കഴിഞ്ഞിരുന്നു. ചുരുങ്ങിയ തോതിൽ നഗ്നത മറയ്ക്കാനുപയോഗിച്ച വസ്ത്രത്തിനും ശരീരത്തിനും തലമുടിക്കും നിരത്തിലെ ചെമ്മണ്ണിന്റെ നിറമാണ്. ഇപ്പോൾ മണ്ണിന്റെ മക്കളെന്ന് അവരെ തികച്ചും വിളിക്കാം.

മൂടിക്കെട്ടിയ ആകാശം. വീശുന്ന കാറ്റിനു തീജ്ജ്വാലയുടെ ചൂട്. ചുട്ടുപഴുത്ത ചെമ്പുതകിടിന്റെ നിറമുള്ള സന്ധ്യ. വിയർപ്പിൽ മണ്ണും പൊടിയും അലിഞ്ഞുചേർന്ന ശരീരത്തിൽ അവിടവിടെ നീറ്റമുണ്ട്. കരിങ്കല്ലുടയ്ക്കുമ്പോൾ കൂർത്തുമൂർത്ത ചില്ലകൾതെറിച്ചു മുറിഞ്ഞതാവും.

മഴപെയ്യാനുള്ള ഒരുക്കങ്ങൾ എന്നും തകൃതിയായി നടക്കും. ആകാശത്തിൽ കരിമേഘങ്ങൾ ഉരുണ്ടുകൂടും. ഗർജിക്കും. ചാട്ടവാർപോലെ മിന്നൽ പുളഞ്ഞു മറയും. അടിച്ചു തളിക്കാരി ചാണകവെള്ളം പാറ്റുംപോലെ നാലഞ്ചു മഴത്തുള്ളികൾ വീഴും. അതു മരണച്ചൂടിളക്കിവിടും. പിന്നെ അകവും പുറവും ഒരുപോലെ കിടന്നു വിങ്ങും. അടിയിൽ പൊള്ളുന്ന ചീനച്ചട്ടിപോലെ ഭൂമിയും മുകളിൽ പുകയുന്ന നേരിപ്പോടുപോലെ ആകാശവും. രണ്ടിനുമിടയിൽ തെളിക്കുന്നവന്റെ ആജ്ഞയനുസരിച്ചു നടക്കുന്ന അടിമകളും.

കൂറ്റൻ പടിവാതിൽ തള്ളിത്തുറന്ന് ഒന്നിനു പുറകെ മറ്റൊന്നായി അടിമകളെ താവളത്തിനകത്തുകടത്തി. ചുറ്റും കന്മതിലുകൾ ഉയർന്നു നിൽക്കുന്നു. അതിനകത്ത് ഉണക്കുപുല്ലും ചരൽക്കല്ലും നിറഞ്ഞ തറയിലാണ് അടിമകളെ പാർപ്പിക്കാനുള്ള 'ജാക'കൾ കെട്ടിയത്.

കാറ്റോട്ടമില്ലാത്ത ആ പരിസരത്തിൽ എപ്പോഴും ഉണങ്ങിയ രക്തത്തിന്റെ മണം തങ്ങിനിൽക്കും. എട്ടുകൊല്ലത്തെ പരിചയമുണ്ടായിട്ടും ഇന്നും പടിവാതിൽ കടക്കുമ്പോൾ അടിമകൾ അറിയാതെ മൂക്കുപൊത്തും. അത്ര രൂക്ഷമാണ് ആ ഗന്ധം. ആ മതിൽക്കെട്ടിനകത്ത് ഒരു ഭാഗത്താണ് പട്ടണത്തിലെ പ്രധാനമായ അറവുശാല നിൽക്കുന്നത്. അറവുകാരനായ 'പരൈര'യുടെ പാർപ്പിടവും അവിടെത്തന്നെ. പട്ടാളക്കാർക്കു മാംസത്തിനുവേണ്ടി ആടുകളെയും പശുക്കളേയും അറക്കുന്നത് അവിടെവെച്ചാണ്. ശ്വസിക്കുന്ന വായുവിലത്രയും രക്തത്തിന്റെ മണമുണ്ടാകും. പാതി ഉണങ്ങിയ ആട്ടിൻതോലിന്റെ ദുർഗന്ധമുണ്ടാവും. അതേൽക്കുമ്പോൾ കഴിഞ്ഞ എട്ടുകൊല്ലത്തെ അനുഭവങ്ങൾ പലതും തേട്ടിവരും.

കോഴി കൂകുന്നതും പക്ഷികൾ പാടുന്നതും കേട്ടുകൊണ്ടാണ് പ്രഭാതത്തിലുണരേണ്ടത്. ട്രോങ്കോവിന്റെ നശിച്ച ഇരുട്ടറയിൽപ്പോലും പക്ഷികളുടെ പ്രഭാതഗീതം അരിച്ചെത്താറുണ്ടായിരുന്നു. ഇവിടുത്തെ അനുഭവം മറിച്ചാണ്. ആടുകളുടെയും പശുക്കളുടെയും നിലവിളി കേട്ടുകൊണ്ടുണരണം. അതു കേട്ടാൽ മനസ്സിനു വിഷമം തോന്നും.

ഏഴരനാഴിക വെളുപ്പിന് പരൈര എഴുന്നേൽക്കും. ആദ്യത്തെ ജോലി അറവുകത്തി അണയ്ക്കലാണ്. ഇരിമ്പും കരിങ്കല്ലും ചേർന്നുണ്ടാക്കുന്ന ആ ശബ്ദം ചെവിത്തുളയിൽക്കടന്ന് അരംകൊണ്ടു രാവുംപോലെ വേദനിപ്പിക്കും. അതുകേട്ട് കണ്ണു തുറന്നു നോക്കിയാൽ, അടുത്തു കത്തിച്ചുവച്ച റാന്തലിന്റെ അരണ്ട വെളിച്ചത്തിൽ, പരൈരയുടെ കഷണ്ടിത്തലയും തുറിച്ച കണ്ണും പൊന്തക്കാടുപോലെ വളർന്ന മീശരോമങ്ങൾക്കിടയിൽ ചാടാൻ തഞ്ചം പാർത്തുനിൽക്കുന്ന പോക്കാച്ചി മൂക്കും കൂർത്ത താടിയെല്ലും വ്യക്തമായി കാണാം. കത്തിയണയ്ക്കുന്ന ശബ്ദത്തിന്റെ ഈണത്തിനൊപ്പിച്ചു പരൈര സ്തുതിവചനങ്ങൾ കൊണ്ട് ഭാര്യയെ ഉണർത്താൻ പാടുപെടുന്നതു വളരെ അകലത്തു കൂടി കേൾക്കാം.

"എടീ, ചെകുത്താന്റെ മോളേ, നീ പെൺപന്നിയെപ്പോലെ കൂർക്കം വലിച്ചുറങ്ങുന്നു. ഞാൻ നിനക്കുവേണ്ടി അദ്ധ്വാനിക്കുന്നു. നിനക്കീ കത്തിയെങ്കിലും ഒന്നണച്ചു തന്നാലെന്തുവേണം? എടീ, നെറികെട്ടവളേ, കുരുത്തം പിടിക്കാത്തവന്റെ മോളേ, നീയും നിന്റെ മക്കളും തിന്നുമുടിക്കാൻ പിറന്നതാണ്."

തെല്ലുനേരം കത്തിയണയ്ക്കൽ നിർത്തിവെച്ച് ഭാര്യ വല്ല മറുപടിയും പറയുന്നുണ്ടോ എന്നു പരൈര ശ്രദ്ധിക്കും. ഇപ്പോൾ ഭാര്യയുടെ കൂർക്കംവലി ഉഗ്രമായി കേൾക്കാം. എലിമടയിൽ വെള്ളമൊഴുക്കും പോലെ. കത്തിയണയ്ക്കൽ അവസാനിക്കുന്നതുവരെ പരൈര സ്തുതിഗീതം തുടരും.

"കുരുത്തം പിടിക്കില്ലെടീ, കുരുത്തം പിടിക്കില്ല. ഒരുത്തൻ അദ്ധ്വാനിക്കാനും മറ്റുള്ളവ കാലുംനീട്ടിയിരുന്നു തിന്നാനും പുറപ്പെട്ടാൽ എവിടെ കുരുത്തം പിടിക്കും? കാണിച്ചുതരുന്നുണ്ടെടീ, ഒരു ദിവസം ഈ കത്തി നിന്റെ കഴുത്തിനു ഞാൻ വയ്ക്കും!"

കത്തിയണയ്ക്കലും ശകാരവും ഒരുമിച്ചു കഴിയും. പിന്നെ ശബ്ദമില്ല. ഒരു കൈയിൽ റാന്തലും മറുകൈയിൽ കത്തിയുമായി മുറ്റത്തുടെ പരൈര മുമ്പോട്ടു നടക്കും.

ഒരു പത്തുവാര ചെന്നാൽ, കണ്ണടച്ച് തലയും താഴ്ത്തി നിൽക്കുന്ന ആട്ടിൻപറ്റത്തെ കാണാം. മനുഷ്യന്റെ കാൽപ്പെരുമാറ്റം കേട്ടാൽ അവ കരയും. തലയുയർത്തി നോക്കും: തിന്നാൻ വല്ലതും കൊണ്ടുവന്നിട്ടുണ്ടോ?"

വിലങ്ങനെ കെട്ടിനിർത്തിയ ഒരു മരത്തടിയുണ്ട്. അതിനടുത്തു റാന്തൽ തറയിൽ വെയ്ക്കും. പിന്നെ ആടുകളിൽ ഓരോന്നിനെ പിടിക്കും. കഴുത്തു മരത്തടിയിൽ ചേർത്തുവെയ്ക്കും. കത്തി ഉയർത്തും...

ഫർണാണ്ടസ് അതുവരെ എല്ലാം സൂക്ഷിച്ചുനോക്കും. കത്തി ഉയർത്തിക്കഴിഞ്ഞാൽ കണ്ണടയ്ക്കും. പിന്നെ ആടുകൾ ഒറ്റയായും കൂട്ടായും കരയുന്നതു കേൾക്കാം. ഇടതടവില്ലാതെ മരത്തടിയിൽ കത്തി വീഴുന്നതും കേൾക്കാം. എല്ലാം കഴിഞ്ഞു പേടിപ്പെടുത്തുന്നൊരു നിശ്ശബ്ദത പരക്കും. അത് അധികനേരം നീണ്ടുനിൽക്കാൻ പരൈര സമ്മതിക്കില്ല.

"എടീ, മനുഷ്യസ്നേഹമില്ലാത്ത പിശാചേ!" ഇത്തവണ കൂടുതൽ ഉച്ചത്തിലാവും വിളിച്ചുപറയൽ. ശബ്ദം ഉറങ്ങുന്ന ഭാര്യയുടെ ചെവിട്ടിൽ വന്നെത്തണം. "എടീ, എന്റെ കൈ പൊക്കാൻ വയ്യാതായി. നിന്റെ മക്കളിലൊന്നിനെ ഇങ്ങു പറഞ്ഞയച്ചാലെന്തുവേണം? രണ്ടെണ്ണത്തിനെ വെട്ടിയാലെന്താ, തടി ഉരുകിപ്പോന്നോ? നാളെ അവറ്റ ചെയ്യേണ്ട തൊഴിലാണിത്. ഒന്നു കണ്ടു പഠിക്കാനെങ്കിലും പറഞ്ഞയച്ചുകൂടേ? കുരുത്തം പിടിക്കില്ലെടീ, നീയും നിന്റെ മക്കളും."

ഫർണാണ്ടസ് ഇതൊക്കെ കേൾക്കാനും കാണാനും തുടങ്ങീട്ട് എട്ടു വർഷം കഴിഞ്ഞു. എത്രമാത്രം നശിച്ച സ്ഥലം! രക്തത്തിന്റെ മടുപ്പിക്കുന്ന മണം മൂക്കിലേക്കു തുളച്ചുകയറുന്നു. എട്ടുകൊല്ലം പരിചയിച്ചിട്ടും ഛർദ്ദിക്കാൻ തോന്നുകയാണ്. ജോലി കഴിഞ്ഞു താവളത്തിലെത്തിയ ഫർണാണ്ടസ് ഇടവും വലവും നോക്കാതെ അന്നു പായച്ചുരുൾ നിവർത്തി ഒരിടത്തു കിടന്നു. അതിഭയങ്കരമായ ക്ഷീണം. കന്മതിൽക്കെട്ടുകളെ ഭേദിച്ച് കാറ്റ് അകത്തു കടക്കില്ല. ഭൂമിയിൽ നിന്നു കടുത്ത ചൂടു പൊങ്ങുകയാണ്.

ആ നശിച്ച സ്ഥലത്തു കാലെടുത്തുവെച്ച് മുഹൂർത്തത്തെ അവൻ ശപിച്ചു. ഐദ്രോസ് ഭാഗ്യവാനാണ്. അവനെ അവർ അന്നു കപ്പലിൽവെച്ചു കൊന്നിട്ടുണ്ടാവും. കൊല്ലപ്പെടാൻകൂടി യോഗ്യമില്ലാത്ത തന്റെ ദുരവസ്ഥയോർത്തു ഫർണാണ്ടസ് ദുഃഖിച്ചു. എട്ടുകൊല്ലമേ കഴിഞ്ഞുള്ളൂ. ഇനി പന്ത്രണ്ടുകൊല്ലംകൂടി ഛർദ്ദിപ്പിക്കുന്ന ആ മണവും സഹിച്ചു കിടക്കണം. പ്രഭാതത്തിൽ ആടുകളുടെ നിലവിളി കേൾക്കണം. പരൈരയുടെ ശകാരവും. നിർബന്ധത്തൊഴിൽ സേവനത്തിനു ശിക്ഷിച്ചതാണ്. ഇരുപതു കൊല്ലത്തേക്ക്. അതോർത്തപ്പോൾ അന്നത്തെ വിചാരണയും കോടതിയുമെല്ലാം അവന്റെ കൺമുമ്പിൽ തെളിഞ്ഞുനിന്നു.

ആദ്യമായി ഒരു നീതിന്യായക്കോടതിയിൽ കയറുകയാണ്. കപ്പലിൽവെച്ചു ലഹളകൂടി, നിയമം ലംഘിച്ചു എന്നിങ്ങനെ പല കുറ്റവും അവന്റെ പേരിൽ ചുമത്തി. ഗൂഢാലോചനയിൽ പങ്കെടുത്തെന്നു പറഞ്ഞ് വേറെയും അടിമകളെ അതിലുൾക്കൊള്ളിച്ചു. എല്ലാവരെയും ഗോവയിലെ ന്യായപീഠത്തിനു മുമ്പിൽ ഹാജരാക്കി.

ഒരു പ്രഹസനംപോലെ എന്തൊക്കെയോ നടന്നു. സാക്ഷികൾമൊകൊടുത്തു. ഒന്നാംസാക്ഷി ജോ ഡിസിൽവയായിരുന്നു. കപ്പിത്താനും സൈന്യാധിപനുമായ ആ മനുഷ്യൻ തന്റെ ഔദ്യോഗിക വേഷത്തിൽ അന്തസ്സോടെ കടന്നുവന്നു സാക്ഷിക്കൂട്ടിൽക്കയറി. ന്യായാധിപനെ വന്ദിച്ചു വേദപുസ്തകം പിടിച്ച് ആണയിട്ട് നീണ്ടൊരു പ്രസംഗം ചെയ്തു. വിശദാംശങ്ങൾ മുഴുവനും മനസ്സിലായില്ലെങ്കിലും തന്റെ പരിമിതമായ ഭാഷാപരിജ്ഞാനം അനുവദിക്കുന്നത്ര കാര്യങ്ങളെ ഫർണാണ്ടസ് ആ പ്രസംഗത്തിൽനിന്ന് തപ്പിപ്പിടിച്ചെടുത്തു.

നിയമവിരോധമായി സംഘംചേരൽ, യജമാനൻമാർക്കെതിരായ ഗൂഢാലോചന, വധോദ്യമം, ആയുധം ധരിച്ചു ലഹളയ്ക്കൊരുമ്പെടൽ, നിയമലംഘനം, കൊലപാതകം-അങ്ങനെ പല കുറ്റങ്ങളും ചുമത്തപ്പെട്ടിരുന്നു.

ജോ ഡിസിൽവയ്ക്കു പുറമെ വേറെയും സാക്ഷികളെ വിസ്തരിച്ചു. എല്ലാവരും പറഞ്ഞത് ഒരേകാര്യം. ആർക്കും സംശയമുണ്ടായിരുന്നില്ല. തെളിവുകൾ മുഴുവനും കേട്ടു കഴിഞ്ഞ ന്യായാധിപൻ ഒരു നെടുവീർപ്പോടെ നിവർന്നിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ കുറ്റവാളികളെന്നു മുദ്രയടിക്കപ്പെട്ടവരുടെ മുഖങ്ങളിൽ ഒരു പര്യടനം നടത്തി. അതു കഴിഞ്ഞു ജൂറിമാരോടു രണ്ടു വാക്കു സംസാരിച്ചു. വിശ്രമത്തിനു കോടതി പിരിഞ്ഞതായി പ്രഖ്യാപിക്കുകയും ചെയ്തു.

ഫർണാണ്ടസ് ആലോചിച്ചു: എല്ലാം തുറന്നു പറയാനൊരു സന്ദർഭംകിട്ടി. അപ്പോൾ വെടിപ്പൊളിച്ചു പറയണം. ആരെയും ഭയപ്പെടേണ്ട കാര്യമില്ല. പ്രതികൾക്ക് തങ്ങളുടെ നില വിശദീകരിക്കാൻ അവസരം കിട്ടും. അങ്ങനെ പതിവുണ്ട്. നാട്ടിലായപ്പോൾ അവിടെ കുറ്റവിചാരണ നടന്നതിന്റെ ചില കഥകൾ അവൻ പറഞ്ഞുകേട്ടിട്ടുണ്ട്. പറയേണ്ടതെല്ലാം അവൻ ആലോചിച്ചുറപ്പിച്ചു. ഒന്നും വിട്ടുപോവരുത്. മറ്റൊരവസരം കിട്ടിയില്ലെന്നുവരും.

തണ്ടുവലിക്കുന്ന അടിമകളെ തല്ലിക്കൊന്നു കടലിൽ വലിച്ചെറിഞ്ഞിട്ടുണ്ട്. അന്യന്മാരുടെ മുതൽ തട്ടിപ്പറിച്ചിട്ടുണ്ട്. പെണ്ണുങ്ങളെ പിടിച്ചുകൊണ്ടുവന്നിട്ടുണ്ട്. അക്രമം പ്രവർത്തിച്ചതിനു പകരം ചോദിക്കാൻ വന്നവരാണ് ലഹളയുണ്ടാക്കിയത്-അങ്ങനെ എല്ലാം വിവരിച്ചു പറയണം. അതു കേട്ടു നിതി ന്യായപീഠം ഞെട്ടിവിറയ്ക്കും. ഉള്ളിലുള്ളതു മുഴുവനും തുറന്നുപറയാൻ മാത്രം ഭാഷ സ്വാധീനമാണോ? അതാണു പേടി. ഫർണാണ്ടസ് തക്ക വാക്കുകൾ ആലോചിച്ചു കണ്ടുപിടിക്കാൻ തുടങ്ങി. കൂടുതൽ ആലോചിക്കാൻ ഇടകിട്ടിയില്ല. ഇടവേള കഴിഞ്ഞു. വീണ്ടും കോടതി ചേർന്നു.

ന്യായാധിപൻ ചുറ്റികകൊണ്ടു മേശപ്പുറത്തടിച്ചു ശബ്ദമുണ്ടാക്കി. അന്യായക്കാരുടെയും പ്രതികളുടെയും ജൂറിമാരുടെയും ശ്രദ്ധ തന്നിലേക്കാകർഷിച്ചു. കറുത്ത മേലങ്കിയും തലപ്പാവും ധരിച്ച ഒരു വൃദ്ധനെഴുന്നേറ്റു നിന്ന് ശ്വാസം വിടാതെ ദീർഘനേരം പ്രസംഗിച്ചു. അയാളുടെ പ്രസംഗം തീരുമ്പോൾ ന്യായാധിപനും ജൂറിമാരിൽ രണ്ടുപേരും കൂർക്കം വലിക്കുന്നുണ്ടായിരുന്നു. പ്രസംഗം അവസാനിപ്പിച്ചുകൊണ്ട്

അയാൾ മേശപ്പുറത്തു കൈമടക്കി ഉഗ്രമായി ഇടിക്കുന്നതിന്റെ ശബ്ദം കേട്ട് ഉറങ്ങുന്നവർ ഉണർന്നു. ന്യായാധിപൻ ജൂറിമാരെ നോക്കി ചോദിച്ചു:

"പ്രതികൾ കുറ്റക്കാരാണോ?"

ജൂറിമാർക്കു സംശയമുണ്ടായില്ല. അവർ എല്ലാവരും ചേർന്ന് ഒരേ സ്വരത്തിൽ ഉത്തരം പറഞ്ഞു:

"അതേ, കുറ്റക്കാരാണ്. കഠിനശിക്ഷ കൊടുക്കണം."

അടുത്ത നടപടി പ്രതികളോടു വിശദീകരണം ആവശ്യപ്പെടലാവുമെന്നു ഫർണാണ്ടസ് ധരിച്ചു. എല്ലാം തുറന്നു പറയാൻ ഒരുങ്ങി നിന്നു. കോടതി മുഴുവനും നിശ്ശബ്ദമായി ശ്രദ്ധിക്കുകയാണ്. ന്യായാധിപന്റെ ചുണ്ടിളകി.

ഇരുപതു കൊല്ലത്തെ തടവുശിക്ഷ! അത്രയും കാലം പ്രതിഫലം പറ്റാത്ത നിർബന്ധത്തൊഴിൽ സേവനം. മരണശിക്ഷയ്ക്കർഹരെങ്കിലും ദയാധികാരം ഉപയോഗിച്ചു കോടതി അവരെ കൊലക്കയറിൽനിന്നു രക്ഷപ്പെടുത്തുന്നു. ഇതാണ് ചുരുക്കത്തിൽ വിധി. വല്ലാത്ത ദയാധികാരം! അവിടെ തൂക്കിക്കൊല്ലാൻ വിധിക്കലാണ് ദയ. അതുണ്ടായില്ല.

എട്ടുകൊല്ലം തികച്ചും നിർബന്ധതൊഴിൽ സേവനമനുഷ്ഠിച്ചു. പ്രഭാതത്തിൽ എന്നും പരൈരയുടെ മുഖം കണ്ടു. അവന്റെ തെറി വാക്കുകൾ കേട്ടു. ആടുകളുടെ നിലവിളി കേട്ടു; അവന്റെ ഭാര്യയുടെ കൂർക്കം വലിയും ആട്ടിൻ കഴുത്തിൽ വീഴുന്ന കത്തിയുടെ ശബ്ദവും കേട്ടു. ഇനി നാളെ പ്രഭാതത്തിലും അതു കേൾക്കണം.

മൂക്കറ്റം കള്ളു കുടിച്ച് ആടിപ്പാടി വരുന്ന പരൈരയുടെ ശബ്ദം കേൾക്കുന്നു. പെയ്യാൻവേണ്ടി ഒരുങ്ങിപ്പിടിച്ചു വന്ന മേഘങ്ങൾ ആകാശത്തുനിന്നു പിൻവാങ്ങി. നക്ഷത്രങ്ങൾ തെളിഞ്ഞു. പകൽ മുഴുവനും കരിങ്കൽപ്പാറയോടു പടവെട്ടിത്തളർന്നാണ് വന്നു കിടന്നത്. നക്ഷത്രങ്ങൾ തെളിഞ്ഞ ആകാശം കണ്ടപ്പോൾ അവിടെയും ആരോ കരിങ്കൽപ്പാറ വെട്ടിപ്പൊളിക്കുന്നുണ്ടെന്നു ഫർണാണ്ടസ്സിനു തോന്നി. നിറച്ചും കരിങ്കൽച്ചില്ലുകൾ ചിതറിക്കിടക്കുന്നു.

ഇരുപതുകൊല്ലത്തെ ശിക്ഷാവിധി കഴിഞ്ഞാലും കരിങ്കൽപാറ ബാക്കിയുണ്ടാവും. അത്രയും വലിയ പാറയാണ്. ഇടിച്ചാലും പൊളിച്ചാലും അനങ്ങില്ല. ഉച്ചവെയിലിൽ ചുറ്റിക ചെന്നു വീഴുമ്പോൾ തീപ്പൊരികൾ ചാടിവീഴാറുണ്ട്. ഒരു ദിവസം ആ തീപ്പൊരി ആളിക്കത്തും. ഭൂമി മുഴുവനും അന്നു വെണ്ണീറാവും. അന്നു മോചനത്തിന്റെ ദിവസമായിരിക്കും. മറ്റൊന്നും ആശിക്കാനില്ലാഞ്ഞിട്ടു പൊങ്ങിപ്പരക്കുന്ന തീപ്പൊരികൾകൊണ്ട് അടിമകൾ ആകാശക്കോട്ട കെട്ടി. തളർന്നു കിടക്കുമ്പോഴും മതികെട്ടുറങ്ങുമ്പോഴും മനസ്സിലൊരു കൂറ്റൻ കരിങ്കൽപാറ, കാട്ടാനയെപ്പോലെ, എപ്പോഴും മസ്തകമുയർത്തിനിന്നു.

പതിവിനു വിപരീതമായി അന്നു പട്ടാളക്കാർ പുതിയ സന്ദേശവും കൊണ്ടുവന്നെത്തി. പിറ്റേന്നു മുതൽ പാറ തല്ലിപ്പൊളിക്കേണ്ടതില്ല. അതു താൽക്കാലികമായി നിർത്തിവെച്ചിരിക്കുന്നു. എല്ലാവരും വെള്ളംമുക്കി നിരത്തുകൾ നനയ്ക്കണം.

വേനൽക്കാലത്തെ പൊടിയിൽനിന്നു പട്ടണവാസികളെ രക്ഷിക്കാൻ അധികൃതന്മാർ ദയ വിചാരിച്ചതല്ല. പട്ടണം മോടിപിടിപ്പിക്കുന്ന പരിപാടികളിൽ ഒന്നായിരുന്നു അത്.

പുതിയ വൈസ്രോയി വരുന്നു. പറങ്കികൾ, അറബിക്കടൽത്തീരത്തു കപ്പലടുപ്പിച്ചിട്ട് നൂറുകൊല്ലം തികയുന്നു. മാത്രമല്ല. അതിവിചിത്രമായ മറ്റൊരു സംഭവവികാസംകൂടി ആ ആഘോഷത്തിന്നു നിറപ്പകിട്ടു നൽകുന്നു. ഭാരതത്തിന്റെ പടിഞ്ഞാറൻതീരവുമായി വ്യാപാരബന്ധം സ്ഥാപിച്ചതും മലനാട്ടിന്റെ മണ്ണിൽ ആദ്യമായി കാലുകുത്തിയതും വാസ്കോഡിഗാമയായിരുന്നു. അവിസ്മരണീയമായ ആ മുഹൂർത്തത്തെ തുടർന്ന് പലതും സംഭവിച്ചു. കപ്പലുകൾപലതും വന്നു. പട്ടാളക്കാർ വന്നു. ഏറ്റുമുട്ടലുകളും പിടിച്ചടക്കലുകളുമുണ്ടായി. പിടിച്ചടക്കിയ സ്ഥലങ്ങളിൽ ഭരണം സ്ഥാപിച്ചു. വൈസ്രോയിമാരെ നിയമിച്ചു. പതിനഞ്ചു വൈസ്രോയിമാരുടെ ഭരണം നടക്കുമ്പോഴേക്കും നൂറു കൊല്ലം തികഞ്ഞു. പതിനാറാമത്തെ വൈസ്രോയിയായി അവരോധിച്ച ഗോവയിലേക്കയയ്ക്കുന്നതു കുലകൂടസ്ഥനായ വാസ്കോഡിഗാമയുടെ പൗത്രൻ, ഫ്രാൻസിസ്കോ ഡിഗാമയാണ്.

പുതിയ വൈസ്രോയിയുടെ വരവും ശതവാർഷികവും ആഘോഷിക്കാനുള്ള തിരക്കിലാണ് ഗോവ. ആഘോഷം കഴിയുന്നതുവരെ നിരത്തിൽനിന്ന് പൊടി പറക്കരുത്. മഴ പെയ്യാത്തതുകൊണ്ട് ജലക്ഷാമമുണ്ടെങ്കിലും നിരത്തുകൾ നനച്ചേ തീരൂ. പുതിയ വൈസ്രോയി വരുമ്പോൾ ചെമ്മണ്ണ് പാറി കെട്ടിടങ്ങളും മറ്റും നിറം മങ്ങികിടക്കരുത്. ഗോവയെ അനുഗ്രഹിച്ചുകൊണ്ട് ഇരുഭാഗത്തും നദികളൊഴുകുന്നുണ്ട്. വേണ്ടിവന്നാൽ നദികളിൽ നിന്നും വെള്ളം കൊണ്ടുവന്നെങ്കിലും നിരത്തുകൾ നനയ്ക്കണമെന്ന് ഉദ്യോഗസ്ഥ പ്രമുഖരും പൗരപ്രമാണിമാരും കൂടി തീരുമാനമെടുത്തു. പാറ വെട്ടിപ്പൊളിക്കുന്ന തൊഴിലവസാനിപ്പിച്ച് അടിമകൾ നിരത്തുകൾ നനയ്ക്കട്ടെ എന്നവർ നിർദ്ദേശിച്ചു.

അന്നു സന്ധ്യവരെ വെട്ടിപ്പൊളിച്ചാൽ തീരാത്ത കരിങ്കൽപാറയോടായിരുന്നു സമരം; പിറ്റേന്നു പുലർന്നാൽ അടവൊന്നു മാറ്റണം. മുക്കിയാൽ തീരാത്ത നദീജലത്തോടു സമരം പ്രഖ്യാപിക്കണം. അടിമകളെ സംബന്ധിച്ച് അദ്ധ്വാനത്തിനു കുറവൊന്നുമില്ല. എങ്കിലും ഉഷ്ണകാലത്തു വെള്ളം നനയ്ക്കുന്ന ജോലി നിർദ്ദേശിച്ചല്ലോ. പറങ്കികൾക്കു ദയയില്ലെന്ന ആരോപണം കുറേശ്ശെ തിരുത്തിയെഴുതേണ്ട കാലം വരുന്നു.

നഗരശുചീകരണവും പരിഷ്കരണവും വളരെ വേഗത്തിൽ പുരോഗമിച്ചു. വീഥിയോരത്തുള്ള കെടിടങ്ങളിൽ പുതിയ വാതിൽമറയും ജാലകമറയും പ്രത്യക്ഷപ്പെട്ടു. ചായപ്പണികൾ പുതുക്കി. എല്ലാ തെരുവുകളിലും കമാനങ്ങൾ കെട്ടിയൊരുക്കി. എല്ലാ മുക്കിലും മൂലയിലും തോരണങ്ങൾ തൂക്കി. കെട്ടിടങ്ങളുടെ മുകളിലും നിരക്കെ നാട്ടിയ കാലുകളിലും പോർച്ചുഗീസ് പതാകകൾ പാറി. പതുക്കെപ്പതുക്കെ തെരുവീഥികളിൽ ആൾത്തിരക്കു വർദ്ധിച്ചു.

ഗോവയുടെ ജാതകത്തിലെ ഏറ്റവും നിറപ്പകിട്ടുള്ള ദിവസം പുലരുകയാണ്. വൈസ്രോയിയെ വഹിച്ച് കൊണ്ടുവരുന്ന കപ്പൽ പാതിരാവിൽ തുറമുഖത്തടുത്തു വെന്ന് ആചാരവെടികൾ വിളിച്ചറിയിച്ചു. നഗരവാസികൾ അന്നുറങ്ങിയില്ല. നേരം പുലരാഞ്ഞിട്ടു ധൃതിയായി. ചിലർ സൂര്യന്റെ കർത്തവ്യബോധത്തെ ആക്ഷേപിച്ചു. മറ്റു ചിലർ നേരം പുലരാൻ കാക്കാതെ തുറമുഖത്തേക്കോടി. പെണ്ണുങ്ങൾ രാത്രി മുഴു വൻ ഉറക്കമിളച്ചിരുന്നു ചുണ്ടിനു ചായം കയറ്റിയും മുഖത്തു മായുംതോറും വെള്ളപ്പൊ ടി പൂശിയും സമയം പോക്കി. എത്ര ചമഞ്ഞിട്ടും കണ്ണാടിയിൽ നോക്കുമ്പോൾ മതി യായില്ലെന്നൊരു തോന്നൽ. നേരം വേഗത്തിൽ പുലർന്നുപോയെങ്കിലോ എന്ന് അവർ അത്രമാത്രം ഭയപ്പെട്ടു. ചുണ്ടിലെ ചായത്തിലോ കവിളിലെ വെള്ളപ്പൊടി യിലോ മാത്ര കുറയാനും കൂടാനും പാടില്ലെന്നവർക്കു നിർബന്ധമുണ്ട്. വൈസ്രോ യി ചെറുപ്പക്കാരനാണ്, കോമളനാണ്. ജനലക്ഷങ്ങളെ കടാക്ഷിച്ചുകൊണ്ടു കട ന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ പ്രത്യേക ശ്രദ്ധയിൽ പെടുന്നത് ആരാണെന്നു മുൻകൂട്ടി ഊഹിക്കാൻ വയ്യാ.

ആകാശത്തിന്റെ കിഴക്കേച്ചരുവിൽ സൂര്യനും ചില ചായപ്പണികൾ നടത്തി. പച്ചക്കുന്നുകളുടെ തലപ്പിൽ സ്വർണപ്പട്ടമണിയിച്ച് ആനക്കുട്ടികളെപ്പോലെ വരിവ രിയായി ഒതുക്കിനിർത്തി; ഒരു ഘോഷയാത്രയ്ക്കൊരുക്കിയപോലെ പട്ടണം ഇളകി മറിഞ്ഞു. തുറമുഖം തൊട്ടു പ്രധാനവീഥികൾ മുഴുവനും ജനങ്ങൾ തിങ്ങിക്കൂടി. പൗര പ്രധാനികളും ഉദ്യോഗസ്ഥമുഖ്യരും പുതിയ വസ്ത്രം ധരിച്ച് തുറമുഖത്തു കാത്തുനിന്നു. വൈസ്രോയി കപ്പലിറങ്ങിയാൽ അവരുമായി പരിചയപ്പെടും. ഘോഷയാത്രയിൽ പങ്കെടുക്കാനുള്ള വാഹനങ്ങൾ ഒരുങ്ങിനിൽക്കുന്നു. വൈസ്രോയിയെ വഹിക്കാനു ള്ള മനോഹരമായ രഥത്തിന് ഏഴു വെള്ളക്കുതിരകളെയാണ് പൂട്ടിയത്. വെൺ ചാമരംപോലുള്ള വാലിട്ടിളക്കിയും നിലത്തു കുളമ്പുകളിട്ടിച്ചും കുതിരകൾ അക്ഷമ പ്ര ദർശിപ്പിക്കുന്നു.

ആചാരവെടികളുടെ ശബ്ദകോലാഹലത്തിൽ മുങ്ങിക്കുളിച്ചുകൊണ്ട് വൈ സ്രോയിയും കൂട്ടുകാരും രത്നകംബളം വിരിച്ച തുറമുഖപ്പടവുകളിൽ കാലൂന്നി പതു ക്കെ നടന്നു. യുവകോമളനായ വൈസ്രോയി ജനങ്ങളുടെ കണ്ണിനു സദ്യ നൽകി. അത്ര ചെറുപ്പവും സൗന്ദര്യവുമുള്ള വൈസ്രോയി ഗോവയിലതുവരെ വന്നിട്ടില്ല.

ഘോഷയാത്ര പുറപ്പെട്ടു. മലിനമായ യാതൊന്നും നഗരപരിസരത്തിൽപ്പോ ലും കാണാൻ പാടില്ലെന്നാണ് കൽപ്പന. അടിമകളെ കുളിപ്പിച്ചു ശുഭ്രവസ്ത്രമണിയി ച്ച് ഒരു പ്രത്യേകസ്ഥലത്ത് ഒതുക്കി നിർത്തിയിരുന്നു. വൈസ്രോയിയെ കാണാ നുള്ള മഹാഭാഗ്യം ആർക്കും നിഷേധിക്കാൻ പാടില്ലല്ലോ. ഫർണാണ്ടസ് നിർവ്വി കാരനായി നോക്കിനിന്നു. മുമ്പിലൂടെ കടന്നുപോകുന്ന ഘോഷയാത്രയോ വെള്ള ക്കുതിരകളെ പൂട്ടിയ രഥമോ യുവകോമളനായ വൈസ്രോയിയോ അവന്റെ ശ്രദ്ധ യിൽ പെട്ടില്ല. നീലാകാശവും പച്ചക്കുന്നുകളും മനഃശ്ശാന്തിയോടെ നോക്കിക്കണ്ടിട്ട് കൊല്ലങ്ങൾ കഴിഞ്ഞു. ആരുടെ അലട്ടുമില്ലാതെ കണ്ണും മനസ്സും ആകാശത്തിൽ

പാറിക്കളിച്ചു. കുന്നുകൾക്കപ്പുറത്ത് വെളിച്ചത്തിന്റെ മഹാസാമ്രാജ്യത്തിൽ കൊച്ചുകുരുവികൾ കൂട്ടംചേർന്നു പാറുന്നു. തമ്മി മുട്ടിയിരുമ്മിയും സ്നേഹിച്ചും ചെവിട്ടിൽ മന്ത്രിച്ചും അവ മരക്കൊമ്പുകളിലിരിക്കുന്നു. ഒറ്റവീർപ്പിന് എല്ലാംകൂടി പയറുവിത്തെറിയുംപോലെ ആകാശത്തിൽ പറക്കുന്നു.

പറവകൾക്കുപോലും നിഷേധിക്കാത്ത സ്വാതന്ത്ര്യം അവനിന്ന് അജ്ഞാതമാണ്. സ്വാത്രന്ത്ര്യത്തിന്റെ രുചിപോലും മറന്നുപോയി. സൃഷ്ടികർത്താവിന് അവനെ ഒരു പറവയാക്കാമായിരുന്നു. ആകാശത്തിന്റെ ഏതെങ്കിലുമൊരു കോണിൽ തോന്നുമ്പോൾ പറക്കാനുള്ള സ്വാതന്ത്ര്യം ഒരു പറവയ്ക്കുണ്ട്. മനുഷ്യനെ മനുഷ്യൻ ചങ്ങലയ്ക്കിടുന്നു. അടിമയാക്കുന്നു; നിർബന്ധിച്ചു ജോലി ചെയ്യിക്കുന്നു; മർദ്ദിക്കുന്നു. ഒരു പറവയക്കുള്ള ഹൃദയവിശാലതയോ ബുദ്ധിയോ അവനില്ല. മനുഷ്യൻ അധഃപ്പതിക്കുകയാണ്.

അവിടെ സ്വാതന്ത്ര്യമുണ്ട്-ആ അപാരതയിൽ. അവിടെ ചെന്നു പറ്റാനുള്ള മാർഗംമാത്രം അറിയപ്പെടാതെ കിടക്കുന്നു. വൈസ്രോയിയുടെ രഥം അവനെ കടന്നുപോയി. അവൻ അറിഞ്ഞില്ല. ഹൃദയഭാരം വർദ്ധിച്ചുവരുന്നു. കണ്ണുകൾ നനയാൻ തുടങ്ങി. ആ നീലിച്ചുനിൽക്കുന്ന ആകാശത്തിന്റെ കീഴിൽ എവിടെയോ വളയക്കടപ്പുറമുണ്ട്. അവിടെ അവനിന്നാരെപ്പറ്റിയും ചിന്തിക്കാനില്ല. പാഞ്ചാലിയുടെ അന്ത്യം എന്തെന്ന് അവൻ ഊഹിച്ചു; ഐദ്രോസിന്റെയും. വളയക്കടപ്പുറം മുഴുവൻ ശവക്കുഴികളാണ്. എല്ലാവരും മണ്ണിന്നടിയിൽ പോയി. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ഗദ്ഗദം കുമിളകൾപോലെ ഉയരുന്നു! 'കഷ്ടം!' ജീവിതം മുഴുവനും രണ്ടക്ഷരങ്ങളിലേക്കു ചുരുങ്ങിവന്നു നിൽക്കുന്നു.

"കഷ്ടം!" അവൻ അറിയാതെ പറഞ്ഞുപോയി. ഘോഷയാത്രയും കടന്നുപോയി.

ശതവാർഷികാഘോഷം ഏഴു ദിവസമാണ്. പകലും രാത്രിയും ഒരുപോലെ വിനോദങ്ങൾ പലതും നടന്നു. പുതിയ വൈസ്രോയിക്കു നഗരത്തിന്റെ പല ഭാഗത്തും പൗരസ്വീകരണം ഏർപ്പെടുത്തി. പരൈരയുടെ പ്രഭാതം കൂടുതൽ ശ്രമാവഹമായിത്തീർന്നു. ബലിമൃഗങ്ങളുടെ എണ്ണം വർദ്ധിച്ചതുകൊണ്ട് കൊലക്കത്തി പലതവണ അണയ്ക്കേണ്ടിവന്നു. നേർത്തെ ഉണരേണ്ടിവന്നു. ഭാര്യയെ പലവട്ടം ശകാരിക്കേണ്ടിവന്നു.

നഗരപ്രാന്തത്തിലുള്ള വിശാലമായ മൈതാനത്തിലാണ് സമാപനദിവസത്തെ ചടങ്ങുകൾക്കുള്ള വേദി സജ്ജീകരിച്ചത്. അന്നു പുതുമ കൂടിയതും വിചിത്രവുമായ ഒരിനംകൂടി ആഘോഷപരിപാടികളിൽ ഉൾപ്പെടുത്തിയതുകൊണ്ട് കൂടുതൽ ജനത്തിരക്കു പ്രതീക്ഷിച്ചിരുന്നു. കൊച്ചിയിൽ നിന്നുവരുത്തിയ നാടകസംഘത്തിന്റെ കഴിവുകൾ കാലേകാണാൻ എല്ലാ നഗരവാസികളും എത്തിച്ചേരണമെന്ന് അധികൃതന്മാർ നിർബന്ധിക്കുക കൂടി ചെയ്തിരുന്നു.

ഫർണാണ്ടസ് അടക്കമുള്ള അടിമകളെയും നാടകം കാണാൻകൊണ്ടുപോയി. സന്ധ്യയ്ക്കുമുമ്പുതന്നെ മൈതാനം നിറഞ്ഞുകഴിഞ്ഞു. ഉയർത്തിക്കെട്ടി, അലങ്കരിച്ചൊരുക്കിയ മണ്ഡപത്തിൽ വൈസ്രോയിക്കു പ്രത്യേകമായും മറ്റു പ്രധാനികൾക്ക് സ്ഥാനമാനങ്ങൾക്കനുസൃതമായ മട്ടിലും ഇരിപ്പിടങ്ങൾ ഉണ്ടാക്കിയിരുന്നു.

നാടകം ആരംഭിക്കുന്നതിനുമുമ്പ് ഇതിവൃത്തത്തെക്കുറിച്ചൊരു പ്രസംഗമുണ്ടായി. പശ്ചിമയൂറോപ്പിലെ പ്രസിദ്ധനായ കാറൽമാൻ ചക്രവർത്തിയും പശ്ചിമേഷ്യയിലെ സുശക്തനായ തുർക്കിചക്രവർത്തി അൾബിരാന്തും തമ്മിൽനടന്ന യുദ്ധത്തിന്റെ ചരിത്രമായിരുന്നു നാടകത്തിന്റെ ഇതിവൃത്തം.

യവനിക നീങ്ങിയപ്പോൾ പാട്ടുപാടിയും നൃത്തംവെച്ചും കാറൽമാൻ ചക്രവർത്തിയുടെ പാരിമാർ എന്നറിയപ്പെടുന്ന പന്ത്രണ്ടു വീരാഗ്രണികളായ പടനായകന്മാർ രംഗപ്രവേശം ചെയ്യുന്നു. പോർച്ചട്ടയും ഉരുക്കുതൊപ്പിയും ധരിച്ച്, വാളും കുന്തവുമേന്തി രംഗത്തെത്തിയ ആ പടനായകന്മാരെ ഫർണാണ്ടസ് വിടർന്ന കണ്ണുകളോടെ നോക്കിക്കണ്ടു. കൊള്ളാം. പാരിമാർ ചക്രവർത്തിയോടൊപ്പം ജറുസലേമിനെ മോചിപ്പിക്കാൻ പോകുകയാണ്. അൾബിരാന്തു ചക്രവർത്തി ജറുസലേമിനെ കീഴടക്കുകയും അവിടേക്കുള്ള തീർഥാടകരെ തടയുകയും ചെയ്തിരിക്കുന്നു.

ജറുസലേമിൽവെച്ച് അൾബിരാന്തു ചക്രവർത്തിയും അനുയായികളും കാറൽമാൻ ചക്രവർത്തിയും പാരിമാരും കൂട്ടിമുട്ടി. ആവേശജനകമായയുദ്ധം. പാരിമാരുടെ വാൾച്ചീറ്റത്തിനു മുമ്പിൽ അൾബിരാന്തു ചക്രവർത്തിയും അനുയായികളും വിരണ്ടു. നിൽക്കക്കള്ളി മുട്ടി അവർ പിൻതിരിഞ്ഞോടി. പ്രേക്ഷകർ കൈയടിച്ചാർത്ത് അഭിനേതാക്കളെ പ്രശംസിക്കുന്നതോടൊപ്പം യവനിക വീണു.

അഭിനയമായാലും യുദ്ധം അതിന്റെ മുറപ്രകാരം പ്രദർശിപ്പിച്ചു. നല്ല അഭ്യാസബലമുള്ള അഭിനേതാക്കൾ. കച്ച കെട്ടി കളരിയിൽ അഭ്യസിക്കാത്തവർക്ക് അത്ര ലാഘവത്തോടെ യുദ്ധമുറകൾ പ്രദർശിപ്പിക്കാൻ കഴിയുകയില്ലെന്നു ഫർണാണ്ടസ്സിനുതോന്നി. അവിടെ ചെന്നിരുന്നതും ആ ആഘോഷത്തിൽ പങ്കെടുത്തതും അവനൊരു നഷ്ടമായി കണക്കാക്കുയില്ല.

പിന്നെയും രംഗങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. പച്ചപ്പട്ടുകൊണ്ടുള്ള ഉടുപ്പും അർദ്ധചന്ദ്രാകൃതിയിലുള്ള മുദ്രപതിച്ച തൊപ്പിയും ധരിച്ച അൾബിരാന്തു ചക്രവർത്തിയുടെ മകനായ ഫെരബ്രോസും കൂട്ടുകാരും രംഗത്തെത്തി. തന്റെ പിതാവിനെ തോൽപിച്ചവരോടു പകരം ചോദിക്കാൻ പ്രതിജ്ഞയെടുത്തുകൊണ്ടുള്ള പുറപ്പാടാണ്.

പാരിമാരെ യുദ്ധത്തിൽ തോല്പിച്ച് അവരിൽ കേമനും ആയുധമെടുത്തവരിൽ മുമ്പനുമായ ഗൊയിദവർകൊഞ്ഞിനെ പിടിച്ചുകെട്ടി അവൾക്കു കാഴ്ചവെക്കാമെന്ന് ഫെരബ്രോസ് സഹോദരിയായ ഫ്ലോരിപ്പസ് രാജകുമാരിയോടു ശപഥം ചെയ്തുകൊണ്ടാണ് പോകുന്നത്.

ഫെരബ്രാസിന്റെ പോർവിളിക്കു മറുപടി പറയാനെത്തിയതു പാരിമാരിൽ ഒരുവനായ ഒലിവരാണ്. കാഴ്ചയിൽ വളരെചെറുപ്പം. ഫെരബ്രാസ് അവനെ പുച്ഛിച്ചു.

അവനുമായി യുദ്ധം ചെയ്യില്ലെന്നുവരെ പറഞ്ഞു. ഒടുവിൽ ചില വ്യവസ്ഥകൾക്കു കീഴടങ്ങി യുദ്ധമാരംഭിച്ചു. നല്ല യുദ്ധം. ഒലിവർ കാഴ്ചയിൽ ദുർബ്ബലനെങ്കിലും നല്ല അഭ്യാസബലമുള്ളവനാണ്. ഫർണാണ്ടസ് അവനെ അഭിനന്ദിച്ചു. ജനങ്ങൾ ആർത്തു വിളിച്ചു. യുദ്ധത്തിന്റെ അവസാനം ഫെരബ്രാസിന്റെ പരാജയത്തെ പ്രഖ്യാപിച്ചു. പക്ഷേ, ഒരു കുഴപ്പമുണ്ടായി; ഒലിവിലിരുന്നു യുദ്ധം വീക്ഷിച്ച ഫെരബ്രോസിന്റെ അനുയായികൾ ഒലിവരെ പിടിച്ചുകെട്ടി തടവുകാരനായി കൊണ്ടുപോയി.

സജീവമായ രംഗങ്ങൾ! ഇടയിൽ സന്ധിവന്നു. പിന്നെയും യുദ്ധമായി. ഗൊയിദവർകൊഞ്ഞിയടക്കമുള്ള പാരിമാർ അൾബിരാന്തു ചക്രവർത്തിയുടെ പിടിയിൽപ്പെട്ടു. അവരെ ഇരുട്ടറയിൽ അടച്ചു.

ഫ്ലോരിപ്പസ് രാജകുമാരി തന്റെ സഹോദരന്റെ വാഗ്ദാനമോർത്തു കഴിയുകയായിരുന്നു. ആയുധമെടുത്തവരിൽ മുമ്പനും പരമസുന്ദരനുമായ ഗൊയിദവർകൊഞ്ഞിനെ അവൾ മനസ്സാ ആരാധിച്ചു. തന്റെ ഭാവിവരനായി ആ വീരനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചു. അങ്ങനെ മനോരാജ്യത്തിൽ ദാമ്പത്യസുഖമുണ്ടു കഴിയുമ്പോഴാണ് ഗൊയിദവർകൊഞ്ഞിനെയും കൂട്ടുകാരെയും തന്റെ പിതാവു തടവുമുറിയിലടച്ച കഥ രാജകുമാരി മനസ്സിലാക്കുന്നത്. അവൾ മനസ്സിടിവോടെ കരഞ്ഞ് തന്റെ കാമുകനെ മോചിപ്പിക്കാൻ ശപഥം ചെയ്തു പുറപ്പെട്ടു.

തടവുമുറിയിലെ കാവൽക്കാരെ അടിച്ചുവീഴ്ത്തി കാമുകനെയും കൂട്ടുകാരെയും രാജകുമാരി രക്ഷിച്ചു. തന്റെ അന്തഃപുരത്തിൽഅഭയം നൽകി. വിവരം കേട്ടു ക്ഷുഭിതനായ അൾബിരാന്തു ചക്രവർത്തി ഗൊയിദവർകൊഞ്ഞിനെ പിടിക്കാനും തൂക്കിലിടാനും തീരുമാനിച്ചു. തീരുമാനം നിറവേറ്റാൻ ചക്രവർത്തിക്കു കാലതാമസം വേണ്ടിവന്നില്ല.

ഫ്ലോരിപ്പസിന്റെ അന്തഃപ്പുരത്തിന്നടുത്ത് ഒരു പച്ചക്കുന്നിൽ കഴുമരം പണിതീർത്തു. ഗൊയിദവർകൊഞ്ഞിനെ അവിടെവെച്ചാണ് വധിക്കുന്നത്. രാജകുമാരി നിസ്സഹായയായി അതു കണ്ടുനിൽക്കണം.

ഫ്ലോരിപ്പസിന്റെ കണ്ണുകൾ നിറഞ്ഞു; കവിളുകൾ നനഞ്ഞു. അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. ഫർണാണ്ടസ്സിനു സഹിച്ചില്ല. തന്റെ ജീവിതകഥയിൽ നിന്ന് ഒരംശം അടതർത്തിയെടുത്തു രംഗത്തു പ്രദർശിപ്പിക്കുംപോലെ അവനു തോന്നി. നാടകവും രംഗവും പ്രേക്ഷകരും ഗോവയും വൈസ്രോയിയും അൾബിരാന്തും ഫ്ലോരിപ്പസ്സും അവന്റെ മനസ്സിൽ നിന്നു മാഞ്ഞു. ആ നിൽക്കുന്നതു പാഞ്ചാലിയാണ്. അവളുടെ കവിൾത്തടം നനയ്ക്കുന്ന കണ്ണുനീർ കാണാൻ വയ്യാ. ആ ഗദ്ഗദം കേൾക്കാൻ വയ്യാ. അതേ, അതു പാഞ്ചാലി തന്നെ. സംശയമില്ല. അവളുടെ പൊക്കൻ മരിച്ചിട്ടില്ല. അവനെ കൊല്ലാനും ഭാവമില്ല. ഇന്നല്ലെങ്കിൽ നാളെ, ഭാഗ്യം തുണച്ചാൽ, രക്ഷപ്പെടാം. രക്ഷപ്പെട്ടാൽ ഒരു നിമിഷം കളയാതെ ഒടിച്ചെന്ന് അവളെ വാരിയെടുത്ത് ആശ്വസിപ്പിക്കാം.

അവൾ പിന്നെയും കരയുന്നു. പൊക്കനെ അവൾ കാണുന്നില്ലേ? കണ്ടാലവൾ കരയില്ല. തീർച്ച. അവൾകാണട്ടെ. അവനെഴുന്നേറ്റുനിന്ന് ഉച്ചത്തിൽ വിളിച്ചു:

"പാഞ്ചാലീ!"

ഗൊയിദവർകൊഞ്ഞിന്റെ കഴുത്തിൽ കൊലക്കയർ വീണു. എല്ലാം അവസാനിച്ചെന്നു വിശ്വസിച്ചു നിൽക്കുമ്പോൾ റിച്ചാഡിന്റെ കുതിര മിന്നൽവേഗത്തിൽ രംഗത്തു ചാടിവീണു. റിച്ചാഡിന്റെ വാളുയർന്നു. കൊലക്കയർ മുറിഞ്ഞു. ഗൊയിദവർ കൊഞ്ഞി രക്ഷപ്പെട്ടു. നാടകം അവസാനിച്ചു. ജനങ്ങൾ ആഹ്ലാദഭരിതരായി ബഹളംകൂട്ടിക്കൊണ്ടു പുറത്തുകടന്നു.

ഫർണാണ്ടസ്സിനു നടക്കാൻ വയ്യാ. തല ചുറ്റുന്നു.

— 16 —

# പതിനാറ്

കരിങ്കൽപ്പാറയുമായി നിരന്തരസമ്പർക്കമുള്ളതുകൊണ്ടാവണം, ഫർണാണ്ടസ്സിന്റെ മനസ്സിന്നു കട്ടപ്പം കൂടി. വെട്ടാൻ കൊണ്ടുപോവുന്ന ആടുകളുടെ കരച്ചിൽ കേട്ടാൽ മനസ്സിനിപ്പോൾ ഒട്ടും വിഷമം തോന്നാറില്ല. കടൽത്തിരകളിലും കടലോരത്തെ കുടിലുകളിലും പണ്ടൊക്കെ മനസ്സ പരിഭ്രമിച്ചോടാറുണ്ടായിരുന്നു. ഇന്ന് ഒന്നിലും പരിഭ്രമമില്ല. ഒന്നും ചിന്തിക്കാറുമില്ല. ഇടയ്ക്കിടയ്ക്ക് ആരോ ചെവിയിൽ മന്ത്രിക്കും പോലെ തോന്നും.

രക്ഷപ്പെടണം.

രാത്രിയായാൽ കൈകളെ ബന്ധിച്ച ചങ്ങല പിടിച്ച പിരിയുടച്ച നോക്കും. അതൊന്നുപൊട്ടിയെങ്കിൽ! പലതും ചെയ്യാനുണ്ട്. യൗവനം ഇങ്ങനെ ചങ്ങലക്കുട്ടിൽ കിടന്നു ദ്രവിച്ചുപോകാനുള്ളതാണോ? അഭിലാഷങ്ങളൊക്കെ മനസ്സിൽ തളംകെട്ടിനിന്നു വറ്റിപ്പോകുമോ? അതാണ് ഭയം.

എട്ടുകൊല്ലം കഴിഞ്ഞു.

ഇരുമ്പുപട്ടയിട്ട ഭാരം കേറ്റിയുരുളുന്ന കാളവണ്ടിച്ചക്രം പോലെ കാലം ജീവിതത്തിലൂടെ അരിച്ചരിച്ചു നീങ്ങി. ഒന്നിനും ഒരു മാറ്റമില്ല. ചുറ്റുപാടൊക്കെ അങ്ങനെത്തന്നെയുണ്ട്. പക്ഷെ, അറവുകാരൻ പരൈരയുടെ ഭാര്യ മക്കളെ പെറ്റുകൂട്ടുന്നു. ആദ്യമാദ്യം പിറന്നതു വലുതാവുന്നു. അതു മാത്രമാണ് മാറ്റത്തിന്റെ തെളിവ്. ഗോവയ്ക്കു പുറത്തുള്ള ലോകത്തിലും ഇങ്ങനെയാണോ? സ്ത്രീകൾ പ്രസവിക്കുന്നതിലും കുഞ്ഞുങ്ങൾ വലുതാവുന്നതിലും കവിഞ്ഞ മാറ്റമൊന്നുമില്ലേ?

ഫർണാണ്ടസ് അറിയുന്നില്ലെന്നു മാത്രം. മിന്നൽ വേഗത്തിലാണ് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഗോവയിൽപ്പോലും പുതിയ മാറ്റത്തിന്റെ കുലുക്കങ്ങൾ അനുഭവപ്പെട്ടു.

കഴിഞ്ഞ എട്ടുകൊല്ലത്തിനിടയ്ക്ക് മൂന്നുതവണ ഗോവാതുറമുഖത്തു കുഞ്ഞാലിമരയ്ക്കാരുടെ പടക്കപ്പലുകൾ പീരങ്കിയുണ്ടകളുതിർത്തു. നങ്കൂരമിട്ടു നിൽക്കുന്ന കപ്പലുക

ളിൽ പലതും വെണ്ണീറായി. പോർച്ചുഗലിലേക്കു കടത്തിക്കൊണ്ടുപോകാൻ ശേഖരിച്ചുവെച്ച വിലപിടിപ്പുള്ള സാധനങ്ങൾപലതും കൊള്ളചെയ്തു. കപ്പലുകളിലും തുറമുഖത്തും ജോലി ചെയ്യുന്ന അടിമകളെ മോചിപ്പിച്ചുകൊണ്ടുപോയി.

കറുത്ത മനുഷ്യരുടെ കരബലത്തിനു മുമ്പിൽ വെള്ളക്കാരൻ തല കുനിച്ചു. അറബിക്കടലിൽ സൈ്വരസഞ്ചാരത്തിനും തട്ടിപ്പറിക്കും സൗകര്യമില്ലെന്നായി. എവിടെ നോക്കിയാലും മരയ്ക്കാരുടെ കപ്പൽ വിഴുങ്ങാനൊരുങ്ങിക്കൊണ്ടുവരുന്നു. മരണഭയമില്ലാത്ത നാവികരാണ്. നല്ല പീരങ്കികളുണ്ട്. നേരിട്ടുള്ള മൽപിടുത്തത്തിലും വാൾപ്പയറ്റിലും അവരെ തോൽപ്പിക്കാൻ പറ്റില്ല. 'ഞങ്ങൾ സമുദ്രത്തിനധീശരാ'ണെന്നു വീമ്പുപറഞ്ഞുവന്നവർക്ക് തലയും താഴ്ത്തി ഒളിച്ചോടേണ്ടിവന്നു. പോർച്ചുഗലിൽനിന്ന് കപ്പലുകൾക്കു വമ്പിച്ച തോതിൽ സൈനികമായ അകമ്പടികൾ ഏർപ്പെടുത്തേണ്ടിവന്നു. എന്നാൽത്തന്നെയും ഏറ്റുമുട്ടലുകൾ നടക്കും. നടന്നാൽ കനത്ത നഷ്ടമനുഭവിക്കണം. പറങ്കികൾ ഈ അധഃപതനം ഒട്ടും പ്രതീക്ഷിച്ചതല്ല.

വൈസ്രോയിക്കും കപ്പിത്താന്മാർക്കും പോർച്ചുഗലിൽ നിന്ന് അടിക്കടി താക്കീതുകൾ വന്നുകൊണ്ടിരുന്നു. അപരിഷ്കൃതരെന്ന് കണക്കാക്കപ്പെട്ട ഒരു ജനവിഭാഗത്തോടു വെള്ളക്കാർ തോൽക്കുകയോ? പറങ്കികളുടെ രാജാവിന്ന് അതു വിചാരിക്കാൻകൂടി കഴിഞ്ഞില്ല. "എന്തു ചെയ്തും കുഞ്ഞാലിമരയ്ക്കാരെ നശിപ്പിക്കണം. മരയ്ക്കാർകോട്ട തച്ചുടയ്ക്കണം." രാജാവിന്റെ അതിനിശിതമായ കല്പനവന്നു. "ആരെ വേണമെങ്കിലും കൂട്ടുപിടിക്കാം. ആരോടു വേണമെങ്കിലും സന്ധിയാവാം. എവിടെ വേണമെങ്കിലും ബന്ധുത്വത്തിനു ശ്രമിക്കാം." അത്രയും കൂടി രാജാവു കൽപിച്ചു. ഒരു നിമിഷം താമസിക്കാതെ കുഞ്ഞാലിമരയ്ക്കാരുടെ ശല്യത്തിൽനിന്ന് അറബിക്കടലിനെ മോചിപ്പിക്കണം. ഭാവിയിലെ നേട്ടങ്ങൾ മുഴുവനും അതിനെ ആശ്രയിച്ചാണ് നിൽക്കുന്നത്.

ഗോവയിൽ അന്ന് അധികാരത്തിലിരുന്ന വൈസ്രോയി മത്തായിയാസ് ഡി അൽബുക്കർക്കായിരുന്നു. വളരെ ശുദ്ധനായ ഒരു മനുഷ്യൻ. അന്യായവും അക്രമവും പ്രവർത്തിക്കുന്നതിൽ തീരെ വിമുഖനാണ്. മാത്രമല്ല, തന്നെപ്പോലെ മറ്റുള്ളവരെ കണക്കാക്കുന്നതു കൊണ്ട് കളവും ചതിയും ചെയ്യുന്ന മനുഷ്യരുണ്ടെന്നു വിശ്വസിക്കാൻപോലും അദ്ദേഹം കൂട്ടാക്കിയില്ല. എല്ലാവരും നന്മചെയ്യുന്നവരാണ്. മറിച്ചു കരുതാൻ വയ്യ. കഴിയുന്നതും സംഘട്ടനത്തിൽനിന്ന് ഒഴിഞ്ഞുമാറി നിൽക്കാൻ അദ്ദേഹം ആഗ്രഹിച്ചു. അതു പറങ്കികളുടെ പാരമ്പര്യത്തിന്ന് അനുയോജ്യമായിരുന്നില്ല. തന്റെ ഭരണകാലത്ത് ആപത്തുകളൊന്നും സംഭവിക്കാതെ കഴിഞ്ഞാൽ മതിയെന്നു പ്രാർത്ഥിച്ച ഒരു വൈസ്രോയിയേ പറങ്കികൾക്കുണ്ടായിരുന്നുള്ളു. അതാണ് മത്തായിയാസ്.

മത്തായിയാസിന്റെ ശാന്തശീലം കീഴുദ്യോഗസ്ഥന്മാർക്കിടയിൽ കൊള്ളരുതായ്മകൾ വളർത്തി. കൈക്കൂലി സാർവ്വത്രികമായി പടർന്നു പിടിച്ചു. അഴിമതികൾക്ക് കണക്കില്ലാതായി. തരംകിട്ടുമ്പോഴൊക്കെ മറ്റുള്ളവരെ ചൂഷണം ചെയ്ത്

കീശ തടിപ്പിക്കാൻ എല്ലാവരും ശ്രമിച്ചു. കച്ചവടത്തിൽ സത്യസന്ധതയും മര്യാദയും കണികാണാനില്ലാതായി.

ഇക്കാലത്താണ് പാടിമരയ്ക്കാർ മരിച്ചതും കുഞ്ഞാലിമരയ്ക്കാർ പ്രാബല്യത്തിൽ വന്നതും. സാമൂതിരിരാജാവിന്റെ കടൽപ്പടയുടെ നായകനായിരുന്ന പാടിമരയ്ക്കാരാണ് പറങ്കികളുടെ വരവോടുകൂടി ഏറെക്കുറെ കുത്തഴിഞ്ഞ് ഛിന്നഭിന്നമായിക്കിടന്ന നാവികപ്പടയെ പുനഃസംസംഘടിപ്പിച്ചതും പ്രശസ്തിയുടെ കൊടുമുടിയിലേക്ക് ഉയർത്തിക്കൊണ്ടുവന്നതും. സാമൂതിരിരാജാവിനു തന്റേടത്തോടെ സമുദ്രവ്യാപാരം ആരംഭിക്കാൻ കഴിഞ്ഞതും പാടിമരയ്ക്കാരുടെ യുദ്ധപാടവം കൊണ്ടാണ്. നാവികയുദ്ധങ്ങളിൽ തഴക്കവും പഴക്കവും സിദ്ധിച്ച പാടിമരയ്ക്കാർ പടിഞ്ഞാറൻതീരം മുഴുവനും വിദേശീയരുടെ ഭീഷണിയിൽനിന്നു മോചിപ്പിച്ചെടുക്കാനും അറബിക്കടലിലെ വിപത്തൊഴിക്കാനും അതിവിപുലമായ പല പരിപാടികളും ആസൂത്രണം ചെയ്തു. അതിലൊന്ന് കടൽത്തീരങ്ങളിൽ ഏതാനും ബലമേറിയ കോട്ടകൾ പണിയുകയെന്നതായിരുന്നു.

മഹാരാജാവിനെ മുഖം കാണിച്ച് പാടിമരയ്ക്കാർ പുതിയ പദ്ധതികൾ തിരുമുമ്പിൽ സമർപ്പിച്ചു. ആദ്യമായി ഒരു കോട്ട പണിയാൻ അനുമതിക്കപേക്ഷിച്ചു. മഹാരാജാവ് വളരെ സന്തോഷത്തോടുകൂടി അനുമതി നൽകി. അങ്ങനെയാണ് കോട്ടയ്ക്കലഴിമുഖത്ത് ഉറപ്പിലും വലുപ്പത്തിലും ശില്പചാതുര്യത്തിലും മികച്ചതെന്നു പലരാലും പുകഴ്ത്തപ്പെട്ട മരയ്ക്കാർകോട്ട ഉയർന്നുവന്നത്.

കോട്ടയ്ക്കു ചുറ്റും ആഴമേറിയ കിടങ്ങുകളുണ്ട്. ഇരട്ടച്ചുമരുകൾകൊണ്ട് ബലംകൂട്ടിയ ഉയർന്ന കോട്ടമതിലുകളിൽ അവിടവിടെ പീരങ്കികൾ ഘടിപ്പിച്ച ഗോപുരങ്ങളുണ്ട്. കടലിൽനിന്നുള്ള കൈയേറ്റത്തെ ചെറുത്തുനിർത്താൻ കരിങ്കല്ലുകൾ പടുത്തുയർത്തിയ കൂറ്റൻ കടൽഭിത്തിയുണ്ട്. കോട്ടയോടനുബന്ധിച്ച് പണിതീർത്ത പുതുപ്പട്ടണത്തെ രക്ഷിക്കാൻ അറ്റം കൂർത്ത ഇരിമ്പുകാലുകളിൽകെട്ടി നിർത്തിയ വേലിക്കിടയിൽ ശത്രുക്കളെ ചുട്ടു പുകയ്ക്കാൻ സദാ പീരങ്കികൾ ഉറ്റുനോക്കിനിൽക്കുന്ന കൊത്തളങ്ങളുമുണ്ട്. ആകെക്കൂടി അറബിക്കടലിലൂടെ കടന്നുപോകുന്ന പറങ്കിക്കപ്പിത്താന്മാർക്ക് അത് ഒരാപൽസൂചനയും ഭീഷണിയും ദുഃസ്വപ്നവുമായി നിലകൊണ്ടു.

പുതുപട്ടണം മലനാട്ടിലെ മറ്റേതു പട്ടണത്തോടും കിടപിടിക്കത്തക്ക നിലയിൽ ക്ഷണത്തിൽ അഭിവൃദ്ധിയിലേക്കുയർന്നു. സുശക്തമായൊരു നാവികത്താവളത്തിനു പുറമേ കോട്ടയ്ക്കൽത്തുറമുഖം വ്യാപാരകേന്ദ്രമെന്ന നിലയിലും പ്രസിദ്ധിയാർജ്ജിച്ചു.

പാടിമരയ്ക്കാർ തന്റെ ആസ്ഥാനം പുതിയ കോട്ടയിലേക്കുമാറ്റി. ദുർല്ലഭമായേ കടൽപ്പടയെ നയിക്കാറുള്ളൂ. തന്റെ അനന്തരവനായ കുഞ്ഞാലിയുണ്ട്. പോർമിടുക്കിലും തന്റേടത്തിലും തന്നെക്കാൾ ഒട്ടും പിന്നോക്കമല്ല. അൽപം എടുത്തുചാട്ടമുണ്ടെന്നൊരു കുറ്റം മാത്രം. ആ കുറ്റം ആവുന്നത്ര ശാസിച്ചു മാറ്റാൻ ശ്രമിക്കുന്നുണ്ട്.

കപ്പൽവ്യൂഹത്തെ നയിക്കേണ്ട ചുമതല അനന്തരവന്ന് ഏൽപ്പിച്ചുകൊടുത്തു. പട്ടണത്തിന്റെയും തുറമുഖത്തിന്റെയും അഭിവൃദ്ധിയിൽ ശ്രദ്ധിച്ചുകൊണ്ട് പാടിമരയ്ക്കാർ സമയം കഴിച്ചു.

പോക്കുവെയിൽ തട്ടി കോട്ടമതിലുകൾ ചുവക്കുമ്പോൾ അറബിക്കടലിലെ തിരമാലകളിലേക്കുറ്റുനോക്കി, ചെമ്പിച്ച വട്ടത്താടിയിൽ വിരലോടിച്ച് അതികായനായ പാടിമരയ്ക്കാർ തുറമുഖം കാക്കുന്ന ഗോപുരത്തിന്റെ മുകൾത്തട്ടിൽ എന്നും കയറിനിൽക്കുന്നതു കാണാം. മാറ്റമില്ലാത്ത ദിനചര്യകളിലൊന്നാണിത്. അറ്റം കാണാതെ പരന്നു കിടക്കുന്ന കടൽകാണുമ്പോൾ മരയ്ക്കാരുടെ ഉള്ളിൽ പല ആശയങ്ങളും കുരുത്തുവരും. അതൊക്കെ കല്ലിൽകൊത്തിയപോലെ മനസ്സിലുറപ്പിക്കണം. ആവശ്യം വരുമ്പോൾ കല്ലെഴുത്തെന്നപോലെ വായിക്കാൻ കഴിയണം. മഗരിബ് നിസ്കാരത്തിനുള്ള ബാങ്കുവിളി കേൾക്കുന്നതുവരെ മരയ്ക്കാർ ചിന്താമഗ്നനായവിടെ നിൽക്കും. പായവിരിച്ച തോണികളും കപ്പലുകളും ഇളംകാറ്റിലൂടെ പതുക്കെപ്പതുക്കെ അങ്ങനെ ഒഴുകിപ്പോകുമ്പോൾ മരയ്ക്കാരുടെ കണ്ണുകൾ സന്തോഷംകൊണ്ടു വിടരും. ഹൃദയം അഭിമാനംകൊണ്ടു തുടിക്കും. അപായശങ്കകൂടാതെ കപ്പലുകൾ സഞ്ചരിക്കുന്നു. രാപ്പകലില്ലാതെ മീൻപിടുത്തക്കാർ തോണികളിറക്കുന്നു. ആരെയും പേടിക്കേണ്ടാ. കടലിൽ സമാധാനം പരന്ന കാലമാണ്. ഈ സമാധാനം സ്ഥാപിക്കാൻ താനും കടൽവെള്ളത്തിൽ കുറച്ചു ചോര കലക്കീട്ടുണ്ടെന്നു പാടിമരയ്ക്കാർക്ക് അഭിമാനത്തോടെ പറയാം. എന്നും ഇങ്ങനെ സമാധാനം നിലനിന്നാൽ മതിയെന്ന് ആ വീരസേനാനി പടച്ചവനോടു പ്രാർത്ഥിച്ചു.

കത്തിയവാർതൊട്ടു ലങ്കവരെയുള്ള തീരപ്രദേശങ്ങളിൽനിന്ന് പല നാടുവാഴികളും വിഷമഘട്ടങ്ങളിൽ പാടിമരയ്ക്കാരുടെ സഹായം തേടിയിരുന്നു. വിദേശികൾക്കെതിരായി നാട്ടുകാരെ സഹായിക്കാനുള്ള സന്ദർഭങ്ങളൊന്നും മരയ്ക്കാർ പാഴാക്കിക്കളയാറില്ല. അഭ്യർത്ഥന കിട്ടിയാലുടനെ സന്നാഹവുംകൂട്ടി താനോ അനന്തരവനോ പുറപ്പെടും. ഒരിക്കലും പരാജയത്തിന്റെ അപമാനഭാരവും ചുമന്നുകൊണ്ടു പാടിമരക്കാർക്കു തിരിച്ചുപോരേണ്ടിവന്നിട്ടില്ല; വരികയുമില്ല. പരാജയം നേരിടുമെന്ന് കണ്ടാൽ ജീവനുപേക്ഷിച്ചു കളയണമെന്നാണ് അനുയായികൾക്കും അനന്തരവനും നൽകാറുള്ള നിർദ്ദേശം. അവസാനശ്വാസം വലിക്കുന്നതുവരെ പാടിമരയ്ക്കാർ മലനാട്ടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി. മരണവുമായുള്ള മൽപ്പിടുത്തത്തിൽപ്പോലും നാട്ടിന്റെ കാര്യം ആ ധീരസേനാനി മറന്നില്ല. മരുമകനെ വിളിച്ച് തന്റെ അന്ത്യാഭിലാഷം അറിയിച്ചു.

“കുഞ്ഞാലീ, ഇനിയും ഈ നാടും നാട്ടാരും നിന്റെ കൈയിലാണ്.” ശ്വാസത്തിനു പതർച്ച തുടങ്ങിയതുകൊണ്ട് ഇടയ്ക്കിടെ നിർത്തിയും വിഷമിച്ചുമാണ് പാടിമരയ്ക്കാർ സംസാരിച്ചത്.

“നിന്റെ എടുത്തുചാട്ടം കുറയ്ക്കണം... പൊന്നുതമ്പുരാന്റെ കൽപ്പന കേട്ട് നടക്കണം. ഇനി പറങ്കികൾ തല പൊക്കരുത്... നീയവരെ ഇവിടെനിന്ന് അടിച്ചു പായിക്കണം... അതിന് പടച്ചവന്റെ കൃപ എന്നും നിനക്കുണ്ടാവും...”

എല്ലാം അക്ഷരംപ്രതി നിറവേറ്റാൻ കുഞ്ഞാലിമരയ്ക്കാർ പ്രതിജ്ഞചെയ്തു. ഒന്നു മാത്രം മറന്നുപോയി. എടുത്തുചാട്ടത്തിന്റെ കാര്യം അതു ജന്മസിദ്ധമാണ്. അതു തെന്നു പലപ്പോഴും വിചാരിച്ചിട്ടുണ്ട് നിയന്ത്രിക്കാൻ വിഷമം.

കുഞ്ഞാലിമരയ്ക്കാർക്കന്ന് നാൽപ്പതുവയസ്സാണ്. കണ്ടാൽ ആരും അമ്പരന്നു നോക്കിനിൽക്കും. അത്ര ലക്ഷണമൊത്ത ശരീരമാണ്. അവയവങ്ങളൊക്കെ കടഞ്ഞെടുത്തതുപോലെ. ഉയർന്ന നാസികയും തിളങ്ങുന്ന വലിയ കണ്ണുകളും ആലവട്ടംപോലെ വെടിനിർത്തിയ വട്ടത്താടിയും നിസ്കാരത്തഴമ്പാർന്ന നെറ്റിയും ചേർന്ന് ആ മുഖത്തിന് എന്തെന്നില്ലാത്ത ഗൗരവം നൽകിയിരുന്നു. പച്ചവില്ലീസിന്റെ കുപ്പായവും ചിത്രപ്പണികളുള്ള ഉറുമാൽകൊണ്ടു തലയിക്കെട്ടും ധരിച്ച കപ്പൽത്തട്ടിൽ നിന്ന് അനുയായികൾക്കു കൽപനകൾ നൽകുന്ന കുഞ്ഞാലിമരയ്ക്കാരെ ശത്രുക്കൾ പോലും കൗതുകത്തോടെ ഒന്നു നോക്കിപ്പോകും.

ദിനംപ്രതി കുഞ്ഞാലിമരയ്ക്കാരുടെ ശക്തി വർദ്ധിച്ചു. കീർത്തിയും പരന്നു. അടിക്കടി വിജയങ്ങൾ അനുഗ്രഹിച്ചു. ആർക്കും തലകുനിക്കാത്ത സ്വഭാവമാണ്. ഒരു പരിധിക്കപ്പുറം സാമൂതിരിരാജാവിനെപ്പോലും ബഹുമാനിക്കില്ല. തെറ്റു ചെയ്തവരെ കഠിമായി ശിക്ഷിക്കും. നാട്ടുവാഴിയോ പ്രഭുവോ സാധാരണക്കാരനോ എന്ന ചിന്തയില്ല. മറ്റൊരാളുടെ അഭിപ്രായം സ്വീകരിക്കില്ല. ഒന്നിനെപ്പറ്റിയും വീണ്ടു വിചാരം പതിവില്ല. കേട്ടാൽ കേട്ടതിനുനേരേ ചാടിപ്പുറപ്പെടും. ഈ സ്വഭാവം കുഞ്ഞാലിമരയ്ക്കാർക്ക് പല പ്രബലരായ ശത്രുക്കളെയും സൃഷ്ടിച്ച കൊടുത്തു.

മറ്റുള്ളവരുടെ ഉയർച്ചയിൽ കണ്ണുകടികൊണ്ടും പൊറുത്തുകൂടായ്മകൊണ്ടും വിഷമിക്കുന്നവർ ഏത് കാലത്തും മനുഷ്യരുടെ ഇടയിൽ പിറന്നിട്ടുണ്ട്. അത്തരക്കാർ കുഞ്ഞാലിമരയ്ക്കാരെ നശിപ്പിക്കാൻ ഗൂഢാലോചന നടത്തി. അവർ സാമൂതിരി രാജാവിനെ പറഞ്ഞിളക്കാനാണ് ശ്രമിച്ചത്. ദിവസംപ്രതി ഒന്നോ രണ്ടോ പേർ ഏഷണിയും കൊണ്ട് തിരുമുമ്പിലെത്തും.

“ഈ പറയുന്നതിലൊക്കെ വല്ല അർത്ഥവുമുണ്ടോ?”

ഏഷണിക്കാരോടു രാജാവു ചോദിക്കും. “നമ്മുടെ നാട്ടിനും നാട്ടാർക്കുംവേണ്ടിയാണ് കുഞ്ഞാലി കഷ്ടപ്പെടുന്നത്.”

“അങ്ങനെ കല്പിക്കരുത്.”

“പിന്നെ?”

“തിരുമനസ്സുകൊണ്ടു മൂർഖൻപാമ്പിനാണ് പാലുകൊടുക്കുന്നത്. അവസരം വന്നാൽ അത് കൈവിരലിൽ കൊത്തും.”

“മനസ്സിലായില്ല.”

“തിരുമനസ്സിലെ ആജ്ഞകളൊക്കെ കുഞ്ഞാലിമരയ്ക്കാർ ഇന്നു ലംഘിക്കുകയാണ്.”

“അതുവ്വോ?” നമ്മുടെ ഏതൊക്കെ ആജ്ഞകളാണ് അവൻ ലംഘിച്ചത്? കേൾക്കട്ടെ.”

"ഇവിടുത്തെ മണ്ണിൽ അവനൊരു രാജ്യംതന്നെ സ്ഥാപിക്കും. എന്നിട്ട് ഒരു മാപ്പിളരാജാവായി ഭരിക്കും."

"അസംബന്ധം."

"അങ്ങനെ കൽപിക്കരുത്. വേണ്ട സമയത്ത് അടക്കിനിർത്തിയില്ലെങ്കിൽ വ്യസനിക്കേണ്ടിവരും."

"നാം അവനെ വിളിച്ച ചോദിക്കട്ടെ."

"കൽപിച്ചു ചോദിച്ചാൽ അവൻ ഒന്നും സമ്മതിക്കില്ല. അധികാരങ്ങൾ കുറയ്ക്കുകയാണ് വേണ്ടത്."

"ആലോചിക്കാം."

മഹാരാജാവ് ആലോചിച്ചു. ഒരെത്തും പിടിയും കിട്ടുന്നില്ല. ചാരവലയത്തിൽത്തന്നെ രണ്ടഭിപ്രായമാണ്.

എന്തുവേണം?

വല്ലാത്ത വിഷമമായി. ഏഷണിക്കാർ വിട്ടില്ല. തരംകിട്ടുമ്പോഴൊക്കെ മഹാരാജാവിന്റെ മനസ്സിൽ വിദ്വേഷത്തിന്റെ വിഷം കലർത്താൻശ്രമിച്ചു. കുന്നലക്കോനാതിരിയുടെ മണ്ണിൽ ഒരു മാപ്പിള രാജാവുഭരണം സ്ഥാപിക്കാൻ ഒരുങ്ങുന്നു.

നേരാണോ?

മഹാരാജാവു പലവട്ടം തന്നോടുതന്നെ ആ ചോദ്യം ചോദിച്ചു. ലോകപരിചയവും പ്രായവും കുറവാണ്. മുപ്പതാമത്തെ വയസ്സിൽ തിരുമുടിപ്പട്ടം ചാർത്താനുള്ള ഭാഗ്യമുണ്ടായി. ഒന്നും വ്യവസ്ഥപോലെ പഠിച്ചുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല. രാജ്യകാര്യങ്ങളിൽ വേണ്ടത്ര പിടിപാടായിട്ടില്ല. എല്ലാം ക്രമേണ ശരിപ്പെടുമെന്നു കരുതിയിരിക്കുമ്പോഴാണ് പുതിയൊരു വിപത്തിനെ നേരിടേണ്ടിവന്നത്.

കുഞ്ഞാലിമരയ്ക്കാർ നാട്ടിന്നൊരു ഭീഷണിയായി വളരുന്നു. പാടില്ല. അധികാരം കുറയ്ക്കണം. നാവികപ്പടയുടെ നായകനെന്ന നിലയിൽ സ്വരൂപത്തിനെതിരായി പലതും ചെയ്യാൻ കഴിയും. അതുകൊണ്ടു വളരെ കരുതിയിരിക്കണം. പെട്ടെന്നു മുഷിപ്പിക്കാതെ, എല്ലാം ഒട്ടൊരു നയത്തോടുകൂടി സാധിക്കണം.

ഏഷണിക്കാർ പിന്നെയും വന്നു.

ക്ഷമിച്ചിരിക്കാൻ വയ്യാ. അവർ പറയുന്നതിൽ സത്യമുണ്ടെങ്കിൽ വലിയൊരാപത്താണ് തലയ്ക്കു മുകളിൽ തൂങ്ങിനിൽക്കുന്നത്. ഉടനടി വല്ലതും ചെയ്യണം.

പിന്നെയും ഏഷണിക്കാർ. പുതിയ പുതിയ വിവരങ്ങൾ കേട്ടു.

ക്ഷമിച്ചിരിക്കാൻ വയ്യാ. ഉത്തരവു പുറപ്പെട്ടു.

മഹാരാജാവിന്റെ വ്യക്തമായ നിർദ്ദേശവും കല്പനയുംകിട്ടാതെ കുഞ്ഞാലിമരയ്ക്കാർ കടൽപ്പടയെ ഉപയോഗിക്കാൻ പാടില്ലെന്നായിരുന്നു ഉത്തരവ്.

എടുത്തുചാട്ടക്കാരനായ കുഞ്ഞാലിമരയ്ക്കാർ ആ ഉത്തരവിനെ കാറ്റിൽ പറപ്പിച്ചുകളഞ്ഞു. തന്റെ പരിപൂർണ്ണനിയന്ത്രണത്തിലാണ് കടൽപ്പട. ഇഷ്ടമുള്ള സമയ

ത്തൊക്കെ എങ്ങോട്ടുവേണമെങ്കിലും നയിക്കാനുള്ള അധികാരം തനിക്കുണ്ടെന്നു കുഞ്ഞാലിമരയ്ക്കാർ ഉറപ്പിച്ചു പറഞ്ഞു.

കാര്യം വിഷമത്തിലായി. നാവികസൈന്യത്തിന്റെ അധിപനും മഹാരാജാവും തമ്മിൽ സ്വരച്ചേർച്ചയില്ലാതായി. മാനസികമായി അവരിരുവരും വളരെ അകന്നു.

കാര്യവിവരമുള്ളവർ ഇരുഭാഗത്തും ഉപദേശങ്ങൾനൽകി. ഒന്നും ഫലിച്ചില്ല. അകൽച്ച വർദ്ധിക്കുകയാണ്.

ആയിടയ്ക്കു കുഞ്ഞാലിമരയ്ക്കാർ പുതുപ്പട്ടണത്തിന്നടുത്തുള്ള ഒരു നായർ പ്രമാണിയുമായി പിണങ്ങി. രാവുണ്ണി അടിയോടി എന്നാണ് പേര്. കുലമഹിമയും നല്ല സാമ്പത്തികസ്ഥിതിയുമുള്ള ഒരു തറവാട്ടിലെ കാരണവരായിരുന്നു അടിയോടി. സാമൂതിരിരാജാക്കന്മാരിൽ നിന്നു സ്ഥാനമാനങ്ങൾ കണക്കില്ലാതെ കിട്ടീട്ടുണ്ട്. രാവുണ്ണി അടിയോടിയാണെങ്കിൽ അക്കാലത്ത് നാടുഭരിക്കുന്ന സാമൂതിരിരാജാവിന്റെ പ്രത്യേക സ്നേഹത്തിന് പാത്രവുമായിരുന്നു.

അടിയോടി പറങ്കികളുമായി രഹസ്യവേഴ്ച പുലർത്തുന്നുണ്ടെന്നാണ് കുഞ്ഞാലിമരയ്ക്കാരുടെ ആക്ഷേപം. വടകരത്തുറമുഖത്തു നിന്ന് കുരുമുളകും മറ്റും ഒളിച്ചുകടത്തുന്ന ഒരു ഗൂഢസംഘത്തെ അടിയോടി സഹായിക്കുന്നുണ്ടെന്ന് മരയ്ക്കാർ എങ്ങനെയോ മനസ്സിലാക്കി.

ഒരു ദിവസം ഒളിച്ചുകടത്തുകാരും മരയ്ക്കാരുടെ അനുയായികളും വടകരത്തുറമുഖത്തുവെച്ച് ഏറ്റുമുട്ടി. കുഞ്ഞാലിമരയ്ക്കാരുടെ അനുയായികൾക്ക്, എണ്ണത്തിൽ കുറവായതുകൊണ്ട് രണ്ടുമൂന്നുപേരുടെ ജീവൻ കളഞ്ഞു തോറ്റു പിന്മാറേണ്ടിവന്നു. വിവരം കേട്ട് കുഞ്ഞാലിമരയ്ക്കാർ ക്ഷുഭിതനായി. അന്നു രാത്രിതന്നെ അടിയോടിയോടു പകരം ചോദിക്കാൻ വലിയൊരു സൈന്യത്തെ പറഞ്ഞയച്ചു. കുഞ്ഞുകുട്ടികളടക്കം കണ്ണിൽക്കണ്ടവരെ മുഴുവനും വെട്ടിക്കൊന്ന് തറവാട്ടുവീടിനു തീയും കൊളുത്തിയാണ് പോയവർ തിരിച്ചുവന്നത്.

പിറ്റേന്നു പ്രഭാതത്തിൽ വിവരം കാട്ടുതീപോലെ പരന്നു. സാമൂതിരിരാജാവിനെതിരായി കുഞ്ഞാലിമരയ്ക്കാർ പരസ്യമായി യുദ്ധപ്രഖ്യാപനം നടത്തിക്കഴിഞ്ഞെന്ന് ആ സംഭവത്തെ മുൻനിർത്തി പലരും തീരുമാനിച്ചു. നാട്ടിലുടനീളം സംഘർഷാവസ്ഥ വളർന്നു.

ഈ കാലഘട്ടത്തിലാണ് മത്തായിയാസിനെ മടക്കിവിളിച്ചതും ഫ്രാൻസിസ്കോ ഡി ഗാമയെ പുതിയ വൈസ്രോയിയായി നിയമിച്ചതും. 'ആരെ വേണമെങ്കിലും കൂട്ടുപിടിക്കാം, ആരോടു വേണമെങ്കിലും സന്ധിയാവാം, എവിടെ വേണമെങ്കിലും ബന്ധുത്വത്തിനു ശ്രമിക്കാ'മെന്ന പുതിയ നയം നടപ്പാക്കേണ്ടതു ഫ്രാൻസിസ്കോ ഡി ഗാമയാണ്. അധികാരമേറ്റെടുത്ത ദിവസം വൈസ്രോയി ഗോവയിലെ പ്രഭുക്കന്മാരെയും വ്യാപാരികളെയും കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചു. അതിപ്രധാനമായ ഒരു നിർദ്ദേശം വൈസ്രോയിക്കവരുടെ മുമ്പിൽ സമർപ്പിക്കാനുണ്ടായിരുന്നു. പോർച്ചുഗീസുകാരുടെ ഭാവി കുഞ്ഞാലിമരയ്ക്കാരുടെ അധഃപതനത്തെ ആശ്രയിച്ചാണ് നിൽക്കു

ന്നത്. എന്തു വില കൊടുത്തും കുഞ്ഞാലിമരയ്ക്കാരെ നശിപ്പിക്കാൻ തീരുമാനിച്ചതു കൊണ്ട് പ്രഭുക്കന്മാരും വ്യാപാരികളും ഭരണകൂടത്തെ ഉള്ളഴിഞ്ഞു സഹായിക്കണമെന്ന് വൈസ്രോയി അപേക്ഷിച്ചു.

പത്തു പുതിയ കപ്പലുകൾ യുദ്ധാവശ്യത്തിനുവേണ്ടി സംഭാവന ചെയ്യാമെന്ന് വ്യാപാരികളേറ്റു. പ്രഭുക്കന്മാരും സഹായവാഗ്ദാനങ്ങൾ നൽകി. സന്തോഷഭരിതനായ വൈസ്രോയി നന്ദി പ്രദർശിപ്പിച്ചുകൊണ്ട് കൂടിക്കാഴ്ച അവസാനിപ്പിച്ചു.

യുദ്ധസന്നാഹങ്ങൾക്ക് സൗകര്യം കൊടുക്കാത്തവിധം മരയ്ക്കാർകോട്ടയെ ഉപരോധിച്ചുനിർത്താനുള്ള പരിപാടിയാണ് വൈസ്രോയി പിന്നീട് ആസൂത്രണം ചെയ്തത്. സാമൂതിരിരാജാവും കുഞ്ഞാലിമരയ്ക്കാരുമായുള്ള അസുഖത്തിൽനിന്നു മുതലെടുക്കാനുള്ള പരിശ്രമവും നടന്നു.

തന്റെ ഇളയസഹോദരനെ സർവ്വസൈന്യാധിപനായി നിയമിച്ച് വലിയൊരു കപ്പൽപ്പടയുമായി ഫ്രാൻസിസ്കോ ഡി ഗാമ കോഴിക്കോട്ടേക്കയച്ചു. സാമൂതിരിരാജാവുമായി പുതിയ കൂടിയാലോചനകൾ ആരംഭിക്കാൻ സൈന്യാധിപനെ ചുമതലപ്പെടുത്തി.

ദീർഘകാലത്തെ ഒഴിവിനുശേഷം കോഴിക്കോട്ടു തുറമുഖത്ത് പറങ്കിക്കപ്പലുകൾ പ്രത്യക്ഷപ്പെട്ടു. ഉദ്യോഗസ്ഥൻമാരും ജനങ്ങളും പരിഭ്രമിച്ചു. ഒരു സന്ദേശവാഹകൻ കപ്പലിൽനിന്നു കൊട്ടാരത്തിലെത്തി.

പഴയ അസുഖങ്ങളും കുറ്റങ്ങളും പരസ്പരം മറണക്കണമെന്നും രാജ്യക്ഷേമത്തിന്നുവേണ്ടി പോർച്ചുഗീസ് രാജാവുമായി സാമൂതിരിരാജാവ് മൈത്രീബന്ധത്തിലേർപ്പെടണമെന്നും വൈസ്രോയി ആഗ്രഹിക്കുന്നതായി സന്ദേശവാഹകൻ അറിയിച്ചു. മന്ത്രിസഭയുമായി ആലോചിച്ച് തക്ക മറുപടി നൽകാമെന്ന് സാമൂതിരിരാജാവ് സന്ദേശവാഹകനെ അറിയിച്ചു.

മന്ത്രിസഭ യോഗം ചേർന്നു. പറങ്കികളെ വിശ്വസിക്കാൻ പാടില്ലെന്നു പലരും ഉറപ്പിച്ചുപറഞ്ഞു. ഒരു നൂറ്റാണ്ടോളം നീണ്ടുനിന്ന പക എളുപ്പത്തിൽ തുടച്ചുമാറ്റാൻ കഴിയുമായിരുന്നില്ല. രാജാവിന്റെ മനസ്സ് ആടിക്കളിച്ചു. തന്റെ സാമന്തന്മാരോടും നാടുവാഴികളോടും ധിക്കാരം കാണിക്കുകയും തന്റെ ഉത്തരവുകൾ ലംഘിക്കുകയും ചെയ്യുന്ന കുഞ്ഞാലിമരക്കാരെ ഒരു പാഠം പഠിപ്പിക്കണമെന്നു രാജാവിനു മോഹമുണ്ടായിരുന്നു. അത് അദ്ദേഹം തുറന്നുപറഞ്ഞു. മങ്ങാട്ടച്ചനാണ് അതിനു മറുപടി പറഞ്ഞത്.

"തിരുമേനീ, ഒരു മുള്ളെടുക്കാൻ മറ്റൊരു മുള്ളുവേണമെന്ന് അടിയൻസമ്മതിച്ചു. പക്ഷേ, കാര്യം അത്രമാത്രം വിഷമത്തിലായിട്ടുണ്ടോ?"

"എന്തുകൊണ്ടില്ല?"

"കുഞ്ഞാലി അത്രയ്ക്കജയ്യനാണെന്ന് അടിയൻ വിശ്വസിക്കുന്നില്ല. കൽപിച്ചാൽ ഇന്നുതന്നെ അടിയനവനെ പിടിച്ചുകെട്ടി തൃക്കാൽക്കൽ കൊണ്ടുവന്നു വയ്ക്കാം."

“അവൻ ചെറുത്തുനിന്നാലോ?”

“യുദ്ധം ചെയ്യണം.”

“ഛീ, വഷള്! അവനുമായിട്ടൊരു യുദ്ധം നമ്മുടെ സ്വരൂപത്തിലേക്ക് അപമാനമാണ്. നാം ആലോചിക്കുന്നതല്ല. ഈ പറങ്കികളുണ്ടല്ലോ, അവർക്കു കുഞ്ഞാലിയെ കണ്ണെടുത്തു കണ്ടുകൂടാ. അവരുമായി ഒരു താൽക്കാലിക സന്ധിയുണ്ടാക്കി കുഞ്ഞാലിയെ നശിപ്പിക്കുന്ന കാര്യം അവർക്കുവിട്ടുകൊടുത്താലെന്താ?

മന്ത്രിസഭ ഒന്നിച്ച് ആ അഭിപ്രായത്തെ എതിർത്തു. ഏതു നിലയിലും പറങ്കികളുമായി മൈത്രീബന്ധം സ്ഥാപിച്ചുകൂടെന്നാണ് എല്ലാവരും അഭിപ്രായപ്പെട്ടത്. വ്യക്തമായ തീരുമാനമൊന്നുമെടുക്കാതെ അന്നു യോഗം പിരിഞ്ഞു.

മൂന്നുമാസക്കാലം സൈന്യാധിപൻ കടൽപ്പടയോടുകൂടി കോഴിക്കോട്ടു തുറമുഖത്തു താമസിച്ചു. സാമൂതിരിരാജാവുമായി നിത്യമെന്നോണം സന്ദേശങ്ങൾ കൈമാറി. എന്തുവേണമെന്നു വ്യക്തമായൊരുതീരുമാനമെടുക്കാൻ വിഷമം. ഒരു വശത്തു സന്ധിയാലോചന നടക്കുമ്പോൾ മറുവശത്തു കുഞ്ഞാലിമരയ്ക്കാരുടെ ധിക്കാരത്തിന്റെ കഥകൾ പെരുകിവന്നു.

ഒരു ‘മാപ്പിളരാജ്യം’ സ്ഥാപിക്കാനുള്ള ശ്രമമാണോ? പിന്നെയും പിന്നെയും സാമൂതിരിരാജാവിന്റെ മനസ്സിൽ ആ സന്ദേഹം തേട്ടിക്കൊണ്ടുവന്നു. എത്രകാലം കൈയുംകെട്ടി ഈ ധിക്കാരം നോക്കിക്കൊണ്ടു നിൽക്കും? മന്ത്രിമാരും സൈന്യാധിപന്മാരും എതിർപ്പു പ്രകടിപ്പിച്ചേക്കും. വാക്കിൽ മാത്രം സാരമില്ല. സന്ധിചെയ്യാം. മാന്യമായ സന്ധി. സാമൂതിരിരാജാവു സമ്മതിച്ചു. വിവരം സൈന്യാധിപനെ അറിയിച്ചു.

രണ്ടുകൂട്ടരും യോജിച്ചുകൊണ്ട് കുഞ്ഞാലിമരയ്ക്കാരെ എതിർക്കാം. അതാണ് പറങ്കികളുടെ നിർദ്ദേശം. സ്വീകരിക്കാൻ വിഷമമുണ്ട്. ജനങ്ങളെന്തു പറയും? എന്തു പറഞ്ഞാലും വേണ്ടില്ല. തന്റെ മണ്ണിൽ ഒരു മാപ്പിളരാജാവു ഭരിക്കുന്നതു നോക്കിയിരിക്കാൻ വയ്യാ.

അനുമതി നൽകി.

സൈന്യാധിപൻ സന്തോഷിച്ച് ഗോവയിലേക്കു തിരിച്ചുപോയി. പറങ്കിക്കപ്പലുകൾ കൊച്ചിയിൽ നിന്നും ഗോവയിൽ നിന്നും മരയ്ക്കാർകോട്ടയെ ലക്ഷ്യം വെച്ചു നീങ്ങി. ഉപരോധാവസ്ഥ സൃഷ്ടിക്കുകയാണ്. കടലിൽനിന്നു സഹായങ്ങളൊന്നും കുഞ്ഞാലിമരയ്ക്കാർക്കു കിട്ടരുത്.

സാമൂതിരിരാജാവുമായുള്ള സന്ധി തന്റെ ആദ്യത്തെ വിജയമായി ഫ്രാൻസിസ്കോ ഡി ഗാമ കണക്കിലെടുത്തു. താമസിയാതെ യുദ്ധ പ്രഖ്യാപനം നടത്തി. പതിവുപോലെ പൊതുമാപ്പു നൽകി തടവുകാരെ സൈന്യത്തിൽ ചേർത്തു. ട്രോങ്കോവിന്റെ വാതിൽ തുറന്നുകിടന്നു. ആഹ്ലാദഭരിതരായ ജനങ്ങൾ ആർത്തുവിളിച്ചു തെരുവീഥികളിലൂടെ നടന്നു. എങ്ങും യുദ്ധത്തെപ്പറ്റിയല്ലാതെ സംസാരമില്ല.

തടങ്കൽപ്പാളയത്തിൽ നിന്നു ഫർണാണ്ടസ്സിനെയും കൂട്ടുകാരെയും പുറത്തു കൊണ്ടു വന്നു. അനുഭവിച്ചുകഴിഞ്ഞു. ശിഷ്ടമുള്ള ശിക്ഷാകാലം അവർക്ക് ഇളവുചെയ്തുകൊടുത്തു. പക്ഷേ, ചങ്ങല അഴിച്ചുമാറ്റിയില്ല. അതാണത്ഭുതം. ശിക്ഷാകാലം ഇളവുചെയ്തതിൽ ഫർണാണ്ടസ് സന്തോഷിച്ചില്ല. അടിമത്തം അപ്പോഴും ബാക്കിയാണ്.

കോട്ടപ്പുഴയുടെ പരിസരത്തിൽ പട്ടാളക്കാർക്കും കൂലിക്കാർക്കും താമസിക്കാനുള്ള താവളങ്ങൾ തിരക്കിട്ട് പണി തീരുകയാണ്. കോഴിക്കോട്ടുനിന്ന് ഇരുപതിനായിരം നായർപ്പടയാളികൾ എത്തിച്ചേർന്നിട്ടുണ്ട്. കണക്കിലേറെ ആശാരിമാരും മരംവെട്ടുകാരുമുണ്ട്. കടൽയുദ്ധത്തിനു പുതിയ രീതിയിലുള്ള തോണികളും കപ്പലുകളും പണിയാനാണ് തീർച്ചപ്പെടുത്തിയത്. മരവും കൂലിക്കാരും സാമൂതിരി രാജാവിന്റെ സംഭാവനയാണ്. കപ്പൽനിർമാണത്തിൽ വൈദഗ്ധ്യമുള്ള പറങ്കികളെ ഗോവയിൽ നിന്ന് അയച്ചിട്ടുണ്ട്.

കാട്ടുകളിൽനിന്ന് കുറ്റൻമരങ്ങൾ മുറിഞ്ഞുവീണു. ആനകൾ അതൊക്കെ വലിച്ചു പുഴയിലിട്ടു. കൂലിക്കാർ തുഴഞ്ഞു ജോലിസ്ഥലത്തെത്തിച്ചു. ഈർച്ചക്കാരും ആശാരിമാരും അവിരാമമായി പ്രയത്നിച്ച് പണിത്തരങ്ങൾ നിർമ്മിച്ചു.

ദിവസമെന്നോണം ഗോവയിൽ നിന്ന് കൂലിക്കാരെയുംകൊണ്ട് കപ്പലുകൾ കോട്ടപ്പുഴയിലെത്തി. കാട്ടുപിടിച്ച് വിജനമായിക്കിടന്ന നദീ തീരം ജനനിബിഡമായി.

ഫർണാണ്ടസ്സും സംഘവും ഒരു പാതിരാവിലാണ് അവിടെ കപ്പലിറങ്ങിയത്. ഏതാണ്ടു കുറച്ചൊക്കെ മറ്റുള്ളവർ പറഞ്ഞുകേട്ടും ബാക്കി ഊഹിച്ചും ഫർണാണ്ടസ് കാര്യങ്ങൾ മനസ്സിലാക്കിയിരുന്നു. കുട്ടിക്കാലം മുതൽ ഫർണാണ്ടസ്സിന്റെ ആരാധനാമൂർത്തിയാണ് കുഞ്ഞാലിമരയ്ക്കാർ. വളയക്കടപ്പുറത്തെ തോണിക്കൊമ്പിലിരുന്നു കുഞ്ഞാലിമരയ്ക്കാരുടെ അപദാനങ്ങൾ വലിയവർ കീർത്തിക്കുന്നതു കേട്ട് പലപ്പോഴും അവൻ രോമാഞ്ചംകൊണ്ടിട്ടുണ്ട്. ഒരു ദിവസം കുഞ്ഞാലിമരയ്ക്കാരെപ്പോലെ കടലിലിറങ്ങി പറങ്കികളോടേറ്റുമുട്ടണമെന്ന് അന്നൊക്കെ അവൻ കൊതിച്ചിട്ടുണ്ടായിരുന്നു. ജീവിതത്തിലിന്നോളം കുഞ്ഞാലിമരയ്ക്കാരെ കാണാൻ കഴിഞ്ഞിട്ടില്ല. കാണാൻ വലിയ കൊതിയുണ്ടായിരുന്നു.

ചങ്ങല കലുക്കിക്കൊണ്ട് ഇരുട്ടിലൂടെ കൂട്ടുകാർക്കൊപ്പം നടക്കുമ്പോൾ ഫർണാണ്ടസ് തിരിഞ്ഞു നോക്കി. മരയ്ക്കാർകോട്ട അവിടെയെങ്ങാനുമുണ്ടോ? കടലിൽ താവളമടിച്ചുകൂട്ടിയ പറങ്കിക്കപ്പലുകളെ എന്തുകൊണ്ട് മരയ്ക്കാർ തച്ചുടയ്ക്കുന്നില്ല? കോട്ടയെ നശിപ്പിക്കാൻ ചുറ്റുപുറവും നടക്കുന്ന ഈ സംരംഭങ്ങളൊക്കെ മിണ്ടാതെ നോക്കി നിൽക്കുകയാണോ? ആലോചിച്ചിട്ട് അവനൊരെത്തും പിടിയും കിട്ടുന്നില്ല. സംഭവങ്ങൾ ആകപ്പാടെ തലകിഴക്കാം തൂക്കായി നിൽക്കുന്നു. തന്റെ പൊന്നുതമ്പുരാൻ ഇന്ന് പറങ്കികളുടെ ഭാഗത്താണ്.

എല്ലാവർക്കും ഭ്രാന്താണോ?

രാജ്യത്തിന്റെ ശക്തി ക്ഷയിപ്പിച്ച് പിന്നെയും പിന്നെയും പറങ്കികൾക്കു മുന്നേറാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുന്ന ഈ നടപടികൾ കൈക്കൊള്ളാൻ പൊന്നുതമ്പുരാനെ പ്രേരിപ്പിച്ചതാരായിരിക്കും? ആലോചനയിൽ മുഴുകിയാണ് ഫർണാണ്ടസ് നടക്കുന്നത്. ഒന്നും വ്യക്തമല്ല.

ഒരു കാര്യം ഉറപ്പാണ്. കുഞ്ഞാലിമരയ്ക്കാർ കീഴടങ്ങുകയില്ല. ഒരവസരം കാത്തുനിൽക്കുകയായിരിക്കും. അതു് വന്നുചേരുമ്പോൾ പുലിയെപ്പോലെ പുറത്തുചാടും. എല്ലാം അടിച്ചുടയ്ക്കും. കപ്പലുകൾ കത്തി നശിക്കും. പറങ്കികൾ പേടിച്ചോടും. പൊന്നുതമ്പുരാനും ആൾക്കാരും നാണിച്ചു തല താഴ്ത്തും. ആ കാഴ്ച എന്തൊരു രസമായിരിക്കും! ആ ബഹളത്തിൽ, അന്യോന്യമുള്ള ഏറ്റുമുട്ടലിൽ, എല്ലാ ചങ്ങലകളും പൊട്ടും, പിന്നെ സ്വതന്ത്രനാണ്. അന്ന് ഐദ്രോസ് ചെയ്തപോലെ ചങ്ങലകൊണ്ടടിച്ചുതന്നെ പറങ്കികളെ കൊല്ലാം.

ഫർണാണ്ടസ്സിന്റെ നടത്തം മുറുകി.

— 17 —

# പതിനേഴ്

“കുംഭത്തിൽ മഴ പെയ്താൽ കുന്നൊക്കെ ചോറെ”ന്നാണ് വിശ്വാസം. കുംഭവും മീനവും കഴിഞ്ഞു. മഴ പെയ്തില്ല. ‘ഭരണി’ തണുത്തു ‘കാർത്തിക’ കായണം-അതാണ് ഞാറ്റുവേലക്രമം. ആ ക്രമവും തെറ്റി. ഭരണി ഞാറ്റുവേല തുടങ്ങി ദിവസം നാലഞ്ചായിട്ടും ഒരു മഴ പെയ്യാനുള്ള ലക്ഷണം കൂടി കണ്ടില്ല.

വല്ലാത്ത കാലം.

അമ്പലമുറ്റത്തും അരയാൽത്തറയ്ക്കലും ആളുകൾ തിങ്ങിക്കൂടി. തണുപ്പുകാറ്റിനു കാശ്മീർ കുങ്കുമത്തിന്റെ വീര്യം. ആലില ശിലാഹൃദയംപോലെ ഇളക്കമില്ലാതെ നിന്നു.

“വല്യമ്മാമേ, നിങ്ങളിങ്ങന്യൊരു കാലം കണ്ടിട്ടുണ്ടോ?”

എൺപതു കഴിഞ്ഞ കിഴവന്മാർക്കും ചുറ്റുംകൂടി ചെറുപ്പക്കാർ തിരക്കി.

“എന്റെ വയസ്സിൻ കീഴിൽ കണ്ടിട്ടില്ല, കുട്ട്യോളേ, ഒക്കെ നശിക്കാൻ പൂവ്വാണ്. നശിക്കട്ടെ. രാജാവിനു നേരും നെറിയുമില്ലെങ്കിൽ രാജ്യം നശിക്കും.”

കിഴവന്മാരുടെ മറുപടിയതാണ്. അതിവൃഷ്ടിയും അനാവൃഷ്ടിയും ദുർഭരണത്തിന്റെ ഒഴിച്ചുകൂടാത്ത ഫലങ്ങളാണ്; നാശങ്ങൾ ഇനിയും വന്നുകൊണ്ടിരിക്കും. രാജാവു ധർമമാർഗത്തിൽ നിന്നു വ്യതിചലിച്ചിരിക്കുന്നു.

ജനങ്ങൾ ഭയപ്പെട്ടു. സൈന്യങ്ങൾക്കിടയിൽപ്പോലും അസ്വാസ്ഥ്യം പടർന്നുപിടിച്ചു. സാമൂതിരിപ്പാടു പറങ്കികളോടു സന്ധി ചെയ്തതും കുഞ്ഞാലിമരയ്ക്കാർക്കെതിരെ യുദ്ധസന്നാഹം കൂട്ടിയതും ന്യായീകരിക്കാൻ വയ്യാത്ത നടപടികളായി ജനങ്ങൾ കണക്കാക്കി.

പ്രായക്കൂടുതലും അനുഭവജ്ഞാനവുമില്ലാത്ത രാജാക്കന്മാരുടെ കൈയിൽ ചെങ്കോൽകിട്ടിയാൽ ഇതും ഇതിലപ്പുറവും സംഭവിക്കുമെന്ന് പലരും ഉച്ചത്തിൽ പറഞ്ഞു. മുപ്പതു വയസ്സുമാത്രം പ്രായം ചെന്ന ഒരു യുവാവു തിരുമുടിപട്ടം ചാർത്തുന്നതു സാമൂതിരിരാജവംശത്തിന്റെ ചരിത്രത്തിൽ ഇദംപ്രഥമമാണ്. മൺമറഞ്ഞ

'സാമൂതിരിപ്പാടമ്മാ'ന്മാർ നേടിവെച്ച മഹത്തായ പാരമ്പര്യം പുറംകാൽകൊണ്ടു തട്ടിത്തെറിപ്പിച്ച്, രാജ്യം കൊള്ളയടിക്കാനും വിവരങ്ങൾ ചോർത്തിക്കൊണ്ടുപോവാനും വന്ന പറങ്കികളെ 'വെള്ളയും കരിമ്പടവും' വിരിച്ചു സ്വാഗതം ചെയ്യാൻ വിവേകമുള്ളവരാരും മുതിരുകയില്ലെന്നു മന്ത്രിമാരിൽ ചിലർപോലും അഭിപ്രായപ്പെട്ടു.

ആക്ഷേപങ്ങൾക്കൊന്നും രാജാവു ചെവികൊടുത്തില്ല. തന്റെ തീരുമാനത്തിലദ്ദേഹം ഉറച്ചുനിന്നു. മാനവിക്രമസ്വരൂപത്തെ അപമാനിച്ച കുഞ്ഞാലിമരയ്ക്കാരെ ഒരുപാഠം പഠിപ്പിച്ചേ അടങ്ങൂ എന്നദ്ദേഹം ശപഥം ചെയ്തു.

വെളിയന്നൂർക്കൂട്ടം, തച്ചോളിക്കൂട്ടം, വിയ്യൂർക്കൂട്ടം, മുടാടിക്കൂട്ടമെന്നിങ്ങനെ നാലു കൂട്ടവും, പയ്യനാട് ആറുകാതം നാട്ടും എണ്ണായിരം നായന്മാരും ചേർന്ന് കുറുമ്പ്രനാട് കുഞ്ഞാലിമരയ്ക്കാരുടെ പക്ഷത്താണെന്നു ചാരന്മാർമുഖേന രാജാവു മനസ്സിലാക്കി. നിസ്സാരമാക്കി തള്ളേണ്ട കാര്യമല്ലതു്. കുറുമ്പ്രനാട്ടിലെ എതിർപ്പവസാനിപ്പിക്കാൻ അദ്ദേഹം മാർഗങ്ങളാരാഞ്ഞു. യുദ്ധം കഴിയുന്നതുവരെ തന്റെ സാന്നിദ്ധ്യം കുറുമ്പ്രനാട്ടിലുണ്ടായാൽ കുഴപ്പങ്ങളൊന്നും തലപൊക്കില്ലന്നദ്ദേഹം തീരുമാനിച്ചു. പരിവാരസമേതം രാജാവ് ഇരിങ്ങൽക്കോവിലകത്തേക്കു പുറപ്പെട്ടു.

മേടമാസത്തിലെ മുപ്പട്ടുഞായറാഴ്ച രാജാവും പരിവാരങ്ങളും ഇരിങ്ങൽക്കോവിലകത്തെത്തി. തിങ്കളാഴ്ച രാവിലെ സുപ്രസിദ്ധ ജ്യോത്സ്യനായ അരീക്കര കണാരപ്പണിക്കരെ വരുത്തി സ്വർണ്ണപ്രശ്നം ആരംഭിച്ചു. അതു മൂന്നു ദിവസം നീണ്ടുനിന്നു. ഒട്ടേറെ പ്രമാണങ്ങൾ ചൊല്ലിയും അർത്ഥം പറഞ്ഞു വ്യാഖ്യാനിച്ചും മൂന്നാം ദിവസം കണാരപ്പണിക്കർ ഒരു തീരുമാനത്തിലെത്തി. കുഞ്ഞാലിമരയക്കാരുമായുള്ള യുദ്ധം പരിപൂർണ വിജയത്തിലേ അവസാനിക്കുകയുള്ളൂ. യുദ്ധം ആരംഭിക്കുന്നതു് ബ്രാഹ്മമുഹൂർത്തത്തിലായിരിക്കണം. ചുറ്റും താടിക്കു കൈയും കൊടുത്തു ചടഞ്ഞിരുന്ന പണിക്കന്മാർ അതു കേട്ടു തുരുതുരെ ചോദ്യങ്ങൾ ചോദിച്ചു.

"എന്തുകൊണ്ട് യുദ്ധാരംഭം മദ്ധ്യാഹ്നത്തിലായിക്കൂടാ? ഹിരണ്യകശിപുവിന്റെ വധം നടന്നതു് സന്ധ്യയ്ക്കല്ലേ? യുദ്ധമെന്തുകൊണ്ടു സന്ധ്യയ്ക്കാരംഭിച്ചുകൂടാ? ബ്രാഹ്മമുഹൂർത്തത്തിൽ യുദ്ധമാരംഭിക്കാൻ കഴിയാതെ പോയാൽ പരാജയം പറ്റുമോ?

കണാരപ്പണിക്കരുടെ നേർക്കു നുറുചോദ്യങ്ങൾ ശരംകണക്കു വന്നുവീണു. കുലുങ്ങുന്നവനല്ല കണാരപ്പണിക്കർ. എല്ലാം ശ്രദ്ധിച്ചു കേട്ടു മഹാരാജാവിന്റെ മുഖത്തുനോക്കി വിനയാന്വിതനായി ഒന്നു മന്ദഹസിച്ച്, ഉച്ചിയിൽ മൂന്നിഴ വെള്ളരോമം കഴത്തെടുത്തുനിൽക്കുന്ന തല നാലഞ്ചുവട്ടം പതുക്കെ ഉഴിഞ്ഞു്, കണ്ണടച്ചാലോചിച്ച് കണാരപ്പണിക്കർ ചോദ്യക്കാരുടെ നേർക്കു സമരത്തിനൊരുങ്ങി.

ബ്രാഹ്മമുഹൂർത്തത്തിൽത്തന്നെ യുദ്ധം ആരംഭിക്കണമെന്ന് കണാരപ്പണിക്കർ വാദിച്ചു സ്ഥാപിച്ചു. വിജയത്തിന് അതത്യാവശ്യമാണെന്ന് പ്രമാണങ്ങൾ കുറച്ചൊന്നുമല്ല കണാരപ്പണിക്കർ ചൊല്ലിയതു് എല്ലാവരും സമ്മതിച്ചു. രാജാവും തലകുലുക്കി. നാളും പക്കവും മുഹൂർത്തവും കുറിച്ചു. യുദ്ധപരിശ്രമങ്ങളിലെ ഏറ്റവും ഒടുവിലത്തെ കണ്ണിയും പൂർത്തിയായി.

രാജാവ് ഇരിങ്ങൽക്കോവിലകത്ത് എഴുന്നള്ളിയ വർത്തമാനം കേട്ട, പറങ്കികളുടെ കപ്പിത്താൻ ഒരു കൂടിക്കാഴ്ചയ്ക്കപേക്ഷിച്ചു. കൂട്ടായി പലതും ആലോചിച്ചുറപ്പിക്കേണ്ടതുണ്ട്. രാജാവ് അനുമതി നൽകി.

കപ്പിത്താനെ സ്വീകരിക്കാൻ ഗംഭീരമായ ഒരുക്കങ്ങളാണ് കൂട്ടിയത്. സഭാമന്ദിരം കമനീയമായി അലങ്കരിച്ചു. കുറുമ്പ്രനാട്ടിലെ നാട്ടുവാഴികൾക്കു മുഴുവനും 'നീട്ട്'യച്ചു. എല്ലാവരും വരട്ടെ; കപ്പിത്താനെ സ്വീകരിക്കട്ടെ. വല്ലവരും വൈമുഖ്യം പ്രദർശിപ്പിച്ചുവെങ്കിൽ അവന്റെ കുറ്റകേടറിഞ്ഞു കുറമ്പടക്കിക്കളയാം.

കൂടിക്കാഴ്ചദിവസം പുലർന്നു. രാജാവ് നീരാട്ടുകുളിയും കഴിഞ്ഞ് 'ചമയ' സ്ഥലത്തെഴുന്നള്ളി. അവിടെ എല്ലാം ഒരുക്കി നന്ദാവനത്തിൽ നമ്പി കാത്തുനിൽപുണ്ട്. ചമയം ചാർത്തൽ ആരംഭിച്ചു. വിദേശപ്രതിനിധികളെ സ്വീകരിക്കുമ്പോൾ എല്ലാ ചമയങ്ങളും അണിഞ്ഞു കൊള്ളുണമെന്നാണ്.

ചുവപ്പുകല്ലുവെച്ച വൈരമാല, കാലിന്മേൽ ചാർത്തുന്ന കല്ലുവെച്ച തിരുവാഴി, കല്ലുവെച്ച വീരചങ്ങല, നാലു വലിയ മുത്തുക്കുല, നിലക്കല്ലിന്മേൽ ചുകപ്പും മുത്തും കോർത്ത കടുക്കൻ, കല്ലും മുത്തും കെട്ടിയ കടകം, മുപ്പത്താറു മണിയുള്ള എരക്കുമാല, പൊട്ടുപ്പു കൂടിയ ഉന്മത്തം, പവിഴമാല മണിയുള്ള എലഞ്ഞിപ്പൂമാല, അതിന്മേൽ ആലിലയുടെ രൂപത്തിൽ വൈരംവെച്ച പതക്കം, പതിനാറരപിടിയുള്ള ചക്രമാല, കല്ലുവെച്ച തൂക്കൈവള, വൈരം വെച്ച നാഗപടമുള്ള കടകം, ചക്രവള, ചക്കമുള്ളൻ കൊത്തുവള, ചങ്ങള ഒടഞ്ഞാൺ, ശ്രീരാമ രൂപം കൊത്തിയ തിരുവാഴി എന്നിങ്ങനെ എടുത്താലും കൊടുത്താലും തീരാത്ത ചമയങ്ങൾ ക്രമപ്രകാരം രാജാവിനെ അണിയിച്ചുതീർന്നപ്പോഴേക്കു നന്ദാവനത്തിൽ നമ്പി തളർന്നു. നേരമങ്ങ് അതിക്രമിക്കുകയും ചെയ്തു.

കോവിലകത്തിന്റെ തിരുമുറ്റത്തും പരിസരപ്രദേശത്തും ജനങ്ങൾ തിങ്ങിക്കൂടീട്ടുണ്ട്. നാട്ടുവാഴികളിൽ മിക്കവരും എത്തിച്ചേർന്നിട്ടുണ്ട്. തൊണ്ടീപ്പനം, പോണാരിപ്പടിഞ്ഞാറ്റിടം, കണ്ണോത്ത്, പുത്തലത്ത്, അവിഞ്ഞാട്ട്, കോമത്ത് തുടങ്ങിയ പ്രഭുകുടുംബങ്ങളിലെ വയസ്സുമൂപ്പുള്ള സ്ഥാനികളും വിയ്യൂരുനായർ, നെല്യോട്ടുനായർ, വെങ്ങളത്തു നായർ എന്നിങ്ങനെ പടമുമ്പിൽ ആയുധം ധരിച്ചു നടക്കേണ്ട പടനായകന്മാരും അവരവരുടെ സ്ഥാനങ്ങളിൽ കാലേക്കൂട്ടി വന്നു നിലയുറപ്പിച്ചിട്ടുണ്ട്.

തീപിടിക്കുന്ന മേടപ്പൊരിവെയിലിൽ വിയർത്തു കുളിച്ചാണ് കപ്പിത്താനും സംഘവും വരുന്നത്. കടപ്പുറത്തു കപ്പലിറങ്ങിയ സ്ഥലം തൊട്ട് കോവിലകത്തോളം വഴിയുടെ ഇരുവശത്തും ജനങ്ങൾ തിങ്ങി നിന്നു. കപ്പിത്താനെയും സംഘത്തെയും അഭിവാദ്യം ചെയ്യുണമെന്ന് രാജാവ് കൽപിച്ചിരുന്നു. അഭിവാദ്യത്തിന്റെ മുഴക്കം ചമഞ്ഞൊരുങ്ങുന്ന രാജാവിന്റെ ചെവിയിലോളമെത്തി. അദ്ദേഹം സന്തോഷിച്ചു. തനിക്കെതിരായി കുറുമ്പ്രനാട്ടിൽ ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്നു സമാധാനിച്ചു.

ആചാരവെടി തുടരെത്തുടരെ മുഴങ്ങിയപ്പോൾ രാജാവും നാടുവാഴികളും മുറ്റത്തിറങ്ങി കോവിലകത്തിന്റെ പ്രധാനഗോപുരദ്വാരത്തിലേക്കു നീങ്ങി, കപ്പിത്താനെ സ്വീകരിക്കാൻ.

ഓദ്യോഗികവേഷത്തിലുള്ള ഒരു പറങ്കികപ്പിത്താനെ അതുവരെ രാജാവു കണ്ടിട്ടില്ല. ചുവന്ന കാൽസരായിയും നീലിച്ച മേലങ്കിയുമണിഞ്ഞ്, ഇരുവശത്തും ചിറകു വിരിച്ചുനിൽക്കുന്ന കിളിയെപ്പോലുള്ള ഒരു തൊപ്പിയും വെച്ച് കാഴ്ചയിൽ നാൽപത്തഞ്ചിനു മേലെ പ്രായം തോന്നിക്കുന്ന, ജോ ഡിസിൽവെ എല്ലാവർക്കും മുമ്പിൽ നടന്നിരുന്നു. ആ വേഷവും നടപ്പും നിറവുമെല്ലാം രാജാവ് അമ്പരപ്പോടെ നോക്കിനിന്നു.

വലിയ തേവാരി പൊൻകിണ്ടിയിൽ തീർത്ഥജലമെടുത്തു തളിച്ചു കപ്പിത്താനെയും കൂട്ടുകാരെയും പുണ്യാഹം കഴിച്ച് ശുദ്ധീകരിച്ചപ്പോൾ രാജാവു രണ്ടടി മുന്നോട്ടു നീങ്ങി. അടിമുടി നവരത്നഖചിതങ്ങളായ മാലകളും വളകളും മോതിരങ്ങളും മറ്റുമണിഞ്ഞ് അർദ്ധനഗ്നനായി തന്നെ സമീപിക്കുന്ന രാജാവിനെ അല്പമൊരു പരിഹാസച്ചിരിയോടുകൂടിയേ കപ്പിത്താനു നോക്കിക്കാണാൻ കഴിഞ്ഞുള്ളൂ.

രാജാവും കപ്പിത്താനും ആദ്യത്തെ ചടങ്ങെന്ന നിലയിൽ കെട്ടിപ്പിടിച്ചാശ്ലേഷിച്ചു. പിന്നീടു കൈയും കൈയും പിടിച്ചു സഭാമന്ദിരത്തിലേക്കു നടന്നു. മണ്ഡപത്തിൽ അലങ്കരിച്ചൊരുക്കിയ രണ്ടു ഭദ്രാസനങ്ങളിലായി അവർ തൊട്ടുതൊട്ടിരുന്നു. ഉദ്യോഗസ്ഥപ്രമുഖരും നാടുവാഴികളും അവരവർക്കു നിർദേശിച്ച സ്ഥാനങ്ങൾ സ്വീകരിച്ചു.

ദ്വിഭാഷിമുഖേന രാജാവും കപ്പിത്താനും കുശലപ്രശ്നങ്ങൾ കൈമാറി; തുടർന്നു കാഴ്ചദ്രവ്യങ്ങളും. പോർച്ചുഗലിലെ രാജാവിന്റെ ആരോഗ്യസ്ഥിതിയെപ്പറ്റി ഉത്കണ്ഠാപൂർവ്വം സാമൂതിരിരാജാവും ചില ചോദ്യങ്ങൾ ചോദിച്ചു. വാക്കിനുവാക്കിനു നന്ദി പ്രദർശിപ്പിച്ചുകൊണ്ടു കപ്പിത്താൻ ഉചിതമായ മറുപടി പറഞ്ഞു.

യുദ്ധത്തിന്റെ വിജയകരമായ പരിസമാപ്തിക്കുവേണ്ടി എന്തൊക്കെ പ്രവർത്തിക്കണമെന്ന വിഷയത്തെക്കുറിച്ചായി പിന്നീടു സംസാരം. കടൽവഴി കുഞ്ഞാലിമരയ്ക്കാർക്കും സഹായങ്ങളെത്തിച്ചേരാനുള്ള സാദ്ധ്യതകൾ കുറഞ്ഞിരിക്കുന്നു. കോട്ടമുഖത്തുതന്നെ കാവൽപട്ടികളെപ്പോലെ പറങ്കിപ്പടക്കപ്പലുകൾ നിലയുറപ്പിച്ചിട്ടുണ്ട്. കരമാർഗ്ഗമാണ് സൂക്ഷിക്കേണ്ടത്. ഉപരോധത്തിന് ശക്തികൂട്ടണം. വെടിക്കോപ്പുകളും ആയുധങ്ങളും ഭക്ഷ്യസാധനങ്ങളും കോട്ടയിലേക്കു കടത്തിക്കൊണ്ടുപോകാൻ അനുവദിക്കരുത്. എല്ലാം തടഞ്ഞു വെക്കണം.

"പട്ടിണികിടക്കുമ്പോൾ കുറുമ്പു താനേ അവസാനിക്കും, ഇല്ലേ?" രാജാവു ചിരിച്ചുകൊണ്ടു ചോദിച്ചു. ദ്വിഭാഷി പരിഭാഷപ്പെടുത്തി കേട്ടപ്പോൾ കപ്പിത്താനും ചിരിച്ചു. പുതിയ യുദ്ധതന്ത്രത്തിന്റെ എല്ലാ വശങ്ങളും കപ്പിത്താൻ രാജാവിനു വിവരിച്ചുകൊടുത്തു. എല്ലാം "ക്ഷ" പിടിച്ചു രാജാവിന്.

കൂടിക്കാഴ്ചയിലെ പ്രധാനഭാഗമായ അഭിമുഖ സംഭാഷണം അവസാനിച്ചപ്പോൾ, കപ്പിത്താനെ ഇരുത്തിക്കൊണ്ടുതന്നെ സഭാവാസികളോടു രാജാവു സംസാരിച്ചു.

"നാം കുറുമ്പ്രനാട്ടിലെ ജനങ്ങളോടാലോചിക്കാതെയാണ് കുഞ്ഞാലിയോടു യുദ്ധം പ്രഖ്യാപിച്ചത്. ഇക്കാര്യത്തിൽ നമ്മെ സഹായിക്കാനുള്ള ദയയും സന്മനസ്സും കാണിച്ച പറങ്കികളോടു നാം എന്നും നന്ദിയുള്ളവനായിരിക്കും."

"ഒരു മുസൽമാൻ നമ്മുടെ സ്വരൂപത്തെ ധിക്കരിക്കുകയെന്നതു കൈയും കെട്ടി നോക്കിയിരിക്കാൻ നമുക്കു വയ്യാ. കുഞ്ഞാലിയുടെ പൂർവ്വികന്മാരും നമ്മുടെ പൂർവ്വികന്മാരും വളരെ മൈത്രിയിലായിരുന്നു. അതു നാം സ്മരിക്കുന്നുണ്ട്. പക്ഷേ, സൂചി പൊന്നുകൊണ്ടായാലും കണ്ണിൽ തട്ടിയാൽ മുറിയും."

"ഈ കുഞ്ഞാലി ധിക്കാരിയാണ്. ഇവിടെ നമ്മുടെ നാട്ടിൽ ഒരു മാപ്പിളനാടുണ്ടാക്കാൻ അവനുദ്ദേശ്യമുണ്ട്. നമ്മെ അടിക്കടി അവൻ ധിക്കരിച്ചു. നമ്മുടെ നാടുവാഴികളെ ദ്രോഹിച്ചു. സർവ്വോപരി നമ്മുടെ അമ്പാരിയെഴുന്നള്ളിക്കുന്ന കൊമ്പനാനയുടെ വാൽ അവൻ ഛേദിച്ചുകളഞ്ഞു. നമ്മെ അപമാനിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നടപടിമാത്രമാണത്. നാമിതു കണ്ടുകൊണ്ടു മിണ്ടാതെ നിൽക്കണോ? അതോ അവനെ ശിക്ഷിച്ചൊതുക്കണോ?"

ഗൗരവമേറിയ രണ്ടു ചോദ്യം സഭാവാസികളുടെ മുഖത്ത് എറിഞ്ഞുകൊടുത്ത് തെല്ലിട രാജാവു മിണ്ടാതിരുന്നു. പ്രതികരണമെന്തെന്നു ശ്രദ്ധിക്കുകയാണ്. സഭാവാസികൾ നിശ്ശബ്ദരായിരുന്നു കേൾക്കുകയാണ്. മുഖഭാവംകൊണ്ട് ഒന്നും തിരിച്ചറിയാൻ വയ്യാ.

"വളരെ ചിന്തിച്ചാണ് നാം ഈ തീരുമാനമെടുത്തത്." രാജാവു തുടർന്നു: "നമ്മുടെ കപ്പിത്താന്മാരെന്ന നിലയിൽ മരക്കാർ കുടുംബം മാനവിക്രമസ്വരൂപത്തെ ആത്മാർത്ഥമായി സേവിച്ചിട്ടുണ്ടെന്നു നാം പറഞ്ഞുകേട്ടിട്ടുണ്ട്. നമ്മുടെ ഗ്രന്ഥവരിയിൽ പലതും പണ്ടുള്ളവർ എഴുതിവെച്ചിട്ടുമുണ്ട്. അതുകൊണ്ടുമാത്രം ഈ ധിക്കാരം സഹിക്കുക സാധ്യമാണോ? ഒരിക്കലുമല്ല ക്ഷമിക്കേണ്ടത്ര നാം ക്ഷമിച്ചു. ഇനി ഇതു വയ്യാ. നാം ഒരു സാഹസത്തിനാണ് മുതിർന്നതെങ്കിൽ നമ്മുടെ പ്രജകൾക്ക് അതിലും നമ്മെ സഹായിക്കേണ്ട ചുമതലയുണ്ട്. ഇതു നമ്മുടെ മാത്രം കാര്യമല്ല. നമ്മുടെ സ്വരൂപത്തിന്റെ കൂടി കാര്യമാണ്. അതുകൊണ്ട് അറിഞ്ഞോ അറിയാതെയോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ കുഞ്ഞാലിക്കനുകൂലമായ വല്ല നടപടിയും നമ്മുടെ നാട്ടിലുണ്ടായാൽ ഒട്ടും ദയാദാക്ഷിണ്യം കാണിക്കാതെ ശക്തിയുപയോഗിച്ചുതന്നെ നാം അത് അടിച്ചമർത്തുന്നതായിരിക്കും."

ദ്വിഭാഷി പതുക്കെപ്പതുക്കെ എല്ലാം കപ്പിത്താനു പരിഭാഷപ്പെടുത്തിക്കൊടുക്കുന്നുണ്ടായിരുന്നു. ഒടുവിലത്തെ ഭാഗം കേട്ടപ്പോൾ കപ്പിത്താൻ രാജാവിനെ അഭിനന്ദിച്ചുകൊണ്ടു തലകുലുക്കി.

എല്ലാം കഴിഞ്ഞു യുദ്ധത്തിന്റെ നാളും പക്കവും മുഹൂർത്തവും കുറിച്ച ഓല കപ്പിത്താനെ ഏൽപിച്ച് അനന്തരനടപടികൾക്കുവേണ്ട ഒത്താശകളും ചെയ്തു സഭ പിരിഞ്ഞപ്പോൾ ജനങ്ങളുടെ മനസ്സിൽ വലിയൊരു സംശയം ഉയർന്നുവന്നു;

"ഒരു മുള്ളെടുക്കാൻ മറ്റൊരു മുള്ള് ഉപയോഗിക്കുന്നു. രണ്ടിനും വേദനിപ്പിക്കാനുള്ള ശക്തിയില്ലേ?"

ചുറ്റുപാടും നടക്കുന്ന യുദ്ധകോലാഹലങ്ങളുടെ തിരയടിയിൽ ഒട്ടും കുലുങ്ങാതെ, വെള്ള്യാൻകല്ലിന്റെ അചഞ്ചലതയോടെ മരയ്ക്കാർകോട്ട പുഴവെള്ളത്തിൽ പ്രതിബിംബം ചേർത്തുകൊണ്ടുനിന്നു. അതിനകത്തും പുതുപ്പട്ടണത്തും എന്തു നടക്കുന്നുവെന്നു പുറമേയുള്ളവർക്കറിഞ്ഞുകൂടാ. പട്ടണത്തിന്റെ ഗോപുരദ്വാരങ്ങൾ അടച്ചു പൂട്ടീട്ടു ദിവസങ്ങൾ കഴിഞ്ഞു. പുറമേയുള്ള ലോകവുമായി എല്ലാ ബന്ധങ്ങളും അറ്റു പോയിരിക്കുന്നു. എങ്കിലും പറങ്കികൾ പൊട്ടാനടുത്ത ഒരഗ്നിപർവ്വതമെന്ന നിലയ്ക്ക് അതിനെ വീക്ഷിച്ചു.

കോട്ടപ്പുഴയുടെ തീരപ്രദേശത്തു കോഴിക്കോട്ടു നിന്നു വന്ന ആശാരിമാരും കൊല്ലന്മാരും ഗോവയിൽ നിന്നു വന്ന തടവുകാരായ കൂലിക്കാരും ഒത്തൊരുമിച്ച് രാപ്പകലില്ലാതെ ജോലി ചെയ്യുകയാണ്. ചെറുതും വലുതുമായ ധാരാളം തോണികൾ പണിതീർന്നു. കൂറ്റൻ പടക്കപ്പലുകൾ വിദഗ്ധരായ പറങ്കികളുടെ മേൽനോട്ടത്തിൽ രൂപം കൊണ്ടുവരുന്നു. അറക്കലും മുറിക്കലും തട്ടലും മുട്ടലും വളരെ ദൂരത്തോളം കേൾക്കാം.

ജനിച്ച നാട്ടിലെ പച്ചക്കാടുകളും പൂഴിപ്പരപ്പും തഴുകി വരുന്ന കാറ്റ് ദിനംപ്രതി ഫർണാണ്ടസ്സിന്റെ ഉള്ളിൽ ജീവചൈതന്യം പകർന്നു കൊടുത്തു. പഴയ നിരാശതാബോധം മിക്കവാറും വിട്ടുമാറി. രക്ഷപ്പെടാനുള്ള മോഹം ശക്തിമത്തായ നിലയിൽ അവനെ കീഴടക്കി. ജോലി ചെയ്യുമ്പോഴും വിശ്രമിക്കുമ്പോഴും ഒരു വിചാരമേയുള്ളൂ:

"രക്ഷപ്പെടണം."

ചങ്ങലകൾ പൊട്ടിച്ചാൽ ഓടിപ്പോവാം. അതെങ്ങനെ പൊട്ടിക്കുമെന്നായി വിചാരം. ജോലിത്തിരക്കിൽ കൊല്ലന്മാരുടെ കൈയിൽ നിന്നു വലിയ ഒരു അരം അവൻ മോഷ്ടിച്ചെടുത്ത് കിടക്കുന്നതിനടുത്തു മണ്ണുമാന്തി ഒളിപ്പിച്ചു. രാത്രി എല്ലാവരും ഉറങ്ങുമ്പോൾ ചങ്ങല രാവി മുറിക്കാം. ഓടി രക്ഷപ്പെടാം.

കാവൽനിൽക്കുന്ന പറങ്കിപ്പട്ടാളക്കാർ ഉറങ്ങുന്നില്ല. അതാണ് കുഴപ്പം. ഇടയ്ക്കിടെ കാവൽക്കാർ മാറിവരുന്നതുകൊണ്ട് അവർ എങ്ങനെയെങ്കിലും ഉറങ്ങിപ്പോവുമെന്നു കരുതാനും വയ്യാ.

ദൈവം പ്രസാദിച്ചാലും ശാന്തി പ്രസാദിക്കുന്നില്ലല്ലോ.

കാത്തിരുന്നു. ഏന്തിയാൽ എടുക്കാവുന്ന സ്ഥലത്ത് അരമുണ്ട്. ഒരു രാത്രി കാവൽക്കാരടക്കം എല്ലാവരും മതികെട്ടുറങ്ങും. അന്ന് അരം ശക്തിപൂർവ്വം പ്രവർത്തിക്കും. അടിമത്തത്തിന്റെ ചങ്ങലയെ അതു കാർന്നുതിന്നും.

കാവൽക്കാരെന്നല്ല ആരും ഉറങ്ങിയില്ല. പകൽ മുഴുവൻ അദ്ധ്വാനിച്ചു പണിയെടുത്തവർകൂടി രാത്രി ഉറക്കമിളച്ചിരുന്നു വീശി. അത്ര കഠിനമായ ഉഷ്ണമുണ്ടായിരുന്നു. പുഴക്കരെ കിടന്നിട്ടുകൂടി ചട്ടിയിലിട്ടു വറക്കുന്ന അനുഭവം. മഴ പെയ്യുന്നില്ല.

രക്ഷപ്പെടാനുള്ള ആഗ്രഹത്തെ ചവുട്ടിയമർത്തിക്കൊണ്ടു പ്രതിബന്ധങ്ങൾ പലതും പുതുതായെത്തുന്നു.

രക്ഷപ്പെടാൻ കഴിഞ്ഞാൽ എന്തു ചെയ്യണമെന്ന കാര്യത്തെക്കുറിച്ച് ഒരു ദിവസം കിടക്കുമ്പോൾ ഫർണാണ്ടസ് ആലോചിച്ചു.

നേരെ വളയക്കടപ്പുറത്തു ചെല്ലണം. കുറച്ചേ ദൂരമുള്ളു. ഉടനെ മറിച്ചാലോചിച്ചു. തന്നെ കാത്തിരിക്കുന്നവരാരും അവിടെയില്ലെങ്കിലോ? അമ്മയും അച്ഛനും ഇന്ന് ഓർമയിലെങ്കിലും ജീവിക്കുന്നുണ്ട്? അതു മതി. പാഞ്ചാലിയില്ലാത്ത വളയക്കടപ്പുറം ചുടുകാടാണ്. അവിടെ പോകാൻ വയ്യാ.

പിന്നെ എങ്ങട്ടു പോകും? എവിടെയും പോകാനില്ലാത്തവൻ രക്ഷപ്പെടാൻ കൊതിച്ചിട്ടെന്താണ്? പെട്ടെന്നു പുതിയൊരാശയം കിട്ടി.

കുഞ്ഞാലിമരയ്ക്കാരെ ചെന്നു കണ്ടാലെന്താ? സാധിച്ചെങ്കിൽ മരയ്ക്കാരോടൊപ്പം നിന്നു പറങ്കികളോടു സമരം ചെയ്യാം. രസമുള്ള കാര്യം.

കാവൽക്കാർ എഴുന്നേൽക്കുന്നു. അവൻ ചരിഞ്ഞു കിടന്നു നോക്കി. പുതിയ കാവൽക്കാർ വരുന്നുണ്ട്. പിന്നെയും ആലോചിച്ചു.

തീർച്ചയായും കുഞ്ഞാലിമരയ്ക്കാരെ കാണണം. കോട്ടയും പട്ടണവും അടച്ചുപൂട്ടിയെന്നാണ് കേട്ടത്. എങ്ങനെ കുഞ്ഞാലിമരയ്ക്കാരുടെ മുമ്പിലെത്തും? രക്ഷപ്പെടാൻ കഴിഞ്ഞാൽ അതിനുമൊരു വഴികാണും. ആദ്യം രക്ഷപ്പെടണം. പതുക്കെ കൈ നീട്ടി മണ്ണു മാന്തി നോക്കി. അരം അവിടെത്തന്നെയുണ്ട്. അങ്ങനെയവിടെ കിടക്കട്ടെ.

പുതിയ കാവൽക്കാർ എന്തോ കുശുകുശുക്കുന്നു. വ്യക്തമായി കേൾക്കാൻ വയ്യാ. എന്തായിരിക്കും പറയുന്നത്? ഫർണാണ്ടസ് ശബ്ദമുണ്ടാക്കാതെ നിരങ്ങി. മറ്റൊന്നും ചെയ്യാനില്ലാത്തതുകൊണ്ട് ആ പ്രവൃത്തിയിലൊരു രസം തോന്നി. കുറച്ചുകൂടി നിരങ്ങിച്ചെന്നു കിടന്നാൽ കാവൽക്കാർ പറയുന്നതു കേൾക്കാം. പിന്നെയും നിരങ്ങി.

എന്താണ് പറയുന്നത്?

ആക്രമണം തുടങ്ങുന്ന ദിവസം ഏതെന്നു കേട്ടു. സമയവും മനസ്സിലായി. ഏഴര വെളുപ്പിനാണത്രേ. നാലുഭാഗത്തുനിന്നും കോട്ട ആക്രമിക്കും. ആക്രമണത്തിനുള്ള സൂചന നൽകുന്നത് ഇരിങ്ങൽപാറയുടെ ഉച്ചിയിൽ നിന്നാവും. അവിടെ നിൽക്കുന്നവർ ഏഴരവെളുപ്പിനു പന്തങ്ങൾ കത്തിച്ചുയർത്തും അതു കടലിലുള്ളവർ കാണും. കോട്ടയ്ക്കു വടക്കു പുഴയക്കക്കരെ ഒരുങ്ങിനിൽക്കുന്നവർ കാണും. കിഴക്കും തെക്കുമുള്ളവർ കാണും. വെളിച്ചം കണ്ടാൽ ഉടനെ മുന്നേറുകയാണ്. നാലുദാഗത്തുനിന്നും.

കാവൽക്കാരുടെ വായിൽനിന്നു വീണ ഓരോ അക്ഷരവും ഫർണാണ്ടസ് ശ്രദ്ധിച്ചു മനസ്സിലാക്കി. മനസ്സിനു വല്ലാത്ത അസ്വാസ്ഥ്യം. കുഞ്ഞാലിമരയ്ക്കാർ തോൽക്കുന്നതവനിഷ്ടമല്ല. മരയ്ക്കാർ പറങ്കികളുടെ പരമശത്രുവാണ്. അയാൾ തോറ്റാൽ രാജ്യം നശിക്കും. ജനങ്ങൾ നശിക്കും. ഒരു തടവുമില്ലാതെ പറങ്കികൾ പെണ്ണുങ്ങ

ളെ പിടിച്ചു കൊണ്ടുപോകും. അതു വയ്യാ. ആലോചിക്കുംതോറും ഉഷ്ണം വർദ്ധിക്കുകയാണ്.

ഇരുട്ടിനു കട്ടികൂടുന്നു. ആകാശത്തിൽ നക്ഷത്രങ്ങളുമില്ലേ? അവൻ നോക്കി. മൂടിക്കെട്ടി നിൽക്കുകയാണ്. ഉഷ്ണം കൂടുതലാവാനുള്ള കാരണം അതാണ്. ഉള്ളും പുറവും നീറുന്നു. നീറി നീറി ഒന്നു മയങ്ങിപ്പോയി.

ഒരു മുഴക്കം കേട്ടാണ് ഞെട്ടിയുണർന്നത്. പീരങ്കിവെടിയാണോ? പിന്നെയും മുഴക്കം കേട്ടു. ആകാശത്തിന്റെ തെക്കുകിഴക്കേ കോണിൽ പൊൻചൂരൽ പ്രയോഗം കണ്ടു. ഇടിയാണ്. മഴ പെയ്യുമോ?

ആ ചോദ്യം പുഴക്കരയിലെ വലിയൊരു പോക്കാച്ചിത്തവളയും വിളിച്ചു ചോദിച്ചു: "ഭ്രേം?"

"ഭ്രേം ഭ്രേം!" മറ്റൊരു തവള രണ്ടു തവണ ചോദിച്ചു. ചോദ്യക്കാരുടെ എണ്ണവും ചോദ്യവും കൂടുകയാണ്. പുഴയ്ക്കരെനിന്നും പൂഴിയിൽനിന്നും തവളകളുടെ ചോദ്യമുയർന്നു. എന്തൊരു ബഹളം!

സമയമെന്തായെന്നൊരു പിടിയുമില്ല. തവളകളുടെ ശല്യമാണെങ്കിൽ നിമിഷംപ്രതി വർദ്ധിക്കുന്നു. ആ ശബ്ദം കേട്ടാൽ ആയുഷ്കാലം മുഴുവൻ ഉറക്കം വരില്ല. അത്ര ഭയങ്കരമാണ്. വല്ലതും ആലോചിക്കാമെന്നുവെച്ചാൽ തലച്ചോറിലും അതിന്റെ മുഴക്കമുണ്ട്.

"ഭ്രേം ഭ്രേം!"

കാവൽക്കാർ ചെവിട്ടിൽ വിരൽ തള്ളിയിരിക്കുകയാണ്. ഫർണാണ്ടസ് ശവംപോലെ മലർന്നടിച്ചു കിടന്നു. ആ ശബ്ദം എന്തുപോലെയുണ്ടെന്നാലോചിച്ചു. ഏറ്റവും വലിയതു ചിരട്ട പാറപ്പുറത്തുരയ്ക്കുംപോലെ. മറ്റു ചിലതു വള്ളത്തണ്ടു ചൂടിക്കെട്ടിൽ മുറുക്കി ഉരയുംപോലെ. വേറെ ചിലത് ഇരുമ്പുപലകയിൽ അരംവെച്ചു രാവുംപോലെ.

"രാവുംപോലെ?... രാവും പോലെ?" പുതിയൊരു മാർഗം തെളിഞ്ഞുവരികയാണ്.

ഫർണാണ്ടസ്സിന്റെ കൈ മണ്ണിലേക്കു നീങ്ങി. അരം തപ്പിയെടുത്തു. അതിന്റെ പിടി കൈയിലൊതുങ്ങി. കാവൽക്കാരെ അവനൊന്നു നോക്കി. എതിർവശത്തേക്കു ചരിഞ്ഞുകിടന്നു. ഒട്ടും സംശയം ജനിക്കാത്ത നിലയിൽ മോചനത്തിനുള്ള പ്രയത്നം ആരംഭിച്ചു.

നേരമെന്തായി? പുലരുന്നതിനു മുമ്പു ചങ്ങല അറുത്തുരക്ഷപ്പെടാൻ കഴിയുമോ? ഇല്ലെങ്കിൽ കുഴപ്പമാവും. അവൻ ചങ്ങലയിൽ അവിടവിടെ കുറേശ്ശെ രാവിവെച്ചു. തവളകൾ അനുഗ്രഹിക്കാൻ തന്നെ ഒരുങ്ങിപ്പുറപ്പെട്ടതാണ്.

നേരം പുലർന്നതു മഴയോടുകൂടിയാണ്. ഭയങ്കര മഴ. അന്നു ജോലി വേണ്ടെന്നുവച്ചു. എല്ലാവരും 'ജാഗ'കളിൽ ഒതുങ്ങിക്കൂടുകയാണ്. ഫർണാണ്ടസ് ഇടയ്ക്കിടെ

ആരും കാണാതെ ചങ്ങലയിലേക്കു നോക്കും. ജോലി നിസ്സാരമായിരുന്നില്ല. ഒരു രാത്രി കൂടി കിട്ടിയാൽ എല്ലാം ശരിപ്പെടും.

ഉച്ചതിരിഞ്ഞപ്പോൾ മഴ ശമിച്ചു. പക്ഷേ, ആകാശത്തിന്റെ കനം വിട്ടില്ല. സന്ധ്യയായപ്പോൾ തവളകൾ പിന്നെയും വാദ്യഘോഷം ആരംഭിച്ചു. ഭാഗ്യം!

സമയത്തെപ്പറ്റി വ്യക്തമായ ബോധം വെച്ചുകൊണ്ടാണ് ഫർണാണ്ടസ് അന്നു ജോലി ആരംഭിച്ചത്. നല്ല തണുപ്പുള്ളതുകൊണ്ട് എല്ലാവരും നേരത്തെ കിടന്നുറങ്ങി. കാവൽക്കാർപോലും ഉറക്കം തൂങ്ങിക്കൊണ്ടിരുന്നു.

അവസാനത്തെ കണ്ണി അറ്റുവീണപ്പോൾ നേരം പാതിര കഴിഞ്ഞു. എന്തൊരാശ്വാസം! അവൻ പതുക്കെ കൈകാലുകൾ കുടഞ്ഞു. അവയവങ്ങൾ ചലിപ്പിക്കേണ്ടവിധം മറന്നുപോയിട്ടില്ല. അടുത്ത നടപടിയെക്കുറിച്ചായി പിന്നെ വിചാരം. പുറത്തു കടക്കണം. കാവൽക്കാരുടെ കണ്ണിൽപൊടിയിടണം. "ജാഗസ്റ്റകത്തു മങ്ങിയ വെളിച്ചമുണ്ട്. എഴുന്നേറ്റാൽ കാണും. വിളക്ക് അകലത്താണ്. അതെടുത്തു മാറ്റണമെങ്കിൽ കുറെയധികം നടക്കണം.

ഒരു വഴിയേയുള്ളു: കാവൽക്കാരുടെ കഥ കഴിക്കണം. അവൻ പതുക്കെ നിരങ്ങി. കാവൽക്കാർ ശ്രദ്ധിക്കുന്നുണ്ടോ? ഇല്ല. ഒരുത്തൻ തല കാൽമുട്ടുകളിൽ ചേർത്തുവെച്ചു കമിഴ്ന്നിരുന്ന് ഉറങ്ങുകയാണ്. മറ്റവൻ അല്പം പിറകോട്ടു ചാരിയിരിപ്പുണ്ട്. അവനും ഉറക്കമാണ്. നിരങ്ങി ചാരിയിരിക്കുന്നവന്റെ പിറകിലെത്തി. ശബ്ദമുണ്ടാക്കാതെ കാൽമുട്ടുകൾ നിലത്തൂന്നി ശരീരമുയർത്തി നിന്നു. ഒരു കൈ പതുക്കെ മുമ്പോട്ടുനീങ്ങി. കാവൽക്കാരന്റെ കഴുത്തു കൈത്തണ്ടയ്ക്കിടയിലാക്കി നെഞ്ചോടടുപ്പിച്ചമർത്തി. ഒന്നു പിടയാനും നിലവിളിക്കാനും ഇടകൊടുക്കാതെ കൈത്തണ്ട ബലമായി കഴുത്തിലമർത്തിയമർത്തി അവന്റെ കഥകഴിച്ചു. മറ്റവൻ തല പൊക്കുന്നതു സൂക്ഷിക്കണം. ഒന്നും സംഭവിച്ചില്ല. പിണമായിക്കഴിഞ്ഞ കാവൽക്കാരനെ പതുക്കെ തറയിൽ കിടത്തി. അവന്റെ വെണ്മഴു കരസ്ഥമാക്കി. പിന്നെ താമസമുണ്ടായില്ല. വെണ്മഴു അറ്റം തിരിച്ചുപിടിച്ചു കുനിഞ്ഞിരിക്കുന്ന കാവൽക്കാരന്റെ തല ലക്ഷ്യംവെച്ചു നല്ല ഒരിടി കൊടുത്തുകഴിഞ്ഞു. ഒന്നു പിടയാൻപോലും സൗകര്യം കൊടുത്തില്ല.

വർഷങ്ങൾക്കു ശേഷം മനുഷ്യനെപ്പോലെ നെഞ്ചുയർത്തി. കൈകൾ വീശി, കാലുകൾ വലിച്ചുവെച്ചു നടന്നു. ഉറങ്ങിക്കിടക്കുന്ന നാലും അഞ്ചുംപേരെ ശബ്ദമില്ലാതെ ചാടിക്കടന്നു. മുനിഞ്ഞു കത്തുന്ന വിളക്കു കെടുത്തി. എങ്ങും ഇരുട്ട്. ആ ഇരുട്ടിലേക്ക് ഫർണാണ്ടസ് കടന്നു.

യുദ്ധത്തെസ്സംബന്ധിച്ച രഹസ്യവിവരങ്ങൾ കൈയിലുണ്ട്. ജീവൻ ഉപേക്ഷിച്ചും ആ രഹസ്യം കുഞ്ഞാലിമരയ്ക്കാരെ അറിയിക്കണം. മിക്കവാറും ഇന്ന സ്ഥലത്താവും കോട്ടയെന്നുദ്ദേശിച്ചുകൊണ്ടു നടന്നു. പുഴക്കരയിലെ പൂഴിവിരിപ്പവസാനിച്ചപ്പോൾ പൊന്തക്കാടുകൾ തഴച്ചു നിൽക്കുന്ന സമതലമാണ്. ധൃതിവെച്ച് നടന്നു.

കവുങ്ങിൻതോട്ടവും തെങ്ങിൻതോട്ടവും പിന്നിട്ടു. കോട്ട കാക്കുന്ന പീരങ്കികളും കുഞ്ഞാലിമരയ്ക്കാരുടെ കാവൽക്കാരും ശത്രുക്കളെ കാത്തിരിക്കുകയാണെന്ന് അവനറിയാം. അവന്റെ വേഷം ആപൽക്കരമാണ്. താടിയും തലയും വളർത്തീട്ടുണ്ട്. കാൽസരായിയും കുപ്പായവും ധരിച്ചിട്ടുണ്ട്. പറങ്കികളുടെ ചാരനാണെന്നു സംശയിക്കാനുള്ള എല്ലാ ലക്ഷണവും തികഞ്ഞിട്ടുണ്ട്. അതൊന്നും മാറ്റാനുള്ള സമയമില്ല; സൗകര്യവും.

വരുന്നതുവരട്ടേയെന്ന ഭാവത്തിൽ പ്രതിബന്ധങ്ങളെ കൂട്ടാക്കാതെ ഫർണാണ്ടസ് നടന്നു. അങ്ങനെ നടന്നുപോയ കാലം മറന്നു. ഇരുട്ടാണ്. മരങ്ങളോടു കൂട്ടിയടിക്കുന്നു. കുണ്ടിൽമറിഞ്ഞുവീഴുന്നു. കല്ലിൽ കാലുവെച്ചടിക്കുന്നു. സാരമില്ല. എന്നിട്ടും നടക്കാനെന്തുത്സാഹം!

വലിയ ഇരുമ്പുവേലിയിൽ ചെന്നു മുട്ടി മാർഗം മുടങ്ങി. വേലിയുടെ അറ്റം കാണാൻ ഇരുവശത്തേക്കും നടന്നുനോക്കി. അറ്റമില്ല. അങ്ങനെ നീണ്ടുകിടക്കുന്നു. അതു കയറിമറിയണം. എളുപ്പമല്ല. ആരെങ്കിലും കണ്ടെത്തിയാൽ വെടിവെച്ചുകൊല്ലും. കുഞ്ഞാലിമരയ്ക്കാരുടെ കൂടെ ഉന്നം പിഴയ്ക്കാത്ത ധാരാളം വെടിക്കാരുണ്ടെന്ന് കേട്ടിട്ടുണ്ട്. എന്തുണ്ടായാലും വേലി കടക്കണം. അതിനുള്ള വഴി ചിന്തിക്കുകയായി.

പിന്നെയും നടന്നു നോക്കി. അപ്പോഴാണ് ആപത്തിന്റെ വലുപ്പം മനസ്സിലായത്. കെട്ടിപ്പൊക്കിയ ഒരു കൊത്തളത്തിന്റെ കീഴിലാണ് നിൽക്കുന്നത്. പീരങ്കിയുടെ തല പുറമേക്കു കാണാനുണ്ട്. അതിനടുത്ത് ആരെങ്കിലും ഇരിക്കുന്നുണ്ടാവണം. പുറമെ വല്ല ശബ്ദവും കേട്ടാൽ പിരങ്കി ഗർജ്ജിക്കും. യുദ്ധം ആസന്നമായ കാലമാണ്.

വേലിക്കു ചേർന്നുകൊണ്ടു നടന്നു. എത്ര ദൂരം അങ്ങനെ പോകും? കൊത്തളത്തിന്നടുത്തേക്കുതന്നെ മടങ്ങി. കൊത്തളത്തിന്റെ ഭിത്തി കൈകൊണ്ടു തടവിനോക്കി. ചെറിയ പഴുതുകളുണ്ട്. അതുവലുതായിക്കിട്ടിയാൽ പിടിച്ചു കയറാം. വെണ്മഴു ഉപയോഗിച്ചു വിടവൊന്നു വലുതാക്കാൻ ശ്രമിച്ചു. ശബ്ദമുണ്ടാവരുത്. ക്ഷമയോടെ അവിടെ നിന്ന് അതു ചെയ്തു. രണ്ടുനാലു വിടവുകളുണ്ടാക്കി. അതിലൂടെ പിടിച്ചു കയറി. ഒരാളുയരത്തിൽ എത്തി. അവിടുന്നങ്ങോട്ടു ഭിത്തിക്കുപയോഗിച്ച കല്ലു വളരെയേറെ ചെത്തിമിനുക്കിയതല്ല. അവിടെയും ഇവിടെയും മുഴച്ചുനിൽക്കുന്നുണ്ട്. വളരെ ക്ലേശിച്ചാൽ പിടിച്ചു കയറാം. പക്ഷേ, ഒരു കുഴപ്പം. മഴ പെയ്തതുകൊണ്ട് അല്പം വഴുക്കുണ്ട്. വെണ്മഴുത്തലപ്പു കൊണ്ടു വഴുപ്പു ചുരണ്ടിമാറ്റി. ഓരോ അടി സൂക്ഷിച്ചു മേലോട്ടു വെച്ചു. ഏതാണ്ട് ലക്ഷ്യമെത്താറായി. അവിടെ വെച്ചാണ് കാര്യത്തിന്റെ ഗൗരവം മനസ്സിലായത്.

കൊത്തളത്തിന്റെ മുകളിൽ ഒരാളുണ്ടാവും. അയാളുമായി ഒരു ഏറ്റുമുട്ടലുണ്ടാവും. കുഞ്ഞാലിമരയ്ക്കാരുടെ സഹായിയെ കൊല്ലാൻ വയ്യാ. പിന്നെ എന്തു ചെയ്യും? ഒന്നും ചെയ്തില്ലെങ്കിൽ കണ്ട ഉടനെ അയാൾ തല വീശിക്കളയുമെന്നു തീർച്ചയാണ്. അപ്പോൾ ക്ലേശങ്ങൾ മുഴുവൻ വെറുതെയായി.

ആലോചിച്ചു നിൽക്കാൻ സമയമില്ല. വേണ്ടിവന്നാൽ കൊല്ലണം. ശത്രുവിന്റെ നിലയ്ക്കല്ലല്ലോ. ചെയ്തുപോയ കുറ്റം തെളിയിക്കുമ്പോൾ മരയ്ക്കാർ കൊല്ലാൻ വിധിച്ചേക്കാം. വിധിക്കട്ടെ. യുദ്ധത്തിന്റെ രഹസ്യം പറഞ്ഞുകൊടുത്ത സന്തോഷത്തോടെ മരിക്കാം. പറങ്കികൾക്കെതിരായി അത്രയെങ്കിലും ചെയ്തെന്നു സമാധാനിക്കാമല്ലോ.

പിന്നെയും പിടിച്ചുകയറി പീരങ്കിയുറപ്പിച്ച തുളയിലൂടെ അകത്തേക്കു നോക്കി. ഒരാൾ അവിടെ ഇരിപ്പുണ്ട്. ഇരുട്ടിലേക്കു തുറിച്ചു നോക്കിക്കൊണ്ട്. പീരങ്കിയിൽ പിടിച്ചുനിന്നു വെണ്മഴുകൊണ്ടു കൊത്തളത്തിന്റെ ഭിത്തിയിൽ ശക്തിയായ ശബ്ദമുണ്ടാക്കി ഫർണാണ്ടസ് പിൻഭാഗത്തേക്കു നീങ്ങി.

ശബ്ദംകേട്ടു ഞെട്ടിയ കാവൽക്കാരൻ പരിഭ്രമിച്ചെഴുന്നേറ്റു പുറത്തേക്കു സൂക്ഷിച്ചുനോക്കി. തൊട്ടുമുമ്പിൽ നിന്ന്, പീരങ്കിത്തലപ്പിൽ നിന്നാണ് ശബ്ദമുണ്ടായത്. വല്ലാത്ത അത്ഭുതം! എന്തായിരിക്കും അത്? കാവൽക്കാരൻ ചാഞ്ഞും ചരിഞ്ഞും നോക്കുന്ന തിരക്കിൽ ഫർണാണ്ടസ് പിൻഭാഗത്തുകൂടെ അകത്തു കടന്നു. ചുറ്റും ഒന്നു കണ്ണോടിച്ചു.

ഒരു പുലിയെപ്പോലെ കാവൽക്കാരന്റെ മേൽ ചാടിവീണ് അവനെ കീഴടക്കി. അകത്തു കിടന്ന കയറെടുത്തു പീരങ്കിയോടു ചേർത്ത് അവനെ വരിഞ്ഞുകെട്ടി. മിണ്ടിയാൽ തലയറുത്തുകളയുമെന്നു പറഞ്ഞു ഭീഷണിപ്പെടുത്തി. അടുത്ത പരിശ്രമത്തിനുതകുമെന്ന വിശ്വാസത്തോടെ വലിയ ഒരു കയറെടുത്തു തോളത്തിട്ടു ക്ഷണത്തിൽ സ്ഥലം വിട്ടു.

പുതുപ്പട്ടണത്തിലാണ് കടന്നത്. ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലവും എടുപ്പുകളും കഴിയുന്നത്ര വർജ്ജിച്ചു. ജനസഞ്ചാരമില്ലാത്ത വഴികളിലൂടെ മുമ്പോട്ടു നടന്നു.

കോട്ടയുടെ ചുറ്റുമുള്ള കിടങ്ങിന്നരികിലെത്തി. പിന്നെയും എന്തുവേണമെന്ന ചോദ്യം മുമ്പിലുയർന്നു. കോട്ടയ്ക്കകത്തു കടക്കാനുള്ള പഴുത് അന്വേഷിച്ചുകൊണ്ടു നടന്നു. മിന്നൽപ്പിണരുകൾ ഇടയ്ക്കിടെ വെളിച്ചം വീശുന്നതുകൊണ്ടു കുഴപ്പം. ആരെങ്കിലും അകത്തുനിന്നു കണ്ടാലോ? മിന്നൽ വീശാത്തപ്പോൾ നടക്കും. മിന്നൽ വീശുമ്പോൾ വല്ലമരത്തടിയിലും ചേർന്നുനിൽക്കും.

കിഴക്കുഭാഗത്തുനിന്നു കോട്ടയിൽ പ്രവേശിക്കാനുള്ള പ്രധാന മാർഗത്തിനടുത്തെത്തി. വലിയ ഗോപുരമുണ്ടവിടെ. അതിന്റെ തലപ്പിലായി കിടങ്ങിനു മീതെയുള്ള പാലം ഗോപുരത്തിനുനേർക്കു വലിച്ചു കുത്തനെ നിർത്തിയിരിക്കുകയാണ്. ആ പാലത്തിന്റെ തലപ്പിൽ കയർ കുരുക്കാൻ കഴിഞ്ഞാൽ കിടങ്ങു കടന്നു ചാടാം.

ഒരു സ്ഥലത്തിരുന്നു കയറിന്റെ തലപ്പിൽ കുരുക്കുണ്ടാക്കി. ഒരു പ്രാവശ്യമെറിഞ്ഞു; പറ്റിയില്ല. രണ്ടാംപ്രാവശ്യവും എറിഞ്ഞു. എവിടെയോ കുടുങ്ങിയതുപോലെ തോന്നി. പതുക്കെ വലിച്ചുനോക്കി. അതു തടഞ്ഞുനിന്നതായിരുന്നു. വലിച്ചപ്പോൾ ക്ഷണത്തിൽ വിട്ടു പോന്നു. മൂന്നാം പ്രാവശ്യവും എറിഞ്ഞു. എറിഞ്ഞപ്പോൾ കുരുക്കു സ്വന്തം ശരീരത്തിലാണ് വീണതെന്നുതോന്നി.

അതു മുറുകുന്നു. നെഞ്ചിനുനേരേ കുടുങ്ങി ബലമായി മുറുകുന്നു. എന്താണിതു്? സൂക്ഷിച്ചുനോക്കി. മുമ്പിൽ തിളങ്ങുന്ന കുന്തമുന! ഒന്നല്ല മൂന്നുനാലെണ്ണം! തിരിഞ്ഞു നോക്കി. അവിടെയും കുന്തമുന തന്നെ. നെഞ്ചിലെ കെട്ടു മുറുകുന്നു. പെട്ടെന്നുതന്നെ ഇരുട്ടിൽ നിന്നു നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു കുട്ടച്ചിരി മുഴങ്ങി.

— 18 —

# പതിനെട്ട്

ധാരാളം വെള്ളവും കാറ്റുമുള്ള ആ മുറി ഭംഗിയായി അലങ്കരിച്ചു വെച്ചിരുന്നു. വാതിൽ മറകളും ജാലകമറകളും മിന്നുന്ന ചിനപ്പട്ടുകൊണ്ടാണ്. ചുമരുകൾനിറയെ ചിത്രപ്പണികളുണ്ട്. ഒരു സ്ഥലത്ത് നീലച്ച കടൽവെള്ളത്തിൽ യാത്രയ്ക്കൊരുങ്ങി നിൽക്കുമ്പോലെ ചെറുതും വലുതുമായ കപ്പലുകളും തോണികളും പത്തേമ്മാരികളും വരച്ചു വെച്ചിരിക്കുന്നു. ഫർണാണ്ടസ് കൗതുകത്തോടെ നോക്കി. അതിനപ്പുറം അവിടവിടെ ഈത്തപ്പനകൾതലപൊക്കിനിൽക്കുന്ന മണൽക്കാടാണ്. അതിലൂടെ യാത്രക്കാരെയും വഹിച്ച് ഒട്ടകങ്ങൾ സഞ്ചരിക്കുന്നു. കണ്ടാൽ ജീവനുണ്ടെന്നു തോന്നും. പരസ്പരം പടവെട്ടുന്ന അഭ്യാസികളുടെ ചിത്രങ്ങളാണ് മറ്റൊരു സ്ഥലത്ത്.

മുറിയുടെ ഒരറ്റത്തു മേൽക്കട്ടിയും മേലാപ്പുമുള്ള ഒരു കട്ടിലിൽ ചുവപ്പുനിറത്തിലുള്ള തോലുകൊണ്ടുണ്ടാക്കി വക്കിനു മിനുപ്പും പുളപ്പുമുള്ള സ്വർണ്ണക്കസവുകൾ പിടിപ്പിച്ച കിടക്ക വിരിച്ചൊരുക്കിവെച്ചിട്ടുണ്ട്. കിടക്കയിൽ അട്ടിക്കിട്ട തയലണകളിൽ പക്ഷികളുടെയും മൃഗങ്ങളുടെയും മത്സ്യങ്ങളുടെയും രൂപങ്ങൾ സ്വർണനൂലിൽ തുന്നിപ്പിടിപ്പിച്ചിട്ടുണ്ട്. മുട്ടിനു മുട്ടിനു വലിയ പൂക്കൾ വിടർന്നുനിൽക്കുന്ന വള്ളികൾ ചുറ്റിപ്പിണഞ്ഞ ചിത്രംകൊണ്ടു മോടിപിടിപ്പച്ചതാണ് മേലാപ്പ്. ഏതിനാണ് കൂടുതൽ ഭംഗിയെന്നു തിട്ടപ്പെടുത്താൻ വയ്യാതെ ഫർണാണ്ടസ് വിഷമിച്ചുനിന്നു. ഒരു സ്വപ്നലോകത്തിലെത്തിച്ചേർന്ന അനുഭവം. ചുറ്റും കാവൽ നിൽക്കുന്ന പട്ടാളക്കാരുടെ സാന്നിദ്ധ്യം മറന്ന് അവൻ മുമ്പോട്ടുനീങ്ങി, ആ ചിത്രങ്ങൾ കൈകൊണ്ടൊന്നു തൊട്ടുനോക്കാൻ. വലിയൊരു കുന്തം അവന്റെ നെഞ്ചിനുനേർക്കുയർന്നു. എല്ലാം അകന്നുനിന്നു കണ്ടാൽ മതി. തൊട്ടുനോക്കേണ്ടെന്നു തീരുമാനിച്ചു.

മെതിയടി ധരിച്ച് ആരോ നടന്നു വരുന്ന ശബ്ദം. ആരായിരിക്കും? ചുറ്റും നോക്കി. ഇടതുവശത്തെ വാതിലിൽ തൂങ്ങുന്ന പട്ടുമറ ഒന്നു വെട്ടിപ്പുളഞ്ഞു. ഗംഭീരാകാരനായ ഒരു മനുഷ്യൻ മുറിയിലേക്കു കടന്നു. ചുറ്റും നിൽക്കുന്ന ആയുധധാരികളായ

പട്ടാളക്കാർ തല കുനിച്ച് വന്ദിച്ച് ഇരുപാർശ്വങ്ങളിലേക്കു മാറിനിന്നു. ഇപ്പോൾ ഫർണാണ്ടസ് മുറിയുടെ ഏതാണ്ടു മദ്ധ്യത്തിൽ ഒറ്റപ്പെട്ടു നിൽക്കുകയാണ്.

ആരായിരിക്കും അത്? അവൻ ഇമവെട്ടാതെ നോക്കിനിന്നു. ഇളം മഞ്ഞനിറത്തിലുള്ള കുപ്പായമാണ് ധരിച്ചത്. തലയിൽ ഉറുമാൽകൊണ്ടൊരു കെട്ടുണ്ട്. ഉറുമാലിന്റെ നിറം പച്ചയാണ്. കടുംചുവപ്പിൽ കറുത്ത വരകളുള്ള മുണ്ടാണുടുത്തത്. എല്ലാം പട്ടാണ്.

ആരെയും ശ്രദ്ധിക്കാതെ, ആരോടും ഒന്നും പറയാതെ, ആ മനുഷ്യൻ മുമ്പോട്ടു നടന്നു. അട്ടിക്കുവെച്ച തലയണയിൽചാരി, കിടക്കയിലിരുന്നു. ഫർണാണ്ടസ്സിന്റെ മനസ്സു പതുക്കെ മന്ത്രിച്ചു.

"കുഞ്ഞാലിമരയ്ക്കാർ."

അവന്റെ ആരാധനാമൂർത്തിയാണ് കുഞ്ഞാലിമരയ്ക്കാർ. കുട്ടിക്കാലംമുതൽ കാണാൻ കൊതിക്കുന്നു. ഇന്നതിനുള്ള ഭാഗ്യമുണ്ടായി. നോക്കും തോറും അവനു തോന്നി, പറങ്കികൾ പേടിച്ചു വിറയ്ക്കുന്നതു വെറുതെയല്ലെന്ന്. ആ കണ്ണുകൾ കണ്ടാൽ ആരും പേടിക്കും. ജ്വലിക്കുന്ന പന്തങ്ങൾ പോലെ!

മരയ്ക്കാരുടെ ഏതാണ്ടൊരു ചിത്രം അവന്റെ മനസ്സിലുണ്ടായിരുന്നു. മുമ്പിലിരിക്കുന്ന സജീവചരിത്രവും മനസ്സിലെ ചിത്രവും തമ്മിൽ അവൻ തട്ടിച്ചുനോക്കി. വലിയ വ്യത്യാസമില്ല. ചെറിയൊരു കുഴപ്പം മാത്രം. വീതികുടിയ നെറ്റിയിൽ, ഇടത്തെ കൺപുരികത്തിനു മുകളിൽ, നീളത്തിലൊരു കലയുണ്ട്. അവന്റെ സങ്കല്പചിത്രത്തിൽ ആ കലയുണ്ടായിരുന്നില്ല. യുദ്ധത്തിൽ മുറിവേറ്റതിന്റെ അടയാളമായിരിക്കും.

മറ്റെല്ലാം ശരിയാണ്. ഉയർന്ന മൂക്ക്, മയിൽപ്പീലിപോലെ തിളങ്ങുന്ന കൺപുരികം, വട്ടമുഖം, വെട്ടിയൊതുക്കിയ കറുത്ത വട്ടത്താടി, വിരിഞ്ഞ മാറ്, നീണ്ടുരുണ്ട കൈകൾ, മുഴങ്ങുന്ന ശബ്ദം-അവന്റെ ആരാധനാമൂർത്തി തികച്ചും ഗംഭീരൻതന്നെ.

തന്നെപ്പറ്റി ഒന്നും ആലോചിക്കാൻ അതുവരെ ഫർണാണ്ടസ്സിന് ഇടകിട്ടിയിരുന്നില്ല. മരയ്ക്കാർകോട്ടയിലാണെത്തിയതെന്ന വിശ്വാസം അവനെ ആവേശംകൊള്ളിച്ചു. തന്നെ ചൂഴ്ന്നു നിൽക്കുന്ന ആപത്തിന്റെ വലുപ്പം, അതുകൊണ്ട്, മറന്നുപോയി.

രാത്രി ആരും കാണാതെയാണ് നഗരാതിർത്തി കടന്നത്. അകത്തളത്തിലെ കാവൽക്കാരനെ ആക്രമിച്ചു കീഴടക്കി.

ഭയങ്കരമായ കുറ്റം.

അതുകഴിഞ്ഞു കോട്ടയിൽ കയറിക്കൂടാൻ ശ്രമിച്ചു. കാവൽക്കാർ കണ്ടെത്തി പിടികൂടിയില്ലെങ്കിൽ ആ കുറ്റവും ചെയ്യുമായിരുന്നു. കോട്ടയ്ക്കു പുറത്ത് ശത്രുക്കൾ തരംപാർത്തു നിൽപ്പാണ്. ഏതു നിമിഷത്തിലും ആക്രമണമുണ്ടാവാം. ഊണും ഉറക്കവുമുപേക്ഷിച്ച് കാവൽജോലി നടത്തുന്നവരുടെ കണ്ണിൽ പൊടിയിട്ടാണ് കടന്നുവന്നത്. ശത്രുക്കളുടെ ചാരനാണെന്നു വല്ലവരും സംശയിച്ചാൽ തെറ്റില്ല.

വധശിക്ഷ വിധിക്കേണ്ട കുറ്റം.

ആലോചന മുഴമിക്കാൻ കഴിയുന്നതിനുമുമ്പ വിചാരണ തുടങ്ങി. കുഞ്ഞാലിമരയ്ക്കാരുടെ നോട്ടം വാൾമുന പോലെ അവനെ കുത്തിത്തുളച്ചു. പറങ്കികളുടെ ചാട്ടവാറിനേക്കാൾ കരുത്തുള്ള ചോദ്യങ്ങളാണ് വരുന്നത്.

അവൻ കലുങ്ങിയില്ല. കലുങ്ങേണ്ട കാര്യമുണ്ടായിരുന്നില്ല. കുഞ്ഞാലിമരയ്ക്കാർക്കു കഴിയുന്ന സഹായം ചെയ്യാനാണവൻ വന്നത്. അത് അവൻ തുറന്നുപറഞ്ഞു. ആരും വിശ്വസിച്ചില്ല. എല്ലാം കേട്ടു കഴിഞ്ഞാണ് മരയ്ക്കാർ കൽപിച്ചത്. "പറെടാ, നേരു പറ."

"നേരാണ് പറഞ്ഞത്" ഒട്ടും പതറാതെ ഫർണാണ്ടസ് ഉത്തരം കൊടുക്കുന്നതു കേട്ടു പട്ടാളക്കാർ തമ്മിൽ എന്തോ പിറുപിറുത്തു. ആരും അങ്ങനെ കുഞ്ഞാലിമരയ്ക്കാരോടു ധിക്കാരത്തോടെ സംസാരിക്കാറില്ല. അവർ ശ്രദ്ധിച്ചു:

"ഞാൻ രാത്രി ചാടിപ്പോന്നതാണ്. അരം കൊണ്ടു ചങ്ങല രാവി മുറിച്ചു. നേരെ ഇങ്ങോട്ടോടി."

"കോട്ടയിൽ ഒളിച്ചുകടക്കാൻ നോക്കിയതെന്തിന്?" ശബ്ദം കുറച്ചു മയപ്പെടുത്തിക്കൊണ്ടാണ് മരയ്ക്കാർ ചോദിച്ചത്.

"ഒളിച്ചോടി ഞാൻ പിന്നെന്തുചെയ്യും? നേരം വെളുത്താൽ അവരെന്നെ കണ്ടുപിടിക്കില്ലേ?"

കുഞ്ഞാലിമരയ്ക്കാർ അവന്റെ ഓരോ ചലനവും ഭാവവും ശ്രദ്ധിക്കുകയായിരുന്നു.

"നിന്റെ പേരു്?"

അവനു രണ്ടു പേരുണ്ട്. ഏതാണ് പറയേണ്ടത്? തെല്ലിട സംശയിച്ചുനിന്നു. പൊക്കനെന്നു പറഞ്ഞാൽ അതു നേരാവില്ല. ഫർണാണ്ടസ്സെന്നു പറഞ്ഞാൽ മരയ്ക്കാർ അവനെ തെറ്റിദ്ധരിക്കും. സത്യം പറഞ്ഞു കുറച്ചു തെറ്റിദ്ധാരണ സമ്പാദിച്ചാലും വേണ്ടില്ല. കളവ് പറയാൻ വയ്യെന്ന് അവനു തോന്നി.

"എടാ, നിന്റെ പേരാ ചോദിച്ചത്?"

"ഫർണാണ്ടസ്." അവൻ പതറാതെ പറഞ്ഞു. ഇനി ചോദിപ്പിക്കുന്നതു ശരിയല്ല.

മരയ്ക്കാരുടെ മുഖഭാഗം മാറി. നോട്ടം കൂടുതൽ രൂക്ഷമായി:

'നീ നസ്രാണിയാണ്, അല്ലേ?"

"മരയ്ക്കാർകോട്ട നസ്രാണികൾക്കു പുലിക്കൂടാണെന്നു നീ കേട്ടിട്ടില്ല?" മെതിയടിയിൽ ചവുട്ടി മരയ്ക്കാർ എഴുന്നേറ്റു.

"ജനിച്ചത് നസ്രാണിയായിട്ടല്ല." തന്റെ പൂർവ്വകഥ വിസ്തരിക്കാൻ ഒരുങ്ങിക്കൊണ്ട് ഫർണാണ്ടസ് പറഞ്ഞു.

"എന്നാൽ നീ മരിക്കുന്നത് നസ്രാണിയായിട്ടായിരിക്കും." കുഞ്ഞാലിമരയ്ക്കാർ നടന്നു. മെതിയടി കൂടുതൽശബ്ദമുണ്ടാക്കി. വാതിൽമറ പിടിച്ചു തിരിഞ്ഞുനിന്നുകൊണ്ട് പട്ടാളക്കാരോടു കല്പിച്ചു;

“അവനെ നേരു പറയാൻ പഠിപ്പിക്ക്. കൊണ്ടുപോ”

വാതിൽമറ ശക്തിപൂർവ്വമിളകി. ക്രമേണ അതിന്റെ ചലനം നിലച്ചു. മെതിയടിയുടെ ശബ്ദം അകന്നകന്നില്ലാതായി.

ചാരന്മാരെക്കൊണ്ടു സത്യം പറയിക്കാൻ വിചിത്രമായ പല മാർഗങ്ങളും മരയ്ക്കാർകോട്ടയിലുണ്ട്. പട്ടാളക്കാർ അതെല്ലാം ഫർണാണ്ടസ്സിനു വിവരിച്ചുകൊടുത്തു.

തല കീഴായി കെട്ടിത്തൂക്കി താഴത്തു തീകൂട്ടി പുകയിടും; സത്യം പറയുന്നതുവരെ, അല്ലെങ്കിൽ മരിക്കുന്നതുവരെ. വിഷജന്തുക്കളെക്കൊണ്ടു നാഭിപ്രദേശത്തു കടിപ്പിക്കും. വിഷജന്തുക്കളിൽ ഏറ്റവും ഉഗ്രൻ ‘ആയിരംകാലൻ തേളാണ്.’ മലർത്തിക്കിടത്തി ശരീരം ഇളക്കാൻ കഴിയാത്ത വിധം കാലും കൈയും പിടിച്ചുകെട്ടി, നഗ്നമായ നാഭിപ്രദേശത്ത് ‘ആയിരംകാലൻ തേളി’നെ മേയാൻ വിടും. അതു കൊറ്റുകൾകൊണ്ട് ഇറുക്കും. വിഷസഞ്ചിയുള്ള വാൾത്തലപ്പുകൊണ്ടു കുത്തും. അവിടെക്കിടന്നു നൃത്തം വയ്ക്കും. കുത്തുകളേൽക്കുന്നവൻ ഭയങ്കരവേദനകൊണ്ടു പുളയും. രണ്ടോ മൂന്നോ ദിവസം അങ്ങനെ കിടക്കും. പിന്നെ മരിക്കും.

നേരു പറയിക്കാൻ വിചിത്രമായ മറ്റു മാർഗങ്ങളുമുണ്ട്. അതൊക്കെ വിവരിച്ചു പറയുമ്പോൾ പട്ടാളക്കാരുടെ കണ്ണുകളിൽ ഭീതി നിഴലിക്കുന്നത് ഫർണാണ്ടസ് കണ്ടു.

മർദ്ദന നടപടികളൊന്നുമില്ലാതെതന്നെ സത്യം പറയാൻ ഫർണാണ്ടസ് ഒരുക്കമായിരുന്നു. പക്ഷേ, അവന്റെ സത്യം ആർക്കും ആവശ്യമില്ല. ആരും അത് അംഗീകരിക്കാൻ തയ്യാറുമില്ല. മരയ്ക്കാർകോട്ടയിൽ എങ്ങനെയെങ്കിലും കടന്നുകൂടിയാൽ രക്ഷപ്പെടാമെന്നും പറങ്കികളോടു യുദ്ധം ചെയ്തു പകവീട്ടാമെന്നും ആശിച്ചതായിരുന്നു. ആ ആശയും തകർന്നു. ഇനിയൊന്നും ആശിക്കാനില്ല. ചുറ്റും നിൽക്കുന്ന പട്ടാളക്കാരോട് അവൻ ചോദിച്ചു:

“നിങ്ങൾക്കേതാ എളുപ്പം?”

ചോദ്യം മനസ്സിലാവാതെ പട്ടാളക്കാർ പരസ്പരം മിഴിച്ചുനോക്കി. ഒരാൾ സംശയം തീർക്കാനൊരുങ്ങി:

“എന്താ ചോദിച്ചത്?”

“തേളിനെക്കൊണ്ടു കുത്തിക്കുന്നതോ പുകയിട്ടു കൊല്ലുന്നതോ, ഏതാ നിങ്ങൾക്കെളുപ്പം?”

“എന്തിന്?”

“എളുപ്പമുള്ളതു വേഗം ചെയ്യാൻ.”

വിചിത്രമായ അപേക്ഷ. തോന്നുമ്പോൾ മരിക്കാനുള്ള സൗകര്യം ഒരുകാലത്തും മനുഷ്യനു കിട്ടീട്ടില്ല. ഫർണാണ്ടസ്സിനും ആ സൗകര്യം നിഷേധിച്ചു. കോട്ടയ്ക്കുള്ളിലെ തടവിലേക്ക് അവനെ മാറ്റിപ്പാർപ്പിച്ചു. വറക്കുന്ന ചട്ടിയിൽ നിന്നു കരിക്കുന്ന അടുപ്പിലേക്കുള്ള മാറ്റം!

അവനൊട്ടും വേദന തോന്നിയില്ല. നൈരാശ്യമാണ്. കടുത്ത നൈരാശ്യം. എല്ലാം അടിച്ചുപൊളിക്കണമെന്നു തോന്നി.

ഉച്ചഭക്ഷണം കൊണ്ടുവന്നു മുമ്പിൽ വച്ചപ്പോൾ പുറങ്കാലെടുത്തൊരു തട്ടുകൊടുത്തു. പാത്രത്തോടുകൂടി അതു ഭിത്തിയിൽചെന്നടിച്ചു നിലത്താകെ ചിതറി. കുടിക്കാൻ വെച്ച വെള്ളമെടുത്തു ഭക്ഷണം കൊണ്ടുവന്ന പട്ടാളക്കാരന്റെ മുഖത്തൊഴിച്ചു. പാത്രം കയ്യിലിട്ടുടച്ച് തിരുമ്മിപ്പൊടിയാക്കി നിലത്തു വിതറി. പട്ടാളക്കാരൻ അമ്പരന്നു പുറത്തേക്കോടി വാതിൽ ബന്ധിച്ചു.

നൈരാശ്യം നിമിഷംപ്രതി വർദ്ധിക്കുകയായാണ്. എല്ലാറ്റിനോടും അവജ്ഞ. മനുഷ്യരെ മുഴുവൻ പുച്ഛം. അവൻ അവനെത്തന്നെ വെല്ലു വിളിക്കാനും ഇടിച്ചു കൊല്ലാനും തോന്നി.

കെട്ടിത്തൂക്കിപ്പുകയിടലും തേളിനെക്കൊണ്ടു കടിപ്പിക്കലും! മനുഷ്യരെല്ലാം ഒരുപോലെയാണ്. ആരെയും വിശ്വസിക്കാൻ കൊള്ളില്ല. കൊലപാതകികളും കൊള്ളക്കാരുമാണ്. വിഷജന്തുക്കളാണ് ഭേദം. ഇനി തന്റെ മുറിയിൽ മനുഷ്യൻ കടക്കാൻ പാടില്ലെന്ന് ഫർണാണ്ടസ് തീരുമാനിച്ചു. കടന്നാൽ ഇടിച്ചുകൊല്ലും. കൈമടക്കി അവൻ ഭിത്തിയിലിടിച്ചു. ദേഷ്യം തീരുന്നതുവരെ ഇടിച്ചു.

പുറത്തു കാൽപെരുമാറ്റമുണ്ട്. ചങ്ങലയുടെ ശബ്ദമുണ്ട്. പിടിച്ചു ചങ്ങലയ്ക്കിടാനുള്ള പുറപ്പാടാവും. ജീവനുള്ള കാലം ഇനി ചങ്ങലയിൽ കുടുങ്ങില്ല. കൊല്ലട്ടെ. ശവമാക്കി വേണമെങ്കിൽ ചങ്ങലയ്ക്കിടട്ടെ. ഒരുങ്ങിനിന്നു. മുമ്പിലൂടെ ആരു വന്നാലും ഒഴിവാക്കില്ലെന്ന് നിശ്ചയത്തോടെ ഭിത്തിയിൽ ചാരി നിന്നു.

വാതിൽ കരുതലോടെയാണ് തുറക്കുന്നത്. കൂടുതൽ ആളുകളുണ്ട്. ആരും അകത്തു കടക്കുന്നില്ല. വരട്ടെ; സത്യം അംഗീകരിക്കാൻ തയ്യാറില്ലാത്ത കാലത്തോളം ആ കോട്ടയിൽ ആർക്കും താൻ കിഴടങ്ങില്ലെന്നു ഫർണാണ്ടസ് ഉറപ്പിച്ചു. കുഞ്ഞാലിമരയ്ക്കാർ തന്നെ വരട്ടെ; ഒരു കൈ നോക്കും.

വാതിൽക്കൽ എല്ലാവരും ശങ്കിച്ചു നിൽക്കുന്നു. ആർക്കും അകത്തു കടക്കാൻ ധൈര്യമില്ല. അവൻ ഒട്ടു കൂലുങ്ങാതെ നോക്കി. ആ നോട്ടത്തിൽ ഒരു താക്കീതുണ്ടായിരുന്നു: "ജീവനിൽ കൊതിയുള്ളവർ അകത്തേക്കു വരണ്ടാ..."

പുറത്തു നിൽക്കുന്നവർ കൂടിയാലോചിക്കുകയാണ്. ആലോചിക്കട്ടെ. അവനൊന്നേ ആലോചിക്കാനുള്ളൂ. പൊരുതി മരിക്കണം. ഇനി മറ്റൊരാളുടെ അടിമയാവാൻ വയ്യാ.

ആൾക്കൂട്ടത്തിലൂടെ തിക്കിത്തിരക്കി ഒരാൾ മുമ്പോട്ടു വരുന്നു. അകത്തു കടക്കുന്നു. ആരായാലും വരട്ടെ. ഒരു മുന്നറിയിപ്പു കൊടുക്കാം.

"കരുതി വന്നാൽ മതി." അവൻ വിളിച്ചുപറഞ്ഞു: "മരിക്കാനൊരുങ്ങീട്ടുണ്ടോ?"

ആദ്യത്തെ ഇടിക്ക് തന്നെ നിലംപതിക്കണം. ഫർണാണ്ടസ് മുഷ്ടി ചുരുട്ടിപ്പിടിച്ച് ഒരുങ്ങിനിന്നു.

കടന്നുവന്ന ആൾ അവന്റെ ശബ്ദംകേട്ടു തരിച്ചുനിന്നു.

എന്താണ് ഭാവം? അവൻ സൂക്ഷിച്ചുനോക്കി.

ആരാണത്?

ഐദ്രോസ്!

പറങ്കിക്കപ്പലിൽവെച്ചു മരിച്ചുപോയ ഐദ്രോസിന്റെ പ്രേതമാണോ മുമ്പിൽ? തടവുമുറിയിലെ മങ്ങിയ വെളിച്ചത്തിൽ ഒന്നും വ്യക്തമല്ല. അവൻ വിളിച്ചു ചോദിച്ചു:

"ആരാണത്?

"പൊക്കനാ!"

ഐദ്രോസ് വിളിക്കുന്നു. ശബ്ദം അതുതന്നെ. പല തവണ കേട്ടു പരിചയിച്ചതാണ്.

പിന്നെ താമസുണ്ടായില്ല, രണ്ടുപേരും ഓടിയടുത്തു; സുഖകരമായ ഒരാശ്ലേഷത്തിൽ ഒട്ടിച്ചേർന്നു.

"ജ്ജെങ്ങനെ ഇബിടെത്തി മോനേ?"

"ഒക്കെപ്പറയാം. നിങ്ങളെ അന്നു പറങ്ക്യേള് കൊന്നില്ലേ?"

"ഇല്ല. ഞമ്മളാ പെങ്കിട്ടീനെ രചിച്ച്. ഓളെ അച്ചന്റ കൈമലേൽപ്പിച്ച്."

"ആരെ?" പാഞ്ചാലിയെ നിങ്ങൾ രക്ഷിച്ചോ? ഫർണാണ്ടസ് ഉദ്വേഗത്തോടെ ചോദിച്ചു.

"തന്നെ." ഒറ്റ വാക്കിൽ ഐദ്രോസ് മറുപടി പറഞ്ഞു.

"ഓ! വലിയ പുണ്യം." ഫർണാണ്ടസ്സിന്റെ കണ്ണുകൾ നിറഞ്ഞു.

ഐദ്രോസിന്റെ പുറം കണ്ണീർകൊണ്ടു നനഞ്ഞു.

വാതിൽക്കൽ നിൽക്കുന്നവർ ആ രംഗം കണ്ട് അമ്പരക്കുകയാണ്.

ഐദ്രോസും പൊക്കനും തോളിൽ കൈകെട്ടിക്കൊണ്ടാണ് പുറത്തുകടന്നത്. അവർ നേരേ കുഞ്ഞാലിമരയ്ക്കാരുടെ സമീപത്തേക്കു പോയി.

ഇടയിലൊരു ചോദ്യംപോലും ചോദിക്കാതെ ഫർണാണ്ടസ്സിന്റെ കഥ മുഴുവനും കുഞ്ഞാലിമരയ്ക്കാർ കേട്ടു. ശത്രുക്കൾ കോട്ട ആക്രമിക്കാൻ തീരുമാനിച്ച ദിവസവും സമയവും കാലേക്കൂട്ടി അറിഞ്ഞതു മെച്ചമായി.

ഏഴര വെളുപ്പിന് ഇരിങ്ങൽപ്പാറയുടെ ഉച്ചിയിൽ നിന്നു പന്തംകൊളുത്തി കാണിക്കുന്നതാണ് യുദ്ധം തുടങ്ങാനുള്ള അടയാളം. കുഞ്ഞാലിമരയ്ക്കാർ ഗാഢമായി ആലോചിച്ചു: ആ തന്ത്രം പൊളിക്കണം. പൊളിക്കാൻ കഴിഞ്ഞാൽ ആക്രമണം ഒരേ സമയത്തു നടക്കില്ല; ഒന്നിച്ചുള്ള എതിർപ്പു ചിന്നിച്ചിതറിപ്പോകും.

"ഐദ്രോസേ." മരയ്ക്കാർ പറഞ്ഞു: "നീ മായനെ വിളി."

മായൻ വന്നപ്പോൾ എല്ലാം രഹസ്യമായിട്ടാണ് പറഞ്ഞേൽപ്പിച്ചത്. ഫർണാണ്ടസ്സും ഐദ്രോസും കപ്പലിൽവെച്ചു പിരിഞ്ഞതിൽപ്പിന്നെ അവരവർക്കുണ്ടായ അനുഭവങ്ങൾ അന്യോന്യം വിവരിച്ചു.

“ആ പെങ്കുട്ടീനെ ഏൽപിച്ച് ഞമ്മൾ നേരെ ഇബിടെയ്ക്കാ പോന്നത്.” ഐദ്രോസ് പറഞ്ഞവസാനിപ്പിച്ചു: “മറ്റെബിടേം ഞമ്മക്കു പൊഗ്ഗാനില്ല. ഞമ്മൾ പറങ്ക്യേളെ പിടീപ്പെട്ടേപ്പിന്നെ കെട്ട്യോളം കുട്ട്യോളും എരന്ത് നടന്നു.”

അതുപറയുമ്പോൾ ഐദ്രോസിന്റെ കണ്ഠം ഇടറിയിരുന്നു. കണ്ണുകൾ നനഞ്ഞിരുന്നു.

“പിന്നെ എബിടേയ്ക്കാ പോയതെന്ന് ആർക്കും ഒരു ബിബിരേല്ല. ഏടേങ്കിലും ബീണു മരിച്ചേരിക്കും.”

അപ്പുറം പറയാൻ ശേഷിയില്ലാതെ ഐദ്രോസ് തലതാഴ്ത്തിയിരുന്നു. കുടുംബകാര്യം പറഞ്ഞു കേട്ടപ്പോൾ ഫർണാണ്ടസ്സിന്റെ മനസ്സു വളയക്കടപ്പുറത്തെ ഓലമേഞ്ഞ കുടിലിലേക്കോടി: അവിടെ അച്ഛനും അമ്മയും ഉണ്ടോ? വാർദ്ധക്യംകൊണ്ട് അദ്ധ്വാനിക്കാൻ വയ്യാതായ അച്ഛൻ എരന്നു നടക്കുകയാണോ? കൂടെ അമ്മയുമുണ്ടോ? അവന്റെ ആലോചന അതാണ്. എത്ര കുടുംബങ്ങളിങ്ങനെ തുലഞ്ഞു!

“ഒക്കേറ്റിനു കാരണം ഈ പറങ്കികളാണ്.”

ഒരു നെടുവീർപ്പോടെ ഐദ്രോസ് തുടർന്നു:

“ഓലോട് ഞമ്മളെ പക വീട്ടണന്നിച്ചാൽ മരയ്ക്കാരെ ഒപ്പം കൂട്ടണം.”

തക്ക നിർദേശം കൊടുത്തു മായനെ തിരിച്ചയച്ചുവരുന്ന കുഞ്ഞാലിമരയ്ക്കാർ ഐദ്രോസിന്റെ ഒടുവിലത്തെ വാക്കുകേട്ടു ഫർണാണ്ടസ്സിന്റെ തോളിൽ കളിയായി പിടിച്ചു കുലുക്കിക്കൊണ്ടു പറഞ്ഞു;

“ഐദ്രോസിന്റെ കൂടെ പോക്. വേണ്ടതൊക്കെ മട്ടംപോലെ ഐദ്രോസു പറഞ്ഞുതരും.”

ഐദ്രോസിന്റെകൂടെ പോകുമ്പോൾ ഫർണാണ്ടസ് ആലോചിച്ചു: “ആയിരം കാലൻതേള്” നാഭിപ്രദേശത്തു നൃത്തംവേക്കേണ്ട സമയമാണ്. ഐദ്രോസു രക്ഷിച്ചു. വർഷങ്ങൾക്കപ്പുറം പിടിച്ചുകെട്ടി പറങ്കികൾക്കു വിൽക്കാൻ തുടങ്ങിയ അപരാധത്തിന്നു പലകുറി ഐദ്രോസ് പ്രതിവിധിചെയ്തു. പാഞ്ചാലിയെ രക്ഷിച്ചു. പിശാചുക്കളുടെ കൈയിൽ നിന്ന്. അല്ലെങ്കിൽ അതിദാരുണമായ അവളുടെ അന്ത്യം അവന്നു കൈയുംകെട്ടി നോക്കിനിൽക്കേണ്ടിവരുമായിരുന്നു.

അന്നുമുതൽ ഐദ്രോസ് ഒരുമിച്ചാണ്. രാത്രിമുഴുവൻ കോട്ട കാക്കുന്ന ജോലി. പകൽ ഉറക്കം. ഒരല്ലലും അലട്ടുമില്ല. മനസ്സിനു ഭാരമില്ല. പാഞ്ചാലി രക്ഷപ്പെട്ടു. സ്വന്തം അച്ഛന്റെ കൂടെ കഴിച്ചുകൂട്ടുന്നു. ആ വിവരം കേട്ടതോടെ മനസ്സിന്റെ പകുതി ഭാരം നീങ്ങി. ഇനി അമ്മയും അച്ഛനുമാണ്. ഈശ്വരൻ അവർക്കുമൊരു വഴി കാണിച്ചു കൊടുത്തിട്ടുണ്ടാവും. ആകസ്മിക സംഭവങ്ങൾകൊണ്ടു നെയ്തെടുത്ത തന്റെ ജീവിതം, ഇനി ഏതു പതനത്തിലേക്കാണ് നീങ്ങാൻ പോവുന്നതെന്ന് അവനുതന്നെ നിശ്ചയമില്ല. കുഞ്ഞാലിമരയ്ക്കാരുടെ സ്നേഹം സമ്പാദിക്കാൻ കഴിഞ്ഞതിൽ വലിയ അഭിമാനമുണ്ട്. ആ കോട്ടയിൽ വെച്ച്. പക്ഷേ, ഭാവിജീവിതം കരുപ്പിടിച്ചെടുക്കാൻ കഴിയുമെന്ന് അവനാശിച്ചു.

യുദ്ധദിവസം വേഗത്തിൽ വന്നു. പുലരാത്തതുകൊണ്ട് അക്ഷമ തോന്നി. ഗോവയിൽവെച്ചോ കപ്പലിൽവെച്ചോ പരിചയിച്ച വല്ലവരേയും ശത്രുമദ്ധ്യത്തിൽ കണ്ടുമുട്ടണേ എന്നു ഫർണാണ്ടസ് പ്രാർത്ഥിച്ചു. താനാരാണെന്നു കാണിച്ചുകൊടുക്കാനുള്ള ഒരു സന്ദർഭം കിട്ടണം. അതേ വേണ്ടു. പരിഭവങ്ങൾ എണ്ണിപ്പറഞ്ഞു പകവീട്ടണം. ഡിസിൽവ, മന്റോസ... എത്രപേരെ കാണാനുണ്ട്. കാണും, ഈ യുദ്ധത്തിലല്ലെങ്കിൽ മറ്റൊരു യുദ്ധത്തിൽ. പ്രതീക്ഷയോടെ കാത്തിരുന്നു.

അങ്ങനെ ആ ദിവസവും പുലർന്നു. കോട്ടയിൽ വലിയ തിരക്കാണ്. ആർക്കും ഒരു വിശ്രമവുമില്ല. സജ്ജീകരണങ്ങൾ മുഴുവനും കുഞ്ഞാലിമരയ്ക്കാർ നേരിട്ടുതന്നെ പരിശോധിക്കുകയാണ്. ഗോപുരങ്ങളിലും കൊത്തളങ്ങളിലുമുള്ള പീരങ്കികളൊക്കെ വേണ്ടപോലെ പ്രവർത്തിക്കുന്നില്ലേ? വെടിക്കോപ്പുകൾ ആവശ്യത്തിലും കൂടുതൽ കരുതീട്ടില്ലേ? കോട്ടിയിലുള്ളവർക്കു വേണ്ടത്ര ഭക്ഷണസാധനങ്ങളില്ലേ?

ഉച്ചയ്ക്കുമുമ്പ് പരിശോധനകളൊക്കെ കഴിഞ്ഞു. മരയ്ക്കാർക്കു തൃപ്തിയായി. ഒരു കോട്ടവും കൂടാതെ നാലുമാസം യുദ്ധം നടത്തിക്കൊണ്ടുപോവാനുള്ള വിഭവങ്ങൾ കോട്ടയിലുണ്ട്. തൽക്കാലം അതുമതി.

ഉച്ചതിരിഞ്ഞപ്പോൾ കൂടിയാലോചനയായി. കിഴക്കും പടിഞ്ഞാറും അത്ര വളരെ കരുതലുകളാവശ്യമില്ല. പ്രധാനമായ മുന്നേറ്റം തെക്കും വടക്കുമാണ് പ്രതീക്ഷിക്കേണ്ടത്. വിദഗ്ധരായ സേനാനായകന്മാരെ ആ ഭാഗങ്ങളിലേക്കു നിയമിച്ചു. വടക്കുഭാഗത്തുള്ളവർ ചങ്ങാടംവഴി പുഴ കടക്കാനാണെളുപ്പം. അവരെ കരയ്ക്കു കാലുകുത്താനനുവദിക്കരുത്. നിർദ്ദേശം കിട്ടിയാൽ പീരങ്കികൾ സദാ പ്രവർത്തിച്ചുകൊണ്ടിരിക്കണം; വില്ലും. തെക്കു ഭാഗത്തും പീരങ്കിയും വില്ലും കവണക്കല്ലും ഉപയോഗിക്കണമെന്ന് മരയ്ക്കാർ നിർദ്ദേശിച്ചു.

വൈകിട്ടു വിജയത്തിനുവേണ്ടി പള്ളിയിൽ കൂട്ടപ്രാർത്ഥന നടന്നു. കുഞ്ഞാലി മരയ്ക്കാർ പ്രാർത്ഥന കഴിഞ്ഞു. പുറത്തിറങ്ങിയപ്പോൾ ഐദ്രോസും ഫർണാണ്ടസ്സും പിന്നാലെ കൂടി. ഫർണാണ്ടസ്സിന് ചെറിയൊരപേക്ഷയുണ്ട്. അതൊന്നു മരയ്ക്കാരെ അറിയിക്കണം. മരയ്ക്കാർക്ക് എന്തു തോന്നുമെന്നു നിശ്ചയമില്ലാത്തതുകൊണ്ടു ഐദ്രോസിനു പറയാനൊരു മടി. മൂന്നുപേരും ഒന്നും മിണ്ടാതെ നടന്നു. മരയ്ക്കാരുടെ ഭാവം കണ്ടാൽ അപ്പോഴും പ്രാർത്ഥിക്കുകയാണെന്നു തോന്നും. ശബ്ദിക്കാൻ ധൈര്യമില്ല.

വെടിമരുന്നുശാലയുടെ മുറ്റത്തെത്തിയപ്പോൾ മരയ്ക്കാർ തിരിഞ്ഞു നിന്നു ചോദിച്ചു: “എന്താ ഐദ്രോസേ?”

“ഞമ്മളെ ബാല്യക്കാരനൊരു പൂതി.” ശങ്കിച്ചു കൊണ്ടാണ് ഐദ്രോസ് പറഞ്ഞത്. മരയ്ക്കാരോടു യുദ്ധത്തെപ്പറ്റി അഭിപ്രായം പറയുന്നതു സൂക്ഷിച്ചുവേണം.

“ഉം? എന്താ പറ.”

ഐദ്രോസും ഫർണാണ്ടസ്സും കൂടിയാണ് പറഞ്ഞുതീർത്തത്. ഒറ്റയ്ക്കു പറയാൻ രണ്ടാൾക്കും ധൈര്യമില്ല. വടക്കുഭാഗത്തെ യുദ്ധത്തിൽ ചെറിയൊരു പരീക്ഷണം

നടത്താൻ ഫർണാണ്ടസ്സിനെ അനുവദിക്കണം. അപേക്ഷയുടെ ചുരുക്കം അതായിരുന്നു. ഏതാനും അസ്ത്രാഭ്യാസവിദഗ്ധരെയും കൂട്ടി കോട്ടയ്ക്കു പുറത്തുപോയി. പുഴക്കരയിൽ പതുങ്ങിനിന്ന ശത്രുക്കളെ തിരിച്ചോടിക്കാമെന്ന് ഫർണാണ്ടസ്സ് പറഞ്ഞു. അനുവാദം കൊടുക്കുകയാണെങ്കിൽ വടക്കു ഭാഗത്തെ പീരങ്കികളിൽനിന്ന് ഒരു വെടിയെങ്കിലും പൊട്ടിക്കാനിടവരില്ല. അത്രയും എളുപ്പത്തിൽ കാര്യം കഴിക്കും.

പറഞ്ഞു കേൾക്കാൻ എളുപ്പമുണ്ട്. കാര്യത്തിന്റെ മുഴുവൻ വശവും ചിന്തിച്ചല്ലാതെ മറുപടി പറയുന്ന സ്വഭാവം മരക്കാർക്കില്ല. ഒന്നും മിണ്ടാതെ, കൈയും പുറകിൽ കെട്ടി മരയ്ക്കാർ മുറ്റത്തങ്ങോട്ടുമിങ്ങോട്ടും നടന്നു.

പറഞ്ഞതബദ്ധമായോ എന്ന് ഐദ്രോസ് പരിഭ്രമിക്കുകയായിരുന്നു. ഫർണാണ്ടസ്സിന് ഒന്നും തോന്നിയില്ല. സമ്മതിച്ചാൽ ജീവനുപേക്ഷിച്ചും പരിശ്രമിക്കും.

ദീർഘനേരത്തെ ആലോചനയ്ക്കുശേഷം മരയ്ക്കാർ സംസാരിച്ചു:

“തരക്കേടില്ല; ഐദ്രോസും പോവില്ലേ?”

ഐദ്രോസിന്ന് അസ്ത്രവിദ്യ അറിയില്ല. അതുതുറന്നു പറയാൻ അവൻ മടിച്ചു. കാര്യം മനസ്സിലാക്കിയ മരയ്ക്കാർ ചിരിച്ചുകൊണ്ടു പറഞ്ഞു: “സാരമില്ല; നിനക്കൊരു തോക്കുതരാം. അതുകൊണ്ടു പോട്ട്. കുരുത്തക്കേടൊന്നും കാണിക്കരുത്. ജീവനോടെ പിടിയും കൊടുക്കരുത്.

അപ്പുറമൊന്നും പറയാനും കേൾക്കാനും നിൽക്കാതെ മരയ്ക്കാർ നടന്നു.

ഒരു യോദ്ധാവെന്ന നിലയിൽ ആദ്യത്തെ അംഗീകാരമാണ് കിട്ടുന്നത്. ഫർണാണ്ടസ് സന്തോഷംകൊണ്ടു മതിമറന്നു. അനുയായികളെ തിരഞ്ഞെടുക്കാനും ഒരുക്കങ്ങൾ കൂട്ടാനുമായി ഐദ്രോസിനോടൊപ്പം അവൻ ബദ്ധപ്പെട്ടുപോയി.

സന്ധ്യയോടുകൂടി പറങ്കികളുടെ താവളത്തിലും തുറമുഖത്തിനപ്പുറം നങ്കൂരമിട്ടു നിൽക്കുന്ന കപ്പലുകളിലും തിരക്കുതുടങ്ങി. കപ്പിത്താൻ പരൈരയുടെ നേതൃത്വത്തിൽ അറുന്നൂറ് പറങ്കികളും അഞ്ഞൂറ് നായന്മാരുമുള്ള ഒരു സൈന്യവിഭാഗം തെക്കുവശത്തു കാത്തുനിന്നു. ഡിസിൽവ അറുന്നൂറ് പറങ്കിപ്പട്ടാളക്കാർ മാത്രമുള്ള മറ്റൊരു സംഘത്തോടുകൂടി കടലിലൂടെ വടക്കോട്ടു നീങ്ങി. പീരങ്കിയുണ്ടകൾ പറന്നെത്താത്ത സുരക്ഷിതമായൊരു സ്ഥലത്തു കപ്പലിറങ്ങി, കാൽനടയായി പുഴക്കരെ വന്ന്, ചങ്ങാടത്തിൽ പുഴ കടന്ന് കോട്ടയുടെ വടക്കുഭാഗം ആക്രമിക്കാനാണ് ഡിസിൽവേയെ ചുമതലപ്പെടുത്തിയത്. ഒറ്റനിമിഷത്തിൽ രണ്ടു വശത്തുനിന്നും മുന്നേറണം. സൂചന ഇരിങ്ങൽ പാറയുടെ കൊടുമുടിയിൽ നിന്നും കിട്ടും. ഒരുക്കങ്ങൾ ക്രമപ്രകാരം നടന്നു. രാത്രിയുടെ യാമങ്ങൾ എണ്ണിക്കൊണ്ട് എല്ലാവരും കാത്തിരുന്നു.

നല്ല ഇരുട്ടുള്ള രാത്രി. ഇരിങ്ങൽപ്പാറ കാട്ടിൽനിന്നിറങ്ങിവന്ന ഒരു കൊലയാനയെപ്പോലെ, ഇളകാതെ നിന്നു. പന്തംകൊളുത്തി അടയാളം കാണിക്കാൻ ചുമതലയേറ്റവർ കാലേക്കൂട്ടി ആ കൊലയാനയുടെ മസ്തകത്തിൽകയറിയിരുന്നു. ചുറ്റ

പാട്ടും ഉറക്കത്തിന്റെ ലഹരിയിൽ മയങ്ങിക്കിടക്കുകയാണ്. എങ്ങും ഒരു ശബ്ദവുമില്ല; ചലനവും.

അന്നു രാവിലെ വേഷം മാറി കോട്ടയിൽ നിന്നു പുറത്തുകടന്ന കുഞ്ഞാലിമരയ്ക്കാരുടെ വിശ്വസ്ത ഭൃത്യൻ മായനും അനുയായികളും പകൽമുഴുവൻ അങ്ങുമിങ്ങും അലഞ്ഞുനടന്നു. നല്ല ഇരുട്ടായപ്പോൾ ഇരിങ്ങൽപാറയുടെ അടിവാരത്തെത്തി. പതുക്കെ, ശബ്ദമുണ്ടാക്കാതെ അവർ നെഞ്ഞിട്ടു നിരങ്ങി പാറ കയറാൻ തുടങ്ങി.

കാലേക്കുട്ടി അവിടെ സ്ഥലം പിടിച്ചവർ അക്കാര്യമൊന്നും അറിഞ്ഞില്ല, പാറയുടെ ചരുവിൽനിന്നും കുറുനരികൾ ഓരിയിട്ടു. സമയം എത്രയെന്നൊരു പിടിയുമില്ല. കത്തിച്ചുകാണിക്കാനുള്ള പന്തവും മുമ്പിൽവെച്ച് അവർ നിമിഷങ്ങളെണ്ണി. നല്ല തണുത്ത കടൽക്കാറ്റ് വീശുന്നുണ്ട്. ഉറങ്ങിപ്പോവാനെളുപ്പം. ഉറങ്ങരുത്. കാത്തിരിക്കണം. ആദ്യത്തെ കോഴി കൂകുന്നതു കേട്ടാൽ പന്തങ്ങൾ കൊളുത്തി പാറപ്പുറത്തൂടെ ഓടാനാണ് കല്പന. കോഴി കൂകുന്നതു കേൾക്കണം. ശ്രദ്ധിച്ചിരുന്നു.

കോഴികൂകലിന്നു പകരം കാൽപെരുമാറ്റമാണ് കേൾക്കുന്നത്. വിജനമായ പാറപ്പുറത്തു ചെകുത്താന്മാർ പാർപ്പുറപ്പിച്ചിട്ടുണ്ടോ? അന്വേഷിക്കാൻവേണ്ടി എല്ലാവരും എഴുന്നേറ്റു. അന്വേഷിക്കാൻ കഴിയുന്നതിനുമുമ്പ് ചെകുത്താന്മാർ അവരുടെ മേൽ ചാടിവീണു...

പാതിരാവിനു മുമ്പുതന്നെ ഡിസിൽവയും കൂട്ടുകാരും പുഴയ്ക്കക്കരെ നടന്നെത്തി. പുലർച്ചെ അടയാളം നോക്കിക്കാണാൻ വിശ്വസ്തരായ ഭൃത്യന്മാരെ ഏൽപിച്ചു ഡിസിൽവ വിശ്രമിക്കാൻ പോയി. തെക്കുവശത്തുള്ള കപ്പിത്താൻ പരൈരയ്ക്കു മറ്റുള്ളവരെ വിശ്വാസമില്ല. അതുകൊണ്ടു സൂചന കാണാൻ അയാൾതന്നെ ഉറക്കമിളച്ചിരുന്നു.

കുഞ്ഞാലിമരയ്ക്കാർ അക്ഷമനായി അങ്ങട്ടുമിങ്ങട്ടും നടക്കുകയാണ്. ഇരിങ്ങൽ പാറയുടെ തലപ്പത്തുനിന്നു കണ്ണെടുക്കാൻ കഴിയുന്നില്ല. കാലേക്കുട്ടി പറഞ്ഞുറച്ചപ്രകാരം മായൻ അവിടെ എത്തിയില്ലേ? പരിപാടികൾ പൊളിഞ്ഞോ? ആലോചന വർദ്ധിക്കുംതോറും നടത്തത്തിനു വേഗം കൂടി. ഉത്കണ്ഠയോടെ പിന്നെയും പിന്നെയും മരയ്ക്കാർ നോക്കി.

അതാ! വിജയത്തിന്റെ പൊൻപതാക പോലെ അവിടെയൊരു ചുവന്ന വെളിച്ചം. ഹൃദയം തുടിച്ചു. മായനെ മനസാ അഭിനന്ദിച്ചു. ഒന്നല്ല; നിമിഷങ്ങൾകൊണ്ട് കൂടുതൽ പന്തങ്ങൾ കത്തിയുയരുന്നു. ഇരുപുറവും ദീവട്ടികൾ ജ്വലിക്കുന്നതിനിടയിൽ ഉത്സവച്ചടങ്ങിനെഴുന്നെള്ളിച്ച ആനയെപ്പോലെ ഇരിങ്ങൽപാറ ഒന്നുമറിയാത്തമട്ടിൽ നിൽക്കുന്നു.

പുഴവെള്ളത്തിലും കടൽവെള്ളത്തിലും അഗ്നിജ്വാല പ്രതിബിംബിച്ചു. പാറപ്പുറത്തൂടെ ആ വെളിച്ചം അതിവേഗത്തിൽ ചുറ്റിസഞ്ചരിച്ചു. ക്രമേണ ഇരുട്ടിന്റെ മാറിൽ അതൊരു പൊൻവളയംപോലെ പ്രകാശിച്ചു.

ആദ്യത്തെ വെടി മുഴങ്ങിയതു കടലിൽനിന്നാണ്. അതേ ഭാഷയിൽ തുറമുഖത്തുനിന്നു മറുപടി ഉയർന്നു.

കപ്പിത്താൻ പരൈര തന്റെ സൈന്യത്തിന്നു മുന്നേറാൻ കല്പന കൊടുത്തു. തെക്കുവശത്തെ കൊത്തളങ്ങളിലും ഗോപുരങ്ങളിലുമുള്ള പീരങ്കികൾ ഗർജ്ജിച്ചു.

ഭൃത്യന്മാർ ഓടിച്ചെന്നു ഡിസിൽവയെ വിവരമറിയിച്ചു. ഡിസിൽവ അനങ്ങിയില്ല.നിർദേശം കിട്ടാനുള്ള സമയമായിട്ടില്ല, ഏതോ പിശകു പറ്റിയതാണെന്ന് അയാൾ ഉറപ്പിച്ചു. തന്റെ കല്പന കിട്ടുന്നതുവരെ അനങ്ങിപ്പോകരുതെന്നു മറ്റുള്ളവരെ ശാസിച്ചടക്കിനിർത്തി.

വടക്കുവശത്തെ പുഴക്കരയിലുള്ള വൃക്ഷങ്ങളിലാണ് ഫർണാണ്ടസ്സും കൂട്ടുകാരുമുള്ളത്. ശത്രുക്കൾ ചങ്ങാടത്തിലൂടെ പുഴ കടക്കാനൊരുങ്ങുമ്പോൾ അവരെ അമ്പെയ്തുപുഴയിൽ വീഴ്ത്തണമെന്നാണുദ്ദേശ്യം. ആദ്യം ഐദ്രോസിന്റെ തോക്കു പൊട്ടും. ആ ശബ്ദം കേട്ടാൽ ഉടനെ അമ്പയയ്ക്കണമെന്ന് അവൻ കൂട്ടുകാരെ പറഞ്ഞു പഠിപ്പിച്ചു. തോക്കു പൊട്ടുന്ന ശബ്ദം കേൾക്കുന്നതുവരെ എന്തു സംഭവിച്ചാലും അനങ്ങിപ്പോകരുതെന്നു പ്രത്യേകം നിർദ്ദേശിച്ചു.

യുദ്ധം തുടങ്ങാനുള്ള സൂചന നൽകിയതു ഫർണാണ്ടസ്സും കണ്ടു. പുഴയ്ക്കക്കരെ യാതൊരു ചലനവുമില്ല. ഫർണാണ്ടസ്സും ഐദ്രോസും ഒരു മരത്തിലാണ് കയറിയിരിക്കുന്നത്. ശത്രുക്കൾ അനങ്ങാതിരിക്കുന്നത് എന്തുകൊണ്ടെന്ന് അവർക്കു മനസ്സിലായില്ല. കാത്തിരുന്നു.

കോഴികൂകി. വൃക്ഷത്തലപ്പിലിരുന്ന മണ്ണാത്തിക്കിളികൾ ഈശ്വരനാമംചൊല്ലി. കിഴക്കു പതുക്കെ ചുവക്കാൻ തുടങ്ങി. മറുഭാഗത്തു യാതൊരു ചലനവുമില്ല. പരസ്പരം കണ്ടാൽ തിരിച്ചറിയാവുന്ന തരത്തിൽ വെളിച്ചം പരന്നു.

ആദ്യം ഐദ്രോസാണ് കണ്ടത്. ഏതാനും ചങ്ങാടങ്ങൾ വരുന്നു. മുമ്പിലുള്ള ചങ്ങാടത്തിൽ പോർച്ചുഗീസ് കൊടിയുണ്ട്. പുഴയ്ക്കക്കരെനിന്നു പിന്നെയും ചങ്ങാടങ്ങൾ പുറപ്പെടുന്നു. യുദ്ധത്തിന്നുള്ള ഒരുക്കംതന്നെ.

ഒന്നാമതു പുറപ്പെട്ട ചങ്ങാടങ്ങൾ പുഴയുടെ മധ്യത്തിലെത്തി. ഐദ്രോസ് തോക്കു നിറയൊഴിക്കാനൊരുങ്ങി. ഫർണാണ്ടസ് വിലക്കി.

മിക്കവാറും ചങ്ങാടങ്ങൾ പുഴയിലിറങ്ങി. ഫർണാണ്ടസ് വെടിക്കു ലക്ഷ്യം കുറിച്ചുകൊടുത്തു. പിറകിലുള്ള ചങ്ങാടത്തിനു നേർക്ക്. തോക്കു പൊട്ടി, മരത്തലപ്പുകളിൽനിന്നു മഴപെയ്യുംപോലെ അസ്ത്രങ്ങൾ പുഴയിലേക്കു പാഞ്ഞു.

അവിചാരിതമാണ് സംഭവം. എങ്ങുനിന്നെന്നറിയാതെ അസ്ത്രങ്ങൾ വരുന്നു. കൊള്ളുന്നവർ പുഴയിലേക്ക് മറിഞ്ഞുവീഴുന്നു. ശത്രുനിരയിൽ ആകപ്പാടെ പരിഭ്രമം. പിറകിൽനിന്നു വന്ന ചങ്ങാടങ്ങൾ നിൽക്കക്കള്ളിമുട്ടി പിൻതിരിഞ്ഞു.

ആദ്യം പുറപ്പെട്ടവർ അപകടം കൂടാതെ കരപറ്റി. പോർച്ചുഗീസ് പതാക വഹിച്ചുകൊണ്ട് അവർ നടന്നു. കരയിൽഒരിടത്തു പതാക സ്ഥാപിച്ചു. അവർ പിൻതിരിഞ്ഞു നോക്കി. പിറകിലുള്ള ചങ്ങാടങ്ങൾ മടക്കിത്തുഴയുകയാണ്. തൊപ്പിയും

തുവാലയുമെടുത്തു വീശി അട്ടഹസിച്ച് എന്തൊക്കെയോ വിളിച്ചുപറഞ്ഞു പിൻതിരിയുന്നവരെ പ്രോത്സാഹിപ്പിക്കാൻ കരയ്ക്കണഞ്ഞവർ ശ്രമിച്ചു.

പതാകയ്ക്കുചുറ്റും നിൽക്കുന്നവരെ നോക്കി ഫർണാണ്ടസ് ഐദ്രോസിനോടു പറഞ്ഞു:"

"ആ നിൽക്കുന്നവനെ കണ്ടോ?"

"ആരാത്?"

"ഡിസിൽവ."

"എന്ത്?" ഐദ്രോസ് മിഴിച്ചുനോക്കി.

അതേ. ഡിസിൽവതന്നെ. തണ്ടുവലിക്കാരുടെ നിലയിൽ അനുഭവിച്ച എല്ലാ ദുരിതങ്ങളും അവരുടെ മനസ്സിലൂടെ കടന്നുപോയി.

"കൊടുക്ക്, അവന്റെ നെഞ്ചിൽത്തന്നെ ഒരമ്പ്." അക്ഷമനായി ഐദ്രോസ് പറഞ്ഞു.

"വരട്ടെ. അവനെ അങ്ങനെ കൊന്നാൽ പോരാ." പല്ലു കടിച്ചുകൊണ്ടു ഫർണാണ്ടസ് മറുപടി പറഞ്ഞു.

പിൻതിരിഞ്ഞോടുന്നവരെ അപ്പോഴും അസ്ത്രങ്ങൾ ഭീഷണിപ്പെടുത്തുന്നുണ്ടായിരുന്നു. പോർച്ചുഗീസ് പതാകയ്ക്കു ചുറ്റും നിൽക്കുന്നവർ എന്തൊക്കെ ചെയ്തിട്ടും അവരെ തിരിച്ചുകൊണ്ടുവരാൻ പറ്റിയില്ല. എല്ലാം കണ്ടു സന്തോഷിക്കുന്ന ഫർണാണ്ടസ് പറഞ്ഞു.

"ഉം! വാളെടുത്തോ."

രണ്ടുപേരും വാളെടുത്തു. മരത്തിൽനിന്നു ചാടിയിറങ്ങി. കൊടുങ്കാറ്റിന്റെ വേഗത്തിൽ മുമ്പോട്ടോടി. ഏറെ താമസമുണ്ടായില്ല. ഡിസിൽവ അടക്കം കരയ്ക്കിറങ്ങിയ എല്ലാവരും വീണു.

ഫർണാണ്ടസ്സിനു പക തീർന്നില്ല. അവൻ ഡിസിൽവയുടെ തലയറുത്തു മരക്കൊമ്പിൽ തൂക്കി. പോർച്ചുഗീസ് പതാകയുമെടുത്ത് അനുയായികളോടൊപ്പം കോട്ടയിലേക്കു മടങ്ങി.

തെക്കുവശത്തുള്ള യുദ്ധം ഉച്ചവരെ നീണ്ടുനിന്നു. കോട്ടയിൽ നിന്നു പറന്നുവന്ന പീരങ്കിയുണ്ടയ്ക്കും അസ്ത്രത്തിനും ഉരുളൻകല്ലിന്നുമെതിരെ തന്റെ സൈന്യങ്ങളെ ഒതുക്കി നിർത്താൻ കപ്പിത്താൻ പരൈരയ്ക്കു കഴിഞ്ഞില്ല. ഉച്ചയായപ്പോൾ ഭയങ്കര നാശനഷ്ടങ്ങളോടെ പരൈര പിൻവാങ്ങി.

വിജയോന്മത്തനായ കുഞ്ഞാലിമരയ്ക്കാർ സ്വന്തം പുത്രനെയെന്നപോലെ ഫർണാണ്ടസ്സിനെ മാറോടണച്ചു പുൽകി. എല്ലാ വിജയത്തിനും കാരണം അവനാണെന്നു പ്രശംസിച്ചു.

അനവരതം കൊതിച്ചുകൊണ്ടിരുന്ന ഒരു ജീവിതത്തിൽ കാലുകുത്തിയതു തന്നെ വിജയശ്രീലാളിതനായിട്ടാണ്. ഫർണാണ്ടസ് എല്ലാറ്റിനും ഐദ്രോസിനെ

അഭിനന്ദിച്ചു. 'ആയിരം കാലൻതേളി'ന്റെ പിടിയിൽ നിന്ന് ഐദ്രോസാണല്ലോ അവനെ രക്ഷിച്ചത്!

— 19 —

# പത്തൊൻപത്

പൂർണചന്ദ്രൻ ഉദിച്ചുയർന്നു. അറബിക്കടലിന്റെ ഹൃദയം തുടിച്ചു നെടുവീർപ്പുകൊണ്ടു മാറിടമുയരുമ്പോലെ അവിടവിടെ വിങ്ങിപ്പൊങ്ങുന്ന കടൽവെള്ളത്തെ കീറിമുറിച്ച കപ്പൽ പതുക്കെ മുമ്പോട്ടുനീങ്ങുമ്പോൾ ചന്ദ്രന്റെ പ്രതിബിംബം ചിന്നച്ചിതറി വെള്ളിപ്പാമ്പുകളായി പിറകോട്ട് ഓടുന്നതും നോക്കി ഫർണാണ്ടസ് പാമരത്തിൽചാരിനിന്നു. അകലെ മങ്ങിമായുന്ന തീരദേശത്തിനൊപ്പം ഭൂതകാലസ്മരണകൾ അവന്റെ ഉന്മത്തഹൃദയത്തോടു യാത്രപറഞ്ഞുതുടങ്ങി.

എല്ലാം ഒരു ദുഃസ്വപ്നമായിരുന്നു!

മുമ്പിൽ പുതിയ അനുഭവങ്ങൾ ഒരുങ്ങിനിൽക്കുന്നു. കുട്ടിക്കാലം മുതൽ കൊതിക്കുന്നതാണ്, ഒരു കടൽപ്പടയെ നയിക്കാൻ. പലപ്പോഴുംനിരാശനായിട്ടുണ്ട്. ജീവിതാശപോലും നഷ്ടപ്പെട്ടിട്ടുണ്ട്. അന്നൊക്കെ ഒട്ടും ഇളകാതെ ഹൃദയത്തെ പിടിച്ചുനിർത്തിയതു പറങ്കികളോട് പകവീട്ടാനുള്ള അഭിലാഷമാണ്.

ഒടുവിൽ ആ മുഹൂർത്തവും കൈവന്നു. ചെറിയ മൂന്നു കപ്പലുകൾ, ഏഴു വലിയ പടത്തോണികൾ, വേണ്ടത്ര ആയുധങ്ങൾ, ഏതു വിപത്തിലും ധൈര്യം കൈവിടാത്ത ഏതാനും അനുയായികൾ-ഇവയെല്ലാം ഫർണാണ്ടസ്സിന്റെ നിയന്ത്രണത്തിലാണ് ഇപ്പോൾ. ഒരു കുറവേയുള്ളൂ. നല്ല പീരങ്കിയും വെടിക്കോപ്പുമില്ല. ശ്രമിച്ചാൽ അതും സാധിക്കും. ഈ ഭാഗ്യം അവിചാരിതമായി വന്നുചേർന്നതാണ്, ഒരു നിമിഷംകൊണ്ട് ഒരു കടൽപ്പടയുടെ നായകനാക്കി അവനെ അവരോധിച്ചതു കുഞ്ഞാലിമരയ്ക്കാരായിരുന്നു. കോട്ടയിൽനിന്നു കുഞ്ഞാലിമരയ്ക്കാരോടു യാത്രപറഞ്ഞു പിരിഞ്ഞ വികാരനിർഭരമായ രംഗം മനസ്സിൽനിന്നു മായുന്നില്ല.

യുദ്ധംകഴിഞ്ഞു. സാമൂതിരി രാജാവ് ദുഃഖിതനും ലജ്ജിതനുമായി കോഴിക്കോട്ടേക്കു തിരിച്ചു. പറങ്കികൾ പുറങ്കടലിലേക്കു പിൻവാങ്ങി. ഒരാഴ്ചയോളം കോട്ടയിൽ വിജയാഘോഷമായിരുന്നു. അതുകഴിഞ്ഞു ജീവിതം സാധാരണനിലയിക്കു തിരിച്ചുവന്നു. കോട്ടയിലുള്ള എല്ലാ കരുത്തും അസാധാരണമാംവിധം ഒത്തുചേർന്ന ഒരു

പടയാളിയെന്ന നിലയിൽ, സ്ഥാനമാനങ്ങൾ നൽകി ഫർണാണ്ടസ്സിനെ കോട്ട യിൽതന്നെ നിർത്താൻ കുഞ്ഞാലിമരയ്ക്കാർ ആശിച്ചു. അത് അവനോട്ട് ഒരു ദി വസം തുറന്നുപറയുകയും ചെയ്തു. ഫർണാണ്ടസ് വിനയപൂർവ്വം അതിനു മറുപടി കൊടുത്തു:

“വേണ്ടാ; എനിക്കു പോണം.”

അപ്രതീക്ഷിതമായിരുന്നു ആ അഭ്യർത്ഥന. കൺകോണിന്റെ നേരിയ ഒരു ചലനംകൊണ്ടു നൂറുകണക്കിൽ പടയാളികളെ വരച്ച വരയിൽ നിർത്താനും മരണ ത്തിന്റെ മുമ്പിലേക്ക് ഓടാനും കഴിയുന്ന കുഞ്ഞാലിമരയ്ക്കാർ സേനാധിപന്റെ അന്ത സ്സും ആജ്ഞാശക്തിയും കലരാത്ത സ്വരത്തിൽ ചോദിച്ചു:

“ഉം? എങ്ങോട്ട്?”

“കടലിലേക്ക്.” ഒട്ടും സങ്കോചമില്ലാതെ, എന്നാൽ തികച്ചും വിനീതനായിത്ത ന്നെ ഫർണാണ്ടസ് മറുപടി പറഞ്ഞു.

പെറ്റുവീണ കടപ്പുറത്തേക്ക്, സ്വന്തം കുടിയിലേക്ക്, അച്ഛനമ്മമാരുടെ അടുക്ക ലേക്ക്, പോകാനുള്ള കൊതിയാവണമെന്ന് ആദ്യത്തെ അപേക്ഷ കേട്ടപ്പോൾ കു ഞ്ഞാലി മരയ്ക്കാർക്കു തോന്നി. തരക്കേടില്ല, പോയി വരട്ടെ; എല്ലാവരെയും ഒന്നു കാണട്ടെ. ദീർഘകാലത്തെ വിരഹത്തിനുശേഷം അങ്ങനെയൊരു കൊതി തോ ന്നിയതിൽ തെറ്റില്ല. എന്നാൽ തുടർന്നു ചോദിച്ചപ്പോൾ മറ്റൊരു മറുപടിയാണ് കിട്ടിയത്.

കടലിലേക്കു പോകണമത്രേ. ആർക്കുവേണ്ടി എന്തിനുവേണ്ടി? ഒന്നും വ്യക്ത മല്ല. കുഞ്ഞാലിമരയ്ക്കാർ ഇമവെട്ടാതെ ഫർണാണ്ടസ്സിനെ അൽപ്പനേരം നോക്കി ക്കൊണ്ടിരുന്നു. പിന്നെ എഴുന്നേറ്റു കൈകൾ പിന്നിൽ ചേർത്തു കെട്ടി. തലതാഴ്ത്തി അങ്ങുമിങ്ങും നടന്ന് ആലോചിച്ചു. ഒരെത്തും പിടിയും കിട്ടുന്നില്ല.

അവൻ എല്ലാംതുറന്നുപറഞ്ഞു. കടലിലേക്കു പോണം. പറങ്കികൾക്ക് നിരന്ത രശല്യമുണ്ടാക്കണം. അതിനുള്ള അനുമതിയാണ് അവനു വേണ്ടത്. സഹായവും, ആ അപേക്ഷ അവന്റെ പേരിലുള്ള സ്നേഹവും ബഹുമാനവും വർദ്ധിപ്പിച്ചതേയുള്ളു. കുഞ്ഞാലിമരയ്ക്കാർ സമ്മതിച്ചു. മാടായിത്തുറമുഖത്തുള്ള ഒരു ബന്ധുവിന് ഒരു കുറിപ്പു കൊടുത്തു: നാലഞ്ചു തുഴച്ചിൽക്കാരോടൊപ്പം വലിയ ഒരു തോണിയും.

“പോയി വാ. ആവശ്യം വരുമ്പോൾ വിവരം തന്നാൽ ഇവിടെത്തന്നെയെ ത്തണം.”

ഫർണാണ്ടസ് വിറയ്ക്കുന്ന ചുണ്ടുകൊണ്ടു കുഞ്ഞാലിമരയ്ക്കാരുടെ കൈപ്പട ത്തിൽ ചുംബിച്ച് അനുഗ്രഹത്തിനുവേണ്ടി തല കുനിച്ചു. മാറിൽ തൂങ്ങുന്ന കുരിശ ടയാളം കുപ്പായത്തിന്റെ വിടവിലൂടെ തെളിഞ്ഞുകാണുന്നു. മരയ്ക്കാർക്കു സഹിച്ചില്ല. തന്റെ ആജന്മ ശത്രുക്കൾ ആരാധിക്കുന്ന അടയാളമാണത്. അതുംകൊണ്ടുപോ യാൽ മാടായിൽനിന്നു ചിലപ്പോൾ സഹായം കിട്ടിയില്ലെന്നുവരും. മരയ്ക്കാരുടെ

കൈ പതുക്കെ ഉയർന്നു. ചൂണ്ടുവിരൽകൊണ്ടു കൊളുത്തിവലിച്ച് ആ കുരിശടയാളം പൊട്ടിച്ചെറിഞ്ഞ് അവന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കികൊണ്ടു പറഞ്ഞു:

“ഇനി പോക്. ആപത്തൊന്നും പറ്റാണ്ടിരിക്കാൻ ഇതു കൈയിൽ വെച്ചോ.” പച്ചക്കല്ലുവച്ച ഒരു തമ്പാക്കു മോതിരം ഊരി ഫർണാണ്ടസ്സിന്റെ കൈയിൽ കൊടുത്തു.

“ഒടപ്പിറപ്പുകളാരെങ്കിലും വന്നാൽ ഇതു കാട്ടിക്കോ. ഒരാപത്തും വരില്ല.”

എങ്ങനെ കൃതജ്ഞത പറയണമെന്നു ഫർണാണ്ടസ്സിനറിഞ്ഞു കൂടായിരുന്നു. അവൻ ഒന്നും പറയാതെ നിന്നു വിഷമിച്ചു.

ശത്രുക്കളുടെ വെടിയുണ്ടകൾക്കുപോലും പിടുത്തം കൊടുക്കാത്ത ഉരുക്കുചട്ട പോലുള്ള മാറിടത്തിൽ പിടിച്ചടുപ്പിച്ച് ഒരു മകനെയെന്നപോലെ ഗാഢമായാശ്ലേഷിച്ചു കുഞ്ഞാലിമരയ്ക്കാർ അവനെ പറഞ്ഞയച്ചു. നനഞ്ഞ കണ്ണുകൾ തുടച്ചുമാറ്റിക്കൊണ്ട് അവൻ നടന്നു. പുഴക്കര ഐദ്രോസ് കാത്തുനിൽപ്പുണ്ടായിരുന്നു. യാത്ര പറയാൻ വിഷമം തോന്നി. രണ്ടുപേരും ഒന്നും മിണ്ടാതെ നിന്നു.

വർഷങ്ങൾക്കു മുമ്പു പരമശത്രുവായി മുമ്പിൽ പ്രത്യക്ഷപ്പെടുകയും പിന്നീട് സത്യസന്ധമായ പെരുമാറ്റത്തിലൂടെ തന്റെ ഹൃദയം കവരുകയും ചെയ്തു ഐദ്രോസാണത്. ശത്രുക്കളുടെ പിടിയിൽനിന്ന് പാഞ്ചാലിയെ രക്ഷിച്ചത് ആ മനുഷ്യനാണ്. ഓ! അതൊന്നും വിചാരിക്കാൻ തന്നെ വയ്യാ. കുഞ്ഞാലിയുടെ സ്ഥാനം ഐദ്രോസിനാണുള്ളത്. രണ്ടാളും തന്നെ അതിരുകവിഞ്ഞു സ്നേഹിക്കുന്നവരാണ്. ഒരാൾ വെട്ടേറ്റു കപ്പൽത്തട്ടിൽ വീണു. പറങ്കികൾ കൊത്തിനുറുക്കി ചെറിയ ചെറിയ കഷ്ണങ്ങളാക്കി കുഞ്ഞാലിയെ കടലിലെ മത്സ്യങ്ങൾക്കെറിഞ്ഞുകൊടുത്തു. തന്നെ തികച്ചും മനസ്സിലാക്കി സ്നേഹിക്കുന്ന ഒരേയൊരു വ്യക്തി ഇനിയുള്ളത് ഐദ്രോസാണ്.

വേർപിരിയാൻ വിഷമമുണ്ട്. പോകാനുള്ള തീരുമാനമെടുത്ത ദിവസം മുതൽ ഐദ്രോസ് വിലക്കുകയാണ്. പക്ഷേ, വയ്യാ. കടൽ വിളിക്കുന്നു. ഉറങ്ങുമ്പോഴും ഉണർന്നിരിക്കുമ്പോഴും ആ ശബ്ദം കേൾക്കുന്നു; “പോണം.” യാതൊരു ബന്ധത്തിനും അവനെ പിടിച്ചു നിർത്താൻ കഴിയില്ല. ശക്തിമത്തായ പ്രേരണയാണ്.

“പൊക്കാ!” അവസാനമായി ആ വിളി കേട്ടതു ഗോവയിലെ നദീതീരത്തുവെച്ചാണ്. പിന്നെ അയാളങ്ങനെ വിളിച്ചിട്ടില്ല. മാറിലെ കുരിശടയാളമുള്ളപ്പോൾ ആരും തന്നെ പൊക്കനെന്നു വിളിക്കുന്നതവനിഷ്ടപ്പെട്ടില്ല. അവൻ അറിയാതെ മാറിൽ തപ്പിനോക്കി. ഇന്ന് അതവിടെയില്ല. അതു കഴുത്തിൽ കെട്ടിച്ച ആളും അറുത്തെറിഞ്ഞ ആളും എന്താണുദ്ദേശിച്ചതെന്നറിഞ്ഞുകൂടാ; അന്വേഷിച്ചതുമില്ല. രണ്ടാളുടെ ചെയ്തിയിലും അവൻ പ്രതിഷേധിച്ചില്ല. കെട്ടുന്നവർകെട്ടട്ടെ. അറുക്കുന്നവർ അറുക്കട്ടെ. അതാണവന്റെ മനോഭാവം. ഐദ്രോസിന്റെ ശബ്ദം പിന്നെയും കേൾക്കുന്നു.

“ഇജ്ജ് വളയക്കടപ്പുറത്ത് പോണില്ലേ?”

എന്താണ് പറയേണ്ടത്? വളയക്കടപ്പുറത്തു പോണം. ഇന്നല്ലെങ്കിൽ നാളെ അവനു ചെന്നുചേരേണ്ട സ്ഥലം അതാണ്. അച്ഛനെയും അമ്മയെയും കാണണം; ആറ്റുനോറ്റിരിക്കുന്ന പാഞ്ചാലിയെ ചെന്നാശ്വസിപ്പിക്കണം. പക്ഷെ, ബദ്ധപ്പെട്ടങ്ങു ചെന്നാലൊരു കുഴപ്പമുണ്ട്. അച്ഛനും അമ്മയും പിന്നെ അനങ്ങാൻ വിടില്ല. അമ്മ ശരീരംകൊണ്ടും വയ്യെങ്കിലും അവനെയെടുത്തു തോളിലിട്ടു നടക്കാൻ ശ്രമിക്കും. കടലിൽ പോകാനും മീൻ പിടിക്കാനും കൂടി സമ്മതിക്കില്ല. പാഞ്ചാലിയെ ചെന്നു കണ്ടാൽ അവളെപ്പിന്നെ വിട്ടുപിരിയാൻ വിഷമം തോന്നും. അതുകൊണ്ടു തൽക്കാലം അതു വയ്യാ. ആഗ്രഹങ്ങളൊക്കെ സാധിപ്പിക്കണം. വെള്ള്യാൻകല്ലിൽവെച്ച ബലാൽക്കാരം ചെയ്തു കൊന്ന പെണ്ണുങ്ങൾക്കുവേണ്ടി, കൊത്തിനുറുക്കി കടലിൽ കലക്കിയ കുഞ്ഞാലിയുടെ ആത്മാവിനുവേണ്ടി, പറങ്കികളോടു പകരം ചോദിക്കണം. പാഞ്ചാലിയെ ദ്രോഹിച്ചതിനു പ്രത്യേകമായി ചോദിക്കണം. അതുസാധിച്ചല്ലാതെ 'പൊക്ക' നായിട്ടു വളയക്കടപ്പുറത്തു കാലുകുത്തില്ല. അതുവരെ ഫർണാണ്ടസ്സെന്ന പുറംതോടും പേറി നടക്കാൻ തന്നെ അവൻ തീരുമാനിച്ചു.

"ജ്ജെന്താ മുണ്ടാത്തത്?" പിന്നെയും ഐദ്രോസ് ചോദിക്കുന്നു:

"ജ്ജ് വളയക്കടപ്പുറത്തു പോഗിലേ?"

എന്തെങ്കിലും മറുപടി പറഞ്ഞ് അയാളെ സമാധാനിപ്പിക്കണം. ഇല്ലെങ്കിൽ ചോദ്യങ്ങൾ ഇനിയും വന്നുകൊണ്ടിരിക്കും.

"പോകും."

"എപ്പള്?"

എപ്പളെന്നവൻ തീരുമാനിച്ചിട്ടില്ല. ഉദ്ദേശ്യങ്ങൾ മിക്കതും നിറവേറ്റീട്ടു പോണം. അതു തുറന്നുപറഞ്ഞാൽ ഐദ്രോസ് വഴക്കുണ്ടാക്കും. വാദപ്രതിവാദത്തിനു വയ്യാ.

"നേരെ അങ്ങട്ട് പൊയ്ക്കോ ജ്ജ്." അതൊരു കൽപനയായിരുന്നു. ഫർണാണ്ടസ് തല കുലുക്കി; കേവലം യാന്ത്രികമായിട്ട്, അധികമൊന്നും പിന്നെ സംസാരിച്ചില്ല. വേഗം പുറപ്പെട്ടു.

ഒരു മരപ്രതിമപോലെ ഐദ്രോസ് പുഴക്കരയിലെ പൂഴിപ്പരപ്പിൽ നിൽക്കുന്നത് അവൻ കണ്ടു. തുഴച്ചിൽക്കാർ ധൃതികൂട്ടുകയാണ്. സന്ധ്യയ്ക്കുമുമ്പ് അഴിമുഖം കടന്നു കടലിലെത്തണം. വേലിയേറ്റം തുടങ്ങിയാൽ വിഷമമാണ്. തോണി ഒരു വളവു തിരിഞ്ഞു. ഐദ്രോസ് കൈപൊക്കി എന്തോ അടയാളം കാട്ടുന്നത് അവൻ കണ്ടു. ഉടനെ കാഴ്ചപ്പാടിൽ നിന്നു മറഞ്ഞു.

ഇനി കാണാൻ പറ്റുമോ? അറിഞ്ഞുകൂടാ. അടുത്തു നിൽക്കുമ്പോൾ യാത്ര പറയാനുള്ള ബദ്ധപാടായിരുന്നു. അകന്നുപിരിഞ്ഞപ്പോൾ വീണ്ടും കാണണമെന്നു തോന്നുന്നു. ഈ വേർപാട് എന്നു തുടങ്ങിയതാണ്? കടലിന്റെ മുറ്റത്തുവച്ച് കടലിൽവെച്ച് നദീതീരത്തു വെച്ചും പല ബന്ധങ്ങളും ഇങ്ങനെ തകർന്നു പോയിട്ടുണ്ട്. അതിനിയും തകരും. തകർന്ന ബന്ധങ്ങളുടെ പാട് ഹൃദയം നിറച്ചുമുണ്ട്. അവ വേ

ദനിക്കുന്നവയാണ്. കണ്ണുകൾ നനയുന്നു. പിരിഞ്ഞു പോയവർക്കുവേണ്ടി കണ്ണീർ അതിന്റെ കടമ നിറവേറ്റുന്നു.

മാടായിത്തുറമുഖത്തു വിഷമമമൊന്നുമുണ്ടായില്ല. കാണേണ്ടവരെ വേഗത്തിൽ കണ്ടു. കപ്പലും തോണിയും വേഗത്തിലൊരുങ്ങി. സഹായികളെയും കിട്ടി. അങ്ങനെയാണ് ശരിക്കുള്ള കടൽയാത്ര ആരംഭിച്ചത്. കുഞ്ഞാലിമരയ്ക്കാരുടെ മുദ്രമോതിരം കൈവിരലിൽ കിടപ്പുണ്ട്. രാത്രിയായപ്പോൾ അതിന്റെ പച്ചക്കല്ല് പ്രകാശം ചൊരിയാൻ തുടങ്ങി.

എവിടേക്കു പോകണമെന്നു തണ്ടുവലിക്കാരോടു പറഞ്ഞില്ല. അവർ ലക്ഷ്യമില്ലാതെ പതുക്കെപ്പതുക്കെ തണ്ടു വലിക്കുകയാണ്. അല്പം ധൃതികൂട്ടാൻ പറഞ്ഞില്ലെങ്കിൽ അവർക്കെന്തു തോന്നും? ഒരു കപ്പിത്താന്റെ ഗൗരവത്തോടെ അവൻ കല്പന കൊടുത്തു:

“പുറംകടലിലേക്ക്.”

ചന്ദ്രിക വീണു വെട്ടിത്തിളങ്ങുന്ന അറബിക്കടലിന്റെ മാറിലൂടെ ആ കൊച്ചു കടൽപ്പട മുമ്പോട്ടു നീങ്ങി; ചക്രവാളത്തെ ലക്ഷ്യംവെച്ചുകൊണ്ട്. ആ ജലപ്പരപ്പിൽവെച്ചു പറങ്കികളുടെ ചാട്ടവാർ പലതവണ ശരീരത്തിൽ പുളഞ്ഞുകയറി മാംസം പിച്ചിച്ചീന്തി കൊണ്ടുപോയിട്ടുണ്ട്. ദിവസങ്ങളോളം വിശ്രമമില്ലാതെ തണ്ടുവലിച്ചിട്ടുണ്ട്. ദാഹംകൊണ്ടു കണ്ഠം പൊടിഞ്ഞുപൊടിഞ്ഞുപോകുമ്പോൾ യജമാനന്മാരെപ്പോലെ പറങ്കികൾ കൺമുമ്പിൽവെച്ച് വീഞ്ഞ് കുടിക്കുന്നത് അത്യാർത്ഥിയോടെ നോക്കിനിൽക്കേണ്ടിവന്നിട്ടുണ്ട്. എന്തൊക്കെ അനുഭവിച്ചു തഴമ്പിച്ച ജീവിതമാണ്.

ആനപ്പുറത്തു തിടമ്പെഴുന്നള്ളിച്ചതുപോലെ ഇരുണ്ട മരത്തോപ്പുകളുടെ തലപ്പത്തു പൂർണചന്ദ്രൻ തിളങ്ങുന്നു. ചന്ദ്രൻ ഉദിച്ചുനിൽക്കുമ്പോൾ കടലിലൂടെ യാത്ര ചെയ്യുന്നതു നടാടെയല്ല. അന്നൊന്നും ചന്ദ്രന് ഇത്ര സൗന്ദര്യമുണ്ടെന്ന് തോന്നിയിട്ടില്ല.

പാതിരാവോളം അങ്ങനെ നിന്നു തണ്ടുവലിക്കാർ പാടുന്നുണ്ട്. ചങ്ങലയ്ക്കിട്ടു ഭീഷണിപ്പെടുത്തി തണ്ടുവലിപ്പിക്കുമ്പോൾ ആർക്കും പാടാൻ തോന്നില്ല. നല്ല രസമുള്ള പാട്ട്! അവർ എത്രയെങ്കിലും പാടട്ടെ. ഓളത്തട്ടു താളം പിടിക്കുന്നുണ്ട്. കടലിനും പാട്ടു രസിച്ചിട്ടുണ്ടാവും.

മലയോരങ്ങളിൽ, പൂത്തുനിൽക്കുന്ന കടമ്പുവൃക്ഷങ്ങളുടെ തണലുകളിൽ, അഴിച്ചിട്ട തലമുടിയിൽ സ്വർണവിരലുകളോടിച്ചു മിന്നൽപ്പിണറിളകുന്ന മഴക്കാലമേഘങ്ങളുടെ പ്രതീതി ജനിപ്പിച്ച്, കാമുകസമാഗമം പ്രതീക്ഷിച്ചു നിമിഷങ്ങളെണ്ണുന്ന നായികമാരുടെ നെടുവീർപ്പുകളും ഹൃദയത്തുടിപ്പുകളും ആ പാട്ടുകളിലൂടെ കേൾക്കാമായിരുന്നു.

പാടിയും രസിച്ചും ആപത്തിന്റെ വായിലേക്കാണവർ നീങ്ങുന്നതെന്നു മനസ്സിലാക്കിയില്ല. ഗുജറാത്തിലെയും കർണ്ണാടകത്തിലെയും കുപ്രസിദ്ധരായ കടൽ

ക്കൊള്ളക്കാർ പുറംകടലിൽ പതിയിരിക്കുന്നുണ്ടായിരുന്നു. ഇരതേടി കുറ്റിക്കാടുകളിലമർന്ന പുലികളെപ്പോലെ സമുദ്രസഞ്ചാരികളെയും കാത്ത് അവർ തഞ്ചം നോക്കി ഉരിക്കുകയായിരുന്നു. അവരുടെ സമ്പ്രദായമാണിത്. പത്തും അമ്പതും കപ്പലുകളുള്ള ഒരു വലിയ സമൂഹം ഒന്നിച്ച് പുറപ്പെടും. അയ്യഞ്ചു നാഴിക ഇടവിട്ട വെടിപൊട്ടിച്ചോ പന്തം കൊളുത്തിയോ അടയാളം കൊടുക്കും. അടുത്തമാത്രയിൽ എല്ലാവരും ചേർന്ന് ഇരയുടെമേൽ ചാടി വീഴും. കൊള്ള ചെയ്യും.

അവിചാരിതമായി എങ്ങുനിന്നോ ഒരു വെടിപൊട്ടുന്നതു കേട്ടു. തണ്ടുവലിക്കാരുടെ ഉത്സാഹം നിലച്ചു. അവരുടെ പാട്ടിനു വിരാമം വീണു. ഫർണാണ്ടസ്സിന് ഒന്നും മനസ്സിലായില്ല. അവൻ ചുറ്റുപുറവും നോക്കി.

അകലെത്തെവിടെയോ ഒരു പന്തം ജ്വലിച്ചു. തുടർന്ന് അതിനപ്പുറം മറ്റൊന്നു ജ്വലിച്ചു. തണ്ടുവലിക്കാരിലൊരുത്തൻ പേടിച്ചുവിറച്ചുകൊണ്ടു വിളിച്ചുപറഞ്ഞു:.

"കടൽക്കള്ളന്മാർ!"

കപ്പലുകൾ നങ്കൂരമിട്ടു നിർത്താനും എല്ലാവരും ആയുധം ധരിച്ചു തയ്യാറാവാനും ഫർണാണ്ടസ് കൽപിച്ചു. സമുദ്രസഞ്ചാരത്തിൽ ധാരാളം പരിചയവും അനുഭവവുമുള്ള ഒരു തണ്ടുവലിക്കാരൻ മുമ്പോട്ടടുത്തു വന്നു പേടിച്ചു വിറച്ചുകൊണ്ടു പറഞ്ഞു: "ആയുധമെടുക്കുന്നതു വെറുതെയാണ്."

ചോദ്യരൂപത്തിൽ ഫർണാണ്ടസ് അവനെ നോക്കി. തണ്ടുവലിക്കാരൻ സ്ഥിതിഗതികൾ മുഴുവനും വിവരിച്ചു. കൂട്ടത്തിൽ പലപ്പോഴായി തനിക്കുണ്ടായ അനുഭവങ്ങളും. അതൊന്നും ഒട്ടും കേൾക്കാൻ രസമുള്ളതായിരുന്നില്ല. ഉത്തരമൊന്നും പറയാതെ എല്ലാം ശ്രദ്ധിച്ചുകേട്ടു. എന്തെങ്കിലും ചെയ്തേ പറ്റൂ. കീഴടങ്ങാൻ ഏതായാലും ഭാവമില്ല. വേണ്ടിവന്നാൽ പൊരുതി മരിക്കും; അത്രതന്നെ. കൂട്ടുകാർക്ക് ഒരുങ്ങിനിൽക്കാൻ കൽപന കൊടുത്തു.

കൊള്ളക്കാരുടെ കപ്പലുകൾ നിമിഷനേരം കൊണ്ടു നാലുഭാഗത്തുനിന്നും അവരെ വളഞ്ഞു. ഒരു വിളിപ്പാടകലെ സമവൃത്താകൃതിയിൽ അവ നിലയുറപ്പിച്ചു.

എതിർക്കാൻ പുറപ്പെട്ടാൽ എല്ലാവരെയും നശിപ്പിക്കുമെന്നും കൈയിലുള്ളതത്രയും അടിയറവെക്കുന്നപക്ഷം ജീവനോടെ തിരിച്ചുപോകാൻ സമ്മതിക്കുമെന്നും കൊള്ളക്കാരുടെ പക്ഷത്തുനിന്നു വിളിച്ചുപറഞ്ഞു. ആരും മറുപടിയൊന്നും പറഞ്ഞില്ല. എല്ലാവരെയും ഉറച്ചു നിൽക്കാൻ ഫർണാണ്ടസ് പ്രേരിപ്പിച്ചു. അടുത്ത നടപടി എന്തായിരിക്കുമെന്ന് അവൻ ഉറ്റുനോക്കി. നല്ല നിലാവുള്ളതുകൊണ്ട് എല്ലാം വ്യക്തമായി കാണാം.

കൊള്ളക്കാരുടെ വലിയൊരു കപ്പൽ പതുക്കെ മുമ്പോട്ടു വന്നു. ഫർണാണ്ടസ്സിന്റെ കപ്പലിനെ മുട്ടിയുരുമ്മിനിന്നു. അതിൽ പുറത്തേക്കു കുഴലുനീട്ടി നിൽക്കുന്ന തോക്കുകളുണ്ടായിരുന്നു. ഏതാനും അനുനായികളോടുകൂടി ഒരു ദീർഘകായൻ കപ്പലിലേക്കു ചാടിക്കയറിവന്നു. എല്ലാവരുടെ കൈയിലും ഉറയിൽനിന്ന് ഊരിപ്പിടിച്ച വാളുണ്ടായിരുന്നു. ദീർഘകായന്റെ ആകൃതിയും പെരുമാറ്റവും കണ്ടാൽ തലവ

നാണെന്നു തോന്നും. ചെമ്പിച്ച തലമുടിയും ഇരുണ്ടനിറവും തീപറക്കുന്ന നോട്ടവുമുള്ള ആ മനുഷ്യൻ കപ്പിത്താനെ അന്വേഷിച്ചു.

ഫർണാണ്ടസ് ഒട്ടും പതറാതെ മുമ്പോട്ടു വന്നു. കൊള്ളത്തലവനു് അഭിമുഖമായി നിന്നു. കപ്പലിലെ മങ്ങിയ വെളിച്ചത്തിൽ അവർ പരസ്പരം മിഴിച്ചു നോക്കി. ശബ്ദിച്ചില്ല. കണ്ണുകളാണു് സന്ദേശം കൈമാറിയതു്.

“കീഴടങ്ങുന്നോ?”

“ഇല്ല.”

“നശിപ്പിച്ചുകളയും!”

“ഭീഷണി വെറുതേ!”

“ജീവൻ വേണോ?”

“നിനക്കുവേണ്ടേ?”

നോട്ടത്തിന്റെ പൊരുൾ രണ്ടുപേർക്കും മനസ്സിലായി. കൊള്ളത്തലവൻ അക്ഷമനായി അലറി:

“പിടിച്ചുകെട്ടടാ ഇവനെ!”

ആ കല്പന മുഴമിക്കാൻ കഴിയുന്നതിനുമുമ്പു് ഫർണാണ്ടസ് ഉറയിൽനിന്നു വാളു വലിച്ചൂരി മുമ്പോട്ടു ചാടി. അല്പനിമിഷത്തെ നിശ്ശബ്ദത.

കൊള്ളത്തലവൻ രണ്ടടി പിന്മാറി. വാൾത്തല കീഴാക്കിപ്പിടിച്ചു തലകുനിച്ചു് ഫർണാണ്ടസ്സിനെ വന്ദിച്ചു.

പരിഹാസമാണോ??

ആർക്കും ഒന്നും മനസ്സിലായില്ല. അത്ഭുതകരമായ സംഭവം കൊള്ളത്തലവൻ വിനീതനായി പറഞ്ഞു:

“അറിയാതെ പറ്റിയതാണ്. ക്ഷമിക്കണം.”

“പരിഹാസം മാറ്റി വാളെടുക്കു്.” ഫർണാണ്ടസ് പൊരുതാനൊരുങ്ങി വിളിച്ചു പറഞ്ഞു.

കൊള്ളത്തലവൻ ഭാവഭേദമില്ലാതെ നിന്നു. ആരംഭത്തിലുള്ള വിനയം ക്രമേണ കൂടുകയാണ്.

“ഞങ്ങളെക്കൊണ്ടു വല്ല സഹായവും വേണമെങ്കിൽ പറയണം.” കൊള്ളത്തലവൻ തുടർന്നു: “ആ മോതിരം തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ അപകടം പറ്റുമായിരുന്നു.”

ഫർണാണ്ടസ്സിനു കാര്യം മനസ്സിലായി. കുഞ്ഞാലി മരയ്ക്കാരുടെ മിടുക്കാണു് കണ്ടതു്. അവൻ കൈവരലിലേക്കു നോക്കി. പ്രകാശം പരത്തുന്ന ആ മുദ്രമോതിരം അവിടെയുണ്ടു്. ബഹുമാനസൂചകമായി പലതവണ അതിനെ തന്റെ കണ്ണുകളിലേക്കടുപ്പിച്ചു. കൊള്ളത്തലവനോടു് എന്താണു പറയേണ്ടതെന്നു് അവനു പിടുത്തമില്ല. തൽക്കാലം ആജീവനാന്ത സുഹൃത്തുക്കളായി കഴിയാമെന്നു ശപഥം ചെയ്തു്

അവർ പിരിഞ്ഞു. ആ സംഭവം മറന്നുകളയണമെന്നും ഒരിക്കലും കുഞ്ഞാലിമരയ്ക്കാരെ അറിയിക്കരുതെന്നും യാത്രപറഞ്ഞു പിരിയുമ്പോൾ കൊള്ളത്തലവൻ പ്രത്യേകം അപേക്ഷിച്ചു.

ഫർണാണ്ടസ് യാത്ര തുടർന്നു.

പുലിപോലെ വന്ന കൊള്ളത്തലവൻ പൈക്കുട്ടിയെപ്പോലെ തിരിച്ചുപോയതു് രസമുള്ള സംഭവമായിരുന്നു. കൈനേട്ടം ഭംഗിയായി. ഒരു കപ്പിത്താന്റെ അന്തസ്സും ഗൗരവവും പുലർത്തണമെന്ന് ഫർണാണ്ടസ്സിനു തോന്നി. സമുദ്രയാത്രയാണ്. കൂടെയുള്ളവർക്ക് വേഗത്തിൽ മടുക്കും. അവിചാരിതമായി അവർ മടങ്ങാൻ പറയും. യാത്ര അവസാനിപ്പിക്കാൻ നിർബന്ധിക്കും. അനുസരിച്ചില്ലെങ്കിൽ ലഹളയ്ക്കൊരുങ്ങും. അതുകൊണ്ട് എന്തും കൽപിക്കാൻ ഒരാൾ വേണം. അയാളെ മറ്റുള്ളവർ അനുസരിക്കണം. അതിനുള്ള വഴികളെല്ലാം പലതവണയായി പറങ്കികളിൽ നിന്നു മനസ്സിലാക്കിയിട്ടുണ്ട്. കപ്പലുകളെ ആക്രമിക്കേണ്ട സമ്പ്രദായം പഠിപ്പിച്ചിട്ടുണ്ട്. പീരങ്കിയുണ്ടകളിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള സാമർത്ഥ്യമുണ്ട്. കടൽത്തിരകളെ ഭേദിച്ചുകൊണ്ടു ശത്രുക്കളെ ഓടിക്കാനും രക്ഷപ്പെടാനുമറിയാം. എല്ലാറ്റിനും നല്ല കരുത്തുള്ള ഒരു കപ്പിത്താൻ വേണം. നല്ല കപ്പിത്താനാവാനുള്ള സൂത്രങ്ങൾ ഉരുവിട്ടു മനസ്സിലുറപ്പിച്ചു.

വരട്ടെ; കാണിച്ചുകൊടുക്കാം.

ഒരു കൊടുങ്കാറ്റുപോലെ അറബിക്കടലിൽ മുഴുവൻ ചീറിപ്പായണം. ശത്രുക്കളിൽ ഒന്നിനെയും വിടാതെ നായാടിപ്പിടിക്കണം. കപ്പലിൽ കൊണ്ടുവന്നു ചങ്ങലയ്ക്കിടണം. തണ്ടുവലിപ്പിക്കണം. ചാട്ടവാറിന്റെ സ്വാദനുഭവിപ്പിക്കണം. അടിമത്തത്തിന്റെ വേദന മനസ്സിലാക്കിക്കൊടുക്കണം.

"വേഗം,വേഗം!" അവൻ വിളിച്ചുപറഞ്ഞു. ആ ശബ്ദത്തിന് ഒരു കപ്പിത്താന്റേതിനെന്നപോലെ ഗൗരവമുണ്ട്. എങ്ങോട്ടെന്നു നല്ല നിശ്ചയമില്ലെങ്കിലും അവൻ വിളിച്ചു പറഞ്ഞു:

"വേഗം, വേഗം!"

ഇഴയുന്ന കപ്പലുകളിൽ നിൽക്കാൻ സുഖമില്ല. വായുവേഗത്തിൽ പറക്കട്ടെ. എങ്കിലേ ഉശിരും ചുണയും അനുഭവപ്പെടുകയുള്ളൂ.

തണ്ടുവലിക്കാർ കിണഞ്ഞു പ്രയത്നിച്ചു. കപ്പലുകൾ കുതറിപ്പാഞ്ഞു. തലയ്ക്കു മുകളിൽ ചന്ദ്രനും നക്ഷത്രങ്ങളും വിരണ്ടോടി. രസമുണ്ട്.

ഈ രസം പൂർത്തിയാവാൻ പറങ്കികളെ വേഗത്തിൽ കണ്ടുമുട്ടണം. അറബിക്കടലിന്റെ വിരിമാറിൽവെച്ചുതന്നെ അവരോടു പകരം ചോദിക്കണം. എന്തൊക്കെ എണ്ണിയെണ്ണിപ്പറയാനുണ്ട്! പറയും.

ശക്തിപൂർവ്വം വീശിക്കൊണ്ടുവരുന്ന കാറ്റ് തലമുടി ചിക്കിച്ചീകി നെറ്റിയിലൂടെ കണ്ണിലേക്കു തള്ളിയിടുന്നു. ദൂരക്കാഴ്ച നഷ്ടപ്പെടുത്തുന്നു. ഫർണാണ്ടസ് ഒരു പട്ടുറുമാലെടുത്തു തലയിൽക്കെട്ടി. ചന്ദ്രിക തട്ടിത്തിളങ്ങുന്ന കടലും വെള്ളമേഘം കൊ

ണ്ടു വക്കു കസവിട്ട ചക്രവാളവും ഗാഢാശ്ലേഷത്തിൽ ലയിക്കുന്ന വിദൂരതയിലേക്കു നോക്കിക്കൊണ്ട് അവൻ നിന്നു. ഇനിയും നേരം പുലരും; സന്ധ്യയാവും. പിന്നെയും ഇരുട്ടു പരക്കും. ദിവസങ്ങളോ മാസങ്ങളോ അങ്ങനെ കഴിയട്ടെ. പറങ്കികളെ കണ്ടല്ലാതെ പിന്മടങ്ങില്ല.

പിറ്റേന്നു രാവിലെ മനുഷ്യവാസമില്ലാത്ത ഒരു ദ്വീപിൽ കപ്പലടുപ്പിച്ചു. ഇടതൂർന്നു വളർന്ന തെങ്ങുകളുടെ ശീതളഛായയിൽ എല്ലാവരും ഇറങ്ങി വിശ്രമിച്ചു.

മാടായിയിൽ നിന്നു വന്ന അബുവാണ് ഇപ്പോൾ ഉറ്റ ചങ്ങാതി. അടുത്ത പരിപാടിയെപ്പറ്റി അബുവുമായി കൂടിയാലോചിച്ചു. ഉദ്ദേശ്യമില്ലാതെ ഇങ്ങനെ കപ്പലോടിച്ചു പോകുന്നു അപകടകരമാണെന്ന് അബുവിന് അഭിപ്രായമുണ്ട്.

“കാരണം?” ഫർണാണ്ടസ് ചോദിച്ചു:

“ബറക്കനെ ഓടിയാൽ മനിസന്റെ തടി ക്ഷീണിക്കും.”

അബുവിന്റെ ന്യായമതാണ്.

ഓടാഞ്ഞാലെങ്ങെന്യാ? പറങ്ക്യേള് ഇങ്ങോട്ട് വര്വോ?”

“ബെരും.”

“എന്ത്?”

“രണ്ടുദിവസം ഇബിടെ കാത്തുനിന്നാൽ ബെരും; ബെരാതിരിക്കൂലാ. ഞമ്മക്ക് നിച്ച്യേള സ്ഥലാണിത്.”

“അതെങ്ങനെ?”

“ഇബിടെ ഒളിച്ചു കുത്തിരിഞ്ഞും കളഞ്ഞ് ഇമ്മിണി പറങ്കിക്കപ്പലിനെ ഞമ്മൾ വെരട്ടീറ്റ്ണ്ട്. അന്നൊക്കെ പക്കേങ്കില് കുഞ്ഞാലിമരയ്ക്കാരും ഞമ്മളെക്കൂടെ ഉണ്ടേയിനും.”

കുഞ്ഞാലിമരയ്ക്കാരുടെ ശിക്ഷണത്തിൽ കടൽയുദ്ധം അഭ്യസിച്ചവനാണ് അബുവെന്ന കാര്യം ഫർണാണ്ടസ് അപ്പോഴാണ് മനസ്സിലാക്കിയത്. സന്തോഷം. അബുവിന്റെ അഭിപ്രായമനുസരിച്ച് രണ്ടോ നാലോ ദിവസം അവിടെ കാത്തുനിൽക്കാം. ഒരു കുഴപ്പവുമില്ല. പറങ്കികളെ കണ്ടുകിട്ടണം. ഈ യാത്രയുടെ ഉദ്ദേശ്യം തന്നെ അതാണ്.

അങ്ങനെ കാത്തിരുന്ന മറ്റുള്ളവർ ദിവസം പോയതറിഞ്ഞില്ല. ചൂണ്ടമീൻ പിടിച്ചും കടലിൽ നീന്തിയും മതിയാവോളം ഇളനീർ പറിച്ചു കുടിച്ചും അവർ ഉല്ലസിച്ചു കഴിച്ചുകൂട്ടി. ഫർണാണ്ടസ് ഒന്നിലും പെട്ടില്ല. മറ്റുള്ളവരുടെ കൂടെ വിനോദങ്ങളിൽ പങ്കുകൊള്ളുന്നത് കപ്പിത്താന്റെ അന്തസ്സിനു ചേർന്നതല്ല. അവൻ പതുക്കെപ്പതുക്കെ ഒരു കപ്പിത്താനാവുകയായിരുന്നു. കൽപ്പിക്കേണ്ടവരാകുമ്പോൾ കുറച്ചു ഗൗരവം പാലിക്കണം. ഇന്നിന്നവർ ഇന്നിന്ന ജോലി ചെയ്യണമെന്നു നിർദ്ദേശിച്ച് അവൻ മിണ്ടാതെ ഒരു സ്ഥലത്തിരുന്നു. ആലോചിക്കാൻ അനവധി കാര്യങ്ങളുണ്ട്. അതുകൊണ്ടു മുഷിപ്പും തോന്നിയില്ല.

ഒരു ദിവസം തനിച്ചിരുന്നാലോചിക്കുമ്പോൾ പുതിയൊരാശയം കിട്ടി. കോട്ടയ്ക്കൽ വെച്ച ഡിസിൽവയുമായി നടന്ന യുദ്ധത്തിൽ പറങ്കിപ്പട്ടാളക്കാരുടെ ഉടുപ്പുകൾ കുറെ കൈവശപ്പെടുത്തീട്ടുണ്ട്. ഒരു പോർച്ചുഗീസ് പതാകയും. അതൊക്കെ കെട്ടിയെടുത്തു കൂടെ കൊണ്ടുപോന്നിട്ടുണ്ട്. ഏതെങ്കിലുംവഴിക്ക് അതുപയോഗിക്കണം. സമയവും സന്ദർഭവും അപ്പോൾതന്നെ ആലോചിച്ചുറച്ചു.

ദ്വീപിൽ കാത്തിരുന്നു. പറങ്കികളെ കാണാതെ നിരാശപ്പെട്ടു. നാലാം ദിവസം യാത്രപുറപ്പെട്ടപ്പോൾ ഏതാനും പേരെ ഫർണാണ്ടസ് തിരഞ്ഞെടുത്തു. അവരോട് പറങ്കിപ്പട്ടാളക്കാരുടെ ഉടുപ്പു ധരിക്കാൻ പറഞ്ഞു. ആരും വിരോധം പറഞ്ഞില്ല. അബുമാത്രം പ്രതിഷേധിച്ചു. പറങ്കിപ്പട്ടാളക്കാരുടെ ഉടുപ്പു കൈകൊണ്ട് തൊടില്ലെന്ന് അവൻ ശഠിച്ചു. സാരമില്ല. നിസ്സാരകാര്യത്തിനു വഴക്കുണ്ടാക്കേണ്ടെന്നു വെച്ചു ഫർണാണ്ടസ് നിർബന്ധിച്ചില്ല. എങ്കിലും കപ്പിത്താനെ ധിക്കരിച്ചതോർത്തപ്പോൾ അല്പം വല്ലായ്മ തോന്നി. അതു പുറത്തു കാണിക്കാതെ കഴിച്ചുകൂട്ടി.

പോർച്ചുഗീസ് പതാക തന്റെ കപ്പലിന്റെ പാമരത്തലപ്പിൽ ഉയർത്താൻ അവൻ കല്പിച്ചു. പതാക ഉയർന്നുകണ്ടപ്പോൾ അബു കൂടുതൽ ക്ഷോഭിച്ചു. ഫർണാണ്ടസ് അതു ശ്രദ്ധിച്ചില്ല. അവൻ കപ്പിത്താന്റെ വേഷം ചമയുകയായിരുന്നു. മുമ്പിൽ സഞ്ചരിക്കുന്ന കപ്പലിൽ തന്റെ കൂടെ പറങ്കികളുടെ വേഷം ധരിച്ച പട്ടാളക്കാർ വേണം. പോർച്ചുഗീസ് പതാക പറക്കുകയും വേണമെന്ന് അവൻ തീരുമാനിച്ചു. എല്ലാവരുടെയും ചമയൽ കഴിഞ്ഞപ്പോൾ കപ്പലിൽ ചെന്നിരിക്കാൻ അവൻ നിർദ്ദേശം നൽകി. കൂടെ അവനും പുറപ്പെട്ടു. അബു പിണങ്ങിയമട്ടിൽ ദ്വീപിലൊരിടത്തു മിണ്ടാതെ നിൽക്കുകയാണ്. കപ്പലിൽ കേറീട്ടില്ല. ഫർണാണ്ടസ് ചെന്നു വിളിച്ചു.

“ആ കൊടി വെച്ചാൽ ഞമ്മള് കപ്പലീ കേറൂലാ.”

“കേറണം.” അത്രനേരത്തെ സൗഹൃദമെല്ലാം മാറ്റിവെച്ചു ഫർണാണ്ടസ് കൽപിച്ചു.

“ഞമ്മളെ ഉസിര് കൂട്ടിലുണ്ടെങ്കിൽ ഞമ്മൾ കേറൂലാ.”

“കേറുന്നതാ നല്ലത്.”

“ബേറെ ആള നോക്കണം.”

ഫർണാണ്ടസ് ചെന്ന് അബുവിന്റെ കൈക്കുപിടിച്ചു. അവൻ തട്ടിക്കളഞ്ഞു. വഴക്കായി.

“കപ്പിത്താന്റെ കല്പനയാണ് നീ അനുസരിക്കണം.” ഫർണാണ്ടസ് ഒരിക്കൽക്കൂടി ഉറച്ചുപറഞ്ഞു.

“പടശ്ശോന്റെ കല്പനയായാലും ഞമ്മൾ കേറൂലാ.”

“തീർച്ച?”

“തീർച്ച.”

പിന്നെയും ഫർണാണ്ടസ് അബുവിനെ പിടിക്കാനടുത്തു. അബു മുഷ്ടി ചുരുട്ടി യുദ്ധത്തിനാണൊരുങ്ങിയത്. അല്പനേരത്തെ വഴക്കിൽ ഇടിയും തൊഴിയും നടന്നു. കലശലായ ദ്രോഹമേൽപ്പിക്കാതെ അബുവിനെ കീഴടക്കണമെന്നാണ് ഫർണാണ്ടസ്സിന്റെ വിചാരം. കഴിയുന്നില്ല. ഒടുവിൽ പിൻകഴുത്തിൽ നല്ലൊരിടിവെച്ചു കൊടുത്തു. അബു മൂക്കുകുത്തി നിലത്തുവീണു. ഉടനെ കൈകൾ പിന്നിൽ ചേർത്തു കെട്ടി ഫർണാണ്ടസ് അവനെ അനായാസമായി പൊക്കിയെടുത്തു കപ്പലിലേക്കു നടന്നു. കല്പന ധിക്കരിക്കാനൊരുങ്ങുന്നവർക്ക് അതൊരു താക്കീതായിരിക്കട്ടെ എന്ന് അവൻ ഉച്ചത്തിൽ പറഞ്ഞു.

അബുവിനെ കപ്പൽത്തട്ടിൽ ഒരിടത്തു വെച്ച് ഫർണാണ്ടസ് യാത്ര പുറപ്പെടാനുള്ള കല്പന നൽകി. പുറപ്പെട്ടതിൽ പിന്നെ ചക്രവാളമാണ് ലക്ഷ്യം. മറ്റൊരു ലക്ഷ്യമില്ല. ഇപ്പോഴും ആ ലക്ഷ്യത്തിലേക്കു തന്നെ നീങ്ങി.

അധികനേരം അങ്ങനെ സഞ്ചരിക്കുന്നതിനുമുമ്പു പാമരത്തലപ്പിൽ കാവലിരിക്കുന്നവർ വിളിച്ചുപറയുന്നതുകേട്ടു; “കപ്പൽ വരുന്നു, കപ്പൽ.”

ഫർണാണ്ടസ് ഉത്സാഹത്തോടെ നോക്കി; കാണുന്നില്ല.

“എത്ര കപ്പലുണ്ട്” അവൻ വിളിച്ചുചോദിച്ചു.

കാവൽക്കാർക്കു വ്യക്തമായി പറയാൻ വയ്യാ. അത്രയും അകലത്താണ്.

“അടുത്തു വരുന്നതോ അകന്നു പോകുന്നതോ?” അവൻ പിന്നെയും വിളിച്ചുചോദിച്ചു

കാവൽക്കാർ തെല്ലിട സംശയിച്ചുനിന്നു. പിന്നെ എല്ലാവരും കൂടി ഒന്നിച്ചു പറഞ്ഞു: “വരുന്നതാണ്, വരുന്നതാണ്.”

വരുന്നതാണെങ്കിൽ ധൃതിപ്പെടേണ്ടതില്ല. ഭാഗ്യപരീക്ഷയ്ക്കുള്ള ഊഴം. കരുതലോടെ നിൽക്കണം. ശക്തികൊണ്ടല്ല. ബുദ്ധികൊണ്ടാണ് ശത്രുവിനെ നേരിടാനൊരുങ്ങിയത്. ചെറിയൊരു നോട്ടക്കുറവുകൊണ്ട് ആയുഷ്കാലം മുഴുവൻ നീണ്ടുനിൽക്കുന്ന അടിമത്തമോ മരണം തന്നെയുമോ സംഭവിക്കും.

ഫർണാണ്ടസ് അങ്ങോട്ടുമിങ്ങോട്ടും ധൃതിപിടിച്ചോടി ഓരോരുത്തർക്കും വേണ്ട നിർദേശം നൽകി. പറങ്കികളെപ്പോലെ പട്ടാളവേഷമണിഞ്ഞവർ ഒരു നിമിഷംകൊണ്ട് ആയുധമേന്തി യുദ്ധം ചെയ്യാനുള്ള ഒരുക്കത്തോടെ നിൽക്കണം. മറ്റുള്ളവർ തടവുകാരെപ്പോലെ പെരുമാറണം. അവരുടെ ഇരിപ്പിടത്തിൽ ആയുധം കരുതിവെക്കണം. ആരും പരിഭ്രമിക്കരുത്. ഒന്നും സംഭവിക്കാത്തമട്ടിൽ, ഒന്നിലും താൽപര്യമില്ലാത്തമട്ടിൽ, അലസമായിരിക്കണം. അതേസമയം കൽപ്പനയ്ക്കുവേണ്ടി ശ്രദ്ധയോടെ കാത്തിരിക്കുകയും വേണം. നിർദേശങ്ങളൊക്കെ പല തവണ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു പഠിപ്പിച്ച് ഫർണാണ്ടസ്. പിന്നെയും കാവൽക്കാരോട് വിളിച്ചു ചോദിച്ചു: “എത്ര കപ്പലുണ്ട്?”

“ഏഴു വലിയ കപ്പൽ.” ഉടനെ മറുപടി കിട്ടി.

ഏഴ് വലിയ കപ്പൽ! പട്ടാളക്കാർ വേണ്ടത്രയുണ്ടാവും; പീരങ്കിയും. കണ്ടമാത്രയിൽ പിണങ്ങിയാൽ രക്ഷകിട്ടില്ല. ഏഴ് കപ്പലുകളിലെ പീരങ്കികൾ ഒന്നിച്ച് ഉണ്ട വർഷിച്ചാൽ എല്ലാം വെന്തു വെണ്ണീറാവും. നയത്തിൽ പെരുമാറണം. വഞ്ചനകൊണ്ടു കീഴടക്കണം. അതോർത്തപ്പോൾ ഫർണാണ്ടസ്സിന് അല്പം വിഷമം തോന്നി. ആരെയും അതുവരെ വഞ്ചിച്ചിട്ടില്ല. വഞ്ചിക്കുന്നവരെ ഇഷ്ടവുമല്ല. ഒരു രാജ്യം മുഴുവൻ കിട്ടാമെന്നുവെച്ചാൽ കളവുപറയാൻ തുനിയില്ല.

വരുന്നതു പറങ്കികളാണെങ്കിൽ കളവും വഞ്ചനയുമെല്ലാം ചെയ്യണമെന്നുറപ്പിച്ചു. പറങ്കികൾ സത്യദീക്ഷയുള്ളവരല്ല. വഞ്ചന മാത്രമേ അവർക്കറിഞ്ഞുകൂടൂ. സ്വന്തം അനുഭവത്തിലൂടെ നോക്കിയപ്പോൾ പറങ്കികളുടെ ഭാഗത്തു വഞ്ചനയുടെ കൂമ്പാരമാണ് കാണുന്നത്. ഉറച്ചുനിൽക്കാൻ തന്നെ തീരുമാനിച്ചു. കാവൽക്കാരുടെ ശബ്ദംകേൾക്കുന്നു:

“പറങ്കിക്കപ്പൽ, പറങ്കിക്കപ്പൽ!”

ഹൃദയം തുടിച്ചു. ആവേശംകൊണ്ടു ശരീരം മുഴുവൻ പൊട്ടിത്തെറിച്ചുപോകുമെന്നു തോന്നി. പറങ്കിക്കപ്പിത്താന്റെ ഉടുപ്പാണ് ധരിച്ചത്. പോരായ്മ വല്ലതുമുണ്ടോ? അതിന്റെ കോട്ടവും ചുളിയുമൊന്നു പിടിച്ചു ശരിപ്പെടുത്തി. തൊപ്പി നേരെയാക്കി. വാളെടുത്തു മൂർച്ച പരിശോധിച്ചു വീണ്ടും ഉറയിലിട്ടു. അരപ്പട്ടയിൽ തിരുകിയ കഠാരി സ്പർശിച്ചുനോക്കി. അന്തസ്സിൽ കപ്പൽത്തട്ടിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. പുതിയൊരു ചൈതന്യം കൈവന്നപോലെ തോന്നി. ഡിസിൽവയെപ്പോലെ നിരർഥകമായൊന്നു പൊട്ടിച്ചിരിച്ചു. കൈയും കാലും വരിഞ്ഞുകെട്ടി മുമ്പിലിട്ട അബുവിന്റെ പൃഷ്ഠത്ത് പുറംകാലുകൊണ്ട് ഒരു തട്ടുകൊടുത്തു. അബു വേദനിച്ചുകൊണ്ടു നിലവിളിച്ചു. അരിശംപിടിച്ച് എന്തൊക്കെയോ പിറുപിറുത്തു.

“മിണ്ടരുത്!” ഫർണാണ്ടസ് അലറി; ശത്രുവിനെപ്പോലെ.

“ഹമുക്കേ!” അബു പല്ലുകടിച്ചു തെറിപറഞ്ഞു.

ഫർണാണ്ടസ് ചാട്ടവാർ കൈയിലെടുത്ത് പൊട്ടിച്ചിരിച്ചു.

“മിണ്ടരുത്?” ഗർജ്ജിച്ചുകൊണ്ടു പതുക്കെ ഓരോ അടിവെച്ച് അവൻ അബുവിനെ സമീപിച്ചു. മുഖത്തു രാക്ഷസീയമായ ഭാവം പരന്നു. കണ്ണുകൾ കലങ്ങി.

അബു തെറിപറയുകയാണ്.

ഒന്ന്, രണ്ട്, മൂന്ന്. ഫർണാണ്ടസ്സിന്റെ ചാട്ടവാർ കൃഷ്ണസർപ്പത്തെപ്പോലെ ചാടിവീണ് അബുവിനെ കൊത്താൻ തുടങ്ങി. അബു നിശ്ശബ്ദനാവുന്നതുവരെ ആ ചാട്ടവാർ പ്രവർത്തിച്ചു. എല്ലാം കഴിഞ്ഞു. ഫർണാണ്ടസ് വീണ്ടും ഒന്നു പൊട്ടിച്ചിരിച്ചു. ആ ശബ്ദം കേട്ടാൽ അവനെ ഡിസിൽവയുടെ പ്രേതം ബാധിച്ചപോലെ തോന്നും.

കപ്പലുകളിൽ മുഴുക്കെ ശ്മശാനനിശ്ശബ്ദത പരന്നു. ആർക്കും ഒന്നും മനസ്സിലായില്ല. ആരും ഒന്നും പറഞ്ഞതുമില്ല. വലത്തുകൈയിൽ ചാട്ടവാർ പിടിച്ച് ഇടതുകൈ കാൽസരായിയുടെ കീശയിൽ തിരുകി മുറിവേറ്റ സിംഹത്തെപ്പോലെ ഫർണാണ്ടസ് നിന്നു.

കപ്പലുകൾ നങ്കൂരമിട്ടു നിർത്താൻ കൽപിച്ചു. അകലത്തു ശത്രുക്കളുടെ പതാകകൾ കാറ്റിലാടുന്നതു കാണാം. കപ്പലുകൾ വേഗത്തിലാണ് വരുന്നത്. അനുകൂലമായ കാറ്റുണ്ട്. നോക്കിക്കൊണ്ടിരിക്കെ അവയുടെ വേഗം കുറഞ്ഞു; സംശയിച്ചിട്ടാവും.

ഫർണാണ്ടസ് തൊപ്പിയെടുത്തു വീശി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:

"വരണം, വരണം. ശത്രുക്കളല്ല, മിത്രങ്ങളാണ്." പോർച്ചുഗീസ് ഭാഷയിലാണ് വിളിച്ചുപറഞ്ഞത്.

"വന്ദനം, വന്ദനം! മറുഭാഗത്തെ കപ്പിത്താൻ അതേ ഭാഷയിൽ മറുപടി പറഞ്ഞു. കപ്പലുകൾ പതുക്കെ അടുത്തുവരുന്നു. കുശലപ്രശ്നങ്ങൾ മുറുകുന്നു.

അവർ പോർച്ചുഗലിൽ നിന്നു വരുന്നവരാണ്. സ്വർണ്ണം, വെള്ളി, പട്ടുതുണികൾ തുടങ്ങിയ വ്യാപാരവസ്തുക്കളാണ് കപ്പലിലധികം. സാമൂതിരിയുമായി യോജിച്ചു കുഞ്ഞാലിമരയ്ക്കാരോടു യുദ്ധം തുടങ്ങിയ കഥ വഴിയിൽവെച്ചറിഞ്ഞു. വളരെ സന്തോഷിച്ചു. പക്ഷേ, ആ സന്തോഷം നീണ്ടുനിന്നില്ല. കുറെ പോന്നപ്പോൾ യുദ്ധം തോറ്റ കഥയും അറിഞ്ഞു. അതുകൊണ്ടാണ് പുറങ്കടലിലൂടെ യാത്ര. കുഞ്ഞാലിമരയ്ക്കാരെ ഭയന്നിട്ട്. കുശലപ്രശ്നത്തിനിടയിൽ അങ്ങനെ പലതും ഫർണാണ്ടസ്സിനു മനസ്സിലാക്കാൻ കഴിഞ്ഞു.

പറങ്കിക്കപ്പിത്താന്റെ കപ്പൽ ഫർണാണ്ടസ്സിന്റെ കപ്പലിനോടു പതുക്കെ അടുക്കുകയാണ്. തടിച്ചു നീണ്ട ചെമ്പൻതാടിയും നീലക്കണ്ണുമുള്ള കപ്പിത്താൻ കപ്പൽത്തട്ടിൽ നിൽക്കുന്നു. ഫർണാണ്ടസ് ഒന്നേ നോക്കിയുള്ളു. മുഖം തിരിച്ചുകളഞ്ഞു.

"സ്വാഗതം! കണ്ടതു വളരെ സന്തോഷം. ഇങ്ങോട്ടു വരണം; ഇവിടെ സൗകര്യമാണ്." നല്ല ഒഴുക്കിലും ചിട്ടയിലുമാണ് ഫർണാണ്ടസ് പോർച്ചുഗീസ് ഭാഷ സംസാരിക്കുന്നത്.

വലിയ ഒരു കയറിൽ പിടിച്ച് ഊഞ്ഞാലാടിക്കൊണ്ട് പറങ്കിക്കപ്പിത്താൻ ഫർണാണ്ടസ്സിന്റെ കപ്പലിലേക്കു ചാടിവീണു. വീണത് അബുവിന്റെ അടുത്താണ്.

"ഓ. അടിമ!" പുറങ്കാലുകൊണ്ട് അബുവിനെയൊന്നു തൊഴിച്ചേ കപ്പിത്താൻ മുമ്പോട്ടു നീങ്ങിയുള്ളു.

ഫർണാണ്ടസ് തല തിരിക്കാതെ, കപ്പിത്താനെ നോക്കാതെ, ആലോചിച്ചു. അടുത്തെത്തിയാൽ കള്ളിപൊളിയും. ഒരു പറങ്കിയാണെന്ന് ഒരിക്കലും വിശ്വസിക്കില്ല. സംശയത്തിനിടം കൊടുക്കുന്നതിനുമുമ്പ് എല്ലാം കഴിയണം. സമയം പറക്കുകയാണ്. വേഗത്തിൽ തീരുമാനമെടുക്കണം.

ഒരട്ടഹാസത്തോടെ ഫർണാണ്ടസ് യുദ്ധത്തിനുകല്പന കൊടുത്തു. മിന്നൽവേഗത്തിൽ വാളൂരിക്കൊണ്ടു കപ്പിത്താന്റെ നേരെ തിരിഞ്ഞു. വാൾമുന നെഞ്ചിൽ അമർത്തിക്കൊണ്ട് അലറി:

"ഉം, കൈ പൊക്ക്!"

ഗത്യന്തരമില്ലാതെ കപ്പിത്താൻ കീഴടങ്ങി. കൈകൾ ആകാശത്തിലേക്കു പൊക്കി അനങ്ങാതെ നിന്നു.

ഫർണാണ്ടസ്സിന്റെ കല്പന കേട്ടു പറങ്കികളുടെ വേഷം ധരിച്ചവർ, ഒന്നിനു പിറകെ മറ്റൊന്നായി കയറുകളിലൂടെ പറങ്കിക്കപ്പലുകളിലെത്തി, പീരങ്കിവിഭാഗത്തെ ഞൊടിയിടകൊണ്ടു കീഴടക്കി. അടിമകളുടെ ഭാവം ചമഞ്ഞിരുന്നവർ പിന്നാലെ എത്തി. നല്ല നിലയിൽ ഒരു കൂട്ടിമുട്ടലുണ്ടായി. എന്താണ് സംഭവിക്കുന്നതെന്നറിയാതെ അമ്പരന്നു പോയ പറങ്കികൾക്ക് അധികനേരം ചെറുത്തുനിൽക്കാൻ കഴിഞ്ഞില്ല. കുറേപ്പേർ മരിച്ചുവീണു. മറ്റുള്ളവർ ക്ഷണത്തിൽ കീഴടങ്ങി.

കപ്പിത്താനെ മുമ്പിൽ നടത്തിക്കൊണ്ടു ഫർണാണ്ടസ് എല്ലാ കപ്പലുകളും പരിശോധിച്ചു. വെടിമരുന്നറ, ആയുധശാല, ഖജാന തുടങ്ങിയവ തുറന്നുനോക്കി. തൃപ്തിപ്പെട്ടു. അടിമകൾക്കുവേണ്ടി ഒരുക്കിവെച്ച ചങ്ങലകൾ ഒരു മൂലയിൽ വിശ്രമിക്കുകയായിരുന്നു. എല്ലാം പൊടി തട്ടി പുറത്തേക്കു വരുത്തി.

ആദ്യം ചങ്ങലയ്ക്കിട്ടതു കപ്പിത്താനെയാണ്; വഴിക്കുവഴി മറ്റുള്ളവരെയും. കപ്പിത്താന്റെ പട്ടുപോലെ മിനുപ്പാർന്ന ഉള്ളംകയ്യിൽ കപ്പൽത്തണ്ടെടുത്ത് ഫർണാണ്ടസ് തന്നെ വെച്ചുകൊടുത്തു. പഴയമട്ടിൽ അവൻ പൊട്ടിച്ചിരിച്ചു. ചാട്ടവാർ വലിച്ചെടുത്തു. തുടരെത്തുടരെ പൊട്ടിച്ചു. അത് ആഞ്ഞാഞ്ഞു പറങ്കികളുടെ പുറത്തുവീണു. തണ്ടുകൾ ഇളകി. കടൽവെള്ളം ശബ്ദിച്ചു.

കഴിഞ്ഞകാലത്തിന്റെ പുതിയ ഒരു ചിത്രം ഫർണാണ്ടസ്സിന്റെ മുമ്പിൽ തെളിഞ്ഞുനിന്നു. തന്റെ നാട്ടിനുവേണ്ടി, നാട്ടാർക്കുവേണ്ടി, അവൻ ഒന്നുകൂടി പൊട്ടിച്ചിരിച്ചു. കുട്ടിക്കാലത്തു കുടിയിലെ കൈതോലപ്പായിലും കടൽപ്പുറത്തെ പൂഴിയിലും കിടന്നു കണ്ട സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങളാവുന്നു.

"യക്ഷികളെ കീഴടക്കിയ പൊക്കൻ, പറങ്കികളെ ജയിച്ച പൊക്കൻ-അതാണ് പാഞ്ചാലിയുടെ പൊക്കൻ." ഫർണാണ്ടസ്സിന്റെ ചാട്ടവാർ അവിരാമം പ്രവർത്തിച്ചുകൊണ്ടിരുന്നു.

— 20 —

## ഇരുപത്

യജമാനന്മാർ അടിമകളും അടിമകൾ യജമാനന്മാരുമായി സ്ഥാനംമാറി സ്ഥലം പിടിച്ച പറങ്കിക്കപ്പലുകളെല്ലാം ഇന്ന ഫർണാണ്ടസ്സിന്റെ സ്വന്തമാണ്. വേണമെങ്കിൽ അവന സമുദ്രം മുഴവനം അതോടിച്ച കൊണ്ടുപോകാം; വേണ്ടെങ്കിൽ മുക്കിക്കളയാം. ആരും ചോദിക്കാനില്ല; കൽപിക്കാനും.

രണ്ടുദിവസം പീരങ്കികൾ പ്രയോഗിക്കാനുള്ള പരിശീലനം നൽകുന്ന തിരക്കായിരുന്നു. പിരങ്കിയും വെടിക്കോപ്പും ധാരാളമുണ്ടായാൽ പോരല്ലോ. വേണ്ടസമയത്ത് അതു പ്രയോഗിക്കാനും കഴിയേണ്ടേ? മരയ്ക്കാർകോട്ടയിലുള്ളപ്പോൾ ഫർണാണ്ടസ് അതു വേണ്ടപോലെ പഠിച്ചുറപ്പിച്ചിരുന്നു. ഏതാനും പേരെ തിരഞ്ഞെടുത്ത് അവൻ അവർക്കു പരിശീലനം നൽകി.

അബു ഒന്നിലും പെടാതെ ഒഴിഞ്ഞുമാറി നിന്നു. പറങ്കികളെ തോൽപ്പിക്കാൻ കഴിഞ്ഞതിൽ അവന സന്തോഷമുണ്ട്. പക്ഷേ, അത് അവൻ പുറത്തുകാണിച്ചില്ല. പിണക്കമാണ്. ഫർണാണ്ടസ് അവനെ നിർദ്ദയമായി തല്ലി. ഒരടിമയെപ്പോലെ പിടിച്ചു കെട്ടിയിട്ടു. അവൻ വേദനകൊണ്ട് പിടയുമ്പോൾ ഫർണാണ്ടസ് പൊട്ടിച്ചിരിച്ചു. ആ ചിരിയുടെ ശബ്ദം അപ്പോഴും അവന്റെ കാതുകളിൽ മുഴങ്ങുന്നു. തല്ലിന്റെ വേദന സാരമില്ല; ഹൃദയവേദനയാണ് സഹിക്കാത്തത്. നാലുഭാഗവും പീരങ്കിവെടികൾ മുഴങ്ങുകയാണ്. പറങ്കിക്കപ്പലുകളിൽ നിന്നു കിട്ടിയ വീഞ്ഞു കുടിച്ച് പലരും മദോന്മത്തരായി പാട്ടുന്നുണ്ട്. സ്വബോധം വിട്ടു നൃത്തം വയ്ക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്യുന്നുണ്ട്. എല്ലാം അബുവിന് അസഹ്യമായി തോന്നി. അവൻ ഒഴിഞ്ഞ ഒരു കോണിൽ ആരുടെ ശ്രദ്ധയിലും പെടാതെ ചിന്താമഗ്നനായി നിന്നു. പീരങ്കിയുണ്ടകൾ വീണു. കടൽവെള്ളം ചിതറിത്തെറിക്കുന്നു. ആ പീരങ്കിയുണ്ടപോലെ ഒരു ദിവസം താനും കപ്പലിൽനിന്നു ചീറി പുറത്തേക്കു പായുമെന്ന് അവൻ ഉറപ്പിച്ചു.

ആരോ പിൻഭാഗത്തുടെ വന്നു തോളിൽകൈയിട്ടു. ആരായാലും വേണ്ടില്ല; ആ കപ്പലിൽ ആരോടും അവന ചങ്ങാത്തമില്ല. എല്ലാം അവന്റെ ശത്രുക്കളാണ്. ആർ

ക്കും അവനോടു സ്നേഹമോ സഹതാപമോ ഇല്ല. കുറേനേരം അങ്ങനെ നിന്നു; കട ന്നുപൊയ്ക്കോള്ളട്ടെ; മിണ്ടില്ലെന്ന് അവൻ തീരുമാനിച്ചു.

"അബു" അതു ഫർണാണ്ടസ്സിന്റെ ശബ്ദമാണ്. അബുവിന്റെ ശരീരം കോപം കൊണ്ടു വിറച്ചു.

"നിനക്കെന്നോടു പിണക്കമാണോ?"

അബു മിണ്ടിയില്ല. പല്ലു കടിച്ചുകോപം നിയന്ത്രിച്ചുനിന്നു. പട്ടിയെ തല്ലും പോ ലെ പിടിച്ചുകെട്ടി തല്ലീട്ടു സ്നേഹിക്കാൻ വന്നിരിക്കുന്നു! തോളിലെ കൈ തട്ടിമാറ്റി അവൻ അല്പം പുറകോട്ടുമാറി.

"ഇതാ, ഈ താക്കോല്യ നീ വെച്ചോ."

അബുവിനു താക്കോലും വേണ്ടാ, പൂട്ടും വേണ്ടാ. പട്ടിയോടെന്നപോലെ പെരു മാറാഞ്ഞാൽമതി. ഫർണാണ്ടസ് വീണ്ടും സംസാരിക്കുന്നു:

"പറങ്കികളോടു പിടിച്ചെടുത്ത ഒരുപാടു പൊന്നും വെള്ളിയും പൂട്ടിവെച്ചിട്ടുണ്ട്. അറയുടെ താക്കോലാണിത്. ഇതു മറ്റൊരാളെ ഏല്പിക്കാൻ കാണുന്നില്ല."

അബു അറിയാതെ ഒന്നു ഞെട്ടി. പൊന്നും വെള്ളിയും വെച്ചുപൂട്ടിയ അറയു ടെ താക്കോൽ ഏൽപ്പിക്കാൻ മറ്റൊരാളെ കാണുന്നില്ലെന്നോ? എല്ലാംകഴിഞ്ഞു കളിയാക്കാൻ വന്നതായിരിക്കും. സഹിക്കാതെ തരമില്ലല്ലോ. അവന്റെ കൈയിൽ ആയുധമില്ല. ബലപരീക്ഷയ്ക്കൊരുങ്ങിയാൽ ഫർണാണ്ടസ്സിനോട്ട് ജയിക്കാനും പ്ര യാസം. പറയട്ടെ. ഇഷ്ടംപോലെ പറയട്ടെ. ഒരു താൽപ്പര്യവും കാണിക്കാതെ അവൻ നിന്നു.

"പൊന്നും പണവും പിണക്കമുണ്ടാക്കും. എല്ലാം കഴിഞ്ഞ് ഒരു കരപറ്റുന്നതു വരെ പിണക്കമൊന്നുമുണ്ടാവാതെ കഴിക്കണം. അതിനു നീ എന്നെ സഹായിക്ക ണം. ഈ താക്കോൽ നീ വെച്ചോ. മറ്റാരെയും എനിക്കു വിശ്വാസമില്ല."

അബു അന്തംവിട്ടു നിന്നു. അവന്റെ മനസ്സിൽ അതിഭയങ്കരമായ സംഘട്ടനം നടക്കുകയാണ്. ഫർണാണ്ടസ് പറയുന്നതു സത്യമാണോ? എങ്ങനെ സത്യ മാവും? ഏറ്റവും വിശ്വസിക്കുന്നവരെ കെട്ടിയിട്ടു തല്ലാറാണോ പതിവ്? ആലോ ചന അത്രത്തോളമെത്തിയപ്പോൾ രണ്ടു ന്യായം പറഞ്ഞേ കഴിയൂ എന്ന് അവനു തോന്നി.

"ഞമ്മക്ക് കേക്കണ്ടാ അന്റെ ബിസ്വാസം."

"എന്താ അബു?" ഉറ്റ സുഹൃത്തെന്നപോലെ വീണ്ടും തോളിൽ കൈവെച്ചുകൊ ണ്ടു ഫർണാണ്ടസ് ചോദിച്ചു.

"അന്റെ ബിസ്വാസം ഞമ്മള് കണ്ട്. ഇനി ഞമ്മളെ അയിനൊന്നും കിട്ടൂലാ. ഒരിക്കലേ മനിസന പോയത്തം പറ്റൂ."

"അന്ന് തല്ല്യേത്കൊണ്ടാ അബു പറേണത്?"

"പിന്ന്യല്ല്യാണ്ട്! അന്നിജ്ജ് കണ്ണിച്ചോരല്ലാണ്ടല്ലേ ഞമ്മളെ തല്ല്യത്!" അബു വിട്ടുനിന്നു. ഫർണാണ്ടസ്സിനെ ദഹിപ്പിക്കുമാറ് നോക്കി. ആ സംഭവത്തിനുശേ

ഷം അന്നാണ് അവർ അന്യോന്യം കാണുന്നതും നോക്കുന്നതും. ഫർണാണ്ടസ് അതൊന്നും കാര്യമായെടുക്കാതെ അബുവിന്റെ കൈയിൽ കേറി പിടിച്ചു.

“നീ വാ, പറേട്ടെ.”

“വേണ്ടാ; ഞമ്മള് ബരുലാ.”

“സാരേല്ല. തല്ലുകൊണ്ടത് എനിക്കാന്നിച്ചാ ഞാനും പിണങ്ങും. പക്കെങ്കില് നിന്നെ ഞാൻതല്യത് വെറുത്യേല്ല.”

“പിന്നെ വെലയ്ക്കോ?”

“തന്നെ. ഞാൻ കപ്പിത്താനാ.”

“ഞമ്മക്ക് കേക്കണ്ടാ അന്റെ ബല്യപ്പം.”

“കപ്പിത്താൻ പറേണത് അനുസരിച്ചില്ലേങ്കില് ശിക്ഷ കിട്ടും. അതാ കപ്പലിലെ സമ്പ്രദായം. നിന്നോടെനിക്കൊരു വിരോധോം ഇല്ല.”

“പിന്നെ? സ്നേഹംകൊണ്ടാ ജ്ജ് ഞമ്മളെ തല്ലേ്യത്?”

“ആ സ്നേഹം കൊണ്ടുതന്നെ. നിനക്കു തല്ലു കിട്ടിലേങ്കില് മറ്റുള്ളോരും അനുസരണക്കേടു കാണിക്കും. അപ്പോ പിന്നെ കപ്പിത്താനെന്താ ഒരു വെല?”

“ഞമ്മളെ കയ്യ് ബിട്.” അബു കുതറി. ഫർണാണ്ടസ് വിട്ടില്ല.

“ചാട്ടവാറ് ഇവിടേണ്ട്. അനുസരണക്കേട് കാണിച്ചാൽ ഇനീം തല്ല് കിട്ടും. നിയ്യാ കപ്പിത്താനെങ്കിൽ നിയ്യെംന്നം തല്ലിക്കോ” ഫർണാണ്ടസ്സിന്റെ ശബ്ദത്തിനു കനംകൂടുകയാണ്.

ആ ന്യായം അബുവിനിഷ്ടമായി. വിരോധംകൊണ്ടല്ല തല്ലിയതെന്ന് അവന്നു മനസ്സിലായി. കപ്പിത്താന്റെ അധികാരമാണ് ഫർണാണ്ടസ് ഉപയോഗിച്ചത്. താനാണ് കപ്പിത്താനെങ്കിൽ തനിക്കും അനുസരണക്കേടു കാണിക്കുന്നവരെ തല്ലാം. അതു രസമുള്ള ഏർപ്പാടാണ്. അറിയാതെ അവൻ ഫർണാണ്ടസ്സിനു വഴങ്ങി. അവർ രണ്ടുപേരും നടന്നു. കപ്പിത്താന്റെ മുറിക്കടുത്താണ് കൊള്ളമുതൽ സൂക്ഷിച്ച അറ. ഫർണാണ്ടസ് അതു തുറന്നു. രണ്ടുപേരും ഒപ്പം അകത്തു കയറി.

അത്രയേറെ സ്വർണം അബു ഒരിക്കലും കണ്ടിട്ടില്ല. അവൻ അന്തം വിട്ടു നിന്നു.

“ഇതു നിനക്കും എനിക്കും ഒരുപോലെ അവകാശപ്പെട്ടതാ, അബൂ.” ഫർണാണ്ടസ് കളിയാക്കി അവന്റെ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു; “ഈ താക്കോൽ ഞാൻ നിന്റെ കൈയിൽ തരാം. നീയിതു സൂക്ഷിക്കണം. ഇന്നു മുതൽ നീ കപ്പിത്താന്റെ മുറിയിൽ താമസിച്ചോ.”

അബു സമാധാനമൊന്നും പറഞ്ഞില്ല. ഫർണാണ്ടസ്സിനോടുള്ള വൈരം പതുക്കെപ്പതുക്കെ മായുകയാണ്. കഴിഞ്ഞ സംഭവങ്ങൾ മുഴുവനും ആ നിൽപ്പിൽ അവനോർത്തു.

കപ്പലിൽ പറങ്കിക്കൊടി പറപ്പിച്ചത് അവരോടുള്ള സ്നേഹംകൊണ്ടായിരുന്നില്ല; അതുപോലെ അവരുടെ ഉടുപ്പു ധരിക്കാൻ പറഞ്ഞതും. എല്ലാം പറങ്കികളെ

വഞ്ചിക്കാനുള്ള ഉപായങ്ങളായിരുന്നു. അതു മനസ്സിലാക്കാൻ ശേഷിയില്ലാതെ പോയ താനാണ് കുറ്റക്കാരനെന്ന് അബുവിനു തോന്നി. അപ്പോൾ തല്ലിയതു തെറ്റല്ല; സ്നേഹക്കുറവുമല്ല. കിട്ടേണ്ടതു കിട്ടി. അതിനു മറ്റുള്ളവരോട് പരിഭവിച്ചിട്ടു കാര്യമില്ല. ഫർണാണ്ടസ്സിന് തന്നോടു സ്നേഹമില്ലെങ്കിൽ ഇത്രയേറെ പൊന്നും വെള്ളിയും സൂക്ഷിച്ച അറയുടെ താക്കോൽ ഒരിക്കലും വിശ്വസിച്ചേൽപ്പിക്കില്ല.

അബു ക്രമേണ പഴയ പദവിയിലേക്കുയർന്നു. ഫർണാണ്ടസ്സിന്റെ പ്രധാനോപദേഷ്ടാവായിക്കഴിഞ്ഞു. കുഞ്ഞാലിമരയ്ക്കാരുടെ കീഴിൽ കടൽയുദ്ധം ശീലിച്ച ആളല്ലേ? സ്വർണം സൂക്ഷിച്ച അറയുടെ താക്കോലും മടിക്കുത്തിൽ തിരുകി അബു അന്തസ്സിലങ്ങനെ നടക്കാൻ തുടങ്ങി.

വ്യക്തമായ ലക്ഷ്യമൊന്നുമില്ലാതെ കപ്പലുകൾ പുറംകടലിൽ അലയുകയാണ്. അതു പറ്റില്ലെന്നു ഫർണാണ്ടസ്സിനു തോന്നി. വേണ്ടത്ര വേലക്കാരും ഭക്ഷണസാധനങ്ങളുമുള്ളപ്പോൾ ദിവസങ്ങൾ നഷ്ടപ്പെടുന്നത് ശരിയല്ല. പുതിയ അനുഭവങ്ങൾ അന്വേഷിച്ചു പുറപ്പെടണം. ഏതു വഴി എങ്ങോട്ടു സഞ്ചരിച്ചാലാണ് മെച്ചമെന്നു ഫർണാണ്ടസ്സിനു നിശ്ചയമില്ല. അതുകൊണ്ടു കല്പന നൽകാൻ മടിച്ചുകൂടാ. വിഷമം മനസ്സിലാക്കിയ അബു പറഞ്ഞു: "ഞമ്മക്കു കൊളമ്പിലോട്ടു പൊഗ്ഗാ."

"എന്തിന്?" ഫർണാണ്ടസ് ചോദിച്ചു

"അബിടെ ബലിയ അങ്ങാടീം കാര്യോം ഒക്കെണ്ട്. കച്ചോടം ബല്ലതും ചെയ്യണന്നിച്ചാൽ ഒരു പുസ്തിമുട്ടല്ല."

ഫർണാണ്ടസ് ഉത്തരമൊന്നും പറയാതെ ശ്രദ്ധിച്ചു. കച്ചവടത്തിൽ അവന് താൽപ്പര്യമില്ല. ഈ സാഹസയാത്രയ്ക്കൊരുങ്ങിയതു പറങ്കികളെ നേരിടാനാണ്. അവരെ കണ്ടുമുട്ടാൻ സൗകര്യമുള്ള സ്ഥലത്തേക്കാണ് യാത്ര വേണ്ടത്.

"പിന്നെ", അബു തന്റെ അഭിപ്രായം പ്രകടിപ്പിക്കാൻ ധൃതികൂട്ടി:

"പറങ്ക്യേള് ബരണ്ടതും ആ ബയിക്കാണ്. എപ്പം കൊളമ്പുപ്പോയാലും പറങ്ക്യേളെ കാണാണ്ട കയ്യൂലാ."

അതു തരക്കേടില്ല. പറങ്കികളെ കാണുമെങ്കിൽ ഫർണാണ്ടസ് കൊളമ്പിലേക്കു പോകാൻ തയ്യാറാണ്; അതിനപ്പുറത്തേക്കും. എവിടെയെങ്കിലും പോകാതെ കഴിയില്ല. നല്ലനല്ലദിവസങ്ങൾ നഷ്ടപ്പെട്ടുപോകുന്നു. പുറംകടലിൽ എത്രനാളങ്ങനെ ചുറ്റിത്തിരിയും? അബുവിന്റെ നിർദേശപ്രകാരം യാത്ര കൊളമ്പിലേക്കാവാമെന്നു വച്ചു. ഉടനടി കല്പന പുറപ്പെട്ടു.

അബുവിനെയും കൂട്ടി തണ്ടുവലിക്കാരുടെ ഇടയിലൂടെ ഫർണാണ്ടസ് നടന്നു. പറങ്കിക്കപ്പിത്താൻ അടിമയെപ്പോലെ ചങ്ങലക്കെട്ടിൽ കുടുങ്ങി തണ്ടുവലിക്കുകയാണ്. കാണാൻചന്തമുണ്ട്. ചെമ്പിച്ച താടിരോമങ്ങളിലൂടെ വിയർപ്പുതുള്ളികൾ ഇറ്റിറ്റുവീഴുന്നു. തുടുത്ത കവിളുകൾ കിതപ്പുകൊണ്ട് വീർക്കുകയും ചുരുങ്ങുകയും ചെയ്യുന്നു. അതു കണ്ടപ്പോൾ പഴയ കാര്യങ്ങൾ ഓരോന്നായി ഫർണാണ്ടസ്സിന്റെ മനസ്സിലേക്കു കയറിവന്നു.

ക്ഷമിക്കാൻ വയ്യാത്ത കുറ്റങ്ങൾ. കോപംകൊണ്ട് കണ്ണുകൾ ജ്വലിച്ചു. ചുണ്ടു കൾ വിറച്ചു. പകവീട്ടാനുള്ള മോഹം ജനിച്ചു. ചാട്ടവാർ കൈയിലേന്തി അവൻ പറ ങ്കികളെ തുറിച്ചുനോക്കി. അബു പേടിച്ചു പിൻമാറി...

...കുഞ്ഞാലിയെ കപ്പൽത്തട്ടിലിട്ടു കൊത്തിനുറുക്കുകയാണ്. ചോരത്തുള്ളി കൾ തെറിക്കുന്നു. മാംസക്കഷണങ്ങൾ തെറിക്കുന്നു...

"ഠഠ!" പറങ്കിക്കപ്പിത്താന്റെ പുറത്ത് ചാട്ടവാർ അമർന്നു പതിച്ചു. ഇടത്തും വലത്തും മാറിമാറി ചാട്ട വീശിക്കൊണ്ടു ഫർണാണ്ടസ് മുമ്പോട്ടും പിമ്പോട്ടും നടന്നു.

അബു പാമരത്തിന്റെ പിറകിൽ ഒളിച്ചുനിന്നു. ഫർണാണ്ടസ് പൊട്ടിച്ചിരിക്കു ന്നു. കാര്യം പന്തിയല്ല. രക്ഷപ്പെടണം. കണ്ടാൽതല്ലുകിട്ടും.

"അബു!" ഫർണാണ്ടസ് വിളിക്കുകയല്ല. അലറുകയാണ്. എങ്ങനെ വി ളികേൾക്കും? അബു പേടിച്ചുവിറച്ചു. മിണ്ടാതെ നിന്നാൽ അനുസരണക്കേടാവും. അനുസരണക്കേട് കാണിച്ചാൽ കപ്പിത്താൻ ക്ഷമിക്കില്ലെന്നു പറഞ്ഞിട്ടുണ്ട്. മി ണ്ടിയാലും മിണ്ടാഞ്ഞാലും തല്ലുകിട്ടും. കുഴപ്പത്തിലായി.

"അബു!" ഫർണാണ്ടസ്സല്ല വിളിക്കുന്നത്. അവന്റെ ഉള്ളിൽ മറ്റാരോ ഉണ്ട്. ഏതോ ചെകുത്താൻ. ഇനിയൊരു വിളിക്കിടംകൊടുക്കുന്നതിനു മുമ്പു കീഴടങ്ങണം. കൊല്ലുമെങ്കിൽ കൊല്ലട്ടെ. അവൻ ശങ്കിച്ചു ശങ്കിച്ചു മുമ്പോട്ടു ചെന്നു തല താഴ്ത്തി നി ന്നു. ഫർണാണ്ടസ്സിന്റെ മുഖത്തു നോക്കാൻ വയ്യാ.

"ഉം! ദ്ദാ... പിടിച്ചോ" അതൊരു കല്പനയായിരുന്നു. ചാട്ടവാർ അബുവിനെ ഏൽപിച്ച് ഫർണാണ്ടസ് പറഞ്ഞു:

"ഈ പറങ്കികളെ പണിയെടുപ്പിക്കേണ്ടത് ഇനി നീയാണ്."

മറുപടി കേൾക്കാൻ കാത്തുനിൽക്കാതെ ഫർണാണ്ടസ് കപ്പിത്താന്റെ മുറിയി ലേക്കു പോയി.

ആവൂ! രക്ഷപ്പെട്ടു. അബു ആകപ്പാടെ അന്തംവിട്ടുപോയിരുന്നു. അവന്നു ചുമ തലകൾ വർദ്ധിക്കുകയാണ്. അധികാരം കൂടുകയാണ്. അതോർത്തപ്പോൾ രസം തോന്നി. പറങ്കികൾക്ക് കണക്കിൽ രണ്ടു കൊടുക്കണമെന്ന് ആശിക്കാൻ തുടങ്ങീ ട്ടു കാലം വളരെയായി. ഇപ്പോൾ അധികാരവും ചാട്ടവാറും കൈയിലുണ്ട്. പറങ്കിക ളുടെ പുറവും ചാട്ടവാറും അവൻ മാറിമാറി നോക്കി.

ജോലി ആരംഭിച്ചു. രണ്ടുവട്ടം അങ്ങുമിങ്ങും നടന്നു തല്ലി. ഒന്നു പൊട്ടിച്ചി രിച്ചാൽ വേണ്ടില്ലെന്നു തോന്നി. ഫർണാണ്ടസ് ചിരിക്കുമ്പോലെ ചിരിച്ചു. കേൾ ക്കാൻ പറ്റാത്ത ചിരി! ഒട്ടും ഗൗരവമില്ല. വേദനകൊണ്ടു പിടയുന്ന പറങ്കികൾപോ ലും തന്നെ പരിഹസിക്കുന്നതായി തോന്നി. തിരിച്ചു നേരെ നടന്നു. ഒന്നുരണ്ടു ദിവ സംകൊണ്ട് എല്ലാം ശരിപ്പെടുമെന്ന് അവൻ ആശ്വസിച്ചു.

കൊളമ്പിലെത്തുന്നതുവരെ പറങ്കിക്കപ്പലുകളൊന്നും കണ്ടില്ല. രണ്ടുദിവസം തുറമുഖത്തു തങ്ങാമെന്നുവെച്ചു. പട്ടുതുണിത്തരങ്ങൾ ധാരാളം കിടപ്പുള്ളതുകൊണ്ട്

ജോലിക്കാർക്കു പുതിയ ഉടുപ്പുകൾ തയ്പ്പിക്കാൻ തീരുമാനിച്ചു. അബുവിനെ അക്കാര്യം ചുമതലപ്പെടുത്തി. അവൻ പരിചയമുള്ളവനാണ്. ഓരോ ചെറുസംഘമായി ജോലിക്കാരെ അബുവിന്റെ നേതൃത്വത്തിൽ കരയിലേക്കയച്ചു. പച്ചനിറത്തിലുള്ള കാൽസരായിയും ചുവപ്പുകുപ്പായവും മഞ്ഞ തലയിൽക്കെട്ടുമാണ് ഫർണാണ്ടസ് അവർക്കു നിർദ്ദേശിച്ച വേഷം. ഹനുമാന്റെ അടയാളമുള്ള ഒരു പതാക തയ്പ്പിക്കാനും അവൻ ഏർപ്പാടു ചെയ്തു.

എല്ലാം കഴിഞ്ഞു. ഹനുമാന്റെ അടയാളമുള്ള പതാകയും പറപ്പിച്ച് കൊളമ്പിൽ നിന്ന് മടങ്ങുമ്പോൾ ആകാശം ഇടയ്ക്കിടെ മുഖം കറുപ്പിക്കുന്ന സ്വഭാവം പ്രദർശിപ്പിച്ചിരുന്നു. അതു കാലവർഷാരംഭത്തിന്റെ സൂചനയാണ്. കടൽ ക്ഷോഭിച്ചിളകുന്നതിനു മുമ്പു വല്ല രക്ഷാസങ്കേതവും കണ്ടെത്തണം. കഴിയുംവേഗം മുമ്പോട്ടു കുതിക്കാൻ ഫർണാണ്ടസ് കൂട്ടുകാർക്കു നിർദേശം നൽകി.

കടൽ മൂരിനിവരുകയും നെടുവീർപ്പയയ്ക്കുകയും ചെയ്തുകൊണ്ട് പലപ്പോഴും അസ്വസ്ഥഭാവം പ്രകടിപ്പിച്ചു. കാറ്റു മിക്കവാറും ഒരു ചിത്തരോഗിയുടെ മട്ടിൽ പെരുമാറി. ചിലപ്പോൾ വളരെ മര്യാദക്കാരനാവും. അടുത്ത നിമിഷം ഒട്ടും വ്യവസ്ഥയില്ലാതെ കപ്പൽപായകളെ പിച്ചിച്ചീന്താനൊരുങ്ങും. ഒരിക്കൽ തെക്കുപടിഞ്ഞാറുനിന്ന് ഓടിക്കൊണ്ടുവന്നാൽ മറ്റൊരിക്കൽ കിഴക്കുനിന്നു ചാടിവീഴും. മുന്നറിയിപ്പില്ലാതെ കൊടുങ്കാറ്റിന്റെ രൂപം കൈക്കൊള്ളും. കടൽത്തിരകളെ വിളിച്ചുണർത്തി, കുഞ്ചിരോമം പിടിച്ചിളക്കി വാശിപിടിപ്പിക്കും.

ലക്ഷണങ്ങളൊന്നും പന്തിയല്ല. തണ്ടുവലിക്കാർ കിണഞ്ഞു പ്രയത്നിക്കുന്നുണ്ട്. അബു പറങ്കികളെ വേണ്ടപോലെ തല്ലുന്നുണ്ട്. യാത്ര പുറങ്കടലിലേക്കു നീങ്ങിപ്പോകരുതെന്ന് ഫർണാണ്ടസ് താക്കീത് നൽകി. പെട്ടെന്നു കടൽ ക്ഷോഭിച്ചാൽ ഏതെങ്കിലുമൊരു താവളത്തിൽ പറ്റിപ്പിടിച്ചുകൂടാൻ ശ്രമിക്കണം.

അബു പറഞ്ഞിട്ടാണറിഞ്ഞത് അകലത്തു കാണുന്നതു കൊച്ചിത്തുറമുഖമാണ്. പറങ്കികളുടെ പ്രബലസങ്കേതം. കോട്ടയ്ക്കു മുകളിൽ പറങ്കികളുടെ പതാക പാറിക്കളിക്കുന്നതു വ്യക്തമായി കാണാം. അതുകണ്ടുകൊണ്ട് കടന്നുപോകാൻ മനസ്സുവരുന്നില്ല. കുറച്ചു പുറങ്കടലിലേക്കു മാറി കപ്പലുകൾ നങ്കൂരമിട്ടു നിർത്താൻ ഫർണാണ്ടസ് കല്പിച്ചു.

രാത്രി വരെ അങ്ങനെ കഴിച്ചുകൂട്ടി. നല്ല മഴക്കാറുള്ള രാത്രിയായിരുന്നു. വിളക്കുകളെല്ലാം അണച്ച് ഫർണാണ്ടസ്സിന്റെ കപ്പലുകൾ തുറമുഖത്തിനുനേർക്കു സഞ്ചരിച്ചു. പീരങ്കിയുണ്ടകൾക്കു പറന്നെത്താൻ കഴിയുന്ന ദൂരമായെന്നു കണ്ടപ്പോൾ ആക്രമണത്തിനു കല്പന കൊടുത്തു.

ആദ്യത്തെ പീരങ്കിവെടി തുറമുഖം കുലുക്കി. പറങ്കികൾ അമ്പരന്നു. പ്രതിരോധത്തിനും പ്രത്യാക്രമണത്തിനും തയ്യാറെടുക്കുന്നതിന് മുമ്പുതന്നെ നാശനഷ്ടങ്ങൾ സംഭവിച്ചു. വഴിക്കുവഴി പീരങ്കിയുണ്ടകൾ ഉതിർന്നുകൊണ്ടിരുന്നു.

രാത്രി മുഴുവൻ വെടിവെപ്പ്. പകൽ പുറങ്കടലിലേക്കു പിൻവാങ്ങൽ. അങ്ങനെ നാലു ദിനരാത്രങ്ങൾ കഴിഞ്ഞു. യുദ്ധത്തിന്റെ അടവൊന്നു മാറ്റണമെന്ന് ഫർണാണ്ടസ്സിനു തോന്നി. അഞ്ചാംദിവസം രാത്രി വിശ്വസ്തരും അഭ്യാസനിപുണരുമായ ഏതാനും അനുയായികളെ ചേർത്തുകൊണ്ട് ഫർണാണ്ടസ് തോണിയിൽ പുറപ്പെട്ടു. വാളും വെണ്മഴുവും കരുതിയിരുന്നു.

തുറമുഖത്തുള്ള പറങ്കികൾ അന്നു പാതിരവരെ കാത്തിരുന്നിട്ടും ശത്രുക്കളുടെ ഭാഗത്തുനിന്ന് പ്രവർത്തനമൊന്നും കാണാത്തതുകൊണ്ട് ഇനിയൊന്നും സംഭവിക്കാൻ പോകുന്നില്ലെന്ന മട്ടിൽ അലസരായിരുന്നു. കുഞ്ഞാലിമരയ്ക്കാരുടെ കക്ഷിയിൽപ്പെട്ട കടൽക്കള്ളന്മാരിൽ വല്ലവരും ആ വഴി കടന്നുപോകുമ്പോൾ ഒന്നു ഭീഷണിപ്പെടുത്തിയതു മാത്രമാവും. അല്ലാതെ തുറമുഖം ആക്രമിക്കാനോ കീഴടക്കാനോ ശത്രുക്കൾ ഉദ്ദേശിച്ചിരിക്കില്ല. വെടിക്കോപ്പുകൾ തീർന്നപ്പോൾ തിരിച്ചു പോയിട്ടുണ്ടാവും. പറങ്കികളുടെ കപ്പിത്താൻ തുടങ്ങി കീഴോട്ടെല്ലാവർക്കും ഈയൊരു വിശ്വാസമായിരുന്നു. എങ്കിലും കരുതിയിരിക്കണം. പീരങ്കികൾ പ്രവർത്തിപ്പിക്കുന്നവർ കടലിലേക്ക് ഉറ്റു നോക്കിയിരുന്നു.

പാതിരാവു കഴിഞ്ഞിട്ടുണ്ടാവും. കൊടിക്കപ്പലിൽ ആകപ്പാടെ ബഹളം. ആരോ വിളക്കുകൾ മുഴുവനും തല്ലിക്കെടുത്തി. ഇരുട്ടിൽ കാര്യമറിയാൻ ഓടിയെത്തിയവരെ വെട്ടിവീഴ്ത്തി. ഒന്നും മനസ്സിലാവുന്നില്ല. അവിടവിടെ കിടന്നുറങ്ങുന്നവർ ബഹളം കേട്ടോടിവന്നു. ഉറക്കപ്പിച്ചുവിടാതെ, ആയുധമില്ലാതെ, പരിശ്രമിച്ചു വരുമ്പോഴാണ് വെട്ടേൽക്കുന്നത്. ഒന്നു നിലവിളിക്കാൻ കൂടി ഇടകിട്ടുന്നില്ല. അടുത്ത കപ്പലുകളിലുള്ളവർ ബഹളംകേട്ടു പലതും വിളിച്ചു ചോദിക്കുന്നുണ്ട്. ഉത്തരമില്ല. എന്തോ നിസ്സാരമായ വഴക്കാവുമെന്നു കരുതി അവർ മിണ്ടാതിരുന്നു.

വളരെ ധൃതിയിലാണ് കാര്യങ്ങൾ നടന്നത്. ഉണർന്നവരെ മുഴുവനും വെട്ടിവീഴ്ത്തി. ഉറങ്ങുന്നവരെ കാലുംകൈയും കെട്ടി വായിൽ തുണി നിറച്ച് അനങ്ങാനും ശബ്ദിക്കാനും വയ്യാത്ത നിലയിലാക്കി.

ഫർണാണ്ടസ് ഒരു പന്തം കൊളുത്താൻ കൽപിച്ചു. പന്തത്തിന്റെ വെളിച്ചത്തിൽ സ്ഥലപരിശോധന നടത്തി. കപ്പിത്താന്റെ മുറി അടഞ്ഞു കിടക്കുകയാണ്. നല്ല ഉറക്കമായിരിക്കും. ബഹളമൊന്നും കേട്ടിരിക്കില്ല. ഫർണാണ്ടസ് വാതിലിന്നു തട്ടി.

"ആരാത്?" അകത്തുനിന്നു ശബ്ദം. പോർച്ചുഗീസ് ഭാഷയിലാണ്.

"വാതിൽ തുറക്കൂ." അതേ ഭാഷയിൽ ഫർണാണ്ടസ് മറുപടി കൊടുത്തു.

അകത്തു കാൽപ്പെരുമാറ്റവും ശബ്ദവും കേൾക്കുന്നുണ്ട്. ശ്രദ്ധിച്ചു നിന്നു. വാതിൽ തുറന്ന് കപ്പിത്താൻ ഒരു കാൽ പുറത്തേക്കു വെച്ചു. ഫർണാണ്ടസ്സിന്റെ വാൾമുന കഴുത്തിലേക്കുയർന്നു. അവൻ കല്പിച്ചു:

"അനങ്ങിപ്പോവരുത്?"

കപ്പിത്താന് ഒന്നും മനസ്സിലായില്ല. പുറത്തു വെച്ച കാൽ അകത്തേക്കു പിൻവലിക്കാൻ ഫർണാണ്ടസ് കല്പിച്ചു. കപ്പിത്താൻ അനുസരിച്ചു. ഫർണാണ്ടസ്സും മുറിയിലേക്കു കടന്നു. വാതിൽ പുറകിലേക്കു ചാരി. കപ്പിത്താനോടു വിളക്കു കൊളുത്താൻ ആജ്ഞാപിച്ചു.

വിളക്കു കൊളുത്തി. തെളിഞ്ഞ പ്രകാശത്തിൽ ഫർണാണ്ടസ് കപ്പിത്താനെ അടിമുടി പരിശോധിച്ചു. മുമ്പു പരിചയമുണ്ടോ? പ്രായക്കൂടുതൽകൊണ്ട് ചുളിവീണ മുഖം. അതു നല്ലകാലത്തു പണ്ടെവിടെയോ കണ്ടിട്ടുണ്ട്. അവൻ ആലോചിച്ചു: എവിടെയാവും? ഓർമ്മ തെളിഞ്ഞുതെളിഞ്ഞു വരുന്നു. കൂട്ടത്തിൽ പല സംഭവങ്ങളും. ഹൃദയവിക്ഷോഭം അടക്കാൻ കഴിയുന്നില്ല. പല്ലു കടിച്ചുകൊണ്ട് അവൻ പതുക്കെപ്പറഞ്ഞു: "മണ്ടോസ."

തന്റെ പേരുച്ചരിക്കുന്നത് ആരാണെന്നറിയാൻ കപ്പിത്താന് ഓത്സുക്യം തോന്നി. മണ്ടോസ ഫർണാണ്ടസ്സിനെ നോക്കി. അവരുടെ നോട്ടം പരസ്പരമിടഞ്ഞു.

അരയിൽനിന്നു വാളൂരി, ഫർണാണ്ടസ് മണ്ടോസയ്ക്കു കൊടുത്തു:

"എടുത്തോളൂ. ആയുധമില്ലാത്ത നിന്നെ ഞാൻ തൊടില്ല."

മണ്ടോസയുടെ മുഖത്ത് അതുവരെ നിഴലിച്ചുകണ്ട പരിഭ്രമം മാറി. ഫർണാണ്ടസ് കൊടുത്ത വാൾ സന്തോഷത്തോടെ സ്വീകരിച്ച് അയാൾ യുദ്ധത്തിനൊരുങ്ങി. വാതിൽക്കൽ ഉത്ക്കണ്ഠയോടെ ഉറ്റുനോക്കി നിൽക്കുന്ന കൂട്ടുകാരിൽനിന്ന് ഒരു വാൾ വാങ്ങി ഫർണാണ്ടസ്സും യുദ്ധത്തിനു തയ്യാറെടുത്തു. കപ്പിത്താന്റെ മുറിയിൽവെച്ചാണ് യുദ്ധം. വാളുകൾ കൂട്ടിമുട്ടുന്നതു പുറത്തുകേൾക്കില്ല. മുറുകിയ യുദ്ധമാണ് നടക്കുന്നത്. രണ്ടുപേരും പരസ്പരം വെട്ടിവാങ്ങിയും വെടിക്കേറിയും പൊരുതുകയാണ്.

"എടാ, നീ ബലാത്സംഗം ചെയ്തു കൊന്ന പെണ്ണുങ്ങൾക്കു വേണ്ടി, ഇതാ, ഇത് ഏറ്റുവാങ്ങിക്കോ" ഫർണാണ്ടസ് ഉഗ്രമായൊന്നു വെട്ടി. അതിന്റെ ശക്തിയേറ്റ മണ്ടോസയുടെ വാൾ അകലെ തെറിച്ചുവീണു. ഗതി മുട്ടിയ മണ്ടോസ പരിഭ്രമിച്ചു ചുറ്റും നോക്കുന്നതിനിടയിൽ ഫർണാണ്ടസ് ആ വാൾ സ്വന്തം കൈകൊണ്ടെടുത്തു സമ്മാനിച്ചു.

പിന്നെയും വെട്ടലും തടുക്കലും നടന്നു. ഒഴിയാനും മാറാനും ആഞ്ഞുവെട്ടാനും ഇടംപോരാത്ത മുറിയാണ്. മണ്ടോസയാണെങ്കിൽ അസാമാന്യനും! പ്രായക്കൂടുതലുണ്ടെങ്കിലും ഒട്ടും തളരാത്ത കൈകളാണ്. ഫർണാണ്ടസ്സിനോട് ഒപ്പത്തിനൊപ്പംതന്നെ നിന്നു പൊരുതുന്നു.

തടുക്കുകയും കൊടുക്കുകയും ചെയ്യുന്ന തിരക്കിൽ മണ്ടോസയുടെ കള്ളക്കണ്ണ് മുറിയിൽപരിശോധന നടത്തുകയായിരുന്നു. ഫർണാണ്ടസ് അതു സൂക്ഷിച്ചില്ല. ഒരിക്കൽ മിന്നൽ വേഗത്തിൽ മണ്ടോസ വെട്ടു തടുത്തു. പകരം വെട്ടിയത് വിളക്കിനായിരുന്നു. വിളക്കു കെട്ടു മുറി മുഴുവൻ അന്ധകാരം പരന്നു. അല്പം പരവശമായ സ്വരത്തിൽ ഫർണാണ്ടസ് പറയുന്നതു കേട്ടു:

“ചതിച്ചല്ലോ?”

പുറത്തു നിൽക്കുന്ന അവന്റെ അനുയായികൾ മുറിയിലേക്കു തള്ളിക്കയറി. വാതിലടച്ചു ഭദ്രമാക്കി. എന്താണ് സംഭവിച്ചതെന്നൊന്നുമറിഞ്ഞുകൂടാ. പന്തം തെളിയിച്ചു.

ഫർണാണ്ടസ് ചോരയിൽ മുങ്ങിക്കിടക്കുകയാണ്. മണ്ടോസയെ കാണാനില്ല. അവർ മുറി മുഴുവനും പരിശോധിച്ചു. വലിയ പെട്ടികൾ മറിച്ചിട്ടു. മണ്ടോസ കട്ടിലിന്നടിയിൽ ഒളിച്ചുകൂടിയിരിക്കയാണ്. ഒട്ടും താമസമുണ്ടായില്ല. വലിച്ചു പുറത്തിട്ട ആ കപ്പിത്താന്റെ തല ഉടലിൽ നിന്നു വേർപെടുത്താൻ.

ഫർണാണ്ടസ്സിനു ബോധമില്ല. താങ്ങിപ്പിടിച്ചെടുത്ത് എല്ലാവരും കൂടി പുറത്തു കടന്നു. തോണിയിൽവെച്ചു കപ്പലിലെത്തിച്ചു. വലത്തെ തോളിലാണ് മുറിവേറ്റത്. മരുന്നുവെച്ചുകെട്ടി. അബു കപ്പിത്താന്റെ ചുമതല ഏറ്റെടുത്തു. പുലരുന്നതിനുമുമ്പു യാത്ര തുടങ്ങി. നേരം പുലർന്നത് അത്ര ഭംഗിയായിട്ടല്ല. ആകാശം ഇരുണ്ടുമൂടി നിന്നു. തെക്കുപടിഞ്ഞാറൻ കാറ്റ് അലറിക്കൊണ്ടു വന്നു. തിരമാലകൾ ഒന്നിനു പിറകെ മറ്റൊന്നായി ഇളകിമറിഞ്ഞു. കാലവർഷം ആരംഭിച്ചതിനുള്ള ആദ്യത്തെ താക്കീതു കിട്ടി.

എവിടെ ചെന്നെത്തുമെന്നു നിശ്ചയമില്ലാതെ കപ്പലുകൾ ഓടിച്ചു. പലപ്പോഴും നിയന്ത്രണത്തിൽ നിന്നു കുതറിച്ചാടി കപ്പലുകൾ അതിന്റെ പാട്ടിനു സഞ്ചരിച്ചു. വലിയ തോണികളും ഏതാനും ചെറുകപ്പലുകളും വഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. ദിവസംപ്രതി കാലവർഷം ശക്തിപ്പെടുകയാണ്. പടിഞ്ഞാട്ടോ വടക്കോട്ടോ യാത്രയെന്നു തിട്ടപ്പെടുത്താൻ വയ്യാ. ദിക്കറിയാനും വയ്യാ. ആകാശം ഇരുണ്ടുമൂടിക്കിടക്കുന്നതുകൊണ്ടു നക്ഷത്രങ്ങൾ നോക്കി ദിക്കറിയാനുള്ള ഉപായവും മുടങ്ങി. ഉഗ്രമായ കാറ്റടിച്ചുവരുമ്പോൾ ദൈവത്തെ വിളിച്ചു. നിലവിളിക്കുകയല്ലാതെ മറ്റു വഴിയില്ല. ഫർണാണ്ടസ്സാണെങ്കിൽ ബോധംകെട്ടു കിടക്കുന്നു.

അഞ്ചു രാപ്പകലൊന്നായി ഇളകിമറിഞ്ഞ കടലിൽ അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞ് ആറാംദിവസം രാവിലെ അവരുടെ കപ്പൽ ‘സോകോത്രാ’ ദ്വീപിലടുത്തു. ഗതികെട്ടവരല്ലാതെ അറിഞ്ഞുകൊണ്ട് ആരും ആ ദ്വീപിൽ കപ്പലടുപ്പിക്കില്ല. ദുർമന്ത്രവാദികളായ പ്രാകൃതമനുഷ്യരാണ് അവിടെ കുടിപാർക്കുന്നത്. അവർക്കു കൊടുങ്കാറ്റുണ്ടാക്കാനും കപ്പൽ മുക്കാനുമുള്ള മന്ത്രങ്ങളറിയാം. ഇഷ്ടദേവതകളെ പ്രീതിപ്പെടുത്താൻ നരബലി കൊടുക്കുന്ന സമ്പ്രദായം അനുവർത്തിച്ചു പോരുന്നവരാണ്. സമുദ്രസഞ്ചാരികൾക്കു കൊടുങ്കാറ്റിനേക്കാൾ, പ്രകൃതികോപത്തെക്കാൾ, ഭയമാണ് സോകോത്രാ ദ്വീപിലുള്ളവരെ.

വിദേശികളുടെ കപ്പൽ ദ്വീപിലടുത്തെന്നു കേട്ടപ്പോൾ ആണുങ്ങളും പെണ്ണുങ്ങളും കിഴവന്മാരും കുട്ടികളും ഒന്നൊഴിയാതെ കടൽത്തീരത്തേക്കോടിവന്നു. അബു ഒന്നേ നോക്കിയുള്ളു. ഓടിവരുന്നവരെല്ലാം നഗ്നരാണ്. അവന്നു ബോധക്ഷയം പോലെതോന്നി.

— 21 —

# ഇരുപത്തിയൊന്ന്

ഉത്ക്കണ്ഠാകുലമായ ഒരു മാസം കടന്നുപോയി. മൂടിക്കെട്ടിയ ആകാശത്തിനു കീഴിൽ, ചുറ്റും കടൽത്തിരകൾ മതിൽകെട്ടിയുയർത്തിയ "സോകോത്രാ" ദ്വീപിൽ, ഒരു കൊച്ചുകുടിലിൽ ദുഃഖിതനും വിവശനുമായ അബു ഫർണാണ്ടസ്സിനെ ശുശ്രൂഷിച്ചു കൊണ്ടിരിപ്പാണ്. ഒന്നും പറയാറായിട്ടില്ല. ജീവിതത്തിനും മരണത്തിനുമിടയിൽ കിടന്നു പൊരുതുന്ന രോഗിയെ പറങ്കിക്കപ്പലിലെ വൈദ്യനാണ് ചികിത്സിക്കുന്നത്. ഫർണാണ്ടസ്സിന്റെ ജീവന് അപകടം സംഭവിച്ചാൽ തടവുകാരായി പിടിച്ച മുഴുവൻ പറങ്കികളെയും കടലിൽ കെട്ടിത്താഴത്തി കൊല്ലുമെന്നാണ് അബു താക്കീതു നൽകിയത്. അതുകൊണ്ടു തങ്ങളുടെ ജീവനേക്കാൾ പറങ്കികൾക്കിന്നു പ്രിയപ്പെട്ടത് ഫർണാണ്ടസ്സിന്റെ ജീവനാണ്.

ദ്വീപുവാസികളുടെ തലവൻ മൂന്നുനേരം മുടങ്ങാതെ വന്നു ഫർണാണ്ടസ്സിന്റെ മുറിവിൽ മന്ത്രിച്ചൂതും. മന്ത്രംകൊണ്ടു സാധിക്കാത്ത യാതൊന്നുമില്ലെന്നാണ് തലവന്റെ വിശ്വാസം. അന്നു പരിവാരസമേതം കപ്പൽ കൊള്ളചെയ്യാനും കപ്പലിലുള്ളവരെ കൊലചെയ്യാനും വന്ന ഉഗ്രമൂർത്തിയായ തലവൻ ഇന്ന് അബുവിന്റെ വിനീതദാസനാണ്. ഒരു മാൻകുട്ടിയെപ്പോലെ നിരുപദ്രവിയാണ്. ആ വലിയ കാര്യം സാധിച്ചതിൽ അബുവിന് അഭിമാനമുണ്ട്.

എല്ലാം അവസാനിച്ചെന്നു കരുതി ബോധംകെട്ടു വീഴാൻ പോയതാണ്. ആർത്തുവിളിച്ച് അത്യുത്സാഹത്തോടെ ഓടിവരുന്ന ആ പ്രാകൃതജീവികളുടെ കൈയിൽ വലിയ കുന്തവും അമ്പും വില്ലും ഊത്തുകുഴലുമുണ്ടായിരുന്നു; തിമിംഗിലത്തെ വേട്ടയാടുന്ന ചാട്ടുളിയും! മരണം തീർച്ചപ്പെട്ട നിലയ്ക്ക് അവസാനത്തെ ഒരടവു പ്രയോഗിക്കാൻ അബു തീരുമാനിച്ചു. പീരങ്കികളിൽ ഒന്നു നിറയൊഴിച്ചു.

അടവു കുറിക്കു കൊണ്ടു. പീരങ്കിമുഴക്കം അവസാനിക്കുന്നതിനുമുമ്പ് എതിർക്കാൻ വന്നവർ ഓടി രക്ഷപ്പെട്ടു. ദ്വീപു മുഴുവനും വിജനമായി തോന്നി.

ഭാഗ്യം!

ഒരു വെടികൂടി പൊട്ടിച്ചേ കഴിയൂ എന്ന സ്ഥിതിവിശേഷം വന്നാൽ കള്ളി വെളിച്ചത്താവുമായിരുന്നു. വെടിക്കോപ്പുകൾക്ക് അത്ര വലിയ ക്ഷാമമുണ്ടായിരുന്നു. അതൊന്നും വേണ്ടിവന്നില്ല. മന്ത്രംകൊണ്ടു കൊടുങ്കാറ്റു സൃഷ്ടിക്കുകയും സമുദ്രക്ഷോഭമുണ്ടാക്കുകയും കപ്പലുകളെ പിടിച്ചു നിർത്തുകയും പ്രകൃതികോപത്തെ നിയന്ത്രിക്കുകയും ചെയ്യുന്നവർ ഒറ്റ വെടികൊണ്ടു കീഴടങ്ങി. ചെകുത്താനെപ്പോലും തലകുനിപ്പിക്കുന്ന പീരങ്കിയെ നിർവ്വീര്യമാക്കാൻ അവരുടെ കൈയിൽ മന്ത്രമില്ല.

അല്പം കഴിഞ്ഞപ്പോൾ തലവനും നാലഞ്ചുനായായികളും നിലത്തു കമിഴ്ന്നുകിടന്നു മുമ്പോട്ട് ഇഴയുന്നതു കണ്ടു. അതു കീഴടങ്ങിയതിന്റെ ലക്ഷണമാണ്. അബുവിനു മനസ്സിലായി. അവൻ ഏതാനും കൂട്ടുകാരൊന്നിച്ചു കപ്പലിൽ നിന്നിറങ്ങി പതുക്കെ നടന്നു തലവനെ സമീപിച്ചു. അവർ സന്ധിചെയ്തു. കാലവർഷക്കെടുതി കഴിയുന്നതുവരെ കപ്പലിലുള്ളവർക്കു ദ്വീപിൽ അഭയം നൽകാമെന്നും വേണ്ട സഹായം ചെയ്തുകൊടുക്കാമെന്നും തലവൻ സമ്മതിച്ചു. അബു സന്ധിനിർദേശത്തെ മാനിച്ചു പരസ്പരസൗഹൃദം സ്ഥാപിച്ചതിനടയാളമായി കുറെ പട്ടുതുണിയും വെള്ളിയും തലവനു സമ്മാനിച്ചു. പിന്നെ കുഴപ്പമൊന്നുമില്ല. പീരങ്കിക്കാരുടെ രാജാവു മുറിവേറ്റു കപ്പലിൽ കിടക്കുകയാണെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിനു താമസിക്കാൻ പ്രത്യേകമായൊരു കുടിൽ ക്ഷണത്തിൽ പണിതീർത്തു. മറ്റുള്ളവർക്ക് ഏതാനും പഴയ കുടിലുകൾ ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു.

മന്ത്രം കൊണ്ടാണെന്നു തലവനും മരുന്നുകൊണ്ടാണെന്നു വൈദ്യനും അഭിമാനം കൊള്ളത്തക്കവിധം ഒരു ദിവസം ഫർണാണ്ടസ് കണ്ണു തുറന്നു. അടുത്തിരിക്കുന്ന അബുവിനോടു തലവൻ ആവേശത്തോടു പറഞ്ഞു: "മന്ത്രത്തിന്റെ ശക്തി?"

"അല്ല മരുന്നിന്റെ വീര്യം!" വൈദ്യർ അഭിപ്രായപ്പെട്ടു.

"മന്ത്രത്തിനു മീതെ ഒരു മരുന്നുമില്ല." തലവൻ.

"മരുന്നിനു മീതെ ഒരു മന്ത്രവുമില്ല." വൈദ്യർ

തലവനും വൈദ്യരും വീറോടെ വാദിച്ചു. സത്യം എന്തായാലും ഫർണാണ്ടസ് രക്ഷപ്പെട്ടിരിക്കുന്നു. അബുവിന് അതുമതി.

ദ്വീപു മുഴുവൻ ഉത്സവം ആഘോഷിക്കാൻ തലവൻ കൽപന കൊടുത്തു. ആണുങ്ങളും പെണ്ണുങ്ങളും സംഘം സംഘമായി വന്ന് ഫർണാണ്ടസ്സിന്റെ കുടിലിനു മുമ്പിൽ പാട്ടുപാടിനൃത്തം വെച്ചു. ഉപ്പിട്ടുണക്കിയ തിമിംഗലമാംസം എത്രയെങ്കിലും കാഴ്ചയായി കൊണ്ടു വന്നു. ഫർണാണ്ടസ്സിന് ഒന്നും മനസ്സിലായില്ല. തനിക്കുചുറ്റും, ഏതോ വിചിത്രലോകത്തുനിന്ന് ഇറങ്ങിവന്ന ജീവികൾ ആടുകയും പാടുകയും ചെയ്യുന്നു.

"അബു, ഇതെന്താണ്?" ക്ഷീണിച്ച സ്വരത്തിൽ ഫർണാണ്ടസ് ചോദിച്ചു.

"ലാജാവ്." അബു പതുക്കെ ചെവിയിമന്ത്രിച്ചു.

"രാജാവോ? എവിടെ?" ഫർണാണ്ടസ്സിന്റെ കണ്ണുകൾ കുടിലിനകത്തു വിസ്തരിച്ചു പരിശോധന നടത്തി. അതിനു മറുപടിയായി അബു ഫർണാണ്ടസ്സിനെ ചൂ

ണ്ടിക്കാട്ടി. കാര്യം മനസ്സിലായപ്പോൾ ഫർണാണ്ടസ്സിനു ചിരിവന്നു. പക്ഷേ, ചിരിക്കാൻ വയ്യ. ശരീരം മുഴുവൻ വേദനയാണ്. എന്തു വേണമെങ്കിലും നടക്കട്ടെയെന്നു കരുതി അവൻ വിണ്ടും കണ്ണടച്ചു കിടന്നു.

തിരക്കെല്ലാം കഴിഞ്ഞപ്പോൾ തലവന്റെ വരവായി. ഏറ്റവും വില പിടിപ്പുള്ള കാഴ്ചദ്രവ്യങ്ങളാണ് തലവൻ കൊണ്ടുവന്നത്. പീരങ്കികളുള്ള രാജാവിനെ തലവൻ താണുവീണു നമസ്കരിച്ചു. എന്നും 'സോകോത്രാ' ദ്വീപിലുള്ളവരോടു മമതയിലിരിക്കണമെന്ന് അഭ്യർത്ഥിച്ചു.

ഫർണാണ്ടസ് കണ്ണുമിഴിച്ച് നോക്കിയതേയുള്ളൂ. രാജാവിന്റെ പ്രതിനിധിയെന്ന നിലയിൽ സംസാരിച്ചതുമുഴുവൻ അബുവായിരുന്നു.

ഏർപ്പെടുന്ന യുദ്ധങ്ങൾ മുഴുവൻ ജയിക്കാനും രോഗബാധയിൽനിന്നും ചെകുത്താന്റെ ബാധയിൽ നിന്നും മോചനം കിട്ടാനും അത്യുത്തമമെന്നു വിധിക്കപ്പെട്ട ഒരു ചെമ്പുതകിടു വെള്ളിക്കൂടിൽ അടക്കം ചെയ്തു രാജാവിന്റെ കൈത്തണ്ടയിൽ തലവൻ കെട്ടിച്ചു കൊടുത്തു. മൂർദ്ധാവിൽ നൂറ്റൊന്നുരു മന്ത്രിച്ചൂതി. ചടങ്ങുകളൊക്കെ കഴിഞ്ഞപ്പോൾ ഒരു തവണകൂടി താണുവീണു നമസ്കരിച്ച്, പൃഷ്ഠം തിരിക്കാതെ, ബഹുമാനസൂചകമായി പിന്നോട്ടു നടന്ന് തലവൻ വിട വാങ്ങി. അവർക്കൊരു രാജാവില്ലെങ്കിലും രാജാവിന്റെ മുമ്പിൽ പെരുമാറേണ്ട വിധം ഏറെക്കുറെ എല്ലാവരും പഠിച്ചുവെച്ചിരിക്കുന്നു. നല്ല കാലത്തിന് എപ്പോഴെങ്കിലുമൊരു രാജാവുണ്ടായാൽ ഉപകരിക്കുമെന്നു കരുതി.

ചികിത്സകൊണ്ടും മന്ത്രവാദംകൊണ്ടും വിശ്രമംകൊണ്ടും ഫർണാണ്ടസ്സിന് ആരോഗ്യം പരിപൂർണമായും തിരിച്ചുകിട്ടാൻ രണ്ടുമാസം പിന്നെയും കഴിയേണ്ടിവന്നു. പടമെടുത്തുതുന്ന തിരമാലകളെ കുഴലൂതി മയക്കി കൂടുകളിലടയ്ക്കാൻ ശരൽക്കാലം ഒരു കുറവനെപ്പോലെ വന്നെത്തി. കടലിൽ തിമിംഗലവേട്ടയ്ക്കിറങ്ങിയ ദ്വീപുവാസികളുടെ കപ്പലുകളും ആകാശത്തിൽ വെണ്മേഘശകലങ്ങളും കാറ്റിന്റെ ഗതിക്കൊത്തു ചലിച്ചു. ആകാശം തെളിയുകയും ഉദയാസ്തമന വേളകളിൽ കിഴക്കും പടിഞ്ഞാറും മനോഹരവർണങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. അലക്കി വെളുപ്പിച്ച പകലും അഴകേറിയ രാത്രിയും ജീവിതത്തിന് നവചൈതന്യം നൽകി.

സങ്കോചമില്ലാതെ കുടിലിനകത്തു കയറിവന്ന ഇളം ചൂടാർന്ന പോക്കുവെയിൽ ഒരുനാൾ ഫർണാണ്ടസ്സിന് ഒരു സന്ദേശവുംകൊണ്ടുവന്നു.

"എഴുന്നേൽക്കൂ ചുറ്റുപാടുമുള്ള ലോകം പൊന്നിൽ കുളിച്ചു നിൽക്കുകയാണ്."

ഫർണാണ്ടസ് ഉത്സാഹഭരിതനായി ആ സന്ദേശത്തെ സ്വീകരിച്ചു. നനഞ്ഞമർന്നുകിടക്കുന്ന പൂഴിമണ്ണിൽ ചവുട്ടി കുടിലിന്റെ മുറ്റത്തേക്കു കടന്നുനിന്നു. കാറ്റിൽ ആടുന്ന കുതിരവാൽപ്പുല്ലുകൾക്കപ്പുറം നീലിച്ച കടലാണ്. അവിടെ കടൽക്കാക്കകൾ കൂട്ടമിട്ടു പറക്കുന്നു. ഓളത്തട്ടുകളുടെ തോളിൽ താണിരുന്നു കുതിരസ്സവാരി നടത്തുന്നു. ചക്രവാളച്ചെരുവിലെ ചെമ്പരുത്തിക്കാടു മുഴുവൻ പൂത്തുനിൽക്കുന്നു.

കാലുകൾ അറിയാതെ നീങ്ങി. തഴച്ചുവളർന്ന കുതിരവാൽപ്പുല്ലുകൾക്കിടയിൽ നീണ്ടു കിടക്കുന്ന ഒറ്റയടിപ്പാത കടൽത്തീരത്തു ചെന്നാണ് അവസാനിക്കുന്നത്. അവിടെ വിജനമാണ്. അടുത്തൊന്നും കുടിലുകളില്ല. കടൽ ഒന്നു കൺകുളിർക്കെ കണ്ടിട്ടു ദിവസങ്ങളായി. അവിടെ, ആ ഉപ്പുവെള്ളത്തിൽ, ഭീകരങ്ങളായ പല ജീവിതാനുഭവങ്ങളും രോമാഞ്ചം കൊള്ളിക്കുന്ന സ്മരണകളും അലിഞ്ഞുകിടപ്പുണ്ട്.

നനവുണ്ടെങ്കിലും തിരമാലകൾ കഴുകി വെട്ടുപ്പാക്കിയ പൂഴിയിലിരിക്കാൻ രസം തോന്നി. പണ്ട് വളയക്കടപ്പുറത്തങ്ങനെ ഇരുന്നിട്ടുണ്ട്. പാഞ്ചാലിയെ മുട്ടിയുരുമ്മിക്കൊണ്ട്. കടൽക്കാറ്റിൽ ഇളകിയാടുന്ന അവളുടെ നീലാളകങ്ങൾ അവന്റെ കവിളിൽ കിടന്ന് ഇഴഞ്ഞിട്ടുണ്ട്.

പാഞ്ചാലിയോടുള്ള വാഗ്ദാനം മുഴുവൻ നിറവേറ്റണം. ഒരു കപ്പൽ നിറയെ സ്വർണ്ണമുണ്ട്. അവൾക്കു പട്ടംകെട്ടിയ ആനയെ വേണോ? വാങ്ങാം. അവളെ സ്വർണ്ണംകൊണ്ടു മൂടണോ? മൂടാം. ഒരു മാളികവീടുപണിതീർക്കണോ? ആലോചന അവിടെ എത്തിയപ്പോൾ ആലിക്കുട്ടിയുടെ രൂപം മനസ്സിൽ തെളിഞ്ഞുവന്നു.

...കറുത്ത വട്ടത്താടിയും ക്ഷൗരംചെയ്തു മിനുക്കിയ തലയും നിസ്കാരത്തഴമ്പാർന്ന നെറ്റിയും നീണ്ടു വളഞ്ഞ മൂക്കും തിളങ്ങുന്ന കണ്ണുകളും കറുകപ്പുല്ലുപോലെ രോമം വളർന്നുനിൽക്കുന്ന ചെവിയും നെടുതായ ശരീരവും കനത്തു മുമ്പോട്ടുതുങ്ങുന്ന വയറും...

അതേ, ആലിക്കുട്ടിതന്നെ. വർഷങ്ങൾക്കുമുമ്പു കണ്ടതാണ്. എന്നിട്ടും എളുപ്പത്തിൽ മനസ്സിലായി. ഫർണാണ്ടസ്സിന്റെ കണ്ണുകൾ കലങ്ങി. കോപംകൊണ്ടു ചുണ്ടു വിറച്ചു.

വളയക്കടപ്പുറത്തെത്തിയാൽ ആദ്യത്തെ ചുമതല പകവീട്ടലാണ്. ആലിക്കുട്ടിയെ പിടിച്ചുകെട്ടി ഭേദ്യം ചെയ്തുകൊല്ലണം. ഒരടിക്കോ വെട്ടിനോ കൊല്ലരുത്. പതുക്കെപ്പതുക്കെ കൊല്ലണം. എല്ലാ വേദനകളും അനുഭവിപ്പിക്കണം. അവന്റെ കുടുംബത്തെ മാളികയിൽ നിന്നു പിടിച്ചു പുറത്താക്കണം. അവർ ഉണ്ണാൻ വകയില്ലാതെ, ഉറങ്ങാൻ വീടില്ലാതെ, തെണ്ടിത്തിരിയണം. കൈ നീട്ടി യാചിക്കണം. ഐദ്രോസിന്റെ കുടുംബത്തെപ്പോലെ പെരുവഴിയിൽ വീണു മരിക്കണം.

ഫർണാണ്ടസ്സിന്റെ ഉള്ളിലെ പോരാളി ഉറക്കത്തിൽ നിന്ന് ഉണരുകയാണ്. കൈയും കാലും കുടഞ്ഞ് എഴുന്നേൽക്കുകയാണ്.

മുത്തപ്പൻ പണികഴിപ്പിച്ച മാളികവീടു സ്വന്തമാക്കണം. എന്നെങ്കിലും അതു സ്വന്തമാക്കുമെന്നു ശപഥംചെയ്തതാണ്. അവിടെ അമ്മയും അച്ഛനും ചെന്നു പാർക്കണം; പാഞ്ചാലിയും! പുതിയ മാളികവീടു പണിയിക്കാൻ കഴിയാഞ്ഞിട്ടല്ല. അവകാശം പിടിച്ചുപറ്റാനുള്ള മോഹമാണ്.

ഇരിപ്പുറയ്ക്കുന്നില്ല; ഫർണാണ്ടസ് എഴുന്നേറ്റു. അവനിലെ പോരാളിയാണ് ധൃതികൂട്ടുന്നത്.

വേഗം! വേഗം! വളയക്കടപ്പുറത്തെത്തണം.

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും പകവീട്ടാനും പകരം ചോദിക്കാനും!

മുഷ്ടി ചുരുട്ടിപ്പിടിച്ച് ഫർണാണ്ടസ് പൂഴിയിലൂടെ അങ്ങട്ടുമിങ്ങട്ടും നടന്നു.

കുട്ടച്ചിരി മുഴങ്ങുന്നു.

ആദ്യം കേട്ടില്ല.

പിന്നെയും പിന്നെയും അതുമുഴങ്ങി.

പെണ്ണുങ്ങളുടെ ചിരിയാണ്.

ഫർണാണ്ടസ് ശ്രദ്ധിച്ചു. ഇടത്തുവശത്തെ കടൽത്തീരത്തുനിന്നാണ്. നോക്കിയാൽ കാണില്ല. പുൽപ്പടർപ്പു തഴച്ചുനിൽക്കുന്നു. ആ ചിരിക്കുന്നവരാരെന്നും ചിരിക്കുന്നതെന്തിനെന്നും കണ്ടുപിടിക്കാനൊരുമോഹം. പുൽപ്പടർപ്പിലൂടെ വഴിയില്ല. എങ്കിലും നടന്നു.

ചിരി കൂടുതൽ വ്യക്തമായി കേൾക്കുന്നു. തലയുയർത്തി നോക്കി.

കടലിൽ നീന്തിത്തുടിക്കുന്ന പെണ്ണുങ്ങളാണ് ചിരിക്കുന്നത്. കാണാൻ രസമുണ്ട്. പരസ്പരം മുഖത്തു വെള്ളം തേവിയും പിടികൊടുക്കാതെ ബദ്ധപ്പെട്ടു നീന്തിയും പിന്നാലെ കുതിച്ചു പിടിച്ചാഴ്ത്തിയും മുതലക്കുപ്പകുത്തിയും അവർ ആഹ്ലാദിക്കുകയാണ്. നീലിച്ച കണ്ണും മഞ്ഞനിറത്തിലുള്ള മൂക്കും വെള്ളത്തിൽ കിടന്നു വിളറിയ ചുണ്ടും മുഖത്തിന്റെ മുക്കാലംശവും മറച്ചു പായൽപോലെ ഇരുവശത്തും വെള്ളത്തിൽക്കിടന്നിഴയുന്ന തലമുടിയും മാത്രമേ വ്യക്തമായിക്കാണാനുള്ളു.

ഫർണാണ്ടസ് നിർദ്ദോഷിയായി അതു നോക്കിനിൽക്കും; ശബ്ദമുണ്ടാക്കാതെ, ശല്യപ്പെടുത്താതെ, കടന്നുപോകും. പക്ഷേ അവനിലെ പോരാളി തികച്ചും വിഭിന്നനാണ്. കൈയും കെട്ടി നോക്കിനിൽക്കുന്ന കൂട്ടത്തിലല്ല. യുദ്ധത്തിലും വിനോദത്തിലും ഒരുപോലെ താത്പര്യം കാണിക്കും. ആ പോരാളി ഉണർന്നു പ്രവർത്തിക്കുന്ന സമയാണ്. ഒന്നു കടലിലേക്കെടുത്തു ചാടി പെണ്ണുങ്ങളൊന്നിച്ചു നീന്തിയാലെന്തെന്ന് ആ പോരാളിക്കുതോന്നി. ഫർണാണ്ടസ്സിനു മറ്റൊന്നു പറയാനോ ചിന്തിക്കാനോ ഇടകിട്ടിയില്ല. പിന്നെ പ്രവർത്തിച്ചതൊക്കെ ആ പോരാളിയാണ്.

ഒറ്റക്കുതിക്കു പെണ്ണുങ്ങളുടെയിടയിൽ ചെന്നുചാടി. പെണ്ണുങ്ങൾ പേടിച്ചു നിലവിളിച്ചു പലഭാഗത്തേക്കും പാഞ്ഞു. പിന്നാലെ അവനും. അവർ പ്രാണരക്ഷയ്ക്കെന്ന വിധം പുൽപ്പടർപ്പിലേക്കു കയറി. അവനും വിട്ടില്ല. ഓടാൻ നല്ല രസമുണ്ട്. ഒരു വിനോദത്തിൽകവിഞ്ഞ പ്രാധാന്യം അവൻ അതിനു നൽകിയില്ല. ഓട്ടം തുടങ്ങിയപ്പോൾ വാശിയായി. പിടിക്കണം. പെണ്ണുങ്ങളോട് ഓട്ടപ്പന്തയത്തിൽ തോൽക്കുന്നതു പോരായ്മയാണ്. പലതവണ പാഞ്ചാലിയെ അവനങ്ങനെ ഓടിച്ചിട്ടുണ്ട്.

ഒരുത്തിയെ കൈകൊണ്ടു തൊടാമെന്നായി. എന്തിയാൽ തലമുടി പിടിക്കാം. തലമുടി പിടിച്ചില്ലെങ്കിൽ ഇനിയും ഓടും. അതു പറ്റില്ല. വേഗത്തിൽ കീഴടക്കണം. അവൻ തലമുടിയിൽക്കേറിപ്പിടിച്ചു.

ഒരു ഭയങ്കര നിലവിളിയോടെ അവൾ പിറകോട്ടു ചാഞ്ഞു. അവന്റെ മാറിലേക്കു ബോധംകെട്ടു വീണു. ആ പാച്ചിലും പിടുത്തവും തമാശയാണെന്ന് അവൾക്കറി

ഞ്ഞുകൂടാ. അവൾക്കു ബോധമില്ലെന്നു മനസ്സിലായപ്പോഴാണ് യാഥാർത്ഥ്യത്തെ പ്പറ്റി അവനോർത്തത്.

തെറ്റുചെയ്തു. ചെയ്യാൻ പാടില്ലായിരുന്നു. ആലോചിക്കേണ്ട സമയം കഴിഞ്ഞു പോയി. തളർന്നുറങ്ങുന്ന ഒരു കുട്ടിയെപ്പോലെ അവൾ ഫർണാണ്ടസ്സിന്റെ മാറത്തു തല ചായ്ച്ച് കിടക്കുകയാണ്. നനഞ്ഞ തലമുടിയിൽ നിന്നു വെള്ളം ഇറ്റിറ്റു നിലത്തു വീഴുന്നുണ്ട്. അങ്ങനെ അവിടെ വിട്ടുപോകാൻ വിഷമം. താങ്ങിപ്പിടിച്ചു മടിയിൽ കിടത്തിക്കൊണ്ട് അവൻ പുൽപ്പടർപ്പിലിരുന്നു. ബോധം തെളിഞ്ഞു കണ്ണുമിഴിക്കു മ്പോൾ മാപ്പുചോദിക്കാം. കാത്തിരുന്നു.

അവളുടെ കൺപീലികൾ ചലിച്ചു. പാതിവിടർന്ന കണ്ണുകൊണ്ട് അവൾ ഫർ ണാണ്ടസ്സിനെ നോക്കി. ദയനീയമായ നോട്ടം. ആ മുഖത്തു ഭയവും പരിഭ്രമവും മാ റിമാറി നിഴലിച്ചു. ഒറ്റശ്വാസത്തിൽ ഫർണാണ്ടസ് എന്തൊക്കെയോ പറഞ്ഞു. മാ പ്പപേക്ഷിച്ചു. അവൾ എഴുന്നേറ്റു തലകുനിച്ച് ഒന്നും പറയാതെ പതുക്കെ നടന്നു. കണ്ണുകളിൽനിന്നു മഴ പെയ്തു. പുൽപ്പടർപ്പിനപ്പുറം അവളുടെ രൂപം അപ്രത്യക്ഷമാ കുന്നതും നോക്കി ഫർണാണ്ടസ് ഇരുന്നു. ആശ്വാസമായി. ഏതോ ഭാരം ഹൃദയ ത്തിൽനിന്നു നീങ്ങിപ്പോയപോലെ.

കുടിലിൽ ചെന്നപ്പോൾ മനസ്സു നിറച്ചും വളയക്കടപ്പുറമായിരുന്നു. കഴിയുന്ന വേഗത്തിൽ അവിടെ ചെന്നെത്തണം. യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യാൻ അബുവിനു നിർദ്ദേശം നൽകി. പ്രഭാതത്തിൽ പുറപ്പെടണം. തലവനെ കണ്ടു യാ ത്ര പറയേണ്ട ചുമതലയും അബുവിനു നൽകി.

പാതിരാവിനുമുമ്പ് ഒരുക്കങ്ങൾ പൂർത്തിയായി. ഒന്നു മയങ്ങാനുദ്ദേശിച്ചു കിട ന്നു. ഉറക്കം വരുന്നില്ല. വിരിപ്പിൽ അങ്ങുമിങ്ങും ഉരുണ്ടു. വല്ലാത്ത അസ്വാസ്ഥ്യം. ഹൃദയത്തിലെവിടെയോ ചെറുതായൊരു നീറ്റം.

തെറ്റുചെയ്തു. ചെയ്യരുതായിരുന്നു. പറങ്കികളോട ഇക്കാലമത്രയും പകവെച്ചു പോരാൻ കാരണമെന്തായിരുന്നു? അവർ പെണ്ണുങ്ങളെ പിടിച്ചു കൊണ്ടുപോകുന്നു. അവരോടു മനുഷ്യോചിതമല്ലാത്ത തരത്തിൽപെരുമാറുന്നു. അന്നു വൈകുന്നേരം നടന്ന സംഭവം ഫർണാണ്ടസ്സിന്റെ മനസ്സിൽനിന്നു മായുന്നില്ല. തികച്ചും നേരമ്പോ ക്കായിട്ടാണ് തുടങ്ങിയത്. പക്ഷേ, നിർദ്ദോഷികളായ പെണ്ണുങ്ങളെ അതു ഭയപ്പെ ടുത്തി. മടിയിൽകിടന്നു പ്രാണരക്ഷയ്ക്കു വേണ്ടി അഭ്യർത്ഥിച്ച ആ പെൺകുട്ടിയുടെ കണ്ണുകൾ അപ്പോഴും അവന്റെ മുമ്പിലുണ്ട്.

അവന്റെ മുഖം ഇനി ദ്വീപിലുള്ളവർ കാണരുത്. നേരം പുലരുന്നതിനു മുമ്പു സ്ഥലംവിടണം. ആലോചിച്ചാലോചിച്ച് ഉറങ്ങിപ്പോയി.

കൈകൊട്ടും പാട്ടും കേട്ടുകൊണ്ടാണ് ഉണർന്നത്. സംഭവമെന്തെന്നറിയാൻ ഓടിച്ചെന്നു കുടിലിന്റെ വാതിൽ തുറന്നു. മുറ്റം നിറയെ ആളുകൾ തിങ്ങിക്കൂടി നിൽ ക്കുന്നു. ജ്വലിക്കുന്ന പന്തങ്ങളുടെ വെളിച്ചത്തിൽ തലവനെ ഫർണാണ്ടസ് തിരി ച്ചറിഞ്ഞു.

എന്താണ് സംഭവം?

തലവൻ ആൾക്കൂട്ടത്തിൽ നിന്നു മുമ്പോട്ടു വന്നു. ഫർണാണ്ടസ്സിനെ തൊഴുതു വണങ്ങി പറഞ്ഞു:

"ഇന്നു ദ്വീപുകാർക്കൊരുത്സവമാണ്. എന്റെ മകളെ ഞാൻ രാജാവിന്റെ കൈയിലേൽപ്പിക്കുന്നു. ഇന്നുമുതൽ അവൾ രാജാവിന്റെ ഭാര്യയാണ്."

അന്തംവിട്ടു നിൽക്കുന്ന ഫർണാണ്ടസ്സിന്റെ മുമ്പിൽ ഒരു യുവതിയെ കൊണ്ടുവന്നു നിർത്തി. കൂടിനിൽക്കുന്നവർ സന്തോഷം കൊണ്ട് ആർപ്പുവിളിച്ചു.

ഫർണാണ്ടസ്സിനു ശുണ്ഠിവന്നു. ഇതെന്തു ധിക്കാരം! പെണ്ണുങ്ങളെപ്പിടിച്ച് ഏതെങ്കിലും പുരുഷന്റെ പിരടിക്കു കെട്ടുന്നതാണോ ദ്വീപുകാരുടെ മര്യാദ? അവൻ കലശലായി പ്രതിഷേധിച്ചു. മര്യാദയ്ക്കു മടങ്ങിപ്പോയില്ലെങ്കിൽ തല്ലി ഓടിക്കുമെന്നുവരെ പറഞ്ഞു.

തലവൻ ഒട്ടും കുലുങ്ങാതെ മുഴുവനും കേട്ടുനിന്നു. എന്നിട്ടു വിനയവും മര്യാദയും കൈവിടാതെ സംസാരിച്ചു:

"രാജാവേ, ഇതെന്റെ മകളാണ്. നിങ്ങൾ ഇവളുടെ കൈപിടിച്ചു. ഇവളെ തൊട്ടു. ഒരു സ്ത്രീയെ അന്യപുരുഷൻ തൊടുകയോ അവളുടെ കൈ പിടിക്കുകയോ ചെയ്താൽ ആ നിമിഷം മുതൽ അവൾ അവന്റെ ഭാര്യയാണ്. ഞങ്ങളുടെ ജാതി സമ്പ്രദായം അതാണ്."

"നശിച്ച ജാതിസ്സമ്പ്രദായം!" ഫർണാണ്ടസ് പിറുപിറുത്തു:

"ഞാൻ അവളെ തൊട്ടിട്ടുമില്ല. കണ്ടിട്ടുമില്ല."

"രാജാവേ!" തലവന്റെ ശബ്ദം ക്രമേണ പരുഷമാവുകയാണ്.

"ഇവളെ നോക്കൂ, എന്നിട്ടുപറയൂ." നാലഞ്ചു പന്തങ്ങൾ ഒരുമിച്ചു യുവതിയുടെ മുമ്പിൽ ജ്വലിച്ചു. ഫർണാണ്ടസ് ഇഷ്ടമില്ലാതെയാണെങ്കിലും ഒന്നു നോക്കി.

ഉള്ളിൽ ഒരു ഇടിമിന്നൽ പാഞ്ഞു. കഴിഞ്ഞ സന്ധ്യയ്ക്കു താൻ ഓടിപ്പിടിച്ച യുവതിയാണത്. ആ കണ്ണുകളിൽ അപ്പോഴും അഭ്യർത്ഥനയുണ്ട്. തലവൻ തുടർന്നു സംസാരിക്കുന്നു:

"കൈപിടിച്ച പുരുഷൻ കെട്ടാൻ കൂട്ടാക്കിയില്ലെങ്കിൽ വ്യഭിചാരക്കുറ്റം ചുമത്തി ഇവളെ ഞങ്ങൾ കടലിൽ കെട്ടിത്താഴ്ത്തും. ജാതിമര്യാദയാണത്. എന്റെ മകളെ അങ്ങനെ ചെയ്യാൻ എനിക്കു മനസ്സുവരില്ല. എന്നാലും ചെയ്യും. അതുകൊണ്ടു രാജാവ് ഇവളെ ഏറ്റുവാങ്ങണം. എനിക്കൊരു മകളേയുള്ളൂ. രാജാവേ, അവളെ കൊല്ലാനിടയാക്കരുത്.",

"പോടാ ഫോ! ഇജ്ജ് കപ്പലിലെ പീരങ്കി കണ്ടിട്ടില്ലേ?" പിറകിൽനിന്ന് അബുവാണ് വിളിച്ചുപറഞ്ഞത്: "ഹറാമ്പുറപ്പ കാണിച്ചാൽ എല്ലാറ്റിനെയും ഞമ്മള് ചുടും!"

അബുവിനെ തടയണമെന്നു ഫർണാണ്ടസ്സിനുതോന്നി. അത്ര ക്രൂരമായി സംസാരിക്കരുത്. എങ്കിലും അവനൊന്നും പറയാതെ: നിന്നു. പാഞ്ചാലിയിരിക്കെ

മറ്റൊരു സ്ത്രീയെ സ്വീകരിക്കുകയെന്ന കാര്യം ഓർക്കാൻ വയ്യാ. കുഞ്ഞിക്കണ്ണൻമരയ്ക്കാനു പാഞ്ചാലിയെന്നപോലെ തലവൻ ഈ നിൽക്കുന്ന യുവതിയും ഒറ്റമകളാണ്. അവൾ തനിക്കു വേണ്ടി മരിക്കുന്നു. കല്ലുകെട്ടി കടലിലാഴ്ത്തുമ്പോൾ അവൾ ശപിക്കും. വയ്യാ. അവളെ രക്ഷിക്കണം. രക്ഷിച്ചാൽ ഭാര്യയായി സ്വീകരിക്കണ്ടേ? അതെങ്ങനെ കഴിയും?

"രാജാവേ, രാജാവെന്തു പറയുന്നു?" തലവന്റെ കണ്ഠം ഇടറുകയാണ്.

"ഇവൾക്കുവേണ്ടി ദ്വീപിലുള്ളവർ പീരങ്കിവെടികൊണ്ടു മരിക്കാൻ വിചാരിച്ചിട്ടില്ല. ഇവളെ കാലും കൈയും കെട്ടി കടലിൽ മുക്കിക്കൊല്ലുന്നതു ഞാൻ നോക്കിനിൽക്കണം. ഈ വയസ്സുകാലത്തു എങ്ങനെ ഞാൻ അതു സഹിക്കും?"

ഫർണാണ്ടസ്സിന് ആ വൃദ്ധനെ ആശ്വസിപ്പിക്കണമെന്നുണ്ട്. നാവനങ്ങുന്നില്ല. നിർദ്ദോഷിയായ ഒരു യുവതി ഉപ്പുവെള്ളം കുടിച്ചു ചാവാനിടയാവരുത്. അതാ, തലവൻ പിന്നെയും സംസാരിക്കുന്നു. ഇത്തവണ ആ യുവതിയോടാണ്:

"നടക്കെടീ, നടക്ക്. നിനക്ക് ഉപ്പുവെള്ളം കുടിച്ചു മരിക്കാനാ യോഗം." തലവൻ അവളെ കഴുത്തു പിടിച്ചു തള്ളി. തള്ളുന്നതിന്നിടയിൽ അയാൾ കരയുന്നുണ്ട്, കണ്ണീരൊപ്പുന്നുണ്ട്. ആൾക്കൂട്ടം അച്ഛനെയും മകളെയും പിൻതുടർന്നു.

ഫർണാണ്ടസ്സിനു സഹിച്ചില്ല. അവൻ ആൾക്കൂട്ടത്തിനിടയിലൂടെ തിക്കിത്തിരക്കി മുൻകടന്നു. തലവനെ തടഞ്ഞു:

"നിൽക്കൂ... അവളെ..." തെല്ലിട നിർത്തി അവൻ ആലോചിച്ചു. എന്തു പറയണം? താലികെട്ടുമെന്നു പറയാൻ വയ്യാ. എന്തെങ്കിലും പറഞ്ഞില്ലെങ്കിൽ അവളുടെ ജീവൻ അപകടത്തിലാവും. അവളെ എനിക്കു തരൂ... ഞാൻ കൊണ്ടുപോവാം."

തലവന്റെ ഭാവം മയപ്പെട്ടു. ആൾക്കൂട്ടത്തിൽനിന്ന് ആഹ്ലാദശബ്ദം ഉയർന്നു. വീണ്ടും കൈകൊട്ടും പാട്ടും ആരംഭിച്ചു.

വിവാഹച്ചടങ്ങു നിസ്സാരമാണ്. അഗ്നിസാക്ഷിയായി അച്ഛൻ മകളെ കൈപിടിച്ചു ഫർണാണ്ടസ്സിന്റെ കൈയിലേൽപ്പിച്ചു. അവർക്കു ചുറ്റും സ്ത്രീപുരുഷന്മാർ നൃത്തം ചെയ്തു.

വരനും വധുവും കൈയും കൈയും കോർത്തുപിടിച്ചു കുടിലിലേക്കു നടന്നു. ഉപ്പിട്ടുണക്കിയ തിമിംഗലമാംസവും കടലാനക്കൊമ്പുകൊണ്ടു പിടിയിട്ട ആയുധങ്ങളും തിമിംഗലവേട്ടയ്ക്കുപയോഗിക്കുന്ന ചാട്ടുളികളും വലിയൊരു കപ്പലും സ്ത്രീധനമായി ഫർണാണ്ടസ്സിനു നൽകി.

പുതിയ ബന്ധമുറപ്പിക്കാൻ നവവരൻ ശ്വശുരനു വല്ലതും കൊടുക്കണം; പാരിതോഷികമായിട്ട്. അതും ജാതിമര്യാദയാണ്. ഫർണാണ്ടസ് പിടിച്ചടക്കിയ പറങ്കിക്കപ്പലിൽ പകുതിയും തടവുകാരായ പറങ്കികളെയും തലവനു കൊടുത്തു.

കിഴക്കു വെള്ളയുദിച്ചപ്പോൾ കപ്പലുകൾക്കു പുറപ്പെടാനുള്ള കല്പന കിട്ടി. അബു കപ്പിത്താനോടു സംശയം ചോദിച്ചു:

"എബിടെയ്ക്കാ പോണ്ടത്?"

വെള്ള്യാൻകല്ലിലേക്ക്.” ഫർണാണ്ടസ് സംശയിക്കാതെ ഉത്തരം പറഞ്ഞു.

കാറ്റില്ലാത്തതുകൊണ്ട് തണ്ടുവലിക്കാർക്കു കിണഞ്ഞദ്ധ്വാനിക്കേണ്ടിവന്നു. ആർക്കും ക്ലേശം തോന്നിയില്ല. കപ്പൽ വെള്ള്യാൻകല്ലിലേക്കാണ് പോകുന്നതെന്ന വിചാരം എല്ലാവരെയും ആവേശം കൊള്ളിച്ചു. നാടുകാണാം. ഉറ്റവരെ കാണാം. അല്പദിവസം വിശ്രമിക്കാം. അറിയാതെതന്നെ കപ്പലുകൾക്കു വേഗം കൂടി.

ഫർണാണ്ടസ് കപ്പൽതട്ടിലാണ് കഴിച്ചുകൂട്ടുന്നത്. കപ്പിത്താന്റെ മുറിയിൽ ആ യുവതിയുണ്ട്. അവളുടെ സാന്നിദ്ധ്യം അവനിഷ്ടപ്പെട്ടില്ല. ഒരു തരത്തിലും അവളുമായി ബന്ധപ്പെടാൻവയ്യാ. അകന്നു നിൽക്കണം. ഏതെങ്കിലുമൊരു നല്ല താവളം കണ്ടുപിടിച്ച് അവളെ പാർപ്പിക്കണം. വേണ്ടതൊക്കെ എത്തിച്ചുകൊടുക്കാം. അതിലപ്പുറം ഒന്നും സാധ്യമല്ലെന്ന് അവനുറപ്പിച്ചു. കഷ്ടകാലത്തിനു കഴുത്തിൽ കുടുങ്ങിയതാണ്.

സന്ധ്യവരെ അവൾ കപ്പിത്താന്റെ മുറിയിൽ ഒതുങ്ങിക്കഴിഞ്ഞു. സന്ധ്യയായപ്പോൾ കഴുത്തുനിറയെ കവിടിമാലയുമണിഞ്ഞ അവൾ പുറത്തിറങ്ങി. നഗ്നത മറയ്ക്കാൻ ഒരു മഞ്ഞപ്പട്ടു ചുറ്റിയതു് അരക്കെട്ടിൽ നിന്ന് കാൽമുട്ടോളം ഇറങ്ങിനിൽക്കുന്നു. ഫർണാണ്ടസ് ശ്രദ്ധിച്ചില്ല.

തെല്ലിട സംശയിച്ചുനിന്നശേഷം അവൾ ഒന്നും പറയാതെ ഓടി വന്നു. ഫർണാണ്ടാസ്സിന്റെ കഴുത്തിൽ കൈകളും കോർത്തുകെട്ടി ഊഞ്ഞാലാടാൻ തുടങ്ങി. എന്നിട്ടു മാറത്തും കഴുത്തിലും മുഖമമർത്തി കിക്കിളികൂട്ടി. താക്കോൽക്കൂട്ടം കലുങ്ങും പോലെ കിളുകിളെ ചിരിച്ചു.

ഫർണാണ്ടസ്സ് മരവിച്ചുനിന്നു.

“പിണക്കാണോ?” അവൾ ചോദിച്ചു.

അവൻ അവളെ പിടിച്ചുമാറ്റി അവളുടെ കണ്ണുകളിലേക്കുറ്റുനോക്കികൊണ്ടു ചോദിച്ചു : “നിന്റെ പേരു്?”

“സൊകസ്സ.” അവൾ കൊഞ്ചിക്കൊണ്ടുപറഞ്ഞു:

“എന്താ?”

“നീ ചെന്നു വല്ലതും കഴിച്ചു നേരത്തെ മുറിയിൽ കേറി കിടക്ക്.”

“തനിച്ചോ?”

“അതേ.”

“പിണക്കാണോ?”

“അല്ലെന്നു പറഞ്ഞില്ലേ?” പറങ്കിക്കപ്പലുകൾ പതുങ്ങിക്കൊണ്ടുവരും. വരുന്നതു കണ്ടില്ലെങ്കിൽ അവർ നിന്നെയും എന്നെയും പിടിച്ചുകൊണ്ടുപോകും. അടിമച്ചന്തയിൽ കൊണ്ടുചെന്നു വിൽക്കും.”

അവളുടെ കണ്ണുകളിൽ ഭീതി നിഴലിക്കുന്നതു കണ്ട ഫർണാണ്ടസ്സിന് ഉത്സാഹമായി.

“അടമച്ചന്തയിൽ ചെന്നാൽനിന്നെ വല്ല പട്ടാളക്കാരനും ലേലത്തിലെടുക്കും; കേട്ടോ. സൊകസ്സ, നിന്നെ അവൻ കൈയിൽ കിട്ടിയാൽ കൊല്ലും.”

അവൾ പേടിച്ച വിറച്ച മുറിയിലേക്കു പോയി.

“മുറി അകത്തുനിന്നു പൂട്ടിക്കോ.” അവൻ വിളിച്ചുപറഞ്ഞു. സൊകസ്സ മുറി പൂട്ടുന്ന ശബ്ദം കേട്ടു.

സൊകസ്സ സുന്ദരിയാണ്. സ്വഭാവഗുണമുള്ളവളാണ്. പക്ഷെ, അവളുടെ തുറന്ന പെരുമാറ്റം സഹിക്കാൻ വയ്യാ. കഴുത്തിൽതാലികെട്ടികൊണ്ടുവന്ന ഭാര്യയായാലും ഇങ്ങനെ നാണംകെട്ട പെരുമാറുന്നത്. ഫർണാണ്ടസ്സിനിഷ്ടമല്ല. ദ്വീപുകാരുടെ ജാതിമര്യാദയായിരിക്കുമെന്ന് അവൻ സമാധാനിച്ചു. പറങ്കിക്കപ്പലുകളെക്കാളേറെ സൊകസ്സവിനെ അവൻ പേടിച്ചു. സൂക്ഷിച്ചില്ലെങ്കിൽ അവൾ കഴുത്തിൽ ഞാന്ന് ഊഞ്ഞാലാടാൻ തുടങ്ങും.

ഒരു ദിവസം സന്ധ്യ കഴിഞ്ഞു വെള്ള്യാൻ കല്ലിലെത്തി. ആകാശം മൂടിക്കെട്ടി നിന്നതുകൊണ്ടു നാട്ടുവെളിച്ചം പോലും കമ്മിയായിരുന്നു. കപ്പലുകൾ നങ്കൂരമിടാനും സാധനങ്ങൾ പാറപ്പുറത്തിറക്കിവെയ്ക്കാനും വേണ്ട നിർദേശങ്ങൾനൽകി, എല്ലാറ്റിന്റെയും മേൽനോട്ടം വഹിക്കാൻ അബുവിനെ ഏൽപ്പിച്ച്, നാലഞ്ചു വിശ്വസ്തരായ അനുയായികളെയും കൂട്ടി ഫർണാണ്ടസ് ഒരു തോണിയിൽ വളയക്കടപ്പുറത്തേക്കു പുറപ്പെട്ടു.

ഹൃദയത്തുടിപ്പ കൂടിക്കൂടിവന്നു. തോണിക്കു വേഗം പോരെന്നു തോന്നി. തുഴച്ചിൽക്കാർക്കു ചുണയില്ലെന്നു തോന്നി. നിമിഷങ്ങൾക്കു യുഗങ്ങളുടെ വലിപ്പം തോന്നി.

കടപ്പുറത്തു ചവിട്ടിയപ്പോൾ കാലടികളിൽ കിടന്നു പൂഴിമണ്ണ കരഞ്ഞു. മണ്ണു കൂടി മറന്നിട്ടില്ല. വേഗത്തിൽ നടന്നു. ആരെങ്കിലും വരും. ആദ്യം വരുന്നവരാരായാലും അവരെ കെട്ടിപ്പിടിക്കണം. കണ്ടിട്ടെത്രകാലം കഴിഞ്ഞു! ആർത്തിയോടെ നാലുവശവും നോക്കിക്കൊണ്ടു നടന്നു. ആരും വരുന്നില്ല. വളയക്കടപ്പുറം ചത്തുപോയോ? ഇവിടെ മനുഷ്യരില്ലേ?

എങ്ങോട്ടാണ് പോകുന്നത്? അമ്മയെ കാണാനോ? പാഞ്ചാലിയെ കാണാനോ? ഓ! സ്നേഹവും പ്രേമവുമൊക്കെ ഒടുവിൽ. ആദ്യം ആലിക്കുട്ടിയെ കണ്ട് പകരം ചോദിക്കണം. പകവീട്ടണം.

മാളികയ്ക്കലെ തെങ്ങിൻതോപ്പിലെത്തിയപ്പോൾ കൂട്ടുകാരോട് അവിടെ നിൽക്കാൻ പറഞ്ഞു. ആവശ്യമായാൽ വിളിക്കും. വിളിക്കുമ്പോൾ ചെല്ലണം.

തെങ്ങിൻതോപ്പിലൂടെ നടന്നു. തെങ്ങുകൾ വളർന്നുപോയി. ഈ മാറ്റം മനുഷ്യരിലും വന്നിട്ടുണ്ടാവും. ആലോചിച്ചുകൊണ്ട് മുറ്റത്തിറങ്ങി. ശബ്ദമില്ല. വെളിച്ചമില്ല. എല്ലാവരും ഉറക്കമാവും.

കോലായിൽകയറി അകത്തു വല്ല ശബ്ദവുമുണ്ടോ? ഇല്ല. വിളിക്കാൻ തീരുമാനിച്ചു. വാതിലിൽ മുട്ടി. ആരും ഒന്നും ചോദിക്കുന്നില്ല. പിന്നെയും മുട്ടി.

"ആരാത്?" അകത്തുനിന്നൊരു സ്ത്രീയാണ് വിളിച്ചുചോദിച്ചത്.

"വാതിൽ തുറക്ക്." വികാരത്തെ കഴിയുന്നതും നിയന്ത്രിച്ചുകൊണ്ട് അവൻ പറഞ്ഞു.

"പുതിയാപ്ല്യാണോ?"

"അതെ."

അകത്തു കാൽപ്പെരുമാറ്റം കേൾക്കുന്നു. വാതിൽ ശബ്ദിക്കുന്നു. ഫർണാണ്ടസ് മാറിനിന്നു. വാതിൽ തുറന്നു. അകത്തു നിന്നു നേരിയ വെളിച്ചം വാതിൽപഴുതിലൂടെ പുറത്തേക്കു ചാടി.

ഒട്ടും സങ്കോചമില്ലാതെ ഫർണാണ്ടസ് അകത്തു കടന്നു. അപരിചിതനെക്കണ്ടു. വാതിൽതുറന്ന സ്ത്രീ നിലവിളിക്കാനൊരുങ്ങി.

"മിണ്ടരുത്! അറുത്തുകളയും." വലിയൊരി കഠാരിയുടെ അലക് വെട്ടിത്തിളങ്ങിയതു കണ്ട് അവർ മിണ്ടാതെ ഒരിടത്തിരുന്നു. മുമ്പിൽക്കണ്ട വിളക്കെടുത്ത് മുറികളോരോന്നായി പരിശോധിച്ചുകൊണ്ടു ഫർണാണ്ടസ് നടന്നു. മൂന്നാമത്തെ മുറിയിലെത്തിയപ്പോൾ അവിടെയൊരു കട്ടിലിൽ ആലിക്കുട്ടി കിടക്കുന്നു.

താടിരോമം മുഴവനും കൊഴിഞ്ഞ്, കവിളൊട്ടി, കണ്ണുനട്ട്, ശരീരം മെലിഞ്ഞ്, അനങ്ങാൻ വയ്യാതെയാണ് കിടപ്പ്. അവൻ വിളക്കു താഴ്ത്തി കുനിഞ്ഞുനിന്നു നോക്കി. ആ മുഖം വികാരശൂന്യമാണ്. കണ്ണുകൾ നിശ്ചലമാണ്. അവന്റെ മുത്തപ്പനും ഇതുപോലെയാണ് കിടന്നത്. എന്നിട്ടും അവൻ പല്ലുകടിച്ചുകൊണ്ട് പറഞ്ഞു:

"എടാ, ഇതു പൊക്കനാണ്; പൊക്കൻ. നീ പറങ്കികൾക്കു പിടിച്ചു വിറ്റ പൊക്കൻ."

അവസാനമായി ആ പുറന്തൊണ്ട് അടർന്നു നിലത്തു വീണു. പൊക്കനെ പൊതിഞ്ഞു നിൽക്കുന്ന ഫർണാണ്ടസ് എന്ന പുറന്തൊണ്ട്.

ആലിക്കുട്ടിയുടെ കൺപോളകൾ തുരുതുരെ തുടിച്ചു. ശ്വാസഗതി കൂടിയപ്പോൾ മാറിടം വേഗം താഴാനും പൊങ്ങാനും തുടങ്ങി. കഠാരിമുന ആലിക്കുട്ടിയുടെ കഴുത്തിൽ ചേർത്തുവെച്ചു. പിന്നെയും അവൻ പറഞ്ഞു:

"നിന്റെ ചോരയ്ക്കുവേണ്ടി വന്നതാണ് ഞാൻ."

"പൊക്കാ!" പിറകിൽനിന്നു നെഞ്ചു പൊട്ടിപ്പിളർന്നുപുറപ്പെട്ടൊരു വിളി കേട്ടു. അവൻ തിരിഞ്ഞുനോക്കി. കദീശുമ്മയാണ്. കരയുന്നുണ്ട് അവൻ ശ്രദ്ധിച്ചു.

"ജ്ജെന്തിന് മേനേ, ഈ പാപം കയ്യേല്ക്കണ്?"

അവൻ ഉത്തരമൊന്നും പറയാതെ നിന്നു. കദിശുമ്മ തുടർന്നു: "മരിച്ചാങ്കെടക്ക്ണത് എത്തിരകാലായി! കൊട്ടുത്തേന് മുയമനും കൂലി കിട്ടി, മോനേ. ഇന്നേന്റെ മക്കളേം ബിജാരിച്ച് ജ്ജൊന്നും കാട്ടല്ലേ!"

കദീശുമ്മ പറഞ്ഞതു ശരിയാണ്. ആ കിടപ്പു കണ്ടാലറിയാം കൊടുത്തതു മുഴവനും കണക്കുകൂട്ടി വാങ്ങുകയാണ്. ശവംപോലെ കിടക്കുന്നവരെ കൊല്ലുന്നതു

പൗരുഷമല്ല. അവൻ കഠാരി അരയിൽ തിരുകി നടന്നു. പോകുമ്പോൾ കദീശുമ്മയെ നല്ലപോലെ ഒന്നു നോക്കി. എന്തൊരു മാറ്റം! പ്രായം വളരെ കൂടിയിരിക്കുന്നു.

"ഇക്കണക്കിന് അമ്മയെക്കണ്ടാലും മനസ്സിലാവില്ല."

കൂട്ടുകാരൊന്നിച്ച് തെങ്ങിൻതോപ്പിലൂടെ കടപ്പുറത്തിറങ്ങി. ആദ്യം പാഞ്ചാലിയെ കാണണോ? അമ്മയെ കാണണോ? സംശയിച്ചുനിന്നു.

കദീശുമ്മയെ കണ്ടതുമുതൽ അമ്മയെപ്പറ്റിയുള്ള വിചാരം അവന്റെ ഹൃദയത്തെ ശക്തിപൂർവ്വം കീഴടക്കിയിരുന്നു.

കൂട്ടുകാരെ തോണിയിലേക്ക് തിരിച്ചയച്ച് അമ്മയെ കാണാൻ തീരുമാനിച്ചു നടന്നു. വഴിയിൽ ആരുമില്ല. കുടിലുകൾ പലതും കെട്ടിമേയാതെ പഴകി ദ്രവിച്ചു വീണുകിടക്കുന്നു. എന്തുപറ്റി? ഈ കുടിലിലുണ്ടായിരുന്നവരൊക്കെ എവിടേക്കു കടന്നുകളഞ്ഞു? ഒരെത്തുംപിടിയും കിട്ടുന്നില്ല. ചോദിച്ചറിയാനാണെങ്കിൽ വഴിയിൽ ആരെയും കണ്ടുമുട്ടുന്നുമില്ല. വലിയ മാറ്റമെന്തോ സംഭവിച്ചിട്ടുണ്ട്. തീർച്ച.

എല്ലാം അമ്മയോടു ചോദിച്ചു മനസ്സിലാക്കാം. ധൃതിവെച്ചു നടന്നു. കുടിലിന്റെ മുറ്റത്തിറങ്ങി. ആ മാവ് അവിടെയുണ്ട്. അതിന്റെ തണലിൽ വല്ലാത്ത ഇരുട്ട്. എന്തൊക്കെപ്പറഞ്ഞാണ് അമ്മയെ സമാധാനിപ്പിക്കേണ്ടതെന്ന് ആലോചിച്ചു കുറച്ചവിടെ നിന്നു. പിന്നെ വാതിലിന്നടുത്തു ചെന്നു വിളിച്ചു:

"അമ്മേ... അമ്മേ..."

അച്ചനെങ്കിലും ഉണരേണ്ടതായിരുന്നു. വാതിൽതുള്ളിനോക്കി. അകത്തേക്കു മറിഞ്ഞു വീണു. അകത്ത് ആളില്ലേ? പിന്നെയും വിളിച്ചു നോക്കി.

"അമ്മേ! അമ്മേ"

ഉത്തരമില്ല. നല്ല ഇരുട്ട്. ഇരുന്ന് തറ മുഴുവൻ തപ്പിനോക്കി. ആരുമില്ല. പരിഭ്രമമായി. പുറത്തുകടന്ന് പിന്നെയും വിളിച്ചു;

"അമ്മേ!"

ഹൃദയം നൊന്ത് പലതവണ വിളിച്ചു. ആരും വിളി കേട്ടില്ല. ഒരു ഭ്രാന്തനെപ്പോലെ കടൽത്തീരത്തേക്ക് ഓടി.

അകലത്ത് വെളിച്ചം കാണുന്നു. ആരൊക്കെയോ വരുന്നുണ്ട്. ഓ, ശരി! വേട്ടുവശ്ശേരിക്കാവിൽ നിറമാലയുണ്ടാവും. അതു കഴിഞ്ഞിട്ടുള്ള വരവാണ്. അച്ഛനും അമ്മയുമുണ്ടാവും. കാണാം എത്ര കാലമായി കണ്ടിട്ടിട്ട്!

അവൻ കാത്തുനിന്നില്ല. അവരെ തേടി അങ്ങോട്ടുചെന്നു. മുമ്പിൽ പന്തവും കത്തിച്ചുനടക്കുന്നത് ആശാനാണ്. പണിക്കരാശാൻ. കണ്ട ഉടനെ മനസ്സിലായി.

"ആശാനേ!"

ആശാൻ പന്തം പൊക്കി മുമ്പിലേക്കു നോക്കി.

"ആരാത്?"

"ഞാനാണാശാനേ, പൊക്കൻ."

"ഏതു പൊക്കൻ?" ആശാൻ അല്പം പരിഭ്രമമായി.

"ആശാനെന്നെ മറന്നോ? പൈതൽ മരതയ്യാന്റെ..."

മുഴവൻ പറഞ്ഞുതീരുന്നതിനുമുമ്പ് ഇടർച്ചയോടെ ആശാൻ ചോദിച്ചു; "ആര്?"

ഭൂതപ്രേതാദികളെ അകറ്റാനുള്ള മന്ത്രം ആശാൻ പതുക്കെ ഉരുക്കഴിച്ചുതുടങ്ങി.

"ആശാനെന്താ വിറയ്ക്കുന്നത്?"

ഭയപ്പെടാനില്ല. പ്രേതമാണെങ്കിൽ ഇങ്ങനെ ബുദ്ധിപൂർവ്വം സംസാരിക്കില്ല. ആശാന്റെ പരിഭ്രമം കുറഞ്ഞു.

"എടോ, ഈവഴി ഇപ്പോൾ പകലുംകൂടി ആരും നടക്കാറില്ല. വസൂരിപിടിച്ച കടപ്പുറത്തുള്ളവർ മുക്കാലും ചത്തു. ബാക്കിയുള്ളവർ ഓടിപ്പോകുകയും ചെയ്തു. ഞാനിപ്പം ഒരു പണ്ടാരടക്കീട്ടാ വരുന്നത്."

"എന്റെ അമ്മ എവിടെയ്യാ ആശാനേ, പോയത്? വസൂരിപേടിച്ച പോയതാണോ?"

ആശാൻ ഉത്തരം ഒന്നും പറഞ്ഞില്ല. അവൻ പിന്നെയും പലതും ചോദിച്ചു. നിൽക്കക്കള്ളിമുട്ടിയ ആശാൻ സത്യം പറയാൻ നിർബ്ബന്ധിതനായി:

"നിന്റെ അമ്മ."

"എന്റെ അമ്മ?"

"എടോ, ഒക്കെ വിധിയാണ്."

"എന്താണാശാനേ?" അവന്റെ ഹൃദയത്തുടിപ്പ് ആശാൻ കേൾക്കുന്നുണ്ട്.

"നിന്റെ അമ്മയ്ക്കും വസൂരിയായിരുന്നു. വേണ്ടതൊക്കെ ഞാൻ തന്നെ ചെയ്തു."

"ഓ! എന്റമ്മേ!" കൈപ്പടം കടിച്ചമർത്തിയില്ലെങ്കിൽ അവൻ ഉറക്കെ കരഞ്ഞേനെ. അമ്മ മരിച്ചുപോയെന്നോ? വിശ്വസിക്കാൻ കഴിയുന്നില്ല. ചവുട്ടിനിൽക്കുന്ന ഭൂമി പൊട്ടിപ്പിളരുംപോലെ തോന്നി. നിൽക്കാൻ വയ്യ. ഇരുന്നു. ആശാൻ വേദാന്തം പറയുന്നുണ്ട്. കൂട്ടത്തിൽ അച്ഛൻ മരിച്ച വിവരവും. ഇനി എന്തും കേൾക്കാം.

"എടോ, കരഞ്ഞതുകൊണ്ടു കാര്യമില്ല."

ഒന്നുകൊണ്ടും കാര്യമില്ലെന്ന് അവൻ ഉറപ്പിച്ചു. ആശാൻ തുടർന്നു പറയുകയാണ്.

"ഇക്കാലത്തു മരിക്കുന്നതാ സുഖം. ദുരിതം അനുഭവിക്കേണ്ടല്ലോ."

ഒരു കാര്യംകൂടി അവൻ അറിയാനുണ്ട്. ആശാനും അവനെക്കുറിച്ച് ചിലത് അറിയാനുണ്ട്. മരിച്ചുപോയെന്നാണ് കേട്ടത്. എന്നിട്ട് ഇപ്പോൾ എങ്ങനെ തിരിച്ചെത്തി? പക്ഷേ, അങ്ങോട്ട് ഒന്നും ചോദിക്കാൻ പഴുതുകിട്ടുന്നില്ല.

"ആശാനേ" പൊക്കൻ വിളിച്ചു. അവസാനത്തെ കാര്യംകൂടി ആശാന്റെ മുഖത്തുനിന്നു കേൾക്കണം. "പാഞ്ചാലിയും മരിച്ചോ, ആശാനേ?"

"ഇല്ല."

ഭാഗ്യം! അവന് എഴുന്നേൽക്കാമെന്നായി.

"അവൾ ദണ്ഡംപിടിച്ചു കിടപ്പാണ്." ആശാൻ തുടർന്നു: പറങ്കിൾ പിടിച്ചുകൊണ്ടുപോയ ദിവസം മുതൽ ആ പെണ്ണിന്റെ നാശം തുടങ്ങി. കുഞ്ഞിക്കണ്ണൻമരയ്ക്കാൻ പോയതിൽപ്പിന്നെ അവൾ കിടന്ന പായയിൽ നിന്നെഴുന്നേറ്റിട്ടില്ല."

കുഞ്ഞിക്കണ്ണൻമരയ്ക്കാനും പോയി! കേട്ടതു മതി. ആശാന്റെ കൈയിൽ നിന്ന് പന്തവും വാങ്ങി അവൻ ബദ്ധപ്പെട്ടോടി. വാതിൽ തള്ളിത്തുറന്നു കുടിലിനകത്തുകടന്നു.

കീറിപ്പൊളിഞ്ഞൊരു പായിൽ പഴകിദ്രവിച്ചൊരു പുതപ്പിനുള്ളിൽ പാഞ്ചാലി കിടക്കുന്നു. തലമാത്രം പുറത്തുകാണാം. പന്തം തറയിൽ ഊന്നിനിർത്തി അവൻ പായിലിരുന്നു. തൊട്ടുനോക്കി. തീപോലെ പനിക്കുന്നു. പുറം തലോടിക്കൊണ്ട് അവൻ വിളിച്ചു:

"പാഞ്ചാലീ!"

ചലനമില്ല.

മുഖം കുനിച്ചു ചുണ്ടു ചെവിടോടടുപ്പിച്ച് അവൻ മന്ത്രിച്ചു:

"പാഞ്ചാലീ, നിന്റെ പൊക്കനാ വന്നത്.

മന്ത്രം ഫലിച്ചു. അവൾ മലർന്നുകിടന്നു. കൺപോളകൾക്കിടയിൽ കൃഷ്ണമിഴി പതുക്കെ ചലിച്ചു. കഫപ്പറ്റുള്ള കണ്ഠം ശ്വാസോച്ഛ്വാസത്തിന്റെ ക്രമത്തിനൊത്ത് നേരിയ ശബ്ദമുണ്ടാക്കി.

കണ്ണുതുറന്നു നോക്കും. മനസ്സിലാവും. ചിരിക്കും. കഥ പറയും-അവൻ അത്യാർത്ഥിയോടെ കാത്തിരുന്നു.

ഒന്നും സംഭവിച്ചില്ല. പ്രജ്ഞയില്ലാതെ കിടപ്പാണെന്നു മനസ്സിലായി. പിന്നെ താമസിച്ചില്ല. ഒരു കൊച്ചുകുഞ്ഞിനെയെന്നപോലെ അവളെ വാരിയെടുത്തു തോളിലിട്ടുകൊണ്ട് അവൻ നടന്നു. തോണിയിൽ കയറി. നിറഞ്ഞ കണ്ണുകളോടെ വളയക്കടപ്പുറത്തോട അവസാന യാത്ര പറഞ്ഞു.

കപ്പിത്താന്റെ മുറിയിൽ പട്ടുവിരിപ്പിലാണ് പാഞ്ചാലി കിടക്കുന്നത്. പനി വിട്ടുമാറാനുള്ള ഭാവമില്ല. ബോധം തെളിയുന്നുമില്ല. എങ്ങും പോവാതെ അവൻ അടുത്തിരുന്നു ശുശ്രൂഷിച്ചു. സൊകസ്സു വേണ്ടതെല്ലാം ഒരുക്കിക്കൊടുക്കും. ശുശ്രൂഷയിൽ അവളും വലിയ ഉത്സാഹം കാണിച്ചു.

ഒരാഴ്ച കഴിഞ്ഞു. മാറ്റമൊന്നുമില്ല. അവൻ കാത്തിരിക്കുകയാണ്. എന്തെല്ലാം പറയാനുണ്ട്! ആലിക്കുട്ടി ചതിച്ചത്, പറങ്കികളുടെ കൈയിൽപെട്ടത്, മതംമാറി ഫർണാണ്ടസ്സായത്, തടവുചാടി കുഞ്ഞാലി മരയ്ക്കാരുടെ ഭാഗം ചേർന്നു പൊരുതിയത്, കടലിൽ പറങ്കികളെ നായാടാനിറങ്ങി പകവീട്ടിയത്, കണക്കില്ലാത്ത സ്വർണ്ണത്തിന് ഉടമയായത്...

"വെള്ളം!" വളരെ ക്ഷീണിച്ച സ്വരം. പാഞ്ചാലിയാണോ പറഞ്ഞത്? മുറിയിൽ വെളിച്ചമില്ല. വിളക്കു കൊളുത്തി. അതേ പാഞ്ചാലി തന്നെ. ആഹ്ലാദം കൊ

ണ്ട് അവൻ മതിമറന്നു. അവൾ കണ്ണു തുറന്നു നോക്കുന്നു! ഒന്നും മനസ്സിലാവാത്ത പോലെ വെള്ളവുംകൊണ്ട് ഓടിച്ചെന്നു.

"പാഞ്ചാലീ!" ആ വിളി ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നാണ് പൊങ്ങിയത്. "നിന്റെ പൊക്കനാണിത്; മനസ്സിലായോ?"

പാഞ്ചാലി സൂക്ഷിച്ചുനോക്കി. വെള്ളത്തിനുവേണ്ടി പതുക്കെ വായ പൊളിച്ചു. വെള്ളം കുടിച്ച് പിന്നെയും നോക്കി.

"ഇനി നിന്റെ പൊക്കനെങ്ങും പോവില്ല, പാഞ്ചാലീ"

ഇമവെട്ടാതെ നോക്കിക്കൊണ്ടിരിക്കെ അവളുടെ ക്ഷീണിച്ച കണ്ണുകളിൽ സന്തോഷത്തിന്റെ കൈത്തിരി കത്തി. വിളറിയ മുഖത്തു സംതൃപ്തിയുടെ പ്രകാശം പരന്നു. ഒരു തവണകൂടി പതുക്കെപ്പറഞ്ഞു;

"വെള്ളം!"

ഭൂമി മുഴുവൻ പതിച്ചുകിട്ടിയാലും പൊക്കൻ ഇത്ര സന്തോഷിക്കില്ല. ഒഴിക്കും തോറും ആർത്തിയോടെ അവൾ വെള്ളം കുടിച്ചു. ഇരുവശത്തും തളർന്നു വീണുകിടന്ന കൈകൾ പതുക്കെ ഇളകി.

പൊക്കന്റെ കൈ പിടിച്ച് അവൾ മുഖത്തു വെച്ചു. കണ്ണുകളിൽ അമർത്തി. അങ്ങനെ ആശ്വാസത്തോടെ കിടന്നു. അവൻ തലകുനിച്ച് അവളുടെ നെറ്റിയിലും മൂർദ്ധാവിലും മാറിമാറി ചുംബിച്ചു.

പാഞ്ചാലി പിന്നെയും കണ്ണടച്ചു. ഇത്തവണ ബോധക്ഷയമല്ല, ഉറക്കമാണെന്ന് അവൻ ആശ്വസിച്ചു. സൊകസ്സു മുറിയിലേക്കു വന്നു. ശുശ്രൂഷയുടെ ചുമതല ഏറ്റെടുത്തു. അവൻ ഇത്തിരി കാറ്റു കൊള്ളാൻ വേണ്ടി കപ്പൽത്തട്ടിലേക്കു നടന്നു.

പാതിരാവുവരെ അങ്ങനെ നിന്നു. എങ്ങും ഒരു ചലനമില്ല. ശബ്ദമില്ല. കൂട്ടുകാർ പാറപ്പുറത്ത് കിടന്നുറങ്ങുന്നു. അകലത്ത് ശ്മശാനതുല്യമായ വളയക്കടപ്പുറം ഇരുട്ടിൽ മുങ്ങിക്കിടക്കുന്നു. അവിടെ യാതൊന്നുമില്ല. എല്ലാ ബന്ധങ്ങളും അറ്റുപോയി.

സൊകസ്സു മുറിയിൽ നിന്നു വിളിക്കുന്നു; ഏതോ അപകടപറ്റിയപോലെ. ഓടിച്ചെന്നു. പാഞ്ചാലി ചലനമില്ലാതെ കണ്ണുതുറിച്ചു മിഴിച്ച് കിടക്കുന്നു. ഉരുവിട്ടു വിളിച്ചു. ശരീരം മുഴുവൻ തണുത്തു മരവിച്ചിട്ടുണ്ട്. ശ്വാസമില്ല.

"ഓ! ചതിച്ചല്ലോ, പാഞ്ചാലീ!" അവൻ പാഞ്ചാലിയുടെ മാറത്തു മുഖമമർത്തി വിങ്ങിവിങ്ങിക്കരഞ്ഞു.

സൊകസ്സുവിന്റെ നിലവിളി കേട്ടു കൂട്ടുകാർ ഉണർന്നെത്തി...

ശവസംസ്കാരത്തിനുള്ള ഒരുക്കങ്ങൾ കൂട്ടി. മൃതദേഹം സുഗന്ധതൈലത്തിൽ കുളിപ്പിച്ചു പട്ടുവസ്ത്രത്തിൽ പൊതിഞ്ഞു കപ്പൽത്തട്ടിൽ കിടത്തി.

പൊക്കൻതന്നെ ആ കപ്പൽത്തണ്ടു വലിച്ച് അകലത്തു കൊണ്ടു പോയി നങ്കുരമിട്ടു നിർത്തി. കണ്ണടച്ചു മൃതദേഹത്തിനടുത്തുനിന്നു പ്രാർത്ഥിച്ചു. കണ്ണീരുകൊണ്ട് ഒന്നും കാണുന്നില്ല. പട്ടുവസ്ത്രം നീക്കി അവസാനമായി ആ മുഖമൊന്നു നോ

ക്കി. ഗദ്ഗദത്തോടെ വിടവാങ്ങി. ഒപ്പം വന്ന തോണിയിൽ കയറി വെള്ള്യാൻകല്ലിലെത്തി.

അവിടെ വില്ലിൽ തൊടുത്ത തീയമ്പുകളുമായി കൂട്ടുകാർ ഒരുങ്ങി നിൽക്കുന്നു. കല്പനയ്ക്കുവേണ്ടി. നിറഞ്ഞ കണ്ണുകളോടെ അവൻ കൂട്ടുകാരെ നോക്കി. സംസാരിക്കാൻ വയ്യ. തലകൊണ്ട് ആംഗ്യം കാണിച്ചു കല്പന കൊടുത്തു.

ഇരുട്ടിന്റെ മാറിടം പിളർന്നുകൊണ്ട് തീയമ്പുകൾ വഴിക്കുവഴി കപ്പലിനെ ലക്ഷ്യംവെച്ചു കുതിച്ചു. കപ്പൽ തീയമ്പുകൾകൊണ്ടു നിറഞ്ഞു. പതുക്കെപ്പതുക്കെ അവിടെയുമിവിടെയും പറ്റിപ്പിടിച്ചു കയറാൻ തുടങ്ങിയ തീജ്ജ്വാലകൾ നിമിഷനേരംകൊണ്ട് വീർക്കുകയും വലുതാവുകയും ചെയ്തു. മൃതദേഹത്തോടൊപ്പം കപ്പലിനെ വലയം ചെയ്ത് അവ നൃത്തം വെച്ചു. നാലുപാടും ചുവന്ന വെളിച്ചം പരന്നു. കടൽ വെള്ളത്തിലതു പ്രതിബിംബിച്ചു.

തന്റെ പ്രാണൻ കപ്പൽത്തട്ടിൽ കിടന്നു ചാമ്പലാവുന്നതും നോക്കി വേദനയോടെ പൊക്കൻ വെള്ള്യാൻകല്ലിൽ നിന്നു. കണ്ണുകൾ നിറഞ്ഞൊഴുകി കവിൾത്തടം കഴുകുകയാണ്.

സൊകസ്സു പൊക്കനെ ചേർന്നു നിന്നു. കവിൾത്തടം തുടച്ചാറ്റി.

ശക്തിയോടെ കാറ്റടിച്ച് തീജ്ജ്വാലകൾ ചിതറിയപ്പോൾ ഒരുതവണകൂടി മൃതദേഹം എല്ലാവരും കണ്ടു. വിശന്ന ചെന്നായ്ക്കളെപ്പോലെ അടുത്ത നിമിഷം തീജ്ജ്വാലകൾ അതിന്മേൽ ചാടിവീണു നക്കിത്തിന്നാൻ തുടങ്ങി.

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.